ദർശനസല്ലാപ ധ്യാനം

വാ. ചാവറയച്ചൻ



ഭാഷ്യകർത്താവ്
ഫാ. പോൾ കല്ലുവീട്ടിൽ സി.എം.ഐ.

ദർശനസല്ലാപ ധ്യാനം

വാ. ചാവറയച്ചൻ



ഭാഷ്യകർത്താവ്

ഫാ. പോൾ കല്ലുവീട്ടിൽ സി.എം.ഐ.

(Malayalam)

Dharsanasallapa Dhyanam

Auther	:	Fr. Paul Kalluveettil CMI St. Theresa's Monastry, Kottamuri P.O. 680 732 Mob : 9846720092
Cover Design	:	Ramesh Chandran
Printed at	:	Madona Offset Printers, Thrissur. Ph : 0487 2330564
First Published	:	May 2011

അകത്താളുകളിൽ

അഞ്ജലി

അവതരണം

ആസ്വാദനം

♦♦♦ ദർശനസല്ലാപത്തിനുള്ള ഒരുക്കം

1. രംഗസജ്ജീകരണം
2. ദിനചര്യ
3. ധ്യാനമന്ത്രം
4. ധ്യാനഗുരു
5. ചാവറസൂക്തങ്ങൾ

0. ആമുഖസല്ലാപം

0.1. അഭിസംബോധന

0.2. ഞാൻ അയോഗ്യൻ

0.3. നിങ്ങൾക്കുള്ള സമ്മാനം

0.4. അനുവർത്തിക്കേണ്ടവ

ഒന്നാം ദിവസം ദർശനവീട്ടുകാർ

1.1. സല്ലാപാഘോഷം: ദർശനജീവികൾ

1.2. ഏകാന്തസല്ലാപമന്ത്രം

1.3. സല്ലാപചിന്ത I - ദർശനം

1.3.1. സ്വപ്നക്കാരാകുവിൻ

1.3.2. ദർശനസാധകർ

1.3.3. നിങ്ങൾ ദർശനവീട്ടുകാർ

1.4. സല്ലാപചിന്ത II - സ്നേഹത്തിൽ പാർക്കൽ

1.4.1. പാർക്കലിന്റെ അർത്ഥം

1.4.2. പാർക്കുവാൻ വിളിക്കപ്പെട്ടവർ

1.4.3. വിശ്രമത്തിന്റെ തലം

1.5. സല്ലാപചിന്ത III - കൺമുമ്പിൽ ഇരിക്കൽ

1.5.1. ഇരിക്കുന്നവർ

1.6. സല്ലാപചിന്ത IV: അരികെ നടക്കൽ

1.7. സല്ലാപചിന്ത V - സല്ലപിക്കൽ
1.7.1. സങ്കീർത്തനം - ഒരു സല്ലാപം
1.7.2. സല്ലപിക്കുന്നവർ
1.8. സമൂഹസല്ലാപം

രണ്ടാം ദിവസം തിരുക്കുടുംബം

2.1. സല്ലാപാഘോഷം അനുധാവനാഘോഷം
2.2. ഏകാന്തസല്ലാപമന്ത്രം
2.3. സല്ലാപചിന്തചിന്ത I തിരുക്കുടുംബം
2.3..1. ആമുഖം
2.3.2. ത്രിത്വകുടുംബമെന്ന തിരുക്കുടുംബം
2.3.3. എന്റെ ദർശനസിദ്ധി
2.3.4. രൂപകങ്ങളുടെ ലോകം
2.4. സല്ലാപചിന്ത II ഹൃദയത്തിൽ ഓർക്കുക
2.4.1. എന്റെ അന്ത്യമൊഴികൾ
2.4.2. ഓർക്കുന്ന ദൈവം
2.4.3. ഓർമ്മിപ്പിക്കുന്ന ദൈവം
2.4.4. ഓർമ്മിപ്പിക്കുന്ന മനുഷ്യൻ
2.4.5. ഓർമ്മയുടെ തിരുന്നാൾ
2.4.6. കുർബ്ബാനയുടെ ഓർമ്മ
2.4.7. ഞാൻ ദിവ്യാനുഗ്രഹത്തിന്റെ മനുഷ്യൻ
2.4.8. ഞാൻ മനുഷ്യാനുസ്മരണത്തിന്റെ തനയൻ
2.5. സല്ലാപചിന്ത III നാമംധരിക്കുക
2.5.1. തിരുക്കുടുംബത്തിന്റെ നാമധാരി
2.5.2. നാമം ബൈബിളിൽ
2.5.3. ഈശോയെന്ന നാമം
2.5.4. മിറിയാമെന്ന നാമം
2.5.5. യൗസേപ്പെന്ന നാമം
2.5.6. നമ്മുടെ ദൈവവിളി
2.5.7. നാമധാരികൾ
2.5.8. കുർബ്ബാന, ഒരു നാമാഘോഷണം

2.6.3. സൃഷ്ടി, ഒരു മഹത്ത്വഗീതം
2.6.4. ഇസ്രായേലിന്റെ ദൈവവിളി
2.6.5. കുർബ്ബാന, ആദരവിന്റെ ഗീതം
2.6.6. ആദരവിന്റെ ആലയം
2.6.7. വണങ്ങുന്നവരുടെ കൂട്ടായ്മ
2.6.8. നമ്മുടെ ദൈവവിളി
2.7. സമൂഹസല്ലാപം ഓർമ്മിക്കൽ

മൂന്നാംദിവസം: പ്രതിഷ്ഠ

3.1. സല്ലാപാഘോഷം: നാമപൂജ
3.2. ഏകാന്തസല്ലാപമന്ത്രം
3.3. സല്ലാപചിന്ത I: പ്രതിഷ്ഠിക്കൽ
3.3.1. പ്രതിഷ്ഠ ബൈബിളിൽ
3.3.2. ദ്വിവിധ മാനങ്ങൾ
3.3.3. അഭിഷിക്തൻ
3.3.4. അഗതിത്വമനോഭാവം
3.3.5. നിങ്ങൾ പ്രതിഷ്ഠിതർ
3.3.6. ഞാൻ ഈശോയ്ക്ക് പ്രതിഷ്ഠിതൻ
3.3.7. അമ്മ പ്രതിഷ്ഠിത
3.3.8. ഞാൻ അമ്മയ്ക്കു പ്രതിഷ്ഠിതൻ
3.3.9. പ്രതിഷ്ഠിതനായ മാർ യൗസേപ്പ്
3.3.10. ഞാൻ മാർ യൗസേപ്പിന് പ്രതിഷ്ഠിതൻ
3.4. സല്ലാപചിന്ത II: ആശ്രയിക്കൽ
3.4.1. ആമുഖം
3.4.2. ബിബ്ലിക്കൽ ആശയം
3.4.3. ശിശുക്കൽ ആശ്രിതർ
3.4.4. ഈശോ ആശ്രിതൻ
3.4.5. അമ്മ ആശ്രിത
3.4.6. മാർ യൗസേപ്പ് ആശ്രിതൻ
3.4.7. ഞാൻ ആശ്രിതൻ
3.4.8. ഞാൻ ശരണം ഗമിച്ചവൻ
3.4.9. ഞാൻ സുരക്ഷിതൻ

3.5.2. അധീശനാകാൻ ആഗ്രഹിക്കുന്ന ദൈവം

3.5.3. അധീശനാകാൻ ദാഹിക്കുന്ന ഈശോ

3.5.4. താതനെ അധീശനാക്കിയവൻ

3.5.5. അധീനരായവർ

3.5.6. അധികാരം നടത്തുവാൻ അനുവദിച്ച ഞാൻ

3.6. സല്ലാപചിന്ത IV: വ്രതങ്ങൾ

3.6.1. അഗതിത്വം

3.6.1.1. അഗതിത്വമെന്ന സമ്പത്ത്

3.6.1.2. അബ്രാഹമെന്ന അഗതി

3.6.1.3. ഈശോയെന്ന അഗതി

3.6.1.4. അമ്മ, ഒരു അഗതി

3.6.1.5. മാർ യൗസേപ്പ്, ഒരു അഗതി

3.6.1.6. അഗതിയായിത്തീർന്ന ഞാൻ

3.6.1.7. അഗതികളാകുവിൻ

3.6.2. മണവാട്ടിത്വം

3.6.2.1. മിസ്റ്റിക്കൽ ദർശനം

3.6.2.2. മണവാട്ടിയായ അമ്മ

3.6.2.3. മണവാട്ടിത്വത്തിന്റെ നിദർശനം

3.6.2.4. എന്റെ മണവാട്ടിത്വം

3.6.2.5. ആത്മാനുഭൂതിയും അഹ്വാനും

3.6.2.6. കല്ല്യാണാഘോഷം

3.6.3. ചൊൽവിളി

3.6.3.1. അബ്രാഹമെന്ന 'ആമ്മേൻ'

3.6.3.2. ചൊൽവിളിക്കായുള്ള പൂർണ്ണബിംബം

3.6.3.3. *ഫിയാത്തായ* അമ്മ

3.6.3.4. ചൊൽവിളിയുടെ മുനീന്ദ്രൻ

3.6.3.5. എന്റെ ചൊൽവിളി

3.6.3.6. ചൊൽവിളിയിൽ വളരുവിൻ

3.6.3.7. ഞാൻ വേദനിക്കുന്നു.

3.7. സമൂഹസല്ലാപം

നാലാം ദിവസം: തിരിയൽ

4.1. സല്ലാപാഘോഷം: അഗതിത്വം

4.2. ഏകാന്തസല്ലാപമന്ത്രം

4.3. സല്ലാപചിന്ത I *ഷൂബ്* ഡൈനാമിക്സ്

4.3.1. ആമുഖം
4.3.2. സദ്വാർത്തയുടെ കാതൽ
4.3.3. ത്രിത്വജീവിതം ഒരു *ഷൂബ്*
4.3.4. പ്രാക്രൂപം
4.3.5. സൃഷ്ടിയെന്ന *ഷൂബ്*പ്രക്രിയ
4.3.6. പിന്തിരിയൽ
4.3.7. *ഷൂബി*ന്റെ താതൻ
4.3.8. തിരിഞ്ഞിരിക്കാൻ നിയോഗിതർ
4.3.9. *ഷൂബി*ന്റെ മാംസാകാരം
4.3.10. വർത്തനത്തിന്റെ തലങ്ങൾ
4.3.11. വിശ്വാത്മകദർശനം
4.3.12. *ഷൂബ്*രൂപൻ
4.3.13. *ഷൂബ്*രൂപിണി
4.3.14. തിരിഞ്ഞിരിക്കുന്ന മുനീന്ദ്രൻ
4.3.15. എന്റെ വർത്തനചിത്രം
4.4. സല്ലാപചിന്ത II: വർത്തനവും പ്രതിക്രിയയും
4.4.1. ആമുഖം
4.4.2. തിരിയുന്ന ദൈവം
4.4.3. തിരിപ്പിക്കുന്ന അമ്മ
4.4.4. വർത്തനപ്രചോദനമേകുന്ന പ്രപഞ്ചം
4.4.5. നശ്വരത, ഒരു വർത്തനഹേതു
4.5. സല്ലാപചിന്ത III: കാരുണ്യാലാപനം
4.5.1. കാരുണ്യവാനായ ദൈവം
4.5.2. കാരുണ്യമൂർത്തി
4.5.3. കാരുണ്യത്തിന്റെ പ്രഘോഷക
4.5.4. കുർബ്ബാന, ഒരു കാരുണ്യാഘോഷം
4.5.5. ഞാൻ കാരുണ്യഗായകൻ
4.5.6. കാരുണ്യത്തിന്റെ നിദർശനം
4.6. സല്ലാപചിന്ത IV: എന്റെ ധ്യാനസാധന
4.6.1. ആമുഖം
4.6.2. ധ്യാനം എന്റെ സങ്കല്പത്തിൽ
4.6.3. ധ്യാനത്തിന്റെ പ്രമേയം
4.6.4. വർത്തനപ്രക്രിയ
4.6.5. ധ്യാനരീതിയുടെ അംഗവിധാനം

4.6.5.1. മദ്ധ്യസ്ഥസല്ലാപം
4.6.5.2. പുറപ്പെടൽ സല്ലാപം
4.6.5.2.1. ദർശനദാഹപ്രകരണം
4.6.5.2.2. അനുതാപപ്രകരണം
4.6.5.2.3. ശരണപ്രകരണം
4.6.5.3. യാത്രാവേളയിലെ ആത്മസല്ലാപം
4.6.5.3.1. യാത്ര ആരംഭിക്കുന്നു
4.6.5.3.2. വിഷാദപ്രകരണം
4.6.5.3.3. ആശ്രയപ്രകരണം
4.6.5.3.4. ഭവനദർശനവും ആത്മസല്ലാപവും
4.6.5.34.1. സന്തോഷപ്രകരണം
4.6.5.3.4.2. സന്ദേഹപ്രകരണം
4.6.5.3.4.3. പ്രത്യാശാപ്രകരണം
4.6.5.3.5. പിതൃദർശനവും പ്രതികരണസല്ലാപവും
4.6.5.3.5.1. പിതൃദർശനം
4.6.5.3.5.2. പ്രതികരണസല്ലാപം
4.6.5.3.5.2.1. പരിദേവനപ്രകരണം
4.6.5.3.5.2.2. സാഷ്ടാംഗം വീഴൽ
4.6.5.3.5.2.3. ഏറ്റുപറച്ചിൽ
4.6.5.3.5.2.4. അയോഗ്യതാ പ്രകരണം
4.6.5.3.5.2.5. പുത്രഹൃദയം
4.6.5.3.5.2.6. പൊറുതിയപേക്ഷ
4.6.6. ഉപസംഹാരം
4.7. അനുതാപസല്ലാപം
4.7.1. ആമുഖം
4.7.2. ഭാഗം ഒന്ന്
4.7.3. ഭാഗം രണ്ട്
4.7.4. ഭാഗം മൂന്ന്
4.7.5. ഭാഗം നാല്
4.7.6. ഭാഗം അഞ്ച്
4.7.7. ഭാഗം ആറ്
4.7.8. ഭാഗം ഏഴ്

4.7.11. ഭാഗം പത്ത്

4.7.12. ഭാഗം പതിനൊന്ന്

4.7.13. ഭാഗം പന്ത്രണ്ട്

4.7.14. ഭാഗം പതിമൂന്ന്

4.7.15. അന്ത്യഭാഗം

അഞ്ചാം ദിവസം: ദൈവത്തിന്റെ മലയിൽ/മടിത്തട്ടിൽ

5.1. സല്ലാപാഹ്വാനം: കാരുണ്യം

5.2. ഏകാന്തസല്ലാപമന്ത്രം

5.3. സല്ലാപചിന്ത I: ക്രൂശിതദർശനം

5.3.1. ആമുഖം

5.3.2. ദിവ്യപാദദർശനം

5.3.3. കാൽമുട്ടുകളുടെ ദർശനം

5.3.4. ദിവ്യദേഹദർശനം

5.3.5. ദിവ്യതോളുകളുടെ ദർശനം

5.3.6. ദിവ്യകരദർശനം

5.3.7. ദിവ്യവദനദർശനം

5.3.8. ദിവ്യകവിളുകളുടെ ദർശനം

5.3.9. ദിവ്യഓഷ്ഠദർശനം

5.3.10. ദിവ്യനയനദർശനം

5.3.11. ദിവ്യശിരസ്സുദർശനം

5.3.12. കുരിശിൽ കരേറൽ

5.4. സല്ലാപചിന്ത II: സീനായ്മല/വീട്

5.4.1. മലയെന്ന രൂപകം

5.4.2. ഉടമ്പടിയുടെ ഉത്കൃഷ്ടവേദി

5.4.3. സീനായ്, എന്റെ ഭാഷ്യത്തിൽ

5.4.4. മഹത്ത്വവേദി

5.4.4.1. ദൈവസംജ്ഞകൾ

5.4.4.2. നാമപ്രഘോഷകർ

5.4.4.3. കുർബ്ബാന, ഒരു നാമപ്രഘോഷണം

5.4.4.4. ഭയചകിതരായ ജനം

5.4.4.7. ഞാൻ പുതിയ മോശെ
5.4.4.8. ദിവ്യരൂപികളും ഞാനും
5.4.4.9. പാപബോധം
5.4.4.10. കാഠിന്യത്തിൽനിന്ന്കാരുണ്യത്തിലേക്ക്
5.4.4.11. അപ്പന്റെ കാരുണ്യകടാക്ഷം
5.4.4.12. സമാശ്വാസവചസ്സുകൾ
5.4.4.13. സമന്വയത്തിന്റെ വക്താക്കൾ
5.5. സല്ലാപചിന്ത III: സെഹിയോൻമല/വീട്
5.5.1. ആമുഖം
5.5.2. ബൈബിൾതലങ്ങൾ
5.5.2.1. ദാവീദിന്റെ യത്നം
5.5.2.2. നമ്മോടൊത്തു വസിക്കുന്ന ദൈവം
5.5.2.3. ദേവാലയം, ജീവിതകേന്ദ്രം
5.5.2.4. സ്വപ്നം നഷ്ടപ്പെട്ടവർ
5.5.2.5. പുതിയ ദേവാലയം
5.5.2.6. സ്വർഗ്ഗമെന്ന സെഹിയോൻ
5.5.2.7. പ്രകീർത്തനജീവികളുടെ സമൂഹം
5.5.2.8. നമ്മൾ ഭാഗ്യവാന്മാർ
5.5.3. കുർബ്ബാന, ഒരു പ്രണാമപ്രക്രിയ
5.5.4. എന്റെ മദ്ബഹാസങ്കല്പം
5.5.4.1. പരമപരിശുദ്ധിയുടെ നികേതനം
5.5.4.2. മനോഗുണവേദി
5.6. സല്ലാപചിന്ത IV: കാൽവരിമല/ മണവറ
5.6.1. വീടിന്റെ മൂന്നാംപ്രതീകം
5.6.2. വിവാഹഘോഷയാത്ര
5.6.3. ഉത്തമഗീതത്തിന്റെ ലോകം
5.7. സല്ലാപചിന്ത V: സായൂജ്യവേദി
5.7.1. ആമുഖം
5.7.2. ഈശോയെ വീട്ടിൽ പാർപ്പിക്കൽ
5.7.2.1. സക്കായിയുടെ കഥ
5.7.2.2. മർത്താമറിയത്തിന്റെ വീട്
5.7.2.3. എന്റെ വ്യാഖ്യാനം

5.7.2.6. ഒരു പോംവഴി
5.7.2.7. അമ്മയുടെ മടിത്തട്ട്
5.7.2.8. അമ്മയുടെ അപേക്ഷ
5.8. സമൂഹസല്ലാപം: ക്രൂശിതദർശനസല്ലാപം
5.8.1. സജ്ജീകരണം
5.8.2. കർമ്മാരംഭം
5.8.3. ദിവ്യപ്രസാദദർശനം
5.8.4. ദിവ്യദേഹദർശനം
5.8.5. ദിവ്യതോളുകളുടെ ദർശനം
5.8.6. ദിവ്യകരദർശനം
5.8.7. ദിവ്യവദനദർശനം
5.8.8. ദിവ്യകവിളുകളുടെ ദർശനം
5.8.9. ദീവ്യഓഷ്ഠദർശനം
5.8.10. ദിവ്യനയനദർശനം
5.8.11. ദിവ്യശിരസ്സുദർശനം
5.8.12. സമാപനഭാഗം

ആറാംദിവസം: അവതാരദർശനവും അമ്മയോടൊത്തുള്ള വാസവും

6.1. സല്ലാപാഘോഷം: സെഹിയോൻ
6.2. ഏകാന്തസല്ലാപമന്ത്രം: "കാണണം, കാണണം, എനിക്കുണ്ണിയെ കാണണം"
6.3. സല്ലാപചിന്ത I: അവതാരദാഹം
6.3.1. ധ്യാനസംഗ്രഹം
6.3.2. 'വിശ്രമ'ദിനം
6.3.3. ഗുഹാപ്രവേശം
6.3.4. മറിയത്തിന്റെ അഭ്യർത്ഥന
6.3.5. മാർ യൗസേപ്പിന്റെ പ്രാർത്ഥന
6.3.5.1. "സ്തുതിച്ചു സർവ്വേശ്വരനെ."
6.3.5.2. കണ്ണീരെന്ന ദാനം
6.3.5.3. തെളിയലെന്ന ദാനം
6.3.5.4. പ്രാർത്ഥന, ഒരു ജപം

6.3.6.1. ഒരുക്കം
6.3.6.2. കാരുണ്യത്തിന്റെ ഭാഷ്യം
6.4. സല്ലാപചിന്ത II: നൃത്തവും പ്രണാമങ്ങളും
6.4.1. പെയ്യുന്ന മാർത്താണ്ഡപ്രഭ
6.4.2. മാലാഖമാരുടെ നൃത്തം
6.4.2.1. ആഘോഷജീവികൾ
6.4.2.2. മംഗളഗീതം
6.4.2.3. ഇടയർക്കുള്ള സദ്വാർത്ത
6.4.2.4. ആടലും പാടലും
6.4.3. അമ്മയുടെ പ്രണാമം
6.4.3.1. ഉണ്ണിയെ കൈയിലെടുത്തവൾ
6.4.3.2. ഉണ്ണിയുടെ ഉദ്ഘോഷണം
6.4.3.3. മൂന്നുതരം മുത്തലുകൾ
6.4.3.4. അമ്മയുടെ ഉദ്ഘോഷണം
6.4.3.5. പുഞ്ചിരിക്കുന്ന ഉണ്ണി
6.4.4. മാർ യൗസേപ്പിന്റെ പ്രണാമം
6.4.4.1. സാമോദം പാർക്കുന്നവൻ
6.4.4.2. ദർശനവും ദണ്ഡനമസ്ക്കാരവും
6.4.4.3. താതനും തനയനും
6.4.4.4. ക്രിസ്റ്റോഫർ
6.4.4.5. ദിവ്യാനന്ദധാര
6.5. സല്ലാപചിന്ത III: എന്റെ ആത്മാലാപം
6.5.1. എന്റെ പ്രതികരണം
6.5.2. "നയനാൽ പാർത്തീടേണം"
6.5.3. അങ്ങും ഞാനും
6.5.4. സന്താപവും ശരണവും
6.5.5. മിസ്റ്റിക്കലായ ഭാഷ്യം
6.5.6. തൃക്കടാക്ഷം
6.5.7. തഴുകുന്ന സുന്ദരകരങ്ങൾ
6.6. സല്ലാപചിന്ത IV: മാതൃദർശനം
6.6.1. ആമുഖം
6.6.2. അമ്മയുടെ ലോകത്തിൽ
6.6.3. അമ്മയുടെ വിശേഷണങ്ങൾ
6.6.4. മഹത്ത്വത്തിന്റെ മുഹൂർത്തങ്ങൾ

6.6.4.1. ഉത്ഥിതന്റെ പ്രത്യക്ഷീകരണം
6.6.4.2. ത്രിത്വദർശനം
6.6.4.3. സ്വർഗ്ഗാരോഹണരംഗം
6.6.4.4. മേഘത്തേരിലുള്ള യാത്ര
6.6.4.5. സ്വർഗ്ഗദർശനം
6.6.4.6. അമലോത്ഭവമഹത്ത്വം
6.6.4.7. കുർബ്ബാന സ്വീകരണവേള
6.6.4.8. മംഗളസന്ദേശം
6.6.4.9. അരുമേറിയ മാടപ്രാവ്
6.6.4.10. താതന്റെ മഹീഷി
6.6.4.11. വിശ്വാസോദ്ഘോഷക
6.6.4.12. എഴുന്നുള്ളുന്ന തനയൻ
6.6.4.13. സ്വർഗ്ഗീയ വരവേല്പ്
6.6.5. മഹിമയാർന്ന ജീവിതശൈലി
6.6.5.1. കർത്താവിന്റെ അടിയാട്ടി
6.6.5.2. രക്ഷാനുഭവരൂപിണി
6.6.5.3. നാഥയുംഭക്തയും
6.6.5.3.1. സഭാനാഥ
6.6.5.3.2. സഭാഭക്ത
6.6.5.4. ദരിദ്രയും അദ്ധ്വാനശീലയും താപസ്സിയും
6.6.5.4.1. ദരിദ്ര
6.6.5.4.2. അദ്ധ്വാനശീല
6.6.5.4.3. താപസ്സി
6.6.5.5. വിശ്വകുടുംബറാണി
6.7. സമൂഹസല്ലാപം: അവതാരദർശനവും പ്രണാമവും

ഏഴാം ദിവസം

7.1. സല്ലാപാഘോഷം

അനുബന്ധം I കൊന്തസല്ലാപം
അനുബന്ധം II ലുത്തിനിയ ഒന്ന്
അനുബന്ധം III ലുത്തിനിയ രണ്ട്

അഞ്ജലി

"ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ? ഇത്രടം നീ വന്നത് എങ്ങനെ? വീട്ടിൽ നിന്നാരു വിളിച്ചു? പട്ടത്തിന് എങ്ങനെ കേറി? കൊവേന്തയിൽ എങ്ങനെ കൂടി? ... ഇവിടെ എങ്ങനെ വന്നു? ഇതൊന്നിനും നിന്നെ കൊള്ളാമോ? ഇല്ലയില്ല, നിശ്ചയം. അപ്പോഴേ തിരുമനസ്സ് നടക്കും, നടത്തും." (*ധ്യാനസല്ലാപങ്ങൾ*, പേജ് 13). വാ. ചാവറപിതാവിന്റെ വാക്കുകളിൽ ഞാൻ സംസാരിക്കട്ടെ.

"എന്നിതു സർവ്വേശ്വരാ, നിൻകരുണയിൻകടൽ
അന്തംകൂടാതെ ചിന്തിയെന്റെമേൽ ശുഭം ശുഭം"
(*ആത്മാനുതാപം*, II/87-88).

ദൈവകാരുണ്യത്തിന്റെ കഥയാണ് എന്റെ ജീവിതവും. ഇത്രയും വലിയ ഒരു അപ്പനെ അടുത്തറിയാൻ കഴിഞ്ഞത് എത്ര വലിയ ഭാഗ്യം! ചാവറധ്യാനം സി.എം.ഐ.- സി.എം.സി സഭകളിൽ നടത്തുവാൻ ദൈവം എന്നെ നിയോഗിചചു.

"ഇച്ചെയ്ത ഗുണമഹത്ത്വമോർക്കുമ്പോൾ
ഇക്കരുണയ്ക്കു കൈമാറെന്തുനാഥാ?"
(*ആത്മാനുതാപം*, I/37-38).

ധ്യാനത്തിൽ പങ്കെടുത്തവരിൽ മിക്കവരും അതു പുസ്തക രൂപത്തിലാക്കണമെന്ന് പറയുകയുണ്ടായി. ദൈവപരിപാലനയിൽ ആ ആഗ്രഹം ഇപ്പോൾ ഫലമണിയുകയാണ്. ദൈവമേ, അങ്ങേക്കു സ്തുതി! കുറച്ചുകൂടി വിശദീകരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

തനിച്ചോ സമൂഹമായോ ധ്യാനിക്കുന്നതിന് ഗ്രന്ഥം ഉപകാരപ്പെടുമെന്ന് പ്രത്യാശിക്കുന്നു. വാ. ചാവറപിതാവ് സംസാരിക്കുന്ന ശൈലിയാണ് ഉപയോഗിച്ചിട്ടുള്ളത്.

സി.എം.ഐ - സി.എം.സി. സഭകളുടെ മേലധികാരികളുടെ ആസ്വാദനക്കുറിപ്പുകൾക്ക് നന്ദി. രചനയിലും പ്രസിദ്ധീകരണത്തിലും സഹായിച്ചവരെ ദൈവം അനുഗ്രഹിക്കട്ടെ!

ഈശോ, മറിയം, യൗസേപ്പ് എന്ന ത്രിത്വകുടുംബത്തിന് ഈ കൃതി സമർപ്പിക്കുന്നു.

സി.എം.ഐ. പൊതുശ്രേഷ്ഠഭവനത്തിൽ നിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള *ചാവറസൂക്തങ്ങൾ* അനുചിന്തനത്തിന് സഹായകരമാകും.

അവതരണം

വന്ദ്യരായ പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ, പോരൂക്കര മല്പാനച്ചൻ എന്നിവരോടുകൂടി സി.എം.ഐ. സഭാസ്ഥാപനത്തിൽ നിർണ്ണായകമായ പങ്കുവഹിച്ച വ്യക്തിയാണല്ലോ വാ. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. 1855 ൽ സഭ കാനോനികമായി ആരംഭിച്ചപ്പോൾ ആദ്യത്തെ പ്രിയോരായി നിയമിതനായത് അദ്ദേഹമാണ്. പിന്നീട് മരണംവരെ ആ സ്ഥാനത്ത് തുടർന്ന വാ. ചാവറ പിതാവ് 'പ്രിയോരച്ചൻ' എന്ന നാമത്തിലാണ് കേരളക്കര മുഴുവൻ അറിയപ്പെട്ടിരുന്നത്. സഭയ്ക്കും സമുദായത്തിനും കേരളക്കരയ്ക്കും വാഴ്ത്തപ്പെട്ട ചാവറപ്പിതാവ് തന്റെ ചുരുങ്ങിയ ജീവിതകാലത്തിനിടയ്ക്ക് ചെയ്ത വീരോചിതമായ സേവനങ്ങൾ ആരെയും വിസ്മയിപ്പിക്കും. ഈ ധന്യചരിതൻ തന്റെ വ്യക്തിമുദ്ര പതിപ്പിക്കാത്ത രംഗങ്ങളൊന്നുമില്ലെന്നുതന്നെ പറയാം. അദ്ദേഹത്തിന്റെ കർമ്മ മാർഗ്ഗം ജ്ഞാനഭക്തിമാർഗ്ഗങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞതായിരുന്നു. മിസ്റ്റിക്കൽ തലങ്ങളിൽ വ്യാപരിച്ചിരുന്ന പുണ്യപിതാവ് തന്റെ ആദ്ധ്യാത്മിക ദർശനങ്ങൾക്കും 'അപ്പനു'മായുള്ള സല്ലാപങ്ങൾക്കും ഭാഷ്യം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ *ധ്യാനസല്ലാപങ്ങളിലും ആത്മാനുതാപത്തിലും* അന്തർലീനമായിരിക്കുന്ന അനർഘരത്നങ്ങൾ ഇതുവരെയും ഖനനം ചെയ്ത് പുറത്തെടുത്തിട്ടില്ലെന്നു പറയാം. ദൈവവും ദൈവസദൃശ്യനായ മനുഷ്യനുമായി സാമീപ്യവും സാരൂപ്യവും സായൂജ്യവും സാധർമ്മ്യവും കൈവരുത്തുവാൻ പര്യാപ്തമാണ് ചാവറപിതാവിന്റെ ചിന്തകളും സൂക്തങ്ങളും മറ്റും. എന്തുമാത്രം പാനം ചെയ്താലും വീണ്ടും വീണ്ടും നിറഞ്ഞുതുളുമ്പിനിൽക്കുന്ന അക്ഷയപാത്രത്തോട് ആ ആദ്ധ്യാത്മികതയെ ഉപമിക്കാം. ചാവറപ്പിതാവിന്റെ വീരോചിതമായ ജീവിതവിശുദ്ധി അംഗീകരിച്ചുകൊണ്ട് തിരുസഭ അദ്ദേഹത്തെ 1986 ൽ വാഴ്ത്തപ്പെട്ടവനെന്ന പദവിയിലേക്ക് ഉയർത്തി. വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുവാൻ കാലതാമസം വരികയില്ല എന്നാണ് എന്റെ ബോദ്ധ്യം.

ചാവറപ്പിതാവിനെ പുണ്യവാനെന്ന് കത്തോലിക്കാസഭ പ്രഖ്യാപിക്കുന്നതിനുമുൻപ് മക്കളായ സി.എം.ഐ. - സി.എം.സി. സഭാംഗങ്ങൾ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയെപ്പറ്റി ആഴമായി പഠി

വാ. ചാവറ പിതാവിന്റെ ആഴമേറിയ മിസ്റ്റിക് ആദ്ധ്യാത്മികതയിലേക്ക് മറ്റുള്ള സന്ന്യാസസന്ന്യാസിനീ സഭാംഗങ്ങളെയും ഇടവക വൈദികരെയും ദൈവജനത്തെയും ആനയിക്കേണ്ടതും മക്കളുടെ കടമയത്രേ. കേരളത്തിലും ഭാരതത്തിലുമെന്നല്ല ലോകമെങ്ങും ബിബ്ലിക്കൽ ലിറ്റർജിക്കൽ ഭാരതീയ മൂലങ്ങളിൽ അധിഷ്ഠിതമായ ഈ ആദ്ധ്യാത്മികത പല പ്രശ്നങ്ങളെയും ദൈവികമായ തലത്തിലൂടെ നോക്കിക്കാണുന്നതിനും അഭിമുഖീകരിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള കർമ്മോത്സുകത വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ദർശനസല്ലാപചിന്തകളെക്കുറിച്ചുള്ള അനുചിന്തനം കൈവരുത്തും, തീർച്ച.

ചാവറപ്പിതാവിന്റെ ആദ്ധ്യാത്മിക ലോകത്തിലേക്ക് നമ്മെ കൈപിടിച്ചു നടത്തുവാൻ ഇതാ ഒരു സമ്മാനം ദൈവം നമുക്ക് കൊടുത്തയച്ചിരിക്കുന്നു (*ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം നാല്, *കത്തുകൾ*, VII/10,11). വാ. ചാവറപ്പിതാവിനെക്കുറിച്ച് പഠിച്ചും, പരിചിന്തിച്ചും, സി.എം.ഐ-സി.എം.സി. സഭാംഗങ്ങളെ ധ്യാനിപ്പിച്ചും, എഴുതിയും പരിചയസമ്പന്നനായ പോൾ കല്ലുവീട്ടിൽ സി.എം.ഐ. അച്ചന്റെ *ദർശനസല്ലാപധ്യാനം* എന്ന ബൃഹത്തായ കൃതി സഹൃദയസമക്ഷം അവതരിപ്പിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. സർവ്വരാലും സമാദരണീയനായ പിതാവുതന്നെ നമ്മെ ധ്യാനിപ്പിക്കുന്ന രീതിയാണ് ഗ്രന്ഥകർത്താവ് അവലംബിച്ചിരിക്കുക. എട്ടുദിവസം നീണ്ടുനിൽക്കുന്നതാണ് ധ്യാനം. പ്രചോദനം പകരുന്നതിന് പര്യാപ്തമത്രേ ഗ്രന്ഥനാമം. വാ. ചാവറപിതാവിന്റെ ആദ്ധ്യാത്മികകൃതിയായ *ധ്യാനസല്ലാപങ്ങളിൽ*നിന്ന് നിവേശനം ഉൾക്കൊണ്ടിരിക്കുന്നു രചയിതാവ്.

ദർശനസല്ലാപധ്യാനത്തിന്റെ ലോകത്തിലേക്ക് ഞാനിവിടെ പ്രവേശിക്കുന്നില്ല. സഭാംഗങ്ങളെല്ലാവരും അവ പ്രാർത്ഥനാപൂർവ്വം പാരായണം ചെയ്യുകതന്നെ വേണം. തനിച്ചും കൂട്ടമായുമുള്ള പരിചിന്തനത്തിന് അത് സഹായകരമാകും. പ്രോഗ്രാം മുഴുവനും സല്ലാപാത്മകമാണ്. ചില ശീർഷകങ്ങൾ നോക്കുക. സല്ലാപാഘോഷം (കുർബ്ബാന), സല്ലാപചിന്ത (പ്രസംഗം), ഏകാന്തസല്ലാപമന്ത്രം, സമൂഹസല്ലാപം. ദിവസവും മണിക്കൂറോളം ദീർഘിക്കുന്ന നാല് സല്ലാപചിന്തകളുണ്ട്. അവയുടെ വെളിച്ചത്തിലാണ് ദിവ്യകാരുണ്യസന്നി

ആസ്വാദനവുമാക്കിത്തീർക്കുവാൻ പ്രചോദകമാകും ഇത്തരം സംവിധാനം.

ഓരോ ദിവസത്തിനും പ്രമേയങ്ങളുണ്ട്: ദർശനവീട്ടുകാർ, തിരുക്കുടുംബം, പ്രതിഷ്ഠ, തിരിയൽ, ദൈവത്തിന്റെ മലയിൽ/വീട്ടിൽ, അവതാരദർശനവും അമ്മയോടൊത്തുള്ള വാസവും. ഓരോന്നും പരസ്പരബന്ധമുള്ളവയത്രേ. ഒന്ന് മറ്റൊന്നിലേക്ക് ആനയിക്കുന്നു, പൂരകമാകുന്നു, പരിപൂർത്തിയടയുന്നു. വാ. ചാവറപിതാവിന്റെ കൃതികളുമായി അടുത്ത സമ്പർക്കം പുലർത്തുവാൻ ഉപയുക്തമാണ് ധ്യാനരീതി. സാധകർക്ക് ദൈവസാക്ഷാത്കാരവും ആത്മസാക്ഷാത്കാരവും സംസിദ്ധമാകും. ചുരുക്കത്തിൽ ധ്യാനത്തിന്റെ പരിസമാപ്തിയോടെ ഓരോരുത്തരിലും ഉയർത്തെഴുന്നേൽപ്പിന്റെ അനുഭവം സംജാതമാകുന്നു.

രചയിതാവിന് ഹൃദയം നിറഞ്ഞ ആശംസകൾ അർപ്പിക്കട്ടെ. ഇനിയും ഇത്തരത്തിലുള്ള ലിഖിതങ്ങൾ അദ്ദേഹത്തിന്റെ തൂലികയിൽനിന്ന് നിർഗ്ഗളിക്കുവാൻ ദൈവം അനുഗ്രഹമേകട്ടെ. വാ. ചാവറപ്പിതാവിന്റെ മക്കളെല്ലാവരും *ദർശനസല്ലാപധ്യാനമെന്ന* ഈ കൃതി സ്വന്തമാക്കി പുണ്യശ്ലോകന്റെ മക്കളായിത്തീരുവാൻ പരിശ്രമിക്കുമെന്ന പ്രത്യാശയോടെ ഈ അവതരണം അവസാനിപ്പിക്കുന്നു.

ജൂൺ 12,
പന്തക്കുസ്താദിനം

ഫാ. ജെ. പന്തപ്ലാംതൊട്ടിയിൽ സി.എം. ഐ.
കാക്കനാട്, കൊച്ചി 682 030

ആസ്വാദനം

വാ. കുര്യാക്കോസ് ഏലിയാസ് ചാവറപിതാവിന്റെ മക്കളാണ് കോഗ്രിഗേഷൻ ഓഫ് മദർ കാർമ്മെൽ സഭാംഗങ്ങൾ. അതിൽ അഭിമാനം കൊള്ളുന്നവരുമാണ്. പ്രവാചകവര്യനായ പിതാവിന്റെ ക്രാന്തദൃഷ്ടിയും സന്ന്യാസഭയെയും കേരളസഭയെയും കേരളജനതയെയും കുറിച്ചുള്ള ദിവ്യദർശനങ്ങളും അല്പമെങ്കിലും അറിയാവുന്നവരാരും അദ്ദേഹത്തിന്റെ ആരാധകരായിത്തീരാതിരിക്കയില്ല. ജ്ഞാനഭക്തികർമ്മയോഗങ്ങൾ സമഞ്ജസമായി സമ്മേളിപ്പിച്ചുകൊണ്ടുള്ള ആ ജീവിതശൈലി പിതൃസമ്പത്തായി ഞങ്ങൾക്ക് ലഭിച്ചിരിക്കുന്നു. അവർണ്ണനീയമായ ആ ദിവ്യദാനത്തിന് ദൈവമേ അങ്ങേക്ക് സ്തുതി!

വത്സലപിതാവിന്റെ പ്രവർത്തനങ്ങളെയും സംഭാവനകളെയും കുറിച്ച് അറിവുള്ളവരാണ് പലരും. പക്ഷേ അദ്ദേഹത്തിന്റെ ആഴമേറിയ ആദ്ധ്യാത്മികതയുടെ മിസ്റ്റിക്മേഖലകളെക്കുറിച്ച് ബോധവാന്മാരല്ല മക്കളായ നമ്മൾപോലും. പുണ്യപിതാവ് വിശുദ്ധരുടെ ഗണത്തിൽ ഉയർത്തപ്പെടുവാനുള്ള സാഹചര്യങ്ങൾ ദൈവകൃപയാൽ സംജാതമായിരിക്കുന്ന ഈ അവസരത്തിൽ നമ്മൾ ആ ധന്യമുഹൂർത്തത്തിന് ഒരുങ്ങേണ്ടതുണ്ട്, പ്രത്യേകിച്ച് ആദ്ധ്യാത്മികതലത്തിൽ. അതിന് ചാവറപിതാവിന്റെ ഭാഷയിൽ "സന്ന്യാസാന്തസ്സിന്റെ പദവികളിൽ കയറി ഈശോതമ്പുരാനോടു ചേരുവാൻതക്ക അഭ്യാസപുസ്തകം ഈശോമിശിഹാ കൊടുത്തയച്ചിരിക്കുന്നു" (*കത്തുകൾ* VII/10, VII/11). അതാണ് *ദർശനസല്ലാപധ്യാനം* എന്ന ഈ അമൂല്യഗ്രന്ഥം.

വാ. ചാവറപിതാവുതന്നെ നമ്മളെ ധ്യാനിപ്പിക്കുന്ന രീതിയിലാണ് ഗ്രന്ഥം വിരചിതമായിരിക്കുന്നത്. ഭാഷ്യകർത്താവ് പോൾ കല്ലുവീട്ടിൽ സി.എം.ഐ. അച്ചനാണ്. ധന്യചരിതനെക്കുറിച്ച് ധാരാളം പഠിച്ചും, പഠിപ്പിച്ചും, ധ്യാനിപ്പിച്ചും, എഴുതിയും അദ്ദേഹം വത്സലതാതന്റെ ചക്രവാളസീമകളിൽ വിഹരിച്ചുകൊണ്ടിരിക്കുന്നു. ചാവറധ്യാനം എന്ന പേരിൽ കുറച്ചുനാൾമുമ്പ് സി.എം.ഐ-സി.എം.സി. സഭാംഗങ്ങൾക്ക് ആ വിജ്ഞാനം സംക്ഷിപ്തരൂപത്തിൽ [illegible] സി.എം.സി. ജനറൽ പ്രൊവിൻഷ്യൽ ടീമു

ആ ധ്യാനം നടത്തിക്കുവാനും അദ്ദേഹം മുൻകൈയെടുത്തു. അന്നു മുതൽ പലരും ആഗ്രഹച്ചിരുന്നതാണ്, ആ ധ്യാനപ്രസംഗങ്ങളും മറ്റും പുസ്കതരൂപേണ പ്രസിദ്ധീകരിച്ചു കാണണമെന്ന്. ഇപ്പോഴിതാ ദൈവ പരിപാലനയിൽ ആ അഭിലാഷം പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു.

ആറു മുഴുവൻ ദിവസങ്ങളോളം നീളുന്നതാണ് ദർശന സല്ലാപധ്യാനം. തലേദിവസം വൈകുന്നേരം ആരംഭിക്കുന്നു; എട്ടാം ദിവസം രാവിലത്തെ കുർബ്ബാനയോടുകൂടി സമാപിക്കുന്നു. വാ. ചാവറപിതാവിന്റെ ആദ്ധ്യാത്മികകൃതിയായ ധ്യാനസല്ലാപങ്ങളിൽ നിന്നും ദർശനവീടെന്ന സങ്കല്പത്തിൽനിന്നും പ്രചോദനം സ്വീകരി ച്ചുകൊണ്ടാണ് ദർശനസല്ലാപമായി ധ്യാനം വിരചിതമായിരിക്കുക. കുർബ്ബാന സല്ലാപാഘോഷമാണ്. ഏകാന്തസല്ലാപത്തിനുള്ള മന്ത്രം ഓരോ ദിവസവും നൽകിയിരിക്കുന്നു. അനുദിനം നാലു സല്ലാപചി ന്തകളുണ്ട്. വൈകുന്നേരം സമൂഹസല്ലാപം നടത്തുന്നു. ഭക്ഷണവും വിശ്രമവും മറ്റും സല്ലാപത്തിന്റെ കാഴ്ചപ്പാടിലത്രേ ക്രമീകരിച്ചിരിക്കുക.

മുമ്പു നടത്തിയ ചാവറധ്യാനം പരിചിന്തനത്തിന്റെയും പ്രാർത്ഥനയുടെയും പരിണിതഫലമായി വികസിപ്പിച്ചെടുത്തിരിക്കു കയാണ് ഭാഷ്യകർത്താവ്. തനിച്ചോ സംഘാതമായോ ധ്യാനം നട ത്തത്തക്കവിധത്തിലത്രേ ഗ്രന്ഥസംവിധാനം. മാത്രമല്ല അനുദിനധ്യാ നത്തിനും പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മികപാരായണത്തിനും സഹാ യകരമാണിത്. "ഈശോമിശിഹായുടെ സ്നേഹത്തിൽ പാർക്കു ന്നതിനും, എപ്പോഴും തന്റെ കൺമുമ്പിൽ ഇരിക്കുന്നതിനും, തന്റെ അരികെ നടക്കുന്നതിനും, തന്നോടുകൂടെ എപ്പോഴും സംസാരിക്കുന്ന തിനും" (കത്തുകൾ VII/6) പ്രചോദനമരുളുന്നതാണ് *ദർശനസല്ലാ പധ്യാനം*. വത്സലപിതാവിനെപ്പോലെ ആഭ്യന്തരഹർമ്മ്യത്തിന്റെ (വി. അമ്മത്രേസ്യായുടെ കൃതി) സമോന്നതപദവികളിലേക്ക് നമ്മെയും ആനയിക്കുവാൻ പ്രിയ അപ്പനായ കർത്താവീശോമിശിഹാ നമ്മോ ടിതാ ആഹ്വാനം ചെയ്യുന്നു. നമ്മൾ "കരേറിയിരിക്കുന്ന അന്തസ്സ് എത്ര ഉയരപ്പെട്ടതും സ്തുതിക്കപ്പെട്ടതുമാണെന്ന" (കത്തുകൾ VII/ 2) സത്യം നമ്മെ അനുസ്മരിപ്പിക്കുന്നു. "തന്റെ മണവറയായ നിങ്ങ ളുടെ മുറിയിൽ തന്നോടുകൂടെ നിങ്ങൾ തെളിയുവാൻ" (കത്തു കൾ VII/2) പ്രേരിപ്പിക്കുന്നു. ദർശനദാഹം വളർത്തുന്നു, ഏകാന്ത സിദ്ധി കൈവരുത്തുന്നു. "സ്നേഹമണവാളന്റെ സ്വരം എത്രയോ

വലുതെന്ന് കാണിക്കുന്നു; നമുക്ക് ചില ആഭരണങ്ങൾ നൽകുന്നു (കത്തുകൾ VII/8). "ധ്യാനമെന്നത്... ആത്മമണവാളനായ ഈശോ മിശിഹായോടൊച്ചിരുന്ന് സംസാരിക്കലാണെന്ന്" (*ധ്യാനസല്ലാപങ്ങൾ*, പേജ് 14) അനുഭവവേദ്യമാക്കുന്നു. ചുരുക്കത്തിൽ യോഗാർത്ഥിനികൾ മുതൽ ഓരോ സി.എം.സി. സഭാംഗങ്ങളും കൂടെ കൊണ്ടുനടക്കേണ്ട കൃതിയാണ് *ദർശനസല്ലാപധ്യാനം.*

ഭാഷ്യകർത്താവിനോട് സി.എം.സി. സഭയ്ക്ക് പറഞ്ഞാൽ തീരാത്ത കടപ്പാടുണ്ട്. വാ. ചാവറപിതാവും, വി. അമ്മത്രേസ്യായും തിരുക്കുടുംബവും, ത്രിത്വകുടുംബവും അദ്ദേഹത്തിൽ വരമാരി വർഷിക്കട്ടെ. "അമർത്തിത്താഴ്ത്തി കുലുക്കിക്കൊളളിച്ച് നിറഞ്ഞു കവിയുന്ന നല്ല അളവിൽ അദ്ദേഹത്തിന്റെ മടിയിലേക്ക് അവർ അനുഗ്രങ്ങൾ ചൊരിയട്ടെ" (ലൂക്കാ 6:38).

ജൂൺ 12
പന്തക്കുസ്താദിനം

സി. സാങ്താ സി.എം.സി.
മദർ ജനറൽ, ആലുവ

♦♦♦ ദർശനസല്ലാപത്തിനുള്ള ഒരുക്കം

1. രംഗസജ്ജീകരണം

ധ്യാനവേദിയിൽ തിരുക്കുടുംബത്തോടൊപ്പമുള്ള നിങ്ങളുടെ പിതാവായ എന്റെ രൂപം/ഫോട്ടോ അലങ്കരിച്ചു വയ്ക്കണം. ധ്യാനത്തിൽ സംബന്ധിക്കുന്ന ഏവർക്കും നോക്കിക്കൊണ്ടിരിക്കാൻ ഉതകുന്നവിധത്തിൽ മദ്ധ്യത്തിലാകണം സ്ഥാപിക്കേണ്ടത്.

2. ദിനചര്യ

എന്റെ ആദ്ധ്യാത്മികകൃതിയായ *ധ്യാനസല്ലാപങ്ങളു*ടെ വെളിച്ചത്തിൽ ധ്യാനദിനങ്ങളിലെ പ്രോഗ്രാം മുഴുവൻ സല്ലാപങ്ങളുടെ ശീർഷകത്തിലാണ് അവതരിപ്പിക്കുക.

- യാമസല്ലാപം: സ്പ്ര, റംശ, ലെലിയ
- കൊന്തസല്ലാപം
- സല്ലാപചിന്ത: തനിച്ചും കൂട്ടമായും ദൈവത്തോടും, ഈശോയോടും, മാതാവിനോടും, മാർ യൗസേപ്പിനോടും, വിശുദ്ധരോടും, തന്നോടും സല്ലാപത്തിൽ ചിലവഴിക്കുന്നതിന് സഹായകരമായ ചിന്തകൾ ധ്യാനഗുരു പങ്കുവയ്ക്കുന്നു.
- ഏകാന്തസല്ലാപം: ഓരോ സല്ലാപചിന്തയ്ക്കുശേഷം ധ്യാനത്തിൽ സംബന്ധിക്കുന്നവർ തനിച്ച് ദൈവവുമായി ഏകാന്തതയിൽ നിർവ്വഹിക്കേണ്ട സല്ലാപം.
- സമൂഹസല്ലാപം: സല്ലാപചിന്തയുടെ വെളിച്ചത്തിൽ സമൂഹം മുഴുവൻ ഒരു മണിക്കൂർ തിരുസന്നിധിയിൽ നടത്തുന്ന കർമ്മം.
- സല്ലാപാഘോഷം: ദിവ്യബലി
- സല്ലാപപോഷണം: സല്ലപിക്കുന്നതിന് ഊർജ്ജം പകരുവാൻ ഉപയുക്തമായ പ്രഭാത/പ്രദോഷഭക്ഷണം
- സല്ലാപവിരുന്ന്: ഉച്ചഭക്ഷണം
- സല്ലാപപാനം: ചായ
- സല്ലാപവിശ്രമം: ഉറക്കം
- സല്ലാപാഹ്വാനം: ഉണർത്തുമണി

3. ധ്യാനമന്ത്രം

ളകളിലും സല്ലാപപോഷണം, സല്ലാപവിരുന്ന്, സല്ലാപപാനം, സല്ലാപവിശ്രമം തുടങ്ങിയ വേളകളിലും വീണ്ടും വീണ്ടും മനസ്സിൽ ആലപിക്കുന്ന മന്ത്രമായിത്തീരണം.

താതാ..താതാ...മാർ ഏലിയാ താതാ
തീക്ഷ്ണതാ നാളം കൊളുത്തണെ താതാ
താതാ യേശുവിൻ ശിൽപിയാം താതാ
ദർശനാഗേഹം ഉയർത്തണേ താതാ.. (താതാ)
താതാ താതാ സൽഭക്തനാം താതാ
നിൻസിദ്ധി യോഗമതേകണേ താതാ... (താതാ)
താതാ താതാ എൻ ധന്യനാം താതാ
ധ്യാനസല്ലാപമുണർത്തണേ താതാ... (താതാ)
താതാ തായതൻ ആരോമൽ സൂനോ
കന്യകാതനയരായ് തീർക്കണേ താതാ... (താതാ)
താതാ വൻതാപത്തിൽ താതാ
ആത്മാനുതാപം വളർത്തണേ താതാ... (താതാ)
താതാ യൗസേപ്പിനാത്മജ താതാ
മൗനസംഗീതമുതിർക്കണേ താതാ... (താതാ)

ഗീതത്തിലെ ചില ആശയതലങ്ങൾ പരിചിന്തനവിഷയമാക്കാം. എന്നെ 'താതൻ' എന്നു വിളിക്കുന്നതാണ് എനിക്കിഷ്ടം. നിങ്ങളുടെയെല്ലാം പിതാവാണല്ലോ ഞാൻ. കൈനകരിക്കാർക്കുള്ള എന്റെ അന്ത്യശാസനത്തിൽ "ഒരു നല്ല അപ്പന്റെ ചാവരുൾ" എന്നാണ് ഞാൻ നാമകരണം ചെയ്തത്. ആ സംജ്ഞ എന്നിൽ ഈശോയെന്ന അപ്പനെക്കുറിച്ചുള്ള സ്മരണ ഉണർത്തുന്നു. *ധ്യാനസല്ലാപങ്ങൾ* അപ്പനുമായുള്ള എന്റെ സംഭാഷണങ്ങളാണല്ലോ. ഞാൻ ഈശോയെ പ്രതിനിധാനം ചെയ്യേണ്ടവനാണ്. അക്കാര്യം താതൻ എന്ന അഭിസംബോധനയിൽ അടങ്ങിയിരിക്കുന്നു.

ചാവറ കുര്യാക്കോസ് ഏലിയാ എന്നാണല്ലോ എന്റെ നാമം. കുര്യാക്കോസ് എന്ന പേര് *കൃുരിയോസ്* എന്ന ഗ്രീക്ക് നാമത്തിൽനിന്ന് ഉത്ഭവിക്കുന്നു. കർത്താവ്, നാഥൻ എന്നൊക്കെ അർത്ഥമാകാം. ഈശോയുടെ പ്രതിപുരുഷനാകാൻ വിളിക്കപ്പെട്ടവനാണല്ലോ ഞാൻ. അവിടുന്ന് എന്നിൽ ജീവിക്കണം, ചിന്തിക്കണം, സംസാരിക്കണം, പ്രവർത്തിക്കണം. കർത്താവുമായി താദാത്മ്യപ്പെടേണ്ടവനാണ് സന്ന്യാസവൈദികൻ. സുറിയാനിയിൽ കർത്താവിനെ കുറിക്കാൻ ഉപയോഗിക്കുന്ന സംജ്ഞയാണ് *മാർ*. അതിനാൽ എന്റെ നാമത്തോട് *മാർ* ചേർക്കുക ഉചിതം തന്നെ.

പഴയനിയമപ്രവാചകനായ ഏലിയാ സൈന്യങ്ങളുടെ കർത്താവായ ദൈവത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ ജ്വലിച്ചവനാണല്ലോ (1 രാജാ 19:10,14). പുതിയ ഏലിയായായ മനുഷ്യപുത്രനും പിതാവിന്റെ ഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിഞ്ഞടങ്ങിയവനാണ് (യോഹ 2:17). ആ തീക്ഷ്ണതയുടെ കൊച്ചുനാളം കാരുണ്യനാഥൻ എന്നിൽ കൊളുത്തുവാൻ കനിഞ്ഞു. എന്റെ വാക്കുകളിലും ചെയ്തികളിലും മറ്റുള്ളവർ ദൈവികമായ തീക്ഷ്ണത ദർശിക്കുകയും സ്പർശിക്കുകയും ചെയ്തു. എന്റെ കൂടപ്പിറപ്പുകളും മക്കളുമായ നിങ്ങളിലും തീക്ഷ്ണത നിറഞ്ഞുനിൽക്കണം. ആ വരദാനം ലഭിക്കുവാൻ നിങ്ങൾ എന്റെ മദ്ധ്യസ്ഥത തേടുക യുക്തമാണല്ലോ.

ഈശോനാഥൻ മനുഷ്യഹൃദയങ്ങളിൽ ദൈവികഗേഹം പണിത വിൺശില്പിയാണല്ലോ (ഹെബ്രാ 3:4-6). അവിടുന്നു തന്നെ ദിവ്യതാതന്റെ സജീവമായ ആലയമായിരുന്നു (യോഹ 2:21-22). എന്റെ നാഥനുമായി സാധർമ്മ്യം പ്രാപിക്കുവാൻ ദർശനവീട് രൂപസംവിധാനം ചെയ്തവനാണ് ഞാൻ. കർത്താവിന്റേതായ സ്വപ്നങ്ങളും കിനാവുകളും സദാ കണ്ടുകൊണ്ടിരിക്കുകയും അവ പൂവിരിയിക്കുവാൻ ജീവിതം ഉഴിഞ്ഞുവയ്ക്കുകയും ചെയ്യുന്നവരുടെ സമൂഹമായിത്തീരണം സഭാംഗങ്ങളെന്ന് ഞാൻ ആഗ്രഹിച്ചു. മാനവമാനസങ്ങളിൽ ദൈവം അധിവസിക്കുന്ന ഗേഹം പണിതുയർത്തുവാൻ എന്റെ കൂടപ്പിറപ്പുകളും കുഞ്ഞുങ്ങളും ഭഗീരഥയത്നത്തിൽ ഏർപ്പെടണം. ആ കർത്തവ്യം നിർവ്വഹിക്കണമെങ്കിൽ അവർ തന്നെ ആദ്യം കർത്താവിനെപ്പോലെ താതന് സദാ സമയവും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും അർപ്പിക്കുന്ന സജീവമായ ആലയങ്ങളായിത്തീരണം. ദർശനമുള്ളവരായാലേ ദർശനവീട്ടിലെ അംഗങ്ങളാകാൻ കഴിയൂ; ത്രിത്വദൈവത്തിന്റെ കൂട്ടായ്മയിലും ഐക്യത്തിലും, അരൂപിയിലും ഒരുമയിലും പങ്കുചേരാൻ പ്രാപ്തരാകൂ. നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ മദ്ധ്യസ്ഥം വഹിക്കുന്ന എന്നോട് ദർശനഗേഹം ഉയർത്തണമെന്ന് അപേക്ഷിക്കുക ഉചിതം തന്നെ.

ഈശോമറിയം യൗസേപ്പ് എന്ന ത്രിത്വകുടുംബത്തിന്റെ (*ചരമവത്സരം* പേജ് 11-17) സൽഭക്തനായിരുന്നു ഞാൻ. ആ ഭക്തിയോഗവുമായി ജ്ഞാനകർമ്മമാർഗ്ഗങ്ങൾ സംയോജിച്ചിരുന്നു. ഒന്ന് മറ്റേതിൽനിന്ന് വേർതിരിക്കാൻ കഴിയുമായിരുന്നില്ല. പരസ്പര ബന്ധകങ്ങളും പൂരകങ്ങളുമായിരുന്നു എന്റെ ജ്ഞാനഭക്തികർമ്മയോഗങ്ങളും സിദ്ധികളും. അവ മൂന്നും എന്റെ ചിന്തയിലും വാക്കിലും

പ്രവൃത്തിയിലും സമൃക്കായി ഒന്നുചേർന്നിരുന്നു. അതിൽ എന്റെ സിദ്ധിയും യോഗവും അടങ്ങിയിരുന്നുവെന്നു പറയാം. ജ്ഞാന ഭക്തികർമ്മങ്ങളുടെ സംസർഗ്ഗപ്രതീകങ്ങളായി വിരാജിക്കുവാൻ വിളിക്കപ്പെട്ടവരാണ് എന്റെ കൂടപ്പിറപ്പുകളും കുഞ്ഞുങ്ങളുമായ നിങ്ങൾ. ആ വരദാനത്തിനായി നിങ്ങൾ എന്നെത്തന്നെ ശരണം ഗമിക്കണം. എന്നെ പെറ്റവളായ എന്റെ അമ്മ, ഈശോയുടെ ത്രേസ്യാ, ഈജിപ്തിലെ മറിയം, കൊർത്തോണായിലെ മറിയം, മഗ്ദലേനായിലെ മറിയം, മർത്താ മറിയം, ക്ലെയോഫാസ് മറിയം, മറിയം ശാലോം, യൊവാക്കീം, കന്യകാമറിയം, മാർ യൗസേപ്പ് എന്നിവരുമായി സദാ സമ്പർക്കം പുലർത്തുന്ന ഞാൻ അവരോടൊപ്പം (*ധ്യാനസല്ലാപങ്ങൾ*, പേജ് 40-41; *സൂക്തങ്ങൾ* 89:6) അപ്പനായ ഈശോയോടപേക്ഷിച്ച് ആ സിദ്ധിയോഗങ്ങൾ നിങ്ങൾക്കും കരഗതമാക്കാം.

എന്റെ ആദ്ധ്യാത്മികകൃതികളിൽ മുഖ്യമായത് *ധ്യാനസല്ലാപങ്ങളാ*ണല്ലോ. അപ്പനായ ഈശോയോടുള്ള എന്റെ ആത്മബന്ധത്തിന്റെ അലയൊലികൾ അതിൽ ദൃശ്യമാണ്. ധ്യാനത്തെപ്പറ്റിയുള്ള മിസ്റ്റിക്കൽ ദർശനത്താൽ അനുഗൃഹീതമാണ് ആ കൃതി. ആത്മമണവാളനായ ഈശോമിശിഹായോടൊന്നിച്ചിരുന്ന് നാവടങ്ങാതെ സംസാരിക്കലായിരുന്നു എന്റെ ധ്യാനം. പിതാവിൽനിന്ന് പിൻതിരിഞ്ഞുപോയശേഷം അനുതാപാകുലനായി ധൂർത്തപുത്രൻ സ്വഭവനത്തിൽ തിരിച്ചെത്തുന്നതാണ് ആദ്യപ്രമേയം. ഞാനാണ് ആ മുടിയനായ മകൻ. എന്റെ ആത്മഭാഷണങ്ങളും സല്ലാപങ്ങളുമാണ് കൃതിയിലെ വിഷയം. ഇപ്രകാരം ധ്യാനം ഒരു സല്ലാപമാക്കാനും, ജീവിതം ഒരു ധ്യാനമാക്കി പകർത്താനും ദൈവം കൃപ നൽകി. അതോടെ ഞാൻ ധന്യനായിത്തീർന്നു; ആത്മസാക്ഷാത്കാരം പ്രാപിച്ചു. നിങ്ങളിൽ ധ്യാനസല്ലാപം ഉണർന്നാൽ എന്നെപ്പോലെ ഭാഗ്യവാന്മാരായിത്തീരും നിങ്ങളും. ഉള്ളിന്റെ ഉള്ളിൽനിന്നും നിത്യജീവനിലേക്ക് പ്രവഹിക്കുന്ന ജീവജലത്തിന്റെ അരുവികൾ നിങ്ങളിൽ നിന്നൊഴുകും (ഏശാ 44:3; യോഹ 7:38). ആ സിദ്ധിക്കായി എന്നോടപേക്ഷിക്കുവിൻ.

ദൈവം തന്റെ "കരുണയിൻ കടക്കണ്ണിനാൽ സൂക്ഷിക്കയാൽ" (*ആത്മാനുതാപം*, II: 105; *സൂക്തങ്ങൾ* 42:15) അനുതാപമെന്ന മഹോന്നതദാനം എനിക്കു നൽകി. എന്റെ ജീവിതത്തിന്റെ സാരസംഗ്രഹമാണ് ആ കൃപാവരം. സർവ്വേശ്വരന്റെ പരമപരിശുദ്ധിയെക്കുറിച്ചും സൃഷ്ടിമാത്രമായ മനുഷ്യന്റെ അശുദ്ധിയെക്കുറിച്ചും ആഴമേറിയ ജ്ഞാനം എനിക്കു ലഭിച്ചു. അതോടെ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. *ആത്മാനുതാപം* എന്ന ഹൃദയത്തിന്റെ

കവിത രൂപം കൊണ്ടു. അനുതാപിയായിത്തീർന്നാൽ മാത്രമേ മനുഷ്യൻ മനുഷ്യനാകുകയുള്ളൂ. ഈ സത്യം നിങ്ങളിൽ ഒരു അനുഭവജ്ഞാനമായി വളരണം. അതിനായി താതനായ എന്റെ പക്കലണയുക.

ഞാൻ കന്യകാംബികയുടെ ഓമൽസുതനായിരുന്നു. ചെറുപ്പത്തിലേ അമ്മ എന്നെ മാതാവിന് അടിമവച്ചതാണ്. അന്ന് വന്ദ്യ വൈദികൻ ജനനിയോട് ഇപ്രകാരം പറയുകയുണ്ടായി: "സാക്ഷാൽ നിൻസുതനല്ല, മാതാവിൻ ദാസൻ ദൃഢം" (*ആത്മാനുതാപം* II:16; *സൂക്തങ്ങൾ* 91:3). അതേ, ദൈവമാതാവിന്റെ ദാസനായിത്തീർന്നു ഞാൻ. അമ്മയെ സ്വന്തമായി കരുതുകയും ചെയ്തു. "ശുദ്ധദേവമാതാവിന്റെ സ്തുതിപ്പിനായിട്ടാണ്" (*കത്തുകൾ* VII/8; *സൂക്തങ്ങൾ* 41:19) എല്ലാം നിർവ്വഹിച്ചത്. കന്യകാമറിയത്തിന്റെ നാമത്തിൽ "ഞാൻ വലവീശിയാറേ വെറുതെ വലിച്ചില്ല" (*കത്തുകൾ* V/15; *സൂക്തങ്ങൾ* 41:20) "ബലക്ഷയം കണ്ടിട്ട് ഈ പരമപരിശുദ്ധയായ അമ്മ നമ്മളെ തന്റെ വിശേഷസ്നേഹത്തിൽ ചേർത്തു" (*കത്തുകൾ* VI/4; *സൂക്തങ്ങൾ* 41:21). "ദേവമാതാവിൽ ശരണപ്പെട്ടുകൊണ്ടാ"ണ് ജീവിതം ആരംഭിച്ചത് (*കത്തുകൾ* V/14; *സൂക്തങ്ങൾ* 41:23). ഇപ്രകാരം തനയന്റെ ആരോമൽ സോനുവാകാൻ എനിക്ക് കൃപ ലഭിച്ചു. നിങ്ങളും കന്യകാംബികയുടെ തനയരായിത്തീരണം. എന്നാലേ താഴെ പറയുന്ന എന്റെ ഭാവഗീതവുമായി ഒന്നു ചേരാനാകൂ:

"കർമ്മല അമ്മയേ നീയ്യേ എന്നതു മഹാമുഖ്യം
നിർമ്മല അമ്മേ, നവദാസ്യവുമതുകിട്ടി
എന്നതു നിനയ്ക്കുമ്പോൾ എന്നുടെ മഹാഭാഗ്യം
ഇന്നതെന്നടിയനു മുറയ്ക്കുന്നു യോഗ്യനായ്."

(*ആത്മാനുതാപം*, VII: 173-176; *സൂക്തങ്ങൾ* 41:4).

ഈ ദർശനസല്ലാപദിനങ്ങൾ ഫലമണിയുവാൻ മാർ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ആ മാമുനീന്ദ്രന്റെ ഭക്തയോഗിയായിരുന്നു ഞാൻ. വത്സലതാതനിൽ വിളങ്ങിയിരുന്ന എളിമയും മൗനാരൂപിയും ഞാൻ അടുത്തനുകരിച്ചു. "മാർ യൗസേപ്പുപുണ്യവാളന്റെ സ്തുതിക്കായിട്ട് നല്ല മരണക്കൂട്ടം എന്നൊരു ക്രമക്കൂട്ടമുണ്ടാക്കി" (*നാളാഗമങ്ങൾ*, പേജ് 210; *സൂക്തങ്ങൾ* 95:7). ആവശ്യങ്ങൾ ആ വന്ദ്യതാതനോടുണർത്തിച്ചുകൊണ്ടിരുന്നു. കൂലി കൊടുക്കുവാൻ പണമില്ലാതെ വന്നപ്പോൾ "ഔസേപ്പ് പുണ്യവാളനോട് അപേക്ഷിച്ച് ക്ലേശിക്കുമ്പോൾ ഒരാൾ ആവശ്യമായ പണവുമായി വന്നു." (*നാളാഗമങ്ങൾ* പേജ് 45;

സൂക്തങ്ങൾ 95:5). "പ്രിയം നിറഞ്ഞ പിതാവായ മാർ യൗസേപ്പ് പുണ്യവാളൻ" (*ധ്യാനസല്ലാപങ്ങൾ*, പേജ് 29; *സൂക്തങ്ങൾ* 95:3), "എന്റെ ദയയുള്ള പിതാവേ" (*ധ്യാനസല്ലാപങ്ങൾ*, പേജ് 35; *സൂക്തങ്ങൾ* 95:4), "പ്രിയതാതൻ" (*ആത്മാനുതാപം* IV: 201; *സൂക്തങ്ങൾ* 95:1) എന്നൊക്കെയാണ് അഭിസംബോധന ചെയ്തിരുന്നത്. ഇപ്രകാരം വത്സലപിതാവിന്റെ ബിംബമായി ഞാൻ പകർന്നു. ഈശോയുടെ വളർത്തുപിതാവിനോട് നിങ്ങളും തിരുസാന്നിദ്ധ്യം അനുഭവിച്ചറിയുവാൻ പ്രാപ്തമാക്കുന്ന മൗനമെന്ന വരത്തിനായി അപേക്ഷിക്കണം. അപ്പോൾ നിങ്ങൾക്കും മൗനസംഗീതം ശ്രവിക്കുന്നതിനും ആസ്വദിക്കുന്നതിനും അതിൽ ലയിച്ചു ചേരുന്നതിനും കഴിവുണ്ടാകും.

4. ധ്യാനഗുരു

ഈ ദർശനസല്ലാപധ്യാനം നിങ്ങളുടെ പിതാവായ എന്റെ ലോകത്തിൽ പ്രവേശിച്ച്, എന്നെ ദർശിച്ച്, ശ്രവിച്ച്, സല്ലപിച്ച് എന്നോടുകൂടി ആയിരിക്കുന്നതാണ്. ഞാനാണ് ധ്യാനഗുരു. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ഞാൻ എന്റെ ഹൃദയത്തിൽ എപ്പോഴും കാണുകയും, ഓർക്കുകയും, വണങ്ങുകയും, ജീവിക്കുകയും ചെയ്ത ഈശോമറിയം യൗസേപ്പ് എന്ന വിശുദ്ധ ത്രിത്വകുടുംബമാണ് (*അന്തിമവചസ്സുകൾ, സൂക്തങ്ങൾ* 51) നിങ്ങളോട് സംസാരിക്കുകയും സംവദിക്കുകയും ചെയ്യുക. ഭാരതീയ ചിന്തയിലെ ഗുരുവിനെക്കുറിച്ചുള്ള താഴെ പറയുന്ന സൂക്തം നിങ്ങൾ ഈ ദിവസങ്ങളിൽ പരിശീലിക്കുകയും സ്വന്തമാക്കുകയും ചെയ്യണം.

"ധ്യാനമൂലം ഗുരോ: മൂർത്തി
മന്ത്രമൂലം ഗുരോ: വാക്യം
പൂജമൂലം ഗുരോ: പദം
മോക്ഷമൂലം ഗുരോ: കൃപ"

നിങ്ങളുടെ ധ്യാനവിഷയം ഗുരുവിന്റെ/തിരുക്കുടുംബത്തിന്റെ മൂർത്തിയായിരിക്കണം. ഞാൻ ജീവിക്കുകയും ധരിക്കുകയും ചെയ്ത തിരുക്കുടുംബമെന്ന ത്രിത്വകുടുംബത്തിന്റെ മൂർത്തിയെയാണ് നമ്മൾ ധ്യാനവിഷയമാക്കേണ്ടത്. എന്റെ/അവരുടെ മുഖത്ത് കണ്ണും നട്ടിരിക്കണം. മന്ത്രണങ്ങൾ ശ്രവിക്കാൻ കാതുകൂർപ്പിച്ചിരിക്കണം. എന്നെ/ അവരെ ആശ്രയിക്കണം. എന്നെ/ത്രിത്വകുടുംബത്തെ നിങ്ങളുടെ ഹൃദയങ്ങളിൽ അധികാരം നടത്താൻ അനുവദിക്കണം (*അന്തിമവചസ്സുകൾ*, *സൂക്തങ്ങൾ* 50).

ഈ ദിവസങ്ങളിൽ നിങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കേണ്ടത് അഥവാ മന്ത്രമായി ജപിച്ചുകൊണ്ടിരിക്കേണ്ടത് ഗുരുവിന്റെ വാക്യ മായിരിക്കണം. അതു മാത്രമേ ജപിക്കാവൂ. ഗുരുവിന്റെ വാക്യം നാമ ജപമാക്കണം.

പൂജിക്കേണ്ടത് ഗുരുവിന്റെ പാദങ്ങളാകണം. ഞാൻ എന്ന ഗുരുവിൽ തിരുക്കുടുംബവും ത്രിത്വകുടുംബവും ഒന്നാണെന്ന കാര്യം മറക്കരുത്. പാദപ്രണാമമാണല്ലോ ഭാരതീയ ആചാരം. തൃച്ചേ വടികളെ പ്രണമിക്കുന്ന പ്രക്രിയയാണത്. ബൈബിളിൽ പാപിനിയായ സ്ത്രീ പരമപരിശുദ്ധിതന്നെയായ ദൈവതനയന്റെ കാൽ പാദങ്ങ ളിൽ വീണുകിടന്ന് അവ ചുംബിച്ചുകൊണ്ടിരുന്നതും (ലൂക്കാ 7:38), ഏഴു പിശാചുക്കളാൽ പീഡിപ്പിക്കപ്പെട്ടിരുന്ന മഗ്ദലേനായിലെ മറിയം ഉത്ഥിതനായ ദൈവകുമാരന്റെ പാദങ്ങളെ പിടിവിടാതെ പുണർന്നതും മാതൃകളാണ്. എന്തുമാത്രം ഗുരുവിന്റെ/ത്രിത്വകുടും ബമായ തിരുക്കുടുംബത്തിന്റെ പാദാരവിന്തങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചു കിടക്കുന്നുവോ അത്രമാത്രം നിങ്ങൾ ഗുരുവിന്റെ ഹൃദയത്തിനടുത്ത ശിഷ്യരായിത്തീരും.

"മോക്ഷമൂലം ഗുരോ: കൃപ:" മോക്ഷപ്രാപ്തിക്ക് അത്യന്താ പേക്ഷിതമാണ് ഗുരുവായ തിരക്കുടുംബത്തിന്റെ കൃപ. സ്വന്തം വിശു ദ്ധിയോ ഭക്തിയോ സായൂജ്യപ്രാപ്തി കൈവരുത്തുകയില്ല. ആത്മ സാക്ഷാത്കാരവും ദൈവസാക്ഷാത്കാരവും സിദ്ധിക്കണമെങ്കിൽ ഗുരു കനിയണം, പ്രസാദം ചൊരിയണം. തിരുക്കുടുംബത്തിന്റെ കാരുണ്യത്തിൽ ആശ്രയിക്കുന്നവർക്കു മാത്രമാണ് സ്വർഗ്ഗപ്രവേശനം ലഭിക്കുക. ഞാനും പ.ത്രിത്വകുടുംബമെന്ന തിരുക്കുടുംബവും നിങ്ങ ളോട് കാരുണ്യം കാണിക്കണം.

ദർശനസല്ലാപധ്യാനത്തിന്റെ ഓരോ നിമിഷത്തിലും തിരു ക്കുടുംബരൂപത്തിന്റെ പശ്ചാത്തലത്തിലുള്ള എന്റെ രൂപത്തിൽ ദൃഷ്ടിയൂന്നിക്കൊണ്ടിരിക്കണം; ഗുരുവിന്റെ മൂർത്തിയെ നിരന്തരം ധ്യാനവിഷയമാക്കണം; എന്റെ സൂക്തങ്ങൾ അനുനിമിഷം മന്ത്രിച്ചു കൊണ്ടിരിക്കണം; തൃച്ചേവടികളിൽ സാഷ്ടാംഗം വീണുകിടക്കണം. അപ്പോൾ തിരുക്കുടുംബമായ ഗുരു നിങ്ങളിൽ കനിയും, പ്രസാദം ചൊരിയും, ആത്മസാക്ഷാത്കാരം, ദൈവസാക്ഷാത്കാരം എന്നീ വരദാനങ്ങൾ വർഷിക്കും.

5. ചാവറസൂക്തങ്ങൾ

ഈ ദിവസങ്ങളിൽ 119 ശീർഷകങ്ങളിൽ എന്റെ കൃതികളിലെ പ്രധാനവാക്യങ്ങൾ സമാഹരിച്ചിട്ടുള്ള *ചാവറസൂക്തങ്ങൾ* എന്ന ലഘുഗ്രന്ഥം പാരായണം ചെയ്തുകൊണ്ടിരിക്കണം. (സമാഹർത്താവ്: ഫാ. പോൾ കല്ലുവീട്ടിൽ സി.എം.ഐ., സി.എം.ഐ. ജനറലേറ്റ്, ചാവറഹിൽസ്, കാക്കനാട്). അതുപോലെ നാലുവാല്യങ്ങളിലുള്ള എന്റെ കൃതികൾ വായിക്കണം. മറ്റു ആദ്ധ്യാത്മികഗ്രന്ഥങ്ങൾ മാറ്റി വയ്ക്കുക.

0. ആമുഖസല്ലാപം

(തലേദിവസം വൈകുന്നേരം)

0.1. അഭിസംബോധന

"പ്രിയ കൂടെപ്പിറപ്പുകളേ, പ്രിയമുള്ള കുഞ്ഞുങ്ങളേ,"

ഞാൻ ജീവിച്ചിരുന്നപ്പോൾ സി.എം.ഐ. സഭാംഗങ്ങളെ കൂടെപ്പിറപ്പുകൾ എന്നാണ് അഭിസംബോധന ചെയ്യാറ്. സി.എം.സി. സിസ്റ്റേഴ്സിനെ കുഞ്ഞുങ്ങളെന്നും. രണ്ടു സംജ്ഞകളും ആഴമേറിയ ദൈവശാസ്ത്രദർശനത്തിൽനിന്ന് ഉരുത്തിരിഞ്ഞതാണ്. കൂടെപ്പിറപ്പുകൾ വെറും സഹോദരങ്ങളല്ല, ഒന്നിച്ചു പിറന്നവരാണ്, 'twins'. നമ്മുടെ പിതാവായ മാർതോമാശ്ലീഹാക്കുണ്ടായിരുന്ന മറ്റൊരു നാമം ദീദിമൂസ് എന്നാണല്ലോ. (യോഹ 11:16; 20:24; 21:2). ആ വത്സലതാതൻ മനുഷ്യപുത്രനായിത്തീർന്ന കർത്താവിന്റെ ഇരട്ടയായിരുന്നുവെന്ന് പറയാം. ഗ്രീക്കുപദമായ ദീദിമൂസിന്റെ അർത്ഥം അതാണല്ലോ. ഉത്ഥിതനെ സ്വന്തകണ്ണുകൾകൊണ്ട് കാണുകയും ദർശിക്കുകയും കരങ്ങൾകൊണ്ട് സ്പർശിക്കുകയും (1 യോഹ 1:1) അവിടുത്തോട് സംവദിക്കുകയും ചെയ്തപ്പോൾ മാർ തോമാ പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ (നിയമാ 6:15; ലൂക്കാ 10:27) ഉദ്ഘോഷിച്ചു: "എന്റെ കർത്താവേ, എന്റെ ദൈവമേ" (യോഹ 20:28). മറ്റെല്ലാവർക്കുംവേണ്ടി പിതാവ് നടത്തിയ ഉടമ്പടീനവീകരണത്തിന്റെ പ്രഘോഷണമായിരുന്നു അത്. ആ സത്യം ജീവിക്കുകയും പ്രസംഗിക്കുകയും രക്തം ചിന്തിക്കൊണ്ട് സാക്ഷീകരിക്കുകയും ചെയ്തപ്പോൾ അദ്ദേഹം ക്രൂശിതനായ ഉത്ഥിതന്റെ തനിപകർപ്പായിത്തീർന്നു; അഥവാ ഇരട്ടയായി രൂപാന്തരപ്പെട്ടു. "കർത്താവിന്റെ കൂടപ്പിറപ്പുകളേ" എന്ന ആശംസയിൽ ഞാൻ ഊന്നിപ്പറയുന്നത്, ദീദിമൂസുകളായിത്തീരുവാൻ വിളിക്കപ്പെട്ടവരാണ് നാമോരോരുത്തരും എന്നതാണ്. പ്രിയമെന്ന പദത്തിൽ പിതാവായ ദൈവത്തിന്റെ "ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ 3:17) എന്ന സാക്ഷ്യത്തിന്റെ ധ്വനിയുണ്ട്. സിസ്റ്റേഴ്സിനെ ഞാൻ അഭിസംബോധന ചെയ്ത കുഞ്ഞുങ്ങളേ എന്ന പദം തീർത്തും ബിബ്ലിക്കലത്രേ. തന്റെ ഇഹലോകവാസത്തിന്റെ അന്ത്യദിനങ്ങളിൽ തനിക്കു സ്വന്തമായിരുന്നവരെ അവസാനം വരെ

ളോടുകൂടെ ഉണ്ടായിരിക്കുകയുള്ളൂ." (യോഹ 13:33). രക്ഷാചരിത്രത്തിൽ ദൈവം പിതാവായാണല്ലോ സ്വയം ആവിഷ്ക്കരിച്ചത്. ഉടമ്പടീജനതയെ തീറ്റിപ്പോറ്റിയവനാണ് അവിടുന്ന് (ഏശാ 1:2). അവരെ നടക്കാൻ പഠിപ്പിക്കുകയും കരങ്ങളിലെടുത്ത് ലാളിക്കുകയും സ്നേഹപാശത്താൽ ബന്ധിക്കുകയും ചെയ്ത വത്സലതാതൻ (ഹൊസെ 11:3-4). ഇപ്രകാരം സി.എം.ഐ, സി.എം.സി. സഭാംഗങ്ങളെ വചനബദ്ധമായ കാഴ്ചപ്പാടിൽ ദർശിച്ച എന്നെ നിങ്ങളും അനുകരിക്കണം. എന്റേതായ ശൈലി സ്വായത്തമാക്കണം.

0.2. ഞാൻ അയോഗ്യൻ

തിരുസഭാമാതാവ് എന്നെ വാഴ്ത്തപ്പെട്ടവനായി ഉയർത്തിയതിൽ അഭിമാനിക്കുന്നവരാണല്ലോ നിങ്ങൾ. ആ പദവി ലഭിക്കുവാൻ എനിക്കൊരു യോഗ്യതയുമുണ്ടായിരുന്നില്ല. എന്നെക്കൊണ്ട് ദൈവം പലതും ചെയ്യിച്ചിട്ടുണ്ട്. അതൊന്നും എന്റെ വശമല്ല. ദൈവവിളി ലഭിച്ചതും വൈദികനായി അഭിഷേചിക്കപ്പെട്ടതും കൊവേന്തയിൽ കൂടാനിടയായതും സഭാസ്ഥാപനത്തിൽ ഭാഗഭാക്കാകാൻ കഴിഞ്ഞതും പ്രിയോരായതുമൊക്കെ എന്റെ വശമല്ലെന്ന് എനിക്ക് നന്നായറിയാമായിരുന്നു. ഇതൊന്നിനും കൊള്ളാത്തവനായിരുന്നു ഞാൻ. ദൈവതിരുമനസ്സുവഴി സംഭവിച്ചതാണ് എല്ലാം (*ധ്യാനസല്ലാപങ്ങൾ* 13; *സൂക്തങ്ങൾ* 9). കർത്താവിന്റെ കീഴുള്ള ദാസൻ മാത്രമായിരുന്നു ഈയുള്ളവൻ (*ആത്മാനുതാപം* III: *അനുബന്ധം* II). "എനിക്കൊന്നിനും പാടില്ല, വശമില്ല" (*കത്തുകൾ* V/14;*സൂക്തങ്ങൾ* 85:2)) എന്ന സത്യം സദാ ഞാൻ ഏറ്റുപറഞ്ഞിരുന്നു. പുഴുവെന്നാണ് ഞാൻ സ്വയം വിശേഷിപ്പിച്ചത് *(ധ്യാനസല്ലാപങ്ങൾ*, 27; *സൂക്തങ്ങൾ* 26:25). "ഉയരപ്പെട്ട പുണ്യത്തിനും വലിയ ധ്യാനത്തിനും എനിക്ക് യോഗ്യതയില്ല. അതെന്തോ മഹാപാപി. ഇതിനാൽ ആത്മം അശുദ്ധമായി, തെളിവില്ലാത്തവനായി. വെടിപ്പ്, അടക്കം തുടങ്ങിയ പുണ്യങ്ങൾ ഇല്ലായ്കയാൽ ധ്യാനാരൂപി കിട്ടുവാനും പുണ്യസാംഗോപാംഗത്തിനും (ഉന്നതപദവി) യോഗ്യനല്ല" (*ധ്യാനസല്ലാപങ്ങൾ,* 13; *സൂക്തങ്ങൾ* 77:10). എന്നിട്ടും ദൈവം എന്നെ വലിയവനാക്കി. നിങ്ങളൊക്കെ ആഗ്രഹിക്കുന്നുണ്ടാകും, വിശുദ്ധനെന്ന പദവിയിലേക്ക് ഞാൻ ഉയർത്തപ്പെടണമെന്ന്. അതിന് ഒരു അത്ഭുതം നടക്കേണ്ടതുണ്ടല്ലോ. ആ അത്ഭുതമെന്താണെന്ന് അറിയാമോ? നിങ്ങളെല്ലാവരും ആത്മീ

കർമ്മയോഗങ്ങൾ [illegible] ന്നതരും, ആത്മാനുതാപത്തിൽ വളരുന്നവരും, കന്യകാമാതാവിന്റെ വത്സലസുതരും മാമുനീന്ദ്രനായ മാർയൗസേപ്പ് പിതാവിന്റെ യഥാർത്ഥ മക്കളും ആയിത്തീരുക. അപ്പോൾ ദൈവം നമ്മുടെ സഭയെ അനുഗ്രഹിക്കും. വിശുദ്ധരുടെ പട്ടികയിലേക്ക് ദൈവം എന്നെയും നിങ്ങളിൽ പലരെയും ചേർക്കും, തീർച്ച.

0.3. നിങ്ങൾക്കുള്ള സമ്മാനം

ദൈവത്തിന് നമ്മളെ സംബന്ധിച്ച് സൂക്ഷ്മവും കാര്യവുമായ പദ്ധതികളുണ്ട്. ആ പരിപാലനയുടെ വെളിച്ചത്തിൽവേണം എല്ലാം നോക്കിക്കാണുവാൻ. കൊച്ചുകൊച്ചുകാര്യങ്ങളിൽപോലും തൃക്കരം കാണുവാനായി പരിശ്രമിച്ചവനാണ് ഞാൻ. ഈ ദർശനസല്ലാപധ്യാനവും അപ്രകാരമുള്ള കാഴ്ചപ്പാടിൽ ദർശിക്കുവാൻ ഞാനാഗ്രഹിക്കുന്നു. "ശുദ്ധദൈവമാതാവിന്റെ സ്തുതിപ്പിനായിട്ട് ഈ സമ്മാനം നിങ്ങൾക്ക് ഞാൻ കൊടുത്തയക്കുന്നു." (*കത്തുകൾ* VII/8, *സൂക്തങ്ങൾ* 41:19). മറ്റൊരുവാക്കിൽ "സന്ന്യാസന്തസ്സിന്റെ പദവികൾ കയറി ഈശോ തമ്പുരാനോട് ചേരുവാൻ തക്ക അഭ്യാസം ഇന്നുതന്നെ ഈശോമിശിഹാ നിങ്ങൾക്കായിട്ട് അയച്ചിരിക്കുന്നു" (*കത്തുകൾ* VII/10), *സൂക്തങ്ങൾ* 116:2).

ധ്യാനത്തിന്റെ വിജയം ഓരോരുത്തരെയുമാണ് ആശ്രയിച്ചിരിക്കുന്നത്. എന്റെ ദർശനസല്ലാപ ലോകത്തിൽ പ്രവേശിക്കുന്നതിന് തടസ്സമായി നിൽക്കുന്നതെല്ലാം തീർത്തും പരിവർജ്ജിക്കണം; മൗനസല്ലാപം അഭ്യസിക്കണം. എന്നെ അടുത്തറിയുന്നതിനുള്ള ദാഹവും വിശപ്പും വർദ്ധിക്കുന്ന തോതനുസരിച്ചായിരിക്കും നിങ്ങൾ ധ്യാനയോഗിയായ എന്റെ യഥാർത്ഥ മക്കളായിത്തീരുക. ഈശോയെ കാണുവാനും കേൾക്കുവാനും ദാഹിച്ചുകൊതിച്ചവനാണ് ഞാൻ. "പാർക്കുവാൻ കൊതിക്കുന്നു, കേൾക്കുവാനാശിക്കുന്നു" *(ആത്മാനുതാപം* V:57). "വായനമേൽ ഇഷ്ടമുണ്ടായാൽ ഏകാന്തത്തിന്മേൽ സന്തോഷമാകും. ഏകാന്തത്തിൽ സന്തോഷമാകുമ്പോൾ ആ ആത്മാവിനെ ഏകാന്തത്തിൽവച്ച് കാണ്മാനായിട്ട് ഈശോമിശിഹാ എഴുന്നള്ളി ആത്മാവിനോടുകൂടെ സംസാരിച്ചു തുടങ്ങും. തുടക്കത്തിൽ ആ ഭാഷയും സംസാരവും നല്ലവണ്ണം തിരിയുകയില്ല." (*കത്തുകൾ* VII/8; *സൂക്തങ്ങൾ* 35:2). "ഏകാന്തം എന്നതുമുലമല്ലാതെ നമ്മുടെ

"എത്രയും ചിത്രമാം നിൻ മുഖപദ്മത്തെ
ഏകാന്തപ്രേമത്താൽ പാർക്കുന്നഹം" (*ആത്മാനുതാപം* III: 53-56; *സൂക്തങ്ങൾ* 35:1)

പ്രിയ അപ്പനായ ഈശോയുടെ അതിസുന്ദരമായ മുഖപദ്മത്തെ കണ്ടുകൊണ്ടിരിക്കുവിൻ. അതിന് ഏകാന്തതയെ പ്രേമിക്കുകതന്നെ വേണം. ധ്യാനസാധന മുപ്പതും അറുപതും നൂറുംമേനി ഫലമണിയണമെങ്കിൽ നിങ്ങളും എന്നെപ്പോലെ "തിരുവചനം കേട്ട് കർത്താവിനെപ്രതി നാണമില്ലാത്തവരാകണം" (*കത്തുകൾ* IX/7; *സൂക്തങ്ങൾ* 12:3); "ഈശോമിശിഹായുടെ പെട്ടകത്തിൽ നിങ്ങളുടെ ഹൃദയങ്ങളെയും വച്ചു പൂട്ടണം; ഉയിർപ്പുവരെ പാർക്കണം" (*കത്തുകൾ* VII/9); "സ്നേഹമണവാളന്റെ സ്വരം എത്രയോ മധുരമുള്ളതെന്നോർക്കണം" (*കത്തുകൾ* VII/7; *സൂക്തങ്ങൾ* 38:1); "ഈശോമിശിഹായുടെ സ്നേഹത്തിൽ പാർക്കണം; എപ്പോഴും തന്റെ കൺമുമ്പിലിരിക്കണം; തന്റെ അരികെ നടക്കണം; തന്നോടുകൂടെ എപ്പോഴും സംസാരിക്കണം" (*കത്തുകൾ* VII/6; *സൂക്തങ്ങൾ* 28:1); "അരൂപിയാലേ നിങ്ങളുടെ ഹൃദയത്തിൽ തന്നെ വിരുന്നിനു വിളിക്കണം. ഉയർത്ത് പുത്തനായിട്ട് തന്നെ കാണുംവരെ ദൈവമാതാവിനോടും മൂന്നു മറിയമാരോടും കൂടെ തന്റെ പാടുപീഡകൾക്കും ഉയർപ്പിന്റെ തെളിവിനും പാർത്ത് തന്നോടുകൂടെ ഒന്നിച്ചിരിക്കണം" (*കത്തുകൾ* VII/4; *സൂക്തങ്ങൾ* 10); "തന്റെ പക്കൽ അണഞ്ഞുകൊണ്ട് തന്റെ അനുഗ്രഹത്തെ സ്തുതിക്കണം" (*ധ്യാനസല്ലാപങ്ങൾ*, 26; *സൂക്തങ്ങൾ* 3:2); "പിതാവായ ദൈവമേ, നിന്റെ സഹായം കൂടാതെ എനിക്ക് ഒന്നിനും ശക്തിയില്ല" എന്നേറ്റു പറയണം (*ധ്യാനസല്ലാപങ്ങൾ*, 73; *സൂക്തങ്ങൾ* 6:8).

0.4. അനുവർത്തിക്കേണ്ടവ

മദ്ധ്യസ്ഥാപേക്ഷയും ദർശനസല്ലാപസിദ്ധി ലഭിക്കുവാൻ ഉപകാരപ്രദമാണ്. "ഈശോമിശിഹായോടുള്ള ഈ സ്നേഹം എനിക്കു തരുവിക്കണം" (*ധ്യാനസല്ലാപങ്ങൾ*, 15; *സൂക്തങ്ങൾ* 6:2) എന്ന് അമ്മയായ വി. ത്രേസ്യായോട് എന്നെപ്പോലെ അപേക്ഷിക്കണം. അതുപോലെ "പാപികളുടെ സങ്കേതവും അനുഗ്രഹങ്ങളുടെ അമ്മയുമായിരിക്കുന്ന ദൈവമാതാവിന്റെയും... ഞങ്ങളുടെയെല്ലാം മദ്ധ്യസ്ഥനായ മാർ ഔസേപ്പ് പിതാവിന്റെയും തുണയും സഹായവും യാചിക്കണം" (*ധ്യാനസല്ലാപങ്ങൾ*, 16) വിശുദ്ധരുടെ "പുണ്യങ്ങളും അനുതാപകൃത്യങ്ങളും ഓർത്ത് സന്തോഷിച്ച് കാഴ്ചവയ്ക്കുകയും വേണം" (*കത്തുകൾ* VII/3; *സൂക്തങ്ങൾ* 36:4). എന്നെ

ക്കുറിച്ച് ആദ്ധ്യാത്മികപിതാവായ ലെയപ്പോൾദ് മിഷനറി എഴുതിയ വാക്യം നിങ്ങളെക്കുറിച്ചും മറ്റുള്ളവർ പറയുവാൻ ഇടയാകട്ടെ: "എല്ലാ സുകൃതങ്ങളും വിശിഷ്യാ ഹൃദയലാളിത്യം, സജ്ജീവവിശ്വാസം, ആഴമുള്ള അനുസരണം, പരിശുദ്ധ കുർബ്ബാനയോടും പരിശുദ്ധ കന്യകാമറിയത്തോടും വിശുദ്ധ യൗസേപ്പിനോടുമുള്ള ആർദ്രമായ ഭക്തി ഇദ്ദേഹം അഭ്യസിച്ചിരുന്നു." എന്റെ പിൻഗാമിയായി സഭയെ ഭരിച്ച പോരൂക്കര എലിസേവൂസച്ചൻ 1871 -ൽ എഴുതിവച്ച ചില കാര്യങ്ങളും നിങ്ങളുടെ സ്മൃതിപഥത്തിൽ കൊണ്ടുവരുവിൻ: "ആ സർവ്വേശ്വരാ, ഇദ്ദേഹം ചെയ്തുവന്നിരുന്ന പ്രവൃത്തികളെ ഓർക്കുമ്പോൾ ഇപ്പോൾ ഞങ്ങൾ നാണിക്കുന്നു. ഇടവിടാതെ നമസ്ക്കരിക്കയും, ധ്യാനിക്കയും, ഏറിയ നേരം ഉറക്കമൊഴിഞ്ഞിരിക്കയും, ഭക്തിയുടെ ആധിക്യത്താൽ കരയാൻതക്കവണ്ണമുള്ള ഭക്തിയോടെ ദിവ്യപൂജ അണയ്ക്കുകയും ചെയ്തിരുന്നു... പരിശുദ്ധ ദേവമാതാവിന്റെ നേരെ മകനടുത്ത പ്രിയവും സ്നേഹവുമായി കൂടെക്കൂടെ തന്റെ സ്തുതികളെക്കുറിച്ച് പറയുകയും കാണുന്നവരുടെ ഹൃദയത്തിൽ ഈ വിശേഷഭക്തിയെ പതിക്കുവാൻ പരിശ്രമിക്കുകയും ചെയ്തിരുന്നു." എന്നെപ്പറ്റി ആദ്ധ്യാത്മികപുത്രനും എന്നോടൊത്തുണ്ടായിരുന്നവനുമായ മഞ്ഞുമ്മൽ ലൂയിസച്ചൻ സാക്ഷ്യപ്പെടുത്തുന്നു: "വൈകീട്ടത്തെ ധ്യാനം ഒരു മണിക്കൂറായിരുന്നല്ലോ. ആ സമയംമുഴുവനും സദാ കണ്ണുനീരൊഴുക്കിക്കൊണ്ട് മുട്ടിന്മേൽതന്നെ പരവശമായി നിന്നിരുന്നു... മണിയാകുമ്പോൾ സമീപെനിൽക്കുന്നവർ വിളിച്ചറിയിക്കും. അപ്പോൾ പാരവശ്യം തീർന്ന് ജപംചൊല്ലി അവസാനിപ്പിക്കും. കണ്ണുനീരൊഴുക്കിക്കൊണ്ടാണ് മുറിയിലേക്കു പോയിരുന്നത്." പ്രിയപ്പെട്ടവരേ, ദൈവം എനിക്ക് തന്ന ഈ സിദ്ധി ലഭിക്കുവാൻ നിങ്ങളും പ്രാർത്ഥിക്കുവിൻ.

സദാ ഉണർന്നിരിക്കാൻ കൂടെക്കൂടെ നമ്മെത്തന്നെ ഉണർത്തി ചൂടുപിടിപ്പിക്കണം (*കത്തുകൾ* VI/2). ജനനം മുതൽ ദൈവം നമ്മിൽ വർഷിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹദാനങ്ങൾ ഓരോന്നായി ഓർത്ത്

"ആയതിനെന്തുകാരണം ദൈവമേ,
ആദ്യഹീനനാം നിന്റെ ദയതന്നെ"

(*ആത്മാനുതാപം* I:3-4; *സൂക്തങ്ങൾ* 42:1)

എന്ന് വിസ്മയിക്കുകയും സ്നേഹത്തിന്റെയും നന്ദിയുടെയും കണ്ണീരൊഴുക്കുകയും വേണം. അവയിലെല്ലാം തിളങ്ങി നിൽക്കുന്ന ദൈവകരുണക്ക് പ്രത്യുത്തരമെന്നോണം അവിടുത്തെ സേവിക്കുവാൻ

നാം എത്രയോ കടപ്പെട്ടവരാണെന്ന് ഏറ്റുപറയണം (*ആത്മാനുതാപം*, II:87-88; *സൂക്തങ്ങൾ* 42:14). നന്ദിഹീനതയുടെയും അവിശ്വസ്തതയുടെയും പ്രവൃത്തികളോരോന്നും അനുസ്മരിച്ച് കർത്താവിനോട് കേണപേക്ഷിക്കണം:

"നായകാ, നരദേവാ, കരുണാനിധേ, നാഥാ,
നയനാൽ കൃക്കൺപാർക്കമേദാസൻമഹാ പാപി"

(*ആത്മാനുതാപം* II:241-242; *സൂക്തങ്ങൾ* 42:19)

എന്ന് കേണപേക്ഷിക്കണം.

കാരുണ്യനാഥനാം ദൈവകുമാരന്റെ
ആരുണ്യശോഭയെ കാണാകേണം"

(*ആത്മാനുതാപം* III:1-2; *സൂക്തങ്ങൾ* 42:20)

എന്ന് ദാഹിച്ചുമോഹിച്ച് ആ ദർശനം ലഭിക്കാതെ പിൻമാറുകയില്ലെന്ന് വാശിപിടിക്കുകയും വേണം.

പ്രിയ കൂടപ്പിറപ്പുകളേ, പ്രിയ കുഞ്ഞുങ്ങളേ ഞാൻ നിങ്ങളോട് ആവശ്യപ്പെട്ടവ പ്രാവർത്തികമാക്കുവാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഈ മനോഭാവത്തോടെ നമുക്ക് ദർശനസല്ലാപധ്യാനത്തിന്റെ ലോകത്തിലേക്ക് പ്രവേശിക്കാം.

ഒന്നാം ദിവസം- ദർശനവീട്ടുകാർ

1.1. സല്ലാപാഘോഷം ദർശനജീവികൾ

1.1.1. സങ്കീർത്തനം 42 കീർത്തനരൂപത്തിൽ ആലപിക്കുന്നു. ഓരോ ഈരടികൾക്കുംശേഷം ആവർത്തിക്കുന്നു. "എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു. ജീവിക്കുന്ന ദൈവത്തിനായി ദാഹിക്കുന്നു" എന്ന ആദ്യപാദം സമൂഹം വീണ്ടും വീണ്ടും ആലപിക്കുന്നു.

1.1.2. വായനകൾ (വായനകൾക്ക് മുമ്പായി ഒരു ആമുഖം നൽകണം. വായിച്ചുകഴിയുമ്പോൾ അല്പനേരം മൗനസല്ലാപം. തുടർന്ന് അവസാനത്തിൽ ആശയത്തെ ആസ്പദമാക്കി ഒരു പ്രാർത്ഥന ജപിക്കണം. അതിനുശേഷം അനുചിതമായ ഒരു ഗാനം ആലപിക്കണം)

1..2.1. ഒന്നാംവായന: 1 രാജാ 19:9-14a മൗനനിസ്വനരൂപനായ ദൈവം

1.1.2.2. രണ്ടാംവായന: റോമാ 13:11-14 സല്ലപിക്കുന്നവരുടെ ജീവിതശൈലി.

1..2.3. സുവിശേഷവായന: ലൂക്കാ 9:28-36 മഹത്ത്വപൂർണ്ണനെ ദർശിക്കൽ

പ്രസംഗസല്ലാപത്തിനുശേഷം മൗനം, പ്രമേയത്തെ ആസ്പദമാക്കിയുള്ള കാറോസൂസാകൾ.

1.2. ഏകാന്തസല്ലാപമന്ത്രം: "എനിക്ക് ഈശോയെ കാണണം."

1.3. സല്ലാപചിന്ത I- ദർശനം

1.3.1. സ്വപ്നക്കാരാകുവിൻ

ഞാൻ ഒരു ദർശനക്കാരനായിരുന്നു. ദൈവത്തിന്റെ ദർശനങ്ങൾ കാണുവാനാണ് ഗുരുവരന്മാരായ പാലക്കൽ തോമാ മല്പാനച്ചനും, പോരൂക്കര തോമാ മല്പാനച്ചനും, കണിയാന്തറയാക്കോബ് സഹോദരനും ഞാനുംകൂടി സഭയിലെ ആദ്യഭവനത്തിന് ദർശനവീടെന്ന് നാമം നൽകിയത്. എല്ലാ ആശ്രമങ്ങളും ദർശനവീടുകളാകണമെന്നതായിരുന്നു എന്റെ ആഗ്രഹം. ദൈവത്തിന്റെ ദർശനങ്ങൾ കണ്ടുകൊണ്ടിരിക്കുന്നവരുടെ കൂട്ടായ്മയാകണം നിങ്ങളോരോരുത്തരും. മനുഷ്യനെയും സൃഷ്ടജാലങ്ങളെയും കുറിച്ചുള്ള ദൈവത്തിന്റെ സങ്കല്പങ്ങളും കിനാവുകളും സദാ കണ്ടുകൊണ്ടിരിക്കുക, അവ ആസ്വദിക്കുക, അനുഭവിച്ചറിയുക, ആ ലോകത്തിൽ

ജീവിക്കുക. മറ്റൊരു വാക്കിൽ ദൈവത്തിന്റെ ഭാവിയെ, നാളെയെ (സൃഷ്ടികൾ എന്തായിത്തീരണമെന്ന സങ്കല്പമാണ് 'നാളെ' എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്) ഇന്നിലേക്ക് കൊണ്ടുവരിക, നാളെയെ ഇന്നാക്കി പകർത്തുക, അതിനുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുക - അതാണ് ഞാൻ ചെയ്തത്. നിങ്ങളോരോരുത്തരും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നത്. ബ. റോക്കിയച്ചന്റെ ഡയറിയിൽ എന്നെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു: "ദൈവദർശനത്തിന്റെ മനുഷ്യൻ!" അദ്ദേഹത്തിന്റെ വാക്കുകളിൽ അതിശയോക്തിയില്ല. ദൈവത്തിന്റെ ദർശനങ്ങൾ കാണുവാൻ ഞാൻ ദാഹിച്ചു, വിശന്നു. ഉണ്ണീശോയെ കാണുവാനുള്ള ആഗ്രഹത്തിന് *ആത്മാനുതാപത്തിൽ* ഞാൻ ഇപ്രകാരമാണ് ഭാഷ്യം നൽകിയിരിക്കുക.

"നിന്നുടെ തിരുമേനി, സുന്ദരതിരുമുഖം
മിന്നുന്ന നയനങ്ങൾ, ശോഭിതതിരുനാസി
ചുവന്നോരധരങ്ങൾ, ശംഖുവൽദന്തങ്ങളും
ചുണ്ടിൽനിന്നൊഴുകുന്ന തേൻതുള്ളിസ്വരങ്ങളും
പാർക്കുവാൻ കൊതിക്കുന്നു കേൾക്കുവാനാശിക്കുന്നു
പാർത്തുസൂക്ഷിപ്പാൻ നേത്രം യോഗ്യമല്ലല്ലോ നാഥാ!
സ്നേഹാഗ്നി നീയെന്നതും നീയെന്നുടെ ദയാനിധി
ദാഹിച്ചു കൊതിക്കുന്നേൻ, മേപാപം തടവിതോ!" (V: 153-160)

"കാണാകേണം" എന്ന പദം നിരന്തരം ആവർത്തിക്കുന്ന *ആത്മാനുതാപത്തിലെ* മൂന്നാം പാദം വീണ്ടും വീണ്ടും വായിക്കണം, ഹൃദിസ്ഥമാക്കണം, നിങ്ങളുടേതാക്കി പകർത്തണം.

ദർശനദാഹവും ദർശനാർത്തിയും എന്നെ മുഴുവനായും ഗ്രസിച്ചു. എന്റെ വ്യക്തിത്വം മുഴുവൻ ദർശനമാക്കി പകർത്താൻ തീവ്രയത്നത്തിലായി. അതിനായി തപസ്സിരുന്നു. ആദ്യത്തെ ആശ്രമത്തിന്റെ മറ്റൊരു നാമം 'തപസ്സുഭവനം' എന്നായിരുന്നല്ലോ. ദർശനം ലഭിക്കാൻ തപസ്സുചെയ്യുന്ന താപസ്സരുടെ സങ്കേതമായിരുന്നു അത്. മുട്ടവിരിയിക്കാൻ അടയിരിക്കുന്ന തള്ളക്കോഴിയെ ഞാൻ അനുകരിച്ചു. ഈശോമിശിഹായുടെ പെട്ടകത്തിൽ ഹൃദയം അടച്ചുവച്ചു (*കത്തുകൾ* VII/9; *സൂക്തങ്ങൾ* 33:2); വായനയിൽ ഇഷ്ടംവച്ചു (*കത്തുകൾ* VII/8; *സൂക്തങ്ങൾ* 35:2); ഏകാന്തതയിൽ സന്തോഷിച്ചു (*കത്തുകൾ* VII/8; *സൂക്തങ്ങൾ* 35:2). സങ്കീർത്തകനെപ്പോലെ നിങ്ങളും ആത്മാവിന്റെ ഭാഷയിൽ നിസ്വനം ചെയ്യണം "നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ, ദൈവമേ, എന്റെ ഹൃദയം അങ്ങയെ

തേടുന്നു. എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു; ജീവിക്കുന്ന ദൈവത്തിനായി ദാഹിക്കുന്നു'' എന്നു തുടങ്ങുന്ന 42-ാം സങ്കീർത്തനം. ആ ഗീതം നിങ്ങളുടേതാക്കിത്തീർത്ത് ജപിച്ചു കൊണ്ടിരിക്കുവിൻ. "സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം എത്രയോ മനോഹരം! എന്റെ ആത്മാവ് കർത്താവിന്റെ അങ്കണത്തിലെത്താൻ വാഞ്ഛിച്ച് തളരുന്നു; എന്റെ മനസ്സും ശരീരവും ജീവിക്കുന്നവനായ ദൈവത്തെപ്രാപിക്കുവാൻ അലറിക്കരയുന്നു" എന്ന 84-ാം സങ്കീർത്തനവാക്യങ്ങളുമായി താതാത്മ്യപ്പെടുന്നവർ ഭാഗ്യവാന്മാർ!

എന്റെ "പൈതങ്ങൾക്കടുത്ത സിദ്ധാന്തം" (*നാളാഗമങ്ങൾ* പേജ് 31) ഏറിവന്നപ്പോൾ കർത്താവിന് ഇരിക്കപ്പൊറുതിയില്ലാതായി. എന്റെ "ആത്മാവിനെ ഏകാന്തത്തിൽ കാണ്മാനായി ഈശോമിശിഹാ എഴുന്നള്ളി വന്നു; ആത്മാവിനോടുകൂടി സംസാരിച്ചുതുടങ്ങി; വീഞ്ഞുമുറിയിൽ കയറ്റി അല്പം വീഞ്ഞു പകർന്നുതന്നു; തന്റെ സ്നേഹം എത്ര വലുതെന്ന് കാണിക്കുകയും ചെയ്തു" (*കത്തുകൾ* VII/8; *സൂക്തങ്ങൾ* 21:2). അതോടെ ഈ എളിയവനും ദർശനക്കാരനായിത്തീർന്നു. പ്രവാചകന്മാരെപ്പോലെ ദൈവത്തിന്റെ ദർശനങ്ങൾ കാണുവാൻ അനുഗ്രഹം ലഭിച്ചു. അതോടെ എന്റെ കണ്ണുകൾ ഭാഗ്യമുള്ളവയായി പൂകർന്നു (ലൂക്കാ 10:24). എന്നും ശിശുതുല്യനായിരുന്ന ഈശോയെപ്പോലെ ഈ അകൃതപുഴുവും (*ധ്യാനസല്ലാപങ്ങൾ*) ദൈവത്തിന്റെ ശിശുവായിത്തീർന്നു (മത്താ 11:25).

ദൈവത്തിന്റെ സ്വപ്നക്കാരനായിത്തീർന്നതോടെ എന്റെ കണ്ണുകൾ വിടർന്നു, വികസിച്ചു, പുഷ്പിച്ചു. കണ്ണുകളിൽ, ദൈവം എന്നിൽ ജ്വലിച്ചു (ഹെബ്രാ 12:29). സൃഷ്ടിയിലെ അവിടുത്തെ കോടിപ്പോയ മുഖങ്ങളെ വീണ്ടും സുന്ദരവദനങ്ങളാക്കുവാനും, വികൃതങ്ങളായിത്തീർന്നിരുന്ന ശബ്ദങ്ങളെ സ്നേഹസ്വരങ്ങളാക്കി പകർത്താനും ഞാൻ ചാടി പുറപ്പെട്ടു; വിശ്രമമന്യേ പരിശ്രമിച്ചു; ഭഗീരഥയത്നം ചെയ്തു. നിങ്ങളുടെയും ദൗത്യം ഇതുതന്നെയാണ്.

എന്റെ കൂടപ്പിറപ്പുകൾക്കും കുഞ്ഞുങ്ങൾക്കും വന്നുഭവിച്ചിരിക്കുന്ന ഏറ്റവും വലിയ ഒരു ദൗർഭാഗ്യമോർത്ത് ഞാൻ വിലപിക്കുകയാണ്. ദൈവത്തിന്റെ സ്വപ്നങ്ങൾ കാണുവാനുള്ള കഴിവ് നിങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. സ്വർഗ്ഗീയസ്വപ്നങ്ങൾ ഇല്ലാത്തവരുടെ വാക്കുകളും ചെയ്തികളും "മുഴങ്ങുന്ന ചേങ്ങിലയോ കിലുങ്ങുന്ന കൈത്താളമോ ആയിരിക്കും" (1 കോറി 13:1) എന്ന പൗലോസ്

ശ്ലീഹായുടെ വാക്കുകളോർക്കുവിൻ. ഞങ്ങളെ സ്വപ്നങ്ങളുള്ളവരാക്കണമേ, കിനാവുകാണുവാൻ വരമേകണമേ. എന്ന് നിരന്തരം പ്രാർത്ഥിക്കുകയും, തപസ്സനുഷ്ഠിക്കുകയും ചെയ്തില്ലെങ്കിൽ സി.എം.ഐ. - സി.എം.സി. സഭകൾക്ക് ഭാവിയില്ലെന്ന് ഞാൻ മുന്നറിയിപ്പു നൽകുന്നു.

അനേകം പ്രവാചകന്മാരും രാജാക്കന്മാരും ആഗ്രഹിച്ചെങ്കിലും ലഭിക്കാതെപോയ (മത്താ 13:16-17) വരദാനമാണ് ദർശനാനുഗ്രഹം. ചുരുക്കം ചിലർക്ക് മാത്രമേ ആ സിദ്ധി ലഭിക്കുകയുണ്ടായുള്ളൂ. ചില ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിക്കാം.

ദൈവത്തെ കാണുവാൻ വാശിപിടിച്ചവനാണ് മോശെ. ദിവ്യാനനദർശനത്തിനായി പൈതങ്ങൾക്കടുത്ത സിദ്ധാന്തം കൂടിയപ്പോൾ യാഹ്വെ തന്റെ ദാസന്റെ അഭീഷ്ടം സാധിച്ചുകൊടുത്തു. അതോടെ ആ മുഖം ദൈവികമായി പകർന്നു (പുറ. 34:29). ജ്വലിച്ചുനിന്ന മോശെയുടെ വദനത്തിൽ കണ്ണുകളുറപ്പിക്കുവാൻ ഇസ്രായേൽജനം ഭയപ്പെട്ടു. തന്മൂലം മുഖാവരണം ധരിച്ചാണ് അദ്ദേഹം അവരോട് സംസാരിച്ചത് (പുറ 34:29-35). ദിവ്യാനുഗ്രഹത്താൽ ദൈവത്തിന്റെ സ്വപ്നങ്ങൾ കാണുവാൻ എനിക്ക് കൃപ ലഭിച്ചപ്പോൾ എന്റെ മുഖവും വിടർന്നു; കണ്ണുകൾ ജ്വലിച്ചു. എന്റെ വാക്കുകളിൽ തീയുണ്ടായി.

1.3.2. ദർശനസാധകർ

ഏലിയാപ്രവാചകന്റെ കഥ സ്മരിക്കാം. ദൈവത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ കത്തിയെരിഞ്ഞവനായിരുന്നല്ലോ കർമ്മല സഭയുടെ ആ പിതാവ് (1 രാജാ 19:10,14). ദർശനത്തിനായി അദ്ദേഹം കർമ്മലമലയിൽ തപസ്സിരുന്നു; ഏകാന്തവാസം നയിച്ചു. അപ്പോൾ സർവ്വേശ്വരൻ അദ്ദേഹത്തിന് മൗനനിസ്വനമായി പ്രത്യക്ഷപ്പെട്ടു (1 രാജാ 19:11-12). ആ ദിവ്യദർശനം ഏലിയായുടെ ജീവിതശൈലിയിൽ സാരമായ വ്യത്യാസത്തിനിടയാക്കി. വന്ദ്യതാപസ്സന്റെ നാമധാരിയാണല്ലോ ഞാൻ. മാന്നാനംകുന്നായ കർമ്മലമലയിലെ തപസ്സുഭവനത്തിൽ "ആത്മമണവാളനായ ഈശോമിശിഹായോട് ഒന്നിച്ചിരുന്ന്" (*ധ്യാനസല്ലാപങ്ങൾ*, 14; *സൂക്തങ്ങൾ* 7:1-2) സല്ലപിച്ചപ്പോൾ അവിടുത്തേതായ സ്വപ്നങ്ങൾ എന്നിൽ വിരിഞ്ഞു.

യാക്കോബിന്റെ പുത്രനായ യൗസേപ്പ് ഒരു സ്വപ്നക്കാരനായിരുന്നുവല്ലോ (ഉത്പ 37:5,9). മറ്റുള്ളവർ കണ്ട സ്വപ്നങ്ങളുടെ ആന്തരീകാർത്ഥം വ്യഖ്യാനിക്കാനും പൂർവ്വപിതാവിന് വരം ലഭിച്ചു (ഉത്പ 40:8-22; 41:1-32). ഫറവോയുടെ സ്വപ്നങ്ങൾ വിശദീകരിച്ചുകൊണ്ട്

ലോകത്തെ പട്ടിണിയെന്ന ദുരിതത്തിൽനിന്ന് വിമോചിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചു. ഇപ്രകാരം വിശപ്പുമൂലം തളർന്നുപോയ വദനങ്ങൾക്ക് തിളക്കം നൽകി. നിരാശയുടെ ശബ്ദങ്ങൾ പ്രത്യാശയുടെ സ്വരങ്ങളാക്കി പകർത്തി. പൂർവ്വയൗസേപ്പിന്റെ ദൈവവിളി ജീവിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു ഞാനും.

പുതിയ നിയമത്തിലെ യൗസേപ്പുപിതാവും ദൈവത്തിന്റെ സ്വപ്നങ്ങൾ കാണുന്നവനായിരുന്നു (മത്താ 1:20-24; 2:13-15; 2:19-21; 2:22-23). തിരുക്കുമാരനെക്കുറിച്ചുള്ള ദിവ്യതാതന്റെ സ്വപ്നങ്ങൾ കാണുകയും പൂവിരിയിക്കുകയും ചെയ്ത ആ മാമുനീന്ദ്രന്റെ ഭക്തനായിരുന്നല്ലോ ഞാൻ. കേരളക്കരയെയും ദൈവജനത്തെയും ദേശവാസികളെയും കുറിച്ചുള്ള ദൈവത്തിന്റെ 'നാളെ'യെ 'ഇന്നി'ലേക്ക് ആവഹിക്കുവാൻ ഈ എളിയദാസൻ തിരഞ്ഞെടുക്കപ്പെട്ടു. ദിവ്യസ്വപ്നങ്ങൾ ഫലവത്താക്കുവാൻ അനുഗ്രഹിച്ചു.

ദൈവമാണ് ഏറ്റവും വലിയ ദർശനക്കാരനെന്നു പറയാം. തന്റെ നന്മ പാരിടമെങ്ങും വാരിവർഷിച്ച ആ നന്മസ്വരൂപൻ എല്ലാം നന്മയുടെ രൂപങ്ങളാക്കി സൃഷ്ടിച്ചു. മനുഷ്യനെ തന്റെ സാദൃശ്യത്തിലും ഛായയിലും മനഞ്ഞുണ്ടാക്കി. എല്ലാവരിലും എല്ലാത്തിലും എല്ലായിടത്തും എല്ലായ്പോഴും തന്റെ മുഖങ്ങൾ ദർശിച്ചവനും, തന്റെ സ്വരം ശ്രവിച്ചവനുമാണ് ജഗന്നിയന്താവ്.

ദിവ്യതനയനായ ഈശോയാണ് മനുഷ്യപുത്രരിൽ അഗ്രഗണ്യനായ സ്വപ്നക്കാരൻ. അവിടുത്തെ ദർശനത്തെക്കുറിച്ച് ലൂക്കാ 10:17-23 ൽ വിവരിക്കുന്നുണ്ട്. സുവിശേഷസന്ദേശകരായി അയച്ച ശിഷ്യന്മാർ വിജയോന്മത്തരായി തിരിച്ചുവന്ന് അനുഭവങ്ങൾ വിവരിച്ചു. തിന്മയുടെ വിധേതാവിനെ ഹൃദയങ്ങളിൽനിന്ന് ബഹിഷ്ക്കരിക്കാനും, രോഗശാന്തി നൽകാനുമൊക്കെ കഴിഞ്ഞതിൽ സംപ്രീതരായിത്തീർന്നിരുന്നു അവർ. വൃത്താന്തം ശ്രവിച്ച മാത്രയിൽ ഈശോ ഒരു ദർശനം കണ്ടു. ഇതാ സാത്താൻ ഇടിമിന്നൽപോലെ ആകാശത്തിൽനിന്ന് നിപതിക്കുന്നു! സുവിശേഷദൗത്യം മനുഷ്യഹൃദയങ്ങളിൽനിന്ന് സാത്താൻ സാമ്രാജ്യത്തെ തട്ടിതാഴെയിട്ടു. തത്സ്ഥാനത്ത് ദൈവത്തിന്റെ രാജ്യം ആഗതമായി. സ്വർഗ്ഗവും ഭൂമിയും ഒന്നായിത്തീരുന്ന ആ മനോഹരദൃശ്യം കണ്ടപ്പോൾ കർത്താവിന് അടങ്ങിയിരിക്കാനായില്ല. പരിശുദ്ധാത്മാവിനാൽ ആനന്ദപൂരിതനായിത്തീർന്ന അവിടുന്ന് സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും അധിനാഥനെ വാഴ്ത്തിപ്പുകഴ്ത്തുകയായി. ദൈവത്തിന്റെ മുഖങ്ങൾക്ക് പൂർവ്വശോഭ

ലഭിച്ചതിന്റെയും, ദിവ്യസ്വരങ്ങൾ സ്നേഹത്തിന്റെ നിനാദമായി പകർന്നതിന്റെയും അപ്രകാരം സ്വർഗ്ഗീയ പറുദീസ ഭൂമിയിൽ ആഗതമായതിന്റെയും ആഘോഷത്തിൽ മുഴുകുകയായി മിശിഹായും ശിഷ്യരും. ദിവ്യഗുരു പാപികളിൽ രോഗികളെയാണ് ദർശിച്ചത് (മർക്കോ 2:17). അവർ അവിടുത്തേക്ക് വഴിതെറ്റിപ്പോയ ആടുകൾ മാത്രമായിരന്നു (ലൂക്കാ 15:1-7).

മാതാവും മാർ യൗസേപ്പുപിതാവും ദർശനക്കാരായിരുന്നു. മനുഷ്യപുത്രനിൽ ദൈവതനയനെ ദർശിക്കുകയും, ആ ദർശനത്തിൽ ആമോദിച്ചാഹ്ലാദിക്കുകയും ചെയ്തവർ. കന്യകാമറിയത്തിന്റെ കീർത്തനം (ലൂക്കാ 1:46-55) ദൈവത്തിന്റെ സ്വപ്നത്തിന്റെ ഭാഷ്യമാണെന്നു പറയാം. ഇന്നലെയുടെയും ഇന്നിന്റെയും നാളെയുടെയും ഇസ്രായേലിന്റെയും പുതിയ ഇസ്രായേലിന്റെയും ചരിത്രത്തിന്റെ സംക്ഷേപമാണ് മഗ്നിഫിക്കാത്ത്. ഇന്നലെയെ അമ്മ കിനാവുകണ്ടു; ഇന്നിനെ സ്വപ്നം കണ്ടു; ഭാവിയെ മുൻകൂട്ടി ദർശിച്ചു. തന്റെ ചരിത്രം രക്ഷാചരിത്രമാക്കി പകർത്തി. അഥവാ ദൈവജനത്തിന്റെ കഥ തന്റെ കഥയാക്കിത്തീർത്തു. മാർ യൗസേപ്പുപിതാവിന്റെ സ്വപ്നങ്ങളെക്കുറിച്ച് നാം പരിചിന്തിച്ചുവല്ലോ. ദൈവത്തിന്റെ രക്ഷാപദ്ധതി സ്വപ്നങ്ങളിലൂടെ ദർശിച്ച് അവയ്ക്ക് സാക്ഷാത്കാരം നൽകിയവനാണ് മാമുനീന്ദ്രൻ. നമ്മുടെയെല്ലാം ദൈവവിളി മുൻകൂട്ടി ജീവിച്ച വത്സലതാതനിൽ നമുക്ക് അഭിമാനിക്കാം.

പൂർവ്വപിതാവായ അബ്രാഹത്തെക്കുറിച്ച് ഈശോ അരുളിച്ചെയ്ത തിരുവചനം അനുസ്മരിക്കുവിൻ. "നിങ്ങളുടെ പിതാവായ അബ്രാഹം എന്റെ ദിവസം കാണാമെന്ന പ്രതീക്ഷയിൽ സന്തോഷിച്ചു. അദ്ദേഹം അതു കാണുകയും സന്തോഷിക്കുകയും ചെയ്തു" (യോഹ 8:56). അബ്രാഹത്തിന്റെ തനയനാണല്ലോ മിശിഹാ. വാഗ്ദാനം ചെയ്യപ്പെട്ട സന്തതി (ഗലാ 3:16, 29). ആ പുത്രനെ സ്വപ്നം കണ്ടുകൊണ്ടാണ് അബ്രാഹം ജീവിച്ചതും ചരിച്ചതും. വിശ്വാസത്തിന്റെ കണ്ണുകളിലൂടെ ദിവ്യസുതനെ പൂർവ്വപിതാവിന് ദർശിക്കാൻ കഴിഞ്ഞു. അതിൽ ആനന്ദിക്കുകയും ആത്മസാക്ഷാത്കാരം പ്രാപിക്കുകയും ചെയ്തു.

ഒരു ദർശനാലയം പണിയുവാൻ ആഗ്രഹിച്ചവനാണ് ദാവീദ് (സങ്കീ. 132:2-5). പുത്രനായ സോളമൻ പിതാവിന്റെ സ്വപ്നം സഫലീകരിച്ചു (1 രാജാ 8:22-29). ദാവീദിന്റെ സാക്ഷാൽ തനയനും, രണ്ടാമത്തെ സോളമനുമായ ഈശോ ആ ദർശനകൂടാരത്തിന്റെ പണിക്കാരനും ദർശനകൂടാരവും ദർശനവുമായിത്തീർന്നു (യോഹ 2:19-22;

ഹെബ്രാ 3:3). മാതാവ് ജീവിക്കുന്ന ആ ദർശനകൂടാരത്തിന് മാംസവും രക്തവും നൽകി. പരിശുദ്ധാത്മാവിന്റെ സജീവ നിലയനമാക്കി. ദൈവത്തിന്റെ ദർശനത്തിന് ഭാഷ്യം നൽകുവാൻ അനുഗ്രഹിക്കപ്പെട്ടവനാണ് പാവപ്പെട്ടവനായ ഞാനും.

1.3.3. നിങ്ങൾ ദർശനവീട്ടുകാർ

ദർശനവീട് എന്ന നാമത്തിന്റെ അർത്ഥം അല്പം കൂടി വിശദീകരിക്കാം. ദർശനത്തിന്റെ, ദർശനം നൽകുന്നതിന്റെ ദർശനക്കാരുടെ ഭവനമാകണം അത്. അന്തേവാസികൾ എപ്പോഴും ദൈവത്തെ കണ്ടുകൊണ്ടിരിക്കുന്നവരാകണം. ജീവിതം "കാണാകേണ" (*ആത്മാനുതാപം* മൂന്നാം ഭാഗം) മാക്കണം. ഈശോയുടെ ജീവിത രംഗങ്ങൾ ദർശിച്ചുകൊണ്ടിരിക്കുകയും അത് തങ്ങളുടേതാക്കിത്തീർക്കുകയും ചെയ്യുവാൻ വിളിക്കപ്പെട്ടവരാണ് സി.എം.ഐ. സി.എം.സി.ക്കാർ. *ആത്മാനുതാപത്തിൽ* ഞാൻ ഈശോയുടെ ജീവിത രഹസ്യങ്ങൾ കണ്ടുകൊണ്ടിരിക്കയും, അവയുടെ വെളിച്ചത്തിൽ എന്റെ ജീവിതത്തെ വിലയിരുത്തുകയും ചെയ്തു. അത് നിങ്ങളും അനുകരിക്കുവിൻ.

ദർശനവീട് പൂർവ്വയൗസേപ്പിനെയും മാർ യൗസേപ്പിനെയും പോലെ സ്വപ്നക്കാരാകാൻ വിളിക്കപ്പെട്ടവരുടെ സങ്കേതമായിരിക്കണം. ദൈവം പ്രത്യക്ഷപ്പെട്ട പുതിയ സീനായ് മലയായിരിക്കണം സന്ന്യാസഭവനം. പുതിയ താബോർ മലയുടെ പതിപ്പായി പകരണം. മോശെയെപ്പോലെ ദൈവത്തിന്റെ മഹത്ത്വത്തിന്റെ മണിക്കൂറിൽ തിരുവദനത്തിൽ കണ്ണുംനട്ട് ദിവ്യഭാഷണത്തിൽ ലയിച്ച്, മൗനനിസ്വനത്തിൽ വളർന്ന് ചിലവഴിക്കുന്നവരുടെ (പുറ. 34) വീട്ടിലാണോ നിങ്ങൾ അധിവസിക്കുന്നത്? പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും പോലെ ക്രിസ്തുവിന്റെ മഹത്ത്വീകരണത്തിന്റെ മണിക്കൂറിലാണോ (ലൂക്കാ 9:28-36) നിങ്ങൾ ആയിരിക്കുന്നത്? അത് സ്നേഹത്തിന്റെ, സന്തോഷത്തിന്റെ, പീഡാനുഭവമെന്ന മഹത്ത്വത്തിന്റെ, രക്ഷയുടെ മണിക്കൂറാണോ? എല്ലാം മഹത്ത്വമാക്കിമാറ്റുവാൻ പ്രാപ്തി നൽകുന്നതാണോ പ്രാർത്ഥനാമുറി? "തന്റെ (ഈശോയുടെ) മണവറയായ നിങ്ങളുടെ മുറിയിൽ തന്നോടുകൂടെ നിങ്ങൾ തെളിയുവിൻ" (*കത്തുകൾ* VII/2; *സൂക്തങ്ങൾ* 25:1) എന്ന എന്റെ നിർദ്ദേശം പ്രാവർത്തികമാക്കുവാൻ കൂടപ്പിറപ്പുകളും കുഞ്ഞുങ്ങളുമായ നിങ്ങൾ ജാഗ്രതാപൂർവ്വം ശ്രമിക്കണം.

"എത്രയും ചിത്രമാം നിൻമുഖ പദ്മത്തെ
ഏകാന്തപ്രേമത്താൽ പാർക്കുന്നഹം"

(*ആത്മാനുതാപം* III:55-56; *സൂക്തങ്ങൾ* 35:1)

എന്നു ഞാൻ പാടുകയുണ്ടായല്ലോ. നിങ്ങളും ഏകാന്തപ്രേമികളായാൽ ദർശഭാഗ്യം ലഭിക്കും. അപ്പോൾ "മോക്ഷസമാധാനം ഈ ചെറിയ മോക്ഷമായ കൊവേന്തയിൽ വച്ചുതന്നെ രസിക്കും, നിശ്ചയം" (*കത്തുകൾ* VI/4; *സൂക്തങ്ങൾ* 19:2).

1.4. സല്ലാപചിന്ത II - സ്നേഹത്തിൽ പാർക്കൽ

ദർശനഭാഗ്യം ലഭിക്കണമെങ്കിൽ അവശ്യം നാലു കാര്യങ്ങൾ ചെയ്യണം. "ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ; എപ്പോഴും തന്റെ കൺമുമ്പിലിരിപ്പിൻ; തന്റെ അരികെ നടപ്പിൻ; തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ." (*കത്തുകൾ* VII/6; *സൂക്തങ്ങൾ* 28:1). ഈ നാലുകാര്യങ്ങളിൽ അടങ്ങിയിരിക്കുന്ന ദർശനം വിവരിക്കാം

1.4.1. പാർക്കലിന്റെ അർത്ഥം

പച്ച മലയാളത്തിൽ ഉപയോഗിക്കുന്ന ഒരു വാക്കാണല്ലോ പാർക്കുക എന്നത്. പാർക്കുവാൻപോകുക എന്ന ആശയത്തിൽ വിരുന്നിന്റെ തലം അടങ്ങുന്നു. എന്നും ആഘോഷം, സന്തോഷം, സമാധാനം, സാക്ഷാത്കാരം. എന്നും നവീനവും പുരാതനവും. ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നത് ഈശോമിശിഹായുടെ സ്നേഹത്തിൽ പാർക്കുവാനാണ്. ജീവിതം ഒരു പാർക്കലാക്കി തീർക്കുന്ന വരത്രേ സാക്ഷാൽ സി.എം.ഐ., സി.എം.സിക്കാർ. പാർക്കുക എന്ന വാക്കിന് വസിക്കുന്നതിനോടൊപ്പം നോക്കിക്കൊണ്ടിരിക്കുക എന്നൊരു അർത്ഥമുണ്ട്. ആ രണ്ടാമത്തെ അർത്ഥത്തിലാണ് ഞാൻ *ആത്മാനുതാപം* III:55-56ൽ ഇപ്രകാരം പാടിയത്:

"എത്രയും ചിത്രമാം നിൻ മുഖപദ്മത്തെ
ഏകാന്തപ്രേമത്താൽ പാർക്കുന്നഹം

(*സൂക്തങ്ങൾ*35:1)

എന്നാൽ ഇവിടുത്തെ അർത്ഥം ആദ്യത്തേതാണ്.

വീട്ടിൽ ആഘോഷപൂർവ്വം വസിക്കുന്നത് മണവാട്ടിയും മക്കളുമാണല്ലോ. സന്ന്യസ്തരുടെ മുറിയെ ഞാൻ കർത്താവിന്റെ മണവറയെന്നാണ് വിശേഷിപ്പിച്ചിരിക്കുക (*കത്തുകൾ* VII/2; *സൂക്തങ്ങൾ* 25:1). എന്റെ കാഴ്ചപ്പാടിൽ സന്ന്യാസഭവനം ചെറിയ മോക്ഷമാണ്.

"അപ്പോൾ മോക്ഷസമാധാനം ഈ ചെറിയ മോക്ഷമായ കൊവേന്തയിൽവച്ചുതന്നെ രസിക്കും; നിശ്ചയം" *(കത്തുകൾ* VI/4; *സൂക്തങ്ങൾ* 19:2). സ്വർഗ്ഗത്തിൽ വസിക്കുന്നത് പുത്രനും, പുത്രന്റെ തനി പകർപ്പായ മണവാട്ടിയുമാണല്ലോ. അവളുടെ മക്കളത്രേ ഈശോയുടെ ശിഷ്യർ.

യോഹ 1:35-39 ൽ അതിമനോഹരമായ ഒരു രാഗമുണ്ട്. ദൂരത്തുകൂടി കടന്നുപോകുന്ന ഈശോയെ കണ്ടപ്പോൾ സ്നാപകൻ തന്റെ ശിഷ്യരോട് പറഞ്ഞു: "ഇതാ ദൈവത്തിന്റെ കുഞ്ഞാട്!" ശ്രവണമാത്രയിൽ അദ്ദേഹത്തിന്റെ രണ്ടുശിഷ്യർ ആ അപരിചിതന്റെ പിറകെ കൂടി. അവർ തന്റെ പിന്നാലെ വരുന്നതു കണ്ടപ്പോൾ റബ്ബി ചോദിച്ചു: "നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" പ്രത്യുത്തരം: "അങ്ങ് എവിടെയാണ് പാർക്കുന്നത്?" ആ രണ്ടുശിഷ്യർക്ക് അറിയേണ്ടത് അതൊന്നു മാത്രമായിരുന്നു. "വന്നു കാണുവിൻ!" എന്ന് റബ്ബി ക്ഷണിച്ചപ്പോൾ മോക്ഷം കൈവന്നതുപോലെയായി അനുചരർക്ക്. തുടർന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നു: "അവർ പോയി അവിടുന്ന് പാർക്കുന്നത് എവിടെയാണെന്നു കണ്ടു. അന്ന് അവർ അവിടുത്തോടുകൂടെ പാർത്തു. അപ്പോൾ സമയം ഏകദേശം പത്താം മണിക്കൂറായിരുന്നു. നമ്മുടെ സമയമനുസരിച്ച് ഉച്ചതിരിഞ്ഞ് നാലുമണി. രാത്രി മുഴുവൻ ആ രണ്ടു ശിഷ്യരും ഗുരുവിനോടൊത്ത് പാർത്തവിധം വിഭാവനം ചെയ്യാം. തിരുവദനത്തിൽ കണ്ണുംനട്ട്, ദിവ്യാധരങ്ങളിൽ നിന്ന് പൊഴിയുന്ന വചസ്സുകൾക്കായി കാതുകൂർപ്പിച്ച് സമയമെന്ന ഭൗമിക അതിർത്തികൾക്കതീതമായ ഒരു ലോകത്തിൽ ആയിരുന്നിരിക്കണം അവർ. സ്ഥലകാലാദി ബന്ധനങ്ങൾ സ്വർഗ്ഗത്തിലില്ലല്ലോ. നിത്യതയെന്ന മണിക്കൂറെന്ന് അതിനെ മാനുഷികമായ ഭാഷയിൽ അവതരിപ്പിക്കാം. ഗുരുവരനോടൊത്ത് പാർത്തപ്പോൾ അവർ സകലവും വിസ്മരിച്ചു. അഹമെന്ന എലിപ്പത്തായത്തിൽനിന്ന് വിമോചിതരായി. നസ്രത്തുകാരൻ റബ്ബിയിൽ അവർ മോശെയുടെ നിയമത്തിലും പ്രവാചകരിലും മുൻകൂട്ടി രേഖപ്പെടുത്തിയിരിക്കുന്ന മെസ്സയായെ ദർശിച്ചു (യോഹ 1:45). ദർശനക്കാരായിത്തീർന്നു രണ്ടു ശിഷ്യരും. സല്ലാപവരവും അവർക്കു ലഭിച്ചു. അതോടെ അവരുടെ കണ്ണുകളിൽ തീയുണ്ടായി; വാക്കുകൾക്ക് മാസ്മരശക്തിയുണ്ടായി. കർത്താവിനോടുകൂടി പാർത്തതിന്റെ ഫലം എന്തായിരുന്നെന്നോ? അവിടുത്തോടൊത്ത് പാർക്കുവാൻ മറ്റുള്ളവരെയും ആനയിക്കുന്ന പ്രേഷിതരായിത്തീർന്നു ആ ശിഷ്യർ. സന്ദേശവാഹകരായി ഭവിച്ചു. മോക്ഷം കൈവന്നതുപോലെ തോന്നി ആ ഭാഗ്യവാന്മാർക്ക്. മറ്റു

ള്ളവരെ മോക്ഷവാസികളാക്കുവാൻ അവർ ഇറങ്ങി പുറപ്പെട്ടു.

1.4.2. പാർക്കുവാൻ വിളിക്കപ്പെട്ടവർ

പഴയനിയമത്തിൽ വാഗ്ദാനഭൂമിയെ വിശ്രമസ്ഥലമെന്നാണ് വിശേഷിപ്പിച്ചിരിക്കുക. അവിടെ പ്രവേശിച്ചതോടെ ഇസ്രായേൽ ജനതയുടെ അല്ലലുകളും ആശങ്കകളും അലച്ചിലുകളുമെല്ലാം അവ സാനിച്ചു. ജീവിതത്തിന് സാക്ഷാത്കാരം കൈവന്നു. ദൈവത്തോ ടൊത്ത് പാർക്കുന്നവരായിത്തീർന്നു ഉടമ്പടീജനം. അവിടുത്തെ പ്രകീർത്തിച്ചും, ബഹുമാനാദരവുകൾ പ്രകടിപ്പിച്ചും, പ്രണമിച്ചും, കാഴ്ചകളും ബലികളും അർപ്പിച്ചും ജീവിതം നയിക്കാനായിരുന്നു അവരെ തിരഞ്ഞെടുത്തത്. സർവ്വേശ്വരനോടൊത്തുള്ള വിശ്രമ ദിനങ്ങളായിത്തീരണം ഇഹലോകദിനങ്ങൾ. ദൈവാനുഗ്രഹങ്ങൾ പ്രാപിക്കുക, അവ ഇതരരുമായി പങ്കുവയ്ക്കുക എന്നിവയായിരുന്നു പാർക്കലിന്റെ സവിശേഷതകൾ. കൂടപ്പിറപ്പുകളേ, കുഞ്ഞുങ്ങളേ, ഇതാണ് നമ്മുടെയും ദൈവവിളി. ആ ദിവ്യനിയോഗം നൂറുശതമാ നവും ജീവിക്കുന്നതിന് നിങ്ങൾ ഭഗീരഥയത്നം ചെയ്യുന്നുണ്ടോ?

ഇസ്രായേൽ ജനം ആ ദിവ്യദൗത്യം നിർവ്വഹിക്കുന്നതിൽ പരാ ജയപ്പെട്ടു. അപ്പോൾ പരമകാരുണികനായ ദൈവം ചെയ്തതെന്താ ണെന്നോ? തന്നോടൊന്നിച്ചു പാർക്കുന്നതിന് മനുഷ്യനെ പ്രാപ്തനാ ക്കുന്നതിനായി അവിടുന്നുതന്നെ ഭൂമിയിലേക്ക് ഇറങ്ങിവന്നു. തന്റെ അരുമക്കുമാരനിൽ സ്വർഗ്ഗരാജ്യം ഭൂമിയിലേക്ക് കൊണ്ടുവരാൻ തക്ക വിധം ലോകത്തെ അത്രയധികം സ്നേഹിച്ചുപോയി ജഗന്നിയിന്താവ് (യോഹ 3:16). ദൈവതനയൻ മനുഷ്യമാംസം ധരിച്ച് മാനവരോടൊത്ത് കൂടാരമടിച്ചു (യോഹ 1:14). സ്വർഗ്ഗരാജ്യത്തിന്റെ പതിപ്പാക്കിത്തീർത്തു ഭൂമി. തന്നോടൊന്നിച്ചു പാർക്കുവാൻ ഈശോ മനുഷ്യരെ ആഹ്വാനം ചെയ്യുകയായി. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കലേക്കു വരുവിൻ; ഞാൻ നിങ്ങൾക്ക് വിശ്രാന്തിയേകാം" (മത്താ 11:28). മനുഷ്യമക്കളൊടൊത്ത് പാർക്കു ന്നതിൽ സായുജ്യം കണ്ടെത്തുന്നവനാണ് ദൈവസുതൻ. അവരുടെ ഹൃദയവാതിൽക്കൽവന്ന് അവിടുന്ന് മുട്ടി വിളിക്കുന്നു. "ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെ പക്ക ലേക്ക് വരികയും ഞാൻ അവനോടുകൂടിയും അവൻ എന്നോടുകൂ ടിയും ഭക്ഷിക്കയും ചെയ്യും... എന്നോടുകൂടെ എന്റെ സിംഹാസന ത്തിലിരിക്കുവാൻ ഞാൻ അവനെ അനുവദിക്കും" (വെളി 3:20-21). പ്രിയപ്പെട്ടവരേ, ഈശോയോടൊത്ത് പാർക്കുക, അഥവാ

ഈശോയെ നമ്മുടെ ഹൃദയത്തിൽ പാർപ്പിക്കുക - ഇതാണ് നമ്മുടെ ദൈവവിളി. ദൈവത്തിന്റെ വിശ്രമത്തിൽ പാർക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടവരാണ് നമ്മൾ. അവിടുത്തോടൊത്ത് പാർക്കുക മാത്രമല്ല, മറ്റുള്ളവരുടെ ഹൃദയങ്ങളിൽ കർത്താവിനെ പാർപ്പിക്കുവാൻ ജീവിതം ഉഴിഞ്ഞുവയ്ക്കുകയും ചെയ്യേണ്ടവരാണ് നമ്മൾ.

1.4.3. വിശ്രമത്തിന്റെ തലം

പാർക്കൽ വിശ്രമിക്കലാണ്. അത് സൃഷ്ടിയുടെ ഏഴാംദിവസം വിശ്രമിച്ച ദൈവത്തിന്റെ സമാധിയിൽ (ഉത്പ. 2:2-3) പങ്കുചേരലത്രേ. എന്തായിരുന്നുവെന്നോ അവിടുത്തെ വിശ്രമം? ഓരോ ദിവസവും താൻ സൃഷ്ടിച്ചതെല്ലാം നല്ലതാണെന്ന് കണ്ടവനാണ് സ്രഷ്ടാവ് (ഉത്പ 1:3, 10, 12, 18, 21, 25, 31). അവയിലെല്ലാം നന്മസ്വരൂപനായ അവിടുന്ന് തന്റെ രൂപങ്ങളും ഭാവങ്ങളുമാണ് ദർശിച്ചത്. എല്ലാം സത്യം ശിവം സുന്ദരം. എങ്ങും ദൈവികമായ ഏകനാദം, രാഗം, താളം, ലയം. അദ്വൈതരൂപനെപ്പോലെ അദ്വൈതമായ സൃഷ്ടലോകം. ഏഴാം ദിവസം അവിടുന്ന് അവയെല്ലാം തന്നിലേക്ക് ആവഹിച്ചുവെന്ന് പറയുന്നതിൽ തെറ്റില്ല. എല്ലായിടത്തും എല്ലായ്പോഴും എല്ലാത്തിലും എല്ലാവരിലും തന്റെ മുഖങ്ങളും സ്വരങ്ങളും മാത്രം. അവ ദർശിക്കുകയും ശ്രവിക്കുകയും ചെയ്തപ്പോൾ ആത്മനിർവൃതിയടഞ്ഞു സച്ചിദാനന്ദസ്വരൂപൻ. ആനന്ദാഘോഷത്തിൽ മുഴുകുകയായി അവിടുന്ന്. അതായിരുന്നു അവിടുത്തെ വിശ്രമം. സ്വർഗ്ഗം ദിവ്യവിശ്രാന്തിയുടെ ശാശ്വതഗേഹമാണ്. ദൈവസാക്ഷാത്കാരം ലഭിക്കുന്ന ആ പ്രക്രിയയിൽ മനുഷ്യൻ ആത്മസാക്ഷാത്കാരം പ്രാപിക്കുന്നു. സന്ന്യസ്തരായ നമ്മൾ ആ ഭാവിജീവിതം ഇഹത്തിൽ ആരംഭിക്കുവാൻ നിയോഗിതരാണ്. ഈശോമിശിഹായുടെ സ്നേഹത്തിൽ പാർത്താൽ മാത്രമേ എല്ലാ മുഖങ്ങളും ഒരു മുഖമായി കാണുന്നതിനും എല്ലാ സ്വരങ്ങളും ഏകസ്വരമാക്കി തീർക്കുന്നതിനുമുള്ള വരദാനം ലഭിക്കുകയുള്ളൂ. കർത്താവിനോടുള്ള സ്നേഹം ആത്മാവിലും ശരീരത്തിലും ചിന്തയിലും ഓർമ്മയിലും വാക്കിലും പ്രവൃത്തിയിലും നിറഞ്ഞുതുളുമ്പുമ്പോൾ നിങ്ങൾ ദർശനക്കാരാകും; ദർശനവീട്ടിൽ പാർക്കുന്നവരാകും. അതിനായി നിരന്തരം പ്രാർത്ഥിക്കുവിൻ, പ്രയത്നിക്കുവിൻ. "അരൂപിയാലേ നിങ്ങളുടെ ഹൃദയത്തിൽ തന്നെ വിരുന്നിനു വിളിപ്പിൻ" (*കത്തുകൾ* VII/4; *സൂക്തങ്ങൾ* 10). "ഈശോമിശിഹാ നിങ്ങളെ ആശീർവദിക്കട്ടെ" (*കത്തുകൾ* VII/2; *സൂക്തങ്ങൾ* 18:3). "തമ്പുരാൻ നിങ്ങളെ കാക്കട്ടെ" (*കത്തുകൾ* VII/

1; *സൂക്തങ്ങൾ* 18:1). "നിങ്ങൾക്ക് കർത്താവിൽ സമാധാനമുണ്ടാകട്ടെ" *(കത്തുകൾ)*

1.5. സല്ലാപചിന്ത III - കൺമുമ്പിൽ ഇരിക്കൽ

"എപ്പോഴും തന്റെ കൺമുമ്പിലിരിപ്പിൻ" (*കത്തുകൾ* VII/6; *സൂക്തങ്ങൾ* 28:1).

ഈശോമിശിഹായുടെ സ്നേഹത്തിൽ പാർക്കലിനെ ഇരിക്കലായി ചിത്രീകരിക്കാം. എപ്പോഴും തന്റെ കൺമുമ്പിൽ ഇരിക്കലാണത്. തിരുവദനത്തിൽ കണ്ണുനട്ട്, ദിവ്യവാണികൾ ശ്രവിക്കുവാൻ കാതുകൂർപ്പിച്ച് ആസനസ്ഥനാകൽ. ഈശോമിശിഹായിൽ വേരൂന്നിയിരിക്കുകയെന്ന് ആ അവസ്ഥാവിശേഷത്തിന് പേരു നൽകാം. അപ്പോൾ അവിടെ ശ്രമവും ആയാസവുമില്ല (വിശ്രമമെന്ന പദത്തിന്റെ അർത്ഥമതാണല്ലോ) ആന്തരികവും ബാഹ്യവുമായ ചലനങ്ങളും ക്ഷോഭങ്ങളും ജഢികവികാരങ്ങളും ആശാപാശങ്ങളും ശമിച്ച് പ്ര+യത്നങ്ങളും ക്ലേശങ്ങളുമില്ലാതെ ഗുരുവരന്റെ പാദാന്തികത്തിൽ ദൈവസാക്ഷാത്കാരവും ആത്മസാക്ഷാത്കാരവും കണ്ടെത്തലാണ് അത്. നമ്മുടെ പിതാവായ വി. യോഹന്നാൻ ക്രൂസിന്റെ ഭാഷയിൽ അതിനെ passive night of the soul എന്ന് വിശേഷിപ്പിക്കാം. ഭാരതീയചിന്തയിൽ സമാധിയിൽ മുഴുകലത്രേ ആ ഇരിപ്പ്. സന്നിധിയിൽ സാക്ഷാത്കാരം കണ്ടെത്തൽ. അത്തരം സാമീപ്യം സാരൂപ്യത്തിലേക്കും (ഒരേ രൂപമായിത്തീരൽ), സായൂജ്യത്തിലേക്കും (ഒന്നായിത്തീരൽ), സാലോക്യത്തിലേക്കും (ഒരേ ലോകം) നയിക്കും. കൂടപ്പിറപ്പുകളേ, കുഞ്ഞുങ്ങളേ ഈശോയുടെ കൺമുമ്പിലിരുന്ന് നമുക്ക് സാമീപ്യം ആസ്വദിക്കാം; സാരൂപ്യം കൈവരിക്കാം; സായൂജ്യം പ്രാപിക്കാം; സാലോക്യത്തിൽ ആയിരിക്കാം. അതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ട് ദർശനവീടും തപസ്സുഭവനവും തങ്ങളുടെ വ്യക്തിത്വങ്ങളിലേക്ക് ആവഹിച്ച ആദിപിതാക്കന്മാരുടെ മാതൃക നിങ്ങൾക്ക് പ്രചോദനമേകട്ടെ.

1.5.1. ഇരിക്കുന്നവർ

ശിഷ്യരും മണവാട്ടിയുമാണ് ഗുരു/വരന്റെ സന്നിധിയിൽ ഇരിക്കുക. ശിശുക്കളോ മടിത്തട്ടിലിരിക്കുന്നവരും. ഏലീശ്വായുടെ ശിഷ്യന്മാർ പ്രവാചകന്റെ സന്നിധിയിലിരിക്കുന്നതായി 2 രാജാ 4:38ൽ ചിത്രീകരിച്ചിരിക്കുന്നു. ഗുരുമുഖത്ത് കണ്ണുംനട്ട് ആ അധരങ്ങളിൽനിന്ന് നിർഗ്ഗളിക്കുന്ന അമൂല്യസൂക്തങ്ങളോരോന്നും കോരിയെടുക്കുവാൻ ഉത്സു

കരായാണ് അവർ ഇരുന്നിരിക്കുക. തന്റെ സന്താനപരമ്പരക്ക് സനാത നമായ രാജസ്ഥാനം യാഹ്വെ വാഗ്ദാനം ചെയ്തപ്പോൾ ദാവീദ് പ്രതി കരിച്ചതെങ്ങിനെയെന്നോ? അദ്ദേഹം കർത്താവിന്റെ സന്നിധിയിൽ ആസ നസ്ഥനായി തനിക്ക് നൽകിയ കൃപാവരത്തിന് ഹൃദയത്തിന്റെ ഭാഷ യിൽ നന്ദി പറയുകയാണ് (2 സാമു 7:1829). "മഹോന്നത കർത്താവേ എന്നെ ഇത്രത്തോളം ഉയർത്തുവാൻ ഞാനും എന്റെ കുടുംബവും എന്താകുന്നു?" - രാജാവ് ഇപ്രകാരം തന്റെ നിസ്സാരത ഏറ്റു പറഞ്ഞു കൊണ്ടാണ് സല്ലാപം ആരംഭിക്കുക. ഏറ്റവും ചെറിയവനായ (ഹീബ്രു ഭാഷയിൽ *ഖാത്തോൻ*) തന്നെ ഔദാര്യനിധിയായ ദൈവം വലിയ വനാ(*ഗാദോൽ*)ക്കിയിരിക്കുന്നു. പ്രിയപ്പെട്ടവരേ, ഇതാണ് മനുഷ്യന്റെ ചരിത്രം. ഇസ്രായേലിന്റെ, നവ്യഉടമ്പടീസമൂഹത്തിന്റെ, സി.എം.ഐ./ സി.എം.സി. സഭാംഗങ്ങളുടെ ജീവിതകഥ. എനിക്ക് എന്റെ നിസ്സാരത യെക്കുറിച്ച് പൂർണ്ണബോദ്ധ്യമുണ്ട്. ഞാൻ ഒന്നുമല്ല, എനിക്ക് ഒന്നുമില്ല എന്ന ചിന്ത എന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിരുന്നു. ഈ വെറും *ഖാത്തോനെ* "കരുണാകരനും കരകാണാത്ത കൃപയിൻ ദൈവവും" (*ആത്മാനുതാപം* I: 29-30; *സൂക്തങ്ങൾ* 42:4) *ഗാദോലാക്കി* ഉയർത്തി. ദാവീദിനെപ്പോലെ ഞാനും തിരുസന്നിധിയിലിരുന്ന് വിസ്മയിച്ചു:

"ആയതിനെന്തുകാരണം ദൈവമേ,
ആദ്യഹീനനാം നിന്റെ ദയതന്നെ"
(*ആത്മാനുതാപം* I:3-4; *സൂക്തങ്ങൾ* 42:1)
"ഇച്ചെയ്ത ഗുണ മഹത്ത്വമോർക്കുമ്പോൾ
ഇക്കരുണക്കു കൈമാറെന്തു (പ്രതിനന്ദി) നാഥാ?"
(*ആത്മാനുതാപം* I:37-38; *സൂക്തങ്ങൾ* 42:2).

കൂടപ്പിറപ്പുകളേ, കുഞ്ഞുങ്ങളേ, ഈ ദിവസങ്ങളിൽ നിങ്ങൾ തിരുസന്നിധിയിൽ ചെന്നിരുന്ന് അവിടുന്ന് നമ്മിൽ ജനനംമുതൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അനുഗ്രഹദാനങ്ങൾ ഓരോന്നോരോ ന്നായി ഓർക്കണം, വിസ്മയിക്കണം, നന്ദി പ്രകടിപ്പിക്കേണ്ടതെങ്ങ നെയെന്ന് അറിഞ്ഞുകൂടെന്ന് ഏറ്റുപറയണം.

ബഥനിയായിലെ മറിയമാണ് തിരുസന്നിധേ സാക്ഷാത്കാരം കണ്ടെത്തിയ ഭക്ത (ലൂക്കാ 10:39). തന്റെ ഭവനത്തിൽ എഴുന്നള്ളിയ ഗുരുവരന്റെ പാദാന്തികത്തിലിരുന്ന് അവിടുത്തെ വാക്കുകൾ സ്നേഹത്തോടും സന്തോഷത്തോടും കൂടി അവൾ ശ്രവിച്ചുകൊ ണ്ടിരുന്നു. അതിഥിയെ സത്ക്കരിക്കേണ്ട കർമ്മംപോലും മറിയം മറന്നുപോയി. സഹോദരിക്ക് അതത്ര ഇഷ്ടപ്പെട്ടില്ല. കർത്താവിനോട് മർത്താ പരാതിപറഞ്ഞു.

ഒരു പാപിനിയുടെ കഥ ലൂക്കാ 7:38ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവൾ കർത്താവിന്റെ പാദാന്തികത്തിലിരുന്ന് ബാഷ്പധാര ചൊരിയുകയും കണ്ണീരുകൊണ്ട് തൃപ്പാദങ്ങൾ കഴുകുകയും കാർകൂന്തലാൽ തുടയ്ക്കുകയും സ്നേഹപൂർവ്വം ചുംബിക്കുകയും പരിമളതൈലം പൂശുകയും ചെയ്തു. ആ ഇരിപ്പും സ്നേഹത്തിന്റെ ലക്ഷണമായി ഗുരുവരൻ വ്യാഖ്യാനിച്ചു; പാപമോചനം നൽകുകയും ചെയ്തു. അബ്രാഹത്തിന്റെ മടിത്തട്ടിലിരുന്ന് നിത്യസൗഭാഗ്യം അനുഭവിക്കുന്ന ലാസറിനെക്കുറിച്ചുള്ള ഉപമ നിങ്ങൾക്ക് സുപരിചിതമാണല്ലോ (ലൂക്കാ 16:19-31). അയാൾ ജീവിതകാലത്ത് വളരെയധികം സഹിച്ചവനായിരുന്നു. പട്ടിണിക്കാരനും ദേഹമാസകലം വ്രണങ്ങളാൽ നിറഞ്ഞവനുമായിരുന്ന ആ പാവത്തിന് മരണം നിത്യസൗഭാഗ്യത്തിലേക്കുള്ള വാതായനം തുറന്നുകൊടുത്തു. സ്വർഗ്ഗത്തിന്റെ പ്രതീകമായ അബ്രാഹത്തിന്റെ മടിത്തട്ടിൽ ഇരിക്കുവാനുള്ള ഭാഗ്യം ലഭിച്ചു. സന്തോഷവും ആഘോഷവും സാക്ഷാത്കാരവും പ്രദാനം ചെയ്യുന്ന സ്ഥിതിവിശേഷമായിരുന്നു ആ ഇരിപ്പ്. സ്വർഗ്ഗരാജ്യത്തെ അബ്രാഹത്തിന്റെ മടിത്തട്ടിനോട് ഉപമിക്കാം. അവിടെ അബ്രാഹത്തിനോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ വിരുന്നിനിരിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു (മത്താ 8:11).

യോഹന്നാന്റെ സുവിശേഷത്തിൽ ഏകജാതനായ ദൈവപുത്രനെ പിതാവിന്റെ മടിയിലിരിക്കുന്നവനായാണ് ചിത്രീകരിച്ചിരിക്കുക (യോഹ 1:18). ആ ഇരിപ്പാണ് ഭൂമിയിലെ എല്ലാ ഇരിപ്പുകളുടെയും പൂർവ്വബിംബമായിത്തീരേണ്ടത്. ധ്യാനത്തെക്കുറിച്ചുള്ള എന്റെ സൂക്തത്തിൽ ഈ ആശയം ധ്വനിക്കുന്നുണ്ട്. "സ്നേഹത്താൽ ദൈവത്തോടുചേർന്ന് തന്നോടൊന്നിച്ചിരുന്ന് സ്നേഹിതന്മാർ ഒന്നിച്ചുള്ള സംഭാഷണമെന്നപോലെ ആത്മമണവാളനായ ഈശോമിശിഹായോടൊന്നിച്ചിരുന്ന് സംസാരിക്കുകയത്രേ ഇതിന്റെ (ധ്യാനം) പ്രവൃത്തി" (*ധ്യാനസല്ലാപങ്ങൾ* 14; *സൂക്തങ്ങൾ* 70:1). ദൈവത്തോടുചേർന്ന് ഒന്നിച്ചിരിക്കലാണത്; ആത്മമണവാളനോട് ഒന്നിച്ചിരിക്കലാണത്. അതോടൊപ്പം സല്ലപിക്കലും. ബഥനിയായിലെ മറിയം ഗുരുവരന്റെ പാദാന്തികത്തിൽ ഇരുന്ന് അവിടുത്തെ ശ്രവിക്കുക മാത്രമേ ചെയ്തുള്ളൂ. സല്ലപിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. എനിക്ക് ദൈവം ഒരു പുതിയ തലം വെളിപ്പെടുത്തിത്തന്നു. ദൈവപിതാവിനോടുള്ള സ്നേഹത്താൽ അവിടുത്തോടു ചേർന്നിരുന്ന് സല്ലപിക്കുക, ആത്മമണവാളനായ ഈശോമിശിഹായോടൊന്നിച്ചിരുന്ന് സല്ലപിക്കുക. എപ്പോഴും തന്റെ കൺമുമ്പിലിരിക്കുന്നതുകൊണ്ടുമാത്രം നിങ്ങൾ

തൃപ്തിപ്പെടരുത്. സ്നേഹത്താൽ ചേർന്നിരിക്കണം, ഒന്നിച്ചിരിക്കണം.

ഹൊസെ 14:4-7 ൽ ഒരു മിസ്റ്റിക്കൽ പ്രവചനമുണ്ട്. ഇസ്രായേലിന് ഞാൻ തുഷാരബിന്ദുപോലെയായിരിക്കും. അവർ തിരിച്ചുവന്ന് എന്റെ തണലിൽ *ഇരിക്കും*. പൂന്തോട്ടം പോലെ പുഷ്പിക്കും. ലബനോനിലെ വീഞ്ഞുപോലെ അവർ സൗരഭ്യം പരത്തും. ലില്ലിപോലെ പൂത്തുനിൽക്കും, ഇലവുപോലെ വേരുറപ്പിക്കും. ശാഖകൾ പടർന്നുപന്തലിക്കും. ഒലിവിന്റെ മനോഹാരിതയും ലബനോന്റെ പരിമളവുമുണ്ടായിരിക്കും. പ്രിയന്റെ തണലിൽ ഇരിക്കുന്നവർക്ക് സംഭവിക്കുന്നതെന്താണെന്ന് ഉത്തമഗീതത്തിന്റെ ഭാഷയിൽ ചിത്രീകരിച്ചിരിക്കുകയാണ് ഇവിടെ. പ്രിയൻ ജീവന്റെ വൃക്ഷമാണ് (ഉത്പ 2:9). ആറ്റരികിൽ നട്ടപ്പെട്ടിരിക്കുന്നതും ഫലംചൂടി നിൽക്കുന്നതും ഇല കൊഴിയാത്തതുമായ വൃക്ഷം (സങ്കീ.1:3; എസെ 47:12). പ്രിയനാകുന്ന ബോധിവൃക്ഷത്തിന്റെ തണലിലിരിക്കുന്നവർ പറുദീസായുടെ പ്രതീകമായിത്തീരും. ജീവജലം മതിവരുവോളം പാനം ചെയ്യുമ്പോൾ അവർ വളർന്ന് പുഷ്പിക്കും. ഒലിവിന്റെ മനോഹാരിതയും പരിമളവും കൈവരും. സൗരഭ്യം പരത്തുന്ന ലബനോനിലെ വീഞ്ഞിനോട് സദൃശ്യരായിത്തീരും.

ഇരിപ്പ് സാഷ്ടാംഗപ്രണാമത്തിലേക്കും പ്രകീർത്തനത്തിലേക്കും നയിക്കും (വെളി 11:16-18). സ്വർഗ്ഗത്തിൽ അരങ്ങേറുന്ന പ്രക്രിയയാണത്. തിരുസന്നിധിയിൽ സിംഹാസനങ്ങളിലിരിക്കുന്ന 24 സഭാപ്രമാണികൾ ചെയ്യുന്നതെന്താണെന്നോ? അവർ സാഷ്ടാംഗം പ്രണമിക്കുന്നു, ആരാധിക്കുന്നു, പ്രകീർത്തിക്കുന്നു, കൃതജ്ഞതയർപ്പിക്കുന്നു. പ്രിയപ്പെട്ടവരേ, ദർശനവീടാകുന്ന ചെറിയ മോക്ഷം (*കത്തുകൾ* VI/4; *സൂക്തങ്ങൾ* 19:2) തിരുസന്നിധിയിൽ ഇരിക്കുന്നവരുടെ കൂട്ടായ്മയായിത്തീരണം. പുണ്യത്തിന്റെ കണ്ണാടികളായി പകർന്നുകൊണ്ട് (*കത്തുകൾ* VI/1; *സൂക്തങ്ങൾ* 111:9) നമ്മളും സ്വർഗ്ഗത്തിലെ ആ 24 സഭാപ്രമാണികളെ അനുകരിക്കണം. മറ്റുള്ളവർക്കുവേണ്ടി ദൈവത്തെ പ്രണമിക്കുകയും പ്രകീർത്തിക്കുകയും പ്രഘോഷിക്കുകയും ചെയ്യണം.

1.6. സല്ലാപചിന്ത IV - അരികെ നടക്കൽ

"തന്റെ അരികെ നടപ്പിൻ" (കത്തുകൾ VII/6; സൂക്തങ്ങൾ 28:1)

ദർശനവീട്ടിലെ നിവാസികളുടെ ജീവിതം പാർക്കലും ഇരിക്കലും മാത്രമല്ല നടപ്പുമാകണം. പ്രവർത്തനനിർഭരതയെ ധ്വനിപ്പിക്കുന്ന ക്രിയാപദമാണ് നടക്കൽ. ഈശോമിശിഹായുടെ അരികെ

യുള്ള നടപ്പായിത്തീരണം സി.എം.ഐ., സി.എം.സി. ക്കാരുടെ ജീവിതം മുഴുവൻ. എന്റേത് അപ്രകാരമായിരുന്നു. നടക്കുക എന്ന ക്രിയയിൽ അടങ്ങിയിരിക്കുന്ന ബൈബിൾ ദർശനം വിശദമാക്കാം.

1.6.1. ഒന്നിച്ചുള്ള നടപ്പ്

മൂന്നുതരം നടപ്പുകളെക്കുറിച്ച് ബൈബിളിൽ പരാമർശിക്കുന്നു: ദൈവത്തോടൊത്തുള്ള നടക്കൽ, ദൈവത്തിന്റെ മുഖത്തേക്കുള്ള നടക്കൽ, ഗുരുവരന്റെ പിറകെയുള്ള ഗമനം. ഏനോക്കും നോഹും ദൈവത്തോടൊന്നിച്ച് നടന്നവരാണ്. "ഏനോക്ക് ദൈവത്തോടൊത്തു നടന്നു" (ഉത്പ 5:22); "ഏനോക്ക് ദൈവത്തോടൊത്തു നടന്നു; തന്മൂലം അവൻ ഇല്ലാതായി; ദൈവം അവനെ എടുത്തു" (Enoch walked with God, and he was not, for God took him), ഉത്പ 5:24. സുഹൃത്തുക്കളാണ് ഒന്നിച്ചു നടക്കുക. പരസ്പരം ഹൃദയരഹസ്യങ്ങൾ പകർന്ന്, കൈകോർത്തുപിടിച്ച് സോല്ലാസം ദൈവവും ഏനോക്കും നടന്നു. ഒരാളുടെ സന്തോഷവും ദുഃഖവും ഇതരന്റെ സന്തോഷവും ദുഃഖവുമായി പകർന്നു. ഏനോക്ക് ദൈവത്തിന്റെ പ്രതിരൂപമായിത്തീർന്നു. തിരുസന്നിധിയിൽ സാക്ഷാത്കാരം കണ്ടെത്തി. അവിടുത്തെ ആശയാദർശങ്ങളോടും, ചിന്താരീതിയോടും സംസാരചൈതന്യത്തോടും പ്രവർത്തനമാനങ്ങളോടും സാധർമ്മ്യം പ്രാപിച്ചു. അപ്പോൾ സംഭവിച്ചതെന്താണെന്നോ? ഏനോക്കെന്ന വ്യക്തി ഇല്ലാതായി. ദൈവം അവനെ തന്റേതാക്കിത്തീർത്തു. രണ്ടു വ്യക്തികൾക്കു പകരം ദൈവമെന്ന വ്യക്തിമാത്രം. 'എടുത്തു' എന്ന ഹീബ്രുപദത്തിന്റെ അർത്ഥമതാണ്. ആ ദിവ്യപുരുഷൻ കർത്താവുമായി ഏകീഭവിച്ചു. അപ്രകാരം ദൈവസാക്ഷാത്കാരവും ആത്മസാക്ഷാത്കാരവും പ്രാപിച്ചു ദൈവത്തോടൊത്തു നടന്നവൻ.

ദൈവത്തോടൊത്തു നടന്ന മറ്റൊരു വ്യക്തി നോഹാണ് (ഉത്പ 6:9). ആ പ്രഖ്യാപനത്തിനു മുൻപ് അദ്ദേഹത്തെ ഇപ്രകാരമാണ് വിശേഷിപ്പിച്ചിരിക്കുക. കർത്താവിന്റെ നയനങ്ങളിൽ ദയകണ്ടെത്തിയവൻ, ധാർമ്മികൻ, അവിഭക്തരൂപൻ. ദൈവം പ്രസാദിച്ചാൽ മാത്രമേ മനുഷ്യന് അവിടുത്തോടൊത്ത് നടക്കാനാകൂ. അതൊരു വരദാനമാണ്. അതോടൊപ്പം ധാർമ്മികത കൈമുതലാക്കണം. തിന്മനിറഞ്ഞ ലോകത്തിന്റെ കാഴ്ചപ്പാട് തീർത്തും പരിത്യജിക്കണം. പരിപൂർണ്ണനായ ദൈവത്തിന്റെ സമഗ്രതയിൽ പങ്കുചേരണം. നോഹ് അപ്രകാരം ചെയ്തവനാണ്. അക്കാലത്തെ തിന്മോപാസകരായ മനുഷ്യരുടെ സൗഹൃദം സമ്പാദിക്കാൻ അദ്ദേഹം ശ്രമി

ച്ചില്ല. ദുഷ്ടരുടെ സംഘത്തിൽ നടന്നില്ല; പാപികളുടെ വഴിയിൽ നിന്നില്ല; അധിക്ഷേപകരുടെ ഇരിപ്പിടത്തിൽ ഇരുന്നുമില്ല (സങ്കീ 1:1). ദുഷ്ടരുടെയും ശിഷ്ടരുടെയും മേൽ ഒരുപോലെ നന്മ വർഷിക്കുന്ന ദൈവത്തിന്റെ സമഗ്രത (മത്താ 5:45-48) അഭ്യസിച്ചു. ഇപ്രകാരമുള്ള നോഹയുടെ ജീവിതശൈലി അദ്ദേഹത്തിന് ദൈവത്തോടൊത്ത് നടക്കുവാൻ പ്രാപ്തനാക്കി. തന്റെ ചിന്താരീതിയും ആശയാദർശങ്ങളും കർത്താവിന്റേതാക്കിത്തീർത്തു അദ്ദേഹം. തത്ഫലമായി ദൈവം നോഹയെ ജലപ്രളയത്തിനുശേഷമുള്ള പുതിയ മനുഷ്യ വംശത്തിലെ ആദാമാക്കി ഉയർത്തി.

പാപം ചെയ്യുന്നതിനുമുൻപുള്ള ആദിമാതാപിതാക്കന്മാരുടെ ജീവിതം ദൈവത്തോടൊത്തുള്ള നടപ്പായി ചിത്രീകരിക്കാനാകും. ഏഴാം ദിവസത്തെ കർത്താവിന്റെ വിശ്രമമെന്ന ആനന്ദാഘോഷത്തിൽ സൃഷ്ടജാലങ്ങളോടൊപ്പം അവരും പങ്കുചേർന്നിരുന്നു. ദൈവത്തെപ്പോലെ പ്രകാശമാകുന്ന ഉടായാട അണിഞ്ഞവരായിരുന്നു ഇരുവരും (സങ്കീ 104:1-2). സ്ഥലകാലബന്ധനങ്ങൾക്ക് അധീനരായിരുന്നില്ല. ദൈവമാകുന്ന വസ്ത്രമില്ലാത്ത അവസ്ഥയാണ് നഗ്നത എന്നു പറയാം. ആഘോഷത്തിന്റെയും സല്ലാപത്തിന്റെയും മക്കളായിരുന്നു ആദവും ഹവ്വായും.

ദാവീദിന്റെ ചരിത്രത്തിൽ സമാനമായ ഒരു രംഗമുണ്ട് (2 സാമു 6:12-15). വാഗ്ദാനപേടകം സാഘോഷം ജറുസലേമിലേക്ക് ആവഹിക്കപ്പെട്ടപ്പോൾ ദാവീദെന്തുചെയ്തുവെന്നോ? തന്റെ രാജകീയ വസ്ത്രങ്ങൾ ഉപേക്ഷിച്ച് കർത്താവിന്റെ മുൻപിൽ സർവ്വശക്തിയോടുംകൂടെ തുള്ളിച്ചാടുകയും ചെണ്ടമേളങ്ങളോടൊപ്പം ആർപ്പുവിളിക്കുകയും ചെയ്തു. ചണനൂൽ കൊണ്ടുള്ള ഒരു അരക്കച്ച മാത്രമേ ധരിച്ചിരുന്നുള്ളൂ. സ്ഥലകാലഉദ്യോഗാദികൾ മറന്നു പോയിരുന്നു ആ രണ്ടാമത്തെ ആദാം. അഥവാ ഞാനും എന്റെ ദൈവവും മാത്രം എന്ന ചിന്താലോകത്തിലായിരുന്നു അദ്ദേഹം. സർവ്വശക്തിയോടുകൂടി നൃത്തം ചെയ്തുവെന്ന പ്രസ്താവന പ്രസക്തമാണ്. പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും സർവ്വശക്തിയോടും പൂർണ്ണമനസ്സോടുംകൂടെ ദൈവത്തെ ആരാധിക്കണമെന്നാണല്ലോ അനുശാസനം (നിയമാ 6:5; ലൂക്കാ 10:27). ദാവീദും ദൈവമാകുന്ന പ്രകാശത്താൽ ആവൃതനായിരുന്നുവെന്നു പറയാം. അദ്ദേഹവും ആ മണിക്കൂറുകളിൽ ദൈവത്തോടൊത്ത് നടക്കുകയായിരുന്നു.

1.6.2. *തിരുമുഖത്തേക്കുള്ള നടപ്പ്*

ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന രണ്ടാമത്തെ വിധത്തിലുള്ള നടപ്പ് അബ്രാഹത്തിന്റേതാണ്. പൂർവ്വപിതാവിനോട് യാഹ്വെ ആജ്ഞാപിച്ചു. പി.ഒ.സി. ബൈബിളിലെ തർജ്ജമ ഇപ്രകാരമാണ്: "എന്റെ മുൻപിൽ വ്യാപരിക്കുക; കുറ്റമറ്റവനായി വർത്തിക്കുക" (ഉത്പ 17:1). മൂലഭാഷയിലെ വാക്യത്തിന്റെ പദാനുപദമായ പരിഭാഷ "എന്റെ മുഖത്തേക്കു നടക്കുക (*ഹലക് ല്പാനായ്*) സമഗ്രത (*താമീമ്*) പ്രാപിക്കുക" എന്നാണ്. "മുഖത്തേക്കു നടക്കുക" എന്ന ആജ്ഞയിൽ അന്തർലീനമായിരിക്കുന്ന ആശയം ഇതാണ്: എല്ലാ മുഖങ്ങളിലും ദൈവത്തിന്റെ മുഖം കാണുക. മനുഷ്യരുടെ, പക്ഷിമൃഗാദികളുടെ, സസ്യലതാദികളുടെ, ധാതുദ്രവ്യങ്ങളുടെ, സൂര്യചന്ദ്രതാരകങ്ങളുടെ മുഖങ്ങളിലെല്ലാം ദൈവത്തിന്റെ മുഖം കണ്ടുകൊണ്ടുള്ള നടപ്പാണത്. എല്ലാവരിലും എല്ലാത്തിലും, എല്ലായിടത്തും, എല്ലായ്പോഴും, തിരുവദനം ദർശിക്കണം; അനുദിനജീവിതത്തിലെ സംഭവവികാസങ്ങളിൽ, സന്തോഷങ്ങളിൽ, സന്താപത്തിൽ, വിജയത്തിൽ, പരാജയത്തിൽ, പ്രലോഭനത്തിൽ, വീഴ്ചയിലൊക്കെ ദൈവത്തിന്റെ ആനനം കണ്ടെത്താനുള്ള യത്നമാകണം. അതുപോലെ എല്ലാസ്വരങ്ങളും ദൈവത്തിന്റെ സ്വരമായി പകരണം. ആരംഭത്തിൽ തിരുമുഖം കണ്ടെത്താൻ സാധിച്ചില്ലെന്നുവരാം; തിരിച്ചറിയാൻ പ്രയാസമുണ്ടാകും. ദൈവശബ്ദം അവ്യക്തമായി അനുഭവപ്പെടും. മനസ്സുമടുക്കാതെ, വീണുപോയാൽ എഴുന്നേറ്റ് വീണ്ടും പ്രയാണം തുടരുക. കാണുക, കേൾക്കുക എന്നീ പ്രക്രിയകൾ ജീവിതവ്രതമാക്കി തീർക്കണം. കാലം ചെല്ലുന്തോറും ദൈവത്തിന്റെ മുഖം കൂടുതൽ കൂടുതൽ തെളിഞ്ഞുവരും; ശബ്ദം മുഴങ്ങി കേൾക്കാനാകും. അവസാനം എല്ലാം ഒരേ മുഖവും ഒരേ സ്വരവുമായി രൂപാന്തരപ്പെടും.

അപ്പോൾ "കാരുണ്യവും വിശ്വസ്തതയും തമ്മിൽ ആശ്ലേഷിക്കുന്നതും, നീതിയും സമാധാനവും പരസ്പരം ചുംബിക്കുന്നതും" (സങ്കീ 85:10) കാണുവാൻ കഴിയും. "പകൽ പകലിനോടു സംസാരിക്കുന്നതും രാത്രി രാത്രിയെ അറിയിക്കുന്നതും" (സങ്കീ 19:2) കേൾക്കുവാനാകും. കാട്ടാറുകൾ കൈയ്യടിക്കുന്നത് ദർശിക്കു

ദൃഷ്ടിഗോചരമാകും. ആകാശത്തിന്റെയും ഭൂമിയുടെയും ആഹ്ലാദ സ്വരവും സമുദ്രത്തിന്റെ ആർപ്പുവിളിയും (സങ്കീ 96:11) കാതിൽ മുഴങ്ങും. ആദത്തെപ്പോലെ ദൈവത്തോടൊന്നിച്ച് സൃഷ്ടിയുടെ ആഘോഷത്തിൽ ഭാഗഭാക്കാകാൻ വിളിക്കപ്പെട്ടവരാകും. രണ്ടാം ആദമായ ദാവീദിനെപ്പോലെ ദൈവതിരുമുൻപിൽ വിവസ്ത്രരായി (ഒന്നുമില്ലാത്തവരും ഒന്നുമല്ലാത്തവരുമായിത്തീരലാണത്) സ്ഥല കാലാദിബന്ധനങ്ങളിൽനിന്ന് വിമുക്തി പ്രാപിച്ച് ജഗന്നാഥനുതുല്യം പ്രകാശമാകുന്ന ഉടയാട അണിഞ്ഞുകൊണ്ട് നൃത്തമാടാനുള്ള സിദ്ധി കൈവരും. നിസ്സാരയായി ഭവിച്ച മാതാവിനെപ്പോലെ ദൈവത്തിൽ എല്ലാമുള്ളവരും എല്ലാമായവരും ആയിത്തീർന്നുകൊണ്ട് മഹത്ത്വ കീർത്തനം സാഘോഷം ആലപിക്കുവാനും മഹത്ത്വകീർത്തനമായി പകരുവാനും വരം ലഭിക്കും.

ദൈവമാകുന്ന വസ്ത്രമില്ലാത്ത അവസ്ഥയാണല്ലോ നഗ്നത. ദൈവത്തിന്റെ മുഖത്തേക്ക് നടന്നടുത്ത അബ്രാഹത്തെ ദൈവം ഇപ്ര കാരം അനുഗൃഹീതനാക്കി. പ്രിയപ്പെട്ടവരേ, പൂർവ്വപിതാവിനെപ്പോലെ നമുക്കും ജീവിതം ഇത്തരത്തിലുള്ള നടപ്പാക്കിത്തീർക്കാം. അബ്രാ ഹത്തിന്റെ പുത്രനായ ഈശോയിലാണ് ഈ ദൈവവിളി പൂർണ്ണമായും സാക്ഷാത്കരിക്കപ്പെട്ടത്. അവിടുന്നിൽ ആഘോഷത്തിന്റെ ഒരു പുത്തൻ തലമുറ ഉയിർക്കൊണ്ടു. സൃഷ്ടിയുടെയും വിമോചനത്തി ന്റെയും രക്ഷയുടെയും ആഘോഷത്തിൽ ഇഹലോകവാസം യുഗാ ന്ത്യോന്മുഖമായി നയിക്കുന്നവർ. അവരുടെ ലോകം തവളയുടേതു പോലെ ഇടുങ്ങിയതാകില്ല. Microcosmത്തിലല്ല അവർ ജീവിക്കുക. വിശ്വം മുഴുവനെയും ഉൾക്കൊള്ളുന്നതാകും അവരുടെ ചക്ര വാളം. Macrocosmത്തിലെ പ്രജകളാകും നാമപ്പോൾ.

പ്രിയപ്പെട്ടവരേ, അബ്രാഹത്തിന്റെയും ദാവീദിന്റെയും സാക്ഷാൽ പുത്രനായ ഈശോയെപ്പോലെ നിങ്ങളും ജീവിതം ദൈവ ത്തിന്റെ മുഖത്തേക്കുള്ള നടപ്പാക്കി തീർക്കുവിൻ. അപ്രകാരം ഈശോയുടെ പ്രതിരൂപങ്ങളായി ഭവിച്ചാലേ ദർശനവീട്ടിലെയും തപ സ്സുഭവനത്തിലെയും യഥാർത്ഥ അംഗങ്ങളായിത്തീരാൻ സാധിക്കൂ. തിരുമുഖത്തെ ഉന്മുഖമാക്കി നടന്നടുക്കുമ്പോൾ താഴെ പറയുന്ന ഭാരതീയ സൂക്തങ്ങൾ അനുഭവവേദ്യമാകും. *ബ്രഹ്മൈവേദം വിശ്വം* ("ഇതെല്ലാം ബ്രഹ്മമാണ്," *മുണ്ഡകോപനിഷത്ത്* 2.2.11); *ഇതം സർവ്വം*

വരും ഒന്നുമില്ലാത്തവരുമായിത്തീരുക. അപ്പോൾ എല്ലാമായവനും എല്ലാമുള്ളവനുമായി ദൈവം നമ്മെ തന്നെക്കൊണ്ടുനിറയ്ക്കും. അവിടുത്തെപ്പോലെ നമ്മളും എല്ലാമുള്ളവരും എല്ലാമായവരുമായിത്തീരും. ഭൂമിയിൽത്തന്നെ സ്വർഗ്ഗീയമായ ആഘോഷത്തിന്റെ ജീവിതം നയിക്കാനാകും. സങ്കീ. 90:10ൽ പറയുന്നത് നിങ്ങളുടെ ജീവിതത്തിൽ പകർത്തരുത്. ഇഹലോകജീവിതം നെടുവീർപ്പും പ്രലാപവുമായി ചിലവഴിക്കരുത്. ദർശനക്കാരായ നമുക്ക് ആഘോഷത്തിന്റെ മക്കളായിത്തീരാം.

1.6.3. അനുധാവനം

മൂന്നാമത്തെ തരം നടപ്പ് ഗുരുവരനെ അനുഗമിക്കലാണ്. മുമ്പേ പോകുന്ന അവിടുത്തെ കാല്പാദങ്ങളിൽ ശിഷ്യൻ തന്റെ പാദങ്ങൾ ഉറപ്പിച്ചുകൊണ്ടാവണം മുന്നോട്ടുപോകേണ്ടത്. "എന്നെ അനുഗമിക്കുക" എന്ന് ഈശോനാഥൻ നമ്മെ ആഹ്വാനം ചെയ്യുന്നു. ആ പിൻതുടരലിൽ സുരക്ഷിതത്വമുണ്ട്. ഉടമ്പടീജനത്തെ സങ്കീ 23ൽ ഇടയനെ അനുഗമിക്കുന്ന ആടുകളായി ചിത്രീകരിച്ചിരിക്കുന്നു. അവർക്ക് ഭയാശങ്കയില്ല; ഒന്നിനും കുറവുണ്ടാകയില്ല; പച്ചയായ മേച്ചിൽ പുറത്തേക്കും പ്രശാന്തമായ നീരുറവയിലേക്കും നയിക്കുന്നവനാണ് ഇടയൻ. അപ്പോൾ മേഷഗണത്തിന് ദൈവികവിശ്രമത്തിൽ പങ്കുചേരാനാകും. അന്തകാരത്തിന്റെ താഴ്വരയിൽക്കൂടി നടന്നാലും നഷ്ടധൈര്യരായിത്തീരേണ്ടതില്ല. ശത്രുനിരയുടെ മുൻപിൽപോലും ആ അജപാലകൻ വിരുന്നൊരുക്കുന്നു.

യോഹ 10:1-18ൽ ഈശോ താൻ നല്ല ഇടയനാണെന്ന് പ്രഖ്യാപിക്കുന്നു. അവിടുന്ന് ആട്ടിൻതൊഴുത്തിലേക്ക് വാതിലിൽക്കൂടി പ്രവേശിക്കുന്നവനാണ്. മേഷഗണം അവിടുത്തെ സ്വരം തിരിച്ചറിയുന്നു. ഗുരുവരൻ തന്റെ ആടുകളെ പേരുചൊല്ലി വിളിക്കുന്നു; പുറത്തേക്കു കൊണ്ടുപോകുന്നു; മുമ്പേ നടക്കുന്നു; അവ അവിടുത്തെ പിൻതുടരുന്നു. നല്ല ഇടയൻ എങ്ങോട്ടാണ് ഗമിക്കുന്നതെന്നോ? സ്വർഗ്ഗീയപിതാവിന്റെ ഭവനത്തിൽ ശിഷ്യഗണത്തിന് സ്ഥലമൊരുക്കുവാനാണ് ആ പ്രയാണം (യോഹ 14:3). ആടുകൾക്കുവേണ്ടി സ്വജീവൻ സമർപ്പിക്കുകയാണ് ഈശോനാഥൻ.

പ്രിയപ്പെട്ട കൂടപ്പിറപ്പുകളേ, പ്രിയ കുഞ്ഞുങ്ങളേ, ഗുരുവരനെ നമുക്ക് അനുധാവനം ചെയ്യാം. അവിടുത്തെ കാലടികളിൽ നമ്മുടെ പാദങ്ങൾ ഉറപ്പിച്ചുവച്ചുകൊണ്ടാവണം അനുഗമിക്കൽ. തന്നെ പിൻതുടരുന്നതിന് ഈശോനാഥൻ ചില വ്യവസ്ഥകൾ

കല്പിക്കുന്നുണ്ട്. സ്വയം പരിത്യജിക്കണം; കുരിശുമെടുത്ത് അനുഗമിക്കണം; തന്നെപ്രതിസ്വജീവൻ നശിപ്പിക്കുവാൻ തയ്യാറാകണം (മത്താ 16:24-25). കാൽവരിഗിരിയിലേക്കാണ് അവിടുത്തെ പ്രയാണം. കുരിശിൽ തറയ്ക്കപ്പെടുന്നതിന് നിശ്ചയിച്ചുറച്ചുകൊണ്ടായിരുന്നു ആ നടപ്പ് (ലൂക്കാ 9:51). പന്ത്രണ്ടു ശിഷ്യരെപ്പോലെ തന്നെ തള്ളിപ്പറയാനും, കുരിശിന്റെ പാതയിൽനിന്ന് ഓടിയൊളിക്കാനും നിങ്ങൾ ശ്രമിക്കരുത്. കർത്താവിനെപ്രതി, അവിടുത്തെ ആശയാദർശങ്ങൾക്കും കാഴ്ചപ്പാടുകൾക്കും ജീവിതശൈലിക്കും വേണ്ടി കുരിശിലേറ്റപ്പെടുവാൻ തയ്യാറാകണം. അപ്പോൾ ഗുരുവരനോടൊപ്പം സ്വർഗ്ഗീയ ജറുസലേമിൽ പ്രവേശിക്കുന്നതിനും, ദൈവപിതാവിനാൽ ഉയർത്തപ്പെടുന്നതിനും (പീലി 2:9) വലതുഭാഗത്ത് ഇരിക്കുന്നതിനും (മത്താ 20:21) നമുക്കും വരം ലഭിക്കും.

"തന്റെ അരികെ നടപ്പിൻ" എന്ന എന്റെ അനുശാസനത്തിൽ ബൈബിളിലെ ഈ ത്രിവിധ ഗമനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ദൈവത്തോടൊന്നിച്ച് നടക്കുന്നതിനും എല്ലാത്തിലും എല്ലായിടത്തും, എല്ലായ്പ്പോഴും തിരുമുഖം ദർശിച്ചുകൊണ്ട് മുന്നേറുന്നതിനും, ഗുരുവരനെ അനുധാവനം ചെയ്യുന്നതിനും വിളിക്കപ്പെട്ടവരാണ് നാമോരോരുത്തരും. എന്റെ ജീവിതമാതൃക നിങ്ങൾ അനുകരിക്കുവിൻ.

1.7. സല്ലാപചിന്ത് V - സല്ലപിക്കൽ

"തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ"

സൂക്തം 70:1 വീണ്ടും ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ. "ധ്യാനം എന്നത് ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേഹത്താൽ ദൈവത്തോടുചേർന്നു തന്നോടൊന്നിച്ചിരുന്ന്, സ്നേഹിതരോട് ഒന്നിച്ചുള്ള സംഭാഷണം എന്നപോലെ ആത്മമണവാളനായ ഈശോമിശിഹായോടൊന്നിച്ചിരുന്നു സംസാരിക്കയത്രേ, ഇതിന്റെ പ്രവൃത്തി." (*ധ്യാനസല്ലാപങ്ങൾ* 14). ദർശനവീട്ടിലെ അംഗങ്ങളുടെ ജീവിതം ആത്മമണവാളനായ ഈശോമിശിഹായോടൊന്നിച്ചിരുന്നുള്ള നിരന്തരമായ സല്ലാപമാകണം. ഞാൻ *ധ്യാനസല്ലാപങ്ങളിൽ* തുടർന്നു പറയുന്നതുപോലെ "സ്നേഹിതന്മാർ തമ്മിൽ ഒന്നിച്ചിരുന്നാൽ വേർതിരിയും വരെയും നാവടങ്ങാതെ സംസാരിക്കും... ഇതിനിടയിൽ അവർക്ക് സംസാരത്തിന് വകയില്ലാഞ്ഞിട്ട് മിണ്ടടങ്ങിയിരിക്കുകയില്ല. സ്നേഹമുണ്ടെങ്കിൽ സംസാരിപ്പാൻ വകയുണ്ടാകും; ഈ സംസാരം ഒരുത്തൻ പഠിപ്പിക്കുകയും വേണ്ട. ഭാഷ അറിയാ

ത്തവരും തമ്മിൽ സ്നേഹമുണ്ടായാൽ തമ്മിൽ പറയുകയും തിരിയുകയും ചെയ്യുന്നു... ഒന്നും ഉരിയാടാതെ ഇരുന്നാലും സ്നേഹിതന്റെ അരികെ ഇരിക്കുന്നതുതന്നെ തൃപ്തിയാകുകയും ചെയ്യും" (*ധ്യാനസല്ലാപങ്ങൾ* 14-15).

1.7.1. സങ്കീർത്തനം - ഒരു സല്ലാപം

ദൈവത്തോടുള്ള നിരന്തരസല്ലാപത്തിന് സങ്കീർത്തനങ്ങൾ ഉദാഹരണമാണ്. ജീവിതത്തിലെ ഓരോ സാഹചര്യത്തിലും അതിനനുസൃതമായ വിധത്തിൽ തനിച്ചും സമൂഹത്തോടുകൂടിയും അവിടുത്തോട് സംവദിക്കുന്നവനാണ് സങ്കീർത്തകൻ. വേദനയിലും ദുഃഖത്തിലും പരാജയത്തിലും പ്രലോഭനത്തിലും, നിന്ദനങ്ങളിലും മർദ്ദനങ്ങളിലും ഉടമ്പടീനാഥനോട് പരാതി പറയുന്നു; തിരുസന്നിധിയിൽ പ്രലപിക്കുന്നു. സന്തോഷത്തിലും സുഖത്തിലും, വിജയത്തിലും ഉയർച്ചയിലും സർവ്വാധിനാഥനെ പ്രകീർത്തിക്കുകയും പ്രണമിക്കുകയും കൃതജ്ഞതയർപ്പിക്കുകയും ചെയ്യുന്നു. ദിവ്യവചസ്സുകൾ ഉരുവിട്ടുകൊണ്ടിരിക്കുന്നു. എപ്രകാരം ജീവിതം ഒരു സങ്കീർത്തനമാക്കിത്തീർക്കാമെന്ന് നമ്മെ പഠിപ്പിക്കുകയാണ് കാരുണ്യവാനായ ദൈവം. ദേവാലയത്തിലെ തിരുക്കർമ്മങ്ങളും പൂജാവിധികളും വാക്കുകളും ചെയ്തികളുംവഴി അവിടുത്തോടുള്ള സംഭാഷണമാണല്ലോ

സങ്കീർത്തനങ്ങളുടെ കർത്താവെന്ന് പറയപ്പെടുന്ന ദാവീദ് 2 സാമു 7:18-29ൽ തിരുസന്നിധിയിലിരുന്ന് സല്ലപിക്കുന്നുണ്ട്. തന്റെ അയോഗ്യത ഏറ്റു പറയുന്നു; ദൈവത്തിന്റെ കരുണയുടെ ചെയ്തികൾ വിവരിക്കുന്നു; അവിടുത്തെ പ്രകീർത്തിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു; അനുഗ്രഹാശിസ്സുകൾക്കായി യാചിക്കുന്നു. 2 സാമു 22 അദ്ദേഹത്തിന്റെ സ്തുതികീർത്തനമാണ്. തനിക്കുവേണ്ടി ഭവനം പണിത കർത്താവിന് ഒരാലയം നിർമ്മിച്ചശേഷം അതിന്റെ പ്രതിഷ്ഠാവേളയിൽ സോളമൻ നടത്തുന്ന പ്രകീർത്തനഭാഷണമാണ് 1 രാജാ 8:22-61 ന്റെ പ്രമേയം. അതിലും അപരിമേയനായ അവിടുത്തെ വാഴ്ത്തിസ്തുതിക്കുന്നതൊടൊപ്പം അനുഗ്രഹങ്ങൾ അപേക്ഷിക്കുകയും ക്ഷമിക്കുവാൻ യാചിക്കുകയും ചെയ്യുന്നുണ്ട്. സോളമൻ അൾത്താരക്കുമുമ്പിൽ നിന്നുകൊണ്ടാണ് സംവദിച്ചത്. ദാവീദോ ഇരുന്നുകൊണ്ടും.

1.7.2. സല്ലപിക്കുന്നവർ

മുമ്പു സൂചിപ്പിച്ചതുപോലെ ശിശുക്കളും മണവാട്ടിയുമാണ്

സല്ലപിക്കുന്നവർ. ഒന്നും ഒളിച്ചുവയ്ക്കാതെ, താൻ ആയിരിക്കുന്ന വിധത്തിൽ പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടുംകൂടെയാണല്ലോ ശിശുക്കൾ അമ്മയോട് സംസാരിക്കുക. വേണ്ടതും വേണ്ടാത്തതുമെല്ലാം കലപിലാന്ന് പറഞ്ഞുകൊണ്ടിരിക്കും അവർ. സ്നേഹത്തിലും ഐക്യത്തിലും നിന്നുദിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ഭാഷയാണത്. ഒരിക്കലും വിഷയമില്ലാതെ വരികയില്ല. മിണ്ടാതിരിക്കാൻ പറഞ്ഞാലും അതു ഗൗനിക്കുന്നവരല്ല കുഞ്ഞുങ്ങൾ. മണവാട്ടിക്ക് മണവാളനോടുള്ള ബന്ധവും അതേ വിധമാണല്ലോ. ഇപ്രകാരം സല്ലാപം എന്ന പ്രക്രിയയിൽ ആത്മസാക്ഷാത്കാരം കണ്ടെത്തുന്നവരാണ് പൈതങ്ങളും മണവാട്ടിയും. പ്രിയപ്പെട്ടവരേ, നമുക്കും "ചെറിയ മോക്ഷമായ കൊവേന്ത" (*കത്തുകൾ* VI/4; *സൂക്തങ്ങൾ* 19:1)യെ ആത്മമണവാളനായ ഈശോമിശിഹായോട് ഒന്നിച്ചിരുന്ന് സല്ലപിക്കുന്നതിന്റെ വേദിയാക്കാം. മുറി മണവറയാക്കി തന്നോടൊത്ത് തെളിയാം (*കത്തുകൾ* VII/2; *സൂക്തങ്ങൾ* 21:4); "സ്നേഹമണവാളന്റെ സ്വരം എത്രയോ മധുരമുള്ളതെന്നോർക്കാം" (*കത്തുകൾ* VII/7; *സൂക്തങ്ങൾ* 21:1).

1.8. സമൂഹസല്ലാപം "ആരുണ്യശോഭയെ കാണാകേണം"

പ്രാരംഭപ്രാർത്ഥന (പാർക്കൽ, ഇരിക്കൽ, ദർശിക്കൽ എന്നിവയെ ആസ്പദമാക്കി)

ആത്മാനുതാപം മൂന്നാംപാദത്തിലെ ആദ്യത്തെ രണ്ടുവരികൾ ഗായകസംഘം ആലപിക്കുമ്പോൾ സമൂഹം ആവർത്തിക്കുന്നു. "കാരുണ്യനാഥനാം.. .ശോഭയെ കാണാകേണം."

അതിനുശേഷം നാലുവരികൾ ഗായകസംഘം പാടണം. തുടർന്ന് ഓരോരുത്തരായി എന്റെ ആത്മാവിന്റെ ആവിഷ്ക്കാരരൂപത്തിൽ അനുചിന്തനപ്രാർത്ഥന നടത്തണം. അതിനുശേഷം സമൂഹം പ്രത്യുത്തരമായി "കാരുണ്യനാഥനാം.. ." എന്ന് ആദ്യത്തെ ഈരടി രണ്ടുപ്രാവശ്യം ആവർത്തിക്കണം. തുടർന്ന് മൗനസല്ലാപം. വീണ്ടും വീണ്ടും നാലുവരികൾ പാടുകയും അനുചിന്തനം നടത്തുകയും സമൂഹം ആദ്യത്തെ ഈരടി ആവർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. സമാപനത്തിൽ എല്ലാ ആശയങ്ങളും ഉൾക്കൊള്ളിച്ച് കാർമ്മികൻ സല്ലാപപ്രാർത്ഥന ചൊല്ലണം.

രണ്ടാംദിവസം - തിരുക്കുടുംബം

2.1. സല്ലാപാഘോഷം - അനുധാവനാഘോഷം

ദേവാലയത്തിന്റെ പുറകുവശത്തുനിന്ന് പ്രദക്ഷിണം ആരംഭിക്കുന്നു. വിശുദ്ധഗ്രന്ഥം ഉയർത്തിപ്പിടിച്ചുകൊണ്ട് മുമ്പേ നടക്കുന്ന കാർമ്മികനെ സമൂഹം രണ്ടുവരിയായി അനുഗമിക്കുന്നു. "യേശുവിന്റെ പിന്നാലേ ഞാൻ പോകുവാൻ..." എന്ന ഗീതം തദവസരത്തിൽ ആലപിക്കുന്നു.

സങ്കീ 148 ഗാനരൂപത്തിൽ "സൃഷ്ടികളേ സ്തുതിപാടുവിൻ" സമൂഹം ഈ ഈരടി ആവർത്തിച്ചുകൊണ്ടിരിക്കണം. ഗായകസംഘം തുടർന്നുള്ള ഭാഗങ്ങൾ ആലപിക്കുമ്പോൾ സമൂഹം ആദ്യത്തെ ഈരടി വീണ്ടും വീണ്ടും പാടിക്കൊണ്ടിരിക്കുന്നു.

വായനകൾക്ക് മുമ്പായി ആമുഖം.

ഒന്നാംവായന: ഉത്പ 5:23-24 "ദൈവത്തോടൊത്തുള്ള നടപ്പ്" (അല്പനേരം മൗനത്തിനുശേഷം അനുചിന്തനാത്മകമായ പ്രാർത്ഥന. അതിനുശേഷം ഉചിതമായ ഗാനത്തിന്റെ ഈരടികൾ ആലപിക്കുന്നു.)

രണ്ടാംവായന: ഉത്പ 17:1-2. "ദൈവത്തിന്റെ മുഖത്തേക്കുള്ള നടപ്പ്" (മൗനം, അനുചിന്തനം)

മൂന്നാംവായന: വെളി 14:1-5, "കുഞ്ഞാടിനെ അനുധാവനം ചെയ്യൽ" (മൗനം, അനുചിന്തനം, ഗാനം)

നാലാംവായന: യോഹ 10:11-15, "നല്ല ഇടയനെ അനുഗമിക്കൽ" (പ്രസംഗം, പ്രമേയത്തെ ആധാരമാക്കിയുള്ള കാറോസൂസാ.)

2.2. ഏകാന്തസല്ലാപമന്ത്രം: "ഈശോ മറിയം യൗസേപ്പേ എന്നോടൊത്തുണ്ടാകണമേ"

2.3. സല്ലാപചിന്ത I - തിരുക്കുടുംബം

2.3.1. ആമുഖം

ദർശനക്കാരാവാനാണല്ലോ നാം വിളിക്കപ്പെട്ടിരിക്കുക. ദൈവത്തിന് നമ്മെ സംബന്ധിച്ചുള്ള 'നാളെ'യെന്ന സ്വപ്നം ഇന്നിലേക്ക് ആവഹിക്കണം. നമ്മുടെ ദർശനവിഷയം തിരുക്കുടുംബമാകണം. അതാണ് ഇന്നത്തെ സല്ലാപങ്ങളുടെ വിഷയം.

യിടത്തും കാണുവാൻ ദൈവം എന്നെ അനുഗ്രഹിച്ചു. ത്രിത്വകുടുംബമാണ് എല്ലാ കുടുംബങ്ങളുടെയും പ്രാക്രൂപവും (archetype) മുൻരൂപവും (prototype). സൃഷ്ടിയിലെല്ലാം സ്വർഗ്ഗകുടുംബത്തിന്റെ പ്രതീകങ്ങൾ ദർശിക്കണം നിങ്ങളും. മനുഷ്യകുടുംബം ("നല്ല ക്രിസ്ത്യാനികുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു" എന്നാണ് ഞാൻ എഴുതിയത്, *കത്തുകൾ* IX/6; *സൂക്തങ്ങൾ* 38:1), തിരുസഭാകുടുംബം, സന്ന്യാസകുടുംബം, പക്ഷിമൃഗാദികുടുംബം, സസ്യലതാദികുടുംബം, ധാതുദ്രവ്യാദി കുടുംബം, ആകാശകുടുംബം (സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ). ഭൂമിയിൽ ത്രിത്വകുടുംബജീവിതം എങ്ങനെ നയിക്കണമെന്ന് മാതൃക കാട്ടുന്നതാണ് ഈശോ, മറിയം, യൗസേപ്പ് എന്നിവരടങ്ങുന്ന തിരുക്കുടുംബം. ത്രിത്വകുടുംബത്തിന്റെ ഭൂമിയിലെ ഉത്തമ നിദർശനമാണത്. മറ്റെല്ലാ കുടുംബങ്ങളും തിരുക്കുടുംബത്തെപ്പോലെയാകണം. അപ്പോൾ ഭൂമി സ്വർഗ്ഗമായിത്തീരും. സൃഷ്ടകുടുംബം ത്രിത്വകുടുംബത്തിന്റെ പതിപ്പായിത്തീരും.

2.3.3. *എന്റെ ദർശനസിദ്ധി*

ഇത്തരം ഒരു ദർശനം ദൈവം ഈ പാവപ്പെട്ടവന് നൽകി. മരണക്കിടക്കയിൽവച്ച് എനിക്ക് ഇപ്രകാരം പറയുവാൻ കഴിഞ്ഞു: "ഞാൻ എന്റെ ആയുഷ്ക്കാലം മുഴുവനും ഈ വിശുദ്ധത്രിത്വത്തിലാണ് (കട്ടിലിന്റെ അരികിലിരുന്നിരുന്നതും എപ്പോഴും കാണത്തക്കവിധം തന്റെ മേശമേൽ വച്ചിരുന്നതുമായ തിരുക്കുടുംബത്തിന്റെ രൂപം) ജീവിതം കഴിച്ചിരുന്നത്. എന്റെ പേര് കുര്യാക്കോസ് *ദ്മിൻ ത്ഹോമ്മാ കന്തീശാ* (തിരുക്കുടംബത്തിന്റെ) എന്നു ഞാൻ ധരിച്ചിരിക്കുന്നതു ഈ ഓർമ്മക്കുവേണ്ടിയാണ്. ഞാൻ തുടർന്നു: "ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോ മറിയം യൗസപ്പ് എന്ന മഹാകുടുംബത്തെ എന്നെ ഓർമ്മിപ്പിക്കുകയും ഞാൻ ആ തിരക്കുടുംബത്തെ ഇതുപോലെ (തിരുക്കുടുംബരൂപത്തെ കാണിച്ചുകൊണ്ട്) എപ്പോഴും എന്റെ ഹൃദയത്തിൽ കാണുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കക്കൊണ്ട് മാമ്മോദീസായിൽ എനിക്കു കിട്ടിയ

നിങ്ങളുടെ പിതാവായ ഞാൻ തിരുക്കുടുംബമെന്ന ത്രിത്വ കുടംബത്തെ സദാ കണ്ടുകൊണ്ടിരുന്നു, ഓർത്തുകൊണ്ടിരുന്നു, വണങ്ങിക്കൊണ്ടിരുന്നു, ആ നാമം ധരിച്ചുകൊണ്ടിരുന്നു. എന്റെ *കത്തുകളുടെ* മുകളിൽ ഈശോ മറിയം യൗസേപ്പ് എന്ന് എഴുതുക എനിക്കൊരു ഹരമായിരുന്നു. ഏതാനും ഉദാഹരണങ്ങൾ: *കത്തുകൾ* V/1,2,3,4,5,6,7,8,9,10,11,12,13,14,15,17; VI/1,2,3,4; VII/1,2,3,4,5,6,8, 9,11; VIII/2,3; IX/5; മാന്നാനം നാളാഗമം II, പേജ് 1). സർക്കുലറുകൾ ഞാൻ ആരംഭിച്ചിരുന്നത് "ഈശോ മറിയം യൗസേപ്പ് തുണ" എന്ന വാക്യത്തോടുകൂടിയായിരുന്നു. ഉദാ: *കത്തുകൾ* IX/1,2. *നാളാഗമങ്ങളിലും* ഇപ്രകാരമുള്ള ഒരു പ്രയോഗം നിങ്ങൾക്കു കാണാം. ഉദാ: *മാന്നാനം നാളാഗമം* I, പേജ് 80; *നാളാഗമങ്ങൾ* പേജ് 208. ബ. കുര്യാക്കോസ് ഏലീസാച്ചന് എഴുതിയ കത്തിൽ ഞാൻ സ്വയം വിശേഷിപ്പിച്ചത് തിരുക്കുടുംബത്തിന്റെ (*ത്ഹോമാ കന്തീശാ*) കുര്യാക്കോസ് ഏലിയാ എന്നത്രേ (*കത്തുകൾ* V/1). അതിന്റെ അവസാനത്തിൽ ഒപ്പിട്ടിരിക്കുന്നതും അപ്രകാരമാണ്. വേറെ ചില കത്തുകൾ അവസാനിക്കുന്നതും ഈ സംജ്ഞയോടുകൂടിയത്രേ (V/11,). തിരുക്കുടുംബത്തിലെ ഓരോ അംഗത്തോടും അതീവഭക്തിയുള്ളവനായിരുന്നു ഈ 'കുറയപ്പെട്ടവൻ' (*മാന്നാനം നാളാഗമം* I, പേജ് 15). സഭാംഗങ്ങൾക്കും (V/1,2,3,4,5,6,7,8,10,11,12,13,14,15; VI/4), കന്യാസ്ത്രീകൾ (VII/1,2,3,4,5,11) ക്കുമുള്ള കത്തുകൾ ആരംഭിച്ചിരുന്നത് "മിശിഹായ്ക്കു സ്തുതി" എന്ന സ്തോത്രപ്രകരണത്തോടുകൂടിയാണ്. മാതാവിനെക്കുറിച്ചുള്ള പരാമർശങ്ങൾ എന്റെ കൃതികളിൽ പലയിടത്തും കാണാം.സന്ദർഭാനുസരണം ഞാൻ അവ സല്ലാപചിന്തയ്ക്കു വിഷയമാക്കുന്നതാണ്. *നാളാഗമങ്ങളിൽ* ഞാൻ ഉപയോഗിച്ചിരിക്കുന്ന ചില നാമങ്ങൾ ഇപ്രകാരമാണ്: അമലോത്ഭവകർമ്മലമാതാവ് (*മാന്നാനം നാളാഗമം* II, പേജ് 1); കർമ്മെലമാതാവ് (*മാന്നാനം നാളാഗമം* I, പേജ് 40; *മാന്നാനം നാളാഗമം* II പേജ് 85); ദൈവമാതാവ് (*മാന്നാനം നാളാഗമം* II, പേജ് 108). അകാലത്തിൽ മരിച്ച നെല്ലിശ്ശേരിയച്ചനെക്കുറിച്ച് "ദൈവമാതാവ് നമുക്ക് കടിഞ്ഞൂൽഫലമായി തന്ന നിക്ഷേപം" എന്നാണ് ഞാൻ വിശേഷിപ്പിച്ചത് (*മാന്നാനം നാളാഗമം* II, പേജ് 10). ഈ *ദർശനസല്ലാപധ്യാനത്തിന്റെ* അവസാനഭാഗത്ത് അനുബന്ധമായി ചേർത്തിരിക്കുന്ന രണ്ട് ലുത്തിനിയകളിലെയും

ങ്ങളിൽ കാണാവുന്ന ചിലവ മാത്രം ഇവിടെ ഉദ്ധരിക്കാം.

- ആദ്യഭവനത്തിന് മാർ യൗസേപ്പിന്റെ പേരുനൽകൽ: *മാന്നാനം നാളാഗമം* I, പേജ് 25 (2 പ്രാവശ്യം).

- "യൗസേപ്പ് പുണ്യവാളൻ ഒരു ചിട്ടിയുണ്ടാക്കി." (*മാന്നാനം നാളാഗമം* I, പേജ് 135).

- "ഒരു വഴിയുമില്ലാതെ മുട്ടി യൗസേപ്പ് പുണ്യവാളനോട് അപേക്ഷിച്ച് ക്ലേശിച്ചിരിക്കുമ്പോൾ ദൈവം പ്രത്യേകസഹായം പ്രത്യക്ഷംപോലെ...." (*മാന്നാനം നാളാഗമം* I, പേജ് 136).

- "ദൈവകൃപയാലും പുണ്യവാളന്റെ സഹായത്താലും..." *(മാന്നാനം നാളാഗമം* I, പേജ് 150).

- "യൗസേപ്പ് പുണ്യവാളന്റെ പെരുന്നാൾ വകയ്ക്കു ഭിക്ഷക്കാർക്ക് ചോറുകൊടുപ്പാൻ..." (*മാന്നാനം നാളാഗമം* I, പേജ് 152).

- "ഞങ്ങൾക്ക് ഏറ്റം വിഷാദമായി. എങ്കിലും മാർ യൗസേപ്പു പുണ്യവാളനുമേൽ ശരണപ്പെട്ടു...." (*മാന്നാനം നാളാഗമം* I, പേജ് 153).

- "... ദീനം കടുത്തു എങ്കിലും മാർ യൗസേപ്പു പുണ്യവാളന്റെ സഹായത്താൽ കുറെ ഭേദമായി." (*മാന്നാനം നാളാഗമം* I, പേജ് 157).

- "ഞങ്ങൾ യൗസേപ്പ് പുണ്യവാളനോട് പ്രാർത്ഥിക്കുകയും ചെയ്തു" (*മാന്നാനം നാളാഗമം* II, പേജ് 3).

- "നമ്മുടെ പിതാവ് മാർ യൗസേപ്പ് പുണ്യവാളന്റെ പെരുന്നാൾ ദിവസം" വാഴക്കുളം കർമ്മെല കൊവേന്ത സ്ഥാപിക്കുന്നു. ((*മാന്നാനം നാളാഗമം* II, പേജ് 19).

- "ശുദ്ധ യൗസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥത്താൽ തിരഞ്ഞെടുത്തുവെന്ന അദ്ദേഹത്തിന്റെ..." (*മാന്നാനം നാളാഗമം* II, പേജ് 106).

- പുതിയ മഠത്തിന്റെ കെട്ടിടത്തിന് കല്ലിട്ടപ്പോൾ "കയ്യാളിപ്പു കുറിച്ച കടലാസിനകത്ത് ശുദ്ധ കാർമ്മെൽ മാതാവിന്റെയും പിതാവായ യൗസേപ്പു പുണ്യവാളന്റെയും അമ്മ ത്രേസ്യയുടെയും മൂന്നു കാശുരൂപവും വച്ച് പൊതിഞ്ഞ്..." (*മാന്നാനം നാളാഗമം* II, പേജ് 85).

- "കുറെ ഭയന്നു എങ്കിലും മാർ യൗസേപ്പു പിതാവുതന്നെ തുണ എന്നും ഉറച്ചു" (*പല പഴയചരിത്രങ്ങൾ*, അഞ്ചാംപാദം, പേജ് 37).

- "മാർ യൗസേപ്പു പുണ്യവാളന്റെ സ്തുതിക്കായിട്ട് നല്ല

ച്ചുകാണുവാൻ ഞാൻ അഭിലഷിച്ചു. അതിനായാണ് ഞാൻ തിരുക്കുടുംബപ്രതീകങ്ങൾ സ്ഥാപിച്ചത്. ചെറിയ മോക്ഷവും (*കത്തുകൾ* VI/4; *സൂക്തങ്ങൾ* 19:2) കൂടപ്പിറപ്പുകളുടെ കൂട്ടവുമായ (*കത്തുകൾ* VI/4) സന്ന്യാസകുടുംബത്തിന് അടിത്തറയിട്ടു; തിരുക്കുടംബത്തിലെ കുഞ്ഞുങ്ങളായി തീരുവാൻ സന്ന്യാസിനീകുടുംബത്തിന് രൂപം നൽകി; കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷക്കായി (*കത്തുകൾ* VI/4; *സൂക്തങ്ങൾ* 111:1) തിരുക്കുടുംബഭക്തി പ്രചരിപ്പിച്ചു; എല്ലാം ത്രിത്വകുടംബത്തിന്റെ പ്രതീകങ്ങളായി കാണുവാൻ പഠിപ്പിച്ചു.

തിരുക്കുടുംബഭക്തി അന്ത്യമല്ല മാധ്യമം മാത്രമാണ്. ത്രിത്വകുടുംബത്തിലേക്ക് അത് നയിക്കണം; ത്രിത്വകുടുംബത്തിൽ വിലയം പ്രാപിക്കണം. ഈശോമറിയം യൗസേപ്പ് എന്ന തിരുക്കുടുംബം പ്രതീകവും ബിംബവും രൂപകവും ദൃഷ്ടാന്തവും മാത്രമാണ്. എന്താണ് ത്രിത്വജീവിതമെന്ന് നമ്മെ പഠിപ്പിക്കുകയും ജീവിച്ചു കാണിക്കുകയും ചെയ്തവർ. ത്രിത്വജീവിതത്തെപ്പറ്റി അറിയണമെങ്കിൽ തിരുക്കുടുംബത്തിലേക്ക് നോക്കിയാൽ മതി. ഈശോയായിരുന്നു അതിന്റെ കേന്ദ്രബിന്ദു. അമ്മ ഈശോയെ കാണുന്നു; യൗസേപ്പിതാവ് ഈശോയെ കാണുന്നു. തിരുക്കുമാരനാകട്ടെ പരിശുദ്ധാത്മാവിൽ ദൈവപിതാവിനെ കാണുന്നു; ദിവ്യതാതനിൽ മറിയത്തെ കാണുന്നു, യൗസേപ്പിതാവിനെ കാണുന്നു. ഇപ്രകാരം തിരുക്കുടുംബം കാണുന്നവരുടെയും, പാർക്കുന്നവരുടെയും ഇരിക്കുന്നവരുടെയും ഒന്നിച്ചു നടക്കുന്നവരുടെയും സല്ലപിക്കുന്നവരുടെയും സ്നേഹിക്കുന്നവരുടെയും കൂട്ടവും കൂട്ടായ്മയുമായിരുന്നു. പുത്രനുവേണ്ടി ജീവിക്കുന്നവരുടെ കൂട്ടം; പുത്രനിൽ ജീവിക്കുന്നവരുടെ കൂട്ടായ്മ.

ഇതുതന്നെയാണ് ത്രിത്വജീവിതവും. പിതാവ് 'കാണുന്നു', പുത്രനെ. എല്ലായിടത്തും എല്ലായ്പോഴും എല്ലാവരിലും എല്ലാത്തിലും - സൃഷ്ടജാലങ്ങളിലെല്ലാം പുത്രന്റെ രൂപവും ബിംബവും കാണുന്നു. എല്ലാം പുത്രനുവേണ്ടിയും പുത്രനിലും സൃഷ്ടിക്കപ്പെട്ടുവെന്ന് വി.പൗലോസ് കൊളോ 1:16 ൽ പറയുന്നുണ്ടല്ലോ. പുത്രൻ പരിശുദ്ധാത്മാവിൽ 'കാണുന്നു' പിതാവിനെ. എല്ലായിടത്തും എല്ലായ്പോഴും എല്ലാവരിലും എല്ലാത്തിലും പിതാവിന്റെ മുഖം ദർശിക്കുന്നു; സ്വരം ശ്രവിക്കുന്നു. തന്നിൽ, മറ്റുള്ളവരിൽ, മറ്റുള്ളവയിൽ, സ്വർഗ്ഗത്തിൽ, ഭൂമിയിൽ പിതൃവദനം കാണുന്നു, സ്വരം കേൾക്കു

ന്നു. ദൈവത്തെ "സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും പിതാവേ" എന്ന് അഭിസംബോധന ചെയ്യുന്നു (ലൂക്കാ 10:21). മാനുഷിക സങ്കല്പത്തിൽ, പുത്രൻ ഇരിക്കുന്നു, പാർക്കുന്നു, സംഭാഷിക്കുന്നു. പിതാവിന്റെ വചനമാണല്ലോ പുത്രൻ. പിതാവ് പറയുന്നത് പ്രവർത്തിക്കുന്നു (യോഹ 5:30), പിതാവ് ചെയ്യുന്നത് ദർശിച്ചുകൊണ്ട് തതനുസൃതം ചെയ്യുന്നു (യോഹ 5:19-20).

2.3.4. രൂപകങ്ങളുടെ ലോകം

ദൈവദർശനത്തിൽ എല്ലാം രൂപകങ്ങളാണ്. പുത്രന്റെ ബിംബങ്ങളും പ്രതീകങ്ങളും പതിപ്പുകളും. പുത്രനെപ്പോലെ എന്നല്ല (അതാണല്ലോ ഉപമാലങ്കാരം); പുത്രനെപ്പോലെ തോന്നും എന്നല്ല (ഉൽപ്രേക്ഷ); പുത്രൻ തന്നെയാണ് (രൂപകം) എന്നാണ് വീക്ഷണം. ഇപ്രകാരമുള്ള കാഴ്ചപ്പാടും ദർശനവും ദൈവം ഈ അഗതിയായ വന് ദാനമായി നൽകി. എനിക്കും രൂപകത്തിന്റെ ലോകത്തിൽ ജീവിക്കുവാൻ മനോഗുണം ലഭിച്ചു. എന്റെ ലിഖിതങ്ങളിൽ രൂപകങ്ങളുടെ ലോകം നിറഞ്ഞുനിൽക്കുന്നത് നിങ്ങൾക്ക് കാണുവാൻ കഴിയും. വിവാഹവിരുന്നിന്റെ ഉപമയിൽ കല്ല്യാണവസ്ത്രമില്ലാതെയുള്ളവനായിരുന്നുവെങ്കിലും ഞാൻ അത് ചോദിച്ചു വാങ്ങുന്നവനായി (മത്താ 22:11-12; *ധ്യാനസല്ലാപങ്ങൾ* 13). സക്കൈ (സക്കൈവീസ്) യായ അടിയൻ (ലൂക്കാ 19:1-10) എന്നാണ് ഞാൻ സ്വയം വിശേഷിപ്പിച്ചത്. മുടിയനായ പുത്രൻ ഞാൻ തന്നെയായി. മുറി മണവറയായി. കൊവേന്ത ചെറിയ മോക്ഷമായി. ഗാഗുൽത്തായിലേക്കുള്ള ഗമനം വിവാഹാഘോഷയാത്രയായിരുന്നു എന്റെ വീക്ഷണത്തിൽ. കുരിശ് കർത്താവിന്റെ മണവറയും. പ്രാർത്ഥനാമുറിയിൽ ഞാൻ സീനായ്മല കണ്ടെത്തി. ഓശാനഗീതം പാടുന്ന പൈതലായിത്തീർന്നു ഞാൻ. "ഇതാ നിന്റെ പുത്രനായി" (കുരിശിൽ കിടന്നുകൊണ്ട് ഈശോ മാതാവിനോടു ഉദീരണം ചെയ്തത് എന്നെക്കുറിച്ചാക്കി ഞാൻ.) ഈശോയുടെ മുഖം താമരതന്നെയാണ്. (*'മുഖപദ്മം' ആത്മാനുതാപം* 3:55; *സൂക്തങ്ങൾ* 35:1). ചുരുക്കത്തിൽ എന്റെ ശൈലി രൂപകാലങ്കാരത്തിന്റേതായിരുന്നു. അതുപോലെയാണെന്നല്ല (ഉപമ) ഞാൻ പറഞ്ഞത്, അതുതന്നെയാണെന്നാണ്. ലോകത്തിലെ മറ്റുള്ള കുടുംബങ്ങൾ തിരുക്കുടുംബങ്ങൾ തന്നെയായിത്തീർന്നു, എനിക്ക്. അഥവാ അതിന്റെ രൂപകങ്ങളായി പകർന്നു. സഭാംഗങ്ങൾ എന്റെ കൂടപ്പിറപ്പുകളായി; സിസ്റ്റേഴ്സ് എന്റെ കുഞ്ഞുങ്ങളും. പ്രിയപ്പെട്ടവരേ, നിങ്ങളും രൂപകത്തിന്റെ ലോകത്തിൽ ജീവിക്കുവാൻ വിളിക്ക

പ്പെട്ടവരാണ്. അതൊരു മിസ്റ്റിക്കൽ ദർശനമാണ്. സ്വഭാവിക ലോജിക്കിന്റേതല്ല; ദൈവത്തിന്റെ ലോജിക്കിന്റേതാണ്.

ധ്യാനസല്ലാപങ്ങളിൽ ഞാൻ ഈശോയെ അപ്പനെന്നാണ് അഭിസംബോധന ചെയ്യുക. ദൈവശാസ്ത്രജ്ഞൻമാർ അതിൽ തെറ്റു കണ്ടെത്തിയേക്കാം. ചിന്ത മനുഷ്യന്റെ യുക്തിയിൽ നിന്ന് ഉരുത്തിരിയുന്നതത്രേ. ദൈവത്തിന്റെ കാഴ്ചപ്പാടിന്റേതല്ല. ഈശോയുടെ ലോകത്തിന്റെ വീക്ഷണമല്ല അത്. പ്രായോഗികവും പ്രയോജനകരവുമായ (practical and pragmatic) മാനുഷിക ചിന്തയാൽ നിങ്ങൾ ഭരിക്കപ്പെടരുത്. കർത്താവിന്റെ ദർശനത്തെ പുണരുവിൻ. അവിടുത്തെ ദൃഷ്ടിയിൽ ഒന്നാമൻ അവസാനത്തേവനത്രേ, നാഥൻ ശുശ്രൂഷകനും യജമാനൻ അടിമയും. കുരിശ് കിരീടമാണ്. പരാജയം വിജയമത്രേ. സഹനത്തിന്റെ വിനാഴിക മഹത്ത്വത്തിന്റെ മണിക്കൂറാണ് ഗുരുവരന്. സാധാരണ ലോകത്തിൽ നിങ്ങൾ ജീവിക്കുകയാണെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ല. ഈശോയിൽ ഞാൻ ഒരു നല്ല അപ്പന്റെ കാരുണ്യവും വാത്സല്യവും മറക്കുന്നതിനും പൊറുക്കുന്നതിനുമുള്ള മനോഭാവവും അനുഭവിച്ചറിഞ്ഞു. അപ്രകാരമാണ് കർത്താവ് എനിക്ക് സ്വയം വെളിപ്പെടുത്തിയത്. ആ ആദ്ധ്യാത്മികമായ അനുഭൂതിക്ക് മാനുഷികമായ വിധത്തിൽ ഭാഷ്യം നൽകുകയായിരുന്നു ഞാൻ - അല്ലാതെ ഒരു ദൈവശാസ്ത്രഗ്രന്ഥം രചിക്കുകയായിരുന്നില്ല. സൈദ്ധാന്തിക (dogmatic) ശാസ്ത്രം പഠിപ്പിക്കാൻ വേണ്ടിയല്ല *ധ്യാനസല്ലാപങ്ങൾ* രചിച്ചത്. ഈശോയുമായുള്ള എന്റെ ആത്മബന്ധവും വൈകാരികാനുഭൂതിയും അതേപടി ചിത്രീകരിക്കുന്ന ആദ്ധ്യാത്മിക കൃതിയായി മാത്രമേ അതിനെ വിലയിരുത്താവൂ. പ്രിയപ്പെട്ടവരേ, നിങ്ങൾ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന തിയോളജി അമൂർത്തവും ശുഷ്കവും വെറും ബൗദ്ധികവുമാവരുത്. പച്ചയായ മനുഷ്യന്റെ വ്യക്തിപരമായ അനുഭവങ്ങൾ ആവിഷ്ക്കരിക്കുവാൻ പര്യാപ്തമാകണം ദൈവശാസ്ത്രം.

ഈശോ എനിക്ക് അപ്പൻ മാത്രമായിരുന്നില്ല. അമ്മയും മണവാളനുമായി അവിടുന്നെനിക്ക് സ്വയം വെളിപ്പെടുത്തുന്നുണ്ട്. മണവാളനെന്ന ആശയം മറ്റൊരു സല്ലാപചിന്തയിൽ ഞാൻ പങ്കുവയ്ക്കാം. *ആത്മാനുതാപം* VII:343-345ലെ ഈരടികൾ ഉദ്ധരിക്കട്ടെ:

> "താതനെപ്പോലെ മമ പിന്നാലേ നടന്നു നീ
> ചൊല്ലി നീ മമ ചിത്തേ താതൻ ഞാൻമമ സ്നേഹം
> നല്ലൊരു മാതാവും നാമേ സുത സ്മരിക്ക നീ"

കർത്താവിന്റെ മുന്നറിയിപ്പ് നിങ്ങൾ മറക്കരുത്. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ ശിശുക്കൾക്കടുത്ത മനോഭാവം സ്വന്തമാക്കണം. ദൈവരാജ്യത്തിന്റെ രഹസ്യം ബുദ്ധിരാക്ഷസന്മാർക്കല്ല വെളിപ്പെടുത്തപ്പെടുക. വിജ്ഞാനികളിൽനിന്നും ബുദ്ധിമാന്മാരിൽനിന്നും അവിടുന്നത് മറച്ചുവയ്ക്കുന്നു. ശിശുക്കൾക്കു മാത്രം മനസ്സിലാക്കിക്കൊടുക്കുന്നു (ലൂക്കാ 10:21). കർത്താവിന്റെ മുൻപിൽ എന്നും ശിശുക്കളായി വ്യാപരിക്കുവിൻ. വിശന്നാൽ വിശക്കുന്നുവെന്ന് തള്ളയോട് പറഞ്ഞറിയിപ്പാൻകൂടിയും വശമില്ലാത്ത കുഞ്ഞുങ്ങളാകുവിൻ. അപ്പോൾ കർത്താവ് നമ്മൾ ഉറങ്ങിക്കിടന്നാലും ഉണർത്തി ആദ്ധ്യാത്മികമായ പോഷണം നൽകുവാൻ അമ്മയെപ്പോലെ ജാഗരൂകയായിരിക്കും. (*കത്തുകൾ* VII/10). ആ ആത്മീയാഹാരം ലഭിച്ചു കഴിയുമ്പോൾ എല്ലാം രൂപകങ്ങളായി നോക്കിക്കാണാനാകും. എങ്ങും ത്രിത്വകുടുംബങ്ങളെ ദർശിക്കാൻ വരം ലഭിക്കും. അതിനായി പ്രാർത്ഥിക്കുവിൻ.

2.4. സല്ലാപചിന്ത II - ഹൃദയത്തിൽ ഓർക്കുക

2.4.1. *എന്റെ അന്ത്യമൊഴികൾ*

എന്റെ അന്തിമവചസ്സുകളിൽ ഞാൻ നിരന്തരം അനുഷ്ഠിച്ചിരുന്ന ആറു കാര്യങ്ങൾ എടുത്തു പറഞ്ഞിട്ടുണ്ട്. ഈശോ മറിയം യൗസേപ്പ് എന്ന മഹാകുടുംബത്തെ എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ *കാണുകയും ഓർക്കുകയും വണങ്ങുകയും* ചെയ്തിരുന്നു. എന്റെ ആയുഷ്ക്കാലം മുഴുവൻ ഈ വി. ത്രിത്വത്തിലാണ് *ജീവിതം കഴിച്ചിരുന്നത്*. തിരുക്കുടുംബത്തിന്റെ കൂര്യാക്കോസ് എന്ന *നാമം ധരിക്കുകയും* ചെയ്തു. പ്രധാനപ്പെട്ട പ്രക്രിയകളായ ഓർക്കുക, വണങ്ങുക, നാമം ധരിക്കുക എന്നിവയെ മാത്രം പരിചിന്തനവിഷയമാക്കാം.

2.4.2. *ഓർക്കുന്ന ദൈവം*

സീറോ മലബാർ റീത്തിൽ കുർബ്ബാന ഒരു *ദുക്റാന* (ഓർമ്മ) യാണ്. *ഡ്സ്കർ* എന്ന ബിബ്ലിക്കൽ മൂലക്രിയ കർമ്മനിർഭരതയും ഊർജ്ജസ്വലതയും ഉൾക്കൊള്ളുന്നു. ദർശിക്കുകയും സ്പർശിക്കുകയും രുചിക്കുകയും ചെയ്തുകൊണ്ടുള്ള ആത്മാനുഭൂതിയും അറിവുമാണത്. ആസ്വദിക്കുക, വീണ്ടും വീണ്ടും ജീവിക്കുക എന്നീ ആശയങ്ങൾ ആ പ്രവൃത്തിയിൽ നിറഞ്ഞുനിൽക്കുന്നു .രക്ഷാചരിത്രം ദൈവത്തിന്റെ ഓർക്കലിന്റെ ചരിത്രമാണ്. ദൈവം നോഹയെയും ജീവജാലങ്ങളെയും അനുസ്മരിച്ചു (ഉത്പ 8:1). ആ ഓർമ്മ

അവിടുത്തെ പ്രവർത്തനസന്നദ്ധനാക്കി. ജലപ്രളയം അവസാനിപ്പിച്ചു; ഭൂമിയുണ്ടാക്കി നിവാസയോഗ്യമാക്കി. അതോടെ ഭൂമിയിൽ ഇറങ്ങുന്നതിനും സാധാരണ ജീവിതം നയിക്കുന്നതിനും വിശ്രമിക്കുന്നതിനും നോഹിനും കുടുംബാംഗങ്ങൾക്കും പക്ഷിമൃഗാദികൾക്കുമൊക്കെ സാധ്യമായിത്തീർന്നു. ഇപ്രകാരം ദൈവത്തിന്റെ ഓർക്കൽ രക്ഷക്കു വഴിതെളിച്ചു. ഈജിപ്തിൽ അടിച്ചമർത്തപ്പെട്ടവരുടെ വിലാപം ശ്രവിച്ചപ്പോൾ യാഹ്വെ അബ്രാഹത്തോടു ചെയ്ത ഉടമ്പടി ഓർത്തു. അതോടെ അവിടുന്ന് അടിമത്തത്തിന്റെ നാട്ടിലേക്ക് ഇറങ്ങിവന്ന് ഇസ്രായേൽ ജനത്തെ വിമോചിപ്പിച്ചു; വാഗ്ദാനദേശത്തേക്ക് ആനയിച്ചു; ഉടമ്പടീബന്ധം സ്ഥാപിച്ചു; ദേവാലയത്തിൽ അവരോടൊത്തു വസിച്ചു. ദൈവത്തിന്റെ ഓർക്കൽ രക്ഷാദായകം മാത്രമല്ല ശിക്ഷ വരുത്തിവയ്ക്കുന്നതുമാണ്. സങ്കീ. 130:3ൽ ഇപ്രകാരം അപേക്ഷിക്കുന്നു: "കർത്താവേ അങ്ങ് പാപങ്ങളെല്ലാം ഓർത്തിരുന്നാൽ ആർക്കാണ് തിരുസന്നിധിയിൽ നിൽക്കാനാകുക?" പാപങ്ങളെക്കുറിച്ച് അനുസ്മരിച്ചാൽ ദിവ്യനായ ന്യായാധിപന് അടങ്ങിയിരിക്കാനാകില്ല. പാപത്തിനു തക്ക ശിക്ഷ നൽകേണ്ടിവരും. തിന്മയ്ക്ക് കടിഞ്ഞാണിടുക നീതിമാനായ ദൈവത്തിന്റെ ധർമ്മമാണല്ലോ. അതുകൊണ്ടാണ് അവിടുത്തോട് പാപങ്ങളൊന്നും ഓർക്കരുതെന്ന് സങ്കീർത്തകൻ യാചിക്കുന്നത്. യാഹ്വെ വന്ധ്യയായ റാഹേലിനെ ഓർത്തു (ഉത്പ 30:22). അപ്പോൾ അവൾക്ക് ഒരു പുത്രനെ നൽകി. മക്കളില്ലാതിരുന്ന ഹന്നായുടെ വേദന അനുസ്മരിച്ചപ്പോൾ (1 സാമു 1:11,19) ഒരു പുത്രനെ നൽകി അവളെ അനുഗ്രഹിച്ചു. തന്റെ കരുണയെയും വിശ്വസ്തതയെയും സ്ഥിരതയെയും നന്മയെയും ദൈവം ഓർക്കുന്നതായി ബൈബിളിൽ പലയിടത്തും പ്രസ്താവിക്കുന്നുണ്ട്. അത്തരം അനുസ്മരണം മനുഷ്യനോട് ക്ഷമിക്കുവാനും പൊറുക്കുവാനും സഹതപിക്കുവാനും കോപിക്കാതിരിക്കുവാനും അവിടുത്തെ പ്രേരിപ്പിക്കുന്നു.

2.4.3. ഓർമ്മിപ്പിക്കുന്ന ദൈവം

ദൈവം ഓർക്കുന്നവൻ മാത്രമല്ല. ഓർമ്മിപ്പിക്കുന്നവനും കൂടിയാണ്. ഇസ്രായേൽജനത്തോട് യാഹ്വെ ആവശ്യപ്പെടുന്നു. "നിങ്ങൾ സാബത്തുദിവസം ഓർക്കണം; അതിനെ വിശുദ്ധമായി ആചരി

അടിമകളായിരുന്നെന്ന വസ്തുത ഓർക്കുക. നിങ്ങളുടെ കർത്താവായ ദൈവം ശക്തമായ കരത്തോടും നീട്ടപ്പെട്ട ഭുജത്തോടുംകൂടി നിങ്ങളെ അവിടെനിന്ന് പുറപ്പെടുത്തിക്കൊണ്ടുവന്നു" (നിയമാ 5:15). ആ വിമോചനകർമ്മം വീണ്ടും ജീവിക്കുവാൻ കടപ്പെട്ടവരാണവർ. ഇത്തരം അനുസ്മരണത്തെക്കുറിച്ച് ദൈവം അവരെ വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നുണ്ട് (നിയമാ 15:15; 16:12; 24:18, 22). ഏശാ 44:21 ൽ യാഹ്വെ അരുളിച്ചെയ്യുകയാണ്: "യാക്കോബേ, ഇക്കാര്യങ്ങൾ ഓർക്കുക. ഇസ്രായേലേ, ഓർമ്മിക്കുക. നീ എന്റെ ദാസനാണ്. ഞാൻ നിന്നെ സൃഷ്ടിച്ചു. നീ എന്റെ ദാസൻ തന്നെ. ഇസ്രായേലേ ഞാൻ നിന്നെ വിസ്മരിക്കുകയില്ല." ബാബിലോണിലെ അടിമത്തത്തിൽ നിരാശരായി കഴിയുകയായിരുന്നു അവർ. ദൈവം പൂർവ്വകാലം മുതൽ തങ്ങളോടു ചെയ്ത കാരുണ്യപ്രവൃത്തികൾ അവർ അനുസ്മരിക്കണം. അവ വീണ്ടും അനുഭവിച്ചറിയണം; പുനർജീവിക്കണം. അപ്പോൾ കാരുണ്യവാനായ കർത്താവിൽ അവർ സമാശ്രയിക്കും. അവിടുത്തോട് സ്നേഹവും നന്ദിയും വിശ്വസ്തതയും പ്രകടിപ്പിക്കും. രക്ഷയുടെ ആനന്ദവും മാധുര്യവും ആസ്വദിക്കുമ്പോൾ ഇസ്രായേൽ ദൈവസ്വാതന്ത്ര്യത്തിന്റെ മക്കളാകും.

2.4.4. ഓർമ്മിപ്പിക്കുന്ന മനുഷ്യൻ

ദൈവത്തെ ഓർമ്മിപ്പിക്കുക മനുഷ്യന്റെ കർത്തവ്യമാണ്. മോശെ യാഹ്വെയോടാവശ്യപ്പെടുന്നു, ഇസ്രായേൽ അവിടുത്തെ ജനതയാണെന്ന് അനുസ്മരിക്കുവാൻ (പുറ 33:13). തിരഞ്ഞെടുക്കപ്പെട്ട ജനം പാപം ചെയ്തപ്പോൾ ദൈവം കോപാകുലനായി, അവരെ ശിക്ഷിക്കുവാനൊരുങ്ങി. അപ്പോൾ മോശെ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ട് അപേക്ഷിക്കുകയാണ്: ദാസരായ അബ്രാഹത്തെയും ഇസഹാക്കിനെയും യാക്കോബിനെയും ഓർക്കണമേ. ഈ ജനത്തിന്റെ പിടിവാശിയെയും ദുഷ്ടതയെയും പാപത്തെയും കണ്ടില്ലെന്നു നടിക്കണമേ (നിയമാ 9:27). അന്ധനും അശക്തനുമായിത്തീർന്ന് ബന്ധനസ്ഥനായി കഴിഞ്ഞ സാംസൺ ഇപ്രകാരം പ്രാർത്ഥിച്ചു: "സർവ്വാധിപനായ കർത്താവേ, എന്നെ അനുസ്മരിക്കണമേ. ദൈവമേ, ഒരിക്കൽക്കൂടി എന്നെ ശക്തനാക്കണമേ." (ന്യായാ 16:28). ദേവാലത്തിന്റെ പ്രതിഷ്ഠാവേളയിൽ സോളമൻ അർത്ഥിക്കുകയാണ്, "അങ്ങയുടെ ദാസനായ ദാവീദിനോട്

പിടിച്ചടക്കുവാൻ മടിച്ചുനിന്ന ജനത്തെ മോശെ ധൈര്യപ്പെടുത്തുന്നു. "നിങ്ങളുടെ ദൈവമായ കർത്താവ് ഫറവോയോടും ഈജിപ്തിനോടും ചെയ്തവ അനുസ്മരിക്കുവിൻ." (നിയമാ 7:18). ദാവീദിന്റെ കൃതജ്ഞതാകീർത്തനത്തിൽ അദ്ദേഹം ഉദ്ഘോഷിക്കുകയാണ്: "കർത്താവു പ്രവർത്തിച്ച അത്ഭുതങ്ങളും അതിശയങ്ങളും അരുൾചെയ്ത ന്യായവിധികളുമെല്ലാം ഓർക്കുവിൻ!" (1 ദിനാ 16:12). ദൈവത്തിന്റെ രക്ഷാകർമ്മങ്ങൾ അനുസ്മരിക്കുമ്പോൾ മനുഷ്യഹൃദയം നന്ദിയാലും സ്നേഹത്താലും ആരാധനാപ്രകരണങ്ങളാലും നിറയും. ദൈവത്തോട് വിശ്വസ്തനായിരിക്കുവാൻ ഉത്തേജിപ്പിക്കപ്പെടും. പ്രവാചകന്മാർ ഇസ്രായേലിനെ ദൈവത്തിന്റെ ചെയ്തികളും അവരുടെ അവിശ്വസ്തതകളും ഓർമ്മിച്ചവരാണ്. അതുവഴി ജനം അനുതപിക്കുകയും ദൈവത്തിലേക്ക് തിരിയുകയും ചെയ്യുമെന്ന് അവർ പ്രതീക്ഷിച്ചു.

2.4.5. ഓർമ്മയുടെ തിരുന്നാൾ

വിമോചനത്തിന്റെ അന്തരാത്മാവായ പെസഹാ തിരുനാളിനെ ദുക്റാനയായി തലമുറതോറും കൊണ്ടാടണമെന്ന് യാഹ്വെ നിർദ്ദേശിക്കുന്നുണ്ട് (പുറ 12:14). ആ അനുസ്മരണസംഭവം പുനർജീവിക്കുകയും അനുഭവിച്ചാസ്വദിക്കുകയും ചെയ്യുമ്പോഴാണ് അവർ രക്ഷയുടെ മക്കളായിത്തീരുക; ദൈവത്തെ പ്രകീർത്തിക്കുന്ന കൂട്ടായ്മയായി ഭവിക്കുക. പഴയനിയമത്തിലെ പെസഹാവിരുന്നിന്റെ പരിപൂർത്തിയാണ് നവ്യഉടമ്പടിയെന്ന സ്നേഹഭോജനം. വിശുദ്ധ കുർബ്ബാന സ്ഥാപിച്ചുകൊണ്ട് ഈശോ അരുളിച്ചെയ്തു: "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" (ലൂക്കാ 22:19). കർത്താവിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്ക്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യങ്ങളുടെ അനുസ്മരണമാണത്. അവനമ്മെ പ. ത്രിത്വത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും (ഏറ്റുപറച്ചിൽ) ആരാധനയും അർപ്പിക്കുന്നതിന് പ്രചോദനമേകുന്നു.

2.4.6. കുർബാനയുടെ ഓർമ്മ

കുർബ്ബാനയിൽ ഈശോയുടെ ഓർമ്മ എട്ടുപ്രാവശ്യം പ്രഘോഷിക്കുന്നുണ്ട്:

- പീഡകളുടെയും മരണത്തിന്റെയും സംസ്ക്കാരത്തി

- "എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" (സ്ഥാപകവചസ്സുകൾക്കുശേഷം).

- "അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളുടെ ഓർമ്മയാചരണത്തിൽ...." (നാലാം പ്രണാമജപം).

- ...."ഈശോമിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്ക്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും.... രഹസ്യത്തെ.... അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നു" (നാലാം പ്രണാമജപം).

- ....അവിടുത്തെ പീഡാനുഭവത്തെ അനുസ്മരിക്കാം." (അനുരജ്ജനത്തിന്റെ കാറോസൂസ).

- നമ്മോടുള്ള കൃപ നാമെല്ലാവരും അനുസ്മരിക്കാൻ വേണ്ടി അവിടുന്ന് വിശുദ്ധ രഹസ്യങ്ങൾ നമ്മെ ഭരമേല്പിച്ചു." (അനുരജ്ജനത്തിന്റെ കാറോസൂസ).

കുർബ്ബാന കർത്താവിന്റെ ദിവ്യരഹസ്യങ്ങളുടെ അനുസ്മരണം മാത്രമല്ല. അവിടുത്തെ പീഡാനുഭവത്തിലും മരണത്തിലും സംസ്ക്കാരത്തിലും ഉത്ഥാനത്തിലും പങ്കുചേരുകയും അവ ജീവിക്കുകയും, അതുവഴി ദിവ്യരഹസ്യങ്ങളുടെ സജീവ ഓർമ്മകളായിത്തീരുകയും ചെയ്ത പരിശുദ്ധ കന്യകാമറിയത്തെയും (രണ്ടു പ്രാവശ്യം), മാർ തോമാശ്ലീഹായെയും, നീതിമാന്മാരെയും രക്തസാക്ഷികളെയും സഭാപിതാക്കന്മാരെയും അൾത്താരയിൽ അനുസ്മരിക്കുന്നുണ്ട്. അതുപോലെ സത്യവിശ്വാസത്തോടെ ഇഹലോകം വെടിഞ്ഞവരുടെയും ദുക്റാനാ ആചരിക്കുന്നു.

2.4.7. ഞാൻ ദിവ്യാനുസ്മരണത്തിന്റെ മനുഷ്യൻ

ഇപ്രകാരം ബൈബിളിന്റെയും ആരാധനക്രമത്തിന്റെയും അന്തരാത്മാവായ ഓർമ്മയെന്ന ആശയം എന്റെ കൃതികളിൽ നിറഞ്ഞു നിൽക്കുന്നത് നിങ്ങൾക്കു കാണാനാകും. ഓർമ്മയുടെ മനുഷ്യനായിരുന്നു ഞാൻ. ദൈവത്തെയും തിരുക്കുടുംബത്തെയും സദാ ഓർക്കുകയും വണങ്ങുകയും ചെയ്തവൻ. ആ ഓർമ്മക്കു വേണ്ടി തിരുക്കുടുംബത്തിന്റെ നാമം ധരിച്ചവൻ. മനുഷ്യരെയും ഞാൻ നിരന്തരം അനുസ്മരിച്ചുകൊണ്ടു ജീവിച്ചു. ഉപകാരികളെ മാത്രമല്ല നന്ദിപൂർവ്വം ഞാൻ ഓർത്തത്. ഉപദ്രവിച്ചവരെയും അനുസ്മരിച്ചുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അപ്രകാരം

ആത്മാനുതാപം ഒന്നും രണ്ടും പാദങ്ങൾ എന്റെ ഓർമ്മകളുടെ കഥയാണ്. ദൈവം എന്നെ ഓർത്തതിന്റെയും, ഞാൻ ദൈവത്തെ ഓർക്കുന്നതിന്റെയും, ഓർക്കുവാൻ ഈശോ എന്നോട് ആവശ്യപ്പെടുന്നതിന്റെയും, ഞാൻ കന്യാകാമാതാവിനെ ഓർക്കുന്നതിന്റെയും, അമ്മയോട് എന്നെ ഓർക്കുവാൻ അപേക്ഷിക്കുന്നതിന്റെയും, മാർ യൗസേപ്പിതാവിനോട് ഓർക്കുവാൻ യാചിക്കുന്നതിന്റെയും, വിവരണങ്ങളാണത് - ഏതാനും ഉദാഹരണങ്ങൾ നല്കാം.

ദൈവം എന്നെ ഓർക്കുന്നു:

"കാരുണ്യമോടെയക്കാലമെന്നെ നീ
കരുതി നന്നായ് സ്മരിച്ചു രക്ഷിച്ചല്ലോ (I: 31-32).

ഞാൻ ഓർക്കുന്നു:

"ഇച്ചെയ്ത ഗുണമഹത്ത്വമോർക്കുമ്പോൾ
ഇക്കരുണയ്ക്കു കൈമാറെന്തു നാഥാ? (I:37-38).
"എന്നതിനെന്തു മൂലമെന്നോർക്കുന്നേരം
നന്ദിഹീനനായിട്ടുമെന്റെ മേലുള്ള സ്നേഹം"
(II: 59-60)
"എന്നുടെ ഹൃദയമേ, സ്മരിക്ക നിന്റെ കൃതി
നന്ദിഹീനതയെത്രയെന്നതു മോർത്തീടുക"
(II: 63-64)

ഈശോ എന്നോട് ഓർമ്മയുടെ മനുഷ്യനാവാൻ ആവശ്യപ്പെടുന്നുണ്ട്.

"ചൊല്ലി നീ മമചിത്തേ താതൻ ഞാൻ മമ സ്നേഹം
നല്ലൊരു മാതാവും നാം മേസുതാ സ്മരിക്ക നീ"
(ആത്മാനുതാപം , VII: 344-345)

ഞാൻ താതനായ തന്റെ സ്നേഹവും നല്ല മാതാവായ തന്റെ വാത്സല്യവും വീണ്ടും വീണ്ടും ജീവിക്കുകയും, നന്ദിയും സ്നേഹവും വിശ്വസ്തതയും പ്രകടിപ്പിക്കുകയും ചെയ്യണമെന്നാണ് അവിടുത്തെ ആഗ്രഹം.

മനുഷ്യാവതാര സംഭവത്തിലെ രംഗങ്ങളോരോന്നും കാണുവാൻ ആഗ്രഹിച്ചവനാണ് ഞാൻ (*ആത്മാനുതാപം*, മൂന്നാംപാദം). ബെത്ലെഹം ഗുഹയിൽ നടന്ന ദൃശ്യങ്ങൾ വിവരിക്കുന്നതിനിടയ്ക്ക് ഈശോയെ ദൈവമെന്ന് അഭിസംബോധന ചെയ്തുകൊണ്ട് ഞാൻ അപേക്ഷിച്ചു:

"അൻപുള്ള ദൈവമേ, നിൻതിരുമുൻപിൽ
അല്പനാമെന്നെ നീ ഓർത്തീടേണം"

(*ആത്മാനുതാപം* III/ അനുബന്ധം: 39-40)

ഈശോയുടെ തിരുപ്പിറവി ഹൃദയത്തിൽ ഓർത്ത് ആ ദിവ്യരഹസ്യം ഞാൻ സാത്മീകരിച്ചു.

"അപ്പിറവിയും സർവ്വനായകമോർത്തീടുകീ-
ലിപ്പോലെയൊരു ദുഃഖപ്പിറവിയുണ്ടാകില്ല"

(II: 181-182).

അവിടുത്തോടുള്ള എന്റെ മറ്റൊരു യാചന ഇപ്രകാരമാണ്.

"സുന്ദരാ നിന്റെ മാതൃദാസനെന്നോർത്തീടുക"

(II: 244).

ഈശോയെ സുന്ദരാ എന്ന് അഭിഷേകം ചെയ്തുകൊണ്ട് ഞാൻ മഹാപാപിയും നന്ദിഹീനനുമാണെങ്കിലും അങ്ങയുടെ കന്യകാമാതാവിന്റെ ദാസരാണെന്ന കാര്യം മറന്നുപോകരുതെന്ന് ഓർമ്മിപ്പിക്കുകയാണ്.

മാതാവിനെ ഓർക്കുന്നു:

"എങ്കിലുമമനീയേ മറന്നീടരുതല്ലോ
ചങ്കിതിൽ നിന്റെയോർമ്മ എപ്പോഴുമുണ്ടുതാനും"

(II: 247-248).

"എങ്കിലും മറന്നയ്യോ നിന്നെഞാൻ നന്ദിഹീനൻ
മങ്കയാം മനോഹരീ, എന്നെ നീ മറക്കുമോ?"

(II: 249-250).

"മാതാവേ മമ നാഥേ ദാസനെന്നോർത്തീ
ടേണം"(II: 205).

അന്ത്യവിധിയെ സ്മരിച്ചപ്പോൾ ഞടുങ്ങി വിറച്ചവനാണ് ഞാൻ. എന്നാൽ അമ്മയുടെ പക്കൽ അഭയം തേടിക്കൊണ്ട് മാതാവിനെ എന്റെ ഭയാശങ്കകൾ അറിയിച്ചു:

"അയ്യയ്യോ മമതായേ, അടിയൻ സ്മരിക്കുമ്പോൾ
അയ്യയ്യോ ഭയത്തിനാൽ ഞടുങ്ങുന്നമ്മേ, നാഥേ"

(*ആത്മാനുതാപം* VI: 201-202)

"മന്നിൽനിന്നകന്നിട്ടും നേരത്തിൽ വിശേഷമാ
എന്നെ നീയോർത്ത് നിന്റെ പുത്രനടപേക്ഷിച്ച്
നല്ലൊരു മൃത്യുതന്നു രക്ഷിക്ക മമതായേ"

(*ആത്മാനുതാപം* IV: 208-210).

കടശിയപേക്ഷയിൽ മരണത്തെയും വിധിയെയും കുറിച്ചുള്ള ഓർമ്മ എന്നെ അവശനാക്കിയപ്പോൾ കന്യകാമാതാവിനെ ഞാൻ അഭയം ഗമിച്ചു. നാഥയുടെ ദയനിറഞ്ഞ തിരുമുഖവും നയനങ്ങളും ദൃശ്യ മാക്കുവാൻ അപേക്ഷിച്ചു (13-16); തന്റെ കരുണയെക്കുറിച്ച് ധ്യാനിച്ചു (20); അമ്മ കരുണയുടെ നികേതനമാണെന്ന് ശരണപ്പെട്ടു (22). ഞാൻ യൗസേപ്പിതാവിനെ ഓർക്കുന്നു, ഓർക്കുവാനപേക്ഷിക്കുന്നു:

"മേപ്രിയ താതൻ നീയേ, യോർത്തുനിൻ ദാസനെന്നെ
ചേർത്തുനിൻ സുതൻ പക്കലണച്ചിടേണമെന്നെ"

(*ആത്മാനുതാപം* IV: 201-202).

ധ്യാനസല്ലാപത്തിൽ ഞാൻ ഇപ്രകാരം അപേക്ഷിച്ചു: "എന്റെ ദയയുള്ള പിതാവേ, എന്റെ ഭയങ്ങളൊക്കെയും കുറയ്ക്കുന്നതിന് എന്റെ പിതാവും മദ്ധ്യസ്ഥനുമായിരിക്കുന്ന നിന്നെക്കുറിച്ചുള്ള ഓർമ്മ എന്ന വഴി മാത്രം എന്നെ ഉറപ്പിക്കുന്നു."

ദൈവവും ഈശോയും അമ്മയും യൗസേപ്പിതാവും എന്നിൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾ ഞാൻ അനുസ്മരിച്ചപ്പോൾ ആ കൃപാദാനങ്ങൾക്കനുസൃതം ജീവിക്കാതിരുന്നതിനെക്കുറിച്ച് ഞാൻ ഓർക്കുകയും വിലപിക്കുകയും ചെയ്തു.

"ദുഷ്ടനാമടിയനീ നന്ദിയോർക്കാതെ...."

(*ആത്മാനുതാപം* II: 267).

"എത്രയോ കഷ്ടമയ്യോ മേപാപമോർക്കും വിധോ
ശത്രുവായി ചമച്ചുഞാൻ മേ പിതൃ സർവ്വേശനെ
എന്നതു നിനയ്ക്കുമ്പോൾ ഇന്നിവർ ചെയ്ത കുറ്റ-
മെന്നതിൽ മഹാകഷ്ടമെന്നുടെ നന്ദിഹീനം"

(*ആത്മാനുതാപം* IV: 197-200).

തിരുപ്പിറവിക്ക് ഇടം നൽകാൻ വിസമ്മതിച്ച ബേത്‌ലെഹം നിവാസി കളുടെ ദുഷ്ടതയേക്കാൾ എത്രയോ അധികമാണ് നന്ദിഹീനനും പാപിയുമായ എന്റേത്!

ആത്മാനുതാപം എന്ന കൃതി ഓർമ്മയുടെ തുടർക്കഥയാ ണെന്ന് പറഞ്ഞുവല്ലോ. ഒന്നും രണ്ടും പാദങ്ങളിൽ ദൈവം എന്നോടു ചെയ്തവ ഞാൻ ഓർക്കുന്നു. മൂന്നാം പാദത്തിൽ തിരുപ്പിറവിയെ അനുസ്മരിക്കുന്നു, അഥവാ പുനർജീവിക്കുകയും സാംശീകരിക്കു കയും ചെയ്യുന്നു. 4-9 പാദങ്ങൾ ഈശോയുടെ ജീവിതകഥ ഓർമ്മി ക്കലാണ്. 10-12 ഉത്ഥാനശേഷമുള്ള അമ്മയുടെ ജീവിതത്തിന്റെ അനു സ്മരണവും.

2.4.8. ഞാൻ മനുഷ്യാനുസ്മരണത്തിന്റെ തനയൻ

അനുസ്മരിക്കലിന്റെ ദൈവികതലത്തിൽ ഞാൻ വ്യാപരിച്ച പ്പോൾ അതിന്റെ സമാന്തരമേഖലയിലേക്ക് തിരിയുക സ്വാഭാവിക മാണല്ലോ. മനുഷ്യരിലൂടെയാണ് സർവ്വേശ്വരൻ പ്രവർത്തിക്കുന്നത്. തന്റെ ഐഹികനന്മ അവിടുന്ന് അവരിലൂടെ വാരിവിതറുന്നു. അക്കാ ര്യത്തെക്കുറിച്ച് ആഴമായ അനുഭവജ്ഞാനം എനിക്കുതന്ന കർത്താ വിനെ ഞാൻ വാഴ്ത്തട്ടെ. എന്റെ കൂടപ്പിറപ്പുകളും കുഞ്ഞുങ്ങളു മായ നിങ്ങളും ഓർക്കലിന്റെ മക്കളാകണം. ദൈവത്തെ ഓർക്കുന്ന വരും, അവിടുത്തെ ഉപകരണമായ മനുഷ്യരെ അനുസ്മരിക്കുന്ന വരും. നമ്മുടെ കുർബ്ബാനയുടെ ഭാഷയിൽ നിങ്ങളും എന്നെപ്പോലെ ദുക്റാനകളാകണം.

ഞാനെഴിതിയ *നാളാഗമം* വായിച്ചാൽ നിങ്ങൾക്ക് ഒരു കാര്യം ബോദ്ധ്യമാകും. എത്രയെത്ര വ്യക്തികളെയാണ് ഞാൻ പേരെടുത്തു പറഞ്ഞ് അനുസ്മരിക്കുന്നതെന്നോ! ആ കൃതിയെ ഓർമ്മക്കലിന്റെ ഗ്രന്ഥമെന്ന് വിശേഷിപ്പിക്കാനാകും. ആശ്രമസ്ഥാപനത്തിൽ ധനം കൊണ്ടും വസ്തുവഹകൾകൊണ്ടും അദ്ധ്വാനംകൊണ്ടും മറ്റുസേ വനങ്ങൾ കൊണ്ടും സഹകരിച്ചവരുടെ ഒരു പട്ടികതന്നെ ഞാൻ അവതരിപ്പിക്കുന്നു. ചില ഉദാഹരണങ്ങൾ ഉദ്ധരിക്കാം.

- ആയിരംപറ നെല്ലുതന്ന നാരകത്ത്രയിൽ ലൂക്കാ കത്തനാരച്ചൻ
- പതിനായിരം ചക്രം തന്ന തെക്കേടത്തു പീലിപ്പോസച്ചൻ
- സ്ഥലമന്വേഷണത്തിൽ സഹായിച്ച പള്ളിപ്പുറം ഇടവകയിൽ കല്ലൂക്കൽ ഇട്ടിയയ്യിപ്പ്, ഈഴവനായ കിട്ടൻ, പെരിയപുറത്തു മാത്തൻ, മംഗലത്തു ചാണ്ടിക്കത്തനാരച്ചൻ.
- മാന്നാനം കുന്ന് വെട്ടിത്തെളിയിച്ചതിൽ സഹായിച്ച ഓശനാരു മേത്തൻ, കൊച്ചുപുര, പീടികയ്ക്കൽ, പോവെനി, തറെൻ, മലെൻ (പുലയന്മാർ)
- അന്നേരം താമസിക്കാൻ ഇടംതന്ന ഇട്ടിമാത്തൻ മാപ്പിള
- ഞങ്ങൾക്കും ജോലിക്കാർക്കും ഭക്ഷണം കൊടുത്തയച്ച പെരു മാലിൽ തരകൻ
- രാത്രി കിടക്കുവാൻ ഉപയോഗിച്ച കളപ്പുരയുടെ ഉടമസ്ഥനായ ചീറ്റേഴത്ത് ഈച്ചരച്ചാര്
- മാന്നാനത്തു സ്ഥാപിച്ച ക്രമത്തിൽ പങ്കുകൊണ്ട പാലായിലെ ഉള്ളാട്ടുതറ ശെമ്മാശ്ശൻ
- പതിനായിരം ചക്രം തന്ന എടത്വാപള്ളി

ഒരു കാര്യം ഞാൻ നിങ്ങളെ ഓർപ്പിക്കട്ടെ. സ്ഥലസമയനാമങ്ങളടങ്ങിയ ഈ വിവരങ്ങളെല്ലാം അന്ന് ഞാൻ എഴുതിയത് പിന്നീടാണ്. അതൊക്കെ ആലേഖനം ചെയ്യുവാൻ പറ്റിയ സന്ദർഭമായിരുന്നില്ലല്ലോ അന്നൊക്കെ. എല്ലാം ഓർമ്മയിൽ സൂക്ഷിച്ച് പിന്നീടാണ് ഞാൻ നാളാഗമത്തിൽ കുറിച്ചത്. ചില പേരുകൾ എഴുതുന്ന സമയത്ത് ഓർമ്മയിൽ വരാത്തതിനാൽ അവ എഴുതിചേർക്കാൻ സ്ഥലം ഇട്ടിട്ടുള്ളത് നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലോ. *നാളാഗമം* മുഴുവൻ നിറഞ്ഞുനില്ക്കുന്ന വ്യക്തികളുടെയും അവർ നല്കിയ സംഭാവനകളുടെയും മറ്റും വിവരങ്ങൾ ദിവസങ്ങൾ നീണ്ടു നില്ക്കുന്ന യാത്രകൾ കഴിഞ്ഞശേഷം മാന്നാനത്ത് തിരിച്ചെത്തിയശേഷമാണ് എഴുതിയതെന്നോർക്കുക. കൂടപ്പിറപ്പുകളേ, കുഞ്ഞുങ്ങളേ, എന്റെ മാതൃക നിങ്ങൾ അനുകരിക്കുവിൻ. ഓർമ്മയുടെ മനുഷ്യരായാൽ നിങ്ങളുടെ ഹൃദയവും ദൈവത്തോടും മനുഷ്യരോടുമുള്ള നന്ദിയാലും സ്നേഹത്താലും നിറയും. അപ്പോൾ ദൈവസാക്ഷാത്കാരവും ആത്മസാക്ഷാത്കാരവും കൈവരും, തീർച്ച.

മരിക്കുന്നതിനുമുമ്പ് ചില കാര്യങ്ങൾ ഓർത്തിരിക്കുവാൻ നിങ്ങളെ ഞാൻ കടപ്പെടുത്തിയിട്ടുണ്ട്.

- "പരിശുദ്ധ കുർബ്ബാന കൈകൊണ്ട് കർത്താവിന്റെ സ്നേഹത്തെ ഓർക്കണം" (*കത്തുകൾ* VII/ 6; *സൂക്തങ്ങൾ* 38:1).

- "ആരാനും ചെയ്ത ദോഷമോർത്ത് സന്തോഷിക്കരുത്" (*കത്തുകൾ* VII/3; *സൂക്തങ്ങൾ* 38:2)

- "ആരാനും ചെയ്ത പുണ്യമോർത്ത് സന്തോഷിക്കുവിൻ" (*കത്തുകൾ* VII/3; *സൂക്തങ്ങൾ* 38:3).

- "(വിശുദ്ധരുടെ) പുണ്യങ്ങളും അനുതാപകൃത്യങ്ങളും ഓർത്ത് സന്തോഷിച്ച് കാഴ്ചവയ്ക്കുക" (*കത്തുകൾ* VII/3; *സൂക്തങ്ങൾ* 38:4).

- "സ്നേഹമണവാളന്റെ സ്വരം എത്രയോ മധുരമുള്ളതെന്നോർക്കുവിൻ" (*കത്തുകൾ* VII/7; *സൂക്തങ്ങൾ* 38:5).

- "സർവ്വേശ്വരൻ നമ്മുടെ കർത്താവ് എങ്ങിനെ നമ്മുടെ കാര്യങ്ങൾ വിചാരിച്ചു നടത്തുന്നു എന്ന് ഓർപ്പിൻ" (*കത്തുകൾ*, VII/2; *സൂക്തങ്ങൾ* 38:6).

- "ഒന്നോർത്തുകൊൾവിൻ. നമ്മുടെ കാരണവന്മാർ നെസ്തോറിയസിന്റെ ശീശ്മയിൽ ആകാതിരിക്കാൻ മെനെസിസ് മെത്രാപ്പൊലീത്താഅച്ചനും, പോർച്ചുഗീസ് രാജധാനിയിൽ നിന്നും,

ആകമാനമായി ഈശോ സഭക്കാരും നമ്മെപ്രതി ചെയ്ത ഉപകാരം നാം ഓർപ്പാൻ കടം" (*കത്തുകൾ* VII/4; *സൂക്തങ്ങൾ* 38:7)

- "ബെർണർദീനോസ് മെത്രാപ്പൊലീത്താഅച്ചൻ, പീലിപ്പോസ്, മർസ്സിനോസ്, ലെയോൾപ്പോൾദ് എന്ന ഈ നാലുപേരെയും പ്രത്യേകം നമ്മുടെ ജപങ്ങളിൽ നന്ദിയോടെ ഓർപ്പാൻ കടമായിരിക്കുന്നു." (*കത്തുകൾ* VI/4; *സൂക്തങ്ങൾ* 38:8).

- "ഇറ്റലിയിലെ ആക്കുയിൽ എന്ന സ്ഥലത്തുള്ള പ്രേരു ബെക്കാതെ എന്ന തറവാട്ടിനെ പ്രത്യേകം നിങ്ങൾ ദൈവത്തിൻ പക്കൽ ഓർമ്മിച്ചു കൊള്ളണം" (*കത്തുകൾ* VI/4; *സൂക്തങ്ങൾ* 38:9).

- "അപ്രകാരം തന്നെ (വാഴക്കുളം) കർമ്മല (ആശ്രമക്കാർ) പാറായിയുടെയും, എൽത്തുരുത്തുകാർ തരകന്റെ കല്ലൂക്കാരന്റെയും, അമ്പഴക്കാട്ടുകാര് അമ്മ (ത്രേസ്യാ)ക്കായി (സ്ഥലം) തന്ന ഇട്ടുപ്പിന്റെയും ഓർമ്മക്കാരാകണം" (*കത്തുകൾ* VI/4; *സൂക്തങ്ങൾ* 38:10).

ഓർപ്പിക്കലിനെക്കുറിച്ചുള്ള സല്ലാപചിന്ത എന്നെപ്പറ്റി കൂനമ്മാവ് മഠത്തിലെ നാളാഗമങ്ങൾ രണ്ടാം പുസ്തകം പേജ് 22 ൽ എഴുതിയിരിക്കുന്ന വാക്യം ഉദ്ധരിച്ചുകൊണ്ട് ഉപസംഹരിക്കാം. "നമ്മുടെ പിതാവ് ജീവിതകാലത്തിൽ സമ്പൂർണ്ണ അനുസരണചൈതന്യത്തിൽ ജീവിച്ചതിനാൽ അതിന്റെ ഓർമ്മ തന്റെ മരണനേരത്തുപോലും ആശ്വാസവും സന്തോഷവും പ്രദാനം ചെയ്തു. എന്നിൽ വിളങ്ങിയിരുന്ന അധികാരികളോടുള്ള പൂർണ്ണ വിധേയത്വത്തിന്റെ ഓർമ്മയെക്കുറിച്ചാണ് അവിടെ എടുത്തു പറഞ്ഞിരിക്കുന്നത്. സഭയിലെ അധിപന്മാരിൽ ഞാൻ ദൈവത്തെയാണ് ദർശിച്ചത്. തന്മൂലം എന്റെ ചൊൽവിളി അവികലമായിരുന്നു. ആ സത്യത്തെക്കുറിച്ചുള്ള അനുസ്മരണം അന്ത്യവേളയിൽ എനിക്ക് ആശ്വാസവും സന്തോഷവും നല്കി.

കൂടപ്പിറപ്പുകളേ, കുഞ്ഞുങ്ങളേ, ഞാൻ വീണ്ടും നിങ്ങളെ അനുസ്മരിപ്പിക്കുന്നു. എന്നെപ്പോലെ നിങ്ങളും ഓർമ്മയുടെ മനുഷ്യരാകുവിൻ. അപ്പോൾ നമ്മുടെ സഭകളുടെ ആദിമ ചൈതന്യം വീണ്ടെടുക്കാനാകും, തീർച്ച.

2.5. സല്ലാപചിന്ത III – നാമം ധരിക്കുക

2.5.1. തിരുക്കുടുംബത്തിന്റെ നാമധാരി

"എന്റെ പേര് കുര്യാക്കോസ് *ദ്മിൻ ത്ഹോമ്മാ കന്തീശാ* (തിരുക്കുടുംബത്തിന്റെ) എന്നു ഞാൻ ധരിച്ചിരിക്കുന്നത് ഈ ഓർമ്മയ്ക്കുവേണ്ടിയാണ്." (*ചരമവത്സരം*)

തിരുക്കുടംബത്തെ സദാസമയവും ഓർത്തുകൊണ്ടിരിക്കാൻ ഞാൻ ചെയ്തത് കുര്യാക്കോസെന്ന എന്റെ പേരോടുകൂടി തിരുക്കുടുംബമെന്ന നാമവും കൂട്ടിച്ചേർത്തതാണ്, അഥവാ ആ ദിവ്യ നാമം ധരിച്ചതാണ്. ധരിക്കുക എന്നതിന്റെ അർത്ഥം നിങ്ങൾക്കറിയാമല്ലോ. നാം വസ്ത്രം ധരിക്കുന്നവരാണ്. ശരീരത്തോടുകൂടി വസ്ത്രം സദാ ഉണ്ടായിരിക്കും. അത് നമ്മുടെ വ്യക്തിത്വത്തിന്റെ ഭാഗമായിത്തീരും. വി. പൗലോസ് ശ്ലീഹാ നമ്മോടുണർത്തിക്കുന്നുണ്ടല്ലോ, പുതിയ മനുഷ്യനെ ധരിക്കുവാൻ (എഫേ 4:24; കൊളോ 3:10). ആ പുതിയ മനുഷ്യൻ ക്രിസ്തുവാണ്. അവിടുത്തെ ആശയാദർശങ്ങളും ജീവിതവീക്ഷണങ്ങളും ചിന്താഗതിയും സംസാരരീതിയും പ്രവർത്തനചൈതന്യവും സ്വായത്തമാക്കുമ്പോഴേ നാം കർത്താവിനെ ധരിക്കുന്നവരായിത്തീരുകയുള്ളൂ. ഈശോയുടെ നാമം ധരിക്കണമെങ്കിൽ അമ്മയുടെയും വളർത്തുപിതാവിന്റെയും നാമങ്ങൾ ധരിക്കേണ്ടത് അത്യാവശ്യമാണ്.

2.5.2. നാമം ബൈബിളിൽ

ബൈബിളിൽ നാമത്തിന് വലിയ പ്രാധാന്യം കല്പിച്ചിരുന്നു. അതു വ്യക്തിയെ പ്രതിനിധീകരിക്കുന്നതാണ്. വ്യക്തിത്വവും ദൈവവിളിയും പേരിൽ ഉൾക്കൊള്ളുന്നു. ദൈവത്തിന്റെയും ഈശോയുടെയും, പുതിയ ഇസ്രായേലായ സഭയുടെയും വ്യക്തിത്വങ്ങളുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നതാണ് മനുഷ്യരുടെ നാമങ്ങളെല്ലാം. ചില ഉദാഹരണങ്ങൾ നല്കട്ടെ.

ദൈവം സ്വയം വെളിപ്പെടുത്തിയ നാമമായ യാഹ്വെ എന്ന സംജ്ഞയുടെ അർത്ഥം വിശദമാക്കാം. തന്നോടു സംസാരിക്കുന്ന അവിടുത്തെ തിരുനാമം എന്താണെന്നറിയുവാൻ മോശെ ശഠിച്ചപ്പോൾ ഇപ്രകാരം അരുൾച്ചെയ്തു: "മനുഷ്യനോടൊത്ത് ആയിത്തീരുന്നവനാണ് താൻ" "ഇതാണ് എന്റെ എന്നേക്കുമുള്ള നാമം" (പുറ 3:14-15). യാഹ്വെ എന്ന പദത്തിന്റെ അർത്ഥം ("I am who I am") എന്നല്ല; പ്രത്യുതാ I am one who becomes (one with you) എന്നത്രേ. മനുഷ്യനോടൊത്ത് ആയിത്തീരുന്നവനാണ് അവിടുന്ന്. അവന്റെ യാതനകളും വേദനകളും തന്റേതാക്കിത്തീർക്കുന്നവൻ. മാനവനോടൊത്ത് സാധർമ്മ്യം പ്രാപിക്കുന്നവൻ. അവനോടൊത്ത് സദാ ആയിരിക്കുന്നവനാണ് ബൈബിളിലെ ദൈവം. മനുഷ്യന്റെ വിജയങ്ങളും പരാജയങ്ങളും തന്റേതാക്കിത്തീർക്കുവാൻ, പകൽ മേഘസ്തംഭമായും രാത്രി ദീപസ്തംഭമായും അവനെ അനുയാത്ര

ചെയ്യുന്നവൻ (പുറ 13:21; 14:19; 33:9; സംഖ്യ 14:14); തെറ്റു ചെയ്യുമ്പോൾ അനുശാസിക്കുകയും ശിക്ഷിക്കുകയും ചെയ്തുകൊണ്ട് ഇസ്രായേൽജനത്തെ തന്നിലേക്കു തിരിക്കുന്നവൻ; അവരുടെ പ്രശ്നങ്ങളും പ്രതിസന്ധികളും തന്റേതാക്കിത്തീർത്തുകൊണ്ട് അവയിൽനിന്നും മോചനം നല്കുന്നുവൻ; ഇസ്രായേലുമായി ഉടമ്പടിയിലേർപ്പെടുന്നവൻ; അവരുമായി ഒന്നായിത്തീരുന്നവൻ; ദേവാലയത്തിൽ അവരോടുകൂടി വസിക്കുന്നവൻ; നിയമങ്ങളും നിബന്ധനകളും നല്കിക്കൊണ്ട് ഉടമ്പടീജനത്തിന്റെ അനുദിന ജീവിതത്തിലേക്ക് ഉൾപ്രവേശിക്കുന്നവൻ; തന്നെ വിളിച്ച് കേഴുന്നവർക്ക് സഹായമേകുവാൻ സദാ സന്നദ്ധനായവൻ. ഇപ്രകാരം ബൈബിളിലെ ദൈവം മനുഷ്യരോടൊത്ത് ആയിത്തീരുന്ന ദൈവമാണ്. സാഹചര്യാനുസൃതം കോപിക്കുന്നവനും ശാസിക്കുന്നവനും ഭീഷണിപ്പെടുത്തുന്നവനും സാമം, വേദം, ദാനം, ദണ്ഡം എന്നീ മുറകൾ പ്രയോഗിക്കുന്നവനും, ശിക്ഷിച്ചതോർത്ത് അനുതാപക്കണ്ണീർ ചൊരിയുന്നവനുമാണ് യാഹ്വെ. മാനുഷിക മാനദണ്ഡമനുസരിച്ച് ആയിത്തീരുക എന്നതിൽ അപൂർണ്ണത അടങ്ങിയിട്ടുണ്ട്. മാറ്റം അസ്ഥിരതയുടെ അടയാളമാണല്ലോ. അപരിമേയനും നിത്യനുമായ ദൈവത്തെ സ്ഥലകാലാദി പരിമിതികളുടെ ഭാഷയിൽ അവതരിപ്പിക്കുന്നത് തെറ്റാണെന്ന് തത്ത്വശാസ്ത്രചിന്തകർ പറയും. അതുകൊണ്ടാണ് യവനചിന്തകനായ അരിസ്റ്റോട്ടിൽ സ്രഷ്ടാവിനെ unmoved mover എന്നു വിശേഷിപ്പിച്ചത്. ദൈവത്തിന് ഗുണങ്ങളാരോപിക്കുന്നതുതന്നെ അവിടുത്തെ മനുഷ്യമാനങ്ങളിൽ ഒതുക്കി നിർത്തുകയാണെന്ന് ഹൈന്ദവ ദാർശനികൻ അഭിപ്രായപ്പെടുന്നു. നിർഗുണബ്രഹ്മൻ എന്ന നിഷേധാത്മകസംജ്ഞയാൽ വിശേഷിപ്പിക്കുന്നതാണ് ഉചിതം. എന്നാൽ ബൈബിളിലെ ദൈവം സ്വർഗ്ഗത്തിൽ വാഴുന്ന അതീന്ദ്രിയനും സർവ്വാധിശായിയുമായവനായിട്ടല്ല സ്വയം വെളിപ്പെടുത്തുക. സ്ഥലകാലാദി പരിമിതികൾക്ക് അവിടുന്ന് സ്വയം വിധേയനാക്കുന്നു; മനുഷ്യന്റെ വിചാരങ്ങളും വികാരങ്ങളും സ്വായത്തമാക്കുന്നു; അവന് മനസ്സിലാകുന്ന മാംസത്തിന്റെയും രക്തത്തിന്റെയും ഭാഷയിൽ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവനാണ് അവിടുന്ന്. ചുരുക്കത്തിൽ ബൈബിളിലെ ദൈവത്തിന്റെ മുഖം മാനവരോടൊത്ത് ആയിത്തീരുന്നവന്റേതാണ്.

2.5.3. *ഈശോയെന്ന നാമം*

തിരുക്കുടുംബത്തിന്റെ നാമങ്ങളുടെ അർത്ഥം വ്യക്തമാക്കാം. *യഹോഷുവാ* എന്ന ഹീബ്രു നാമത്തിന്റെ ചുരുങ്ങിയ രൂപമാണ്

യൊഷുവാ. ആ പേരിനാലാണ് മാതാവും യൗസേപ്പുപിതാവും ദൈവ കുമാരനെ അഭിസംബോധന ചെയ്തത്. "യാഹ്വെയാണ് എന്റെ രക്ഷകൻ" എന്നത്രേ സംജ്ഞയുടെ അർത്ഥം. ഈശോയുടെ ചിന്തയും വാക്കും ചെയ്തിയും ജീവിതശൈലിയുമൊക്കെ വിളിച്ചോതിയിരുന്ന സത്യം "യാഹ്വെയാണ് എന്റെ രക്ഷകൻ" എന്നതായിരുന്നു. താനാണ് രക്ഷകനെന്ന് ഈശോനാഥൻ ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. രക്ഷ നല്കുന്നവൻ പിതാവു മാത്രമാണെന്ന് ജീവിതം വഴി അവിടുന്ന് സമർത്ഥിച്ചു. തിരുക്കുടംബത്തിന്റെ കേന്ദ്ര ബിന്ദുവായ ഈശോയുടെ നാമം ധരിക്കണമെങ്കിൽ അവിടുത്തെ ഈ മനോഭാവം സ്വായത്തമാക്കിയേ തീരൂ. അപ്പോൾ മാത്രമാണ് ഈശോ എന്ന നാമം ധരിക്കുവാൻ നാം അർഹരായിത്തീരുക. ദൈവം എനിക്ക് ആ കൃപാവരം നല്കി. ഞാൻ സ്വന്തം മഹത്വം അന്വേഷിച്ചില്ല. എന്നിലൂടെ നിവർത്തിക്കപ്പെട്ട അനവധി നന്മകളുടെയും രക്ഷാപ്രവൃത്തികളുടെയും അതിനാഥൻ കർത്താവ് മാത്രമാണെന്ന് ഞാൻ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്തു. അതുവഴി ഈശോയെന്ന നാമം ധരിക്കുവാൻ ദൈവം എന്നെ അർഹനാക്കി.

ഈശോയുടെ മറ്റൊരു പേരാണല്ലോ ഇമ്മാനുവേൽ ("ദൈവം നമ്മോടുകൂടെ"), മത്താ 1:23. തിരുനാമം അവിടുന്ന് ജീവിച്ചു; ആ സത്യത്തിൽ വ്യാപരിച്ചു; അതിന് ജീവിതത്തിലെ ഓരോ നിമിഷത്തിലും സാക്ഷ്യം വഹിച്ചു. ഇമ്മാനുവേലെന്ന നാമം സ്വാർത്ഥീകരിക്കാനാണ് ജീവൻ ഹോമിച്ചതും ഉയർത്തെഴുന്നേറ്റതും. കർത്താവിന്റെ സന്നിധിയിൽ ജനമെല്ലാം തിരുസാന്നിദ്ധ്യം അനുഭവിച്ചറിയുകയും അത് അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യണമെന്നതായിരുന്നു ദിവ്യാഭീഷ്ടം. തങ്ങളോടൊത്തുള്ള ദൈവത്തെ ദർശിക്കുവാനും ശ്രവിക്കുവാനും സ്പർശിക്കുവാനും ദൈവം മാംസം ധരിച്ചതോടെ മനുഷ്യർക്ക് വരം ലഭിച്ചു. അപ്പോൾ നൈരാശ്യത്തിന്റെയും വിഷാദത്തിന്റെയും കൂരിരുൾ തിരോഭവിച്ചു. മരണത്തിന്റെ മേഖലയിലും നിഴലിലും ഇരുന്നിരുന്നവരുടെ ജീവിതം പ്രകാശപൂർണ്ണമായി (ഏശ 9: 1-2; മത്താ 4:15-16). ഇമ്മാനുവേലെന്ന നാമം സ്വാർത്ഥീകരിച്ചവനാണ് ഞാൻ. എന്റെ ജീവിതം "ദൈവം നമ്മോടുകൂടെ" എന്ന സത്യത്തിന്റെ സജീവപ്രഘോഷണമായിരുന്നു. അപ്രകാരം ഇമ്മാനുവേലെന്ന നാമം ധരിച്ചവനായിത്തീർന്നു അയോഗ്യനായ ഞാൻ.

2.5.4. *മിറിയാമെന്ന നാമം*

തിരുക്കുടുംബത്തിലെ അമ്മയാണല്ലോ മറിയം (ഹീബ്രുഭാഷയിൽ മിറിയാം). സംജ്ഞയുടെ അർത്ഥം ശ്രേഷ്ഠത, വൈശിഷ്ട്യം, ഔത്കൃഷ്ടം, ഔന്നത്യം, നായകത്വം എന്നൊക്കെയാണ്. ശ്രേഷ്ഠ, വൈശിഷ്ട്യമുള്ളവൾ, ഉത്കൃഷ്ട, ഔന്നത്യമുള്ളവൾ, നായിക എന്നൊക്കെ പറയുന്നതിനു പകരം ഗുണനാമങ്ങൾ ഉപയോഗിച്ചിരിക്കുന്നു. സൃഷ്ടികളെയൊന്നും അമൂർത്ത സംജ്ഞകളാൽ (absolute terms) വിശേഷിപ്പിക്കാറില്ലല്ലോ. ദൈവത്തെ മാത്രമേ അപ്രകാരം അഭിസംബോധന ചെയ്യുകയുള്ളൂ, കാരണം അവിടുന്നാണ് ശ്രേഷ്ഠതയുടെയും വൈശിഷ്ട്യത്തിന്റെയും, ഔത്കൃഷ്ടത്തിന്റെയും ഔന്നത്യത്തിന്റെയും, നായകത്വത്തിന്റെയും ഉറവിടവും നിറകുടവും. ശ്രേഷ്ഠൻ, വൈശിഷ്ട്യമുള്ളവൻ, ഉത്കൃഷ്ടൻ, ഔന്നത്യമുള്ളവൻ, നായകൻ തുടങ്ങിയ വിശേഷണങ്ങൾ പരിമിത സ്വഭാവമുള്ളവയാണ്. അവയിലെല്ലാം ദൈവത്തിന്റെ അപരിമേയത്വത്തിന് അതിർത്തി കല്പിച്ചിരിക്കുന്നു. ഈ കാഴ്ചപ്പാടിൽ അമ്മയുടെ നാമത്തിന്റെ മഹത്ത്വം വ്യക്തമാകുന്നുണ്ടല്ലോ. ദൈവത്തിനുമാത്രം ആരോപിക്കപ്പെടുന്ന അമൂർത്ത സംജ്ഞകൾ അമ്മയക്കും നല്കപ്പെട്ടിരിക്കുന്നു. സൃഷ്ടിയെങ്കിലും സ്രഷ്ടാവിന്റെ അമ്മയാണല്ലോ അവൾ. മനുഷ്യസ്ത്രീയാണെങ്കിലും ദിവ്യതനയന്റെ ജനനിയെന്നും പരിശുദ്ധാത്മാവിന്റെ മണവാട്ടിയെന്നുമുള്ള ശ്രേഷ്ഠതക്ക് മിറിയാം അർഹയായിരിക്കുകയാണ്. അമ്മയ്ക്ക് കല്പിക്കപ്പെട്ടിരിക്കുന്ന ഈ ഗുണനാമങ്ങൾ മാനവർക്ക് കരഗതമായിരിക്കുന്ന ഔന്നത്യമാണ് വിളിച്ചോതുക. മാനവരെ ദൈവമക്കളുടെ ഔത്കൃഷ്ടത്തിലേക്ക് സ്രഷ്ടാവ് ഉയർത്തിയിരിക്കുന്നു. മാതാവ് അതിന്റെ രൂപകവും നിദർശനവുമാണ്. അമ്മ തന്റെ നാമം ജീവിതം വഴി സാക്ഷാത്കരിച്ചു. അവളുടെ വചനങ്ങളും പ്രവൃത്തികളുമെല്ലാം ദൈവിക ഔന്നത്യം വിളിച്ചോതുന്നവയായിരുന്നു. അമ്മയുടെ മഹോന്നത പദവി ഞാൻ ജീവിച്ചുവെന്ന് അഭിമാനിക്കുന്നില്ല. ആർക്കാണ് ശ്രേഷ്ഠതയും ഔത്കൃഷ്ടവും ഔന്നത്യവും നായകത്വവും ജീവിതത്തിൽ പകർത്താനാകുക? എളിയ തോതിൽ ഞാൻ മാതാവിന്റെയും ഈശോയുടെയും ദൈവത്തിന്റെയും *മിറിയാം* സ്വഭാവം ജീവിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിച്ചു. നൽകപ്പെട്ടിരുന്ന സിദ്ധികളോരോന്നും മറ്റുള്ളവരുടെ സേവനാർത്ഥം ചിലവഴിച്ചു. അപ്പോൾ അവരൊക്കെ എന്നിൽ ദൈവത്തിന്റെ മനുഷ്യനെ ദർശിച്ചു. അവിടുത്തെപ്പോലെ എന്നെയും

ശ്രേഷ്ഠനും ഔത്കൃഷ്ട്യമുള്ളവനും ഉന്നതനും നായകനുമായി കണക്കാക്കി. ഒരു തരത്തിൽ ദൈവവും ഈശോയും അമ്മയും എന്നിലൂടെ ജീവിക്കുകയായിരുന്നു. മാതാവിന്റെ ശ്രേഷ്ഠതയെയും ഔന്നത്യത്തെയും ഔത്കൃഷ്ഠത്തെയും നായകത്വത്തെയും കുറിച്ച് ഞാൻ *ആത്മാനുതാപം* എന്ന കൃതിയിൽ വർണ്ണിച്ചിട്ടുണ്ട്. ദിവ്യജനനിക്ക് ഞാൻ നല്കിയ ചില സംജ്ഞകൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരട്ടെ: പരമനാഥ (*ആത്മാനുതാപം* II: 2); ശുദ്ധമാതാവ്, ദൈവജനനി, കന്നിയമ്മ (II:2); കരുണയുള്ള നാഥ (*കടശിയപേക്ഷ* 76); ആദ്യത്തെയാടയണഞ്ഞുമതി(ചന്ദ്രൻ) തന്നെ, പാദത്തിൻകീഴിൽ മെതിക്കും നാഥ (III:*അനുബന്ധം* 65-67); ത്രിലോക നാഥ (VI:228); കർമ്മല അമ്മ; നിർമ്മല അമ്മ (VII:173-174). കന്യകാരത്നമൗലി (II:221); മങ്കയാം മനോഹരി (II:250); എത്രയും ശുദ്ധമുള്ള വ്യാകുലമാതാവ്, മനോഗുണമുള്ള അമ്മ (*ധ്യാനസല്ലാപങ്ങൾ*, 18, 44-45). എത്രയും ദയയുള്ള മാതാവ് (*ധ്യാനസല്ലാപങ്ങൾ* 46); എത്രയും പരിശുദ്ധ കന്യകാമറിയം (*ധ്യാനസല്ലാപങ്ങൾ* 44); പരിശുദ്ധ കന്യകയായ ദേവമാതാവ് (*ധ്യാനസല്ലാപങ്ങൾ* 68); എന്റെ പ്രിയമുള്ള മാതാവ് (*ധ്യാനസല്ലാപങ്ങൾ* 73); പരമപരിശുദ്ധയായ അമ്മ (*കത്തുകൾ* VI/4); ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയം (*കത്തുകൾ* IX/4).

2.5.5. യൗസേപ്പെന്ന നാമം

തിരുക്കുടുംബത്തിന്റെ പാലകനായ മാർ യൗസേപ്പിന്റെ നാമം ധരിച്ചവനായിരുന്നു ഞാൻ. പിതാവിനെപ്പോലെ ഞാൻ എല്ലാവരിലും എല്ലായിടത്തും എല്ലായ്പോഴും വളർച്ചയും ഉയർച്ചയും കൊണ്ടുവന്നവനാണ്. യൗസേപ്പെന്ന നാമത്തിന്റെ അർത്ഥം തന്നെ അതാണല്ലോ. പിതാവായ ദൈവത്തെപ്പോലെ ദുഷ്ടരുടെമേലും ശിഷ്ടരുടെമേലും ഞാൻ നന്മ വർഷിച്ചു (മത്താ 5:45); അധാർമ്മികരെ ധാർമ്മികതയുടെ പാതയിലേക്ക് ആനയിക്കുവാൻ പരിശ്രമിച്ചു; നല്ലവരെ കൂടുതൽ നല്ലവരാക്കി.

2.5.6. നമ്മുടെ ദൈവവിളി

പ്രിയപ്പെട്ടവരേ, മനുഷ്യന്റെ ദൈവവിളി ദൈവത്തിന്റെ നാമം ധരിക്കലാണ്. അവിടുന്നുതന്നെ നമ്മെ പേരുചൊല്ലി വിളിച്ച് സ്വന്തമാക്കിയിരിക്കുന്നു (ഏശ 43:1). ഓർക്കുവാനായി നമ്മുടെ നാമം ഉള്ളംകൈയ്യിൽ മുദ്രണം ചെയ്തിരിക്കയാണ്. (ഏശ 49:16). "നീ പുതിയൊരു നാമത്താൽ വിളിക്കപ്പെടും" എന്ന് യാഹ്വെ അരുളിച്ചെ

യ്തിരിക്കുന്നു (ഏശ 62:2). ദൈവംതന്നെ തന്റെ നാമം പ്രഘോഷിക്കുന്നവനത്രേ (പുറ 34:5). തിരുസുതനായ ഈശോ സംസാരവും പ്രവൃത്തിയുമെന്നല്ല മുഴുവൻ ജീവിതംവഴി പിതാവിന്റെ നാമം മഹത്ത്വപ്പെടുത്തിയവനാണ്. യോഹ 17 നെ ദൈവനാമമഹത്ത്വകീർത്തനമെന്ന് വിശേഷിപ്പിക്കാനാകും. ദിവ്യതാതനും ഓമൽക്കുമാരന്റെ നാമം മഹത്ത്വപ്പെടുത്തുകയുണ്ടായി (ഫീലി 2:9-11). സ്വർഗ്ഗവാസികൾ തിരുനാമം ധരിച്ചിരിക്കുന്നവരത്രേ. വെളിപാട് ഗ്രന്ഥത്തിലെ പാഠങ്ങൾ അനുസ്മരിക്കുക. കർത്താവ് പറയുന്നു: "അവന്റെമേൽ എന്റെ ദൈവത്തിന്റെ നാമവും, സ്വർഗ്ഗത്തിലെ എന്റെ ദൈവത്തിൻ പക്കൽനിന്ന് ഇറങ്ങിവരുന്ന പുതിയ ജറുസലെമാകുന്ന എന്റെ ദൈവ നഗരത്തിന്റെ നാമവും, എന്റെ പുതിയ നാമവും ഞാൻ ഉല്ലേഖനം ചെയ്യും." (വെളി 3:12). കുഞ്ഞാടിന്റെ അനുയായികളുടെ നെറ്റിത്തടത്തിൽ അവിടുത്തെ നാമവും അവിടുത്തെ പിതാവിന്റെ നാമവും എഴുതപ്പെട്ടിട്ടുണ്ട് (വെളി 14:1; 22:4). ഈശോനാഥനെ ഇപ്രകാരമാണ് വിശേഷിപ്പിച്ചിരിക്കുക. അവിടുത്തെ മേലങ്കിയിലും തുടയിലും "രാജാക്കന്മാരുടെ രാജാവും കർത്താക്കളുടെ കർത്താവും" എന്നെഴുതപ്പെട്ടിരിക്കുന്നു (വെളി 19:16).

2.5.7. നാമധാരികൾ

പ്രിയ കുഞ്ഞുങ്ങളേ, ഇസ്രായേൽ ജനം തിരുനാമവും കല്പനകളും ഓർക്കുവാൻ ചെയ്തതെന്താണെന്ന് അറിയാമല്ലോ. അവർ അവ ഹൃദയത്തിൽ സംഗ്രഹിച്ചു; ജാഗരൂകതയോടെ മക്കളെ പഠിപ്പിച്ചു; വീട്ടിലായിരിക്കുമ്പോഴും, യാത്ര ചെയ്യുമ്പോഴും, കിടക്കുമ്പോഴും, എഴുന്നേല്ക്കുമ്പോഴും അവയെപ്പറ്റി സംസാരിച്ചു; കൈയ്യിൽ ഒരടയാളവും നെറ്റിത്തടത്തിൽ പട്ടമായും അണിഞ്ഞു; വീടിന്റെ കട്ടിളക്കാലിന്മേലും പടിവാതിലിൻമേലും എഴുതിവച്ചു (നിയമാ 6:6-9). ഏശ 44:5 ലെ പാഠം ശ്രദ്ധിക്കുക: "ഞാൻ കർത്താവിനുള്ളവനാണെന്ന് ഒരുവൻ പറയും; മറ്റൊരുവൻ യാക്കോബെന്ന നാമത്താൽ സ്വയം വിളിക്കും; ഇതരൻ തന്റെ സ്വന്തം കൈയ്യിൽ കർത്താവിനുള്ളവൻ എന്നു മുദ്രണം ചെയ്യും." പുതിയ ഇസ്രായേലായ നിങ്ങളും ഇപ്രകാരമൊക്കെ ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നു. എന്നെപ്പോലെ തിരുക്കുടുംബത്തിന്റെ നാമധാരികളായിത്തീരണം മക്കളായ നിങ്ങളും.

2.5.8. കുർബാന ഒരു നാമാഘോഷണം

നമ്മുടെ കുർബ്ബാന ഒരു തിരുനാമാഘോഷണമാണ്. ഭാരത

ത്തിലെ തനിമയാർന്ന നാമപൂജയോട് അതിനെ ഉപമിക്കാം. കുർബ്ബാനയിൽ ത്രിത്വദൈവത്തിന്റെയും മിശിഹായുടെയും തിരുനാമങ്ങൾ നിരന്തരം ഉരുവിടുന്നു. അതോടൊപ്പം ആ നാമങ്ങളുമായി ഏകീഭവിച്ചിരിക്കുന്ന കന്യകാമറിയത്തിന്റെയും മാർ തോമാശ്ലീഹായുടെയും നാമങ്ങൾ അതിൽ പ്രഘോഷിക്കപ്പെടുന്നു. ഇപ്രകാരം നിങ്ങളും എന്നെപ്പോലെ തിരുക്കുടുംബത്തിന്റെ നാമം നിരന്തരമായി ജപിക്കുമ്പോൾ ബൈബിളിന്റെയും കുർബ്ബാനയുടെയും ലോകത്തിൽ ജീവിക്കുവാനുള്ള സിദ്ധി ലഭിക്കും, തീർച്ച. ഈശോയെപ്പോലെ ദൈവനാമ പ്രകീർത്തകരാകുവാൻ സാധിക്കും. എന്റെ പ്രധാനകൃതിയായ *ആത്മാനുതാപം* ധ്യാനപൂർവ്വം വായിക്കുകയാണെങ്കിൽ ദൈവനാമങ്ങളുടെ നിരന്തരമായ പ്രഘോഷണം നിങ്ങൾക്ക് അതിൽ കണ്ടെത്താനാകും. തിരുക്കുടുംബത്തിലെ ഓരോ വ്യക്തിക്കും, പ്രത്യേകിച്ച് ഈശോക്കും പുതിയ പുതിയ സംജ്ഞകൾ നല്കുന്നതിൽ ആനന്ദവും സംതൃപ്തിയും കണ്ടെത്തിയവനാണ് ഞാൻ.

2.6. സല്ലാപചിന്ത IV – തിരുക്കുടുംബത്തെ വണങ്ങൽ

"തിരുക്കുടുംബത്തെ ഞാൻ..... വണങ്ങുകയും ചെയ്തതിനാൽ...." (*അന്തിമവചസ്സുകൾ*).

2.6.1. *വണക്കത്തിന്റെ മക്കളാകുവിൻ*

പ്രിയ കുഞ്ഞുങ്ങളേ, നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത് വണക്കത്തിന്റെ മക്കളാകാനാണ്. കുർബ്ബാനയിൽ ആവർത്തിച്ചിരിക്കുന്നതുപോലെ ത്രിത്വകുടുംബമാകുന്ന തിരുക്കുടുംബത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും അർപ്പിക്കുവാൻ നിങ്ങളും കടപ്പെട്ടിരിക്കുന്നു. നിഷ്കൃഷ്ടമായ അർത്ഥത്തിൽ വണങ്ങൽ ബഹുമാനിക്കലാണ്. നമ്മൾ ദൈവത്തിന്റെ പ്രതിപുരുഷന്മാരായ മാതാപിതാക്കന്മാരെ വണങ്ങുന്നു. അവർക്ക് അർഹമായ ആദരവ് അർപ്പിക്കുന്നു. ദൈവത്തെ ബഹുമാനിക്കൽ തന്നെയാണ് ആ പ്രക്രിയയിൽ അടങ്ങിയിരിക്കുക. ഞാൻ ചെയ്തതുപോലെ നിങ്ങളും ചിന്തയിലും സംസാരത്തിലും പ്രവൃത്തിയിലും ഈ ത്രിത്വകുടുംബത്തെ വണങ്ങുന്നവരാകണം. അതിന് ചെയ്യേണ്ടവ ഞാൻ പഠിപ്പിച്ചുതരാം. ആദ്യമായി വണക്കത്തെക്കുറിച്ചുള്ള ബൈബിൾ വീക്ഷണം പരിചിന്തനവിഷയമാക്കാം.

2.6.2. *ബൈബിൾ മൂലത്തിന്റെ അർത്ഥം*

സുറിയാനി ഭാഷയിൽ *ഇഖാറാ* എന്ന പദമാണ് ഉപയോഗിച്ചിരിക്കുക. മൂലധാതുവിന്റെ അർത്ഥം വിലയേറിയതാവുക എന്നതത്രേ. ബഹുമാനം എന്ന സംജ്ഞയിൽ ഈ ആശയം അന്തർലീനമാണല്ലോ. അസാധാരണമായ മൂല്യമുള്ളവരെയാണ് നമ്മൾ ബഹുമാന്യരായി പരിഗണിക്കുക. ദൈവമത്രേ ഏറ്റവും മാന്യനും മൂല്യവുമുള്ള വ്യക്തി. തന്മൂലം അവിടുന്ന് പൂർണ്ണമായ സംപൂജ്യതക്കും ബഹുമാനത്തിനും ആദരവിനും വണക്കത്തിനും അർഹൻതന്നെ. ഹീബ്രുഭാഷയിലെ *കാബോദി*ന്റെ അർത്ഥം കനപ്പെട്ടത് എന്നാണ്. ബഹുമാനം ഒരു കനപ്പെട്ട കാര്യമായാണ് പ്രാചീനമനുഷ്യർ കരുതിയിരുന്നത്. അത് സ്വീകാര്യതയും അംഗീകാരവും ആദരവും ഉളവാക്കുന്നു. ഇപ്രകാരം കുടുംബത്തലവൻ അധികാരവും അംഗീകാരവുമുള്ള കനപ്പെട്ട വ്യക്തിയാണ് (പുറ 20:12; മലാ 1:6). ഭരണകർത്താവ് രാജ്യത്തിലെ കനപ്പെട്ടസ്ഥാനം അലങ്കരിക്കുന്നതിനാൽ ആദരണീയനത്രേ. രാജാധിരാജനായ ദൈവം സ്രഷ്ടാവും സർവ്വാധിപനും സർവ്വശക്തനും സർവ്വനിയന്താവുമാണല്ലോ. അതിനാൽ അവിടുത്തേക്ക് ഏറ്റവും കൂടുതൽ ബഹുമാനവും ആദരവും മഹത്ത്വവും

നൽകുവാൻ സൃഷ്ടികളെല്ലാം കടപ്പെട്ടവരാണ്.

2.6.3. സൃഷ്ടി, ഒരു മഹത്ത്വഗീതം

ദൈവത്തിന്റെ മഹത്ത്വത്താൽ ഭൂമി നിറഞ്ഞിരിക്കുന്നു (ഏശ 6:3; സംഖ്യ 11:21; ഹെബ്രാ 2:14; സങ്കീ 72:19). ബാബിലോണിലെ അടിമത്തത്തിൽനിന്ന് ഇസ്രായേലിനെ മോചിപ്പിക്കുന്ന പ്രക്രിയയിൽ യാഹ്വെയുടെ ബഹുമാന്യത ഭൂവാസികൾ ദർശിക്കുമെന്ന് ഏശ 40:5 ൽ പ്രഖ്യാപിച്ചിട്ടുണ്ട്. ധാർമ്മികതയും രക്ഷാകർമ്മവും ദൈവത്തിന്റെ ആദരീണതയുടെ പര്യായപദങ്ങളാണ് (ഏശ 53:8; 62:1,2).

രക്ഷാചരിത്രത്തിൽ യാഹ്വെയുടെ ഗാംഭീര്യം സീനായ് മലയിലാണ് പ്രത്യക്ഷീഭവിച്ചത്. അത് ദർശിച്ചപ്പോൾ ജനമെല്ലാം ഞെട്ടിവിറച്ചു (പുറ 20:18; നിയമാ 5:24). ദൈവമഹത്ത്വത്തിനു മുൻപിൽ മനുഷ്യർ പ്രതികരിക്കേണ്ടത് ഭയഭക്തിയുടെ അടയാളങ്ങളായ പ്രണാമം, പ്രകീർത്തനം, ഏറ്റുപറച്ചിൽ മുതലായ ചെയ്തികളോടുകൂടിയായിരിക്കണം (ലേവ്യ 1:24; എസെ 1:28; 3:23).

2.6.4. ഇസ്രായേലിന്റെ ദൈവവിളി

തിരുനാമത്തെ ആദരിക്കുവാനാണ് ഇസ്രായേൽജനം വിളിക്കപ്പെട്ടിരിക്കുക (മലാ 3:16; 4:2). അപ്രകാരം ചെയ്യാത്തവരിൽ ദൈവശാപം നിപതിക്കും (മലാ 2:2). "അങ്ങയുടെ നാമം മാത്രം ഞങ്ങൾ ആദരിക്കുന്നു" എന്ന് ഭക്തഗണം ഉദ്ഘോഷിക്കണം (ഏശ 26:13). ഭാവിയിൽ സർവ്വജനതയും കർത്താവിന്റെ നാമത്തിന് ബഹുമാനാദരവുകൾ പ്രകടിപ്പിക്കുവാൻ ജറുസലെമിൽ ഒന്നിച്ചുകൂടുമെന്ന് അവിടുന്ന് പ്രഖ്യാപിക്കുന്നുണ്ട് (ജറ 3:17). പ്രിയ മക്കളേ, യുഗാന്ത്യവേളയിൽ ആ വണക്കക്കൂട്ടത്തിൽ പങ്കുചേരുവാൻ വിളിക്കപ്പെട്ടവരാണ് നമ്മളേവരും. അതിന് അർഹരാകണമെങ്കിൽ ഭൂമിയിൽത്തന്നെ വണക്കത്തിന്റെ മക്കളാകണം കർമ്മലാംബികയുടെ തനയർ.

2.6.5. കുർബ്ബാന, ആദരവിന്റെ ഗീതം

കുർബ്ബാന രക്ഷാപ്രവൃത്തിയുടെ ഏറ്റവും മഹത്തായ കർമ്മമാണല്ലോ. സമോന്നതനായ കർത്താവ് സൃഷ്ടികളുടെ ആഹാരമായിത്തീർന്നുകൊണ്ട് സ്വയം ചെറുതാകുന്ന ഈ പ്രക്രിയയാണ് അവിടുത്തെ കനത്തിന്റെ മകുടോദാഹരണം. കുർബ്ബാനയുടെ ആരംഭത്തിൽത്തന്നെ ആരാധനാവൃന്ദം പ്രഖ്യാപിക്കുന്നുണ്ട്, ദൈവമഹത്ത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നുവെന്ന്. സ്രഷ്ടാവും രക്ഷകനുമായ കർത്താവിനോടുള്ള *ഇഖാറ*യാണ് കുർബ്ബാന. നാലുവിധത്തിലുള്ള പ്രകരണങ്ങളാലാണ് നാം അർപ്പിക്കുക, സ്തുതി,

ബഹുമാനം, ഏറ്റുപറച്ചിൽ, ആരാധന. മനുഷ്യനായിത്തീർന്ന ദൈവ തനയൻ സൃഷ്ടികളുടെ പ്രതീകമായിത്തീർന്നുകൊണ്ട് ദിവ്യനന്മ കളെ പ്രതി ഈ ചതുർവിധ പ്രകരണങ്ങളാൽ നിരന്തരം പ്രത്യുത്ത രിച്ചവനാണ്. കുർബ്ബാനയിൽ സഭാസമൂഹം "ഞങ്ങൾ അങ്ങേയ്ക്ക് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പി ക്കുന്നു" വെന്ന് നമ്മൾ ഏറ്റുപറയുന്നു. ക്രോവേസാപ്രേ മാലാഖമാ രുടെ പ്രകരണങ്ങൾ തന്നെയാണിവ. സ്വർഗ്ഗവാസികളും ഇപ്രകാര മുള്ള പ്രതികരണജീവികളാണ് (വെളി 4:8-11; 5:7-14; 7:9-12). ഇപ്ര കാരം ത്രിത്വദൈവത്തെ വാഴ്ത്തിപ്പുകഴത്തുമ്പോൾ നമ്മൾ സ്വർഗ്ഗീയ ജീവിതത്തിന്റെ ഭൂമിയിലെ മുന്നാസ്വാദകരായിത്തീരും. ഞാൻ തിരു ക്കുടുംബമാകുന്ന ത്രിത്വകുടുംബത്തെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും ശരീരത്തോടും പൂർണ്ണ മനസ്സോടും സർവ്വ ശക്തിയോടുംകൂടി (നിയമാ 6:5; ലൂക്കാ 10:27) സ്നേഹിച്ചാദരിച്ചവ നാണ്; ആ ദിവ്യനാമങ്ങൾ നിരന്തരം ജപിച്ചുകൊണ്ടിരുന്നവനാണ്. നിരൂപണയാലേ മാത്രം വണങ്ങിയാൽ പോരാ പ്രവൃത്തിയാലെയും (*കത്തുകൾ* VI/1) തിരുക്കുടുംബത്തെ സ്തുതിക്കുകയും വന്ദിക്കു കയും നമിക്കുകയും വേണം. എന്നെപ്പോലെ നിങ്ങളും മുറിയിൽ കാണപ്പെടുന്നസ്ഥലത്ത് തിരുക്കുടുംബത്തിന്റെ ചിത്രം പ്രതിഷ്ഠിച്ചു വയ്ക്കണം. വെറുതെ ചുറ്റിനടക്കാതെ മുറിയിൽ കഴിച്ചുകൂട്ടണം (*കത്തുകൾ* VI/1). തിരുക്കുടുംബജീവിതം ധ്യാനവിഷയമാക്കണം. പ്രസംഗങ്ങളിലും ഉപദേശങ്ങളിലും ഈശോ മറിയം യൗസേപ്പ് എന്ന ത്രിത്വകുടുംബത്തെക്കുറിച്ച് പ്രതിപാദിക്കുകയും പഠിപ്പിക്കുകയും വേണം. സന്ന്യാസഭവനങ്ങൾ തിരുക്കുടുംബത്തെ ബഹുമാനി ക്കുന്ന, സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്തോഷ ത്തിന്റെയും ആലയമാക്കണം.

2.6.6. ആദരവിന്റെ ആലയം

തിരുനാമം വണങ്ങുവാൻ വിളിക്കപ്പെട്ട ഇസ്രായേൽജന ത്തിന്റെ രാജാവായ സോളമനെപ്പോലെ ദൈവത്തിന് ആലയം പണി യുവാൻ നിങ്ങളും ശ്രമിക്കണം. ദാവീദിന്റെ ഏറ്റവും വലിയ അഭി ലാഷമായിരുന്നു തന്നെ വിളിക്കുകയും വലിയവനാക്കുകയും ചെയ്ത യാഹ്വെയെ സംഘാതമായി ബഹുമാനിക്കുവാൻ ഒരാലയം പണി യുക എന്നത് (സങ്കീ 132: 2-5; 2 സാമു 7:1-2). ദാവീദിന്റെ പുത്രനും പുതിയ സോളമനുമായ ഈശോ ജീവിക്കുന്ന ദേവാലയങ്ങളാണ് പണിതത്. സത്യത്തിലും അരൂപിയിലും പിതാവിനെ ആരാധിക്കുന്ന

ആലയം (യോഹ 4:23-24). തന്നെത്തന്നെ അത്തരം ദിവ്യവസതിക ളുടെ മൂർത്തരൂപമായി അവതരിപ്പിച്ചു (യോഹ 2:21-22).

2.6.7. വണങ്ങുന്നവരുടെ കൂട്ടായ്മ

മാർ യൗസേപ്പും മറിയവും ഈശോയും അടങ്ങുന്ന തിരു ക്കുടുംബം വണങ്ങുന്നവരുടെ കൂട്ടവും കൂട്ടായ്മയുമായിരുന്നു. മാർ യൗസേപ്പ് ജീവിതകാലം മുഴുവൻ ഈശോയെയും ദിവ്യജനനി യെയും വണങ്ങിക്കൊണ്ടിരുന്നു. മാതാവിന്റെ ഇഹലോകദിനങ്ങൾ വണക്കത്തിന്റെ നാളുകളായിരുന്നുവല്ലോ. അമ്മ തിരുക്കുമാരനെ വണങ്ങി. ആ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തി; രക്ഷാ ചെയ്തികൾ പ്രകീർത്തിച്ചു (ലൂക്കാ 1:46-55). പരിശുദ്ധ കന്യകയെ ത്രിത്വദൈവത്തെ വണങ്ങുന്ന ദേവാലയം, വചനാലയം, പവിത്രാ ലയം എന്നൊക്കെ വിശേഷിപ്പിക്കാം. ഈശോ ദിവ്യതാതനെ വാഴ്ത്തി പ്പുകഴ്ത്തി (ലൂക്കാ 10:21). തിരുനാമം മഹത്ത്വപ്പെടുത്തി (യോഹ 17:4). സ്വർഗ്ഗീയ പിതാവിന്റെ നാമം പൂജിതമാകാൻ പ്രാർത്ഥിച്ചു (മത്താ 6:9). സത്യത്തിലും അരൂപിയിലും ദൈവത്തെ സ്തുതിക്കുന്ന (യോഹ 4:21) ദേവാലയമായിത്തീർന്നു. തിരുശരീരം സ്വർഗ്ഗീയ താതന്റെ ഭവനമാക്കി.

2.6.8. നമ്മുടെ ദൈവവിളി

പ്രിയ മക്കളേ, തിരുക്കുടുംബത്തെ കൂട്ടമായി വണങ്ങാൻ വിളിക്കപ്പെട്ടവരാണ് നിങ്ങൾ. തനിച്ചു മാത്രമല്ല സമൂഹമായി ഭൂമി യിലെ ആ ത്രിത്വകുടുംബത്തെ വണങ്ങണം. അവർ വഴി ദൈവ ത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും അർപ്പിക്കണം. ദിവ്യഗീതങ്ങൾ ഭക്തിപൂർവ്വം ഉച്ചത്തിൽ ആലപിക്ക ണം. കീർത്തനങ്ങൾ പാടിപ്പാടി രാത്രിയാകുമ്പോഴേക്കും സ്വരമട യാൻ കഴിയുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. മുറിയിൽ തിരുക്കുടും ബത്തിന്റെ രൂപമോ പടമോ പ്രതിഷ്ഠിച്ച് അതിനെ വണങ്ങണം. മുറിയിൽ പ്രവേശിക്കുമ്പോഴും പുറത്തുപോകുമ്പോഴും രൂപം മുത്തി സ്വസ്തി പറയുക ശീലമാക്കുവിൻ. ഇപ്രകാരം നിങ്ങളും തിരുക്കു ടുംബത്തെ ബഹുമാനിക്കുന്ന ആലയമാകണം. അപ്രകാരമാകുവാൻ ദൈവജനത്തെ പഠിപ്പിക്കുകയും വേണം. എന്നാലേ അമലോത്ഭവ മാതാവിന്റെ കർമ്മല സഭാംഗങ്ങളാകുവാൻ നിങ്ങൾ യോഗ്യരാകു കയുള്ളൂ.

2.7. സമൂഹസല്ലാപം – ഓർമ്മിക്കൽ

കുർബാന എഴുന്നള്ളിച്ചുവയ്ക്കൽ. മൂന്ന് ഭാഗങ്ങളായ്

തിരിക്കാം, രക്ഷാചരിത്രത്തിന്റെ ഓർമ്മ, ആത്മാനുതാപത്തിൽ ഞാൻ എന്നെപ്പറ്റി ഓർമ്മിക്കുന്ന ഭാഗങ്ങൾ, നിങ്ങളുടെ സ്വന്തം ഓർമ്മകൾ. ഓരോ ഭാഗത്തിനുശേഷവും ഉചിതമായ ഗീതം ആലപിക്കുന്നു. സ്വന്തം ഓർമ്മകൾ സമൂഹം മുഴുവൻ പങ്കുവയ്ക്കുന്നു. ഇപ്രകാരം ഓർമ്മാഘോഷത്തിന്റെ മക്കളായിത്തീരണം.

മൂന്നാം ദിവസം - പ്രതിഷ്ഠ

3.1. സല്ലാപാഘോഷം - നാമപൂജ

സങ്കീ 145 (കീർത്തനരൂപത്തിൽ പല്ലവി: "ദൈവവും രാജാവുമായ അങ്ങയെ ഞാൻ പുകഴ്ത്തുന്നു; അങ്ങയുടെ നാമത്തെ വാഴ്ത്തുന്നു.")

3.1.1. ഒന്നാംവായന: പുറ 34:5-8, തിരുനാമപ്രഘോഷണം

3.2.2. രണ്ടാംവായന: പീലി 2:1-11, എല്ലാ നാമങ്ങളേക്കാൾ ഉന്നതമായ ഈശോയുടെ നാമം.

3.2.3. മൂന്നാംവായന: യോഹ 17:6-14, 24-26, താതന്റെ നാമം പ്രഖ്യാപിക്കൽ.

3.2. ഏകാന്തസല്ലാപമന്ത്രം: "തിരുക്കുടുംബമേ, എന്നിൽ അധികാരം നടത്തണമേ."

3.3. സല്ലാപചിന്ത I - പ്രതിഷ്ഠിക്കൽ

"നമ്മുടെ പാവപ്പെട്ട സഭയെയും അംഗങ്ങളായ നിങ്ങളെല്ലാവരെയും ഈ തിരുക്കുടുംബത്തിന് ഞാൻ പ്രതിഷ്ഠിക്കുന്നു." (അന്തിമവചസ്സുകൾ).

3.3.1. പ്രതിഷ്ഠ ബൈബിളിൽ

പഴയനിയമത്തിലെ പ്രധാനപ്പെട്ട ഒരു ആരാധനാപ്രക്രിയയായിരുന്നു പ്രതിഷ്ഠ. വാഗ്ദാനദേശത്തേക്കുള്ള പ്രയാണവേളയിൽ താല്ക്കാലിക കൂടാരമുണ്ടാക്കി പ്രതിഷ്ഠ നടത്തി (പുറ 40:1-15). ദേശം സ്വന്തമാക്കി അവിടെ അധിവാസമുറപ്പിച്ചപ്പോൾ ദേവാലയം പണിത് പ്രതിഷ്ഠിച്ചു (1 രാജാ 8:22-66). ദൈവാരാധനക്കുള്ള വസ്തുക്കളും വസ്ത്രങ്ങളും വ്യക്തികളും (സംഖ്യ 8:5-26) പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. ദൈവത്തിനുവേണ്ടി ഉഴിഞ്ഞുവയ്ക്കപ്പെട്ടവരായിരുന്നു ആദിജാതർ (പുറ 13:2). നാസീർവ്രതക്കാരെപ്പറ്റി സംഖ്യ 6 ൽ പരാമർശമുണ്ട്. വിളവിന്റെ ആദ്യഫലങ്ങൾ ഉടമ്പടീജനം ദൈവത്തിന് സമർപ്പിക്കേണ്ടിയിരുന്നു (നിയമാ 26:1-15). ഇസ്രായേൽജനംതന്നെ പ്രതിഷ്ഠിതരുടെ ഗണമായിരുന്നല്ലോ. വിശുദ്ധജനവും രാജകീയ പുരോഹിതരുമെന്നാണ് അവർ വിളിക്കപ്പെട്ടിരുന്നത് (പുറ 19:5-6). ചുരുക്കത്തിൽ ഉടമ്പടീജനത്തിന്റെ ജീവിതം മുഴുവൻ പ്രതിഷ്ഠാമയമായിരുന്നു. സീറോമലബാർ സഭയുടെ ആരാധനാവത്സരത്തിലെ പള്ളിക്കൂദാശക്കാലമെന്ന് അതിനെ നാമകരണം ചെയ്യാം. പുതിയ ഇസ്രായേലും പ്രതിഷ്ഠിതരുടെ കൂട്ടായ്മയത്രേ. സി.എം.ഐ. സഭാംഗങ്ങ

ളുടെ പ്രത്യേക ദൈവവിളി തിരുക്കുടുംബത്തിന്റെ സന്നിധിക്കൂടാര ങ്ങളാകാനാണ്; ജീവിക്കുന്ന, സ്പന്ദിക്കുന്ന, ചരിക്കുന്ന കൂടാരങ്ങൾ.

3.3.2. ദ്വിവിധ മാനങ്ങൾ

പ്രതിഷ്ഠിക്കുക അഥവാ സമർപ്പിക്കുക എന്ന ബൈബിൾ ചിന്തയിൽ രണ്ട് ആശയങ്ങൾ അടങ്ങിയിരിക്കുന്നു, വേർതിരിക്ക പ്പെടലും (seperation), ശുശ്രൂഷാധർമ്മവും (service). ആദ്യമായി അദൈവികമായവയിൽ നിന്നെല്ലാം പൂർണ്ണമായി വേർതിരിക്കപ്പെ ടണം; ദൈവികമല്ലാത്തവയെല്ലാം നിർമ്മാർജ്ജിതമാകണം. അവിടു ത്തേക്കുവേണ്ടിമാത്രം ഉഴിഞ്ഞുവയ്ക്കപ്പെട്ടവരാണ് പ്രതിഷ്ഠിതർ. അദൈവികമായ എന്ന ആശയത്തിൽ മാനവീയമല്ലാത്തവയും (in-human) ഉൾക്കൊള്ളുന്നുണ്ട്. മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണല്ലോ. തന്മൂലം ആ അന്ത സ്സിന് അനുയോജ്യമല്ലാത്തതെല്ലാം അദൈവികമാണെന്നു പറയാം. ദൈവത്തിനു പ്രതിഷ്ഠിതരെ ഭാരതീയ ചിന്തയിൽ നിവേദിതരെന്നും (നൈവേദ്യമായിത്തീരുന്നവർ), അർപ്പിതരെന്നും (ഒഴുക്കപ്പെട്ടവർ), തദീയരെന്നും (അവിടുത്തേക്കുള്ളവർ, His, belonging to Him), തന്മ യരെന്നും (full of Him, അവിടുത്തോടു താദാത്മ്യം പ്രാപിച്ചവർ), നിയതരെന്നും (നിശ്ചിതമായ, സ്ഥിരമായ, ശ്രദ്ധാപൂർവ്വമുള്ള മനസ്ഥി തിയുള്ളവർ) വിശേഷിപ്പിക്കുന്നു. ഇപ്രകാരം ദൈവത്തിനായി വേർതി രിക്കപ്പെടൽ സഹജരെ ദൈവത്തിന്റേതാക്കാൻ ധാർഢ്യപൂർവ്വം തുനി ഞ്ഞിറങ്ങും. service, seperation ന്റെ അവിഭാജ്യഘടകമാണ്.

3.3.3. അഭിഷിക്തർ

പഴയനിയമത്തിൽ പ്രതിഷ്ഠിതരെ അഭിഷേകം ചെയ്യാറുണ്ട്. ദൈവത്തിന്റെ പ്രതിനിധികളാകാൻ വിളിക്കപ്പെട്ട പുരോഹിതരെ അഭി ഷേചിക്കുമായിരുന്നു. സഹോദരന്മാർ സ്നേഹപൂർവ്വം വസിക്കു ന്നതിനെ സങ്കീ 133:2 ൽ ഇപ്രകാരമാണ് വിശേഷിപ്പിച്ചിരിക്കുക: "അഹ റോന്റെ തലയിൽനിന്ന് താടിയിലേക്കിറങ്ങി അങ്കിയുടെ കഴുത്തുപ ട്ടയിലൂടെ ഒഴുകുന്ന, അമൂല്യമായ അഭിഷേകതൈലം പോലെയാണ് അത്."

3.3.4. അഗതിത്വമനോഭാവം

പൂർണ്ണമായും ദൈവത്തിനു പ്രതിഷ്ഠിതരാകണമെങ്കിൽ തങ്ങ ളിൽ നിന്നുതന്നെ വിമോചിതരാകണം; അഹത്തിന്റെ ബന്ധനങ്ങ ളിൽനിന്ന് സ്വതന്ത്രരാകണം. Beingness, havingness എന്ന ബന്ധന ങ്ങൾ തകർക്കപ്പെടണം. ഒന്നുമില്ലാത്തവരും ഒന്നുമല്ലാത്ത

വരുമാകണം. പ്രിയ മക്കളേ, ആ അവസ്ഥാവിശേഷത്തെ ഞാൻ ഇപ്രകാരം കത്തുകളിൽ അവതരിപ്പിച്ചിരിക്കുന്നു. "ഈവണ്ണം പുഴുക്കളും, ഒന്നും തിരിയാത്തവരും, വിശക്കുന്നുവെന്ന് തള്ളയോടു പറഞ്ഞറിയിപ്പാൻകൂടെയും വശമില്ലാത്തവരായ ഈ കുഞ്ഞുങ്ങളെ..." (കത്തുകൾ VII/10). അഗതിത്വമനോഭാവം കൈമുതലാകുമ്പോൾ ഗതി ലഭിക്കുവാൻ നമ്മൾ സർവ്വേശ്വരനെ അള്ളിപ്പിടിക്കും, തീർച്ച. അപ്പോൾ അമ്മയായ അവിടുന്ന് എന്തുചെയ്തുവെന്നോ? "...ഉറങ്ങിക്കിടന്നാലും ഉണർത്തി മുലപ്പാലൂട്ടും" (കത്തുകൾ VII/10).

3.3.5. നിങ്ങൾ പ്രതിഷ്ഠിതർ

പ്രിയ മക്കളേ, നിങ്ങളെ ഓരോരുത്തരെയും ഞാൻ മരണക്കിടക്കയിൽനിന്ന് തിരുക്കുടുംബത്തിന് പ്രതിഷ്ഠിച്ചിട്ടുണ്ട്. ആ പ്രതിഷ്ഠിതജീവിതം തുടരുവാൻ കടപ്പെട്ടവരാണ് സി.എം.ഐ. - സി.എം.സി. കുടുംബാംഗങ്ങൾ. ഈശോയും മറിയവും ഔസേപ്പുമാണ് പ്രതിഷ്ഠിതരുടെ ഉദാത്തനിദർശനങ്ങൾ. ജനനത്തിനു മുൻപുതന്നെ ഈശോ "ഇതാ ഞാൻ വരുന്നു" (ഹെബ്രാ 10:5-7) എന്നു പ്രഘോഷിച്ചുകൊണ്ട് പിതാവിന് സ്വയം സമർപ്പിച്ചു. പരസ്യജീവിതം ആരംഭിക്കുന്നതിനുമുൻപ് നസ്രായൻ ജലത്താലും പരിശുദ്ധാത്മാവിനാലും അഭിഷിക്തനായി (യോഹ 1:29-34). സുവിശേഷം പ്രഘോഷിക്കുന്നത് ഏശ 61:1-3 ലെ അഭിഷിക്തനെക്കുറിച്ചുള്ള പാഠഭാഗം സിനഗോഗിൽ വായിച്ചശേഷം തന്നിൽ ആ പ്രവചനം നിറവേറിയെന്ന് സമർത്ഥിച്ചുകൊണ്ടാണ്. "കർത്താവിന്റെ അരൂപി എന്റെ മേലുണ്ട്. എന്തെന്നാൽ ദരിദ്രരെ സുവിശേഷം അറിയിക്കുവാനായി അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. തടവുകാർക്ക് മോചനവും കുരുടർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19). താൻ ദിവ്യതാതന് പ്രതിഷ്ഠിതനായത് ദരിദ്രരെയും തടവുകാരെയും അന്ധരെയും അടിച്ചമർത്തപ്പെട്ടവരെയും പ്രതിഷ്ഠിക്കുവാൻ വേണ്ടിയാണെന്ന് അവിടുന്ന് സമർത്ഥിച്ചു. ഇതരരെ ഈശോ സത്യമാകുന്ന വചനത്തിൽ പ്രതിഷ്ഠിച്ചു (യോഹ 17:17-19). ഞാനെന്ന ഭാവത്തിൽനിന്ന് തീർത്തും വിമുക്തനായിരുന്നു മനുഷ്യതനയൻ. തനിക്കൊന്നുമില്ല താനൊന്നുമല്ല എന്ന നിത്യസത്യത്തിന്റെ നിദർശനം. ദൈവമാകുന്നവനെ അള്ളിപ്പിടിച്ചവൻ. താതന്റേതെല്ലാം സ്വന്തമാണെന്ന് (യോഹ 7:10) പ്രഖ്യാപിച്ചവൻ. അവിടുന്ന് പൂർണ്ണമായ അർത്ഥത്തിൽ നിവേദിതനും അർപ്പി

തനും തദീയനും തന്മയനും നിയതനുമായിരുന്നു. ജീവിതാന്ത്യത്തിൽ പ്രതിഷ്ഠിതൻ തന്റെ സമർപ്പണം നവീകരിക്കുന്നുണ്ട് (യോഹ 17). അവസാനം അവിടുന്ന് കുരിശിൽ രക്താഭിഷിക്തനായി.

3.3.6. ഞാൻ ഈശോയ്ക്ക് പ്രതിഷ്ഠിതൻ

തിരുക്കുടുംബത്തിന്റെ കേന്ദ്രബിന്ദുവായ ഈശോയെ ഞാൻ ആത്മാർത്ഥമായി അനുകരിച്ചു. അവിടുത്തെ നാമമായ *യഹോഷുവാ* (യാഹ്വെയാണ് രക്ഷകൻ) എന്ന സത്യം ജീവിക്കുവാൻ ശ്രമിച്ചു. ദൈവത്തിന്റെ പ്രത്യേക കൃപയാൽ പാപമെന്ന തിന്മയിൽനിന്ന് ഞാൻ വിമുക്തനായിരുന്നു. അഹത്തിന്റെ തടവറയിൽ ബന്ധിതനായിരുന്നില്ല. രക്ഷകനെ എന്നിൽ ജീവിക്കുവാൻ അനുവദിച്ചവനാണ് ഈ അയോഗ്യൻ. എന്റേതായി പാപം മാത്രമേയുള്ളൂവെന്ന് ഞാൻ ഏറ്റുപറയുകയും അതിനെക്കുറിച്ച് അനുതപിക്കുകയും ചെയ്തു. അയോഗ്യതയെ ഏറ്റുപറയുന്ന ഒരു പാഠം ഉദ്ധരിക്കട്ടെ. ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ? ഇത്രടം നീ വന്നതെങ്ങനെ? വീട്ടിൽ നിന്നൊരു വിളിച്ചു? പട്ടത്തിനെങ്ങനെ കേറി? കൊവേന്തയിലെങ്ങനെ കൂടി? സഭ എങ്ങനെ കിട്ടി? പ്രിയോരെന്നാരു വിളിച്ചു? ഇവിടെ എങ്ങനെ വന്നു? ഇതൊന്നിന് നിന്നെ കൊള്ളാമോ? ഇല്ല, ഇല്ല, നിശ്ചയം. അപ്പോഴോ തിരുമനസ്സ് നടക്കും, നടത്തും." (*ധ്യാനസല്ലാപങ്ങൾ,* 13). എനിക്ക് ഒരാഗ്രഹമേ ഉണ്ടായിരുന്നുള്ളൂ.

"എത്രയും ചിത്രമാം നിൻമുഖപദ്മത്തെ
ഏകാന്തപ്രേമത്താൽ പാർക്കുന്നഹം"
(*ആത്മാനുതാപം* III: 55-56).

ഉണ്ണിയേശുവിനെ ഞാൻ

"പാർക്കുവാൻ കൊതിക്കുന്നു, കേൾക്കുവാനാ
ശിക്കുന്നു
പാർത്തുസൂക്ഷിപ്പാൻ നേത്രം യോഗ്യ
മല്ലയ്യോനാഥാ"
(*ആത്മാനുതാപം* V: 157-158).

ഇതായിരുന്നു എന്റെ ആഗ്രഹവും ആത്മവേദനയും. എന്റെ ആത്മകഥയിൽ പ്രതിഷ്ഠിതരുടെ ഗീതം നിങ്ങൾക്ക് ശ്രവിക്കാനാകും. ആ ഹൃദയാഭിലാഷങ്ങളുമായി ഒന്നുചേരുമ്പോൾ നിങ്ങളും എന്നെപ്പോലെ നിവേദിതരും, അർപ്പിതരും, തദീയരും, തന്മയരും, നിയതരുമായിത്തീരും. ഗീതം ഇതാണ്.

"മാമക പിതാവുനീ, ഭാഗ്യവുമെനിക്കുനീ
മംഗലം നിയെന്നിയേ മറ്റെന്തു ഗുണനാഥാ

എന്നുടെ സ്നേഹംനീയേ ഭാഗ്യവുമെനിക്കുനീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കുനീ ഭക്ഷണപാനീയംനീ
ആശ്വാസം നിന്നിലല്ലാതെവിടെ എനിക്കയ്യോ!"
(*ആത്മാനുതാപം* II: 142-146).

ധ്യാനസല്ലാപങ്ങളിലെ എന്റെ സമർപ്പണജപം നിങ്ങളും സ്വന്തമാക്കുവിൻ: "എന്റെ സ്നേഹിക്കപ്പെട്ട ദൈവമേ,...എന്റെ സ്നേഹത്തിന് സാക്ഷ്യം നൽകുന്നതിനായി ഇന്നത്തെ ദിവസത്തിലും എന്റെ ആയുഷ്ക്കാലും മുഴുവനും ചെയ്യുന്നതും സഹിക്കുന്നതുമെല്ലാം നിനക്ക് കാഴ്ചവയ്ക്കുന്നു. ഈശോമിശിഹായുടെയും കന്യകാമറിയത്തിന്റെയും മാർ യൗസേപ്പിന്റെയും നന്മപ്രവൃത്തികളോടുകൂടെ എന്നെ നിനക്ക് കാഴ്ചവയ്ക്കുന്നു. നിന്റെ സ്തുതിക്കായി എന്റെ വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളുമെല്ലാം, എന്റെ ഇഷ്ടങ്ങളൊക്കെയും വസ്തുക്കളൊക്കെയും ഇന്നും എല്ലായ്പ്പോഴും നിനക്ക് കാഴ്ചവയ്ക്കുന്നു." (*ധ്യാനസല്ലാപങ്ങൾ,* 68).

ഈശോയ്ക്കുവേണ്ടി ഉഴിഞ്ഞുവയ്ക്കപ്പെട്ട ഞാൻ ഇതരരെയും ദൈവത്തിന്റെ സമർപ്പിതരാക്കുവാൻ ജീവിതം ചിലവഴിച്ചു. ആദ്ധ്യാത്മികതയും അജപാലനാത്മകവും ആരാധനാപരവും തിരുസഭാത്മകവും ബൗദ്ധികവും സാമൂഹികവും സാംസ്ക്കാരികവുമായ സേവനങ്ങൾ ഇക്കാര്യത്തിനുവേണ്ടിയായിരുന്നു. റോക്കോസ് ശീശ്മയുടെ കാലത്ത് രക്താഭിഷേകത്തിനുപോലും സന്നദ്ധത പ്രകടിപ്പിച്ചവനാണ് ഞാൻ.

3.3.7. അമ്മ പ്രതിഷ്ഠിത

തിരുക്കുടുംബത്തിലെ അമ്മയും പ്രതിഷ്ഠാജീവിതം നയിച്ചവളാണ്. ഈശോക്ക് അമ്മ പൂർണ്ണമായി സ്വയം സമർപ്പിച്ചു. ആ മുഖം കണ്ടുകൊണ്ടിരിക്കുന്നതിലും സ്വരം ശ്രവിക്കുന്നതിലും ആത്മനിർവൃതി അനുഭവിച്ചു. മംഗളവാർത്തക്ക് ആമ്മേൻ പറഞ്ഞുകൊണ്ട് ഉദീരണം ചെയ്ത വാക്കുകൾ താൻ ഒന്നുമല്ലെന്നും തനിക്കൊന്നുമില്ലെന്നുമുള്ള സത്യത്തിന്റെ ഭാവാവിഷ്ക്കാരമായിരുന്നു: "ഇതാ കർത്താവിന്റെ അടിയാട്ടി! അങ്ങയുടെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ" (ലൂക്കാ 1:38). സമർപ്പിതയുടെ ദിവ്യഗീതമെന്ന് "എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു; എന്റെ ഹൃദയം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" എന്നാരംഭിക്കുന്ന മഗ്നിഫിക്കാത്തിനെ വിശേഷിപ്പിക്കാം. (ലൂക്കാ 1:46-55). മറിയമാണ്

പ്രതിഷ്ഠിതരായ മനുഷ്യരുടെ ഉദാത്ത നിദർശനവും സമ്പൂർണ്ണമാതൃകയും. അമ്മയാണ് യഥാർത്ഥത്തിൽ നിവേദിതയും, അർപ്പിതയും, തദീയയും, തന്മയയും, നിയതയും. മറ്റുള്ളവരെയും ദൈവത്തിനു സമർപ്പിതരാക്കുവാൻ മാതാവ് ജീവിതം ഉഴിഞ്ഞുവച്ചു. കർത്താവിന്റെ അമ്മ എന്ന സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടയുടനെ ഗർഭിണിയായ ഇളയമ്മയെ ശുശ്രൂഷിക്കുവാനും തിരുക്കുമാരന്റെ സാന്നിദ്ധ്യത്താൽ എലിസബത്തിനെയും ഉദരശിശുവിനെയും ധന്യരാക്കുവാനും യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു കൊച്ചുഗ്രാമത്തിലേക്ക് തിടുക്കത്തിൽ പുറപ്പെട്ടവളാണ് ആ പ്രതിഷ്ഠിത. മൂന്നു മാസക്കാലം അവിടെ താമസിച്ചുകൊണ്ട് ശുശ്രൂഷകയുടെ ദൗത്യം നിർവ്വഹിച്ചു (ലൂക്കാ 1:39-56). കാനായിലെ വിവാഹവിരുന്നിൽ വീഞ്ഞ് തീർന്നുപോയപ്പോൾ തിരുക്കുമാരന്റെ അരികെയണഞ്ഞ് ആവശ്യമുണർത്തിച്ചു (യോഹ 2:1-11). കാൽവരിഗിരിയിൽ മനുഷ്യവർഗ്ഗം മുഴുവന്റെയും അമ്മയായി ഉയർത്തപ്പെട്ട മറിയം (യോഹ 19:25-27) ആ ദൗത്യം ജീവിതകാലം മുഴുവൻ നിർവ്വഹിക്കുകയും ചെയ്തു.

ഔത്കൃഷ്ട്യം, ഔന്നത്യം, നായകത്വം എന്നീ അർത്ഥതലങ്ങളുള്ള കന്യകാമറിയത്തിന് പ്രതിഷ്ഠിതനായി ഞാൻ ജീവിച്ചു. ചെറുപ്പത്തിലേ അമ്മയുടെ അടിമയായിത്തീർന്നവനാണ് ഞാൻ. എന്റെ ജനനി ഈ ദാസനെ വെച്ചൂർപള്ളിയിൽ കൊണ്ടുചെന്ന് അടിമവച്ചു; അടിമപ്പണം എല്ലാകൊല്ലവും കൊടുത്തുപോന്നു (*ആത്മാനുതാപം* II: 1-22). "മങ്കയാം മനോഹരേ" എന്നാണ് ദേവമാതാവിനെ ഞാൻ അഭിസംബോധന ചെയ്തത് (*ആത്മാനുതാപം* II:250). സ്ത്രീകളിൽ അനുഗൃഹീതയായിത്തീർന്ന (ലൂക്കാ 1:42)വളാണല്ലോ ആ പ്രതിഷ്ഠിതോത്തമ.

3.3.8. ഞാൻ അമ്മയ്ക്കു പ്രതിഷ്ഠിതൻ

ആത്മാനുതാപം IV: 211-212 ൽ ഞാൻ ഇപ്രകാരം അമ്മയെ സ്തുതിക്കുന്നു:

"കർമ്മലഅമ്മയെ നീയേ എന്നതുമഹാമുഖ്യം
നിർമ്മലഅമ്മേ, തവദാസ്യവുമതുകിട്ടി
എന്നതുനിനയ്ക്കുമ്പോൾ എന്നുടെ മഹാഭാഗ്യം
ഇന്നതെന്നടിയനെ മുറയ്ക്കുയോഗ്യനായ്"
കർമ്മലാംബക്ക് ഞാൻ ഇപ്രകാരം സമർപ്പിച്ചു:
"നിന്നുടെ തിരുമുൻപിലെന്നുടെ ദേഹംദേഹീ-
യിന്നിതാ കാഴ്ചവച്ചു നിന്നെ ഞാൻ ഏല്പിക്കു

ന്നേൻ" (*ആത്മാനുതാപം* IV:211-212).

അമ്മയിൽ ശരണം ഗമിച്ചു:

"കന്യകമമമാതേ, അമ്മയേ ശരണം നീ...
ചങ്കതിൽ നിന്റെയോർമ്മ എപ്പോഴുമുണ്ടു താനും"
(*ആത്മാനുതാപം* II: 245, 248).

സ്വർഗ്ഗീയ താതന്റെ ഓമൽക്കുമാരിക്ക് ഞാൻ നൽകിയ മറ്റുചില അഭിസംബോധനകൾ നിങ്ങളുടെ അറിവിനും അനുകരണത്തിനുമായി ഞാൻ പറഞ്ഞുതരാം.

- എത്രയും ശുദ്ധമുള്ള വ്യാകുല മാതാവേ
- മനോഗുണമുള്ള അമ്മ
- മനോഗുണത്തിന്റെ അമ്മ
- ഞങ്ങളുടെ മാതാവും സങ്കേതവുമായ പരിശുദ്ധ മറിയം.
- പരിശുദ്ധ കന്യകയായ ദൈവമാതാവ്
- എന്റെ പ്രിയമുള്ള മാതാവ്
- ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയം

മനുഷ്യാവതാരം ചെയ്ത ഉണ്ണീശോയുടെ സന്നിധിയിലെ മാതാവിനെ കാണുവാൻ ഞാൻ അഭിലഷിച്ചപേക്ഷിച്ചു. *ആത്മാനുതാപം* മുന്നാംപാദം 17-18, 23-24, 37-38, 39-40, 49-50, 51-52; അനുബന്ധം 33-34 എന്നീ പാഠങ്ങൾ നിങ്ങൾ ധ്യാനവിഷയമാക്കണം. ചില ആഗ്രഹങ്ങൾ എടുത്തപറയട്ടെ: ദിവ്യകുമാരനെ പ്രസവിച്ചവളെ എനിക്ക് കാണണം; പാലൂട്ടുന്നതു കാണണം; അപ്പോൾ അമ്മയ്ക്കുണ്ടായ ചിത്രമാം ഭക്തി കാണണം; ഉണ്ണീശോയെ സ്തുതിക്കുന്നതു കാണണം; ശുശ്രൂഷിക്കുന്നതു കാണണം. ബെത്‌ലെഹം ഗുഹയിൽ അരങ്ങേറിയ രംഗങ്ങൾ ഞാൻ അഞ്ചാംപാദത്തിൽ മിസ്റ്റിക്കൽ കാഴ്ചപ്പാടോടെ വിവരിച്ചിട്ടുണ്ട്. ആ രംഗങ്ങൾ ആത്മനാ ദർശിക്കുവാൻ നിങ്ങളും ഉത്സുകരാകുവിൻ. പാപമോചനത്തിനും നല്ല മരണത്തിനും സ്വർഗ്ഗരാജ്യത്തിനും അമ്മയെ അള്ളിപ്പിടിച്ചവനാണ് ഞാൻ. മറിയത്തിന്റെ നാമത്തിൽ വലവീശിയാൽ വലനിറയെ അനുഗ്രഹം ലഭിക്കുമെന്ന് *കത്തുകൾ* V/15 ൽ പ്രഖ്യാപിക്കുവാൻ ഞാൻ മടിച്ചില്ല. സഭാംഗങ്ങൾക്കുള്ള മരണപത്രികയിൽ ഞാൻ ഇപ്രകാരം എഴുതുകയുണ്ടായി: "നാം സർവ്വേശ്വരന്റെ വിശേഷകൃപയാൽ ദേവമാതാവിന്റെ എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താ സഭക്കാരായി വിളിക്കപ്പെട്ടു... നമ്മുടെ ബലക്ഷയം കണ്ടിട്ട്. ഈ പരമപരിശുദ്ധയായ അമ്മ നമ്മളെ തന്റെ വിശേഷസ്നേഹത്തിൽ ചേർത്തു." (*കത്തുകൾ* VI/4). അമ്മയെപ്പോലെ ഞാനും നിവേദിതനും, അർപ്പിതനും,

തദീയനും, തന്മയനും, നിയതനുമാകാൻ ആത്മാർത്ഥമായി പരിശ്രമിച്ചവനാണ്. കന്യകാമാതാവിന്റെ നാമത്തിൽ നിസ്സാരകാര്യങ്ങൾപോലും ചെയ്യുവാൻ ഉത്സുകനായിരുന്നു ഈ മാതൃഭക്തൻ. സിസ്റ്റേഴ്സിന് മുളക് കൊടുത്തയച്ചുകൊണ്ട് ഞാൻ എഴുതി: "ശുദ്ധദേവമാതാവിന്റെ സ്തുതിപ്പിനായിട്ട് ഈ സമ്മാനം നിങ്ങൾക്ക് ഞാൻ നിങ്ങൾക്ക് കൊടുത്തയക്കുന്നു" (*കത്തുകൾ* VII/8). എന്റെ ഡയറിയിൽ ഞാൻ ഒരിക്കൽ കുറിച്ചിട്ട കാര്യം ധ്യാനസല്ലാപങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. "എനിക്കും എന്റെ ആത്മീയഗുരുവായ ലെയെപ്പോൾദ് മൂപ്പച്ചനും എത്രയും വലിയൊരു ദുഃഖം വന്നപ്പോൾ നമ്മുടെ കന്യാസ്ത്രീകളെക്കൊണ്ട് മൂന്ന് രാജകന്യക, മൂന്ന് എത്രയും ദയയുള്ള മാതാവ് അപേക്ഷിച്ചു. ഉടൻ മലപോലെ വന്ന കാര്യം മാതാവ് പൂപോലെ ആക്കുകയും ചെയ്തു."

ആത്മാനുതാപം എന്ന കൃതി മാതാവിന്റെ ജീവചരിത്രവുമാണെന്ന് നിങ്ങൾക്കറിയാമല്ലോ. സന്ന്യാസസഭയെ ദൈവമാതൃഭക്തി പ്രചരിപ്പിക്കുന്നതിന് ഞാൻ ഉപകരണമാക്കി. ഉത്തരീയഭക്തി, ഉത്തരീയസഭ, അമലോത്ഭവഭക്തി, വ്യാകുലമാതാഭക്തി, മാതാവിന്റെ നന്മരണസഭ, ജപമാലസഭ, മരിയസഖ്യം തുടങ്ങിയ പുണ്യാഭ്യാസങ്ങളെ പരിപോഷിപ്പിക്കുക സി.എം.ഐ. സഭയുടെ സിദ്ധിയായിരുന്നുവെന്ന് നിങ്ങൾ മറന്നിരിക്കുകയില്ലല്ലോ. ദിവ്യകാരുണ്യനാഥനെ ഹൃദയത്തിൽ സ്വീകരിക്കുന്നതിന് ശിശുതുല്യം നിർമ്മലമായ ഒരു മാർഗ്ഗം ഞാൻ *ധ്യാനസല്ലാപങ്ങളിൽ* വിവരിച്ചിട്ടുണ്ട്: "കർത്താവേ, ഇതാ എന്റെ ഹൃദയം തുറന്നിരിക്കുന്നു. നിനക്കെത്രയും ഇഷ്ടമുള്ള ഇരിപ്പിടമായ എന്റെ ദൈവമാതാവിൻ തിരുമടിയെ എന്റെ ഹൃദയത്തിൽ ഞാൻ വച്ചിരിക്കുന്നു. ഇതിൽ നീ എഴുന്നള്ളിയിരിക്കണമേ. അമ്മയുടെ മടിയിൽ ഇരിക്കുന്ന കുഞ്ഞുമകൻ എത്രയോ സന്തോഷത്തോടുകൂടെ അവിടെയിരുന്നുകൊണ്ട് തെളിയുന്നു. എന്നതിൻവണ്ണം എന്റെ രക്ഷിതാവേ, ഈ മാതാവിന്റെ തിരുമടിയിൽ നീയിരിക്കുന്ന നേരത്ത് ഈ അമ്മ പ്രിയത്തോടുകൂടെ കല്പിക്കുന്നതൊക്കെയും ആ കുഞ്ഞ് ചെയ്യുന്നു. എന്നതിനാൽ ഈ നേരത്ത് ഈ അമ്മ അരുളിച്ചെയ്യുന്നതിനെ നീ കേൾക്കണമേ."

3.3.9. *പ്രതിഷ്ഠിതനായ മാർ യൗസേപ്പ്*

ഈശോയുടെയും മാതാവിന്റെയും പാലകനായ മാർ യൗസേപ്പും പ്രതിഷ്ഠാജീവിതം നയിച്ചവനാണ്. അവർക്കുവേണ്ടി പിതാവ് ജീവിതം ഉഴിഞ്ഞുവച്ചു, അവരെപ്പറ്റി ചിന്തിച്ചു, അവരെ ഉന്മു

ഖമാക്കി സംസാരിച്ചു, അദ്ധ്വാനിച്ചു, അവരെപ്രതി സഹിച്ചു. ഈശോയെ കണ്ടുകൊണ്ടിരിക്കുന്നതിൽ ആത്മസാഫല്യം അടഞ്ഞ വനായിരുന്നു ആ പുണ്യതാതൻ. അവിടുത്തെ സന്തോഷിപ്പിക്കുക, പരിപോഷിപ്പിക്കുക, സംരക്ഷിക്കുക എന്നിവ ജീവിതവ്രതമാക്കി. സുവിശേഷങ്ങളിൽ ഒരിടത്തും മാർ യൗസേപ്പിന്റെ ഒരു വാക്കു പോലും രേഖപ്പെടുത്തിയിട്ടില്ല. മാമുനീന്ദ്രനായി വർത്തിക്കുന്നത് ദൈവവിളിയാക്കി പകർത്തി. മൗനത്തിന്റെ സ്വർഗ്ഗീയ നിനാദം സദാ ശ്രവിക്കുവാൻ ആ നിവേദിതനും, അർപ്പിതനും, തദീയനും, തന്മയനും, നിയതനുമായവന് ദൈവം ഭാഗ്യമേകി. ഇപ്രകാരം തിരുക്കുടുംബത്തിലെ ഇതര അംഗങ്ങൾക്കുവേണ്ടി പ്രതിഷ്ഠിതനായവനിൽ ശുശ്രൂഷയുടെ അഥവാ കർമ്മയോഗത്തിന്റെ തലം നിറഞ്ഞു നിന്നിരുന്നു.

3.3.10. ഞാൻ മാർ യൗസേപ്പിനു പ്രതിഷ്ഠിതൻ

മാർ യൗസേപ്പിന്റെ ഭക്തനായിരുന്നു ഞാൻ. പിതാവിന്റെ ദാസനെന്ന് സ്വയം വിശേഷിപ്പിച്ചു.

"മെപ്രിയ താതൻ നീയേ, ഓർത്തുനിൻദാസൻ
എന്നെ
ചേർത്തുനിൻ സുതൻപക്കലണച്ചീടണമെന്നെ"
(*ആത്മാനുതാപം* IV:201-202).

തിരുക്കുടുംബപാലകനെ മമതാതൻ, പ്രിയം നിറഞ്ഞ പിതാവ്, എന്റെ ദയയുള്ള പിതാവ് എന്നൊക്കെയാണ് ഞാൻ വിശേഷിപ്പിച്ചിരിക്കുന്നത്. ആവശ്യങ്ങളിൽ ആ പ്രതിഷ്ഠിതനെ ഞാൻ അഭയം ഗമിച്ചു: "പ്രിയം നിറഞ്ഞ പിതാവായ മാർ യൗസേപ്പ് പുണ്യവാളാ... എന്റെ ദുർഗുണങ്ങളുടെ അവസാനവും എന്റെ ആത്മശത്രുക്കളോടുള്ള ജയസന്തോഷവും എനിക്ക് എന്റെ പിതാവായ നീ... തരുവിക്കണമെന്ന് ഞാൻ ശരണപ്പെട്ടുകൊണ്ട്... നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ അണയുന്നു." (*ധ്യാനസല്ലാപങ്ങൾ*). വേലക്കാർക്ക് കൂലികൊടുക്കുവാനും മറ്റു ചിലവുകൾക്കും പണമില്ലാതെ വലഞ്ഞപ്പോൾ മാർ യൗസേപ്പിനോട് ഞാൻ പ്രാർത്ഥിച്ചു. അപ്പോൾ ഒരാൾ ആവശ്യമായ പണവുമായി വന്നു (*നാളാഗമങ്ങൾ*, പേജ് 45). പോരൂക്കരഅച്ചൻ അസുഖമായി കിടന്നപ്പോൾ പിതാവിന്റെ മദ്ധ്യസ്ഥാപേക്ഷയാൽ ഭേദമായി (*നാളാഗമങ്ങൾ* പേജ് 54). വിധിയെക്കുറിച്ചുള്ള ഭീതി എന്നെ ഗ്രസിച്ചപ്പോൾ ഞാൻ ഇപ്രകാരം അപേക്ഷിച്ചു: "... എന്റെ ഭയങ്ങളൊക്കെയും കുറയ്ക്കുന്നതിന് എന്റെ പിതാവും മദ്ധ്യസ്ഥനുമായി

രിക്കുന്ന നിന്നെക്കുറിച്ചുള്ള ഓർമ്മ എന്ന ഏകവഴിമാത്രം എന്നെ ഉറപ്പിക്കുന്നു" (*ധ്യാനസല്ലാപങ്ങൾ*). പ്രിയതാതന്റെ ബഹുമാനാർത്ഥം ഞാൻ ഒരു കാര്യം നടപ്പിലാക്കി: "മാർ യൗസേപ്പ് പുണ്യവാളന്റെ സ്തുതിക്കായിട്ട് നല്ല മരണക്കൂട്ടം എന്നൊരു ക്രമമുണ്ടാക്കി." (*നാളാഗമങ്ങൾ*, പേജ് 210). തിരുഅവതാരവേളയിൽ ഭക്തിയോടും എളിമയോടുംകൂടി നിലകൊണ്ട പിതാവിനെ ദർശിക്കുവാൻ ആഗ്രഹിച്ചവനാണ് ഞാൻ.

"ആരാധനയോടങ്ങെത്രയും ഭക്തിയിൽ
ചാരത്തണഞ്ഞതും കാണാകേണം"
(*ആത്മാനുതാപം* III: 45-46).

"ഭാര്യസമേതനായുണ്ണിക്കു ചെയ്തൊരു
ആര്യ(ശ്രേഷ്ഠമായ)സ്തുതികളുംകാണാകേണം"
(*ആത്മാനുതാപം III: 49-50).*

തിരുക്കുടുംബപാലകന്റെ യൗസേപ്പെന്ന നാമം (വളർത്തുന്നവൻ) ജീവിച്ചുകൊണ്ട് ഞാൻ പ്രതിഷ്ഠിതനായിത്തീർന്നു. കേരള സഭക്കും സമൂഹത്തിനും ചെയ്ത സേവനങ്ങളെല്ലാം നിവേദിതനും, അർപ്പിതനും, തദീയനും, തന്മയനും, നിയതനുമായിത്തീരുവാനുള്ള എന്റെ പരിശ്രമത്തിന്റെ മകുടോദാഹരണങ്ങളാണ്. അവസാനം "മരണമെന്ന മഹാകടൽ കടക്കുവാൻ മാലു (വള്ളി)വായിരിക്കുന്ന" (*കത്തുകൾ* IX/7) മാർ യൗസേപ്പിന്റെ മദ്ധ്യസ്ഥതയാൽ ഞാൻ കർത്താവിൽ നിദ്രപ്രാപിച്ചു.

പ്രിയ മക്കളേ, തിരുക്കുടുംബത്തിന് നിങ്ങൾ സമർപ്പിതരാണെന്ന കാര്യം മറക്കരുത്. ആ മഹാഭാഗ്യത്തിന് ഉചിതമായവിധം നിങ്ങൾ ജീവിക്കുവിൻ! സഭയെ തിരുക്കുടുംബമാക്കി പകർത്തുവിൻ! സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സമാശ്വാസത്തിന്റെയും സഹനത്തിന്റെയും ദർപ്പണങ്ങളാക്കുവിൻ! നിങ്ങളിൽ ദൈവജനം തിരുക്കുടുംബത്തിന്റെ സജീവപ്രതീകങ്ങളെ ദർശിക്കട്ടെ! ആമ്മേൻ!

3.4. സല്ലാപചിന്ത II - ആശ്രയിക്കൽ

"തിരുക്കുടുംബത്തെ നിങ്ങൾ ആശ്രയിക്കുവിൻ"

3.4.1. ആമുഖം

തിരുക്കുടുംബത്തിന് സ്വയം പ്രതിഷ്ഠിക്കുകയും അവരെ ആശ്രയിക്കുകയും ചെയ്തവനാണ് ഞാൻ. കത്തുകളും സർക്കുലറുകളും ആരംഭിച്ചിരുന്നത് ഈ.മ.യൗ. (ഈശോ മറിയം യൗസേപ്പ്)

എന്ന ശീർഷകത്തോടുകൂടിയാണ്. ചിലപ്പോൾ ഈ.മ.യൗ. തുണ, മിശിഹായ്ക്കു സ്തുതി എന്നും എഴുതാറുണ്ടായിരുന്നു. അപ്രകാരമുള്ള പാരമ്പര്യം നമ്മുടെ സഭയിലുണ്ടായിരുന്നുവെന്ന കാര്യം നിങ്ങൾക്കറിയാമോ? ഈ വിശുദ്ധാചാരം പുനരാരംഭിക്കുന്നത് കാലികമല്ലെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? പ്രിയ മക്കളേ, സദ്പ്രവൃത്തികൾ ചെയ്യുന്നതിൽ നിങ്ങൾ ലജ്ജിതരാകരുത്. അല്ലെങ്കിൽ അന്ത്യവിധിനാളിൽ കർത്താവും നിങ്ങളെക്കുറിച്ച് ലജ്ജിച്ചെന്നുവരും (ലൂക്കാ 9:28).

3.4.2. ബിബ്ലിക്കൽ ആശയം

ആശ്രയിക്കലിനെ കുറിക്കുന്ന *ബാഥഹ്* എന്ന ബിബ്ലിക്കൽ ക്രിയ രണ്ടു തലങ്ങൾ ഉൾക്കൊള്ളുന്നതാണ്, അള്ളിപ്പിടിക്കലും അതിൽനിന്നുത്ഭൂതമാകുന്ന സുരക്ഷിതത്വവും. അള്ളിപ്പിടിക്കണമെങ്കിൽ ഞാനെന്ന ഭാവത്തിൽനിന്ന് തീർത്തും വിമുക്തനാകണം. I am something, I have something എന്ന ചിന്തയുടെ അംശംപോലും വ്യക്തിത്വത്തിലുണ്ടാകരുത്. എന്തെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ സമ്പൂർണ്ണമായ സമാശ്രയമുണ്ടാകുകയില്ല. ഞാനൊന്നുമല്ല, എനിക്കൊന്നുമില്ല എന്ന സനാതനസത്യം നമ്മിൽ ആഴപ്പെടുന്നതിന്റെ തോതനുസരിച്ചേ അള്ളിപ്പിടിക്കലിന്റെ ആഴം വർദ്ധിക്കുകയുള്ളൂ. പൂർവ്വപിതാവായ യാക്കോബിന്റെ കഥ അറിയാമല്ലോ. സ്വന്തം കുശാഗ്രതയിലും തന്ത്രങ്ങളിലും മാത്രം ആശ്രയിച്ചു പോന്നവനായിരുന്നു അദ്ദേഹം ആരംഭകാലത്ത്. അതുവഴി എല്ലാം നേടിയെടുക്കാമെന്ന മൂഢവിശ്വാസം പുലർത്തുകയും ചെയ്തു. ജേഷ്ഠനെയും ലാബാനെയും മറ്റും കബളിപ്പിക്കുവാൻ കഴിയുകയുണ്ടായി. അവസാനം തനിക്കെതിരെ വരുന്ന ഏസാവിനെ വഞ്ചിച്ച് ദേശം കൈവശമാക്കാനുള്ള പദ്ധതിയൊരുക്കുകയായിരുന്നു യാക്കോബ് (ഉത്പ 32:23). അപ്പോഴാണ് ദൈവം പൂർവ്വപിതാവിന്റെ മേൽ ചാടിവീണ് അദ്ദേഹത്തെ മുടന്തനാക്കിയത്. ഏശാവിൽനിന്ന് ഓടിപ്പോകാൻപോലും കഴിവില്ലാത്ത അഗതിയായിത്തീർന്നപ്പോൾ അദ്ദേഹം എന്തുചെയ്തുവെന്നോ? ദൈവത്തെ അള്ളിപ്പിടിച്ചു. തന്നെ അനുഗ്രഹിക്കാതെ പിടിവിടുകയില്ലെന്ന് ശഠിച്ചു (ഉത്പ 32:25-29). അഗതിയായാലേ ഗതിക്കും അതിജീവനത്തിനുമായി ദൈവത്തെ പൂർണ്ണമായി ശരണം ഗമിക്കുവാനാകയുള്ളൂ. ആ സത്യം പൂർവ്വപിതാവിൽനിന്ന് പഠിക്കുവിൻ.

ബാഥഹ് എന്ന ബിബ്ലിക്കൽ ക്രിയയുടെ രണ്ടാമത്തെ തലം അള്ളിപ്പിടിക്കുന്നവർക്ക് സംലഭ്യമാകുന്ന സുരക്ഷിതത്വമനോഭാവ

മാണ്. ദൈവം അവരെ സ്വന്തമായി കരുതും, പരിപാലിക്കും, കാത്തു രക്ഷിക്കും. തന്മൂലം ഒന്നിനെക്കുറിച്ചും സമാശ്രയിക്കുന്നവർക്ക് ആകുലചിന്തയോ ഭയമോ ഉണ്ടാകയില്ല. "ദൈവത്തിൽ ഞാൻ സമാശ്രയിക്കുന്നു. ഞാൻ ഭയാകുലനാകുകയില്ല. മനുഷ്യന് എന്നോടെന്തു ചെയ്യാൻ കഴിയും?" (സങ്കീ 56:11; വാക്യം 4). സങ്കീ 115:9-11 ൽ ഓരോ ഗോത്രത്തെയും പേരുചൊല്ലി വിളിച്ചുകൊണ്ട് കവി പറയുകയാണ്: "കർത്താവിൽ സമാശ്രയിക്കുക; അവിടുന്നാണ് സഹായകനും പരിചയും" പ്രഭാതത്തിൽ ആലപിക്കുന്ന യാമപ്രാർത്ഥനയായ സങ്കീ 91 നെ ആശ്രയിതരുടെ ഗീതമെന്ന് വിശേഷിപ്പിക്കാം. ചില പ്രസക്ത ഭാഗങ്ങൾ ഉദ്ധരിക്കട്ടെ. തീർത്ഥകനെന്ന പുരോഹിതൻ അനുഗ്രഹിച്ചയ്ക്കുന്നതാണ് രംഗം. അദ്ദേഹം അവനോടു പറയുന്നു. "കർത്താവ് നിന്റെ ആശ്രയവും സങ്കേതവുമാകുന്നു. അപകടത്തിലും കെണിയിലും നിന്ന് അവിടുന്ന് നിന്നെ സംരക്ഷിക്കും. തന്റെ തൂവൽകൊണ്ട് ദൈവം നിന്നെ മറച്ചുകൊള്ളും; ചിറകുകളുടെ കീഴിൽ നിന്നെ കാത്തുകൊള്ളും. രാത്രിയിൽ ഒളിഞ്ഞിരിക്കുന്ന കെണികളോ, പകൽ പറക്കുന്ന അസ്ത്രമോ, നീ ഭയപ്പെടേണ്ട. ഇരുട്ടിൽ ഒളിഞ്ഞിരിക്കുന്ന അപകടമോ മദ്ധ്യാഹ്നത്തിലെ കൊടുങ്കാറ്റോ നീ പേടിക്കേണ്ടാ... നിന്റെ സങ്കേതം കർത്താവായ ദൈവമാകുന്നു. അത്യുന്നതൻ നിന്റെ കോട്ടയാകുന്നു. നിനക്ക് യാതൊരു തിന്മയും വരികയില്ല. ബാധകൾ നിന്റെ ഭവനത്തെ ഉപദ്രവിക്കുകയുമില്ല. വഴികളിൽ നിന്നെ സംരക്ഷിക്കുവാൻ അവിടുന്ന് തന്റെ മാലാഖമാരോട് കല്പിക്കും. നിന്റെ പാദം കല്ലിന്മേൽ തട്ടാതെ കരങ്ങളിൽ അവർ നിന്നെ വഹിച്ചുകൊള്ളും."

3.4.3. ശിശുക്കൾ, ആശ്രിതർ

ആർക്കാണ് ഇത്തരത്തിലുള്ള പൂർണ്ണസമാശ്രയം കൈവരിക്കാനാകുക? ശിശുക്കൾക്കുമാത്രം. തന്നിൽത്തന്നെ തീർത്തും നിരാശ്രയനാണ് കുഞ്ഞ്. തന്മൂലം ജനനിയെ അള്ളിപ്പിടിക്കുന്നു; ഗതിക്കായി അമ്മയെ ശരണം ഗമിക്കുന്നു. മാതാവിന്റെ മടിയിൽ ശാന്തനായി ശയിക്കുകയാണ് ശിശു (സങ്കീ 131:2). പ്രിയ മക്കളേ, വി. കൊച്ചുത്രേസ്യായെപ്പോലെ ആദ്ധ്യാത്മികശൈശവത്തിൽ വളരുവിൻ. അപ്പോൾ ദൈവത്തിന്റേതെല്ലാം നമ്മുടേതെന്ന ചിന്ത നിങ്ങളിലും അടിയുറയ്ക്കും.

3.4.4. ഈശോ, ആശ്രിതൻ

തിരുക്കുടുംബത്തിലെ ഓരോ അംഗവും ആദ്ധ്യാത്മികശൈ

ശവഭാവത്തിന്റെ ഉടമകളായിരുന്നു. ദൈവപിതാവിന്റെ പുത്രനാണ് ഈ ശൈശവത്വത്തിന്റെ മൂർത്തരൂപവും ഉദാത്തനിദർശനവും. അവിടുന്നിൽ ദ്വൈതഭാവം ഉണ്ടായിരുന്നില്ല. എല്ലാം സത്യവും ശിവവും സുന്ദരവും സ്നേഹവും സുതാര്യവുമായിരുന്നു. ആനന്ദരൂപനെന്ന് അവിടുത്തെ വിശേഷിപ്പിക്കാം. പരിശുദ്ധാത്മാവിൽ ആമോദഭരിതനായി ആ ദിവ്യശിശു സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവിനെ വാഴ്ത്തുന്നുണ്ട് (ലൂക്കാ 10:21-24). കാരണം വിജ്ഞാനികൾക്കും ബുദ്ധിമാന്മാർക്കും നിഗൂഢമായിരുന്ന ദൈവരാജ്യത്തിന്റെ രഹസ്യം ദൈവതാതൻ ശിശുമനസ്ക്കരുടെ പൂർണ്ണബിംബമായ അവിടുത്തേക്കു വെളിപ്പെടുത്തി. കുട്ടികളെ അതിരറ്റു സ്നേഹിച്ചവനാണ് ആ ഓമൽസുതൻ. ശിശുക്കളെപ്പോലെയുള്ളവർക്കേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം ലഭിക്കൂ എന്ന് വ്യക്തമാക്കി. അവരെപ്പോലെ സ്വയം വിനീതനാകുന്നവനാണ് സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും വലിയവൻ (മത്താ 18:1-5). ഒന്നുമല്ലാത്തവനും ഒന്നുമില്ലാത്തവനുമെന്ന മനോഭാവത്തോടെ വ്യാപരിക്കലാണ് വിനീതനാകൽ. മറ്റൊരുവാക്കിൽ തന്നിൽത്തന്നെ ഗതിയില്ലെന്ന തീർച്ചയോടെ ഗതിലഭിക്കുവാൻ ദൈവത്തെ അള്ളിപ്പിടിക്കുന്ന സ്വഭാവവിശേഷം. ദിവ്യനന്ദനൻ ഇത്തരം മനസ്ഥിതിയുടെ നിറകുടമായിരുന്നല്ലോ. തന്മൂലം അവിടുന്ന് തന്റെ സത്സ്വരൂപങ്ങളായ ശിശുക്കളെ സ്നേഹിച്ചു. അവരെ കരങ്ങളിലെടുത്ത് താലോലിച്ചു. കുഞ്ഞുങ്ങൾ തന്റെ അടുക്കലണയണയുവാൻ തടസ്സംനിന്ന് ശിഷ്യരെ ശകാരിച്ചു (മർക്കോ 10:13-16).

ആശ്രയബോധത്തിന്റെയും അതിൽനിന്നുത്ഭൂതമാകുന്ന സുരക്ഷിതത്വത്തിന്റെയും പൂർണ്ണാകാരമായിരുന്നു മനുഷ്യപുത്രൻ. പിതാവിനെ കൂടാതെ തനിക്കൊന്നും സാധ്യമല്ലെന്ന സത്യം അവിടുന്ന് ഏറ്റുപറഞ്ഞു (യോഹ 5:19). ദിവ്യതാതൻ ഭരമേല്പിച്ചവ മാത്രമാണ് അവിടുന്ന് ചെയ്തത് (യോഹ 5:36). സ്വർഗ്ഗീയ ജനകനിൽ പുത്രൻ ജീവിച്ചു (യോഹ 6:57; 10:38). സംസ്ക്കരിക്കപ്പെട്ട ലാസറിന്റെ കല്ലറയ്ക്കരികിൽ നിന്നുകൊണ്ട് അവിടുന്ന് പ്രാർത്ഥിക്കുകയാണ്: "അങ്ങ് എപ്പോഴും എന്റെ പ്രാർത്ഥന കേൾക്കുന്നു എന്ന് ഞാനറിയുന്നു" (യോഹ 11:42). അക്കാര്യം ദിവ്യസുതന് തീർച്ചയുണ്ടായിരുന്നു. ആ സത്യം നൽകുന്ന സുരക്ഷിതത്വത്തോടെ ഈശോ മൃതനായവനോട് ആജ്ഞാപിക്കുകയാണ്: "ലാസറേ, പുറത്തുവരിക" (യോഹ 11:43).

3.4.5. അമ്മ ആശ്രിത

കന്യകാമറിയം ആശ്രയബോധത്തിന്റെയും അതിൽനിന്നുള വാകുന്ന സുരക്ഷിതത്വത്തിന്റെയും മാതൃകയാണ്. "ഇതാ കർത്താ വിന്റെ ദാസി! അങ്ങയുടെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ" എന്നുദീരണം ചെയ്തു അമ്മ (ലൂക്കാ 1:38). മാനുഷികമായ രീതി യിൽ അസംഭവ്യമായതിനാണ് ആ ആശ്രിത ആമ്മേൻ പറഞ്ഞത്. കന്യക അമ്മയാകുമെന്ന കാര്യം അവൾ കണ്ണുമടച്ച് വിശ്വസിച്ചു; ദൈവത്തെ അള്ളിപ്പിടിച്ചു. അപ്പോൾ സുരക്ഷിതത്വബോധത്താൽ നിറഞ്ഞവളായി. എലിസബത്ത് പ്രഘോഷിച്ചതുപോലെ "കർത്താവ് അരുളിച്ചെയ്തവ പൂർത്തീകരിക്കപ്പെടുമെന്ന് വിശ്വസിച്ചവൾ ഭാഗ്യ വതിയായിത്തീർന്നു" (ലൂക്കാ 1:45). മാതാവിന്റെ സന്തോഷസന്താ പപ്രകാശമഹിമരഹസ്യങ്ങളുടെയെല്ലാം അന്തരാത്മാവ് ദൈവശാ സ്ത്രബോധവും സുരക്ഷിതത്വമനോഭാവവുമാണ്. കന്യകാംബികക്ക് മഹാനുഗ്രഹങ്ങൾ സംലഭ്യമായത് അവൾ ശിശുതുല്യം സാരള്യമന സ്ക്കയായതുകൊണ്ടായിരുന്നു.

3.4.6. മാർ യൗസേപ്പ് ആശ്രിതൻ

മാർ യൗസേപ്പിന്റെയും ജീവിതവും സമാശ്രയത്വത്തിന്റെയും അതേകിയ സുരക്ഷിതത്വത്തിന്റെയും തുടർക്കഥയായിരുന്നു. കർത്താവിന്റെ ദൂതന്റെ ഖാക്കുകളിൽ പ്രത്യാശയർപ്പിച്ച് പിതാവ് മറിയത്തെ ഭാര്യയായി സ്വീകരിച്ചു (മത്താ 1:18-24). ബെത്ലഹേമി ലേക്കുള്ള ദുരിതപൂർണ്ണമായ യാത്രയിലും, ദൈവതനയന് ജനിക്കു വാൻ സ്ഥലം ലഭിക്കാതെവന്നതിലും, കാലിക്കൂട്ടിൽ അവതരിച്ച സംഭ വത്തിലും, ഈജിപ്തിലേക്ക് പലായനം ചെയ്യലെന്ന ഗതികേടിലു മെല്ലാം ആ ദൈവഭക്തൻ തിരുച്ചിത്തത്തിന് ആമ്മേൻ പറഞ്ഞു; സർവ്വ ശക്തനെ ശരണം ഗമിച്ചു. അതിൽനിന്നുളവാകുന്ന സുരക്ഷിതത്വ ത്തിൽ വ്യാപരിച്ചു. താൻ ഒന്നുമല്ല, തനിക്കൊന്നുമില്ല എന്ന സനാത നസത്യം മാർ യൗസേപ്പ് ജീവിച്ചു. ഗതിക്കായി ശിശുതുല്യം സർവ്വ ശക്തനെ അള്ളിപ്പിടിച്ചു. അപ്പോൾ ദൈവമക്കൾക്കടുത്ത ആത്മ ധൈര്യം, സുരക്ഷിതത്വം എന്നീ അനുഗ്രഹങ്ങൾ ദൈവം അദ്ദേഹ ത്തിന് നൽകി.

പ്രിയ മക്കളേ, ഇപ്രകാരം തിരുക്കുടുംബത്തിന്റെ കഥതന്നെ ദൈവത്തിൽ ആശ്രയിക്കലിന്റെയും തത്ഫലമായ സുരക്ഷിതത്വത്തി ന്റെയും ചരിത്രമാണ്. ഈശോയെയും മറിയത്തെയും യൗസേപ്പ് പിതാവിനെയുംപോലെ ആശ്രയജീവികളാകാൻ വിളിക്കപ്പെട്ടവരാണ്

നാമോരോരുത്തരും. ജീവിതത്തിലെ ഓരോ വിനാഴികയിലും തിരുക്കുടുംബത്തെ ധ്യാനിച്ച് ആശ്രയബോധത്തിൽ വളരണം. അവരെ ശരണം ഗമിക്കുന്നത് ദൈവത്തെ ആശ്രയിക്കുന്നതിനോട് തുല്യമാണെന്ന കാര്യം അറിയാമല്ലോ. ഞാൻ തിരുക്കുടുംബത്തെ അള്ളിപ്പിടിച്ചതിന്റെയും ആ പ്രക്രിയ കാഴ്ചവച്ച സുരക്ഷിതത്വത്തിന്റെയും ചില ഉദാഹരണങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

3.4.7. ഞാൻ ആശ്രിതൻ

ഒന്നുമില്ലാത്തവനും ഒന്നുമല്ലാത്തവനുമെന്ന അഗതിത്വമനോഭാവം എന്നിൽ നിറഞ്ഞുനിന്നിരുന്നു. ദർശനവീടിന്റെ പണിയെക്കുറിച്ചുള്ള *നാളാഗമഭാഗ*ത്തിന്റെ ആരംഭത്തിൽ 'കുറേപ്പെട്ടവൻ' എന്നാണ് ഞാൻ സ്വയം വിശേഷിപ്പിച്ചത് (പേജ് 15). മറ്റുചില അഭിസംബോധനകൾ: അല്പൻ (*ആത്മാനുതാപം* III:*അനുബന്ധം*: 40), വകതിരിവില്ലാത്തവൻ (*നാളാഗമങ്ങൾ*, പേജ് 70), തെളിവില്ലാത്തവൻ (*ധ്യാനസല്ലാപങ്ങൾ*), പ്രാപ്തിഹീനൻ (*അത്മാനുതാപം* II: 277), യോഗ്യതയില്ലാത്തവൻ, ഒന്നിനുംകൊള്ളാത്തവൻ (*നാളാഗമങ്ങൾ*), അഗതി (*നാളാഗമങ്ങൾ*), ഭോഷൻ (*നാളാഗമങ്ങൾ* പേജ് 71, 75), മഹാമൂഢൻ (*ആത്മാനുതാപം* II: 350), മൂഢൻ (*ആത്മാനുതാപം* IX മാതൃദുഃഖം 31) അന്ധൻ, ബധിരൻ, മൂകൻ (*ധ്യാനസല്ലാപങ്ങൾ*), കൃമി (*ആത്മാനുതാപം* I:6,17), പുഴു (*ധ്യാനസല്ലാപങ്ങൾ*), കഷ്ടപ്പുഴു (*ധ്യാനസല്ലാപങ്ങൾ*), അകൃതപുഴു (*ധ്യാനസല്ലാപങ്ങൾ*), ഞാൻ പാപികളിൽ പാപിയാണെന്ന ചിന്തയുടെയും അനുതാപകണ്ണീരിന്റെയും കാവ്യമാണ് *ആത്മാനുതാപം*: I:129; II:31-34; 163-164, 349-350, 361-364; III:അനുബന്ധം 63-64. ചില പാഠങ്ങൾ മാത്രം ഉദ്ധരിക്കട്ടെ:

> നായകാനരദേവാ, കരുണാനിധേ, നാഥാ,
> നയനാൽ തൃക്കൺ പാർക്ക മേദാസൻ മഹാപാപി
> (II: 241-242).
>
> മന്ദമായ് നടന്നയ്യോ പിന്നെയും മഹാപാപി
> നന്ദിഹീനൻ പാപക്കനത്തെ വർദ്ധിപ്പിച്ചു" (II: 289-290).

*ധ്യാനസല്ലാപങ്ങളു*ടെ ആരംഭത്തിൽ ഞാൻ ഇപ്രകാരം എഴുതി: "ഉയരപ്പെട്ട പുണ്യത്തിനും വലിയ ധ്യാനത്തിനും എനിക്ക് യോഗ്യതയില്ല. അതെന്തേ മഹാപാപി. ഇതിനാൽ ആത്മം അശുദ്ധമായി, തെളിവില്ലാത്തവനായി. വെടിപ്പ് അടക്കം ഈ പുണ്യങ്ങളില്ലായ്കയാൽ ധ്യാനാരൂപി കിട്ടുവാനും പുണ്യസാംഗോപാംഗത്തിനും

(ഉന്നതപദവി) യോഗ്യനല്ല." എന്നിൽ നിറഞ്ഞുനിന്ന അഗതിത്വമനോ ഭാവത്തിന്റെ ഭാഷ്യമിതാ: "ദൈവം ചെയ്യിച്ചതൊക്കെയും എന്റെ വശമോ? ഇത്രടം നീ വന്നതെങ്ങനെ? വീട്ടിൽ നിന്നാരു വിളിച്ചു? പട്ടത്തിനെങ്ങനെ കേറി? കൊവേന്തയിലെങ്ങനെ കൂടി? സഭ എങ്ങനെ കിട്ടി? പ്രിയോരെന്നാരു വിളിച്ചു? ഇവിടെ എങ്ങനെ വന്നു? ഇതൊ ന്നിന് നിന്നെ കൊള്ളാമോ? ഇല്ലാ, ഇല്ല, നിശ്ചയം. അപ്പോഴോ തിരു മനസ്സ് നടക്കും, നടത്തും." (*ധ്യാനസല്ലാപങ്ങൾ*, 13).

ഇപ്രകാരം നരാധമനായി മാത്രമല്ല ഞാൻ സ്വയം കണക്കാ ക്കിയത്. മനുഷ്യനെന്നുപോലും വിശേഷിപ്പിക്കുവാൻ ഞാൻ മടിച്ചു. പുഴുക്കളുടെയും കൃമികളുടെയും ലോകത്തിലേക്ക് താഴ്ന്നി റങ്ങിയവനാണ് ഞാൻ. ക്രൂശിതനായ ഗുരുവരൻ സങ്കീർത്തകനോ ടൊത്ത് "ഞാൻ മനുഷ്യനല്ല കൃമിയാകുന്നു" എന്നു വിലപിച്ചവനാ ണല്ലോ (സങ്കീ 22:6). വെറും 'മൈനസ്' (minus) മാത്രമായിരുന്നു ഞാൻ. ആകെപ്പാടെയുണ്ടായിരുന്നത് പാപങ്ങൾ മാത്രം. ഇപ്രകാര മുള്ളവൻ ഗതിക്കായി ദൈവത്തെ അള്ളിപ്പിടിക്കുമല്ലോ. അവിടു ന്നിൽ മാത്രം സമാശ്രയിക്കാതെ മറ്റെന്തു ചെയ്യാനാകും? ആശ്രയ ജീവിയായിത്തീർന്നു ഈ അഗതിയായവൻ. ഈശോമറിയം യൗസേ പ്പിൽ തുണ കണ്ടെത്തി (സർക്കുലറുകളുടെ ആരംഭത്തിൽ ഞാൻ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. രാജകീയ വിരുന്നിൽ വിവാഹ വസ്ത്രം ധരിക്കാതെ സംബന്ധിക്കുവാനെത്തിയ മനുഷ്യനെ ഞാൻ അനുകരിച്ചില്ല. "...വിളിച്ചുവരുത്തിയവരോട് കുപ്പായമില്ലല്ലോ എന്ന വൻ ഒരുവചനം പറഞ്ഞിരുന്നെങ്കിൽ അപ്പോൾ കിട്ടിയേനേ... എങ്ങ നെയിരുന്നാലും മതി എന്നവൻ നിരൂപിച്ചതിനാൽ കൈയ്യും കാലും കെട്ടി ഇരുട്ടിൽ തള്ളപ്പെട്ടു" (*ധ്യാനസല്ലാപങ്ങൾ*). "ധ്യാനത്തിന്റെ ഗുരുനാഥ"യും, "തന്റെ പ്രിയമുള്ള തള്ളയും", 'മാംസതള്ളമാരേ ക്കാൾ അധികമായിട്ട് മകനായ തന്നെ സ്നേഹിക്കുകയും, ചെയ്യുന്ന വി. അമ്മത്രേസ്യായോട് ധ്യാനവരം ചോദിച്ചുവാങ്ങി. ധ്യാനത്തിന്റെ 'പേച്ച് (ഭാഷ) പഠിക്കുവാൻ' സിദ്ധാന്തം കൂട്ടി; "ഹൃദയത്തിൽ ചൊല്ലി ത്തന്ന് പഠിപ്പിക്കണമെന്ന്" നിർബന്ധിച്ചു.

അഗതിയായ ഞാൻ ഗതിക്കായി ഈശോയോട് എന്നെ "നയ നാൽ തൃക്കൺ പാർക്കുവാൻ" (*ആത്മാനുതാപം* II: 242) അപേ ക്ഷിച്ചു. മഹാപാപിയാണെങ്കിലും അവിടുത്തെ "എന്റെ അപ്പൻ," "എന്റെ മനോഗുണമുള്ള അപ്പൻ", "മനോഗുണമുള്ള എന്റെ അപ്പൻ," "പ്രിയമുള്ള അപ്പൻ," "എന്റെ അനുഗ്രഹമുള്ള അപ്പൻ" എന്നൊക്കെ അഭിസംബോധന ചെയ്യുവാനും തുനിഞ്ഞു. തിരുമുഖത്ത് കോപ

മാണ് കാണുന്നതെങ്കിൽ കന്യകാംബികയുടെ അടുത്തേക്കു ഓടുകയായി. "മേനാഥേ ശരണം നീയല്ലാതെയില്ലമമ" (*ആത്മാനുതാപം* VI:206). "തിരുവാമൊഴിഞ്ഞ് നീ പ്രാർത്ഥിക്ക മമ തായേ" (*ആത്മാനുതാപം* VI: 210) എന്നപേക്ഷിച്ചു. അന്തിമനാളിൽ

"അടിയനതുനേരം തിരുവാസനമടി (അമ്മയുടെ മടിത്തട്ട്)
ഇടയിലൊതുങ്ങുവാനരുളീടണം നാഥേ"
(*ആത്മാനുതാപം* VI: 219-220).

എന്നു യാചിച്ചു. ദിവ്യസുതന്റെ മുഖത്ത് ക്രൗര്യഭാവം നിഴലിക്കുമ്പോൾ

"നിന്നുടെ സിംഹാസനമറവാലടിയന്റെ
ചിമ്മുന്ന കണ്ണുകളെ മറച്ചീടണം തായേ"
(*ആത്മാനുതാപം* VI: 223-224).

അമ്മയുടെ മേലങ്കിയാൽ തന്നെ മറയ്ക്കണമെന്നും ഈ വിനീതദാസൻ കേഴുകയായി.

അയോഗ്യതയെക്കുറിച്ചുള്ള ആഴമേറിയ അറിവ് ഹൃദയം ഭേദിച്ചപ്പോൾ യൗസേപ്പ്പിതാവിനെ സമീപിക്കുവാനും ഞാൻ മടിച്ചില്ല. എന്നെ ഈശോയുടെ പക്കലണച്ചീടണമെന്നും അമ്മയുടെ അപേക്ഷയാൽ പാപങ്ങൾ പോക്കണമെന്നും ഞാൻ കേണപേക്ഷിച്ചു (*ആത്മാനുതാപം* IV: 201-204). മരണമെന്ന മഹാകടൽ കടക്കുവാൻ വളർത്തുതാതനെ മാലു (വള്ളി)യാക്കി (*കത്തുകൾ* IX/7). കൂലികൊടുക്കുവാൻ കാശില്ലാതെ വലഞ്ഞപ്പോൾ താതന്റെ പക്കൽ അഭയം തേടി (*നാളാഗമങ്ങൾ*, പേജ് 210). കൂടുതൽ ദൃഷ്ടാന്തങ്ങൾ "പ്രതിഷ്ഠിക്കലെ"ന്ന ശീർഷകത്തിൽ നൽകിയിട്ടുണ്ടല്ലോ.

ദൈവത്തിൽ സമാശ്രയിച്ച ഞാൻ എന്റെ കൃതികളിൽ "ദൈവസഹായത്താൽ" എന്ന പ്രയോഗം തുടർച്ചയായി ഉപയോഗിച്ചിട്ടുണ്ട്. സ്വന്തം കഴിവുകൊണ്ട് ഒന്നും ചെയ്യാൻ കഴിവില്ലാത്തവനായ എനിക്ക് കർത്താവിന്റെ സഹായം തുടർച്ചയായി ലഭിച്ചതിന്റെ അനുസ്മരണമാണ് ആ പദം. ഏതാനും ഉദാഹരണങ്ങൾ: *മാന്നാനം നാളാഗമം* I, പേജ് 16,35,39,53,56,61,150,153,154,156, *മാന്നാനം നാളാഗമം* II, പേജ് 9, 65,68,86; *പല പഴയചരിത്രങ്ങൾ,* പേജ് 41; ('ദൈവകൃപ') *മാന്നാനം നാളാഗമം* I, പേജ് 150; *മാന്നാനം നാളാഗമം* II, പേജ് 63, *കൂനമ്മാവ് മഠം നാളാഗമം,* പേജ് 6, ദൈവന്യായം *(മാന്നാനം നാളാഗമം* I, പേജ് 22); ദൈവശക്തി *(മാന്നാനം നാളാഗമം* II, പേജ് 106) തുടങ്ങിയ പ്രയോഗങ്ങൾ ദൈവത്തിലുള്ള എന്റെ ആശ്രയബോധത്തെ തെളിയിക്കുന്നു. 'തമ്പുരാൻ ഉത്സാഹം കൊടുത്തു' (*മാ*

ന്നാനം നാളാഗമം I, പേജ് 151), "ഇനി എന്തോ ദൈവം തന്നെ അവനെ ഉറപ്പിക്കട്ടെ" (*മാന്നാനം നാളാഗമം* I, പേജ് 160), "ദൈവം നടത്തുവാൻ തിരുമനസ്സായിരിക്കുന്നു" (*മാന്നാനം നാളാഗമം* II, പേജ് 72), "ഇനി തമ്പുരാൻ നിറവേറ്റുമെന്ന ശരണം" (*മാന്നാനം നാളാഗമം* II, പേജ് 78), "സർവ്വേശ്വരൻ തിരുമനസ്സാകുമെന്ന് ഞാൻ ശരണപ്പെടുന്നു" (*മാന്നാനം നാളാഗമം* II, പേജ് 101), "തനിക്ക് എപ്പോഴും എല്ലായ്പോഴും സ്തുതി വർദ്ധിക്കട്ടെ" (*മാന്നാനം നാളാഗമം* II, പേജ് 93) തുടങ്ങിയ പദങ്ങളിലും എനിക്ക് കർത്താവിലുണ്ടായിരുന്ന ശരണം വെളിപ്പെടുത്തുന്നവയത്രേ.

3.4.8. ഞാൻ ശരണം ഗമിച്ചവർ

തിരുക്കുടുംബത്തെ മാത്രമല്ല ഞാൻ അഭയം ഗമിച്ചത്. ആവീലായിലെ അമ്മയുടെ അടുക്കൽ ആവശ്യങ്ങളുമായി അണഞ്ഞവനാണ് ഞാൻ. "അപ്പോഴോ അമ്മേ! നിന്റെ പക്കലില്ലാത്തതായാലും മകനായ ഞാൻ ചോദിച്ചാൽ ഉള്ളടത്ത് നിന്ന് ചോദിച്ചുമേടിച്ചെങ്കിലും തരുവാൻ ഞെരുങ്ങുന്ന നിന്റെ ഉപവി, നിന്നിൽ ധാരാളമായി ഉണ്ടായിരിക്കുന്ന ഈ ഗുണം ചോദിച്ചപേക്ഷിക്കുന്ന അഗതിയായ മകന് തരാതെയിരിക്കുമോ; നിന്റെ മേലുള്ള ഈ പ്രിയത്തെ പ്രതി നിന്റെ മക്കൾക്കു സമ്മാനിപ്പാൻ സന്തോഷമായിരിക്കുന്ന നിന്റെ പ്രിയ മണവാളനോടു ഈ അഗതിയായ മകന്റെ അപേക്ഷപ്രകാരം കേൾപ്പിച്ചാൽ മണവാളനിൽ നിന്നകന്നിരുന്ന കാലത്തിൽ ചോദിക്കുന്നതൊക്കെയും തന്നിരുന്ന മണവാളൻ ഇപ്പോൾ വിവാഹം കഴിഞ്ഞ് മണവറയിൽ ഒന്നിച്ചിരിക്കുന്ന ഈ സമയം യാചിക്കുന്നത് കിട്ടുമോ എന്നെനിക്കു സംശയിപ്പാനുണ്ടോ? അന്യർക്കുവേണ്ടി പലതും അപേക്ഷിച്ച് സഹായിക്കുന്ന നീ പാപിയെങ്കിലും മകന്റെ സ്വാതന്ത്ര്യമുള്ള ഞാൻ അപേക്ഷിച്ചാൽ നീ കൂട്ടാക്കാതെയിരിക്കും എന്നെനിക്കു വിചാരിക്കാമോ? ആയതും ഒരുനാളും വഹിയായല്ലോ. ആയതിനാൽ അമ്മേ! ഞാൻ അപേക്ഷിക്കുന്നു. എന്നെ നീ പഠിപ്പിക്ക. (*ധ്യാനസല്ലാപങ്ങൾ*).

ഞാൻ വി. അമ്മത്രേസ്യായൊടൊപ്പം മറ്റു ചില അമ്മമാരേയും ആശ്രയിച്ചു. മഗ്ദലേനാ മറിയം, കൊർത്തോനായിലെ മറിയം, ഈജിപ്തിലെ മറിയം എന്നീ മൂന്ന് അമ്മമാരെയും ഞാൻ സന്ധിച്ചുപോന്നു. *ധ്യാനസല്ലാപങ്ങളിൽ* രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക: "കുരിശിൻ ചുവട്ടിൽ പിടിച്ചുകൊണ്ടുനിൽക്കുന്ന ഈ അമ്മ മഗ്ദലേനായോടുകൂടെ *നിത്യവും* ഈ കുരിശിൻ ചുവട്ടിൽ ഞാൻ കെട്ടിപ്പിടിച്ചിരിക്കുന്നു." "എന്റെ അമ്മേ, മഗ്ദലേനാമ്മേ, ഈ

കർത്താവിനെയും മാതാവിനെയും മറ്റും നീ കൂട്ടിക്കൊണ്ടുവന്ന് പാവപ്പെട്ട സക്കെ (സക്കേവൂസ്) ആയ അടിയന്റെ ഹൃദയത്തിൽ പാർപ്പിക്കണമേ." കുരിശിൻരൂപം കൊർത്തോനായിലെ അമ്മയോട് സംസാരിച്ചു. ഈജിപ്തിലെ മറിയത്തിന് പള്ളിവാതിൽ തുറന്നു കിട്ടി. ഇവരുടെ രണ്ടുപേരുടെയും മദ്ധ്യസ്ഥാപേക്ഷയാൽ ഞാൻ സുരക്ഷിതനായിത്തീർന്നു.

3.4.9. ഞാൻ സുരക്ഷിതൻ

ത്രിത്വകുടുംബമാകുന്ന തിരുക്കുടുംബത്തെ അള്ളിപ്പിടിച്ചപ്പോൾ ദൈവികമായ സുരക്ഷിതത്വം എനിക്കനുഭവപ്പെട്ടു. സിസ്റ്റേഴ്സിന് ഞാൻ എഴുതിയതുപോലെ ഈ ഭൂമിയിൽ രണ്ടിനും (ഐഹികമായും ആത്മീയമായും) സുഖമുള്ളവനായിത്തീർന്നു, (*കത്തുകൾ* VII/7). സർവ്വേശ്വരനായ കർത്താവ് കാര്യങ്ങൾ വിചാരിച്ച് ഭംഗിയായി നടത്തുന്നുവെന്ന ബോധ്യമുണ്ടായി (*കത്തുകൾ* VII/11). "എന്നെ ശക്തിപ്പെടുത്തുന്ന മിശിഹാവഴി സർവ്വതും എനിക്ക് കഴിയുമെന്ന ശരണം ലഭിച്ചു" (*കത്തുകൾ*). നമ്മുടെ എളിമപ്പെട്ട കൂട്ടം (സന്ന്യാസസഭ) മനുഷ്യർ ഉണ്ടാക്കിയതല്ല, പിന്നെയോ തമ്പുരാൻ എത്രയോ പുതുമകളാൽ ഇതിനെ സ്ഥാപിക്കുകയും നടത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തു എന്ന ഉറച്ച ബോധ്യമുണ്ടായി (*കത്തുകൾ* VI/1). "എന്റെ ഭാഗ്യം അപാരമാണ്. എന്റെ നാഥനായ കർത്താവാണ് എന്റെ ഏറ്റവും വലിയ ഭാഗ്യം" എന്ന സത്യം അനുഭൂതിയായി പകർന്നു. ദൈവമാണ് അയോഗ്യനായ എന്നിലൂടെ വലിയ കാര്യങ്ങൾ പ്രവർത്തിച്ചതെന്ന് ഞാൻ ഏറ്റുപറഞ്ഞു.

ഒരു കാശുമില്ലാതെ അഗതിയായിരുന്നിട്ടും (*നാളാഗമങ്ങൾ*, 138) കർത്താവിനെപ്രതി കേരളസഭക്കുവേണ്ടി പലതും ചെയ്യുവാൻ തുനിഞ്ഞിറങ്ങിയവനാണ് ഞാൻ. കർത്താവിലുള്ള ആശ്രയത്തിൽ നിന്നുളവായ സുരക്ഷിതത്വമാണ് അതിനെല്ലാം പ്രചോദനേകിയത്. 18 രൂപമാത്രം കൈയ്യിലുള്ളപ്പോൾ ഞാൻ കൂനമ്മാവ് മഠം പണിയുവാൻ ധൈര്യപ്പെട്ടു. ദൈവകൃപയാൽ 8000 രൂപ പിരിച്ചെടുക്കുവാൻ കഴിഞ്ഞു. ഏറെ കാലം മുതൽ അപേക്ഷിച്ചുവന്നിരുന്ന സന്ന്യാസിനീസഭ എന്ന ആശയം (*നാളാഗമങ്ങൾ* പേജ് 126) എന്നിലൂടെ ദൈവം സാക്ഷാത്ക്കരിച്ചു. അതിനെപ്പറ്റി ഞാൻ *നാളാഗമങ്ങൾ* പേജ് 139 ൽ ഇപ്രകാരം രേഖപ്പെടുത്തി: "സർവ്വേശ്വരാ, എന്നെ അധികം കടപ്പെടുത്തുവാനായിട്ട് ഇതിനെയും കാണ്മാൻ എനിക്കു ആയുസ്സു നീളിപ്പിച്ചു എന്നു ഞാൻ നിരൂപിക്കുന്നു. തനിക്ക് എപ്പോഴും എല്ലാ

യ്പ്പോഴും സ്തുതിവർദ്ധിക്കട്ടെ, ആമ്മേൻ." "കന്യാസ്ത്രീമഠവും അതിൽ മനസ്സായവരെ ചേർത്തു നടത്തുവാനും വകയില്ലാതിരുന്നിട്ടും (*നാളാഗമങ്ങൾ* പേജ് 131) ഞാൻ നഷ്ടധൈര്യനായില്ല. സിസ്റ്റേഴ്സിനെ റേന്ത് (ലെയ്സ്) പണിയും നെയ്ത്ത് മുതലായവ വേലകൾ പഠിപ്പിപ്പാൻ ആളെ അന്വേഷിച്ചു നടന്നെങ്കിലും കിട്ടാതായപ്പോൾ ഞാൻ പ്രതികരിച്ചതെങ്ങിനെയെന്നോ? "ഇനി തമ്പുരാൻ നിറവേറ്റും എന്ന ശരണം" (*നാളാഗമങ്ങൾ*, പേജ് 129).

പണം സ്വരൂപിച്ചുവച്ചുകൊണ്ടായിരുന്നില്ല കേരളക്കരയിൽ ഞാൻ മുദ്രാലയം, സെമിനാരി, സ്ക്കൂൾ മുതലായ പ്രസ്ഥാനങ്ങൾ ആരംഭിച്ചത്. വാസ്തവത്തിൽ പണം എനിക്ക് പ്രശ്നമല്ലായിരുന്നു. ദൈവത്തിന്റെ ജോലികൾ ചെയ്യുമ്പോൾ ആവശ്യമുള്ളവ അവിടുന്ന് നൽകാതിരിക്കയില്ല. കൂലി കൊടുക്കാൻ കാശില്ലാതെ വലഞ്ഞപ്പോൾ കപ്പേളയിൽ കയറി ഞാൻ പ്രാർത്ഥിച്ചു. ആഗോളസഭയുടെ ആവശ്യങ്ങളും എന്റെ കൺമുമ്പിലുണ്ടായിരുന്നു. കർത്താവിൽ സമാശ്രയിച്ചതിനാൽ ഒന്നാം വത്തിക്കാൻ കൗൺസിലിന്റെ ചിലവിലേക്ക് 32000 രൂപ പിരിച്ചെടുക്കാൻ സാധിച്ചു.

റോക്കോസ് ശീശ്മ കേരളസഭയിൽ നാശം വിതച്ചപ്പോൾ ഞാൻ നഷ്ടധൈര്യനായില്ല. 155 പള്ളികളിൽ 86 ഇടവകകൾ പൂർണ്ണമായും 30 എണ്ണം ഭാഗികമായും ശീശ്മയെ പിൻചെന്നു. എന്നിട്ടും കർത്താവിലുള്ള സുരക്ഷിതത്വത്താൽ ശീശ്മക്കെതിരായി ജീവൻ അപകടത്തിലാക്കിക്കൊണ്ടും ഞാനും സഹജരും പോരാടി. ദൈവം ഞങ്ങളോടൊത്തുണ്ടായിരുന്നതിനാൽ സഭയുടെ ശത്രുക്കൾ പരാജയപ്പെട്ടു. കർത്താവിലുള്ള സമാശ്രയം നൽകിയ ധൈര്യത്താൽ പ്രചോദിതനായി ഞാൻ തെക്കൻ പള്ളിപ്പുറത്ത് വികാരിയായിരുന്നപ്പോൾ വസൂരിരോഗം ബാധിച്ചിരുന്നയാൾക്ക് കുർബ്ബാന കൊണ്ടുപോയി കൊടുക്കാൻ തുനിഞ്ഞു. ആ ഉദ്യമത്തിന് പലരും തടസ്സം നിന്നപ്പോൾ ഞാൻ പറഞ്ഞതെന്താണെന്നോ? "ഇത് എന്റെ കടം. തമ്പുരാൻ എന്നെ സഹായിക്കും." ആശ്രമപണികൾക്ക് തടിശേഖരിക്കുവാനായി പ്ലാശനാലടുത്തുള്ള കിഴക്കൻ മലകളിലേക്ക് ഒരിക്കൽ എനിക്ക് പോകേണ്ടിവന്നു. ഭയങ്കരനായ ഒരു കരിങ്കോളിസർപ്പം എന്നെ ആക്രമിക്കാനെത്തി. മുട്ടുകുത്തി നിന്ന് ഞാൻ പ്രാർത്ഥനയിൽ മുഴുകി, ആളുകൾവന്ന് സർപ്പത്തെ വെടിവച്ചുകൊല്ലുന്നതുവരെ.

3.4.10. *എന്റെ മനോധൈര്യം*

കർത്താവിലുള്ള സമാശ്രയത്തിൽനിന്ന് എനിക്കു ലഭിച്ച മനോധൈര്യത്താൽ ലോകദൃഷ്ടിയിൽ ഭോഷത്തമെന്ന് തോന്നാവുന്നവയും ചെയ്യുവാൻ ഞാൻ പ്രചോദിതനായി. ഒരുദാഹരണം നൽകാം. ആശ്രമപണിയിൽ ഏർപ്പെട്ടിരുന്ന എന്നെ ഫ്രാൻസിസ് സേവ്യർ മെത്രാൻ പള്ളിപ്പുറം ഇടവകയുടെ വികാരിയായി നിയമിച്ചു. കൊവേന്തസ്ഥാപനം മുടങ്ങുമല്ലോ എന്നോർത്ത് സങ്കടം പറയുവാൻ മെത്രാനെ ഞാൻ സമീപിച്ചപ്പോൾ അദ്ദേഹം "കല്പന കേൾക്കണം എന്നു മാത്രം കല്പിച്ചു. വീണ്ടും ഞാൻ കുറെ സങ്കടമായിട്ടെന്നപോലെ പറഞ്ഞു." (*നാളാഗമങ്ങൾ*, പേജ് 29). മെത്രാൻ അതിശക്തമായിട്ടാണ് പ്രതികരിച്ചത്. വികാരിജോലി ഏറ്റെടുക്കുവാൻ കണ്ണീരൊഴുക്കിക്കൊണ്ട് ഞാൻ പോവുകയും ചെയ്തു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ വീണ്ടും ഞാൻ മെത്രാനച്ചനെ സമീപിക്കുകയായി, വികാരിയായി മറ്റൊരച്ചനെ നിർദ്ദേശിച്ചുകൊണ്ട്. മെത്രാൻ ഒന്നും മിണ്ടാതായപ്പോൾ വീണ്ടും പൈതങ്ങളുടെ സിദ്ധാന്തംപോലെ (*നാളാഗമങ്ങൾ* പേജ് 31), അപേക്ഷ ആവർത്തിച്ചുകൊണ്ടിരുന്നു. അപ്പോൾ അദ്ദേഹം രൂക്ഷമായ ഭാഷയിൽ പറഞ്ഞു, പോ പോ. "കല്പനകേട്ട് ഞാൻ ഭയപ്പെട്ടു മുട്ടുകുത്തി കൈമുത്തി ഇറങ്ങുകയും ചെയ്തു." പിന്നീട് അദ്ദേഹത്തിന് എന്റെ സദുദ്ദേശ്യവും ആശ്രയബോധവും മനസ്സിലായതിനാലാകണം വികാരി ജോലിയിൽനിന്ന് എനിക്ക് ഒഴിവു തന്നത്.

പ്രിയ മക്കളേ, എന്നെപ്പോലെ നിങ്ങളും തിരുക്കുടുംബത്തെ സമാശ്രയിക്കുവിൻ. അപ്പോൾ നിങ്ങൾക്കും സുരക്ഷിതത്വം അനുഭവപ്പെടും. മനോധൈര്യത്തോടെ കർത്താവിനുവേണ്ടി മഹത്കാര്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയും.

3.5. സല്ലാപചിന്ത III - അധികാരം നടത്തൽ

"നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ" (അന്തിമവചസ്സുകൾ).

3.5.1. *ആമുഖം*

ഈശോയും മറിയവും യൗസേപ്പും തങ്ങളുടെ ജീവിതത്തിൽ യാഹ്‌വെയെ (ആയിത്തീരുന്നവൻ) 'യാഹ്‌വെ'യായി തീരുവാൻ അനുവദിച്ചവരാണ്. അതിന് അവർ ദൈവത്തിന് പരിപൂർണ്ണ സ്വാതന്ത്ര്യം നൽകി. അവിടുന്നാണ് തിരുക്കുടുംബത്തെ നയിച്ചതും നിയന്ത്രിച്ചതും ഭരിച്ചതുമൊക്കെ. അവരെപ്പോലെ പ്രിയമക്കളേ, നിങ്ങളുടെ ജീവിതത്തിലും ദൈവപിതാവിന് പരിപൂർണ്ണമായ അധികാരം

നൽകണം. തിരുക്കുടുംബമാണ് നമ്മുടെ ഉദാത്ത മാതൃക. ഈശോയെയും മറിയത്തെയും മാർ യൗസേപ്പിനെയും നമ്മുടെ ഹൃദയങ്ങളിൽ ഭരണം നടത്താൻ അനുവദിക്കുമ്പോൾ സ്വാഭാവികമായി ദൈവമാകും നമ്മുടെ അധീശനും നേതാവും നിയന്താവും സർവ്വസ്വവും. ഞാൻ അപ്രകാരം ചെയ്തവനാണ്. മക്കളേ, എന്നെ അനുകരിക്കുവിൻ. "നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം ഭരണം നടത്തട്ടെ' എന്ന എന്റെ അന്ത്യശാസനം ആഗ്രഹം മാത്രമായി തള്ളിക്കളയരുത്. അതൊരു ആജ്ഞയായി എടുക്കുവിൻ. എന്നാലേ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ മക്കളാകുകയുള്ളൂ. നിങ്ങളുടെ ആശയാദർശങ്ങളുടെയും ഓർമ്മകളുടെയും ചിന്തകളുടെയും ഭാഷണങ്ങളുടെയും സല്ലാപങ്ങളുടെയും പ്രവർത്തനഘങ്ങളുടെയും നിയന്താവും അധീശനും അധികാരിയും രാജാവും തിരുക്കുടുംബമാകണം.

3.5.2. *അധീശനാകാൻ ആഗ്രഹിക്കുന്ന ദൈവം*

ബൈബിളിലെ ദൈവം മനുഷ്യനോടുകൂടി ആയിത്തീരുവാനും, അവനിൽ ജീവിക്കുവാനും, അധികാരം നടത്തുവാനും ദാഹിച്ചുമോഹിക്കുന്നവനാണ്. അതിനുവേണ്ടിയാണ് മാനവനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചത് (ഉത്പ 1:26-27). അവനോടൊത്ത് ജീവിക്കണം, അവന്റെ സ്ഥാനത്ത് ജീവിക്കണം, അവന്റെ അഭിലാഷങ്ങളും ആശയങ്ങളും ആദർശങ്ങളും തന്റേതാക്കി പകർത്തണം, ചിന്തയുടെയും ഭാഷണത്തിന്റെയും പ്രവർത്തനത്തിന്റെയും അധിനാഥനാകണം, അതുവഴി സൃഷ്ടിമാത്രമായവനെ സ്രഷ്ടാവിന്റെ വിശ്രമത്തിൽ (ഉത്പ 2:2-3) പങ്കുചേർക്കണം. സൃഷ്ടിയുടെ ആഘോഷത്തിൽ ഭാഗഭാക്കാക്കണം. മറ്റൊരുവാക്കിൽ, മനുഷ്യനെന്ന 'അഹ' (I)ത്തെ ദൈവിക 'അഹ'ത്തിലേക്ക് **(I)** രൂപാന്തരപ്പെടുത്തണം. അപ്പോൾ ദൈവം മനുഷ്യഹൃദയങ്ങളിൽ അധികാരം നടത്തുന്നവനാകും.

നിർഭാഗ്യവശാൽ തങ്ങളുടെ ജീവിതത്തിൽ ദൈവത്തെ അധികാരം നടത്തുവാൻ ആദിമാതാപിതാക്കന്മാർ അധികനാൾ സമ്മതിച്ചില്ല. നന്മസ്വരൂപന്റെ അധികാരത്തെ പരിത്യജിച്ച് തിന്മയുടെ അടിമത്തത്തെ പുണർന്നു. എന്നിട്ടും കാരുണ്യവാനായ ദൈവം മാനവരെ കൈവെടിഞ്ഞില്ല. അവരുടെ ഹൃദയവാതിൽക്കൽ അവിടുന്ന് നിരന്തരം മുട്ടിക്കൊണ്ടിരുന്നു. തന്നിലേക്ക് പിന്തിരിപ്പിക്കുവാൻ സർവ്വശക്തനായവൻ ചെയ്ത ഭഗീരഥയത്നത്തിന്റെ ചരിത്രമാണ് ബൈബിൾ.

നിരാശാകൂപത്തിൽ താഴ്ന്നുകിടന്നിരുന്ന അടിമകളുടെ ജീവിതത്തിലേക്ക് കടന്നുചെല്ലുന്ന ദൈവത്തിന്റെ കഥ പുറപ്പാടുഗ്രന്ഥത്തിൽ നാം വായിക്കുന്നു. അവരോടൊത്ത് ആയിത്തീരുന്നവനെന്നതാണ് തന്റെ നാമമെന്ന് (യാഹ്വെ എന്ന സംജ്ഞയുടെ അർത്ഥം ഇപ്രകാരം വ്യാഖ്യാനിക്കാനാകും) കർത്താവ് വെളിപ്പെടുത്തി (പുറ 3:14). അടിമകളുടെ സുഖസന്തോഷങ്ങൾ തന്റേതാക്കിത്തീർത്തു. അവരെ ഈജിപ്തിൽനിന്ന് വിമോചിപ്പിച്ചു; ഉടമ്പടിവഴി ഇസ്രായേലിന്റെ അധിനാഥനായിത്തീർന്നു; പാലും തേനുമൊഴുകുന്ന വാഗ്ദാനദേശത്തേക്ക് ആനയിച്ചു; അവരുടെ അനുദിനജീവിതത്തിലെ ഓരോ രംഗങ്ങളിലും ഉൾപ്രവേശിച്ചുകൊണ്ട് അധീശത്വം പുലർത്തി ജനത്തെ തന്റേതാക്കുവാൻ ഉടമ്പടിനിയമങ്ങൾ നൽകി.

ആരംഭത്തിൽ സ്നേഹസ്വരൂപന്റെ ആത്മാഭിലാഷത്തിന് ഇസ്രായേൽജനം വഴങ്ങിക്കൊടുത്തു. പക്ഷേ തങ്ങൾ എന്തോ ആണെന്നും തങ്ങൾക്ക് എന്തും ചെയ്യുവാൻ സാധിക്കുമെന്നുമുള്ള മനോഭാവം അവരിൽ വളർന്നതോടെ, ഉടമ്പടീജനം ജീവിതത്തിൽ അധികാരം നടത്തുവാൻ കാലക്രമേണ യാഹ്വെയെ അനുവദിക്കുകയുണ്ടായില്ല. മാനവരോടൊത്ത് ആയിത്തീർന്നുകൊണ്ടുള്ള ആത്മാവിഷ്ക്കാരത്തിനായി കേഴുന്ന ദൈവത്തിന്റെ ദീനചിത്രം ഹൊസെ 11:1-9 ൽ തെളിഞ്ഞു നിൽക്കുന്നു. മനുഷ്യനെക്കൂടാതെ ജീവിക്കുവാൻ കഴിയാത്തവനാണ് ബൈബിളിലെ ദൈവമെന്ന് പറയുവാനാകും. അതിനായുള്ള ശ്രമം ഉപേക്ഷിക്കുവാൻ അവിടുന്ന് തയ്യാറായില്ല. തന്റെ ഏകജാതന് മാംസളരൂപം നൽകുകയായി ദയാനിധി (യോഹ 3:16-17).

3.5.3. അധീശനാകാൻ ദാഹിക്കുന്ന ഈശോ

പ്രിയ മക്കളേ, മനുഷ്യരോടൊത്ത് ആയിത്തീരുവാനും അവരുടെ ഹൃദയങ്ങളിൽ അധികാരം നടത്തുവാനുമുള്ള കർത്താവിന്റെ ഹൃദയാഭിലാഷം വെളിവാക്കുന്ന ഏതാനും ബൈബിൾ വാക്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ.

- "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ" (യോഹ 7:37) - തിരുനാളുകളുടെ അവസാനദിവസം ഈശോ ഉച്ചത്തിൽ കരഞ്ഞുപറഞ്ഞു. ജീവജലം നൽകുകവഴി (യോഹ 4:10) തന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് പരിശുദ്ധാത്മാവായ ജീവജലത്തിന്റെ അരുവികൾ ഒഴുക്കുവാനുള്ള അന്തർദാഹമായിരുന്നു അത്. നമ്മിൽ ആത്മാവായിത്തീരണം; തന്റെ

ആത്മാവ് നമ്മിലൂടെ ജീവിക്കണം; നാം രക്ഷിക്കപ്പെട്ടവരാകണം; തന്നെപ്പോലെ നമ്മെയും രക്ഷിക്കുന്നവാകണം; ജീവജലത്തിന്റെ സ്രോതസ്സുകളാക്കി പകർത്തണം. അതിന് എന്നെ അനുവദിക്കുക; എന്റെ അധികാരം സ്വീകരിക്കുക - അവിടുന്ന് നമ്മെ വിളിച്ച് അപേക്ഷിക്കുകയാണ്.

- "എനിക്കു ദാഹിക്കുന്നു" (യോഹ 19:28). 'ആയിത്തീരുവാൻ' ആഗ്രഹിക്കുന്ന ദൈവത്തെ കുരിശിൽ നാം കാണുന്നു. മഹത്ത്വത്തിന്റെ നാഴിക നമ്മിലൂടെ തുടരാൻ ദാഹിച്ചുമോഹിക്കുകയാണ് ക്രൂശിതൻ. ആ മണിക്കൂർ നാമുമായി പങ്കുവയ്ക്കണം; രക്ഷാവൃത്തി നമ്മിലൂടെ തുടരണം; കുരിശിന്റെ മാർഗ്ഗം നമുക്കു കാണിച്ചുതരണം; ദിവ്യാത്മാവിനെ വീണ്ടും വീണ്ടും നൽകണം. അതിനുള്ള അടക്കാനാകാത്ത മോഹത്തിന്റെ ബാഹ്യപ്രകടനമായിരുന്നു "എനിക്കു ദാഹിക്കുന്നു"വെന്ന പരിദേവനം.

- പാവപ്പെട്ടവരുടെയും മർദ്ദിതരുടെയും വേദനിക്കുന്നവരുടെയും കരയുന്നവരുടെയും സൗമ്യശീലരുടെയും ദയാശീലരുടെയും സുവിശേഷമാകുവാനുള്ള അഭിവാഞ്ജയാണ് മത്താ 5:3-10 ൽ കാണാനാകുക. മനുഷ്യപുത്രൻ ആത്മനാ ദരിദ്രനായി; കരയുന്നവനായി; സൗമ്യശീലനായി; കരുണയുടെ നികേതനമായി. ധർമ്മത്തെക്കുറിച്ച് വിശപ്പും ദാഹവും അനുഭവിക്കുകയും മർദ്ദിതനാകുകയും ചെയ്തു. അവിടുത്തേക്ക് ആ പ്രക്രിയകൾ നമ്മിലൂടെ തുടരണം. അതിന് നാം അനുവദിക്കണം. നമ്മുടെ കരങ്ങളും കാലുകളും അധരങ്ങളും ഹൃദയങ്ങളും ലഭിക്കണം. സർവ്വാധികാരം കൈവരണം. അതിനുവേണ്ടിയുള്ള കർത്താവിന്റെ ആത്മദാഹമാണ് സുവിശേഷഭാഗങ്ങളിൽ തെളിഞ്ഞുനിൽക്കുക. ആയിത്തീരുന്നവനായ എന്നെ നിങ്ങളിൽ ആയിത്തീരാൻ ആര് അനുവദിക്കും? അധികാരം നടത്തുവാൻ അവസരമേകും? സ്വാതന്ത്ര്യം നൽകും? ഹൃദയവാതിൽ തുറന്നുതരും?

- "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കലേക്കു വരുവിൻ; ഞാൻ നിങ്ങൾക്ക് ആശ്വാസം നൽകാം" (മത്താ 11:28). മനുഷ്യനുവേണ്ടി മാനവനായ ദൈവതനയന്റെ മറ്റൊരു ആത്മദാഹത്തിന്റെ ആവിഷ്ക്കാരം ഈ ആഹ്വാനത്തിൽ മുഴങ്ങിക്കേൾക്കുന്നു. അവിടുത്തേക്ക് അബലരുടെ അത്താണിയാകണം. നമ്മിലൂടെ ആ പ്രക്രിയ തുടരണം. അതിന് നിങ്ങൾ എന്നെ അനുകരിക്കുവിൻ. കാലുകളും കരങ്ങളും നാവും ഹൃദയവും ബുദ്ധിയും ഓർമ്മയുമൊക്കെ എനിക്കു നൽകുവിൻ. നിങ്ങളുടെ അവയവങ്ങളിലൂടെ ഞാൻ അധികാരം നടത്തട്ടെ.

- "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ പിന്തുടരുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുന്നില്ല. അവനു ജീവന്റെ വെളിച്ചമുണ്ടായിരിക്കും." (യോഹ 8:12). ലോകത്തിന്റെ വെളിച്ചമാകാനുള്ള മനുഷ്യപുത്രന്റെ ആത്മദാഹത്തിന്റെ പ്രഖ്യാപനമാണിത്. ഹൃദയങ്ങളിൽ സ്നേഹവും സന്തോഷവും കാരുണ്യവുമായി തനിക്ക് ജ്വലിച്ചുനിൽക്കണം. അജ്ഞതയുടെയും അസത്യത്തിന്റെയും അനീതിയുടെയും അധർമ്മത്തിന്റെയും അക്രമത്തിന്റെയും വിദ്വേഷത്തിന്റെയും ചൂഷണത്തിന്റെയും കൂരിരുളിനെ ഹനിക്കണം. രോഗം, ദാരിദ്ര്യം, സഹനം, നൈരാശ്യം, പാപം എന്നിവ തുടുച്ചുനീക്കണം. ഹൃദയങ്ങളിൽ സ്വർഗ്ഗീയ പ്രകാശം പ്രസരിപ്പിക്കണം. അതിന് നാം അവിടുത്തെ അനുവദിക്കണം. ഈശോയുടെ അധികാരത്തിന് നമ്മെത്തന്നെ വിട്ടുകൊടുക്കണം. രക്ഷയുടെ അണയാത്ത ജ്വാലകളാക്കി നമ്മെ രൂപാന്തരപ്പെടുത്തുവാൻ പ്രകാശതനയന് പൂർണ്ണസ്വാതന്ത്ര്യമേകണം.

- അന്ത്യവിധിയെക്കുറിച്ചുള്ള പ്രസ്താവനയിൽ (മത്താ 25:31-40) ദൈവതനയന്റെ വ്യക്തിത്വം നിറഞ്ഞുനിൽക്കുന്നുണ്ട്. വിശക്കുന്നവർക്ക് ഭക്ഷണമേകാൻ വിശക്കുന്നവനായിത്തീർന്നു അവിടുന്ന്. ദാഹാർത്ഥകർക്ക് ജലമായി പകരാൻ ദാഹിച്ചവനായി. വസ്ത്രമില്ലാത്തവർക്ക് വസ്ത്രം നൽകുവാൻ വിവസ്ത്രനെന്ന നിന്ദനാവസ്ഥ കൈവരിച്ചു. നാടും വീടുമില്ലാത്ത അശരണർക്ക് ഗതി നൽകുവാൻവേണ്ടി തല ചായ്ക്കുവാൻപോലും ഇടമില്ലാത്തവനായി (ലൂക്കാ 9:58). രോഗികളെ ചെന്നുകണ്ട് സമാശ്വസിപ്പിക്കുക മാത്രമല്ല സൗഖ്യം നൽകുകയും ചെയ്തു. വിവിധതരം തടവറകളിൽ കഴിയുന്നവരുടെ അടുത്തേക്ക് വിമോചനത്തിന്റെ സദ്വാർത്തയും പ്രവൃത്തിയുമായി കടന്നുചെന്നു. ഇന്ന് അത്തരം ചെയ്തികളിൽ നിരതരാകുവാൻ അവിടുന്ന് നമ്മോട് ആവശ്യപ്പെടുകയാണ്. അഥവാ നമ്മിലൂടെ അവ തുടരുവാൻ ദാഹിച്ചുമോഹിക്കുന്നു. അത്തരം അധികാരത്തിനായി കൈനീട്ടി നിൽക്കുകയാണ് കർത്താവ്.

- "ഞാനാകുന്നു വഴിയും സത്യവും ജീവനും" (യോഹ 14:6). ഇഹലോകദിനങ്ങളിൽ ഗുരുവരൻ ഈ പ്രഖ്യാപനം ജീവിച്ചവനാണ്. ഇന്ന് നമ്മിലൂടെ ആ പ്രക്രിയ തുടരുവാൻ ആഗ്രഹിക്കുന്നു. നമ്മിൽ വഴിയും സത്യവും ജീവനുമായി പകരുവാൻ ദാഹിച്ചുമോഹിക്കുന്നു. ദൈവത്തിലേക്കുള്ള വഴിയറിയാതെ വലയുന്നവർക്ക് നമ്മിലൂടെ മാർഗ്ഗദർശനം നൽകണം. അസത്യത്തിന്റെ വിവിധതരം മേഖലകളിൽ കിടന്നുഴലുന്ന മാനവർക്ക് സ്വർഗ്ഗീയ സത്യത്തിന്റെ

ജീവിക്കുന്ന നിദർശനമാകണം. ജീവന്റെ പ്രത്യയശാസ്ത്രം നമ്മിൽ അധികാരം നടത്തുന്നവനാകണം.

- ഒലിവുമലയിൽ കന്മഷത്തിന്റെ കാസാ മനുഷ്യപുത്രൻ രുചിച്ചറിഞ്ഞു (ലൂക്കാ 22:42). പിതാവിന്റെ ഇംഗിതത്തിന് ആമ്മേൻ പറഞ്ഞവനാണ് അവിടുന്ന്. വിയർപ്പ് രക്തത്തുള്ളികളായി ഒഴുക്കേണ്ടിവന്നു. ആ പ്രക്രിയയുടെ പൂർത്തീകരണം കാൽവരിഗിരിയിലായിരുന്നു. സഹനത്തെ ശിക്ഷാദായകമാക്കിത്തീർത്തവരാണ് മാനവരിൽ ഭൂരിഭാഗവും. കുരിശ് കിരീടമാണെന്നും, കദനം മഹത്ത്വമാണെന്നും നമ്മിലൂടെ കാണിച്ചുകൊടുക്കുവാൻ ദിവ്യനന്ദനൻ അഭിലഷിക്കുന്നു. സഹനത്തിന്റെ കാസാ പാനം ചെയ്തുകൊണ്ട് രക്ഷാവൃത്തി തുടരുവാൻ ദാഹിച്ചുമോഹിക്കുന്നു. ആ അഭിവാഞ്ജ നിവർത്തിക്കപ്പെടുമ്പോൾ നമ്മിൽ കർത്താവ് അധികാരം നടത്തുന്നവനാകും. പിതാവിനെ തന്നിൽ അധികാരം നടത്തുവാൻ പൂർണ്ണമായി അനുവദിച്ച ദൈവപുത്രന്റെ ജീവൽരൂപങ്ങളാകും നമ്മൾ.

3.5.4. താതനെ അധീശനാക്കിയവൻ

പ്രിയ മക്കളേ, തന്നിൽ അധികാരം നടത്തുവാൻ പിതാവിനെ പൂർണ്ണമായി അനുവദിച്ചവനാണ് ഈശോനാഥൻ. ദിവ്യതാതന്റെ ഇംഗിതങ്ങൾക്കൊക്കെ തിരുസ്മുതൻ ആമ്മേൻ പറഞ്ഞു. മനുഷ്യമക്കളിൽ അധികാരം നടത്തുവാനുള്ള അവിടുത്തെ അഭിലാഷത്തിന്റെ ഏതാനും ഉദാഹരണങ്ങൾ നിങ്ങളുടെ മുൻപിൽ ഞാൻ നിരത്തിവച്ചുവല്ലോ. എന്റെ ജീവിതകഥ ഈ കാഴ്ചപ്പാടിലൂടെ നോക്കിക്കാണുവാൻ ശ്രമിക്കുവിൻ. ഈ വിനീതദാസനെ ജീവജലത്തിന്റെ നീരുറവയാക്കിക്കൊണ്ട് കർത്താവ് എന്നിൽ അധികാരം നടത്തി. കുരിശിന്റെ വിനാഴിക മഹത്ത്വത്തിന്റെ മണിക്കൂറാക്കിത്തീർത്തു. അഷ്ടഭാഗ്യങ്ങൾ ജീവിക്കുവാൻ എനിക്കു ഭാഗ്യം നൽകുകയും അവ ജീവിക്കുവാൻ എന്നിലൂടെ മറ്റുള്ളവരെ അവിടുന്ന് പഠിപ്പിക്കുകയും ചെയ്തു. അദ്ധ്വാനിക്കുന്നവരുടെ അത്താണിയായിത്തീരാൻ അനുഗ്രഹമേകി. വിവിധ മേഖലകളിലെ അന്ധകാരപ്രതിഭാസങ്ങൾ പ്രകാശരൂപൻ എന്നിലൂടെ തുടച്ചുനീക്കി. വിധി ദിവസത്തിലെ പിതാവിന്റെ അനുഗ്രഹപാത്രമാകുവാനുള്ള കർമ്മങ്ങളെല്ലാം ഗുരുവരൻ എന്നിലൂടെ പ്രാവർത്തികമാക്കി. അനേകർക്ക് കർത്താവ് എന്നിലൂടെ വഴിയും സത്യവും ജീവനുമായിത്തീർന്നു. കന്മഷത്തിന്റെ കാസാ മട്ടോളം കുടിച്ചുതീർക്കുവാൻ സഹനതനയനെ ഈ എളിയദാസൻ അനുവദിച്ചു.

3.5.5. *അധീനരായവർ*

തങ്ങളിൽ അധികാരം നടത്തുവാൻ സ്വർഗ്ഗീയതാതനെയും തിരുസുതനെയും അനുവദിച്ചവരായിരുന്നു കന്യകാംബികയും യൗസേപ്പുപിതാവും. അവരുടെ ജീവിതം മുഴുവൻ ദൈവഹിതത്തിന് ആമ്മേൻ പറയലായിരുന്നു. ഉദാഹരണങ്ങൾ എടുത്തുപറഞ്ഞിട്ടാവശ്യമില്ലല്ലോ. നിങ്ങൾതന്നെ അവ ധ്യാനവിഷയമാക്കുവിൻ. അപ്പോൾ ഓരോ സന്ദർഭത്തിലും അമ്മയും മാർ യൗസേപ്പും ദൈവത്തെ തങ്ങളിൽ അധികാരം നടത്തുവാൻ അനുവദിച്ചുകൊണ്ടിരുന്നതിന്റെ മനോഹരദൃശ്യം മനോമുകുരത്തിൽ തെളിഞ്ഞുവരും. തിരുച്ചിത്തത്തിന് എവിടെയും എപ്പോഴും *ഫിയാത്തെന്ന്* (ഭവിക്കട്ടെ) ഉച്ചരിച്ചുകൊണ്ടിരുന്നപ്പോൾ തിരുക്കുടുംബം *ഫിയാത്തി*ന്റെ മാംസളരൂപങ്ങളായിത്തീർന്നു. ഇപ്രകാരം ദൈവത്തെ ആയിത്തീരുവാൻ അനുവദിക്കുക, തങ്ങളിലൂടെ മറ്റുള്ളവരിൽ ആയിത്തീരുവാൻ അവിടുത്തേക്ക് സാതന്ത്ര്യം നൽകുക എന്ന മനുഷ്യന്റെ ദൈവവിളി അവൻ ജീവിച്ചു. നമ്മിൽ ദൈവം അധികാരം നടത്തേണ്ടതെങ്ങനെയെന്ന് അറിയണമെങ്കിൽ ഈശോയിലേക്കും മറിയത്തിലേക്കും വളർത്തുപിതാവിലേക്കും തിരിഞ്ഞാൽ മതി. അവരെ നമ്മിൽ അധികാരം നടത്തുവാൻ അനുവദിക്കുമ്പോൾ, ദൈവം നമ്മുടെ ജീവിതത്തിന്റെ അധീശനായിത്തീരും, തീർച്ച. പ്രിയ മക്കളേ, ആ ദിവ്യരൂപങ്ങളെ നമുക്ക് അടുത്തനുകരിക്കാം.

3.5.6. *അധികാരം നടത്തുവാൻ അനുവദിച്ച ഞാൻ*

"ഇതാ ഞാൻ വാതിൽക്കൽ മുട്ടുന്നു; ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ പക്കലേക്ക് വരികയും ഞാൻ അവനോടുകൂടിയും അവൻ എന്നോടുകൂടിയും ഭക്ഷിക്കുകയും ചെയ്യും." (വെളി 3:20). പ്രിയ മക്കളേ, ഈ തിരുവചനം ഇന്നിപ്പോൾ നമ്മോടും ഉണർത്തിക്കപ്പെടുന്നു. നമ്മുടെ ഹൃദയക്കല്ലറയുടെ പാറ ആരെടുത്തു മാറ്റും (മർക്കോ 16:3) എന്ന ചോദ്യം അർത്ഥവത്തല്ലേ? കർത്താവിനോടുതന്നെ നമുക്കപേക്ഷിക്കാം, മനുഷ്യർക്കാർക്കും താങ്ങാനാകാത്ത ആ ശില അവിടുന്നുതന്നെ ഉരുട്ടിമാറ്റണമെന്ന്. ഞാനാകുന്ന കൊച്ചു 'I' അധിനാഥന്റെ വലിയ 'I' ആക്കിരൂപാന്തരപ്പെടുത്തുവാൻ എന്നെപ്പോലെ "പൈതങ്ങൾക്കടുത്ത സിദ്ധാന്തം" കൂട്ടുവിൻ. മനുഷ്യന്റെ *അനി* (ഹീബ്രുഭാഷയിലെ 'ഞാൻ' എന്ന സാധാരണ സംജ്ഞ)യുടെ സ്ഥാനത്ത് ദൈവത്തിന്റെ *ആനോക്കി* (ഹീബ്രുഭാഷയിലെ 'ഞാൻ' എന്ന സംജ്ഞയുടെ ഊന്നൽ നൽകുന്ന ദൃഢരൂപം) സ്ഥലം പിടിക്കുവാൻ കണ്ണീരോടെ യാചിക്കുവിൻ.

ഞാനും *ഞാനു*മായുള്ള പോരാട്ടത്തിൽ ദൈവത്തെ പരാജയപ്പെടുത്തുവാൻ എന്നെ അനുവദിക്കല്ലേ എന്നാകണം നമ്മുടെ അനുദിന യാചന. ആത്മാവോടും മണവാട്ടിയോടുംകൂടി നമുക്കും പറയാം: "കർത്താവായ ഈശോയേ വരിക" (വെളി 22:20); എന്നിൽ ആയിത്തീരുക; എന്നെ അങ്ങാക്കിത്തീർക്കുക. വി. പൗലോസ്ശ്ലീഹായുടെ "ഞാനല്ല ഇനിമേൽ ജീവിക്കുന്നത്, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്" (ഗലാ 2:20) ഉദീരണം നമ്മിൽ അർത്ഥവത്തായിത്തീരട്ടെ. *കത്തുകൾ* VII/3 ൽ ഞാനാവശ്യപ്പെട്ടതുപോലെ പ്രവർത്തിക്കുവിൻ. "ദൈവത്തോട് പറഞ്ഞൊപ്പ് ചെയ്യുക: നമ്മുടെ നാഡീഞരമ്പുകളുടെ ഇളക്കങ്ങളും, കണ്ണുചിമ്മുക, ശ്വാസം വിടുക മുതലായവയും പക്ഷിപറവകളുടെ സ്വരങ്ങളുമെല്ലാം നമ്മുടെ അപേക്ഷകളായി കർത്താവിന്റെ പ്രവൃത്തികളോടു ചേർത്ത് കാഴ്ചവയ്ക്കുക." തിരുക്കുടുംബത്തിന് ഞാൻ നിങ്ങളെ സമർപ്പിച്ചിട്ടുള്ള പ്രതിഷ്ഠ അനുദിനം നവീകരിക്കുവാൻ മറക്കരുത്. കർത്താവ് നമ്മുടെ ശ്വാസവും ഉച്ഛ്വാസവുമായിത്തീരട്ടെ; നാഡീഞരമ്പുകളുടെ ഇളക്കമായി സംയോജിക്കട്ടെ. അപ്പോൾ നമ്മുടെ ആശയാദർശങ്ങളുടെയും പ്രവർത്തനങ്ങളുടെയും നിയന്താവും അധീശനും അധികാരിയും ത്രിത്വകുടുംബമായിത്തീരും.

3.6. സല്ലാപചിന്ത IV - വ്രതങ്ങൾ

പ്രിയ മക്കളേ, ദൈവത്തെ നമ്മിൽ ആയിത്തീരുവാൻ അനുവദിക്കുന്ന ത്രിവിധ മാർഗ്ഗമാണ് വ്രതങ്ങൾ. അവിടുന്ന് നമ്മിൽ അധികാരം നടത്താൻ സമ്മതമേകുന്നതിനുള്ള ഉപാധികളത്രേ അവ. കർത്താവിന് നമ്മെ സ്വന്തമാക്കിത്തീർക്കാൻ സഹായിക്കുന്നു വ്രതങ്ങൾ. ദൈവത്തിന്റെ പറഞ്ഞൊപ്പിന് 'ആമ്മേൻ' പറയുന്നതിന് പ്രചോദനം നൽകുന്നു. നമ്മെ തിരുക്കുടുംബാംഗങ്ങളാക്കിത്തീർക്കുന്ന മാധ്യമങ്ങളാണവ. പറഞ്ഞൊപ്പുവഴി നമ്മൾ അവർക്ക് പ്രതിഷ്ഠിതരായിത്തീരുന്നു. "സ്നേഹത്തിൽ പാർക്കുന്നതിനും, എപ്പോഴും കൺമുമ്പിലിക്കുന്നതിനും, അരികെ നടക്കുന്നതിനും, തന്നോടുകൂടെ എപ്പോഴും സംസാരിക്കുന്നതിനും" പ്രാപ്തി നൽകുന്ന വഴികളാണവ. സന്ന്യാസ വ്രതങ്ങൾക്ക് എന്റേതായ സംജ്ഞകൾ ഞാൻ നൽകിയിട്ടുണ്ട്, അഗതിത്വം (ദാരിദ്ര്യം), മണവാട്ടിത്വം (ബ്രഹ്മചര്യം), ചൊൽവിളി (അനുസരണം). *മാന്നാനം നാളാഗമം* II ൽ കന്യാവ്രതം, അഗതിത്വം, ചൊൽവിളി എന്നീ പദങ്ങളാണ് ഞാൻ ഉപയോഗിച്ചിരിക്കുന്നത് (പേജ് 76). വ്രതങ്ങളുടെ ബിബ്ലിക്കൽ ലോകത്തിലേക്ക് എന്നോടൊത്ത് നിങ്ങളും പ്രവേശിക്കുവിൻ!

3.6.1. അഗതിത്വം

3.6.1.1. അഗതിത്വമെന്ന സമ്പത്ത്

അഗതിത്വം നിഷേധാത്മകമല്ല, പ്രത്യുതാ സർഗ്ഗാത്മകവും സത്താപരവുമാണ്. ദൈവത്തിന്റെ സുരക്ഷിതത്വത്തിലും സമ്പത്തിലും ജീവിതം നയിക്കുവാൻ നമുക്കു കഴിവു നൽകുന്നു; നമ്മെ അനുഗ്രഹപൂരിതരാക്കുന്നു. അതോടൊപ്പം ആ ദിവ്യവരങ്ങൾ ഒന്നും നമുക്കായി മാറ്റിവയ്ക്കാതെയും പിടിച്ചുവയ്ക്കാതെയും കെട്ടിപ്പിടിച്ചിരിക്കാതെയും മറ്റുള്ളവർക്ക് പൂർണ്ണമായി പകർന്നു നൽകുന്നതാണ് സാക്ഷാൽ അഗതിത്വം. യേശുവിനെപ്പോലെയും കന്യകാമാതാവിനെപ്പോലെയും മാർ യൗസേപ്പിനെപ്പോലെയും അഗതികളായിത്തീരാനാണ് നമ്മൾ വിളിക്കപ്പെട്ടിരിക്കുക. കർത്താവിൽ സമ്പന്നരാകുവാനുള്ള കൃപാവരമെന്ന് അഗതിത്വത്തെ വിശേഷിപ്പിക്കാം. വി. പൗലോസ്ശ്ലീഹാ എഫേ 1:7 ൽ പറയുന്നതുപോലെ ദൈവത്തിന്റെ കൃപയുടെ സമ്പത്തിന് അഗതിത്വം നമ്മെ അർഹരാക്കുന്നു. തന്റെ വിശുദ്ധർക്ക് നൽകുവാനിരിക്കുന്ന അവകാശത്തിന്റെ മഹത്ത്വവും സമ്പത്തും (എഫേ 1:18) കൈവരുത്തുന്നു; അപരിമിതമായ കൃപാസമ്പത്തിന് (എഫേ 2:8) നമ്മെ യോഗ്യരാക്കുന്നു.

"തിരുക്കുടുംബത്തെ നിങ്ങൾ ആശ്രയിക്കുവിൻ" എന്ന സല്ലാപചിന്തയിൽ അഗതിത്വത്തെക്കുറിച്ച് ഞാൻ പരാമർശിച്ചിട്ടുണ്ട്. പ്രത്യേകിച്ച് "ഞാൻ ഒന്നുമല്ല എനിക്കൊന്നുമില്ല" എന്ന ആശയം. ഇത്തരം ബോദ്ധ്യം ആഴപ്പെടുന്നതിന്റെ തോതനുസരിച്ചാണല്ലോ നമ്മൾ ദൈവത്തിലും തിരുക്കുടുംബത്തിലും ശരണം ഗമിക്കുക. ഇപ്പോൾ അഗതിത്വത്തെപ്പറ്റി ഒരു സമഗ്ര ദർശനം പകർന്നുനൽകാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ ചില ചിന്തകളും പാഠങ്ങളും വീണ്ടും ഉദ്ധരിച്ചിട്ടുണ്ട്. കുഞ്ഞുമക്കളേ, അഗതിത്വത്തിന്റെ ലോകത്തിൽ നിങ്ങൾ പൂർണ്ണമായി ജീവിക്കണം. അതാണ് നിങ്ങളുടെ വത്സല പിതാവായ ഞാൻ ആഗ്രഹിക്കുന്നത്. വീണ്ടും വീണ്ടും ചിന്തകളും പാഠങ്ങളും നിങ്ങൾ പരിചിന്തനവിഷയമാക്കണം; ഹൃദയത്തിൽ സംഗ്രഹിക്കണം; അവയുമായി സാരൂപ്യം പ്രാപിക്കണം.

3.6.1.2. അബ്രാഹമെന്ന അഗതി

തിരുക്കുടുംബമാണ് സാക്ഷാൽ അഗതിത്വമെന്ന പുണ്യം പൂർണ്ണമായി അഭ്യസിച്ചത്. കർത്താവ് അബ്രാഹത്തിന്റെ പുത്രനാണല്ലോ (മത്താ 1:1). രക്ഷാചരിത്രത്തിന്റെ താതനാകാൻ വിളിക്കപ്പെട്ട പൂർവ്വപിതാവിനെ ദൈവം അതിന് അനുയോജ്യനായിത്തീരാൻവേണ്ടി അഗതിയാക്കിത്തീർത്തു. സ്വന്തം നാടും വീടും ബന്ധുജനങ്ങളെയെല്ലാം ഉപേക്ഷിച്ച് ദൈവം കാണിച്ചുതരുന്ന സ്ഥലത്തേക്ക് പോകണമെന്ന് ആജ്ഞാപിച്ചു (ഉത്പ 12:1). പഴയനിയമജീവിതവുമായി സമൂല വിച്ഛേദനം നടത്തണമെന്ന് ആവശ്യപ്പെട്ടു. ഗോത്രസംവിധാനത്തിൽ അധിഷ്ഠിതമായിരുന്നു അന്നൊക്കെ ജനജീവിതം. സ്വന്തക്കാരുടെ മധ്യേ ഒരേ ഗോത്രക്കാർ ഒന്നിച്ചുവസിച്ചു. അത് അവരുടെ ജീവിതത്തിന് സുരക്ഷിതത്വം നൽകി. സ്വന്തം ഗോത്രംവിട്ട് മറ്റൊരിടത്തേക്ക് പോകുക എന്നത് അന്ധകാരത്തിലേക്ക് എടുത്തുചാടുന്നതിനോട് തുല്യമായിരുന്നു. ഒരിടത്തും അഭയം ലഭിക്കുകയില്ല. ശത്രുക്കളായി കരുതപ്പെടും; ആക്രമിക്കപ്പെടും; ജീവഹാനിതന്നെ സംഭവിക്കാം. ആഹാരമോ വിശ്രമിക്കാൻ സ്ഥലമോ, കന്നുകാലികൾക്ക് പുല്ലോ ജലമോ ലഭിക്കാതെവരും. അടുത്ത നിമിഷത്തിൽ എന്തുസംഭവിക്കുമെന്ന് തീർച്ചയില്ലാതാകും. കൊള്ളക്കാരുടെയോ കാട്ടുമൃഗങ്ങളുടെയോ ആക്രമണത്തിന് വിധേയരാകാം. ഇപ്രകാരം ഗതിയില്ലാത്ത അവസ്ഥയിലാകുമ്പോൾ ഗതിക്കായി ദൈവത്തെ അള്ളിപ്പിടിക്കേണ്ടിവരും. അവിടുന്നു മാത്രമാകും സമാശ്രയവും പൂർണ്ണമായ ആലംബവും ഏകപരിപാലകനും. താൻ അവിടുത്തേതാണെന്നും അവിടുന്ന് തന്റേതാണെന്നുമുള്ള കാഴ്ചപ്പാടി

ലേക്ക് വളരുമ്പോൾ ഈശോനാഥൻ പറയുന്നതുപോലെ നാളത്തെ ക്കുറിച്ചുള്ള ആകുലചിന്തയുടെ ചങ്ങലകൾ തകർന്നുവീഴും (മത്താ 6:25-34). എന്തുഭക്ഷിക്കും, എന്തു പാനം ചെയ്യും, എന്തു ധരിക്കും എന്ന വ്യഗ്രതകൾ അഗതിത്വമെന്ന വ്രതം ചെയ്യുന്നവർക്ക് ഇല്ലാതാകും. അവർ ആകാശത്തിലെ പറവകൾക്കും വയലിലെ ലില്ലികൾക്കും തുല്യരാകും. വിജാതീയരുടെ അടിമമനസ്ഥിതിയിൽനിന്ന് സ്വന്തരാകും. ആകുലചിന്തകളെല്ലാം സ്വർഗ്ഗീയ പിതാവിന് വിട്ടുകൊടുക്കും. അവിടുത്തെ രാജ്യവും ധർമ്മവും മാത്രം അന്വേഷിക്കും. അപ്പോൾ അവർ ദൈവത്തിൽ സമ്പന്നരായിത്തീരും.

3.6.1.3. ഈശോയെന്ന അഗതി

അബ്രാഹത്തിന്റെ പുത്രനായ ഈശോ പിതാവിന്റെ അഗതിത്വം പുൽകാനുള്ള ദൈവവിളി പൂർണ്ണമായി ജീവിച്ചവനാണ്. സർവ്വ സമ്പന്നനായിരിക്കേ (2 കോറി 8:9) മാനവർക്കുവേണ്ടി ദൈവസുതനെന്ന സ്ഥാനം മുറുകെ പിടിക്കേണ്ട ഒരു കാര്യമായി അവിടുന്ന് പരിഗണിച്ചില്ല; സ്വയം ശൂന്യവത്ക്കരിക്കുകയും ദാസന്റെ പ്രകൃതി സ്വീകരിക്കുകയും ചെയ്തു (ഫീലി 2:6-7). അഗതികളിൽ അഗതിയായിത്തീർന്നു. ജനിക്കുവാൻ ഒരു കൂരപോലും ഇല്ലായിരുന്നു. പ്രാണരക്ഷാർത്ഥം ശിശുവായിരിക്കുമ്പോൾതന്നെ ആ അബ്രാഹത്തിന്റെ തനയന് വിജാതീയരുടെ നാട്ടിലേക്ക് ഒളിച്ചോടേണ്ടിവന്നു. പരദേശികളുടെ ഇടയിൽ അഡ്രസ്സില്ലാതെ അന്യനായി കഴിയേണ്ടിവന്നു. കുറുനരികൾ മാളങ്ങളിലും ആകാശപ്പറവകൾ കൂടുകളിലും വിശ്രമിക്കുമ്പോൾ മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ലായിരുന്നു (ലൂക്കാ 9:58). അവസാനം പാപികളിൽ പാപിയായി ഏറ്റവും നിന്ദ്യമായ കുരിശുമരണം കൈവരിച്ചു. പിതാവിനാൽപോലും പരിത്യക്തനായിത്തീർന്നപ്പോൾ "എന്റെ ദൈവമേ, എന്റെ ദൈവമേ എന്തുകൊണ്ട് അങ്ങ് എന്നെ കൈവെടിഞ്ഞു" (മർക്കോ 15:34) എന്ന് കേണപേക്ഷിച്ചുകൊണ്ട് താതനെ അള്ളിപ്പിടിച്ചു. മരണശേഷം പാതാളത്തോളം താഴ്ന്നിറങ്ങി. അപ്പോൾ അവിടുന്ന് ഉത്ഥാനത്തിന്റെ മഹത്ത്വത്താൽ പ്രശോഭിതനായി. ദൈവം അവിടുത്തെ ഏറ്റവുമധികം ഉയർത്തി; എല്ലാ നാമങ്ങളേക്കാൾ ഉപരിയായ നാമം നൽകി (ഫീലി 2:9). ഇപ്രകാരം അഗതികളുടെ അഗതിയായിത്തീർന്നവൻ ദൈവത്തിൽ സർവ്വസമ്പന്നനായി വിരാജിച്ചു.

പിതാവ് തനിക്കു നൽകിയ അനുഗ്രഹദാനങ്ങളെല്ലാം സ്വന്തകാര്യത്തിനായി പിടിച്ചുവയ്ക്കാതെ അപരരെ സേവിക്കുവാൻ ദിവ്യനന്ദനൻ വിനിയോഗിച്ചു. ആരോഗ്യവും സമയവും സിദ്ധികളുമെല്ലാം

ആ പരസേവനാർത്ഥജീവിതത്തിൽ ശുശ്രൂഷക്കായി വ്യയം ചെയ്തു. ഭക്ഷിക്കുവാനോ വിശ്രമിക്കുവാനോ അവിടുത്തേക്ക് സമയം ലഭിച്ചില്ല (മർക്കോ 6:31-34). അതിരാവിലെ വിജനസ്ഥലത്തുചെന്ന് ദിവ്യദാനത്തിനായി പിതാവിന്റെ മുൻപിൽ ആ അഗതി കൈനീട്ടിനിന്നു (ലൂക്കാ 1:35). അപ്പോൾ താതൻ ആ അഗതിയെ തന്റെ അനുഗ്രഹദാനങ്ങളാൽ നിറച്ചു. പകൽ മുഴുവൻ തനിക്ക് ലഭിച്ചവ മറ്റുള്ളവർക്ക് അവിടുന്ന് പകർന്നു നൽകി. സായംസന്ധ്യയിൽ ശൂന്യമായ കരങ്ങളോടെ ക്ഷീണിതനായി പിതാവിനെ തേടി വിജനസ്ഥലത്തേക്ക് തിരിച്ചുപോകുകയായി (മത്താ 14:23). ഇതായിരുന്നു അഗിതകളിൽ അഗതിയായവന്റെ ജീവിതചര്യ. ഒന്നുമില്ലാത്തവനായി താതന്റെ മുൻപിൽ കൈനീട്ടി നിൽക്കും (സങ്കീ 123:1-2). വരദാനങ്ങൾ സ്വീകരിച്ച് അവ അമർത്തിത്താഴ്ത്തി കുലുക്കിക്കൊള്ളിച്ച് നിറഞ്ഞുകവിയുന്ന നല്ല അളവിൽ ഇതരരുടെ മടിയിലേക്ക് ചൊരിയും (ലൂക്കാ 6:38). വീണ്ടും ഒന്നുമില്ലാത്ത അഗതിയായി ഗതി ലഭിക്കുവാൻ താതന്റെ ചാരത്തണയും. ഇപ്രകാരം "ദാനമായി കിട്ടിയത് ദാനമായി കൊടുത്തവനായിരുന്നു" (മത്താ 10:8) ദിവ്യനന്ദനൻ. ചുരുക്കത്തിൽ അഗതിത്വമെന്ന വ്രതം വഴി മറ്റുള്ളവരെ സമ്പന്നരാക്കുവാൻ നിയോഗിതരാണ് സി.എം.ഐ. തനയർ.

3.6.1.4. അമ്മ, ഒരു അഗതി

അഗതിത്വത്തെ പുണർന്നവനായ ദിവ്യതനയന്റെ അമ്മയാകാൻ വിളിക്കപ്പെട്ട മറിയത്തെയും അഗതിത്വത്തിന്റെ ലോകത്തിലേക്ക് ആനയിച്ചു. അമ്മയുടെ അമലോത്ഭവത്തിന്റെ അന്തസ്സത്തക്ക് ഇപ്രകാരം ഭാഷ്യം നൽകാനാകും. ഒന്നുമില്ലാത്തവളും ഒന്നുമല്ലാത്തവളുമായ കന്യകയെ ദൈവം എല്ലാമുള്ളവളും ഒരു തരത്തിൽ എല്ലാമായവളുമാക്കിത്തീർത്തു. ഗതിക്കായി സർവ്വേശ്വരനെ അള്ളിപ്പിടിക്കുന്നവരുടെ ഉദാത്ത നിദർശനമാക്കി. അമ്മയുടെ മഹത്ത്വകീർത്തനത്തെ (ലൂക്കാ 1:46-55) അഗതിയുടെ ഗീതമെന്ന് വിശേഷിപ്പിക്കാനാകും. "അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ തൃക്കൺപാർത്തു." അടിയാട്ടിയെന്ന പഴയമലയാളപദമായിരിക്കും ഇവിടെ ഉചിതം: മറിയം കർത്താവിന്റെ അടിയിൽ ജീവിതസാക്ഷാത്കാരം കണ്ടെത്തിയവളാണ്. ദൈവത്തെക്കൂടാതെ താൻ ഒന്നുമല്ലാത്തവളെന്നും ഒന്നുമില്ലാത്തവളെന്നുമുള്ള അന്തർബോധമാണ് താഴ്മ. ആ ആത്മപ്രകാശത്തിൽ മറിയം ചരിച്ചു, ജീവിച്ചു, നിലനിന്നു (നട 17:28). അതോടൊപ്പം ദൈവത്തിന്റേതെല്ലാം തന്റേതാണെന്ന ദിവ്യസത്യത്തിന്റെ ആവിഷ്ക്കാരരൂപമായി; അനുഗൃഹീതയായി, കർത്താവിന്റെ

മഹത്ത്വകീർത്തനമായി; ശക്തനായവൻ തന്നിൽ മഹത്കാര്യങ്ങൾ നിർവ്വഹിച്ചിരിക്കുന്നുവെന്ന് അനസ്യൂതം ഏറ്റുപറയുന്നവളായി. തന്നിൽ സർവ്വേശ്വരന്റെ ശക്തി പ്രകടമായിരിക്കുന്നു. താഴ്മനിറഞ്ഞവളെ അവിടുന്ന് ഉയർത്തിയിരിക്കുന്നു. ദൈവത്തിനായി വിശക്കുന്നവളെ നല്ല വിഭവങ്ങൾകൊണ്ട് കാരുണ്യരൂപൻ സംതൃപ്തയാക്കിത്തീർത്തു. അതേ മണവാട്ടിയായിത്തീർന്നുകൊണ്ട് പുതിയ ഇസ്രായേലിന്റെ പ്രതീകമായിത്തീർന്നവൾക്ക് ബൈബിളിലെ ദൈവം സഹായഹസ്തം നീട്ടിക്കൊടുത്തിരിക്കുന്നു.

ദിവ്യമാതൃസ്ഥാനം അലങ്കരിക്കാനുള്ള ആഹ്വാനം വാസ്തവത്തിൽ അഗതിത്വത്തിന്റെ കണ്ണാടിയായിത്തീരാനുള്ള ദൈവവിളിയായിരുന്നു. ഒന്നുമില്ലാത്തവളും ഒന്നുമല്ലാത്തവളുമാകാനും, നിലനിൽപ്പിനായി സർവ്വേശ്വരനെ അള്ളിപ്പിടിക്കാനുമുള്ള യത്നമായിത്തീർന്നു ആ നിമിഷം മുതലുള്ള അമ്മയുടെ ജീവിതം. കന്യക ഗർഭം ധരിക്കുക എന്ന പ്രതിഭാസം ആരു വിശ്വസിക്കും? പ്രതിശ്രുതവരൻ എങ്ങനെ പ്രതികരിക്കും? തന്നെ പരസ്യമായി അപകീർത്തിപ്പെടുത്തുകയില്ലേ? കല്ലെറിഞ്ഞുകൊല്ലുവാൻ വിധിക്കപ്പെടില്ലേ? ഇരുളിന്റെ താഴ്വരയിൽ ഉഴലേണ്ടിവന്നപ്പോൾ ഗതി ലഭിക്കാനായി ദൈവത്തിൽ മാത്രം ആ അമ്മ ശരണം ഗമിച്ചു. അതോടെ ആ വിഷമസന്ധി പരിഹൃതമായി. വീണ്ടും സഹനത്തിന്റെ കാർമേഘങ്ങൾ ജീവിതവിഹായസ്സിൽ ഉരുണ്ടുകൂടുകയായി. പൂർണ്ണഗർഭിണിയായ അമ്മക്ക് നസ്രത്തിൽനിന്ന് ബെത്ലഹേമിലേക്ക് നീണ്ട യാത്ര ചെയ്യേണ്ടിവന്നു. തിരുസുതന് ജനിക്കാൻ ഒരാളും വാതിൽ തുറന്നുകൊടുത്തില്ല. സത്രത്തിൽ സ്ഥലം ലഭിച്ചില്ല. കാലിത്തൊഴുത്ത് മാത്രമായി അഭയകേന്ദ്രം. അഗതിത്വത്തിന്റെ ആ വിനാഴികകളിലൂടെ വിളിച്ചവനെ അള്ളിപ്പിടിച്ചുകൊണ്ടിരുന്നു അമ്മ. ഒടുവിൽ രാജാക്കന്മാരുടെ രാജാവായവന് കാലികളുടെ മധ്യത്തിൽ ജനനം നൽകി. ഉണ്ണിയെ ദേവാലയത്തിൽ കാഴ്ചവച്ചപ്പോൾ ഒരു വാൾ തന്റെ ഹൃദയത്തെ ഭേദിക്കുമെന്നുള്ള ശിമയോന്റെ മുന്നറിയിപ്പ്. അഗതിത്വം പുൽകുവാനുള്ള അവസരങ്ങൾ ഏറുകയായി. ദൈവതനയന്റെ ജീവൻ രക്ഷിക്കാൻ വിജാതീയരുടെ നാട്ടിലേക്ക് ഒളിച്ചോടേണ്ടിവന്നു. ഓരോ നിമിഷത്തിലും എന്തു സംഭവിക്കുമെന്ന് തീർച്ചയില്ലായിരുന്നു. ഹെറോദേസ് രാജാവിന്റെ കിങ്കരന്മാരാൽ വേട്ടയാടപ്പെടുമോ? ശിശുനിണം പൂഴിയിൽ ഒഴുക്കപ്പെടുമോ? ഈ വേവലാതികൾക്കിടയിലും ദൈവത്തിൽമാത്രം ഗതി കണ്ടെത്തുവാൻ അമ്മ കിണഞ്ഞു പരിശ്രമിച്ചു. മറ്റുദേവന്മാരെ ആരാധിക്കുകയും അന്യഭാഷ സംസാരിക്കുകയും

ചെയ്യുന്നവരുടെ ഇടയിൽ ശാരീരികവും മാനസികവുമായ ക്ലേശങ്ങളാൽ വലയം ചെയ്യപ്പെട്ടു തിരുക്കുടുംബം. അപ്പോഴും ആ അഗതിയായവളുടെ അള്ളിപ്പിടുത്തം തുടർന്നു. വീണ്ടും സ്വദേശത്തേക്കുള്ള വെയിലും തണുപ്പും, മഴയും മഞ്ഞും നിറഞ്ഞ ദുരിതപൂർണ്ണമായ യാത്ര. തിരുക്കുമാരനെ മൂന്നുദിവസം കാണാതാകൽ, പ്രിയ ഭർത്താവിന്റെ വേർപാട്, പരസ്യജീവിതത്തിനായി അരുമസുതൻ ഇറങ്ങിപ്പുറപ്പെട്ടതോടെ തിരുസാന്നിദ്ധ്യം നഷ്ടപ്പെടൽ, ഈശോയെ നസ്രത്തുകുന്നിൽനിന്ന് താഴേക്കു തള്ളിയിടാനുള്ള സ്വന്തനാട്ടുകാരുടെ പരിശ്രമം (ലൂക്കാ 4:24-30), കാനായിലെ വിവാഹവിരുന്നിന്റെ അവസരത്തിൽ ദിവ്യതനയന്റെ അനിഷ്ടകരമെന്നു തോന്നാവുന്ന പ്രതികരണം ("സ്ത്രീ എനിക്കും നിനക്കും എന്ത്" യോഹ 2:4), പ്രിയ പുത്രനെ ഒരു നോക്കുകാണാൻ ദാഹിച്ചുമോഹിച്ച് അവിടുന്ന് പ്രസംഗിച്ചിരുന്ന സ്ഥലത്തെത്തിയപ്പോൾ ലഭിച്ച തണുത്ത സ്വീകരണം ("ആരാണ് എന്റെ അമ്മയും സഹോദരന്മാരും" മർക്കോ 3:33), ദിവ്യനന്ദനൻ മരണത്തിനു വിധിക്കപ്പെട്ടതറിഞ്ഞപ്പോഴുണ്ടായ അസഹ്യമായ വേദന, കാൽവരിഗിരിയിലേക്കുള്ള അനുധാവനമദ്ധ്യേ ലഭിച്ച ജനാവലിയുടെ നിന്ദനങ്ങളും പരിഹാസവചനങ്ങളും, പാപികളിൽ പാപിയായി കുരിശിൽകിടന്ന് പിടഞ്ഞുമരിക്കുന്നവനെ നിസ്സഹായയായി കണ്ടുനിൽക്കൽ തുടങ്ങിയവയെല്ലാം അഗതിത്വമനോഭാവത്തിന്റെ മൂർത്തരൂപമാകാനുള്ള മുഹൂർത്തങ്ങളായിരുന്നു. ഒന്നുമല്ലാത്തവളും ഒന്നുമില്ലാത്തവളുമായിത്തീർന്ന അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ആശ്വസിപ്പിക്കാനാരുമുണ്ടായിരുന്നില്ല (വിലാ 1:16). "ഞാനനുഭവിക്കുന്ന ദുഃഖത്തിനു തുല്യമായ ദുഃഖമുണ്ടോ എന്ന് സെഹിയോൻപുത്രിയോടുകൂടി ആ സാരഹീനയും വിലപിച്ചു" (വിലാ 1:12). അഗതിത്വത്തിന്റെ തീച്ചൂളയിൽ അമ്മ ഒരുക്കപ്പെട്ടു. ദിവ്യമഹത്ത്വത്താൽ പ്രശോഭിതയായി. ദൈവത്തിന്റെ സമ്പത്ത് അവളുടെ സമ്പത്തായിത്തീർന്നു. ശരീരം ദിവ്യമായ ആലയമായി. സ്വർഗ്ഗാരോഹിതയായിത്തീർന്നു മാതാവ്. ത്രിലോകരാജ്ഞിയായി മുടി ധരിപ്പിക്കപ്പെട്ടു. ഇപ്രകാരം അഗതിത്വത്തിന്റെ അന്തസ്സത്ത അമ്മയിൽ നമുക്ക് തെളിഞ്ഞുകാണാനാകും.

3.6.1.5. മാർ യൗസേപ്പ് ഒരു അഗതി

ഈശോയുടെയും മറിയത്തിന്റെയും പാലകനായ മാർ യൗസേപ്പ്പിതാവും അഗതിത്വത്തിന്റെ നിദർശനമായിരുന്നു. താൻ ഒന്നുമല്ലെന്നും തനിക്ക് ഒന്നുമില്ലെന്നുമുള്ള ദൈവികകാഴ്ചപ്പാടിൽ പിതാവ് ജീവിച്ചു, ചരിച്ചു, നിലനിന്നു. ഗതി ലഭിക്കാനായി ദൈവത്തെ

അള്ളിപ്പിടിച്ചു. അപ്പോൾ അവിടുന്ന് മാർ യൗസേപ്പിനെ തന്റെ സമ്പത്തിനാൽ നിറച്ചു.

സുവിശേഷത്തിലെ പിതാവിന്റെ ജീവിതത്തിലെ ആദ്യരംഗം തന്റെ പ്രതിശ്രുതവധുവായ മറിയം ഗർഭിണിയാണെന്നറിയുന്നതാണ്. ഒരു സാധാരണ പുരുഷന് എത്രയോ അപകീർത്തി വരുത്തുന്ന വസ്തുത! മാർ യൗസേപ്പ് ധാർമ്മികനായിരുന്നു. ദൈവത്തിന്റെ രക്ഷയിലേക്ക് ആനയിക്കുന്ന മുഖമുദ്രയാണല്ലോ അത്. തന്മൂലം കാര്യം പരസ്യമായി വെളിപ്പെടുത്തുവാനും മറിയത്തെ അപമാനിതയും ശിക്ഷാർഹയുമാക്കുവാനും ആഗ്രഹിച്ചില്ല. രഹസ്യമായി ഉപേക്ഷിക്കുക എന്നൊരു പോംവഴിയേ ചിന്തയിലുദിച്ചുള്ളൂ. ആ ധർമ്മസങ്കടത്തിൽ ദൈവത്തെ അഭയം ഗമിച്ചുകാണും പുണ്യപിതാവ്. അതുകൊണ്ടായിരിക്കണം തിരുഅവതാരവാർത്തയുമായി കർത്താവിന്റെ ദൂതൻ ചാരത്തണഞ്ഞത്. രക്ഷകന്റെ വളർത്തുപിതാവെന്ന സ്ഥാനത്തേക്ക് ആ വിനയാന്വിതൻ ഉയർത്തപ്പെട്ടു. തിരുഹിതത്തിന് ആമ്മേൻ പറഞ്ഞു.

താൻ ഒന്നുമല്ലെന്നും തനിക്ക് ഒന്നുമില്ലെന്നുമുള്ള നിതാന്തയാഥാർത്ഥ്യത്തിന്റെ അഗാധത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ ദൈവം മാർ യൗസേപ്പിന് വീണ്ടും വീണ്ടും അനുഗ്രഹമേകുകയായി. ഗർഭിണിയായ ഭാര്യയോടൊത്ത് നസ്രത്തിൽനിന്ന് ബെത്‌ലെഹേമിലേക്ക് യാത്ര ചെയ്യേണ്ട ഗതികേടിലായി. ആ ഗ്രാമത്തിലെത്തിയപ്പോൾ താമസിക്കുവാൻ സ്ഥലം ലഭിച്ചില്ല. കാലിക്കൂടുമാത്രമാണ് സങ്കേതമായിത്തീർന്നത്. മാർ യൗസേപ്പിന്റെ ആത്മസംഘർഷങ്ങൾ ഊഹാധീതംതന്നെ. ആ വിനാഴികകളിലും ഗതി കണ്ടെത്തിയത് കർത്താവിൽമാത്രം. കാലിത്തൊഴുത്തിൽവച്ചാണ് ദൈവതനയൻ അവതീർണ്ണനായത്. അധികനാൾ കഴിയുന്നതിനുമുൻപ് ദിവ്യശിശുവിന്റെ ജീവൻ രക്ഷിക്കാൻ വിജാതീയ ദേശമായ ഈജിപ്തിലേക്ക് ഒളിച്ചോടേണ്ടിവന്നു. അനിശ്ചിതത്വം നിറഞ്ഞതായിരുന്നു യാത്രയിലെ ഓരോ നിമിഷങ്ങളും. പടയാളികൾ പിടികൂടുമോ? കാട്ടുമൃഗങ്ങൾ വേട്ടയാടുമോ? തസ്കരന്മാരാൽ ആക്രമിക്കപ്പെടുമോ? ദാഹജലമോ ആഹാരമോ ലഭിക്കുമോ? ഉത്കണ്ഠാകുലമായ ഇത്തരം ചിന്തകളിലും താതൻ ദൈവത്തെ അള്ളിപ്പിടിച്ചു; ഗതിക്കായി അവിടുത്തെ ശരണം ഗമിച്ചു.

അവിശ്വാസികളുടെ മദ്ധ്യത്തിലുള്ള ജീവിതം ദുരിതപൂർണ്ണമായിരുന്നു. വേല ലഭിക്കാൻ അലഞ്ഞുതിരിഞ്ഞുകാണും. താമസിക്കാൻ ഇടം ലഭിക്കാതെ വലഞ്ഞിരിക്കാം. വിജാതീയരുടെ ഭർത്സന

ങ്ങൾ നിരന്തരം സഹിക്കേണ്ടി വന്നിരിക്കാം. ദൈവമാതാവിനും ദിവ്യ തനയനും വേണ്ടത്ര പോഷണം നൽകുവാൻ രാപകൽ അദ്ധ്വാനിച്ചി രിക്കാം. അവസാനം പിടിച്ചുനിൽക്കാനുള്ള സാഹചര്യമായപ്പോൾ വീണ്ടും മാലാഖയുടെ സന്ദേശം, നാട്ടിലേക്കു തിരിച്ചുപോകാൻ. ഉറപ്പിക്കപ്പെട്ട വേരുകൾ ഇതാ തകർക്കപ്പെടുന്നു. ദൈവം മാത്രം ഏക സമാശ്രയം. ഇസ്രായേൽ ദേശത്തെത്തിയപ്പോൾ മറ്റൊരു ഭീഷണി. യൂദയാ ഭരിക്കുന്നത് ക്രൂരനായ ഹെറോദേസിന്റെ പുത്രൻ. ദിവ്യനന്ദനന്റെ ജീവൻ അപകടത്തിലാകുമോ? ശങ്കാകുലനായി മാർ യൗസേപ്പ്. അപ്പോഴും ദൈവദൂതൻ സഹായഹസ്തം നീട്ടി ക്കൊടുത്തു.

സുവിശേഷത്തിൽ മാർ യൗസേപ്പ് പ്രത്യക്ഷപ്പെടുന്ന അവസാനരംഗം ജറുസലെം ദേവാലയത്തിൽനിന്നുള്ള മടക്കയാത്ര യിൽ ഓമൽക്കുമാരനെ കാണാതായതാണ്. അവിടുത്തെ കാത്തു പാലിക്കുവാനും വളർത്തുവാനും തന്നെയാണല്ലോ ദൈവം ഭരമേ ല്പിച്ചത്. തന്റെ അനാസ്ഥയായിരിക്കുമോ ഈ തിരോധാനത്തിന് കാരണം? ആ ചിന്ത മാർ യൗസേപ്പിന്റെ ഹൃദയത്തെ കുത്തിത്തു ളച്ചു. മൂന്ന് ദിനരാത്രങ്ങളിൽ കണ്ണിണ പൂട്ടാതെ അന്വേഷിച്ചലഞ്ഞു. ഗതി തേടി ദൈവത്തിലേക്ക് വീണ്ടും വീണ്ടും തിരിഞ്ഞു. അവസാനം ദേവാലയത്തിൽ തിരുക്കുമാരനെ കണ്ടെത്തിയതോടെ ആശ്വാസ ത്തിന്റെ നെടുവീർപ്പുകളുതിർത്തു. സുവിശേഷങ്ങളിൽ ഒരിടത്തും മാർ യൗസേപ്പ് ഉരിയാടുന്നായി രേഖപ്പെടുത്തിയിട്ടില്ല. മാമുനീന്ദ്ര നായിരുന്നു അദ്ദേഹം. തന്റെ അയോഗ്യതയെയും നിസ്സാരത യെയുംകുറിച്ച് പൂർണ്ണമായ അവബോധമുള്ളവൻ. അഗതിത്വത്തിന്റെ ഉദാത്തനിദർശനം.

3.6.1.6. അഗതിയായിത്തീർന്ന ഞാൻ

തിരുക്കുടംബത്തിന്റെ മാതൃക പിൻചെല്ലുവാൻ ഈ നിസ്സാ രനായ ഞാനും ആത്മാർത്ഥമായി പരിശ്രമിച്ചു. അഗതിയെന്ന പദം എനിക്ക് ഏറ്റവും ഇഷ്ടമുള്ള വാക്കായിരുന്നു. *ധ്യാനസല്ലാപത്തിൽ* ഞാൻ ഇപ്രകാരം സ്വയം വിശേഷിപ്പിച്ചു: "ധ്യാനത്തിന്റെ ഏഴാംപദ വിയിൽ എത്തിച്ചേർന്ന വി. അമ്മത്രേസ്യായോട് ഞാൻ യാചിക്കുക യാണ്: "നിന്നിൽ ധാരാളമായി ഉണ്ടായിരുന്ന ഈ ഗുണം ചോദിച്ച പേക്ഷിക്കുന്ന അഗതിയായ മകന് തരാതിരിക്കുമോ? ... നിന്റെ പ്രിയ മണവാളനോട് ഈ അഗതിയായ മകന്റെ അപേക്ഷപ്രകാരം കേൾപ്പി ച്ചാൽ..." (പേജ് 15). അതേ ഗതിയില്ലാതെ അലയുന്നവനാണ് ഞാൻ. അയോഗ്യൻ (*ആത്മാനുതാപം* VII:162). "എത്രയും വലിയ

അയോഗ്യൻ" (*ധ്യാനസല്ലാപങ്ങൾ*, പേജ് 14). "ഉയരപ്പെട്ട പുണ്യത്തിനും വലിയ ധ്യാനത്തിനും അർഹതയില്ലാത്തവൻ." "പുണ്യസാംഗോപാംഗത്തിന് യോഗ്യനല്ല" എന്ന തീർച്ചയുള്ളവൻ. "വല്ലതിനും എന്നെ കൊള്ളാമോ? ഇല്ലയില്ല, നിശ്ചയം." ആത്മം അശുദ്ധമായവൻ, തെളിവില്ലാത്തവൻ. എന്നിൽ ഒന്നും നല്ലതായി (positive , plus) ഇല്ലെന്നുമാത്രമല്ല ഉള്ളതെല്ലാം ചീത്ത (negative, minus) മാത്രം. ഞാൻ കൊള്ളരുതാത്തവനും (*ധ്യാനസല്ലാപങ്ങൾ*, പേജ് 13), പാപിയും (*ധ്യാനസല്ലാപങ്ങൾ*, പേജ് 16, 34, "ഇത്ര പാപിയാമെന്നുടെ ഹീനത", *ആത്മാനുതാപം* I/129; "അൻപോടു പാപി ഞാൻ വന്ദിക്കുന്നേൻ", III *അനുബന്ധം* 64; പാപിയാമെന്നുടെ പാപത്തെ നോക്കി നിൻപാദേയടിയനെ ചേർത്തീടേണം", 67-68), മഹാപാപിയും (*ധ്യാനസല്ലാപങ്ങൾ*, പേജ് 13, 38; *ആത്മാനുതാപം* II: 242, 289, 380), അല്പനും (*ആത്മാനുതാപം* III: *അനുബന്ധം* 39-40), പ്രാപ്തിഹീനനു (*ആത്മാനുതാപം* II:278)മത്രേ. ബധിരനും മൂകനും (*ധ്യാനസല്ലാപങ്ങൾ*, പേജ് 37) കുരുടനും (*ധ്യാനസല്ലാപങ്ങൾ, പേജ് 44),* ഹീനൻ (*ധ്യാനസല്ലാപങ്ങൾ*, പേജ് 39)മാണ് ഞാൻ. ഭോഷൻ ("ഭോഷനായ എനിക്ക് രണ്ടും സന്തോഷം ഒരുപോലെ തോന്നിയിരുന്നു", "ഒന്നുമറിയാത്ത ഭോഷനായ ഞാൻ", *മാന്നാനം നാളാഗമം* I, പേജ് 71,75), മഹാമൂഢൻ (*ആത്മാനുതാപം* II/350), മൂഢൻ (*ആത്മാനുതാപം* IX മാതൃദുഃഖം 31)വകതിരിവില്ലാത്തവൻ (*മാന്നാനം നാളാഗമം* I, പേജ് 70 , 2 പ്രാവശ്യം), കുറയപ്പെട്ടവൻ (*മാന്നാനം നാളാഗമം* I, പേജ് 15) എന്നീ സംജ്ഞകളാണ് എനിക്ക് ചേരുക.

എന്റെ അഗതിത്വത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച ഏറിവന്നപ്പോൾ മനുഷ്യനെന്ന സംജ്ഞക്ക് ഞാൻ അർഹനല്ലെന്ന് ബോദ്ധ്യപ്പെട്ടു. "ഞാൻ മനുഷ്യനല്ല കൃമിയാകുന്നു" എന്ന സങ്കീർത്തകന്റെ മനോഭാവത്തിലേക്ക് ഞാൻ വളർന്നു (സങ്കീ 22:6). സകലരാലും പരിത്യക്തനായ ക്രൂശിതന്റെ മനോഭാവമായിരുന്നല്ലോ ഇത്. കൃമി ആത്മാനുതാപം I:6,17; VII/349 പുഴു, *ധ്യാനസല്ലാപങ്ങൾ* പേജ് 21, 27; *കത്തുകൾ* VII/10; കഷ്ടപുഴു, *ധ്യാനസല്ലാപങ്ങൾ* പേജ് 39, അകൃതപുഴു, *ധ്യാനസല്ലാപങ്ങൾ*, പേജ് 37 എന്നീ മൃഗലോകസംജ്ഞകളാൽ ഞാൻ എന്നെത്തന്നെ വിശേഷിപ്പിച്ചു. വെറും *മണ്ണ്* മാത്രമാണ് ഈ നികൃഷ്ടൻ (*ധ്യാനസല്ലാപങ്ങൾ*, പേജ് 27). കർത്താവിന്റെ പീഡാനുഭവത്തെപ്പറ്റി ധ്യാനിച്ചപ്പോൾ ഇപ്രകാരം വിലാപകണ്ണീരൊഴുക്കി: "മേപാപം മഹാപാപം മേതാപം വർദ്ധിക്കുന്നു" (*ആത്മാനുതാപം* VI:205). ഒന്നുമല്ലാത്തവനും ഒന്നുമില്ലാത്തവനുമെന്ന അവബോധ

ത്താൽ ഞാൻ വൈദികരുടെയും നവസന്ന്യാസികളുടെയും മൂന്നാം സഭക്കാരായ അൽമേനികളുടെയും *ശുശ്രൂഷിയെ*ന്നാണ് മരണപത്രികയിൽ സ്വയം അഭിസംബോധന ചെയ്തത്. പുണ്യങ്ങൾ ചെയ്യുവാൻ എനിക്കു വശമില്ലെന്ന് കന്യാസ്ത്രീകളോട് ഏറ്റുപറഞ്ഞു (*കത്തുകൾ* VII/3). അഗതിയായ ഈയുള്ളവന് ഗതി ലഭിക്കണം. ഞാൻ കർത്താവിനെ അള്ളിപ്പിടിച്ചു; മാതാവിനെ അള്ളിപ്പിടിച്ചു; യൗസേപ്പ് പിതാവിനെ അള്ളിപ്പിടിച്ചു; വി. അമ്മ ത്രേസ്യായെ അള്ളിപ്പിടിച്ചു. ധ്യാനവരത്തെക്കുറിച്ച് പുണ്യവതി എഴുതിയവ ഹൃദയത്തിൽ ചൊല്ലിത്തന്ന് പഠിപ്പിക്കണമെന്ന് സിദ്ധാന്തം കൂട്ടി (*ധ്യാനസല്ലാപങ്ങൾ,* പേജ് 14). കർത്താവിനോടുള്ള സ്നേഹം എനിക്കും തരുവിക്കണമെന്ന് വാശിപിടിച്ചു (*ധ്യാനസല്ലാപങ്ങൾ,* പേജ് 15). പ്രിയപ്പെട്ടവരേ, ഗതി കിട്ടാൻ കുഞ്ഞുങ്ങളെപ്പോലെ നിർബന്ധബുദ്ധിയോടെ അപേക്ഷിക്കുകതന്നെ വേണം. "ചോദിപ്പിൻ നിങ്ങൾക്കു കിട്ടപ്പെടും" എന്ന കർത്താവിന്റെ വാക്യം ഞാൻ പ്രാവർത്തികമാക്കി (മത്താ 7:7; *മാന്നാനം നാളാഗമം I*, പേജ് 18). അള്ളിപ്പിടിക്കുന്നവർക്ക് തീർച്ചയായും ഗതി ലഭിക്കും. ദൈവം അവർക്ക് തന്റെ സമ്പത്ത് "അമർത്തിത്താഴ്ത്തി കുലുക്കിക്കൊള്ളിച്ച് നിറഞ്ഞുകവിയുന്ന നല്ല അളവിൽ നമ്മുടെ മടിയിലേക്ക് ചൊരിഞ്ഞുതരും" (ലൂക്കാ 6:38). അഗതിത്വം എന്ന വ്രതത്തിന്റെ അന്തിമമായ അർത്ഥം കർത്താവിന്റെ സമ്പത്ത് സ്വന്തമാക്കലാണ്. ആകാശത്തിലെ പറവകളെയും വയലിലെ ലില്ലിപ്പുഷ്പങ്ങളെയുംപോലെ ആകുലതകളിൽനിന്ന് തീർത്തും സ്വതന്ത്രരായിരിക്കുന്നവരാണ് നമ്മൾ (മത്താ 6:25-34).

3.6.1.7. അഗതികളാകുവിൻ

പ്രിയ കുഞ്ഞുങ്ങളേ, അഗതിത്വത്തിന്റെ മനോഭാവത്തിലേക്ക് വളരുവാൻ കഠിനയത്നത്തിൽ ഏർപ്പെടുവിൻ. കന്യസ്ത്രീകൾക്കുവേണ്ടി നിർമ്മിച്ച ആദ്യത്തെ മഠത്തെക്കുറിച്ച് ഞാൻ ഇപ്രകാരം എഴുതി: "പട്ടാങ്ങയായ (സത്യമായ) അഗതിത്വംപോലെ ഒരു സ്ഥലമുണ്ടാക്കി." (*മാന്നാനം നാളാഗമം* II, പേജ് 75). "ഇനി തമ്പുരാൻ നിറവേറ്റും എന്ന് ശരണംവച്ചു" (*മാന്നാനം നാളാഗമം* II, പേജ് 77). "തമ്പുരാൻ നിങ്ങളെ കാക്കട്ടെ" എന്ന് ഉത്തമബോദ്ധ്യത്തോടെ ആവർത്തിച്ചുപറഞ്ഞു (*കത്തുകൾ*, VII/1). "ഈശോമിശിഹാ നിങ്ങളെ ആശീർവദിക്കട്ടെ" (*കത്തുകൾ,* VII/2) എന്നാശംസിച്ചു. "നാം വേലയെടുപ്പിക്കുക; പണം തമ്പുരാൻ തരും. ഇത് നമ്മുടെ വകയല്ല. പിന്നെയോ ഈശോമിശിഹായുടെ പത്രമേനിയത്രേ."

(*കത്തുകൾ*, VII/5). അഗതിത്വത്തിൽനിന്ന് ഉളവാകുന്ന സ്വാതന്ത്ര്യത്തെയും സുരക്ഷിതത്ത്വത്തെയുംകുറിച്ച് "ആശ്രയിക്കൽ" എന്ന ശീർഷകത്തിൽ നിങ്ങൾ ധ്യാനിച്ചതൊക്കെ വീണ്ടും മനോമുകുരത്തിൽ കൊണ്ടുവരുവിൻ; പ്രാവർത്തികമാക്കുവിൻ.

കൂടപ്പിറപ്പുകളേ, കുഞ്ഞുങ്ങളേ, അഗതികളുടെ ശൈലി സന്ന്യാസജീവിതത്തിൽ കുറഞ്ഞുവരികയാണെന്ന കാര്യം എനിക്ക് മനോവേദന നൽകുന്നു. സത്തയുടെ മനുഷ്യരാകുന്നതിനുപകരം സാധനങ്ങളുടെ അടിമകളാകുക എന്നതാണ് ഇന്നത്തെ ലോകത്തിന്റെ പ്രത്യയശാസ്ത്രം. ആ ചൈതന്യം നിങ്ങളെയും സ്വാധീനിച്ചുകാണുന്നതിൽ ഈ പിതാവ് ദുഃഖിക്കുന്നു. എന്റെ മുറിയിലുണ്ടായിരുന്നവയെക്കുറിച്ച് മഞ്ഞുമ്മേൽ ലൂയിസച്ചന്റെ വാക്കുകൾ നിങ്ങൾക്കറിയാമല്ലോ: "മുറിക്കകത്ത് നിത്യപെരുമാറ്റത്തിനുള്ള കൂജയും വെള്ളവും, നാലഞ്ചുപുസ്തകം മേശപ്പുറത്ത്... കട്ടിലും മേശയും ഒരു കസേരയും. കട്ടിൽ സാധാരണ. മേൽക്കട്ടിയില്ല, വിരിയില്ല. ഒരു തലയിണ... ദാരിദ്ര്യത്തിന്റെ കാര്യത്തിൽ വളരെ സൂക്ഷ്മദൃഷ്ടിയും ശ്രദ്ധയും ഉള്ള ഒരുവനായിരുന്നു." നിങ്ങളുടെ പിതാവിനെപ്പോലെ ലാളിത്യത്തിന്റെ മനുഷ്യരാകുവിൻ. അഗതിത്വത്തെ സ്നേഹിക്കുവിൻ. സർവ്വസമ്പന്നനായിരുന്നിട്ടും നമ്മെപ്രതി അഗതികളിൽ അഗതിയായിത്തീർന്ന കർത്താവിന്റെ ശിഷ്യഗണമാകുവിൻ. മാനസികമായും ശാരീരികമായും അഗതിത്ത്വത്തിന്റെ നിറകുടങ്ങളായിരുന്ന അമ്മയുടെയും മാർ യൗസേപ്പിന്റെയും മക്കളായിത്തീരുവിൻ. അപ്പോൾ എന്റെ മരണത്തിനുശേഷം ആദ്ധ്യാത്മികപിതാവായിരുന്ന ലെയപ്പോൾദ് മിഷനറി എന്നെക്കുറിച്ച് "വിശുദ്ധവും മനോഹരവുമായ ആത്മാവേ" എന്ന് നിങ്ങളെപ്പറ്റിയും മറ്റുള്ളവർ സാക്ഷ്യം നല്കും.

3.6.2. മണവാട്ടിത്വം

3.6.2.1. മിസ്റ്റിക്കൽ ദർശനം

ബ്രഹ്മചര്യം അഥവാ കന്യാവ്രതത്തെക്കുറിച്ചുള്ള മിസ്റ്റിക്കലായ കാഴ്ചപ്പാടാണിത്. തികച്ചും ബിബ്ലിക്കലായ ദർശനമാണ് ഞാൻ അവതരിപ്പിച്ചിരിക്കുക. പഴയനിയമത്തിൽ യാഹ്വെ സ്വയം വെളിപ്പെടുത്തിയത് ഇസ്രായേലിന്റെ മണവാളനായാണ്. അവൾ മണവാട്ടിയും (ജറ 2:2; എസ 23; ഹൊസെ 2:14-16). പ്രിയന്റെ തണലിലിരുന്ന് ജീവസാക്ഷാത്കാരം പ്രാപിക്കുന്ന പ്രേയസ്സിയത്രേ ഇസ്രായേൽ. അവിടുന്ന് അവൾക്ക് ഹിമകണമാകും. ലില്ലിപോലെ അവൾ

പുഷ്പിക്കും. ദിവ്യപരിമളം എങ്ങും പരത്തും (ഹൊസെ 14:5-7). പുതിയ നിയമത്തിലോ മണവാളനായ ഈശോ തന്റെ മണവാട്ടിയായ സഭയ്ക്കുവേണ്ടി സ്വയം സമർപ്പിക്കുകയും, അവളെ സ്നേഹിക്കുകയും, വചനത്താൽ വിശുദ്ധീകരിക്കുകയും ചെയ്യുന്നവനാണ് (എഫേ 5:25-27). സ്വർഗ്ഗരാജ്യത്തെ അവിടുന്ന് വിവാഹവിരുന്നിനോട് ഉപമിച്ചിരിക്കുന്നു. കുഞ്ഞാടായ മണവാളന്റെ വിവാഹാഘോഷത്തെപ്പറ്റി വെളി 19:5-9 ൽ വിവരിച്ചിട്ടുള്ളോ. സന്ന്യാസംവഴി ദൈവവും ദിവ്യതനയനുമായി നാം ഒന്നായിത്തീരുകയാണ്. ലോകത്തിലേറ്റവും വലിയ സ്നേഹസംസർഗ്ഗം നടക്കുന്നത് മണവാളനും മണവാട്ടിയും തമ്മിലാണല്ലോ. ആ രൂപകത്തിന്റെ ഉപയോഗം പ്രതിഷ്ഠാജീവിതത്തിലും പ്രസക്തമത്രേ. യുഗാന്ത്യദിനങ്ങളുടെ മുന്നാസ്വാദനം അനുഭവിക്കാൻ വിളിക്കപ്പെട്ടവരാണ് സമർപ്പിതരായ നമ്മൾ. പ്രിയ കൂടപ്പിറപ്പുകളേ, നമുക്ക് നമ്മുടെ ജീവിതത്തിന്റെ രൂപകതലം കണ്ടെത്താനും അതുൾക്കൊള്ളാനും സാത്മീകരിക്കാനും ശ്രമിക്കാം. ദൈവം എനിക്ക് ഇത്തരം രൂപകലോകത്തിൽ ജീവിക്കുവാൻ കൃപാവരം നൽകി. ഈ പൈതൃകം നിങ്ങളുമായി പങ്കുവയ്ക്കട്ടെ. കുഞ്ഞുങ്ങളായ നിങ്ങളും രൂപകങ്ങളായിത്തീരുവാൻ യത്നിക്കുവിൻ.

3.6.2.2. മണവാട്ടിയായ അമ്മ

മാതാവ് മണവാട്ിത്വത്തിന്റെ നിദർശനമാണ്. പരിശുദ്ധാത്മാവിന്റെ പ്രേയസ്സിയാകുവാൻ അമ്മയ്ക്ക് ഭാഗ്യം ലഭിച്ചു. കാനായിലെ കല്ല്യാണവിരുന്നിന്റെ അഭൗമികാർത്ഥം സഭാപിതാക്കന്മാർ ഇപ്രകാരം വ്യാഖ്യാനിക്കുന്നു. ഈശോയാണ് സാക്ഷാൽ വരൻ. മറിയം മണവാട്ടിയും. അവൾ അവിടുത്തെ കൺമുമ്പിലിരുന്നവളാണ്; തന്നോട് ചേർന്നിരുന്നവളാണ്; അവിടുത്തോടൊത്ത് നടന്നവളാണ്; എപ്പോഴും സംസാരിച്ചവളാണ്; സ്നേഹത്തിൽ പാർപ്പുറപ്പിച്ചവളാണ്. മണവാട്ടിയുടെ മിസ്റ്റിക്കൽ ചിത്രമാണല്ലോ നമുക്കിവിടെ കാണാനാകുക.

3.6.2.3. മണവാട്ിത്വത്തിന്റെ നിദർശനം

മാർ യൗസേപ്പിനെയുംകുറിച്ച് *മണവാട്ിത്വം* എന്ന മിസ്റ്റിക്കൽ ദർശനം അർത്ഥവത്താണ്. ഓരോ ആത്മാവും ഈശോയുടെ മണവാട്ിയാകാനാണല്ലോ വിളിക്കപ്പെടുക. ലോകത്തിന്റേതായ കാഴ്ചപ്പാടല്ല ഇതെന്ന് വീണ്ടും വീണ്ടും ആവർത്തിച്ചുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. മിസ്റ്റിക്കൽ ഉൾക്കാഴ്ചയോടുകൂടി ഈ പ്രമേയത്തെ നിങ്ങൾ മനസ്സിലാക്കണം. അപ്പോൾ മണവാട്ിത്വം എന്ന സങ്കല്പം സ്ഥലകാലബന്ധനത്തിൽനിന്ന് വിമുക്തമാകും. മാർ യൗസേപ്പിലേക്ക്

നമുക്ക് തിരിയാം. മറിയത്തിന്റെ മണവാളനാകാനാണ് ലൗകികമായ വീക്ഷണത്തിൽ അദ്ദേഹം വിളിക്കപ്പെട്ടത്. പക്ഷേ പരിശുദ്ധാത്മാവിന്റെ പ്രേയസ്സിയും, പുതിയ ഹവ്വായെന്ന മഹനീയപദവിയിൽ ഈശോയുടെ മണവാട്ടിയും ആയിത്തീർന്ന ദിവ്യാബിംകയുടെ സമ്പർക്കം യൗസേപ്പുപിതാവിനെ ദൈവികമായ മേഖലയിലേക്ക് ആനയിച്ചു. ദിവ്യതനയനുമായുള്ള സമ്പർക്കം ആ സ്വർഗ്ഗീയ വിഹായസ്സിൽ വിഹരിക്കുവാൻ പിതാവിനെ പ്രചോദിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു. താൻ ഈശോയ്ക്ക് പൂർണ്ണമായി സമർപ്പിക്കപ്പെട്ട ആത്മാവാണെന്ന അവബോധത്തിൽ വളർത്തി (സമർപ്പിതൻ). പിതാവ് ഒരു മണവാട്ടിയെപ്പോലെ ഈശോയാകുന്ന മണവാളന് നിവേദിതനും അർപ്പിതനും തദീയനും തന്മയനും നിയതനുമായി. അവിടുത്തെ ലോകത്തിൽ വളർത്തുതാതനും ജീവിച്ചു (സാലോഖ്യം); സാമീപ്യത്തിൽ ആത്മനിർവൃതിയടഞ്ഞു. മാർ യൗസേപ്പിന് അതോടെ സായൂജ്യം കൈവന്നു. സാധർമ്മ്യപ്പെടുവാനുള്ള വരദാനവും ലഭിച്ചു. ഒരു ഉത്തമമണവാട്ടിയുടെ സ്വഭാവവിശേഷങ്ങളാണല്ലോ ഇവ.

3.6.2.4. എന്റെ മണവാട്ടിത്തം

ഈ രൂപകലോകത്തിലേക്ക് ദൈവം എന്നെയും ഉയർത്തി. താമസിക്കുന്ന മുറി എനിക്ക് മണവറയായിരുന്നു. ആ അനുഭവജ്ഞാനത്തിൽനിന്നാണ് ഞാൻ എന്റെ കുഞ്ഞുങ്ങളായ കന്യസ്ത്രീകൾക്ക് ഇപ്രകാരം എഴുതിയത്: "തന്റെ മണവറയായ നിങ്ങളുടെ മുറിയിൽ തന്നോടുകൂടെ നിങ്ങൾ തെളിയുവിൻ" (*കത്തുകൾ*, VII/2, *സൂക്തങ്ങൾ* 25). പ്രിയ മണവാളനായ കർത്താവിനോടൊത്ത് അവിടെ സ്നേഹത്തിൽ പാർക്കുകയും, കൺമുമ്പിൽ ഇരിക്കുകയും, തന്നോടുകൂടി എപ്പോഴും സംസാരിക്കുകയും ചെയ്തപ്പോൾ (*കത്തുകൾ* VII/6, *സൂക്തങ്ങൾ* 28) എനിക്കും തെളിവു ലഭിച്ചു. തെളിവ് എന്ന പദം വളരെ അർത്ഥവത്താണ്. എപ്പോഴും തെളിവുള്ളവനാണെന്നതാണല്ലോ ദൈവത്തിന്റെ സ്വഭാവവിശേഷം. തിരുമുഖം ദീപ്തമാണ്, സന്തോഷത്താൽ പ്രകാശിക്കുന്നതാണ്. ഈശോയുമായുള്ള സമ്പർക്കംമൂലം അമ്മയും മാർ യൗസേപ്പും തെളിവിന്റെ തനയരായിരുന്നു. നാൽപ്പതുദിവസം മോശെ മലയിൽ യാഹ്വേയോടൊത്തു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുഖം പ്രകാശപൂരിതമായിത്തീർന്നല്ലോ (പുറ 34:29-35). ദൈവവുമായുള്ള സംസർഗ്ഗത്തിൽ വ്യാപരിക്കുന്നവർക്ക്, അഥവാ കർത്താവിന്റെ മണവാട്ടികൾക്ക് ലഭിക്കുന്ന സിദ്ധിവിശേഷമാണ് ഈ തെളിവ്.

വീണ്ടും ഞാൻ സിസ്റ്റേഴ്സിന് എഴുതി. "എപ്പോഴും തന്നെയല്ലാതെ മറ്റു സ്നേഹം നിങ്ങൾക്കുണ്ടോയെന്നും, എന്തു നിങ്ങൾക്കാവശ്യമെന്നും എപ്പോഴും നിങ്ങളോടുകൂടെ അകത്തും പുറത്തും സൂക്ഷിച്ചുനടക്കുന്ന നിങ്ങളുടെ സ്നേഹമണവാളന്റെ സ്വരം എത്രയോ മധുരമുള്ളതെന്നോർക്കുവിൻ" (*കത്തുകൾ* VII/7, *സൂക്തങ്ങൾ* 27/3). അതേ, സ്നേഹമണവാളൻ എപ്പോഴും നമ്മോടൊത്ത് അകത്തും പുറത്തും സൂക്ഷിച്ചു നടക്കുകയാണ്. നമ്മുടെ സ്നേഹം മുഴുവൻ അവിടുത്തേക്കുമാത്രം ലഭിക്കണമെന്നാണ് തീവ്രാഭിലാഷം. തന്നോടല്ലാതെ മറ്റാരുമായോ, വസ്തുക്കളോടോ നമ്മുടെ സ്നേഹം നാം പങ്കുവയ്ക്കുന്നുണ്ടോയെന്ന് സദാ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നു. അപ്രകാരം കണ്ടാൽ ആ സ്നേഹനിധിയുടെ ഹൃദയം തകരും. ദൈവാനുഗ്രഹത്താൽ അവിഭക്തമായ സ്നേഹം ആത്മമണവാളനോട് പുലർത്തുവാൻ എനിക്ക് ഭാഗ്യമുണ്ടായി. "തന്റെ അരികെ ഞാൻ നടന്നു" (*കത്തുകൾ* VII/6, *സൂക്തങ്ങൾ* 27/1). അവിടുത്തെ സ്വരം എത്രയോ മധുരമുള്ളതാണെന്ന് ഞാൻ അനുഭവിച്ചറിഞ്ഞു. അതുകൊണ്ടാണ് പ്രാർത്ഥനാമുറിയിലെ ധ്യാനസമയം മുഴുവൻ സർവ്വവും മറന്ന് കണ്ണീരൊഴുക്കിക്കൊണ്ട് മുട്ടന്മേൽ നിൽക്കുവാൻ എനിക്ക് കഴിഞ്ഞത്. ളൂയിസച്ചൻ ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുണ്ടല്ലോ.

ആത്മമണവാളനോടുള്ള സ്നേഹത്തെക്കുറിച്ച് വീണ്ടും വീണ്ടും ആവർത്തിച്ച് പറയുവാൻ എനിക്ക് ലജ്ജയുണ്ടായിരുന്നില്ല. "ഈശോമിശിഹായുടെ സ്നേഹം നല്ലവണ്ണം ധ്യാനിക്കണമെന്നും," വി. കുർബാന സ്വീകരിച്ചുകൊണ്ട് "ഈ കർത്താവിന്റെ സ്നേഹത്തെ ഓർക്കണ"മെന്നും ഞാൻ കന്യാസ്ത്രീമാരെ നിർബന്ധിച്ചു (*കത്തുകൾ* VII/6). എന്റെ അനുഭവമാണ് ഞാനവർക്ക് പകർന്നുകൊടുത്തത്. വി. അമ്മത്രേസ്യാ തന്റെ മിസ്റ്റിക്കൽ അനുഭവത്തിന് ഭാഷ്യം നൽകിയിരിക്കുന്ന "ആഭ്യന്തരഹർമ്മ്യം" എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന ഉന്നതപദവികൾ പ്രാപിക്കുവാൻ ഈശോയുടെ മണവാട്ടികൾ അവിരാമം പരിശ്രമിക്കണമെന്ന് മറ്റൊരു കത്തിൽ ഞാൻ ഉദ്ബോധിപ്പിച്ചു. ആദ്യമായി ആദ്ധ്യാത്മികഗ്രന്ഥങ്ങൾ വായിക്കുവാൻ ഉത്സുകരാകണം. അപ്പോൾ ഏകാന്തത്തെ ഇഷ്ടപ്പെട്ടുതുടങ്ങും. "ഏകാന്തത്തിൽ സന്തോഷമാകുമ്പോൾ ആ ആത്മാവിനെ ഏകാന്തത്തിൽവച്ച് കാണ്മാനായിട്ട് ഈശോമിശിഹാ എഴുന്നള്ളി ആ ആത്മാവിനോടുകൂടെ സംസാരിച്ചുതുടങ്ങും. തുടക്കത്തിൽ അപൂർവ്വവും സംസാരവും നല്ലവണ്ണം തിരിയുകയില്ല. അപ്പോൾ

അത്രെ ഈ മണവാട്ടിയെ വീഞ്ഞുമുറിയിൽ കെറ്റി-കുറെ പകർന്നു കൊടുക്കും-തുടക്കം-അല്പം-ഇതിനെ-രസിക്കുമ്പോൾ മണവാളന്റെ പെച്ചു തിരിഞ്ഞുതുടങ്ങും- തിരിയുന്നു എന്ന ഈ മണവാളൻ കാണുംപോൾ പിന്നെ നല്ലവണ്ണം തിരിച്ചു പറയും-തന്റെ സ്നേഹം എത്ര വല്യതെന്നും കാണിക്കും-അപ്പോൾ മണവാട്ടി അതികം സ്നേഹിച്ചും തുടങ്ങിയിവിടെ മണവാളൻ സന്തോഷിച്ച-മണവാട്ടിയക്കു ചില ആഭരണങ്ങൾ കൊടുക്കും-യിങ്ങനെ തുറക്കും-പിന്നെ ഭയമില്ല. 1. വായന 2. ഏകാന്തം 3. ധ്യാനത്താലുള്ള നമസ്ക്കാരം 4. ധ്യാനം. ഈ നാലാം പദവിയിൽ ചെന്നാൽ മതി നമ്മൾക്ക്. അമ്മ (അമ്മത്രേസ്യാ) ഏഴാം പദവിയിലും, അമ്മയോടുകൂടെയുള്ള ചിലർ അഞ്ച്, ആറ് പദവിയിലും കയറി. നമുക്ക് ഇവിടെയങ്കിലും ചെല്ലണം" (*കത്തുകൾ* VII/8).

3.6.2.5. ആത്മാനുഭൂതിയും ആഹ്വാനവും

ആഭ്യന്തരകർമ്മത്തിന്റെ നാലംപദവിയിലെങ്കിലും നിങ്ങളെല്ലാം എത്തിച്ചേരണം. എളിമമൂലമാണ് പറയാതിരുന്നത്. സ്നേഹമണവാളനായ ഈശോ എന്നിലും എഴുന്നള്ളി വരികയും സംസാരത്തിൽ ഏർപ്പെടുകയും ചെയ്തു. അവിടുത്തെ സംസാരഭാഷ തിരിച്ചറിയുന്നതിന് എന്നെയും സ്നേഹത്തിന്റെ വീഞ്ഞുമുറിയിൽ കയറ്റി ദിവ്യസ്നേഹത്തിന്റെ വീഞ്ഞ് അവിടുന്ന് പകർന്നുതന്നു. അത് ആസ്വദിക്കാൻ കഴിവുനൽകി. കർത്താവിന്റെ സ്നേഹം എത്ര വലുതാണെന്ന് അനുഭവിച്ചറിഞ്ഞു. ആത്മീയമണവാളനും എന്നിൽ സന്തുഷ്ടനായി. ചില ആദ്ധ്യാത്മിക ആഭരണങ്ങൾ എന്നെ ധരിപ്പിച്ചു. കർത്താവിനും എനിക്കും അറിയാവുന്ന ഇക്കാര്യങ്ങൾ രഹസ്യമായി സൂക്ഷിക്കുവാനാണ് അഗതിയായ ഞാൻ ആഗ്രഹിക്കുന്നത്. ഈ കാഴ്ചപ്പാടിലാണ് സന്ന്യാസാന്തസ്സിന് ഞാൻ താഴെ പറയുന്ന നിർവ്വചനം നൽകിയത്: "പുണ്യത്തിന്റെ പദവികൾ കയറി ഈശോതമ്പുരാനോടു ചേരുന്നതാണ് സന്ന്യാസാന്തസ്സ്." (*കത്തുകൾ* VII/10; *സൂക്തങ്ങൾ* 109:1). വീണ്ടും ഞാൻ എഴുതി: "നിങ്ങൾ കയറിയിരിക്കുന്ന അന്തസ്സ് എത്രയും ഉയർപ്പെട്ടതും സ്തുതിക്കപ്പെട്ടതും തന്നെ" (*കത്തുകൾ* VII/2; *സൂക്തങ്ങൾ* 109:3). "എന്റെ കുഞ്ഞുങ്ങളേ, ഈ ഭൂമിയിൽ രണ്ടിനും സുഖമുള്ളവരാര്!" (*കത്തുകൾ* VII/2, *സൂക്തങ്ങൾ* 109:4). മണവാട്ടിത്ത്വത്തിന്റെ മാധുര്യം ഞാൻ ആസ്വദിച്ചു. അതോടൊപ്പം ആത്മീയമണവാളൻ എല്ലാ കാര്യങ്ങളും വിചാരിച്ചു നടത്തിയതിനാൽ ഒന്നിനും പ്രയാസമുണ്ടായില്ല. എല്ലാ തലത്തിലു

മുള്ള സൗഖ്യവും സന്തുഷ്ടിയും എന്നിൽ നിറഞ്ഞുനിന്നു. കുഞ്ഞുങ്ങളേ, മണവാട്ടിത്ത്വം വ്രതമായി നേർന്നിട്ടുള്ളവർ സാക്ഷാൽ ഭാഗ്യവാന്മാർതന്നെ!

3.6.2.6. കല്ല്യാണാഘോഷം

ഈ മിസ്റ്റിക്കൽ കാഴ്ചപ്പാട് എന്റെ കൃതികളിൽ അലിഞ്ഞുചേർന്നിട്ടുണ്ട്. ആത്മനാഥന്റെ ഗാഗുൽത്തായിലേക്കുള്ള ഗമനം വിവാഹഘോഷയാത്രയായാണ് ഞാൻ *ആത്മാനുതാപത്തിലും* (VIII/70-105), *ധ്യാനസല്ലാപങ്ങളിലും* (പേജ് 22-23) ചിത്രീകരിച്ചിട്ടുള്ളത്. ദിവ്യമണവാളൻ അതിന് ദാഹിച്ചുമോഹിക്കുന്നതും വിവരിക്കുന്നുണ്ട് *ആത്മാനുതാപത്തിൽ* (VIII/13-34). അവിടുത്തോടുകൂടി വിവാഹാഘോഷത്തിൽ പങ്കുചേരാനുള്ള മാർഗ്ഗമാണ് പറഞ്ഞൊപ്പ്. ഗാഗുൽത്തായാകുന്ന വിവാഹപന്തലിൽചെന്ന് മണവറയായ കുരിശിലേക്ക് പ്രവേശിക്കണം. മണവാളനോടൊത്ത് സല്ലപിക്കണം. ഇപ്രകാരമുള്ള മണവാട്ടിത്ത്വത്തിന്റെ പാരമ്യമാണ് സ്വർഗ്ഗമാകുന്ന ദൈവപിതാവിന്റെ ഭവനം. ഈ ആശയങ്ങൾ കാൽവരിഗിരിയാകുന്ന മഹത്ത്വത്തിന്റെ വീടിനെക്കുറിച്ചുള്ള സല്ലാപചിന്തയിൽ വിശദമായി പ്രതിപാദിക്കുന്നതാണ്. പ്രിയപ്പെട്ട കുഞ്ഞുങ്ങളേ എന്നോടൊപ്പം നിങ്ങളും മണവാട്ടിത്ത്വത്തിന്റെ പറഞ്ഞൊപ്പ് പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുകൂടി നവീകരിക്കുകയും ജീവിക്കുകയും ചെയ്യുവിൻ. സന്ന്യാസാന്തസ്സിന്റെ മിസ്റ്റിക്കൽ ദർശനം കൈമുതലാക്കുവാൻ ദിവ്യമണവാളനും, പരിശുദ്ധാത്മാവിന്റെ പ്രേയസ്സിയായ അമ്മയും, ആ മണവാട്ടിത്ത്വത്തിൽ പങ്കുചേർന്ന യൗസേപ്പുപിതാവും, പരിഗ്രഹണത്തിനുശേഷം മണവാളനോട് മണവറയിൽ ഒന്നിച്ചിരുന്ന് സല്ലപിക്കുന്ന വി. അമ്മത്രേസ്യായും (*ധ്യാനസല്ലാപങ്ങൾ* പേജ് 14-15) നിങ്ങൾക്ക് വരം നൽകട്ടെ.

3.6.3. ചൊൽവിളി

അനുസരണമെന്ന വ്രതത്തെ ചൊൽവിളിയെന്നാണ് ഞാൻ വിശേഷിപ്പിക്കുക. കർത്താവ് സദാസമയവും നമ്മെ പേരുചൊല്ലി വിളിക്കുകയാണ് (യോഹ 10:3). അവിടുത്തെ സ്വരത്തിന് കാതുകൂർപ്പിച്ചിരിക്കുക സ്വരം തിരിച്ചറിഞ്ഞാലുടനെ ആമ്മേൻ പറഞ്ഞ് നല്ല ഇടയനെ അനുധാവനം ചെയ്യുക (യോഹ 10:5). മറ്റൊരു സ്വരത്തിനും ചെവി കൊടുക്കാതിരിക്കുക - അതാണ് ചൊൽവിളിയുടെ അന്തസ്സത്ത.

3.6.3.1. അബ്രാഹമെന്ന 'ആമ്മേൻ'

രക്ഷാചരിത്രത്തിന്റെ പിതാവായ ആബ്രാഹമാണ് ചൊൽവിളിയുടെ നിദർശനം. ആ ജീവിതം മുഴുവൻ ദൈവസ്വരത്തിനുള്ള ആമ്മേൻ പറച്ചിലായിരുന്നു (ഉത്പ 12:4; 13:18; 15:2-21; 17:1-27; 21:33; 22:1-19) ചൊൽവിളിയുടെ മുഹൂർത്തരംഗമായ ഉത്പത്തി 22 ൽ തന്നെ പേരുചൊല്ലി വിളിക്കുന്ന ദൈവത്തോട് "ഇതാ ഞാൻ" (*ഹിന്നേനി*) എന്ന് രണ്ടുപ്രാവശ്യം പൂർവ്വപിതാവ് പ്രത്യുത്തരിച്ചു (വാക്യം 1,11). താൻ വാഗ്ദാനം ചെയ്ത ഏകജാതനെ ബലി കഴിക്കുവാനാണ് ദൈവം അദ്ദേഹത്തോട് ആവശ്യപ്പെട്ടത്. അപ്പോൾ "സ്വന്തമനസ്സിനെ പൂർണ്ണമായി ഉപേക്ഷിച്ച് കണ്ണും ചെവിയുമില്ലാത്ത ചൊൽവിളി" (*കത്തുകൾ* VI/4; *സൂക്തങ്ങൾ* 4:10)യായിത്തീർന്നു ആ അഗതിയായവൻ. അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ ഒരു *ഹിന്നേനി*യായിരുന്നു. എങ്ങനെ *ഹിന്നേനി*യായി ജീവിക്കണമെന്ന് അബ്രാഹം നമ്മെ പഠിപ്പിക്കുന്നു.

3.6.3.2. ചൊൽവിളിക്കായുള്ള പൂർണ്ണബിംബം

അബ്രാഹത്തിന്റെ ചൊൽവിളിക്കായുള്ള ദൈവവിളി അദ്ദേഹത്തിന്റെ തനയനായ ഈശോയിൽ നൂറുശതമാനവും പൂർത്തീകരിക്കപ്പെട്ടു. തിരുക്കുമാരനെ ദൈവപിതാവ് സദാസമയവും പേരു ചൊല്ലി വിളിച്ചുകൊണ്ടിരുന്നു. ഓരോ പ്രാവശ്യവും പ്രിയപുത്രൻ *ഹിന്നേനി*യെന്ന് പ്രത്യുത്തരിച്ചു. "ദൈവമേ, അങ്ങയുടെ അഭീഷ്ടം നിറവേറ്റാൻ ഞാൻ ഇതാ വന്നിരിക്കുന്നു." (ഹെബ്രാ 10:7) എന്നു ണർത്തിച്ചുകൊണ്ടാണ് ഇഹലോകജീവിതം അവിടുന്ന് ആരംഭിച്ചത്. വചനമെന്ന സംജ്ഞയുടെ അർത്ഥം ശബ്ദമെന്നാണല്ലോ. പിതാവിന്റെ ശബ്ദമത്രേ ദിവ്യതനയൻ. അവിടുത്തെ ഭക്ഷണം തന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുന്നതും അവിടുത്തെ ജോലി പൂർത്തിയാക്കുന്നതുമായിരുന്നു (യോഹ 4:34). ചൊൽവിളിയെന്ന ആഹാരം അവിടുന്ന് ഭക്ഷിച്ചു (യോഹ 4:32). കദനത്തിന്റെ കാസാ പാനം ചെയ്യുവാനുള്ള മണിക്കൂർ ആഗതമായപ്പോൾ മനുഷ്യപുത്രന്റെ മനസ്സ് അസ്വസ്ഥമായി. അപ്പോൾ അവിടുന്ന് മൊഴിഞ്ഞു: "ഞാൻ എന്താണ് പറയേണ്ടത്? 'പിതാവേ, ഈ മണിക്കൂറിൽനിന്ന് എന്നെ രക്ഷിക്കണമേ' എന്നോ. അല്ലാ, ഇതിനുവേണ്ടിയാണല്ലോ ഞാൻ ഈ മണിക്കൂറിലേക്കു വന്നിരിക്കുന്നത്. പിതാവേ, അങ്ങയുടെ നാമം മഹത്ത്വപ്പെടുത്തണമേ." (യോഹ 12:27-28). മൂന്നുകൊല്ലം തന്നോടൊന്നിച്ചുണ്ടായിരുന്ന ശിഷ്യരിൽ ഒരുവൻ ഒറ്റിക്കൊടുക്കുവാനിരിക്കു

ന്നുവെന്ന ചിന്തയിലും അവിടുന്ന് അസ്വസ്ഥചിത്തനായി (യോഹ 13:21). ഗദ്സേമനിയിൽ കർത്താവ് ശിഷ്യരോട് പറയുകയാണ്, "മരണതുല്യമായ ദുഃഖമാണ് ഞാൻ അനുഭവിക്കുന്നതെന്ന്" (മത്താ 26:38). മുട്ടിന്മേൽവീണ് ദിവ്യനന്ദനൻ പ്രാർത്ഥിച്ചു: "ആബാ പിതാവേ, അങ്ങേക്ക് എല്ലാം സാധ്യമാണ്. ഈ പാനപാത്രം എന്നിൽനിന്ന് മാറ്റിത്തരണമേ. എങ്കിലും എന്റെ ഇഷ്ടമല്ല. അവിടുത്തെ അഭീഷ്ടം നിറവേറട്ടെ" (മർക്കോ 14:36). തീവ്രവേദനയാൽ പുളഞ്ഞുകൊണ്ടിരുന്നപ്പോൾ കൂടുതൽ തീക്ഷ്ണമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു അവിടുന്ന്. വിയർപ്പ് രക്തത്തുള്ളികളായി നിലത്ത് വീണൊഴുകി (ലൂക്കാ 22:44).

തന്നെ പിടികൂടുവാൻ ആഗതരായവരിൽ ഒരുവനെ പത്രോസ് വാളൂരിവെട്ടി അവന്റെ ചെവി ഛേദിച്ചുകളഞ്ഞപ്പോൾ ഈശോ ശിഷ്യനെ ശാസിക്കുകയാണ് ചെയ്തത്. "ഞാൻ എന്റെ പിതാവിനോടപേക്ഷിച്ചാൽ മാലാഖമാരുടെ പന്ത്രണ്ടിലേറെ വ്യൂഹങ്ങളെ എനിക്കുവേണ്ടി അയച്ചുതരികയില്ലെന്ന് നീ വിചാരിക്കുന്നുവോ?" (മത്താ 26:52-53). "പിതാവ് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടയോ?" (യോഹ 18:11). അതേ, ദിവ്യനാഥൻ പിതാവിന്റെ സ്വരത്തിന് *ഹിന്നേനി* പറയുകയായിരുന്നു സഹനവേളയിലെല്ലാം. മനുഷ്യരെന്നല്ല പിതാവുപോലും തന്നെ പരിത്യജിച്ചുവെന്ന ചിന്ത ഗ്രസിച്ചപ്പോൾ പുത്രൻ ഉച്ചത്തിൽ നിലവിളിച്ചു: "*ഏലോയ്, ഏലോയ് ലാമാ ശബക്താനാനീ* (എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് അങ്ങ് എന്നെ കൈവെടിഞ്ഞു?)" (മർക്കോ 15:34). ഹൃദയം തകർന്നപ്പോഴും അവിടുന്ന് താതനിലേക്ക് തിരിയുകയായിരുന്നു. ലൂക്കാ സുവിശേഷകന്റെ ഭാഷ്യപ്രകാരം മനുഷ്യപുത്രൻ "പിതാവേ, അങ്ങയുടെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (23:46) എന്നുദീരണം ചെയ്തുകൊണ്ടാണ് ജീവൻ കൈവെടിഞ്ഞത്. പ്രിയ മക്കളേ, ഇപ്രകാരം ചൊൽവിളിയുടെ *ഹിന്നേനി*യായി കർത്താവ് ഭൂമിയിൽ ആഗതനായി, ജീവിച്ചു, ചരിച്ചു, മരിച്ചു.

3.6.3.3. *ഫിയാത്തായ അമ്മ*

ചൊൽവിളിയുടെ നിദർശനമായിരുന്നു തിരുക്കുടുംബത്തിന്റെ അമ്മയും. ദൈവപിതാവിന്റെ സ്വരം മംഗളവാർത്തയിൽ മറിയം ശ്രവിച്ചു. പേരുചൊല്ലിക്കൊണ്ടാണ് ഗബ്രിയേൽ മാലാഖ ദൈവത്തിന്റെ ചൊല്ല് നസ്രത്തിലെ കന്യകയോട് ഉണർത്തിച്ചത്: "ദൈവകൃപ ലഭിച്ചവളേ" (ലൂക്കാ 1:28); "മറിയമേ" (ലൂക്കാ 1:30). അപ്പോൾ മറിയം ദൈവത്തിന്റെ *ഹിന്നേനി*യായിത്തീർന്നു: "ഇതാ

കർത്താവിന്റെ അടിയാട്ടി!" അങ്ങയുടെ വചനംപോലെ എന്നിൽ ഭവിക്കട്ടെ" (ലൂക്കാ 1:38). പരിശുദ്ധാത്മാവിനാൽ നിവേശിതയായി എലിസബത്ത് അവളെ അനുഗൃഹീതയെന്ന് അഭിസംബോധന ചെയ്തപ്പോൾ മറിയം മഹത്ത്വകീർത്തനംപാടി *ഹിന്നേനി* പറഞ്ഞു (ലൂക്കാ 1:45-55).

തുടർന്നുള്ള അമ്മയുടെ ജീവിതം മുഴുവനും *ഹിന്നേനി*യായി പകരുന്നതാണ് നാം കാണുക. ദൈവത്തിന്റെ വചനമായ ഈശോയുടെ തിരുഹിതത്തിന് നിരന്തരം ആമ്മേൻ പറഞ്ഞു ദിവ്യാംബിക. സഹനത്തിന്റെ നാളുകളായി തുടർന്നുള്ള ജീവിതം. മാർ യൗസേപ്പ് തന്നെ പരിത്യജിക്കാനൊരുങ്ങുകയാണെന്ന് മനസ്സിലാക്കിയപ്പോൾ കർത്താവിന്റെ അടിയാട്ടി തിരുഹിതത്തിന് സ്വയം സമർപ്പിച്ചു. ബെത്‌ലഹേമിലേക്കുള്ള യാത്രയിലും കാലിത്തൊഴുത്തിലുള്ള തിരുപ്പിറവിയുടെ അവസരത്തിലും ആ അടിയാട്ടിയുടെ വാക്കുകളില്ലാത്ത *ഹിന്നേനി*യെന്ന വാക്ക് നിങ്ങൾ ശ്രവിക്കുവിൻ. തിരുക്കുമാരനെയും തന്നെയും കുറിച്ചുള്ള ശിമയോന്റെ പ്രവചനത്തിനും ("ഒരു വാൾ നിന്റെ ഹൃദയത്തെ ഭേദിക്കും") നിശബ്ദയായി അവൾ "തിരുഹിതം എന്നിൽ ഭവിക്കട്ടെ" എന്നുദീരണം ചെയ്തു. ബാലനായ ഈശോയെ കാണാതായ മൂന്നു നാളുകളിലും കണ്ണീരൊഴുക്കിക്കൊണ്ട് ആമ്മേൻ പറഞ്ഞവളാണ് വ്യാകുലമാതാവ്. മാർ യൗസേപ്പിന്റെ മരണവേളയിലും അതാവർത്തിച്ചുകാണും. പരസ്യജീവിതത്തിനായി ഓമൽക്കുമാരൻ വീടുവിട്ടിറങ്ങിയപ്പോൾ ആ സഹനപുത്രി *ഹിന്നേനി*യുടെ മാംസാകാരമായി ഭവിച്ചിരിക്കാം. സ്വന്തം ഗ്രാമക്കാർ അവിടുത്തെ നസ്രത്തിൽനിന്ന് പുറത്താക്കുകയും താഴേക്ക് തള്ളിയിടാനായി കുന്നിന്റെ മുകളിലേക്ക് കൊണ്ടുപോകുകയും ചെയ്തപ്പോഴും വ്യാകുലനാഥ ദൈവതിരുമനസ്സ് എന്നിൽ ഭവിക്കട്ടെ എന്ന് ഉരുവിട്ടിരിക്കുകയില്ലേ? കാനായിലെ കല്ല്യാണവിരുന്നിൽ ദിവ്യതനയനെ വീഞ്ഞ് തീർന്നുപോയ കാര്യം അറിയിച്ചപ്പോൾ "സ്ത്രീ എനിക്കും നിനക്കും എന്ത്?" എന്ന് പ്രത്യുത്തരിച്ചതിൽ ഞെട്ടലുളവായെങ്കിലും അമ്മ ഹൃദയത്തിൽ ആമ്മേൻ പറഞ്ഞു. "അവിടുന്ന് നിങ്ങളോട് പറയുന്നത് ചെയ്യുവിനെ"ന്ന് പരിചാരകർക്ക് നിർദ്ദേശം നല്കി (യോഹ 2:1-5). വിശ്രുതനായിത്തീർന്ന റബ്ബിയെ ഒരു നോക്കുകാണുവാൻ ഓടിയെത്തിയപ്പോൾ ദിവ്യസുതന്റെ 'തണുത്ത' പ്രതികരണം ഹിന്നേനിയാക്കിത്തീർത്തു വ്യാകുലാംബിക. കുരിശിൽകിടന്ന് ദൈവപുത്രൻ പിടഞ്ഞുമരിക്കുന്നത് കണ്ടപ്പോഴും തിരുഹിതത്തെ മനസ്സാ വരിച്ചു.

ഉയിർപ്പിനുമുമ്പുള്ള മൂന്നുദിനങ്ങൾ നിദ്രാവിഹീനയായി കണ്ണീരൊഴുക്കിക്കൊണ്ട് ചിലവഴിച്ചപ്പോഴും *ഹിന്നേനി*യെന്ന് ഉച്ചരിച്ചുകൊണ്ടിരിക്കുവാൻ മറിയം തത്രപ്പെട്ടു. ഇപ്രകാരം ചൊൽവിളിയുടെ ഉദാത്തനിദർശനമായ തിരുക്കുടുംബത്തിന്റെ നാഥയെ നമുക്ക് അനുകരിക്കാം.

3.6.3.4. ചൊൽവിളിയുടെ മുനീന്ദ്രൻ

മാമുനീന്ദ്രനായി ജീവിച്ച മാർ യൗസേപ്പിന്റെ മാതൃക ധ്യാനവിഷയമാക്കുവിൻ. ജീവിതത്തിലെ പ്രതിസന്ധികളിലും പ്രശ്നങ്ങളിലും ചൊൽവിളിയുള്ളവനായി അദ്ദേഹം വർത്തിച്ചു. ഗർഭിണിയായി കാണപ്പെട്ട പ്രതിശ്രുതവധുവിനെക്കുറിച്ച് പര്യാകുലനായിരുന്നപ്പോൾ കർത്താവിന്റെ ദൂതൻ ആ ധന്യപുരുഷനെ പേരുചൊല്ലി വിളിച്ചു, "ദാവീദിന്റെ പുത്രനായ യൗസേപ്പേ". ദിവ്യനിർദ്ദേശം അക്ഷരംപ്രതി അനുസരിച്ചു (മത്താ 1:20-21, 24-25). ശിശുവിനെയും അമ്മയേയും കൊണ്ട് ഈജിപ്തിലേക്ക് ഒളിച്ചോടാനുള്ള കർത്താവിന്റെ കല്പനയ്ക്ക് വാക്കുകളുരിയാടാതെയുള്ള ഹിന്നേനിയായിത്തീർന്നു മാർ യൗസേപ്പ് (മത്താ 2:13-15). അവിടെ ജീവിതം കെട്ടിപ്പടുത്തുകൊണ്ടിരിക്കുമ്പോൾ വീണ്ടും അദ്ദേഹത്തിന് ദൈവത്തിന്റെ ആജ്ഞ ലഭിച്ചു മടങ്ങിപ്പോകുവാൻ. അപ്പോഴും ഉടനടി ചൊൽവിളി പ്രാവർത്തികമാക്കുകയുണ്ടായി (മത്താ 2:19-21). യൂദയായിൽ ഹെറോദേസിന്റെ പുത്രൻ വാഴുന്നുവെന്നറിഞ്ഞപ്പോൾ മാർ യൗസേപ്പ് ഭയപ്പെട്ടു. കർത്താവ് ദൂതൻവഴി ഗലീലെയായിലേക്ക് പോകുവാൻ കല്പിച്ചു. ആ ചൊൽവിളിക്കാരൻ അപ്രകാരം ചെയ്തു (മത്താ 2:22-23). ജറുസലേമിൽനിന്നുള്ള യാത്രയിൽ ഈശോയെ കാണാതായപ്പോൾ കദനഭാരത്തോടെ മൂന്നുദിവസം കണ്ണിമയ്ക്കാതെ അന്വേഷിച്ചലഞ്ഞു. ആ അവസരത്തിലും *ഹിന്നേനി ഹിന്നേനി*യെന്ന് മൗനത്തിന്റെ ഭാഷയിൽ ഉരുവിട്ടുകൊണ്ടിരുന്നിരിക്കണം മാർ യൗസേപ്പ് (ലൂക്കാ 2:41-50). ദൈവത്തിന്റെ അമ്മയ്ക്കും തിരുസുതനും കീഴ്വഴങ്ങി ആദരപൂർവ്വം ശുശ്രൂഷചെയ്തുകൊണ്ടിരുന്നു ജീവിതത്തിലെ അവസാന വിനാഴികവരെ ചൊൽവിളിയുടെ ഉത്തുംഗതലത്തിൽ വ്യാപരിച്ചിരുന്നവൻ.

3.6.3.5. എന്റെ ചൊൽവിളി

പ്രിയമക്കളേ, തിരുക്കുടുംബത്തിന്റെ ചൊൽവിളി അതേപടി അനുകരിക്കുവാൻ ഭഗീരഥയത്നം ചെയ്തവനാണ് നിങ്ങളുടെ പിതാവായ ഞാൻ. സ്നേഹമണവാളന്റെ സ്വരം മധുരമുള്ളതായിത്തീർത്തുകൊണ്ട് (*കത്തുകൾ* VII/7, *സൂക്തങ്ങൾ* 27:3) ആ ദിവ്യനിനാദം

ശ്രവിക്കുവാൻ ഞാൻ സദാ ചെവികൂർപ്പിച്ച് ജീവിച്ചു. "സന്ന്യാസി
യുടെ ഏകമായ അടയാളം സ്വന്തമനസ്സിനെ പൂർണ്ണമായി ഉപേക്ഷിച്ച്
കണ്ണും ചെവിയുമില്ലാത്ത ചൊൽവിളിയാണെന്ന്" (*കത്തുകൾ* VI/
4, *സൂക്തങ്ങൾ* 4:10) കൂടപ്പിറപ്പുകളോട് ആവശ്യപ്പെട്ട കാര്യം ജീവിച്ചു
കാണിച്ചവനാണ് ഞാൻ. റോമില പ്രൊപ്പകാന്ത തിരുസംഘത്തിന്റെ
അദ്ധ്യക്ഷന് എഴുതിയ കത്തിൽ ഞാൻ സ്വയം വിശേഷിപ്പിച്ചത് "അങ്ങ
യുടെ ഏറ്റവും എളിയ വിധേയത്വമുള്ള മകൻ" എന്നത്രേ (*കത്തു
കൾ* II/5, *സൂക്തങ്ങൾ* 4:1). മെത്രാപ്പൊലീത്താ അച്ചന് ഞാൻ എഴുതി:
"ഇനി ബ. അച്ചന്റെ (മെത്രാൻ) മനോഗുണമുള്ള കല്പനക്ക്
പാർക്കുന്നു" (*കത്തുകൾ* III/2, *സൂക്തങ്ങൾ* 4:2). കല്പനയുടെ
സ്വരം കേൾക്കാൻ 'പാർക്കുക'യായിരുന്നു അഥവാ കാത്തുകാത്ത്
വസിക്കുകയായിരുന്നു ഞാൻ. വീണ്ടും തിരുസഭാധികാരിക്കെഴു
തിയ കത്തുകളിൽ ഞാൻ സ്വയം വിശേഷിപ്പിച്ചു: "ഇത് ചൊൽവി
ളിയുടെ ശുശ്രൂഷക്ക് ആസ്തമായിരിക്കുന്ന (തയ്യാറായിരിക്കുന്ന)
എന്റെമേൽ" (*കത്തുകൾ* III/1, III/2, III/3, III/4, III/5, III/6, III/7,
III/8, III/9, *സൂക്തങ്ങൾ* 4:3). പ്രിയമക്കളേ, ചൊൽവിളി ഒരു ശുശ്രൂ
ഷയാണ്. അതിന് ആസ്തമായിരിക്കേണ്ടവരാണ് എന്നെപ്പോലെ
നിങ്ങളും. അതത്രെ അനുസരണമെന്ന വ്രതത്തിന്റെ അന്തസ്സത്ത.
സഭാംഗങ്ങളായ എല്ലാവരുടെയും പേരിൽ ഞാൻ റോമിലെ
പ്രൊക്യൂറേറ്റർ ജനറാളിന് ഇപ്രകാരം വാക്കുകൊടുത്തു: "അങ്ങ്
ഞങ്ങൾക്കു നൽകുന്ന എല്ലാ കല്പനകളെയും സ്നേഹപൂർവ്വം
അനുസരിച്ചുകൊള്ളാമെന്ന് ഞങ്ങൾ അങ്ങേക്ക് വാക്കുതരുന്നു"
(*കത്തുകൾ* VI/2, *സൂക്തങ്ങൾ* 4:4). വാക്കുതരിക എന്ന പ്രയോഗം
അർത്ഥനിർഭരമാണ്. വാക്കുകൊടുത്താൽ പിന്നെ തിരിച്ചെടുക്കാ
നാകയില്ല. ചൊൽവിളിയെന്ന പദം എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടതാ
യിരുന്നു. കൃതികളിൽ പലയിടത്തും ഞാൻ ആ സംജ്ഞ ആവർത്തി
ച്ചുപയോഗിച്ചിട്ടുണ്ട്: *കത്തുകൾ* V/2; *മാന്നാനം നാളാഗമം*
I, പേജ് 23, 67, 68; പല പഴയചരിത്രങ്ങൾ പേജ് 4,44.

എന്റെ ചൊൽവിളിയെപ്പറ്റി സമകാലീനർ സാക്ഷിച്ചിട്ടുണ്ട്.
മഞ്ഞുമ്മേൽ ളൂയിസച്ചൻ ഇപ്രകാരം പറയുന്നു: "സഭയെ സ്വന്തം
അമ്മയെപ്പോലെ സ്നേഹിച്ചിരുന്നു. സഭ ദൈവം നമുക്കു തന്നിരി
ക്കുന്ന ഭൗമിക പരുദീസയാണെന്ന് കരുതി ആ ഒരു ബോധം സഭാം
ഗങ്ങൾ എല്ലാവരിലും സ്ഥിരപ്പെട്ടിരിപ്പാൻ ശ്രമിച്ചിരുന്നു. സഭയുടെ
ക്രമങ്ങളിലൊക്കെയും എന്നും പ്രഥമനുമായിരുന്നു.. . രോഗീലേപനം
സ്വീകരിച്ച സമയത്തും സഭയുടെ ക്രമങ്ങളിലുണ്ടാകേണ്ട സൂക്ഷ്മ

ത്തെക്കുറിച്ച് ഉപദേശം പറഞ്ഞു.. . കൂട്ടക്രമം ഒരിക്കലും ഒരുനേര മെങ്കിലും മുടക്കിയിട്ടില്ല." എന്റെ ആത്മപിതാവായ ലെയപ്പോൾദ് മിഷനറി ഇപ്രകാരം എഴുതുകയുണ്ടായി: "ശുദ്ധ പള്ളിയുടെ ക്രമ ങ്ങളെ ചൊവ്വേ നടത്തുന്നതിന് എത്രയോ ഏറ്റിക്കപ്പെട്ട ആഗ്രഹവും താല്പര്യമുള്ളവനുമായിരുന്നെന്ന് ജീവച്ച കാലങ്ങളിൽ ചെയ്തവേ ലകളൊക്കെക്കൊണ്ട് എത്രയും തെളിവായിരിക്കുന്നു... മേൽപ്പട്ടക്കാ രന്റെ ചൊല്ലുവിളിയും ആത്മാവുകളുടെ ഉപകാരവും എന്ന് ഈ രണ്ടു ന്യായംകൊണ്ട് യാതൊരുപ്രയത്നത്തിനും ബുദ്ധിമുട്ടിനും പിൻവാങ്ങിയില്ല... വിശേഷ എളിമയും താഴ്മയും ഏറ്റിയക്കപ്പെട്ട ഉപവിയും മേൽപ്പട്ടകാരുടെ നേരെയുള്ള കുറവില്ലാത്ത കീഴ്വഴ ക്കവും ചൊല്ലുവിളിയും എല്ലാവരും ബോധിച്ചിരിക്കുന്നു... ശുദ്ധ പള്ളിയുടെ വെളിവും പ്രകാശവും എല്ലായിടത്തും എത്തിപ്പാനും മഹാ ആഗ്രഹമായി അതിന്റെ ഞെരുക്കങ്ങൾ കേൾക്കുമ്പോൾ കരയുവാൻ തക്കവണ്ണം സങ്കടപ്പെടുകയും, അതിന്റെ ജയസന്തോ ഷമുള്ള താലം കാണ്മാൻ ഏറ്റിക്കപ്പെട്ട ആഗ്രഹവുമായിരുന്നു. ശുദ്ധ മാർപ്പാപ്പയുടെ വർത്തമാനം കേൾപ്പാൻ സംഗതി വരുമ്പോൾ ഒക്കെയും ഇരക്കത്താലെയും സന്തോഷത്താലെയും കരയുമായി രുന്നു. ശുദ്ധ മാർപ്പാപ്പയുടെ പകരക്കാരായിരിക്കുന്ന മേൽപ്പട്ടക്കാ രന്റെ നേരെയും ശുദ്ധ പള്ളിയുടെ അറിയിപ്പുകാരായിരിക്കുന്ന മിഷനറിമാരുടെ നേരെയും മഹാആചാരവും വിശേഷപ്രിയവും കീഴ്വഴക്കവുമായിരുന്നത് വിശേഷിപ്പിക്കപ്പെട്ട വിശ്വാസം ഹേതു വായിട്ടത്രേ."

ചൊൽവിളി ഞാൻ അഭ്യസിച്ച വിധത്തിന് ഏതാനും ഉദാഹ രണങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ. റോക്കോസ് ശീശ്മയുടെ കാലത്ത് ഞാൻ പരിശുദ്ധപിതാവ് ഒൻപതാം പിയൂസ് മാർപ്പാപ്പക്ക് ജൂൺ 19, 1961 ൽ എഴുതിയ കത്തിൽ ഇപ്രകാരം യാചിച്ചു: "പരിശുദ്ധ പിതാവേ, എളിമയോടുകൂടി ഞങ്ങൾ, കണ്ണുകളിൽ നിറ ഞ്ഞുനിൽക്കുന്ന കണ്ണുനീരോടുകൂടി അങ്ങയുടെ പക്കൽ അഭ്യർത്ഥി ക്കുന്നു... ഈ രണ്ടു പേരിൽ ആരെ ഞങ്ങൾ അനുസരിക്കണം?... ഞങ്ങൾ അപേക്ഷിക്കുന്നു, അങ്ങേക്ക് കീഴ്വഴങ്ങി അങ്ങയുടെ വിശ്വ സ്തമക്കളായി വ്യാപരിക്കുന്നതിന് ഞങ്ങൾക്കു കഴിയുമാറ് അങ്ങ യുടെ പൈതൃകാശീർവ്വാദം ധാരാളമായി ഞങ്ങൾക്ക് നല്കണ മെന്ന്." (*കത്തുകൾ* I/1). ശീശ്മയിൽ അകപ്പെട്ട മാർ ഔദീശാ മെത്രാ പ്പൊലീത്തായെ ഞാൻ ഇപ്രകാരം ധൈര്യപ്പെടുത്തി: "പട്ടാങ്ങയുള്ള (യഥാർത്ഥ) തേറ്റക്കാരെ (മനസ്തപിക്കുന്നവരെ) ദൈവത്തിന്റെ

സ്ഥാനത്തിരിക്കുന്ന ശ്രേഷ്ഠന്മാർ കൈക്കൊള്ളും എന്നുറച്ചു കൊൾക" (*മാന്നാനം നാളാഗമം* II, പേജ് 68). അധികാരികൾ ദൈവത്തിന്റെ സ്ഥാനത്തിരിക്കുന്നവരാണെന്ന എന്റെ ഉറച്ച ബോദ്ധ്യമാണ് ഈ വാക്കുകളിൽ നിങ്ങൾക്ക് ശ്രവിക്കാനാകുക. ബർണ്ണർദീനോസ് മെത്രാൻ 1961 ജൂൺ 8-ാം തിയതി റോമിലേക്ക് എഴുതിയ കത്തിൽ എന്നെക്കുറിച്ച് ഇപ്രകാരമാണ് പരാമർശിച്ചിരിക്കുക: "കത്തോലിക്കാ സഭയോടും പരിശുദ്ധസിംഹാസനത്തോടും വളരെ അടുപ്പമുള്ള വൈദികൻ...ഒരു യഥാർത്ഥ ക്രിസ്ത്യാനി." 1864 ജനുവരി മാസത്തിൽ എനിക്ക് മാന്നാനത്തുനിന്ന് കൂനമ്മാവിൽ പോയി താമസിക്കേണ്ടി വന്നു. അതിനെക്കുറിച്ച് ഞാൻ ഇപ്രകാരം രേഖപ്പെടുത്തി: "മെത്രാപ്പൊലീത്ത അച്ചന്റെ കല്പനപ്രകാരം ഞാൻ കൂനമ്മാവിൽവന്ന് പാർക്കണമെന്ന് മനസ്സുകല്പന ആകയാൽ കീഴ്വഴക്കത്താൽ പാർക്കുന്നു" (*കത്തുകൾ* V/16, *സൂക്തങ്ങൾ* 4:6). "എല്ലായ്പോഴും നാം തലവന്മാരുടെ മനസ്സിനു കീഴ്വഴങ്ങുവാൻ കടവും ആവശ്യവും വേണ്ടിയതുമാകുന്നു" (*കത്തുകൾ* V/16, *സൂക്തങ്ങൾ* 4:7). എടുത്തുപറഞ്ഞിരിക്കുന്ന മൂന്ന് ആശയങ്ങൾ ശ്രദ്ധിക്കുവിൻ. ചൊൽവിളിക്ക് കടപ്പെട്ടവനാണ് സന്ന്യാസി, അത് ആവശ്യമായി തീർക്കണം; ഒഴിവുകഴിവില്ലാതെ അനുവർത്തിക്കേണ്ടതത്രേ അനുസരണം. എന്റെ രോഗത്തിന് ശമനമുണ്ടാകാൻ മാന്നാനത്തേക്ക് സ്ഥലംമാറുന്നതാണ് നല്ലതെന്ന് അവിടെയുള്ള അച്ചന്മാർ എന്നെ നിർബന്ധിച്ചപ്പോൾ ഞാൻ ഇങ്ങനെ പ്രതികരിച്ചു: "മെത്രാനച്ചനും ലെയപ്പോൾദച്ചനും ഞാൻ ഇവിടെ (കൂനമ്മാവ്) താമസിക്കണമെന്ന് താല്പര്യമായി എന്നെ ചുമതലപ്പെടുത്തിയിരിക്കകൊണ്ട് അവരിവിടെ ഇല്ലാത്ത സമയം ഞാൻ അങ്ങോട്ടു പോരുന്നതിന് എന്റെ മനസ്സാക്ഷി സമ്മതിക്കുന്നില്ല." മാന്നാനത്തേക്ക് പോകുന്ന കാര്യത്തെപ്പറ്റി ജരാർദ്ദ് മൂപ്പച്ചൻ എന്നോട് സംസാരിച്ചപ്പോൾ ഞാൻ ഇപ്രകാരമാണ് പ്രത്യുത്തരിച്ചത്: "അധികാരികളുടെ മനസ്സല്ലാതെ എനിക്കു വേറെ മനസ്സുണ്ടോ? അങ്ങയുടെ നിർദ്ദേശം അനുസരിക്കുവാൻ ഞാൻ ഒരുക്കമാണ്. കൂനമ്മാവിൽ ഞാൻ താമസിക്കണമെന്ന് കന്യാസ്ത്രീകൾ നിർബന്ധിച്ചപ്പോൾ ഞാൻ പറഞ്ഞു: "എനിക്ക് സ്വന്തമായ മനസ്സുണ്ടോ? അധികാരിൾ എന്നെ എങ്ങോട്ടയയ്ക്കുന്നുവോ അവിടേക്ക് പോകാൻ തയ്യാറാണ്." രോഗിയായി കിടക്കുമ്പോൾ ഞായറാഴ്ച കുർബാന കാണാൻ പറ്റിയില്ലെന്ന കാര്യം ആത്മപിതാവായ ലെയപോൾദ് അച്ചനുമായി പങ്കുവച്ചു. അദ്ദേഹത്തിന്റെ സാന്ത്വനോക്തികൾ ശ്രവിച്ചപ്പോൾ ഞാൻ പറഞ്ഞു: "ഞാനത് അനുസരണത്തെ

പ്രതി ചെയ്തു; അതെനിക്കു മതി." മഞ്ഞുമ്മേൽ ലൂയിസച്ചൻ എന്നെക്കുറിച്ച് രേഖപ്പെടുത്തിയത് നിങ്ങൾ വായിച്ചിരിക്കും: "അദ്ദേഹം ഒരു നോവിസിനെപ്പോലെ എപ്പോഴും സഭാനിയമങ്ങൾ പാലിച്ചിരുന്നു." ദൃക്സാക്ഷികൾ ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്: "കഠിനമായ രോഗത്തിന്റെ ആരംഭത്തിൽ ക്ഷീണവും തളർച്ചയും ഹേതുവാൽ കിടക്കുന്നതിനാവശ്യപ്പെട്ടപ്പോൾ വളരെ പ്രയാസപ്പെട്ട് അടുത്ത മുറിവരെ നടന്നുചെന്ന് മൂപ്പച്ചന്റെ അനുവാദം ചോദിച്ചുകൊണ്ടുമാത്രമേ കിടക്കുന്നതിനു മനസ്സായുള്ളൂ." അധികാരികളുടെ ഇംഗിതം മാത്രമല്ല ഞാൻ ചെവിക്കൊണ്ടിരുന്നത്. വൈദ്യന്മാർ നിർദ്ദേശിച്ച പൊള്ളിക്കൽ തുടങ്ങിയ വേദനനിറഞ്ഞ ചികിത്സാവിധികൾക്ക് പരാതിയൊന്നും പറയാതെ ഞാൻ കീഴ്വഴങ്ങി.

3.6.3.6. ചൊൽവിളിയിൽ വളരുവിൻ

ഇപ്രകാരം ചൊൽവിളിയുടെ ആദ്ധ്യാത്മികതലങ്ങളിലേക്ക് ഉയരുവാൻ ഭാഗ്യമുണ്ടായ ഞാൻ കൂടപ്പിറപ്പുകളായ സന്ന്യാസികളെയും എന്റെ കുഞ്ഞുങ്ങളായ കന്യാസ്ത്രീകളെയും അനുസരണത്തെക്കുറിച്ച് വീണ്ടും വീണ്ടും ഓർമ്മിപ്പിച്ചിരുന്നു. "ചൊൽവിളി, എളിമ, ഉപവി എന്നിവയ്ക്കായി ഉത്സാഹിക്കുക" (*കത്തുകൾ* VII/5, *സൂക്തങ്ങൾ* 4:5). "ചൊൽവിളി സന്ന്യാസാന്തസ്സിനടുത്ത പുണ്യമാണ്" (*കത്തുകൾ* VI/1, *സൂക്തങ്ങൾ* 4:8). "തലവനെ ഈശോമിശിഹായായിട്ടു വിചാരിച്ച് അയാളുടെ സ്വരം ഈശോമിശിഹായുടെ തിരുവചനമായിട്ട് കൈക്കൊള്ളുക." (*കത്തുകൾ* VI/1, *സൂക്തങ്ങൾ* 4:9). "ചൊൽവിളി കാക്കുന്നവനാരോ അവൻ മോക്ഷസമാധാനം ഈ ചെറിയ മോക്ഷമായ കൊവേന്തയിൽവച്ചുതന്നെ രസിക്കും, നിശ്ചയം" (*കത്തുകൾ* VI/4, *സൂക്തങ്ങൾ* 4:11). "നിങ്ങളെല്ലാവരും റേഗുളയും ന്യായപ്രമാണങ്ങളും ശ്രേഷ്ഠന്മാരുടെ കല്പനകളും സൂക്ഷ്മമായി അനുസരിച്ചു കാക്കണം." (*അന്തിമവചസ്സുകൾ*, *സൂക്തങ്ങൾ* 4:20). "ഉപവിയാലേ അധികാരികൾക്ക് കീഴ്വഴങ്ങി അവരെ സ്നേഹിക്കണമെന്നും, അവരാലേ സർവ്വേശ്വരൻ തന്റെ തിരുമനസ്സ് നമ്മോട് അറിയിക്കണമെന്നും, ശ്രേഷ്ഠന്മാരുടെ വചനം തമ്പുരാന്റെ തിരുവചനം തന്നെയെന്നുമുള്ള സജീവവിശ്വാസവും യഥാർത്ഥമായ ഉപവിയും നമുക്കുണ്ടാകണം." (*നാളാഗമങ്ങൾ*, പേജ് 174).

3.6.3.7. ഞാൻ വേദനിക്കുന്നു

സഭയിൽ ചൊൽവിളിയുടെ ചൈതന്യം കുറഞ്ഞുവരുന്നത് കണ്ടപ്പോൾ ഞാൻ അതിയായി വേദനിച്ചു. ദൈവികമല്ലാത്ത ആശ

യങ്ങളും ചെയ്തികളും കൂടപ്പിറപ്പുകളെ സ്വാധീനിക്കുന്നതിൽ ഖേദിച്ചു കൊണ്ട് പിതാവിനടുത്ത ഹൃദയത്തോടെ ഞാൻ എഴുതിയ ചില കാര്യങ്ങൾ നിങ്ങളുടെയും ശ്രദ്ധയിൽപെടുത്തട്ടെ: "ഇപ്പോൾ നമ്മുടെ കൊവേന്തകളിൽ തലവന്മാർ കീഴുള്ളവരായും, കീഴുള്ളവർ തലവന്മാരായും സ്വന്തമനസ്സ് നടപ്പായിരിക്കുന്നു." (*കത്തുകൾ* VI/1, *സൂക്തങ്ങൾ* 12). "അയാളുടെ (തലവന്റെ) ബുദ്ധിയും വിവേകവും പുണ്യവും തൂക്കിനോക്കി പ്രവൃത്തികളും പെരുമാറ്റവും വിധിച്ച്, കല്പനകളെ ശോധനചെയ്ത് സ്വന്തം ബോധത്തിൽ തോന്നുന്നതിന് ഒത്തതാകുന്നുവെങ്കിൽ കേൾക്കുകയും, ബോധിക്കാത്തതാകുന്നുവെങ്കിൽ നൂറുകൂട്ടം ന്യായങ്ങൾകൊണ്ട് നീക്കം ചെയ്യുവാൻ പ്രയാസപ്പെടുകയും, നീങ്ങുകയില്ലെങ്കിൽ സങ്കടത്തോടെ ചെയ്യുകയും, പിറുപിറുക്കുകയും ചെയ്യുന്നു." (*കത്തുകൾ* VI/1, *സൂക്തങ്ങൾ* 13). "തലവന്മാരോ തമ്പുരാന്റെ ഇഷ്ടവും നോക്കിക്കൊണ്ടല്ല, പിന്നെയോ അധീനരുടെ മനസ്സും ഇഷ്ടവും നോക്കിക്കൊണ്ട് കല്പിക്കുവാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നു." (*കത്തുകൾ* VI/1, *സൂക്തങ്ങൾ* 14). "പ്രിയമുള്ള കൂടപ്പിറപ്പുകളേ, ഇതാണോ നമ്മുടെ ദൈവവിളി? നാം കൊവേന്തയിൽ കൂടിയത് നമ്മുടെ മനസ്സ് നടത്തുവാനോ, നമുക്ക് ബോധിക്കുന്ന തലവന്മാരേയും, നമുക്ക് ബോധിക്കുന്ന കൂട്ടങ്ങളുംമാത്രം കീഴ്വഴങ്ങുവാനാണെങ്കിൽ പുറജാതിക്കാരുടെ ചൊൽവിളിയും നമ്മുടെ ചൊൽവിളിയും തമ്മിൽ എന്തു വ്യത്യാസം? നമ്മുടെ മനസ്സുപോലെ പ്രവർത്തിക്കുവാൻ മനസ്സായിരിക്കുന്നുവെങ്കിൽ ഈ അന്തസ്സ് തിരഞ്ഞെടുത്തതെന്തിനാണ്? കൊവേന്തയിൽ കൂടിയതെന്തിനാണ്?" (*കത്തുകൾ* VI/1, *സൂക്തങ്ങൾ* 15). "ശേഷം പേരെക്കാളും ദൈവമനോഗുണങ്ങളെ അനുഭവിച്ചവരും ഏറിയകാലം മഹാസൂക്ഷ്മതയോടെ വളർത്തപ്പെട്ടവരുമായിരിക്കുന്ന ഈ കൂടപ്പിറപ്പുകൾ ശേഷംപേർക്ക് എളിമയുടെയും ചൊൽവിളിയുടെയും ഭക്തിയുടെയും കണ്ണാടികളായി നടക്കുന്നതിന് പകരം നൊവീഷ്യേറ്റിൽനിന്ന് പുറപ്പെടുമ്പോൾ തുടൽപൊട്ടിച്ച് സ്വതന്ത്രമായി മുൻപിലത്തെ ഗുണദോഷങ്ങളും നല്ല കണ്ടുപിടുത്തവും മറന്ന് ആയിരം ഇഷ്ടമുള്ളവരായി ഭാവംവച്ച് കീഴ്വഴങ്ങാൻ മടി, എളിമപ്പെടുവാൻ അറിഞ്ഞുകൂടാ, സ്വന്തബോധവും സ്വന്തമനസ്സുംപോലെ നടക്കുവാൻ പ്രയാസപ്പെട്ടുവരുന്നു." (*കത്തുകൾ,* VI/1, *സൂക്തങ്ങൾ* 16). "അവർക്ക് മറ്റുള്ളവരേക്കാൾ അറിയാമെന്നും, മറ്റുള്ളവരേക്കാൾ കണ്ടും കേട്ടുംകൊണ്ട് എല്ലാം തിരിയുമെന്നും വിചാരിച്ച് എല്ലാത്തിൻമേലും സ്വന്തഅഭിപ്രായം പറയുകയും

എല്ലാംകൊണ്ടും കുറ്റം പറയുകയും ചെയ്യുന്നു." (*കത്തുകൾ* VI/1, *സൂക്തങ്ങൾ* 17). "മുൻപിലത്തെ എളിമയും കീഴ്വഴക്കവും ഭക്തിയും മാറി... പ്രവർത്തിക്കുന്നതൊക്കെയും തമ്പുരാനെക്കുറിച്ചല്ല, ചിലർ പേടിയെ കുറിച്ചും മറ്റുചിലർ തഴക്കത്തെ (ശീലം)കുറിച്ചും ഇങ്ങനെ എല്ലാവരും ആത്മഫലം കൂടാതെ വേലയെടുക്കുകയും ചെയ്യുന്നു. ഈ കൂടപ്പിറപ്പുകളിൽ ചിലർ കുമ്പസാരം മുതലായ കൂദാശകൾ അപൂർവ്വമായി കൈക്കൊള്ളുന്നു. അവരുടെ ചൊല്ലുവിളി ഇല്ലായ്മ കൊണ്ട് തലവൻമാരെ സങ്കടപ്പെടുത്തുന്നു... ഇങ്ങനെയല്ല നിങ്ങളുടെ ദൈവവിളിയും, ഇങ്ങനെയല്ല കൊവേന്തയിൽ വരുമ്പോൾ ചെയ്തു തുടങ്ങിയതും." (*കത്തുകൾ*, VI/1, *സൂക്തങ്ങൾ* 18). "പുറത്തുപോകുന്നത് ശ്രേഷ്ഠന്റെ അനുവാദത്തോടെ വേണ്ടിയിരിക്കുന്നു. എന്തെന്നാൽ തന്റെ ആട്ടിൻകുട്ടി ഇപ്പോൾ എവിടെ മേയുന്നുവെന്ന് ഇടയൻ അറിഞ്ഞിരിക്കുവാൻ ആവശ്യം." (*കത്തുകൾ* VI/2, *സൂക്തങ്ങൾ* 19). പ്രിയ കൂടപ്പിറപ്പുകളേ, പിതാവായ എന്റെ സങ്കടം നിറഞ്ഞ ഈ അനുശാസനങ്ങളുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് നിങ്ങൾ എന്നെപ്പോലെ ചൊൽവിളിയുടെ തനയരായിത്തീരുവിൻ!

3.7. സമൂഹസല്ലാപം:

- പ്രദക്ഷിണം: വിശുദ്ധഗ്രന്ഥം ഉയർത്തിപ്പിടിച്ചിരിക്കുന്ന കാർമ്മികന്റെ പിമ്പേ സമൂഹം രണ്ടു ഗണമായി ദേവാലയത്തിന്റെ പ്രധാനകവാടത്തിലൂടെ പ്രവേശിക്കുന്നു. തിരിവാഹകർ പഞ്ചാരതി(പുഷ്പം, ഫലം, ദീപം, ധൂപം, പത്രം) വാഹകർ കാർമ്മികന്റെ തൊട്ടുപുറകിൽ നടക്കുന്നു. പ്രദക്ഷിണഗാനം "സർവ്വവും യേശുനാഥനായി സമർപ്പണം..."

- പ്രതിഷ്ഠ: കാർമ്മികൻ വിശുദ്ധഗ്രന്ഥം ദേവാലയത്തിന്റെ മദ്ധ്യത്തിൽ സജ്ജമാക്കിയിരിക്കുന്ന മേശയിൽ പ്രതിഷ്ഠിക്കുന്നു. തിരികൾ രണ്ടുവശത്ത് വയ്ക്കുന്നു.

- പഞ്ചാരതി വഹിച്ചിരിക്കുന്നവർ വിശുദ്ധ ഗ്രന്ഥത്തിനു മുൻപിൽ നിരന്നുനിന്ന് ആചാരംചെയ്ത് ആരതി സമർപ്പിക്കുന്നു. ഗാനം: "ആരതി, ആരതി, ആരാധന.. ."

- സമർപ്പണത്തിന്റെ ഒരു സല്ലാപപ്രാർത്ഥന

- വിശുദ്ധഗ്രന്ഥപാരായണഗീതം. "സുവിശേഷം അവനിയിൽ അരുളാൻ..."

- വായന: നിയമാ 26:1-11

- അനുചിന്തനസല്ലാപം

- ശുദ്ധീകരണം: ആന്തരികശുദ്ധീകരണത്തിന്റെ ബാഹ്യ അടയാളമായി കാർമ്മികൻ ഒരു പാത്രത്തിൽ വെള്ളമെടുത്ത് വൃത്ത ത്തിലിരിക്കുന്ന ശിഷ്യഗണത്തിന്റെ ഓരോരുത്തരുടെയും അടുത്തു ചെന്ന് തുളസിയുടെ ശാഖ വെള്ളത്തിൽ മുക്കി ജലം തളിയ്ക്കുന്നു.

- ഗാനം: "സമർപ്പണത്തിൻ സമയമായ്..."

- സമർപ്പണം: ഓരോരുത്തരും സമർപ്പണത്തിന്റെ പ്രതീക മായി കൊണ്ടുവിരിക്കുന്ന പ്രതീകവുമായി മുന്നോട്ടുവന്ന് സ്വയം സമർപ്പിക്കുന്ന സല്ലാപപ്രാർത്ഥന ചൊല്ലി പ്രതീകവസ്തു വിശുദ്ധ ഗ്രന്ഥത്തിനുമുൻപിൽ വച്ചിരിക്കുന്ന താലത്തിൽ സമർപ്പിക്കുന്നു. സാഷ്ടാംഗം പ്രണമിച്ച് എഴുന്നേൽക്കുന്നു. ഓരോരുത്തരുടെയും നെറ്റി യിൽ കാർമ്മികൻ കളഭം ചാർത്തുന്നു. ഈ സമയത്ത് സമൂഹം "നാഥാ സമർപ്പിക്കുന്നു.. എന്ന ഗീതത്തിന്റെ രണ്ടുപാദം മാത്രം പാടുന്നു. പത്തുപേരുടെ സമർപ്പണം കഴിയുമ്പോൾ ആത്മാനുതാപം II/142-146 ലെ താഴെപറയുന്ന ഭാഗം പാടുന്നു.

"മാമകപിതാവുനീയേ ഭാഗ്യവുമെനിക്കുനീ,
മംഗലംനീയെന്നിയേ മറ്റെന്തുഗുണംനാഥാ
എന്നുടെ സ്നേഹംനീയേ, ഭാഗ്യവുമെനിക്കുനീ
നിന്നാലല്ലാതെ ഞാനുമെങ്ങിനെ ജീവിക്കുന്നു!
ശ്വാസവുമെനിക്കുനീ, യാവനപാനംനീയേ
ആശ്വാസം നിന്നിലല്ലാതെ എവിടെയെനിക്കയ്യോ"

- പ്രതിഷ്ഠാജപം: കാർമ്മികൻ ചൊല്ലിത്തരുന്നത് സമൂഹം ഏറ്റുചൊല്ലുന്നു:

"എന്റെ വത്സലതാതനായ ചാവറപിതാവ്/തിരുക്കുടും ബത്തെ/എപ്പോഴും/ഹൃദയത്തിൽ കാണുകയും/ഓർക്കുകയും/വണ ങ്ങുകയും/ചെയ്യുവാനായി/കടപ്പെടുത്തിക്കൊണ്ട്/എന്നെ/തിരുക്കു ടുംബത്തിന്/പ്രതിഷ്ഠച്ചിട്ടുള്ള പ്രതിഷ്ഠയെ/ ഞാനിപ്പോൾ നവീക രിക്കുന്നു/ തിരുക്കുടുംബത്തെ ആശ്രയിക്കുമെന്നും/ എന്റെ ഹൃദ യത്തിൽ/തിരുക്കുടുംബം/അധികാരം നടത്താൻ/പൂർണ്ണമായി അനു വദിക്കുമെന്നും/ഞാൻ പ്രതിജ്ഞചെയ്യുന്നു."

- മാതാവിന്റെ പ്രതിഷ്ഠാഗീതം: "ഞാനെൻനാഥനെ വാഴ്ത്തുന്നു.."

- ഓരോ സമൂഹത്തിലെ അംഗങ്ങളെയും, വിവിധ പ്രവർത്തന ങ്ങളെയും, തിരുസഭയെയും കേരളത്തെയും, ഭാരതത്തെയും, ലോക ത്തെയും തിരുക്കുടുംബത്തിനു പ്രതിഷ്ഠിക്കുന്ന കൊച്ചുകൊച്ചു പ്രാർത്ഥനകൾ.

- കാർമ്മികൻ പ്രതിഷ്ഠിക്കപ്പെട്ട വിശുദ്ധഗ്രന്ഥം കൈയ്യി ലേന്തി സമൂഹത്തെ ആശീർവ്വദിക്കുന്നു.

നാലാം ദിവസം - തിരിയൽ

4.1. സല്ലാപാഘോഷം - അഗതിത്വം

സങ്കീ 130 അഗതിയുടെ അർത്ഥന (സമൂഹം ഓരോ ഈരടിക്കും "അഗാധത്തിൽനിന്ന് കർത്താവേ, അങ്ങയെ ഞാൻ വിളിക്കുന്നു"വെന്ന് ആവർത്തിച്ചുചൊല്ലുന്നു.)

ഒന്നാംവായന: 1 രാജാ 3:6-9 അഗതിയായ സോളമൻ

രണ്ടാംവായന: 1 കോറി 1:4-9, 26-31 നമ്മൾ നിർധനർ

മൂന്നാംവായന: മർക്കോ 10:46-52 "കർത്താവേ, കനിയണമേ"

4.2. ഏകാന്തസല്ലാപമന്ത്രം: "കരുണ തോന്നണമേ, എന്നിൽ കരുണ തോന്നണമേ"

4.3. സല്ലാപചിന്ത I - *ഷൂബ്* ഡൈനാമിക്സ്

4.3.1. ആമുഖം

പ്രിയ കുഞ്ഞുങ്ങളേ, ദർശനസല്ലാപത്തിന്റെ അടുത്ത പ്രമേയലോകത്തിലേക്ക് ഞാൻ നിങ്ങളെ ക്ഷണിക്കട്ടെ. ഈശോയെ ദർശിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുക. അതിനാവശ്യം സ്നേഹത്തിൽ പാർക്കലും, കൺമുമ്പിലിരിക്കലും, അരികെ നടക്കലും, കർത്താവിനോട് എപ്പോഴും സംസാരിക്കലുമാണെന്ന് നമ്മൾ കണ്ടുകഴിഞ്ഞു. ഇവയ്ക്കെല്ലാം ഉദാത്ത മാതൃക നൽകുന്ന തിരുക്കുടുംബത്തെ കാണുകയും ഓർക്കുകയും വണങ്ങുകയും ആ ത്രിത്വകുടുംബത്തിൽ ജീവിക്കുകയും ചെയ്ത എന്നെ അനുകരിക്കുവാനുള്ള ആഹ്വാനം നിങ്ങൾ ശ്രവിച്ചു. തിരുക്കുടുംബത്തിന് നിങ്ങളും സ്വയം പ്രതിഷ്ഠിച്ചു; അവരിൽ ആശ്രയിക്കുവാനും ഹൃദയത്തിൽ അധികാരം നടത്തുവാനും ഞാൻ നിങ്ങളെ പഠിപ്പിച്ചു. അധികാരം നടത്തുന്നതിനുള്ള ഉപാധികളായ അഗതിത്വം, മണവാട്ടിത്വം, ചൊൽവിളി എന്നിവ പരിചിന്തനവിഷയമാക്കി. ഇതുവരെ പരാമർശിച്ച എല്ലാ കാര്യങ്ങളുവഴി ദൈവത്തിലേക്ക് നാം തിരിയുകയായിരുന്നു. ആ വർത്തനത്തിന്റെ മുഖ്യധാരകൾ ഇന്നത്തെ സല്ലാപചിന്തയുടെ വിഷയമാക്കാം.

ദൈവത്തിലേക്ക് തിരിയണമെങ്കിൽ ആദ്യമായി നാം നമ്മുടേതായ ആശയാദർശങ്ങളിലും കാഴ്ചപ്പാടുകളിലും ചിന്താരീതികളിലും സംസാരവിധങ്ങളിലും പ്രവർത്തനശൈലികളിലുംനിന്ന് പിന്തിരിയണം. എന്നാലേ കർത്താവിന്റേതായ കാഴ്ചപ്പാടുകൾ അശ്ലേഷിക്കാനും അവിടുന്നിലേക്ക് തിരിഞ്ഞിരിക്കാനും സാധിക്കുകയുള്ളൂ.

4.3.2. *സദ്വാർത്തയുടെ കാതൽ*

ദൈവതനയൻ സുവിശേഷപ്രഘോഷണത്തിന്റെ സാരാംശം മർക്കോ 1:15 ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"സമയം സമാഗതമായിരിക്കുന്നു
ദൈവരാജ്യം വന്നുചേർന്നിരിക്കുന്നു
മാനസാന്തരപ്പെടുവിൻ (പിന്തിരിയുവിൻ)
സുവിശേഷത്തിൽ വിശ്വസിക്കുവിൻ."

നാലു കാര്യങ്ങളാണ് സമാന്തരസുവിശേഷങ്ങളിലൂടെ കർത്താവ് ഉദ്ഘോഷണം ചെയ്യുക. ആദ്യത്തെ രണ്ട് പ്രസ്താവനകളും പര്യായവാക്യങ്ങളാണ്. ദൈവരാജ്യത്തിന്റേതാണ് സമയം. സമാഗതമാകലും വന്നുചേരലും ഒരേ ആശയങ്ങളാണല്ലോ. മൂന്നും നാലും പ്രസ്താവനകളും പര്യായവാക്യങ്ങൾതന്നെ. സുവിശേഷത്തിൽ വിശ്വസിക്കുന്നതിന് തുല്യമാണ് മാനസാന്തരപ്പെടൽ. വേദപണ്ഡിതരുടെ അഭിപ്രായപ്രകാരം ദൈവതനയൻ രണ്ടും മൂന്നും (ദൈവരാജ്യം വന്നണഞ്ഞിരിക്കുന്നു, മാനസാന്തരപ്പെടുവിൻ അഥവാ പിന്തിരിയുവിൻ) പ്രസ്താവനകൾ മാത്രമാണ് പ്രഘോഷിച്ചിരിക്കുക. ഒന്നും നാലും വാക്യങ്ങളിലെ പദങ്ങൾ ആദിമസഭയുടെ ശൈലിയത്രേ. കർത്താവിന്റെ പ്രഘോഷണത്തിന് ആദിമസഭ നൽകിയ വിശദീകരണങ്ങളായി അവയെ കരുതാം.

4.3.3. *ത്രിത്വജീവിതം, ഒരു ഷൂബ്*

ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ അവശ്യം അനുവർത്തിക്കേണ്ടതെന്താണെന്നോ? മാനസാന്തരപ്പെടണം. ഹീബ്രുഭാഷയിൽ *ഷൂബ്* = തിരിയുക എന്ന ക്രിയാപദമാണ് ഉപയോഗിച്ചിരിക്കുക. ഉദാത്തമായ ദൈവശാസ്ത്രവീക്ഷണം ആ സംജ്ഞ ഉൾക്കൊള്ളുന്നു. ദൈവത്തിന്റെയും മനുഷ്യന്റെയും ചരിത്രത്തിന്റെ 'ക്യാപ്സൂൾ' രൂപം അഥവാ സാരസംഗ്രഹമെന്ന് *ഷൂബി*നെ വിശേഷിപ്പിക്കാം. മാനുഷികമായ കാഴ്ചപ്പാടിൽ നോക്കിക്കാണുമ്പോൾ പ. ത്രിത്വജീവിതം വർത്തനത്തിന്റെ നിത്യപ്രക്രിയയാണെന്ന് ഗ്രഹിക്കാനാകും. പിതാവ് പുത്രനിലേക്ക് തിരിയുന്നു. ആ തിരിച്ചലിൽ തന്നെത്തന്നെ മുഴുവനായി നൽകുന്നു. പൂർണ്ണവും ശാശ്വതവുമായ തിരിഞ്ഞിരിക്കലെന്ന് ആ കർമ്മത്തെ വിശേഷിപ്പിക്കാം. ഇത്തരം ദർശനത്തിൽ പിതാവിന്റെ *ഷൂബാ*ണ് പുത്രൻ. പിതാവും പുത്രനും പരിശുദ്ധാത്മാവിലേക്ക് പൂർണ്ണമായും നിത്യമായും തിരിയുന്നുവെന്ന് സങ്കല്പിക്കുന്നതിൽ തെറ്റില്ല. അതുവഴി പിതാവിന്റെയും പുത്ര

ന്റെയും *ഷൂബാ*യിത്തീരുകയാണ് പ. ത്രിത്വത്തിലെ മൂന്നാമാളായ ദിവ്യാത്മാവ്. ഇത്തരം *ഷൂബ്* ഡൈനാമിക്സിൽ പങ്കുചേരുവാൻ സൃഷ്ടജാലങ്ങളെല്ലാം വിളിക്കപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ച് ദൈവത്തിന്റെ പ്രതിച്ഛായയും സ്വരൂപവുമായ മനുഷ്യൻ. സ്വർഗ്ഗം പ. ത്രിത്വത്തിലേക്ക് തിരിഞ്ഞിരിക്കുന്നവരുടെ കൂട്ടായ്മയാണ്. ഈ തിരിഞ്ഞിരിക്കലിന്റെ പാരമ്യം ഒന്നായിത്തീരലിൽ അടങ്ങിയിരിക്കുന്നു. മനുഷ്യപുത്രനായിത്തീർന്ന ദൈവതനയനിൽ സ്വർഗ്ഗം ഭൂമിയിൽ സമാഗതമായി. അതിൽ പങ്കുചേരണമെങ്കിൽ മനുഷ്യൻ തന്റേതായ ലോകത്തിൽനിന്ന് പിന്തിരിഞ്ഞ് ദൈവത്തിലേക്ക് തിരിയണം. ആ ദൈവവിളി ജീവിക്കുന്നവരുടെ കൂട്ടായ്മയെന്ന് തിരുസഭയെ വിശേഷിപ്പിക്കാം.

4.3.4. പ്രാക്രൂപം

ദൈവത്തിന്റെ എല്ലാ വർത്തനങ്ങളും തന്റെ പുത്രനിലേക്കുള്ള വർത്തനത്തിന്റെ തുടർച്ചകളും ആവർത്തനങ്ങളും രൂപകങ്ങളും പ്രതിബിംബങ്ങളുമാണ്. മറ്റൊരുവാക്കിൽ എല്ലാ തിരിച്ചലിന്റെയും പ്രാക്രൂപം (archetype) പുത്രനിലേക്കുള്ള താതന്റെ വർത്തനമാണ്, അഥവാ പരിശുദ്ധാത്മാവിൽ പുത്രന്റെ പിതാവിലേക്കുള്ള തിരിച്ചലാണ്. നമ്മുടെ എല്ലാ വർത്തനങ്ങളും ഈ ആദിയിലെ അഥവാ അനാദിയിലെ തിരിച്ചലുമായി ബന്ധപ്പെടണം. അതിന്റെ പ്രതീകവും പ്രതിബിംബവും രൂപകവുമായിത്തീരണം നമ്മുടെ വർത്തനങ്ങളെല്ലാം. എന്നാലേ നമ്മൾ ദൈവത്തിന്റെ പ്രതിച്ഛായകളും പ്രതിബിംബങ്ങളുമായിത്തീരുകയുള്ളൂ.

4.3.5. സൃഷ്ടിയെന്ന ഷൂബ് പ്രക്രിയ

ദൈവം തന്നിൽനിന്ന് പുറത്തേക്ക് തിരിയുന്ന പ്രക്രിയയായി സൃഷ്ടികർമ്മത്തെ നോക്കിക്കാണാം. തന്റെ നന്മ അവിടുന്ന് നാലുപാടും വാരി വിതറി. ഓരോ സൃഷ്ടിയിലും തന്റെ സൗന്ദര്യം കണ്ടെത്തി നിർവൃതികൊള്ളുന്നവനാണ് ബൈബിളിലെ ദൈവം (ഉത്പ 1:4,10,12, 18,21,27,31). അവയെല്ലാം സംഘാതമായി തന്നിലേക്ക് തിരിയണം. അങ്ങനെ *ഷൂബ്* രൂപരാകണം. അതായിരുന്നു ദൈവത്തിന്റെ ഉദ്ദേശ്യം. യുഗാദ്യചരിത്രത്തിന്റെ ആദ്യനാളുകളിൽ ദൈവത്തിന്റെ സ്വപ്നം സാക്ഷാത്കാരമടഞ്ഞു. ആദവും ഹവ്വായും സൃഷ്ടജാലങ്ങളോടൊത്ത് ദൈവത്തിലേക്ക് തിരിഞ്ഞുകൊണ്ട് ജീവിതം ആഘോഷമായി പകർത്തി. ദൈവത്തോടൊത്ത് ഇതരരിലേക്കും പക്ഷിമൃഗസസ്യപ്രപഞ്ച ലോകത്തിലേക്കും

മനുഷ്യൻ തിരിഞ്ഞപ്പോൾ അവൻ ദൈവത്തിന്റെ ആകാര മായിത്തീർന്നു.

4.3.6. പിന്തിരിയൽ

*ഷൂബ്*കർമ്മത്തിന്റെ തുടർന്നുള്ള ചരിത്രതലം നിർഭാഗ്യം നിറഞ്ഞതാണ്. ദൈവത്തെക്കൂടാതെ ഹവ്വാ സർപ്പത്തിലേക്കു തിരിഞ്ഞു; ദൈവത്തെക്കൂടാതെ ആദം ഹവ്വായിലേക്കു തിരിഞ്ഞു. ഈ പിൻതിരിച്ചലാണ് പാപം. കാരുണ്യവാനായ ദൈവം തന്നിൽനിന്ന് തിരിഞ്ഞുപോയവരെ വീണ്ടും തന്നിലേക്ക് തിരിപ്പിക്കുവാൻ ശിക്ഷ യെന്ന ശിക്ഷണമാധ്യമം ഉപയോഗിച്ചു. അവിടുന്നും അവരിൽനിന്ന് തിരിഞ്ഞുപോകുന്ന പ്രക്രിയയാണ് ശിക്ഷ. എന്നാൽ ആദ്യമാതാപി താക്കന്മാർ ശിക്ഷണവിദ്യയുടെ സന്ദേശമുൾക്കൊണ്ടില്ല. ആദം ഹവ്വാക്കെതിരെ തിരിഞ്ഞു; ഹവ്വാ സർപ്പത്തിനെതിരെ തിരിഞ്ഞു. പരസ്പരം പഴിചാരി. ദുരിതപൂർണ്ണമായിത്തീർന്നു ജീവിതം.

4.3.7. ഷൂബിന്റെ താതൻ

കാരുണ്യവാനായ കർത്താവ് തന്നിൽനിന്ന് പിന്തിരിഞ്ഞ മാന വരെ തന്നിലേക്ക് വീണ്ടും തിരിപ്പിക്കുവാൻ ഭഗീരഥയത്നത്തിലേർ പ്പെട്ടു. പലപ്പോഴും ആശ്രമം വിഫലമായിത്തീരുന്നതാണ് യുഗാദ്യ ചരിത്രത്തിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ കാണാനാകുക. ശാപ ത്തിന്റെ തനയരായിത്തീർന്നവരെ അനുഗ്രഹത്തിന്റെ സുതരാക്കി ത്തീർക്കുവാൻ യാഹ്വെ അബ്രാഹത്തെ വിളിച്ചു. രക്ഷാചരിത്ര ത്തിന്റെ പിതാവാക്കിത്തീർത്തു. അദ്ദേഹം തന്നോടും മറ്റുള്ളവ രോടും മറ്റുള്ളവയോടുംകൂടി ദൈവത്തിലേക്ക് തിരിഞ്ഞ് ജീവിക്കു വാൻ നിരന്തരം പരിശ്രമിച്ചു. ദൈവത്തോടൊത്ത് തന്നിലേക്കും മറ്റു ള്ളവരിലേക്കും മറ്റുള്ളവയിലേക്കും തിരിഞ്ഞിരിക്കാനുള്ള അക്ഷീ ണയത്നമായിരുന്നു പൂർവ്വപിതാവിന്റെ ജീവിതം മുഴുവൻ. അവസാ നഘട്ടത്തിൽ ആ തപസ്യയിൽ അദ്ദേഹം വിജയിക്കുന്നതാണ് കാണാ നാകുക.

4.3.8. തിരിഞ്ഞിരിക്കാൻ നിയോഗിതർ

അബ്രാഹത്തിന്റെ മക്കളായ ഇസ്രായേലിനെ വർത്തന ത്തിന്റെ മാതൃകകളാകുവാൻ യാഹ്വെ തിരഞ്ഞെടുത്തു. ആരംഭ ഘട്ടത്തിൽ ആ അഗതികൾ ഗതിക്കായി ദൈവത്തെ ശരണം ഗമി ക്കുകയുണ്ടായി. അവിടുന്നും അവരിലേക്ക് തിരിഞ്ഞിരിക്കുന്നതാണ് അക്കാലത്തെ ചരിത്രം. ഇസ്രായേലിനെ കർത്താവ് അടിമത്ത ത്തിൽനിന്ന് വിമോചിപ്പിച്ചു; ദേശം നൽകി; ദേവാലയം നൽകി;

അവിടെ അവരോടൊത്ത് വസിച്ചു. അവരും ഉടമ്പടീനാഥനിലേക്ക് തിരിയുകയുണ്ടായി. അവിടുത്തോടൊത്ത് തങ്ങളിലേക്കും മറ്റുള്ള വരിലേക്കും മറ്റുള്ളവയിലേക്കും തിരിഞ്ഞിരുന്ന ആ നാളുകളെ ചരിത്രത്തിന്റെ സുവർണ്ണഘട്ടമെന്ന് വിശേഷിപ്പിക്കാം. പക്ഷേ സമ്പത്തും സന്തതികളും സ്ഥാനോന്നതിയും മറ്റും വർദ്ധിച്ചപ്പോൾ ഇസ്രായേൽജനം തങ്ങൾക്ക് എല്ലാം നൽകിയവനെ മറന്നു. അവിടുത്തെക്കൂടാതെ തങ്ങളിലേക്കും മറ്റുള്ളവരിലേക്കും മറ്റുള്ളവയിലേക്കും തിരിഞ്ഞു. ആ പാപാവസ്ഥയിൽനിന്ന് അവരെ പിന്തിരിപ്പിക്കുവാൻ യാഹ്വെ പ്രവാചകന്മാർമൂലം നിരന്തരം പരിശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. താൻ ഇസ്രായേൽക്കാരിൽനിന്ന് തിരിഞ്ഞുപോകുമെന്നും അവർ ശാപത്തിന്റെയും ശിക്ഷയുടെയും ഗർത്തത്തിൽ നിപതിക്കുമെന്നുമുള്ള കർത്താവിന്റെ മുന്നറിയിപ്പുകൾ ഉടമ്പടീജനം ചെവിക്കൊണ്ടതില്ല. ഗത്യന്തരമില്ലാതെ ശിക്ഷയെന്ന ശിക്ഷണ ഖഡ്ഗം പ്രയോഗിച്ചു. ശത്രുക്കളാൽ അവർ ആക്രമിക്കപ്പെട്ടു. നാടു നഷ്ടപ്പെട്ടു. ദേവാലയം അഗ്നിക്കിരയായി. അനേകർ കൊല്ലപ്പെട്ടു. ശേഷിച്ചവരെ അടിമകളായി ബാബിലോൺ രാജ്യത്തിലേക്ക് പിടിച്ചുകൊണ്ടുപോയി. ഇവയെല്ലാത്തിന്റെയും മൂലകാരണം തങ്ങൾ ദൈവത്തിൽനിന്ന് പിന്തിരിഞ്ഞതാണെന്ന് വിപ്രവാസകാലത്ത് നിയമാവർത്തന ദൈവശാസ്ത്രജ്ഞന്മാർ ജനത്തെ ഓർമ്മിപ്പിച്ചു. എങ്കിലും ദൈവത്തെക്കൂടാതെ തങ്ങളിലേക്ക് തിരിഞ്ഞുള്ള ജീവിതമാണ് ഭൂരിപക്ഷംപേരും നയിച്ചത്.

4.3.9. ഷൂബിന്റെ മാംസാകാരം

അനന്തക്ഷമാശീലനായ ദൈവം തന്നിലേക്ക് പിന്തിരിയാൻ മടിച്ചുനിന്ന ഉടമ്പടീജനത്തെ ഉപേക്ഷിച്ചുകളഞ്ഞില്ല. മനുഷ്യരൂപം നൽകി തന്റെ ഓമൽസുതനെ ലോകത്തിലേക്കയച്ചു. വർത്തനത്തിന്റെ പൂർണ്ണനിദർശനം ഈശോയിൽ മനുഷ്യർക്ക് വെളിപ്പെടുത്തിക്കൊടുത്തു. *ഷൂബി*ന്റെ മനുഷ്യാകാരമായിരുന്നു ദിവ്യനന്ദനൻ. അവിടുന്ന് സദാസമയവും പരിശുദ്ധാത്മാവിൽ പിതാവിലേക്ക് തിരിഞ്ഞ് ജീവിച്ചു. താതനോടൊത്ത് മാനവരിലേക്കും സൃഷ്ടജാലങ്ങളിലേക്കും തിരിഞ്ഞു. അവരെ തങ്ങളിൽനിന്ന് പിന്തിരിപ്പിച്ച് സ്വർഗ്ഗരാജ്യത്തിന്റെ അംഗങ്ങളാക്കാൻ ജീവിതം ഉഴിഞ്ഞുവച്ചു. വർത്തനപ്രക്രിയയുടെ പ്രാക്രൂപമായ തന്നെ അനുകരിക്കുവാൻ പ്രബോധിപ്പിച്ചു. അവിടുന്നാണല്ലോ സ്വർഗ്ഗരാജ്യത്തിൽ ജീവിച്ചുകൊണ്ടിരിക്കുന്ന ഓമൽസുതൻ. അവിടുത്തെ ദൗത്യത്തിന്റെ സാരസംഗ്രഹ

മാണ് മുമ്പുദ്ധരിച്ച മർക്കോ 1:15 ലെ വാക്യം.

4.3.10. വർത്തനത്തിന്റെ തലങ്ങൾ

എങ്ങനെയാണ് ദൈവത്തിലേക്ക് തിരിയേണ്ടത്? നിയമാ 6:5ലെ പ്രബോധനത്തിലെ ശൈലി ഉപയോഗിച്ച് (ഈശോനാഥനും ആ വാക്യം ഉദ്ധരിക്കുന്നുണ്ടല്ലോ, മത്താ 22:37; മർക്കോ 12:29-30; ലൂക്കാ 10:27) പറയാനാകും, പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും സർവ്വശക്തിയോടുംകൂടെ തിരിയണമെന്ന്. ആദ്യമായി തന്നോടുകൂടെ, തനിക്കുള്ള നന്മകളോടും തിന്മകളോടും, കഴിവുകളോടും കുറവുകളോടുംകൂടെ തിരിയണം. വിജയത്തോടും പരാജയത്തോടും, പ്രലോഭനങ്ങളോടും പ്രതിസന്ധികളോടും, വീഴ്ചകളോടും താഴ്ചകളോടും, സന്തോഷത്തോടും സന്താപത്തോടും, വേദനകളോടും യാതനകളോടും, നൈരാശ്യത്തോടും വൈരാഗ്യത്തോടും, വിചാരങ്ങളോടും വികാരങ്ങളോടുംകൂടെ ദൈവത്തിലേക്ക് തിരിയണം. ഓരോ സമയത്തും അനുഭവപ്പെടുന്ന സ്ഥിതിവിശേഷത്തോടുകൂടിവേണം കർത്താവിലേക്ക് വർത്തനം ചെയ്യേണ്ടത്. പച്ചയായ മനുഷ്യനായി തിരുസന്നിധിയിൽ പ്രത്യക്ഷപ്പെടണം. ഇതരരോട് വിരോധവും ക്രോധവും ഉള്ളിൽ നിറഞ്ഞുനിൽക്കുന്ന അവസ്ഥയിലാണെന്ന് വിചാരിക്കുക. അവരെ ശപിക്കുവാനുള്ള ആവേശത്താൽ ത്രസിക്കുകയാണെന്ന് കരുതുക. ആ വികാരവിക്ഷോഭത്തോടെ ദൈവത്തിലേക്ക് തിരിണം. ദിവ്യസവിധത്തിൽ വിരോധികൾക്കെതിരെയുള്ള ശാപോക്തികൾ ചൊരിയാൻ മടിച്ചുനിൽക്കരുത്. അവരെ നേരിട്ടല്ല ശപിക്കുന്നതെന്ന് ഓർക്കുക. കർത്താവിന്റെ മുമ്പാകെയാണ് അവയെല്ലാം പ്രകടിപ്പിക്കുന്നത്. ഉള്ളുമുഴുവൻ തൃച്ചേവടികളിൽ ഒഴുക്കണം. സാമുവലിന്റെ അമ്മയായ ഹന്നാ അപ്രകാരം ചെയ്തു (1 സാമു 1:15). ശാപത്തിന്റെ സങ്കീർത്തനങ്ങളായി നമ്മൾ തെറ്റിദ്ധരിക്കുന്ന ഗീതങ്ങളിൽ പച്ചയായ മനുഷ്യന്റെ രൂപം പ്രത്യക്ഷപ്പെടുന്നുണ്ട്. ഇപ്രകാരം ആയിരിക്കുന്ന അവസ്ഥയിൽ തിരുസന്നിധിയിൽ നാം നിലകൊള്ളുമ്പോൾ അവിടുന്ന് നമ്മിൽ കനിയും. പ്രലാപം പ്രമോദമാക്കി പകർത്തും. മനസ്സിലെ വികിലചിന്തകളെല്ലാം കർത്താവ് കഴുകിക്കളയും. "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് അങ്ങ് എന്നെ കൈവെടിഞ്ഞു?" എന്നാരംഭിക്കുന്ന 22-ാം സങ്കീർത്തനം അവസാനിക്കുന്നത് പ്രകീർത്തനധാരയോടുകൂടിയാണല്ലോ. ആയിരിക്കുന്ന അവസ്ഥയിൽ ദൈവത്തിലേക്കു തിരിഞ്ഞാൽ അവിടുന്നും നമ്മിലേക്കു തിരിയു

മെന്ന് സാരം. നമുക്ക് അനുഭവപ്പെടുന്ന അസ്വസ്ഥതകളും ആകുലതകളും കർത്താവ് നീക്കിക്കളയും. വീണ്ടും നമ്മെ പ്രകീർത്തനത്തിന്റെ അഥവാ സ്വർഗ്ഗരാജ്യത്തിന്റെ തനയരാക്കും.

വ്യക്തിഗതതലം മാത്രം ഉൾക്കൊള്ളുന്നതല്ല വർത്തന പ്രക്രിയ. സാമൂഹികജീവിയാണല്ലോ മനുഷ്യൻ. തന്മൂലം അവൻ ദൈവത്തിലേക്ക് തിരിയേണ്ടത് മറ്റുള്ളവരോടൊത്താകണം. ഇതരരുടെ ദുഃഖങ്ങളും സന്തോഷങ്ങളും, പ്രശ്നങ്ങളും പരിദേവനങ്ങളും, ആശങ്കകളും ആകുലതകളും, വീഴ്ചകളും താഴ്ചകളുമൊക്കെ തന്റേതാക്കിത്തീർത്തുകൊണ്ടായിരിക്കണം ആ തിരിയൽ. അവിടെയും വിവിധ തലങ്ങൾ ഉണ്ട്. ആദ്യം കുടുംബാംഗങ്ങളുമായി വർത്തനം ചെയ്യണം. സന്ന്യാസീസന്ന്യാസിനികളായ നമ്മൾ ആശ്രമ/മഠാംഗങ്ങളുടെ സന്തോഷസന്താപങ്ങളുമായി ഏകീഭവിച്ചുകൊണ്ടാകം ദൈവത്തിലേക്കു തിരിയേണ്ടത്. തുടർന്നുള്ള തലം പ്രവിശ്യാംഗങ്ങളുടേതുമായി താദാത്മ്യപ്പെട്ടുകൊണ്ടുള്ളതാണ്. അടുത്തത് സഭ മുഴുവന്റെയും ആകുലതകളും വ്യാകുലതകളുമായി കർത്താവിലേക്ക് വർത്തനം ചെയ്യണം. അതുപോലെ താമസിക്കുന്ന സ്ഥലത്തിലെയും ഇടവകയിലെയും ഗ്രാമത്തിലെയും നഗരത്തിലെയും രൂപതയിലെയും തിരുസഭയിലെയും കേരളസംസ്ഥാനത്തിലെയും ഭാരതത്തിലെയുമെന്നല്ല ഭൂതലം മുഴുവനിലെയും മനുഷ്യരുടെ ആയിരിക്കുന്ന അവസ്ഥയുമായി ഒന്നായിത്തീർന്നുകൊണ്ടാകണം ദൈവത്തിലേക്കുള്ള വർത്തനം. നിങ്ങൾ ദിവസവും വർത്തമാനപത്രം വായിക്കാറുണ്ടല്ലോ. ആത്മഹത്യ, കൊലപാതകം, കവർച്ച, ഭൂകമ്പം, പ്രളയം, പട്ടിണി, സമൂഹങ്ങളും രാജ്യങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ, സംഘട്ടനങ്ങൾ തുടങ്ങിയ എത്രയോ വാർത്തകളിലൂടെയാണ് നാം കടന്നുപോകുന്നത്. അവയ്ക്കിരയാകുന്നവരുടെയും അവ സംവിധാനം ചെയ്യുന്നവരുടെയും ആത്മാവായിത്തീർന്നുകൊണ്ട് ആ ദുഃഖദുരിതങ്ങളെല്ലാം നിങ്ങൾ ദൈവത്തിലേക്ക് സംവഹിക്കാറുണ്ടോ? ഇപ്രകാരമുള്ള വർത്തനമാണ് യഥാർത്ഥത്തിലുള്ള പ്രാർത്ഥനയെന്ന് ഗ്രഹിക്കുകയും പരിശീലിക്കുകയും അനുഭവിക്കുകയും ചെയ്യുവിൻ.

4.3.11. വിശ്വാത്മകദർശനം

മനുഷ്യലോകം മാത്രമല്ല നമ്മുടെ വർത്തനപ്രക്രിയയിൽ ഉൾപ്പെടേണ്ടത്. പക്ഷിപറവജന്തുലോകത്തിലെയും സസ്യവൃക്ഷാദിലോകത്തിലെയും, ധാതുദ്രവ്യലോകത്തിലെയും സൂര്യചന്ദ്രനക്ഷ

ത്രഗ്രഹലോകത്തിലെയും പ്രപഞ്ചം, വിശ്വം മുഴുവനിലെയും അംഗങ്ങളെ സഹോദരീസഹോദരന്മാരായി ദർശിച്ചുകൊണ്ട് വർത്തന പ്രക്രിയയിൽ അവയെയും പങ്കുചേർക്കണം. വി. പൗലോസ്ശ്ലീഹാ പറയുന്നുണ്ടല്ലോ, സമസ്തസൃഷ്ടങ്ങളും ഒന്നുചേർന്ന് ഇന്നോളം തീവ്രവേദനയനുഭവിക്കുകയും നെടുവീർപ്പിടുകയും പരിത്രാണത്തിനായി കേഴുകയും ചെയ്യുകയാണെന്ന് (റോമാ 8:22-23). അവയെയെല്ലാം ദൈവത്തിലേക്ക് നയിക്കുവാൻ കടപ്പെട്ടവനാണ് സൃഷ്ടിയുടെ മകുടമായ മനുഷ്യൻ. സൃഷ്ടജാലങ്ങളെയെല്ലാം രക്ഷാകർമ്മത്തിൽ പങ്കുചേർക്കണം. പ്രിയപ്പെട്ടവരേ, വർത്തനത്തിന്റെ തലങ്ങൾ അതിവിശാലമെന്ന് മനസ്സിലാക്കുവിൻ. സ്വാർത്ഥതയുടെ പൊട്ടക്കിണറ്റിൽ കഴിഞ്ഞുകൂടേണ്ട മണ്ഡൂകങ്ങളാകരുത് നമ്മൾ. അനന്തമായ ചക്രവാളസീമകളോളം ഉയർന്നതാകണം കാഴ്ചപ്പാടുകൾ.

4.3.12. ഷൂബ് രൂപൻ

മനുഷ്യപുത്രനായിത്തീർന്ന ദിവ്യനന്ദനനാണ് ഇപ്രകാരമുള്ള *ഷൂബ്* ഡൈനാമിക്സ് പരിപൂർണ്ണമായ അർത്ഥത്തിൽ അഭ്യസിച്ചത്. സ്രഷ്ടാവും സർവ്വേശ്വരനും അപരിമേയനും നിത്യനും സച്ചിദാനന്ദസ്വരൂപനും അദ്വൈതമൂർത്തിയുമായി സ്വർഗ്ഗത്തിൽ വസിക്കുന്നവൻ സ്ഥലകാലപരിമിതികളുള്ള ഭൂമിയിലേക്ക് തിരിഞ്ഞു. അധമരും, ദുർബലരും നികൃഷ്ടരും പാപികളുമായവരുടെ ലോകത്തിലേക്ക് താഴ്ന്നിറങ്ങി. വിശപ്പും ദാഹവും അനുഭവിക്കുന്ന നിർഭാഗ്യരിൽ ഒരുവനായിത്തീർന്നു. അവിടുന്ന് പാപികളിലേക്കും ദുർഭഗരിലേക്കും സമൂഹം അവഗണിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്തിരുന്നവരിലേക്കും പിശാചുബാധിതരിലേക്കും രോഗികളിലേക്കും മൃതിയുടെ കരങ്ങളിൽ അമർന്നവരിലേക്കും തിരിഞ്ഞു. അവരുടെ വേദനകളും യാതനകളും തന്റേതാക്കിത്തീർത്തു. കരയുന്നവരോടൊത്ത് കണ്ണീരൊഴുക്കി. പീഡിതരുടെ വ്യഥയിൽ പങ്കുചേർന്നു. മനുഷ്യരുടെയെല്ലാം പാപം സംവഹിച്ചുകൊണ്ട് ദൈവനന്ദനൻ ജോർദ്ദാൻ നദിയിലിറങ്ങി; ദൈവകാരുണ്യത്തിനായി സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തി. അപ്പോൾ സ്വർഗ്ഗം ഭൂമിയിലേക്കിറങ്ങിവന്നു (ലൂക്കാ 3:21-22). മറ്റൊരുവാക്കിൽ മനുഷ്യപുത്രൻ മാനവബിംബമായി ദൈവത്തിലേക്കു തിരിഞ്ഞപ്പോൾ അവനും അവനിലൂടെ ഇതരർക്കും സ്വർഗ്ഗാരാജ്യം സംപ്രാപ്യമായി. പാപികളിൽ പാപിയായി കുരിശിൽകിടന്ന് കഠിനവേദന അനുഭവിച്ചവനെ താൻ മനുഷ്യരാലും ദൈവപിതാവിനാലും പരിത്യക്തനായിത്തീർന്നുവെന്ന വ്യഥ ഗ്രസിച്ചു. നൈരാ

ശ്യകൂപത്തിൽ നിപതിച്ചവരുടെ ആത്മാവായിത്തീർന്നപ്പോഴും അവിടുന്ന് സ്രഷ്ടാവിലേക്ക് തിരിയുകയാണ് ചെയ്തത്. *ഏലോയ്, ഏലോയ് ലാമാ ശബക്ത്താനീ*യെന്ന് ഉച്ചത്തിൽ വിലപിച്ചു (മർക്കോ 15:34). അന്ത്യനിമിഷത്തിൽ "പിതാവേ, അങ്ങയുടെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (ലൂക്കാ 23:46) എന്നുച്ചരിച്ചുകൊണ്ട് പ്രത്യാശയുടെ പ്രതീകമായി ദൈവത്തിലേക്ക് തിരിഞ്ഞു മനുഷ്യതനയൻ.

ചുരുക്കത്തിൽ തിരുക്കുടുംബത്തിന്റെ കേന്ദ്രബിന്ദുവായ കർത്താവിന്റെ ജീവിതം മുഴുവൻ പിതാവിലേക്കും, പിതാവിനോടൊത്ത് മാനവരിലേക്കുമുള്ള നിരന്തരമായ വർത്തനമായിരുന്നു. പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും പൂർണ്ണമനസ്സോടും സർവ്വശക്തിയോടുംകൂടെ പുത്രൻ താതനിലേക്കു തിരിഞ്ഞു. അതുപോലെ മാനവരിലേക്കുള്ള വർത്തനവും പരിപൂർണ്ണമായിരുന്നു. മലയാളഭാഷയിൽ തിരിഞ്ഞിരിക്കുക എന്നൊരു പ്രയോഗമുണ്ടല്ലോ. അവസ്ഥാന്തരമില്ലാത്ത ഭാവത്തെ സൂചിപ്പിക്കുന്ന ക്രിയാപദം. നിഷ്കൃഷ്ടാർത്ഥത്തിൽ അപ്രകാരമുള്ള വർത്തനമായിരുന്നു ദൈവനന്ദനന്റേത്. അവിടുത്തെ പ്രാർത്ഥനയെക്കുറിച്ച് പരാമർശിക്കുന്ന സുവിശേഷഭാഗങ്ങൾ പരിശോധിക്കുകയാണെങ്കിൽ അവയിലെല്ലാം പിതാവിലേക്കും മാനവരിലേക്കും തിരിയുന്ന തിരുക്കുമാരന്റെ ചിത്രം തെളിഞ്ഞുകാണും (ലൂക്കാ 3:21; 6:12; 9:28; 11:1–4; 22:9; മത്താ 6:9–13; മർക്കോ 15:34). ജ്ഞാനസ്നാനവേളയെക്കുറിച്ച് പ്രതിപാദിച്ചുവല്ലോ. മറ്റൊരു പാഠം മാത്രം പരിചിന്തനവിഷയമാക്കാം. പ്രാർത്ഥന ഒരു വർത്തനാഘോഷണമായി പകരുന്നതിന്റെ ഉദാത്ത ദൃഷ്ടാന്തം ലൂക്കാ 10:21–22; മത്താ 11:25–27 ൽ കാണാനാകും. "സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, അങ്ങയെ ഞാൻ സ്തുതിക്കുന്നു" എന്ന പ്രകീർത്തനത്തോടുകൂടെയാണ് അത് ആരംഭിക്കുക. പരിശുദ്ധാത്മാവിലുള്ള ആനന്ദത്തിൽനിന്ന് നിർഗ്ഗളിച്ചതായിരുന്നു ആ സ്തുതിഗീതം. ആഹ്ലാദത്തിന്റെ നിദാനം സാത്താന്റെ സാമ്രാജ്യം തകർന്നടിഞ്ഞതാണ്. ശിഷ്യന്മാരുടെ രോഗശാന്തി ശുശ്രൂഷയും ദുഷ്ടാത്മാക്കളെ ബഹിഷ്ക്കരിച്ച കർമ്മവും സുവിശേഷ പ്രഘോഷണവും വഴിയാണ് അത് സംഭവിച്ചത്. ബാഹ്യവും ആന്തരികവുമായ തിന്മയുടെ ശക്തികൾ പിഴുതെറിയപ്പെട്ടു. ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ ബന്ധനങ്ങൾ [illegible] മാനവരിലേക്കുള്ള വേർതിരിക്കുന്ന കന്മതിലുകൾ നാമാവശേഷമായി. ഭൂമി സ്വർഗ്ഗത്തിലേയ്ക്ക് ഉയർത്തപ്പെട്ടു; സ്വർഗ്ഗം ഭൂമിയിലേ

ക്കിറങ്ങിവന്നു. "അചഞ്ചലസ്നേഹവും വിശ്വസ്തതയും സംഗമിച്ചു; ധാർമ്മികതയും സമാധാനവും പരസ്പരം ചുംബിച്ചു" (സങ്കീ 85:10). പിതാവായ ദൈവം സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും അതിനാഥനായിത്തീരുന്ന പ്രക്രിയയാണ് ഈശോ ആത്മീയമായി ദർശിച്ചത്; അതിൽ അവിടുന്ന് ആനന്ദിക്കുകയും ചെയ്തു. ആ പുതിയ ആദത്തിൽ ബന്ധനങ്ങളിൽനിന്ന് വിമുക്തനായ മനുഷ്യൻ വിശ്വത്തോടൊന്നിച്ച് ദൈവത്തിലേക്ക് തിരിയുകയാണ്. പരിത്രാണിതമായ പ്രപഞ്ചത്തിന്റെ പ്രതീകമായിത്തീരുകയാണ് ഈശോ. ചരാചരസൃഷ്ടികളുടെ അടക്കാനാകാത്ത ആഹ്ലാദത്തിന് മനുഷ്യപുത്രൻ ഭാഷ്യം നല്കുന്നു. വിശ്വം മുഴുവന്റെയും ജയാഘോഷത്തിന്റെയും പ്രഘോഷണത്തിന്റെയും ആത്മാവും മനസ്സും ഈശോയുടെ പ്രകീർത്തനത്തിൽ പ്രതിധ്വനിക്കുന്നുണ്ട്.

ചുരുക്കത്തിൽ ദിവ്യനന്ദനനെ *ഷൂബ്* രൂപനെന്ന് വിശേഷിപ്പിക്കാനാകും. പിതാവിന്റെ *ഷുബാ*ണ് മനുഷ്യപുത്രൻ. മാനവരുടെ ദൈവവിളി പൂർണ്ണമായും ജീവിച്ച അവിടുന്നാണ് നമ്മുടെ മാതൃകയും നിവേശനശക്തിയും ഊർജ്ജരൂപവും.

4.3.13. ഷൂബ് രൂപിണി

തിരുക്കുടുംബത്തിലെ അമ്മ ദിവ്യസുതനെ തീർത്തും അനുകരിച്ചവളാണ്. മറിയത്തിന്റെ ചരിത്രത്തെ വർത്തനത്തിന്റെ കഥയെന്ന് വിശേഷിപ്പിക്കാം. അവൾ സദാ ഈശോയിലേക്ക് തിരിഞ്ഞിരുന്ന വ്യക്തിയാണ്. അതുവഴി ദൈവത്തിലേക്കും. ആ ജീവിതം തിരുക്കുമാരനെ ഉന്മുഖമാക്കിക്കൊണ്ടുള്ളതു മാത്രമായിരുന്നു. കർത്താവിനെ കണ്ടുകൊണ്ടിരിക്കുക, സ്വരം ശ്രവിച്ചുകൊണ്ടിരിക്കുക, ചെയ്തികളിൽ ആനന്ദനിർവൃതിയടയുക എന്നതായിരുന്നു അമ്മയുടെ ഏക ആഗ്രഹം. ജറുസലേമിൽനിന്നുള്ള മടക്കയാത്രയിൽ ബാലനായ ഈശോയെ കാണാതായപ്പോൾ കന്യകാംബികക്കുണ്ടായ മനോവേദന സാധാരണക്കാരായ നമ്മുടെ ചിന്താമണ്ഡലത്തിൽ ഒതുങ്ങിനിൽക്കുന്നതല്ല. ദിവ്യനന്ദനൻ പരസ്യജീവിതത്തിനായി വീടുവിട്ടിറങ്ങിയപ്പോൾ അമ്മയും ആത്മനാ അവിടുത്തോടൊത്ത് യാത്രയായി. കാൽവരിഗിരിയിൽ കുരിശിലേക്കു തിരിഞ്ഞ് നിലകൊണ്ടു വ്യാകുലജനനി. കർത്താവ് പ്രാണൻ വെടിഞ്ഞപ്പോൾ അമ്മയും ആത്മനാ മൃതിയടഞ്ഞവളാണ്. ഉത്ഥാനദിവസംവരെ അവിടുത്തെ ഓർമ്മകളിലേക്ക് അവൾ തിരിഞ്ഞിരിക്കുകയായിരുന്നു. തിരുക്കുമാരന്റെ രക്ഷാരഹസ്യങ്ങളുമായി ഏകീഭവിച്ചുകൊണ്ട് മറിയം

തുടർന്നുള്ള ഇഹലോകദിനങ്ങൾ ചിലവഴിച്ചു. ഇപ്പോൾ സ്വർഗ്ഗത്തിൽ ത്രിത്വകുടുംബത്തിലേക്ക് നിത്യമായി തിരിഞ്ഞിരിക്കുന്ന സൃഷ്ടിയായി വിരാജിക്കുന്നു.

4.3.14. തിരിഞ്ഞിരിക്കുന്ന മുനീന്ദ്രൻ

പ്രാരംഭഘട്ടത്തിൽ ദൈവതനയന്റെ അമ്മയിലേക്ക് തിരിഞ്ഞ് മാർ യൗസേപ്പ് ജീവിച്ചു. തിരുഅവതാരശേഷം മറിയത്തോടൊത്ത് ഈശോയിലേക്ക് തിരിഞ്ഞിരിപ്പായി. അവരെ കാണണം, ശ്രവിക്കണം - അതൊന്നു മാത്രമായി ആത്മാഭിലാഷം. അമ്മയ്ക്കും വളർത്തു നന്ദനനുംവേണ്ടി മാമുനീന്ദ്രൻ ജീവിച്ചു, അദ്ധ്വാനിച്ചു, വ്യാപരിച്ചു. കാലിക്കൂട്ടിൽ ദിവ്യഉണ്ണിയുടെ മുഖത്ത് കണ്ണുംനട്ടിരുന്നു. ഈജിപ്തിലേക്കുള്ള പാലായനത്തിൽ അമ്മയെയും തിരുപ്പുത്രനെയുംകുറിച്ചു മാത്രമായിരുന്നു ചിന്ത. അവർക്ക് സൗഖ്യവും സൗകര്യങ്ങളും കൂടുതൽ കൂടുതൽ നൽകുന്നതിനെക്കുറിച്ച് വിദേശവാസാവസരത്തിലും നസ്രത്തിലെ ദിനങ്ങളിലും ആലോചിച്ചുകൊണ്ടിരുന്നു; അവ നടപ്പിലാക്കാൻ കിണഞ്ഞു പരിശ്രമിക്കുകയും ചെയ്തു. അമ്മയുടെ മടിയിൽകിടന്ന് തിരുസുതന്റെ മുഖത്ത് കണ്ണുറപ്പിച്ച് അന്ത്യശ്വാസം വലിക്കാൻ ഭാഗ്യമുണ്ടായി മാർ യൗസേപ്പിന്. ഇപ്പോഴിതാ മറിയത്തിലൂടെ ത്രിത്വദൈവത്തിലേക്ക് തിരിഞ്ഞിരുന്നുകൊണ്ട് ആത്മസായൂജ്യം അനുഭവിക്കുന്നു.

4.3.15. എന്റെ വർത്തനചിത്രം

എന്റെ ജീവിതം തിരിച്ചലിന്റെ കഥയാണ്, അഥവാ തിരുക്കുടുംബത്തിന്റെ ചരിത്രമാണ്. ആ ത്രിത്വകുടുംബത്തിന്റെ കാഴ്ചപ്പാടിലേക്ക് തിരിയുന്നതിന് ഞാൻ ശ്രമിച്ചു. അത്തരം ദർശനത്തിൽ എന്നെയും മറ്റുള്ളവരെയും മറ്റുള്ളവയെയും നോക്കിക്കാണുവാനും വിലയിരുത്തുവാനും യത്നിച്ചു. എന്റെ ചിന്താധാര, സംസാരരീതി, പ്രവർത്തനശൈലി, ദൈവികമായുള്ള കാഴ്ചപ്പതിപ്പിൽ നിന്നുള്ളതാണോ? അതിൽ നിന്നുരുത്തിരിയുന്നതാണോ?, അതിൽ കേന്ദ്രീകൃതമാണോ?, അതിൽ വിലയം കൊള്ളുന്നതാണോ?, അത് എന്തുമാത്രം ആഴവും ദൃഢവും തീർച്ചയുമുള്ളതാണ് എന്നൊക്കെ വിമർശനാത്മകബുദ്ധിയോടെ നിർണ്ണയിക്കുവാൻ ഞാൻ കഠിനദ്ധ്യാനം ചെയ്തു. ഈശോ മറിയം യൗസേപ്പ് എന്ന തിരുക്കുടുംബത്തിലെ വ്യക്തികളിലേക്ക് വളരുവാനും ജീവിക്കുവാനുമുള്ള തപസ്യയാക്കിത്തീർത്തു ജീവിതം. എനിക്ക് ഈശോയുടെ പ്രതീകമാകണം, മാതാവിന്റെ പ്രതീകമാകണം, മാർ യൗസേപ്പിന്റെ പ്രതീകമാകണം. വളർത്തുതാതനും മറിയവും ചെയ്തതു

പോലെ എനിക്കും ഈശോയുടെ സന്തോഷം എന്റെ സന്തോഷമാക്കണം; സന്താപം എന്റേതാക്കണം; അവിടുത്തെ മഹത്ത്വത്തിൽ എന്റെ മഹത്ത്വം കണ്ടെത്തണം. അതിനുള്ള ഒടുങ്ങാത്ത ദാഹം നിങ്ങൾക്ക് എന്റെ മുഖ്യ കൃതികളായ *ആത്മാനുതാപത്തിലും ധ്യാനസല്ലാപങ്ങളിലും* കാണാനാകും.

ആത്മാനുതാപം I- II പാദങ്ങളിൽ സ്വർഗ്ഗീയപിതാവ് എന്നിലേക്ക് തിരിഞ്ഞ വിധങ്ങളെ ഞാൻ അനുസ്മരിക്കുന്നു. അനന്തകാരുണ്യത്തിന്റേതായ ആ പ്രക്രിയയുടെ വെളിച്ചത്തിൽ എന്നിലേക്കു തന്നെ ഞാൻ തിരിഞ്ഞു. അവർണ്ണനീയമായ ദാനത്തെ ഞാൻ എങ്ങനെയാണ് സ്വീകരിച്ചതെന്ന് പരിചിന്തിച്ചു. സ്വർഗ്ഗീയതാതന്റെ ആ വർത്തനത്തിന്റെ ആഴവും ആക്കവും നീളവും വീതിയും, ഉയരവും ഔന്നത്യവും, ഓജസ്സും തേജസ്സും എന്തുമാത്രം മനസ്സിലാക്കിയോ അത്രമാത്രം ഞാൻ എന്നിലേക്കുതന്നെ തിരിഞ്ഞ് എന്റെ ഭാഗികവും അപൂർണ്ണവുമായ പ്രത്യുത്തരത്തെക്കുറിച്ച് തപിച്ചു. അടുത്ത സല്ലാപചിന്തയുടെ വിഷയം ആദ്യത്തെ രണ്ടുപാദങ്ങളിലെ വർത്തനപ്രക്രിയകളാണ്.

ആത്മാനുതാപം III - IX പാദങ്ങളിൽ ഞാൻ ഈശോയുടെയും മാതാവിന്റെയും ജീവിതത്തിലേക്ക് തിരിയുകയാണ്. ആ ധന്യജീവിതങ്ങളിൽ സംഭവിച്ച യാതനകളെയും വേദനകളെയുംപറ്റിയുള്ള പരിചിന്തനം എന്നെ എന്നിലേക്കു തിരിപ്പിച്ചു. അവരുടെ വ്യാകുലങ്ങൾക്കുള്ള മൂലകാരണം ഞാനാണല്ലോ എന്ന ബോധോദയത്തിൽ അനുതാപക്കണ്ണീർവാർത്തു. *ആത്മാനുതാപം* X- XII പാദങ്ങളിൽ കർത്താവിന്റെ ഉത്ഥാനത്തിലേക്കും സ്വർഗ്ഗാരോഹണത്തിലേക്കും മാതാവിന്റെ തുടർന്നുള്ള ഇഹലോകദിനങ്ങളിലേക്കും സ്വർഗ്ഗത്തിലേക്കുള്ള കരേറ്റത്തിലേക്കും ഞാൻ തിരിയുകയാണ്. ആ ദിവ്യരഹസ്യങ്ങളുടെ മഹത്ത്വപൂർണ്ണമായ തലത്തിൽ വ്യാപരിച്ചപ്പോൾ എന്നെത്തന്നെ മറന്നുപോയി ഈ അയോഗ്യദാസൻ. എന്നിലേക്കു തിരിയുവാൻ ഓർമ്മിച്ചതേയില്ല. ഈശോയുടെയും മറിയത്തിന്റെയും ലോകത്തിലേക്ക് തിരിഞ്ഞിരിക്കുന്ന, അഥവാ അതിൽ ലയിച്ചുചേരുന്ന അവസ്ഥാവിശേഷം ദൈവം എനിക്ക് നൽകി. *ആത്മാനുതാപം* അവസാനിക്കുക കടശ്ശിയപേക്ഷയോടുകൂടിയാണ്. തിരുക്കുടുംബത്തിലേക്ക് തിരിയുന്നതിനും അവസാനഭാഗത്തിൽ അമ്മയുടെ മഹത്ത്വജീവിതം ആലാപനവിഷയമാക്കുന്നതിനും ലഭിച്ച അനുഗ്രഹത്തിന് നന്ദി പറയുന്നു. കന്യകാമ്മയെപ്പോലെ എന്റെ ഇഹലോക ജീവിതം തൃച്ചേവടികളിൽ സ്നേഹപൂർവ്വം അർപ്പിക്കാനുള്ള

വരത്തിനായി കേണപേക്ഷിക്കുന്ന എന്നെ നിങ്ങൾക്കവിടെ കാണാനാകും.

"പാപലോകതരണമായ മരണസമയമെന്നതിൽ
തന്റെ ശുദ്ധനാമവും വിളിച്ചുകൊണ്ടുദേഹിയെ
തന്റെ പുത്രകൈവശത്തിൽ ദാസിവച്ചു, കൺകളിൽ
ലോകമെന്ന കാഴ്ചനിന്ന നേരമെന്റെ യക്ഷികൾ
ലോകരക്ഷനാഥനായ നിൻ സുതന്റെയാനനം
തെളിവു സ്നേഹദയയിനാലെ പാർപ്പതിന്നുദാസിമെ
അരുളീടേണമമ്മാ നിന്റെ ശരണമെന്റെ ശിരസ്സതിൽ
മരണനേരമതിനു മുൻപിൽ കരുണവച്ചു ദാസിയെ
ക്കരുതിക്കാത്തു രക്ഷചെയ്ത കരുണയുള്ളനാഥയെ"

(ആത്മാനുതാപം,കടശ്ശിയപേക്ഷ: 69-76).

വർത്തനത്തിന്റെ പ്രമേയം ധ്യാസല്ലാപങ്ങൾ എന്ന കൃതിയിലെ പ്രധാന പ്രമേയമാണ്. ലൂക്കായുടെ സുവിശേഷത്തിലെ മുടിയനായ പുത്രന്റെ ഉപമയുടെ (15:11-32) ആ ഭാഷ്യത്തിൽ ഞാൻ ആ ഇളയവനുമായി സാധർമ്മ്യം പ്രാപിക്കുകയാണ്. വിശന്നു വലഞ്ഞപ്പോൾ സുബോധം വന്ന ദുർത്തൻ പിതാവിന്റെ ഭവനത്തിലേക്ക് തിരിയുന്നതോടെയാണ് എന്റെ വിവരണം ആരംഭിക്കുക. ഇന്നത്തെ അവസാനത്തെ സല്ലാപചിന്ത അതിനെക്കുറിച്ചായിരിക്കും. പ്രിയ മക്കളേ, എന്റെ മനോഭാവത്തിലേക്ക് നിങ്ങളും തിരിഞ്ഞ് അവ സാത്മീകരിക്കുവിൻ.

4.4 സല്ലാപചിന്ത II - വർത്തനവും പ്രതിക്രിയയും

4.4.1. ആമുഖം

ജീവിതത്തിന്റെ അവസാനഘട്ടത്തിലാണ് ഞാൻ ആത്മാനുതാപം എന്നറിയപ്പെടുന്ന കൃതി രചിച്ചത്. സല്ലാപചിന്ത I- ൽ വ്യക്തമാക്കിയതുപോലെ അത് വർത്തനത്തിന്റെ കഥയാണ്. ആദ്യത്തെ രണ്ടുപാദങ്ങളായിരിക്കും ഇപ്പോൾ പരിചിന്തനവിഷയമാക്കുക. സ്വർഗ്ഗീയകുടുംബം എന്നിലേക്കു തിരിഞ്ഞതിന്റെ കഥ, വിവിധ തലങ്ങൾ എന്നതാണ് വിഷയം. മറ്റൊരു വാക്കിൽ ദൈവം എന്നെ സ്വർഗ്ഗീയകുടുംബത്തിലേക്ക് തിരിപ്പിച്ചതിന്റെ ആഖ്യാനമാണത്. ദൈവത്തിലേക്ക് തിരിഞ്ഞിരുന്നുകൊണ്ട് ഞാൻ ബാല്യകാലം മുഴുവൻ അവിടുത്തെ കാഴ്ചപ്പാടിൽ ദർശിക്കുന്നു, സംഭവങ്ങളോരോന്നും അനുസ്മരിക്കുന്നു അഥവാ ജീവിക്കുന്നു. ഓരോന്നും ഓർക്കു

മ്പോൾ പ്രതികരിക്കുന്നു. അതിൽ അതിശയത്തിന്റെയും നന്ദിയുടെയും സ്നേഹത്തിന്റെയും വികാരഭാവങ്ങളുണ്ട്. ആ കാഴ്ചപ്പാടിൽ എന്നിലേക്കു തിരിഞ്ഞപ്പോൾ സ്നേഹമൂർത്തിയായ ദൈവത്തിന്റെ കാരുണ്യപ്രവൃത്തികളോട് വേണ്ടവിധം ആമ്മേൻ പറയാതിരുന്നതിലുള്ള വേദനയും ദുഃഖവും എനിക്കനുഭവപ്പെട്ടു. അപ്പന്റെ കാരുണ്യത്തിന് അർഹത എനിക്കുണ്ടായിരുന്നില്ലല്ലോ എന്ന ബോധ്യവും എന്നിലുളവായി. പ്രിയപ്പെട്ടവരേ, എന്റെ വിചാരവികാരങ്ങളുമായി സാധർമ്മ്യപ്പെടുവിൻ. എന്റെ ജീവിതകഥ നിങ്ങളുടെ ജീവചരിത്രമാക്കിത്തീർത്തുകൊണ്ട് എന്റെ ഹൃദയസ്പന്ദനങ്ങളുമായി സാത്മീഭവിക്കുവിൻ.

4.4.2. തിരിയുന്ന ദൈവം

പ്രിയകുഞ്ഞുങ്ങളേ, ആത്മാനുതാപം Iഉം II ഉം പാദങ്ങളിലെ ഓരോ വരികളും നിങ്ങൾ എന്നോടൊന്നിച്ച് പരിചിന്തനവിഷയമാക്കുവിൻ. നിങ്ങളുടെ തന്നെ കഥയായി അവയെ നോക്കിക്കാണുവിൻ.

"ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ് ചമച്ചെന്നെയും
ആയതിനെന്തുകാരണം ദൈവമേ,
ആദ്യഹീനനാം നിൻദയതന്നെ."

ദൈവത്തിന്റെ വർത്തനത്തിലെ ആദ്യതലം തന്റെ ഛായയിലും സാദൃശ്യത്തിലും നമ്മെ ആദത്തിന്റെ മക്കളാക്കി സൃഷ്ടിച്ചതാണ്. ആത്മാവില്ലാത്ത, ദൈവരൂപമില്ലാത്ത മൃഗങ്ങളിൽപെട്ടവനായി ജനിക്കാനിടയാക്കിയില്ല (വരി 5-8). അധമനും നികൃഷ്ടനുമായ എന്നെ മഹാമനസ്ക്കനായ സ്വർഗ്ഗീയതാതൻ തന്റെ കൃപാധിക്യത്താൽ "ഈ മഹത്ത്വത്തിൻ ഛായയിൽ ചെയ്തു" (വരി 11). അതേ, അവിടുത്തെ സ്നേഹാധിരേകത്തെ വീണ്ടും വീണ്ടും എണ്ണിപ്പറയുകയാണ് ഞാൻ.

"ഉത്തമനായ നിന്നുടെ ചിത്തത്താൽ
ഉത്ഭവം തന്നു മാനുഷജന്മത്തിൽ
ഉന്നതനായ നിന്നുടെ സന്നിധേ
ഉന്നതേ കരേറ്റുവാനും ചിത്തമായ്"
(വരി 13-16).

സ്രഷ്ടാവ് കേവലം സൃഷ്ടിയായ എന്നിലേക്ക് തിരിഞ്ഞു; സ്വർഗ്ഗീയകുടുംബത്തിലേക്ക് എന്നെ തിരിപ്പിച്ചു. അവിടുന്നിലേക്ക് തിരിഞ്ഞ് ജീവിക്കുവാനാണ് ആ കൃപാദാനം നൽകിയത്.

ദിവ്യതാതന്റെ വർത്തനപ്രക്രിയയിലെ സൂക്ഷ്മാംശങ്ങൾ ഓരോന്നോരോന്നായി നോക്കിക്കാണുകയാണ് ഞാൻ.

"എന്നുടെ മാതാവിന്റെ ഉദരേയിരിക്കയിൽ
നിന്നുടെ ശാപത്തോടെ മൃത്യുവെവരുത്തുവാൻ
ശത്രുവാം പിശാചവനത്രെയോ ശ്രദ്ധിച്ചയ്യോ
തത്രനീ കാത്തില്ലെങ്കിൽ മൃത്യു സംശയംവിനാ' (II/97-100).

ആദിമാതാപിതാക്കന്മാരുടെ പാപത്തോടെ മനുഷ്യരെല്ലാവരും ഉത്ഭവപാപമെന്ന ശാപത്തിനിരയായല്ലോ. ഞാൻ ജനിക്കുന്നതിനുമുൻപ് അമ്മയുടെ ഉദരത്തിലായിരിക്കുമ്പോൾ പിശാച് എന്നെ കൊല്ലുവാൻ പലപ്രാവശ്യവും ശ്രമിച്ചു. അപ്പോഴെല്ലാം സ്വർഗ്ഗീയതാതൻ കാത്തുരക്ഷിച്ചു.

ഞാൻ ജനിച്ചശേഷവും ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനുമുൻപ് പലപ്രാവശ്യവും രോഗങ്ങളാലും മറ്റും എന്നെ കൊല്ലുവാൻ സാത്താൻ വീണ്ടും വീണ്ടും യത്നിക്കുകയുണ്ടായി. അപ്പോഴും കാരുണ്യവാനായ ദൈവം എന്നിലേക്ക് തിരിഞ്ഞിരുന്നതിനാൽ ഞാൻ രക്ഷപ്പെട്ടു. അതിനെക്കുറിച്ച് ഞാൻ കൃതിയിൽ ഇപ്രകാരം രേഖപ്പെടുത്തി:

"ലോകത്തിൽ പിറന്നതിൻശേഷത്തിലവൻ വീണ്ടും
ആലസ്യംകൂടാതിങ്ങു ക്രുദ്ധിച്ചുനടന്നല്ലോ.
അക്കാലം ജ്ഞാനസ്നാനം കൂടാതെ മരിപ്പിപ്പാൻ
മുഷ്ക്കാകും (ശക്തി)വണ്ണമവൻ ക്രിച്ഛ്രങ്ങൾ (പ്രയാസം)
വർദ്ധിപ്പിച്ചു
നിൻകരുണയിൻകടക്കണ്ണിനാൽ സൂക്ഷിക്കയാൽ
കന്മഷശുദ്ധിതോയം(മാമ്മോദീസാ) കൈക്കൊ
ള്ളുവാൻ ഭാഗ്യംവന്നു. (II/101-106).

അംഗഭംഗമൊന്നുമില്ലാതെയാണ് അവിടുന്ന് എന്നെ സൃഷ്ടിച്ചത്.

"എന്നുതന്നെയുമല്ല, മന്നിലുണ്ടാകുംജനം.
എന്നതിൽ ചില ജനം കാലിനും കൈയ്ക്കും കേടും
കണ്ണില്ലാ ചിലർക്കയ്യോ, ചിലർക്കു കേൾവിഹീനം
കർണ്ണമവും നാവുംകൊണ്ടും ഫലമില്ലാതെ ചിലർ
ഇങ്ങനെ ജനിക്കുന്നു, പിറക്കുന്നതുപോലെ
അങ്ങനെ മന്നിലവർ ജീവിക്കുന്നഹോ ദുഃഖം." (II/77-82).

ഊനഹീനനായാണ് ദൈവം എനിക്ക് ജന്മം നൽകിയത്. അവികിലനായ അവിടുത്തെപ്പോലെ അവികിലനായി എന്നെയും ചമച്ചവനാണ് സർവ്വേശ്വരൻ. "എന്നതൊക്കെയും കണ്ടുഗ്രഹിപ്പാൻ കണ്ണു

തുറന്നു" (II/99). കാരുണ്യത്തിന്റെ കർമ്മല്ലേ അത്!

ദൈവം എന്നിലേക്ക് തിരിഞ്ഞതിന്റെ മറ്റൊരു ലക്ഷണം കാവൽമാലാഖയുടെ സംരക്ഷണം ഏർപ്പെടുത്തിയതാണ്.

"ഊനംകൂടാതെ ഭൂമിയിൽ മേവുവാൻ
ഊനഹീനനാം കാവലും തന്നല്ലോ" (I/19-20).

വാനദൂതൻ കുറവുകളൊന്നുമില്ലാത്തവനാണ്. എന്നെ കാത്തു പാലിക്കുന്നതിൽ സദാ ജാഗ്രതയുള്ളവൻ. തെറ്റുകളൊന്നും കൂടാതെ ഞാൻ ഇഹത്തിൽ വ്യാപരിക്കേണ്ടതിനാണ് സദാ ഉണർന്നിരിക്കുന്ന കാവൽക്കാരനായി മാലാഖയെ ദൈവം ഏർപ്പെടുത്തിയത്. അവിടുത്തെ എന്നിലേക്കുള്ള വർത്തനം എത്ര സ്നേഹാർദ്രവും സൂക്ഷ്മവുമാണ്!

വാനദൂതന്റെ ചെയ്തികളോരോന്നും ഞാൻ അക്കമിട്ട് എഴുതിയിട്ടുണ്ട്.

"എന്നുടെ ജനനത്തിന്റെ നാൾമുതൽ
എന്നെ കാത്തുഭരിച്ചു സൂക്ഷിപ്പാനും,
എന്നേരത്തുമെൻ ചാരത്തുനിന്നിയാൾ
എന്നതിനാലേയന്നുഞാൻ ജീവിച്ചു.
ഒന്നിനും പിടിയാതൊരുമാത്മവാൽ
ഒക്കെയും കാത്തുസൂക്ഷിപ്പാൻ സാധ്യമോ?
ഉറക്കിക്കിടത്തിയവൾ പോകുമ്പോൾ
ഉറക്കഹീനനായൊരീയാൾ കാക്കും" (I/21-28).

എന്നെ കാക്കുവാനും ഭരിക്കുവാനും സൂക്ഷിപ്പാനും മാലാഖയെ ഏർപ്പെടുത്തിക്കൊണ്ട് എന്നിലേക്കു തിരിഞ്ഞ ദയാപരനെക്കുറിച്ച് ഞാൻ ഇപ്രകാരം ആലപിച്ചു:

"കാരുണ്യമോടെയക്കാലമെന്നെനീ
കരുതിനന്നായി സ്മരിച്ചു രക്ഷിച്ചല്ലോ." (I/31-32).

അതേ, എന്നെ ശ്രദ്ധാപൂർവ്വം നന്നായി ഓർത്തിരുന്നുകൊണ്ട് രക്ഷിച്ച കരുണാനിധിയിലേക്ക് ജാഗ്രതാപൂർവ്വം തിരിഞ്ഞിരിക്കേണ്ടവനല്ലേ ഞാൻ?

എന്നിലേക്കുള്ള ദൈവത്തിന്റെ വർത്തനകർമ്മത്തിന്റെ മറ്റൊരു തലത്തെ ഞാൻ ധ്യാനവിഷയമാക്കി.

"വിശ്വാസികളാം കാരണവന്മാരാൽ
വിശ്വാസിയായി എന്നെയും തീർത്തുനീ
പൈതൽകാലത്തിൽ തീറ്റിവളർത്തുവാൻ
അയ്യ (ദുഃഖം) കൂടാതെ തന്നു മാതവിനെ" (I/43-46).

ഒരു ക്രിസ്ത്യാനികുടുംബത്തിൽ ജനിക്കുവാൻ എന്നെ അനുഗ്രഹിച്ച

ദൈവത്തെ എത്രമാത്രം വാഴ്ത്തിപ്പുകഴ്ത്തിയാലും നന്ദിയുടെ നറുമലരുകൾ അർപ്പിച്ചാലും എനിക്ക് തൃപ്തിവരികയില്ല.

ദൈവത്തിന്റെ എന്നിലേക്കുള്ള തിരിയലിന്റെ സുപ്രധാനമായ തലത്തിലേക്ക് ഞാൻ പ്രവേശിക്കട്ടെ. ജ്ഞാനസ്നാനംവഴി ഉത്ഭവ പാപം അവിടുന്ന് തുടച്ചുനീക്കി. അതുവഴി ലഭിച്ച മഹാനുഗ്രഹങ്ങൾ ഓരോന്നും ഞാൻ വർണ്ണിച്ചിട്ടുണ്ട്.

"കാരുണ്യൻ നിന്റെ കരുണഹേതുവാൽ
കാരണപാപതോയമാം (ഉത്ഭവപാപംപോക്കുന്നജലം)
സ്നാനത്താൽ
കാരുണ്യാഭയും ശേഷം ഗുണങ്ങളും
കാലേയം (ദോഷം)പോക്കി നല്കിയതുകാലം"
(I/33-36).

കർത്താവ് എന്നിൽ കാരുണ്യത്തിന്റെ ശോഭ തൂകി. ഇതരവരദാനങ്ങൾ ഞാൻ എണ്ണിപ്പറയട്ടെ.

"ഇത്തോയത്താലുണ്ടായ നന്മയും ഗുണവൃദ്ധി
ഇത്തരം ലോകത്തിന്റെ നിശ്ചയം പങ്കുംകൂറും
അപ്പോലെയുള്ള ഗുണമൊക്കെയും വരുത്തീട്ട്
പോയ്പ്പോയ പുത്രസ്ഥാനം വീണ്ടും നീതന്നുനാഥാ" (II/107-110).

ലോകത്തിന്റെ ദൃഷ്ടിയാൽ ഗ്രഹിക്കുവാൻ കഴിയാത്തവിധം നന്മ, ഗുണം, വളർച്ച എന്നിവ ദൈവം എന്നിൽ കൈവരുത്തി. നഷ്ടപ്പെട്ട പുത്രസ്ഥാനത്തേക്ക് ഉയർത്തി.

"ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായ്
വാനത്തിൽ മോക്ഷാനന്ദവും തന്നല്ലോ" (I/41-42).

ദൈവം എന്നെ അവിടുത്തെ പുത്രനാക്കി. സ്വർഗ്ഗത്തിലെ മോക്ഷാനന്ദമെന്ന കൃപയ്ക്ക് അർഹനാക്കി.

"എന്നൊരു നേരത്തിങ്കലെന്നുടെ ദേഹിരശ്മ്യാൽ
(ആത്മാവിന്റെ പ്രസാദവരത്താൽ)
അന്നു വാനവന്മാർക്കും തെളിവും സന്തോഷവും
വരുത്തീടുവാൻവണ്ണം ധരിപ്പിച്ചെന്നെ നന്മ
വരപ്പിച്ചെന്റെ നാമം തിരുപുസ്തകംതന്നിൽ" (II/111-115).

മാമ്മോദീസാവഴി ദൈവം എന്റെ ദേഹത്തെ സൂര്യരശ്മിയാലെന്ന വിധം പ്രകാശിപ്പിച്ചു. മാലാഖമാർക്കുപോലും സന്തോഷവും തെളിവും ഉണ്ടാകത്തവിധം അവിടുന്ന് എന്നെ നന്മയെന്ന വെള്ള വസ്ത്രം ധരിപ്പിച്ചു. ജീവന്റെ പുസ്തകത്തിൽ എന്റെ പേരെഴുതി. ഇക്കാര്യം ഞാൻ വീണ്ടും എടുത്തുപറഞ്ഞിട്ടുണ്ട്.

"അന്നേരം മമദേഹിക്കുണ്ടായ ഗുണവെണ്മ
നേരായ് കാട്ടീടുവാനുടുത്തേൻ വെള്ളവസ്ത്രം" (II/153-154).
ജ്ഞാനസ്നാനകൂദാശവഴി ദൈവം എന്നിലേക്കു തിരിഞ്ഞുകൊണ്ട് നൽകിയ വരദാനങ്ങൾ ഇവ മാത്രമല്ലായിരുന്നു.

"നൽഗുണവൃത്തികളാൽ കാണുന്ന ജനങ്ങൾക്കു-
മെൻഗുണം കാട്ടീടുവാൻ കത്തിച്ചുതന്നപന്തം" (II/155-156).
ലോകത്തിന്റെ പ്രകാശമായ കർത്താവിന്റെ പ്രതീകമായിത്തീർന്നുകൊണ്ട് ശിശു ലോകമെങ്ങും സ്നേഹത്തിന്റെ ദീപം പ്രകാശിപ്പിക്കുവാൻ നിയോഗിതനാണെന്ന സത്യത്തിന്റെ നിദർശനമാണ് ഈ കത്തിച്ച പന്തം. മറ്റുള്ളവർക്ക് സുവിശേഷത്തിന്റെ പാത കാട്ടിക്കൊടുക്കുവാൻ കടപ്പെട്ടവനായിത്തീർന്നു ഞാൻ.

"പാപത്താൽ നശിച്ചുഞാൻ ചീഞ്ഞിടായെന്നു കാണ്മാൻ
നാമത്താൽ ജപിച്ചുള്ള ലവണം സേവിച്ചല്ലോ" (II/157-158).
ഗിരിപ്രഭാഷണത്തിൽ കർത്താവ് അരുളിച്ചെയ്തുവല്ലോ, നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നുവെന്ന് (മത്താ 5:13). സാധനങ്ങൾ ചീഞ്ഞഴിയാതെ സൂക്ഷിക്കുവാൻ പര്യാപ്തമാണല്ലോ ഉപ്പ്. ക്രിസ്ത്യാനി പാപംമൂലം ചീഞ്ഞഴിയാതിരിക്കണമെന്ന സത്യം ധരിപ്പിക്കുവാൻ പുരോഹിതൻ ഉപ്പ് ജപിച്ച് ശിശുവിന്റെ നാവിൽ തൊടുവിക്കുന്ന കർമ്മത്തെ കുറിക്കുന്നതാണ് ഈ ഈരടികൾ. കർത്താവാണ് സാക്ഷാൽ ഭൂമിയുടെ ഉപ്പ്. ഞാൻ അവിടുത്തെപ്പോലെ ഉറകെട്ടു പോകാതിരിക്കണം; മറ്റുള്ളവരുടെ ജീവിതത്തെ രുചിപ്രദമാക്കണം. അതിനുവേണ്ടി അവിടുന്ന് എന്നിലേക്ക് തിരിഞ്ഞ അനുഗ്രഹങ്ങളാണ് ഈ വാക്കുകളാൽ ഞാൻ അർത്ഥമാക്കുക.

അവിടുന്നിലേക്ക് തിരിഞ്ഞു ജീവിക്കുവാൻ എനിക്ക് പ്രാപ്തി നൽകുവാൻവേണ്ടി സ്വർഗ്ഗീയതാതൻ ചെയ്ത മറ്റൊരു അനുഗ്രഹം *ആത്മാനുതാപത്തിൽ* ഞാൻ അനുസ്മരിക്കുന്നുണ്ട്.

"കരുണാനാഥൻ പരൻകരുതിയടിയനെ
പരമനാഥ തന്റെ അടിമയാക്കിമുന്നം
ശിശുവാമടിയനെ അമൃതാൽ വളർത്തുമ്പോൾ
ശയനിപ്പിച്ചു, ദൈവജനനി തന്റെ പാതേ.
'ശുദ്ധമാതാവേ, ദൈവജനനീ, കന്നിയമ്മേ,
അശുദ്ധമമോദരഫലമാമിതിന്നുനീ
നിന്നുടെ ദാസനായി കൈക്കൊണ്ട് രക്ഷിപ്പാനായ്
ഇന്നുഞാൻ നിന്റെ തൃപ്പാദത്തിങ്കൽ കാഴ്ചവപ്പേ'

എന്നവളുണർത്തിച്ചു, ദാസനയടിയനെ
അന്നു മാതാവിൻ മുൻപിൽ കിടത്തിപ്രാർത്ഥിച്ചപ്പോൾ" (II/1-10).

മാതാവിന് അടിമവയ്ക്കുന്നതിൽ പ്രസിദ്ധമായ വെച്ചൂർപള്ളിയിൽ ശിശുവായ എന്നെ അമ്മ കൊണ്ടുചെന്ന് അടിമവച്ചുകൊണ്ട് പ്രാർത്ഥിച്ചതിനെയാണ് ഞാൻ ഈരടികളിൽ അനുസ്മരിക്കുക. കരുണാനിധിയായ ദൈവം ദിവ്യജനനിയുടെ ദാസനാക്കിത്തീർത്തുകൊണ്ട് എന്നെ അവിടുന്നിലേക്ക് തിരിപ്പിച്ചു. ആ കർമ്മത്തിൽ വൈദികൻ അമ്മയുടെ കൈയിൽ കന്യകാമറിയത്തിന്റെ നാമത്തിൽ പൂവും നീരും കൊടുക്കുകയും എന്റെ ചെറുകരം പിടിക്കുകയും ചെയ്തുകൊണ്ട് പറയുകയുണ്ടായി, ഈ ശിശു നിന്റെ കുഞ്ഞല്ല, മാതാവിന്റെ ദാസനാണിവൻ; തന്മൂലം കുഞ്ഞിനെ സൂക്ഷിച്ചുവളർത്തുകയും പാലിച്ചു ഭരിക്കുകയും വേണം (II/11-16).

സ്വർഗ്ഗീയതാതൻ ചെറുപ്പകാലത്ത് എന്നിൽ വർഷിച്ച അനുഗ്രഹങ്ങളുടെ പട്ടിക തുടരുകയാണ്. അക്കാലത്ത് നാട്ടിലുടനീളം പടർന്നുപിടിച്ച വസന്തമൂലം ആയിരങ്ങൾ അകാലമൃത്യുവിനിരയായി. എങ്ങും ദുരന്തവും പ്രലാപവും മുഴങ്ങിക്കേട്ടു. കാരുണ്യവാനായ ദൈവം ആ മഹാമാരിയിൽനിന്ന് എന്നെ കാത്തുരക്ഷിച്ചകാര്യം നന്ദിയോടെ ഞാൻ ഇപ്രകാരം അനുസ്മരിക്കുന്നു.

"സർവ്വേശ്വരൻ നീതീശ്വരൻ, സർവ്വദയവിൻ നാഥൻ
സർവ്വത്തിൽനിന്നും കാത്തുരക്ഷിച്ച മമജീവൻ" (II/43-44).

ദൈവത്തിന്റെ മൂന്നു ഗുണങ്ങളാണ് ഞാൻ ഇവിടെ എണ്ണിപ്പറഞ്ഞിരിക്കുക. അവിടുന്ന് സർവ്വേശ്വരനാണ്; നീതിയുടെ നികേതനമാണ്; അതോടൊപ്പം എല്ലാതരത്തിലുള്ള ദയയുടെയും നാഥനുമാണ്. ചെറുപ്പമായിരുന്ന ഞാൻ മറ്റു ബാലന്മാരെപ്പോലെ തെറ്റുകൾ ഉള്ളവനായിരുന്നു. എന്നിട്ടും കൂട്ടുകാരിൽ പലരും മരണമടഞ്ഞപ്പോൾ നീതീശ്വരൻ എന്തുകൊണ്ടാണ് എന്നെയും ശിക്ഷിക്കാതിരുന്നത്? സർവ്വദയയുടെ നാഥനാണ് കർത്താവ് എന്ന കാരണംകൊണ്ടുമാത്രമാണ് ഞാൻ രക്ഷിക്കപ്പെട്ടത്.

ദൈവം എനിക്കു ചെയ്ത മറ്റൊരു അനുഗ്രഹം ഇതാണ്:

"എന്നെ നീ കുറച്ചില്ല, പൊക്കിയില്ലിഹലോകേ
എന്നതിനാല്ലയോ ഈ വണ്ണം ചരിക്കുന്നു" (II/95-96).

ദൈവം എന്നെ സമ്പന്നനാക്കിയില്ല. ധനവാന്മാർക്ക് ദൈവരാജ്യത്തിൽ പ്രവേശിക്കുക ദുഷ്ക്കരമാണല്ലോ (മത്താ 19:23). അതുപോലെ തീർത്തും ദരിദ്രനുമാക്കിയില്ല. ഉപജീവനത്തിന് വഴികാണാതെ വലയുന്നവർക്ക് കരയുന്നവരുടെ ശോചനീയാവസ്ഥ നിങ്ങൾക്കറിയാ

മല്ലോ. പലരും ദൈവത്തെ പഴിക്കും; പരസ്പരം കലഹിക്കും. അത്തരം ദുർവിധി എനിക്കുണ്ടാകാതെ നോക്കിയ ദൈവത്തെ ഞാൻ വാഴ്ത്തിപ്പുകഴ്ത്തേണ്ടതല്ലേ?

കൂടപ്പിറപ്പുകളേ, കുഞ്ഞുങ്ങളേ, എന്നോടൊന്നിച്ചു നിങ്ങളും ദൈവം നിങ്ങളിലേക്ക് തിരിഞ്ഞ കർമ്മങ്ങളൊക്കെ പരിചിന്തനവിഷയമാക്കുവിൻ. നമ്മെയെല്ലാം തന്നിലേക്കു തിരിപ്പിക്കുവാനാണ് അവിടുന്ന് അപ്രകാരം ചെയ്തതെന്ന കാര്യം വിസ്മരിക്കരുത്. നാം തന്നിലേക്ക് തിരിഞ്ഞിരിക്കണമെന്ന കർത്താവിന്റെ ഈ ആഗ്രഹം സഫലീകരിക്കപ്പെട്ടിട്ടുണ്ടോ? ഭാഗികവും അപൂർണ്ണവുമായ പ്രത്യുത്തരങ്ങളെക്കുറിച്ച് നിങ്ങളും കണ്ണീർ ചൊരിയുവിൻ.

4.4.3. തിരിപ്പിക്കുന്ന അമ്മ

തന്നിലേക്ക് എന്നെ തിരിപ്പിക്കുവാൻ ദൈവം വിവിധ മാർഗ്ഗങ്ങൾ ഉപയോഗിച്ചു. അമ്മയായിരുന്നു അവിടുത്തെ ആദ്യത്തെ മാധ്യമം. ഭക്തയായ ആ ധന്യ തിരുക്കുടുംബത്തിലേക്ക് ശിശുവായ എന്നെ തിരിപ്പിക്കുവാൻ നിതാന്തം പരിശ്രമിച്ചു. അമ്മവഴി ഞാൻ തിരുക്കുടുംബത്തിലേക്കു തിരിയുന്നതിനിടയാക്കിയ ചില സംഭവങ്ങൾ വിവരിക്കാം.

"അമൃതപാനം തന്നു വളർത്തുമ്പോൾ
അതിനോടു കലർത്തി ജപങ്ങളും
അപ്പോൾതന്നെ ഗ്രഹിപ്പിച്ചു തന്നവൾ" (I/48-50).

ആ നല്ല അമ്മ എന്നെ ശാരീരികമായും ആത്മീയമായും പോഷിപ്പിച്ചു. പാലിനോടൊപ്പം പ്രാർത്ഥനകളും കലർത്തി എന്നെ ഗ്രഹിപ്പിച്ചുകൊണ്ട് ദൈവത്തിലേക്ക് എന്നെ തിരിപ്പിച്ചു.

"ദൃഢംവന്നപ്പോൾ ജപങ്ങളൊക്കെയും
ദൃഢതയോടെ പഠിപ്പിച്ചു നിശ്ചയം
അന്നവളുടെ കാൽക്കലിരുന്നു ഞാൻ
മന്ദമന്ദമറിഞ്ഞു ദൈവത്തെയും
എന്നുമവൾ രാത്രി പാതിരാനേരത്തും
മന്ദം നീക്കിയുണർന്നെഴുന്നേറ്റിട്ട്
മുട്ടുകുത്തി നമസ്ക്കാരം ചെയ്യുമ്പോൾ
ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിരുന്നു" (I/51-58).

കുഞ്ഞായ ഞാൻ അമ്മയുടെ കാൽക്കലിരുന്ന് അമ്മയിൽനിന്ന് ദൈവ

സമയത്തും ഉണർന്നെഴുന്നേൽക്കുമായിരുന്നു ആ ദൈവഭക്ത. എന്നെയും ഉണർത്തും. മുട്ടുകുത്തി നമസ്ക്കരിക്കുന്ന അമ്മയെ ഞാൻ സസൂക്ഷ്മം വീക്ഷിക്കും. മുട്ടിന്മേൽ ചാഞ്ഞിടാൻ ശ്രമിക്കും.

"പരംജ്യോതിയേ, ഈശോയേ രക്ഷിക്ക
പാരിതിൻ പുഷ്പമേ, ജയ,ജയ" (I/67-68).

എത്ര വിശേഷമായ ജപമാണിത്! ഈശോയെ പരംജ്യോതിയെന്ന് വിശേപ്പിച്ചിരിക്കുന്നു. രക്ഷിക്കണമെന്ന് അർത്ഥിക്കുന്നു. അവിടുന്ന് പാരിതിന്റെ പുഷ്പമാണ്. ഭൂമിയിൽ മുളച്ചുവളർന്ന് പുഷ്പിച്ച ഇഹ ലോകത്തിന്റെ പ്രതീകമായി ദൈവസവിധത്തിൽ നിലകൊള്ളുന്ന സുന്ദരസൂനം. അവിടുത്തെ വാഴ്ത്തിപ്പുകഴ്ത്തുന്നു അമ്മ: ജയ, ജയ.

ഇപ്രകാരമുള്ള നമസ്ക്കാരങ്ങൾ നന്ദിയോടെ അമ്മ ജപിച്ചു കൊണ്ടിരിക്കുമ്പോൾ മന്ദമായ് ഞാനതു കേട്ടുകൊണ്ടിരിക്കും; ഇടയ്ക്ക് സുന്ദരിയുടെ പാദത്തിലിരുന്ന് ഉറങ്ങിപ്പോകുകയും ചെയ്യും (I/63-66).

ഞാൻ സംസാരിക്കാൻ തുടങ്ങിയപ്പോൾ അമ്മ ചെയ്തെന്താണെന്നോ?

"അക്കാലം നാവിളക്കുവാൻ നേരത്തു
പൊക്കിക്കാട്ടി പറയിക്കും ദൈവത്തിൻ
ശുദ്ധനാമമാമീശോമറിയവും
ശുദ്ധനായ മാർ യൗസേപ്പിൻനാമവും" (I/67-70).

കുഞ്ഞായ എന്നെ പൊക്കിപ്പിടിച്ചുകൊണ്ടാണ് അമ്മ എന്നെക്കൊണ്ട് ദൈവത്തിന്റെയും ഈശോയുടെയും മറിയത്തിന്റെയും മാർ യൗസേപ്പിന്റെയും നാമങ്ങൾ ഉച്ചരിപ്പിച്ചിരുന്നത്. ആ പൊക്കിക്കാട്ടലിലൂടെ ഞാൻ സ്വർഗ്ഗഗേഹത്തിലേക്കു തിരിഞ്ഞു. തിരുക്കുടുംബത്തോടുള്ള ഭക്തി അന്നുമുതലേ എന്നിൽ അങ്കുരിച്ചു.

അമ്മ പഠിപ്പിച്ച ചില ദിവ്യരഹസ്യങ്ങൾ ഞാനിപ്പോഴും ഓർക്കുന്നുണ്ട്. പ. ത്രിത്വത്തെക്കുറിച്ച് പ്രിയ ജനനി എന്നെ പറഞ്ഞു മനസ്സിലാക്കി. ദിവ്യസുതൻ കന്യകാമാതാവിന്റെ ഉദരത്തിൽ വന്നു ജനിച്ച മഹാസംഭവം വിശദീകരിച്ചുതന്നു. പീഡാനുഭവം, മരണം, ഉത്ഥാനം തുടങ്ങിയ രഹസ്യങ്ങൾ ഓരോരോ ദിവസം ചൊല്ലിപഠിപ്പിച്ചു (I/71-77). കുട്ടിയായ ഞാൻ ചിലപ്പോൾ അശ്രദ്ധ കാണിച്ചപ്പോൾ അമ്മ ചെയ്തതെന്താണെന്നോ? കണ്ണുരുട്ടി എന്നെ പേടി

പ്രിയപ്പെട്ടവരേ, നിങ്ങളുടെയും ജീവിതകഥ ഇപ്രകാരമല്ലേ യെന്ന് ഓർത്തുനോക്കുവിൻ. ദൈവത്തിന്റെ അനന്തകാരുണ്യം അമ്മ യിലൂടെ നിങ്ങളിലും വർഷിച്ചിട്ടില്ലേ? തിരുക്കുടുംബഭക്തിയിലേക്ക് നിങ്ങളെ പ്രിയജനനി തിരിപ്പിച്ചിട്ടില്ലേ? ഓരോന്നും നന്ദിയോടെ, സ്നേഹത്തോടെ, സന്തോഷത്തോടെ അനുസ്മരിക്കുവിൻ. ചെറു പ്പത്തിൽതന്നെ തിരുക്കുടുംബത്തിലേക്കും സ്വർഗ്ഗീയ കുടുംബത്തി ലേക്കും നിങ്ങളെ തിരിപ്പിച്ചതിന് കാരുണ്യവാനായ കർത്താവിനോട് "നന്ദി ദൈവമേ, നന്ദി ദൈവമേ

നിത്യവും നിത്യവും നന്ദി ദൈവമേ!" എന്നാലപിച്ചുകൊണ്ടി രിക്കുവിൻ.

പത്തുവർഷം അമ്മയുടെ കലാലയത്തിൽ ഞാൻ ദൈവിക വിദ്യ അഭ്യസിച്ചു. അപ്പോൾ അപ്രതീക്ഷിതമായി ദൈവം എന്നെ അന്വേഷിച്ചുവന്നു.

"ഇങ്ങനെദശവത്സരം ചെന്നപ്പോൾ

അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ" (I/113-114).

ദൈവവിളി ലഭിച്ചതിനെക്കുറിച്ചാണ് ഞാനിവിടെ അനുസ്മരിക്കുക. വൈദികാന്തസ്സിൽ പ്രവേശിച്ചവരായി ഞങ്ങളുടെ തറവാട്ടിൽ അന്നുവരെ ആരുമില്ലായിരുന്നു. അപ്പോഴാണ് ഒരു പുരോഹിതൻ വീട്ടിൽ കയറി വന്നത്. അദ്ദേഹം അമ്മയോടു പറഞ്ഞു:

"ദ്വിപുത്രന്മാരിലേകൻ ദൈവത്തിനു

ദാനം ചെയ്യുന്നതെത്രയുത്തമം" (I/123-124).

അമ്മ ആ വചനം ശ്രവിച്ചപ്പോൾ വളരെ സന്തോഷിച്ചു. ദൈവത്തിന്റെ വഴികൾ എത്രയോ വിസ്മയകരം! അവിടുത്തേക്കുമാത്രമായി എന്നെ തിരഞ്ഞെടുത്തിരിക്കുന്നു! അവർണ്ണനീയമായ മഹാദാനമല്ലേ എനിക്കും സന്ന്യാസവൈദികരായ നിങ്ങളിൽ പലർക്കും ലഭിച്ചിരി ക്കുന്നത്?

'ദൈവം തന്നുടെയന്തികേ ചേരുവാൻ

ദയാധിക്യത്തിനാൽ തിരുച്ചിത്തമായി" (I/127-128).

ദൈവമേ, എല്ലാം അങ്ങയുടെ കരുണ! സങ്കീർത്തകനോടൊത്ത് ഞാനുമാലപിക്കട്ടെ: "കർത്താവ് എന്റെമേൽ ചൊരിഞ്ഞ അനുഗ്ര ഹങ്ങൾക്ക് ഞാൻ എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രമുയർത്തി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും" (സങ്കീ 116:12-13).

ദയാനിധിയായ ദൈവം ഓമൽസുതന്റെ വളർത്തുപിതാവായ മാർ യൗസേപ്പിന്റെ നാമത്തിലുള്ള ദേവാലയത്തിലേക്കാണ് എന്നെ

ആനയിച്ചത്. ആ സ്ഥലമായി അവിടുത്തെ അജമായ എന്റെ മേച്ചിൽസ്ഥലം (I/129-135). പള്ളിയിലെ അച്ചനാണ് എന്നെ കാത്തു വളർത്തിയത്. ദിവ്യപൂജയിൽ സംബന്ധിക്കുവാനും ശുശ്രൂഷിക്കുവാനും പൂജ്യമായ് ചരിച്ചീടാനും പുണ്യമായ് നടന്നീടാനുമൊക്കെ ദൈവം അദ്ദേഹം വഴിയായി എന്നെ പഠിപ്പിച്ചു. പ്രിയപ്പെട്ടവരേ, നിങ്ങളുടെ ദൈവവിളിയെക്കുറിച്ച് പരിചിന്തിക്കുവിൻ. കർത്താവ് നിങ്ങളെ തേടിവന്ന അവസരം നന്ദിയോടും സ്നേഹത്തോടും കൂടി ഓർമ്മിക്കുവിൻ. നമ്മെ തന്റേതാക്കിത്തീർക്കാൻ നമ്മിലേക്കു തിരിഞ്ഞു വന്നവനെ പാടിപ്പുകഴ്ത്തുവിൻ.

4.4.4. വർത്തനപ്രചോദനമേകുന്ന പ്രപഞ്ചം

തന്നിലേക്ക് നമ്മെ തിരിപ്പിക്കുവാൻ മനുഷ്യരെ മാത്രമല്ല ദൈവം ഉപയോഗിക്കുക. പ്രകൃതിയും പ്രപഞ്ചവും ദിവ്യമഹത്ത്വത്തെ വിളിച്ചോതുന്നവയാണ്. "നഭോമണ്ഡലം ദൈവമഹത്ത്വത്തെ പ്രഘോഷിക്കുന്നു; ആകാശങ്ങൾ അവിടുത്തെ കരവേലയെ വിളിച്ചോതുന്നു. ദിനംതോറും അവർ സംസാരിക്കുന്നു; രാത്രിതോറും വിജ്ഞാനം പ്രദർശിപ്പിക്കുന്നു. അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷണമോ ഭാഷയോ ഇല്ല. ഭൂതലത്തിലാസകലം ആ ശബ്ദം മുഴങ്ങുന്നു; ആ ഭാഷണം ലോകത്തിന്റെ അറ്റത്തോളമെത്തുന്നു." (സങ്കീ 19:1-14). കവിയുടെ ഈ മിസ്റ്റിക്കൽ ദർശനത്തിൽ പങ്കുപറ്റുവാൻ ദൈവം എനിക്കും ഭാഗ്യം നൽകി. പ്രപഞ്ചത്തിന്റെയും പ്രകൃതിയുടെയും സൗന്ദര്യത്തിലൂടെ എന്നെ അവിടുത്തെ ശാശ്വതസൗകുമാര്യത്തിലേക്ക് ആനയിച്ചു:

"ആകാശഗമനവുമാദിത്യചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രക്കൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലം സമസ്തവും സൂക്ഷിച്ചുനോക്കിക്കണ്ട്
ഇതൊക്കെ സൃഷ്ടിച്ചതിനെന്തുകാരണമെന്നും
ഇതിനെ കണ്ടുനിന്റെ മഹിമ ഗ്രഹിപ്പാനും
ഇപ്പോലെയുള്ള ഭാഗ്യമിലോകെവച്ചുവെങ്കിൽ
അപ്പരലോകെയുള്ള ഭാഗ്യങ്ങളെത്രചിത്രം" (II/291-298).

ആകാശം നീങ്ങിനീങ്ങിപ്പൊയ്ക്കൊണ്ടിരിക്കുന്നതായി നിങ്ങൾക്കനുഭവപ്പെട്ടിട്ടില്ലേ? സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും ഗ്രഹങ്ങളെയും നിങ്ങൾ സൂക്ഷിച്ചുനോക്കിയിട്ടുണ്ടോ? ഭൂമിയിൽ മുളച്ചുവരുന്ന പുല്ലുപുഷ്പാദികളെ നിരീക്ഷിച്ചിട്ടുണ്ടോ? എന്തിന്, ഭൂതലം

മുഴുവൻ സൂക്ഷ്മവീക്ഷണത്തിന് വിധേയമാക്കിയിട്ടുണ്ടോ? ധ്യാന പൂർവ്വമായ നോക്കിക്കാണലിനെയാണ് ഞാനിവിടെ വിവക്ഷിക്കുക. ഇത്തരം പരിചിന്തനങ്ങൾ നമ്മിൽ ശാശ്വതഭാവങ്ങൾ ഉളവാക്കും. എന്തിനാണിവ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്? നമ്മെ സർവ്വേശ്വരന്റെ സവിധത്തിലേക്ക് ആനയിക്കാനല്ലേ? അവിടുത്തെ മഹത്ത്വമല്ലേ പ്രപ ഞ്ചത്തിലും പ്രകൃതിയിലും തിളങ്ങിനിൽക്കുന്നത്? ദൈവം പ്രപ ഞ്ചത്തെ എത്ര ഭംഗിയായി അലങ്കരിച്ചിരിക്കുന്നു! അവിടുത്തെ സൗന്ദ ര്യത്തിന്റെ അകന്ന പതിപ്പുകളല്ലേ അവ? ഭൂതലം ഇത്രയും മനോഹ രമാണെങ്കിൽ സ്വർഗ്ഗലോകത്തിന്റെ ചാരുരൂപം മനുഷ്യസങ്കല്പ ങ്ങൾക്ക് അതീതംതന്നെ, നിശ്ചയം.

ഈശോനാഥൻ ഇത്തരം ദർശനത്തിന്റെ ഉടമയായിരുന്നുവെന്ന് പറയാം. അവിടുന്ന് നമ്മോട് ആകാശത്തിലെ പറവകളെ സസൂക്ഷ്മം ദർശിക്കുവാൻ ആവശ്യപ്പെടുന്നു; വയലിലെ ലില്ലിപ്പുഷ്പങ്ങൾ എങ്ങനെ വളരുന്നുവെന്ന് നോക്കിക്കാണുവാൻ നിർബന്ധിക്കുന്നു. സ്വർഗ്ഗീയ പിതാവിന്റെ പരിപാലനമാണ് രണ്ടിടത്തും കർത്താവിന് അനുഭവപ്പെ ട്ടത്. താതന്റെ സ്നേഹസാന്നിദ്ധ്യം അതിലൂടെ അനുഭവിച്ചറിഞ്ഞ് അവി ടുത്തിലേക്ക് തിരിഞ്ഞിരുന്നവനാണ് ആ വത്സലതാതൻ (മത്താ 6:25-34). കർത്താവിന്റെ കാഴ്ചപ്പാടിൽ പിതാവ് സ്വർഗ്ഗത്തിന്റെയും ഭൂമി യുടെയും അതിനാഥനത്രേ (ലൂക്കാ 10:21). വാനിടവും ഭൂതലവും അവി ടുത്തെ തിരുസാന്നിദ്ധ്യംകൊണ്ട് നിറഞ്ഞിരിക്കുന്നത് ദർശിച്ചപ്പോൾ പരി ശുദ്ധാത്മാവിൽ ആനന്ദനിർലീനനായി ദിവ്യതനയൻ. തിരുക്കുടുംബ ത്തിന്റെ കേന്ദ്രബിന്ദുവായ ഈശോയുടെ ഇത്തരം കാഴ്ചപ്പാടിന്റെ ഒരംശം മാത്രമാണ് അയോഗ്യനായ എനിക്ക് കരഗതമായത്. പ്രപഞ്ച ത്തിലൂടെയും പ്രകൃതിയിലൂടെയും സ്വർഗ്ഗീയ കുടുംബത്തിലേക്ക് തിരി യുവാൻ ആ ദർശനം എന്നെ പ്രാപ്തനാക്കി.

4.4.5. നശ്വരത, ഒരു വർത്തനഹേതു

ദൈവികസൗന്ദര്യത്തിന്റെ അകന്ന നിഴലുകളായ ഭൂതലം മറ്റൊരു കാര്യം നമ്മെ പഠിപ്പിക്കുന്നു. നശ്വരമാണവ. ദൈവം മാത്ര മാണ് അനശ്വരൻ. നശ്വരത ധ്യാനവിഷയമാക്കിയാൽ അനശ്വരനായ അവിടുന്നിലേക്ക് തിരിയുവാനുള്ള അനുഗ്രഹം കൈവരും. അപ്ര കാരമുള്ള ഒരു വരം അനർഹനായ എനിക്ക് കർത്താവ് നൽകി.

പുല്ലുപുഷ്പാദികുടുംബത്തിന്റെ നശ്വരസ്വഭാവം ഞാൻ ധ്യാനവിഷയമാക്കി:

"ഭൂമിയുമതിൻമീതെ കാണുന്ന സമസ്തവും

ഭേദംകൂടാതെ മാറിനീങ്ങുന്നു ക്ഷണേ ക്ഷണേ
ഇന്നുകാണുന്ന പച്ചപുല്ലതുനാളെത്തന്നെ
മന്ദിച്ചു വരളുന്നു, വാടുന്നു സൂര്യോക്ഷ്ണത്താൽ
മെച്ചമായ്കണ്ടീടുന്ന പുഷ്പങ്ങൾ ബഹുവിധം
ഇച്ഛയായതിനുള്ള ശോഭയും സുഗന്ധവും
എത്രയും ക്ഷണംകൊണ്ട് മാറിപ്പോയ് വീണീടുന്നു
ചിത്രമായതിനുള്ളൊരഴകുമൊക്കെപ്പോകും (II/309-316)

നയനമനോഹരവും ആകർഷണീയവും സുഗന്ധപൂരിതവുമാണ് കുസുമങ്ങൾ. പക്ഷേ അവയ്ക്ക് നിലനിൽപ്പില്ല. ഭൂമിയിലെ സമസ്ത വസ്തുക്കളും ക്ഷണികങ്ങൾ മാത്രം. ഇത്തരം ചിന്തകൾ അനശ്വരനും ശാശ്വതസൗന്ദര്യപൂരിതനും സർവ്വത്തിന്റെയും അധീശനുമായവനിലേക്ക് തിരിയുവാൻ നമ്മെ പ്രേരിപ്പിക്കും. അതാണ് അവിടുത്തെ ഉദ്ദേശ്യവും.

സൃഷ്ടവസ്തുക്കളിൽ മാത്രമല്ല നശ്വരത പ്രകടമാകുക. മനുഷ്യർ അത്യന്തം വിലമതിക്കുകയും സ്നേഹിക്കുകയും നിലനിർത്തുവാൻ ബദ്ധപ്പെടുകയും ചെയ്യുന്ന സമ്പത്ത്, സൗന്ദര്യം, ബുദ്ധിവിശേഷം തുടങ്ങിയവയും അധികനാൾ നിലനിൽക്കുകയില്ല. ഈ സത്യം നന്നായി ഗ്രഹിക്കുവാനും അവയിൽ പ്രത്യാശവയ്ക്കാതെ ദൈവത്തിലേക്ക് തിരിയുവാനും അവിടുത്തെ സേവിക്കുവാനും എനിക്ക് അനുഗ്രഹവും ലഭിച്ചു. നർമ്മരസം കലർന്ന ഭാഷയിലാണ് ഈ നശ്വരസ്വഭാവം ഞാൻ വർണ്ണിച്ചിട്ടുള്ളത്.

"ഇന്നിപ്പോൾ ഗൃഹസ്ഥനായ്ക്കാണുന്ന ദ്രവ്യസ്ഥനെ
മന്ദഹാസത്താൽ പലർ സ്നേഹിച്ചുസേവിക്കുന്നു
ബുദ്ധിമാനിവൻ ബഹുശക്തിമാൻ സമർത്ഥനു
മബ്ധിയിൽ മണലുപോൽ വിത്തസമ്പത്തുമുണ്ട്
വാക്കുകൾ പറയുമ്പോൾ ചേർച്ചയായ്ത്തോന്നീടുന്നു
പാക്കുവെറ്റിലകളാൽ ചുവക്കും ചുണ്ടുകളും
സുന്ദരനിവൻ മഹാശോഭിതൻ കാണുന്നോർക്കു
സുന്ദരന്മാരായിടും പുത്രന്മാർ പുത്രികളും
ഇങ്ങനെയുള്ള ബഹുഭംഗികൾ പലതരം
അങ്ങനെ ചില നാളുകഴിഞ്ഞോരനന്തരം
ഒരുനാളിവൻതന്നെ വടിയും കൈയിലേന്തി
വരുമാറതും കണ്ടുസൂക്ഷിക്കുംബഹുജനം
'ഓഹോയീദേഹമേതെന്നാ ശങ്കതോന്നുനല്ലോ

ആഹാ, ഹാ, സർവ്വേശരായീയാൾക്കിതെന്തുവന്നു?!'
'വന്നതുമൊന്നുമില്ലാ പോയതുമൊന്നുമില്ല
വന്നതുപോലെയുള്ളതൊക്കെയുമിപ്പോഴുണ്ട്.'
എന്നതുപരമാർത്ഥമെങ്കിലും മുന്നമിവൻ
മന്ദഹാസത്താൽ ജീവിച്ചെന്നതു കണ്ടോരുണ്ടോ?
അന്നിവനുടെ ബുദ്ധിശക്തിയുമെത്ര ചിത്രം
ഇന്നതൊക്കെയുമോർത്താലെന്തൊരു വിസ്മയമേ! (II/317-336).

സ്വർഗ്ഗീയകുടുംബം സൃഷ്ടികർമ്മത്തിലൂടെയും, പരിപാലനത്തിലൂടെയും, ജനനിയിലൂടെയും ,ജ്ഞാനസ്നാനത്തിലൂടെയും, കന്നികാമാതാവിന്റെ അടിമയാക്കിയതിലൂടെയും, പ്രപഞ്ചത്തിലൂടെയും, നശ്വരത എന്ന പ്രതിഭാസത്തിന്റെ സന്ദേശത്തിലൂടെയും എന്നിലേക്കു തിരിഞ്ഞ വിധങ്ങൾ ഓരോന്നായി മനോമുകുരത്തിൽ ദർശിച്ചപ്പോൾ ഞാൻ അത്ഭുതസ്തബ്ധനായി. ദൈവകാരുണ്യത്തിന്റെ അവാച്യമായ കഥയാണല്ലോ എന്റെ ജീവിചരിത്രം! അതോർത്തപ്പോൾ കണ്ണുകൾ നിറഞ്ഞൊഴുകി. എന്നിലേക്ക് തിരിഞ്ഞ കർത്താവിനോട് പൂർണ്ണമായി പ്രതികരിക്കാതെ അവിടുന്നിലേക്ക് ഭാഗികമായിമാത്രം തിരിഞ്ഞ പാപിയാണല്ലോ ഞാൻ എന്ന ചിന്ത എന്നെ അത്യധികം വേദനിപ്പിച്ചു. *അഗതിത്വ*ത്തെക്കുറിച്ചുള്ള സല്ലാപചിന്തയിൽ ഞാൻ പാപിയാണെന്നുള്ള ഏറ്റുപറച്ചിലിന്റെ പാഠങ്ങൾ നല്കിയിട്ടുണ്ടല്ലോ. എന്റെ വ്യക്തിഗതമായ പാപങ്ങളെക്കുറിച്ചുമാത്രമല്ല ഞാൻ വിലപിച്ചത്:

"എന്നുടെയാദിപിതാ ചെയ്തൊരു പാപ-
ത്താലേ നന്മയൊക്കെയും നശിപ്പിച്ചു ഞാനെന്നാകിലും"
(II/163-164)

മനുഷ്യകുലത്തിന്റെ പാപസ്ഥിതി എന്റേതാക്കി, അവരുടെ പ്രതീകമായിത്തീർന്നുകൊണ്ട് പ്രലപിക്കുകയായിരുന്നു ഞാൻ. പ്രിയ മക്കളേ, ഒരു കാര്യം നിങ്ങൾ ഗ്രഹിക്കണം. ജ്ഞാനസ്നാനവേളയിൽ ലഭിച്ച പ്രസാദവരം പാപംമൂലം നശിപ്പിക്കാത്തവനായിരുന്നു ഞാനെന്ന് നിങ്ങൾക്കറിയാമല്ലോ. പിന്നെ എന്തുകൊണ്ടാണ് മഹാപാപി തുടങ്ങിയ സംജ്ഞകളാൽ ഞാൻ സ്വയം വിശേഷിപ്പിച്ചത്? പരിശുദ്ധിതന്നെയായ ദൈവത്തോട് അടുക്കുന്ന തോതനുസരിച്ച് മനുഷ്യന് തന്റെ നീചത്വത്തെയും അപൂർണ്ണതയെയുംകുറിച്ചുള്ള ബോദ്ധ്യം വർദ്ധിച്ചുവരും. മനുഷ്യവംശത്തിന്റെ പാപാവസ്ഥ തന്റേതായി പരിഗണിച്ച് അനുതാപക്കണ്ണീരൊഴുക്കി മാപ്പപേക്ഷിക്കും. നമ്മുടെ കുബ്ബാനക്രമം ഇത്തരം ദർശനം സാത്മീകരിച്ചിരിക്കുന്നു.

പാപി, ബലഹീനൻ, ദുർഭഗൻ, വഷളൻ, അക്രമം പ്രവർത്തിക്കുന്നവൻ, നീചൻ, ദുഷ്ടൻ തുടങ്ങിയ എത്രയോ പര്യാപദങ്ങളാലാണ് മനുഷ്യനെ വിശേഷിപ്പിച്ചിട്ടുള്ളത്! പാപങ്ങളും കടങ്ങളും പൊറുക്കുവാനുള്ള നിരന്തരമായ യാചനയാണ് മിക്ക പ്രാർത്ഥനകളും. വിശുദ്ധ കുർബ്ബാന സ്വീകരിക്കുമ്പോഴും സ്വീകരിച്ചശേഷവും പാപപൊറുതിക്കായുള്ള അപേക്ഷ ആവർത്തിക്കുകയാണ്. പാപത്തെക്കുറിച്ചുള്ള അവബോധം ഇന്നത്തെ തലമുറയിൽ കുറഞ്ഞുവരികയാണല്ലോ. സന്ന്യാസിനീസന്ന്യാസികളായ നിങ്ങളിലും ആ ലൗകികമായ ചിന്താഗതി നുഴഞ്ഞുകയറിയിട്ടില്ലേ? ഈ ധ്യാനാവസരത്തിൽ പ്രത്യേകമായി നിങ്ങൾ കേണപേക്ഷിക്കണം, പാപത്തെക്കുറിച്ചുള്ള ആഴമായ ബോദ്ധ്യമെന്ന വരത്തിനായി.

4.5. സല്ലാപചിന്ത III - കാരുണ്യാലാപനം

4.5.1. കാരുണ്യവാനായ ദൈവം

ബൈബിൾ ദൈവകാരുണ്യത്തിന്റെ കഥയാണ്. കുർബ്ബാനയെ കാരുണ്യാഘോഷമെന്ന് വിശേഷിപ്പിക്കാം. ദിവ്യകാരുണ്യമെന്നാണല്ലോ നമ്മുടെ പൂർവ്വികന്മാർ അതിന് നൽകിയിരിക്കുന്ന നാമം. *ഹെസെദ്* എന്ന ഹീബ്രുപദമാണ് (സുറിയാനിയിൽ *റഹ്മേ, ഹനാനാ*) കാരുണ്യത്തെ കുറിക്കുവാൻ ബൈബിളിൽ ഉപയോഗിച്ചിരിക്കുക. അതിൽ സ്നേഹം, ആർദ്രത, ക്ഷമാശീലം, വിശ്വസ്തത, സ്ഥിരത, ദൃഢത തുടങ്ങിയ ആശയങ്ങൾ ഉൾക്കൊള്ളുന്നു. ദൈവത്തിന്റെ മാതൃഹൃദയത്തിന്റെ സ്പന്ദനം ഹൊസേ 11:1-9ൽ കാണാം. മനുഷ്യനെ തന്നിലേക്കു തിരിപ്പിക്കുവാൻ ശിക്ഷയെന്ന ശിക്ഷണം ഉപയോഗിച്ചിട്ടും അവൻ കൂടുതൽ പിൻതിരിഞ്ഞുപോകുന്നത് കണ്ടപ്പോൾ ഹൃദയം തകർന്ന് വിലപിക്കുകയാണ് അവിടുന്ന്. "എഫ്രായീം, ഞാൻ നിന്നെ എങ്ങനെ ഉപേക്ഷിക്കും? ഇസ്രായേൽ, ഞാൻ നിന്നെ എങ്ങനെ കൈവിടും? ഞാൻ നിന്നെ എങ്ങനെ അദ്മായയെപ്പോലെയാക്കും? സെബോയിമിനോടെന്നപോലെ നിന്നോടെങ്ങനെ പെരുമാറും? (വാക്യം 9). ദൈവത്തിന്റെ ഹൃദയത്തിൽ നീതിയും കാരുണ്യവും തമ്മിൽ സംഘട്ടനം നടക്കുന്നതായി പ്രവാചകൻ വിഭാവനം ചെയ്യുന്നു. അവസാനം സ്നേഹാർദ്രനായ ദിവ്യതാതൻ നീതിയെ ത്യജിച്ച് കരുണയെ പുൽകുവാൻ തയ്യാറാവുകയാണ്. അതിന് അവിടുത്തേക്ക് വലിയ വില കൊടുക്കേണ്ടിവന്നു. തന്റെ ഏകജാതനെ മാനവരുടെ പാപങ്ങൾക്കായി മരണമെന്ന ശിക്ഷയ്ക്ക് കയ്യേൽപ്പിക്കുവാൻ നീതിയുടെ നാഥൻ സന്നദ്ധനായി.

ഇപ്രകാരം ബൈബിളിലെ ദൈവത്തിന്റെ മുഖം കാരുണ്യ സ്നേഹത്തിന്റെയും ദയാർദ്രതയുടേതുമാണ്. കാരുണ്യത്തിന്റെ കരകാണാത്ത കടലാണ് കർത്താവ്. എങ്ങും കടൽ, എങ്ങും കാരുണ്യം. അവിടുത്തെ ചിന്തകളും ഭാഷണങ്ങളും പ്രവർത്തനങ്ങളും *ഹെസെദി*ന്റെ ഭാഷ്യങ്ങളാണ്. സൃഷ്ടി, ശിക്ഷ, വിമോചനം, ഉടമ്പടി, ദേശം, ദേവാലയം, വിപ്രവാസം, പുതിയ പുറപ്പാട്, നവ്യ ഉടമ്പടി, മനുഷ്യാവതാരം, പരിത്രാണനം, പവിത്രീകരണം, കൂർബ്ബാന സ്ഥാപനം - എല്ലാം കാരുണ്യത്തിൽ നിന്നുരുത്തിരിയുന്നു, കാരുണ്യത്തിലേക്ക് നയിക്കുന്നു, കാരുണ്യത്തിൽ വിലയം പ്രാപിക്കുന്നു. സത്യവും കാരുണ്യവും തമ്മിൽ സന്ധിക്കുകയും ആശ്ലേഷിക്കുകയും ചെയ്യുന്നതായ സങ്കീ 85:10 ലെ വാക്യം എത്ര മനോഹരമാണ്! ദൈവത്തിന് ഒരു സത്യമേയുള്ളൂ കാരുണ്യമെന്ന സത്യം. ദൈവത്തിന് ഒരു ധാർമ്മികതയേയുള്ളൂ, കാരുണ്യത്തിന്റെ ധാർമ്മികത. അത് രക്ഷാദായകമാണ്. തോബിത്ത് ദൈത്തെക്കുറിച്ച് പ്രഖ്യാപിക്കുന്നു: "അങ്ങയുടെ വഴികളെല്ലാം കാരുണ്യവും സത്യവുമാകുന്നു" (തോബി 3:2). നെഹെ 9:17-33ൽ ദൈവത്തിന്റെ കാരുണ്യത്തിന്റേതായ രക്ഷാചരിത്രം സംക്ഷിപ്തരൂപത്തിൽ നൽകിയിട്ടുണ്ട്.

4.5.2. കാരുണ്യമൂർത്തി

മാനവരൂപമെടുത്ത ദിവ്യനന്ദനൻ കാരുണ്യത്തിന്റെ മൂർത്തരൂപംതന്നെയാണ്. കരകാണാകടലായി അവിടുന്ന് സ്വയം വെളിപ്പെടുത്തി. ദൈവപുത്രൻ മാനവരുടെ ദൗർബ്ബല്യങ്ങൾ ഏറ്റെടുക്കുകയും അംഗങ്ങൾ സംവഹിക്കുകയും ചെയ്തു (മത്താ 8:17). അവരോടൊത്ത് സഹതപിച്ചു (മത്താ 9:36). അവരിൽ മനസ്സലിഞ്ഞു (ലൂക്കാ 7:13). ലാസറിന്റെ മരണവേളയിൽ ആർദ്രഹൃദയൻ നെടുവീർപ്പിടുകയും പൊട്ടിക്കരയുകയും ചെയ്തു (യോഹ 11: 33-35). "ഞാൻ കാരുണ്യമാണ് ആഗ്രഹിക്കുന്നത്, ബലിയല്ല" എന്ന ഹൊസെ 6:6ലെ തിരുവചനം രണ്ടുപ്രാവശ്യം അവിടുന്ന് ഉദ്ധരിച്ചു (മത്താ 9:13; 12:7). "ദാവീദിന്റെ പുത്രനായ ഈശോയേ എന്നോടു കരുണ തോന്നണമേ" എന്നപേക്ഷിക്കുന്ന ആരേയും നിരാശനായി തിരിച്ചയയ്ക്കുവാൻ അശക്തനായിരുന്നു അവിടുന്ന് (മർക്കോ 10:46-52; മത്താ 15:21-28). പിശാചുബാധിതനെ സുഖപ്പെടുത്തിയശേഷം അവനെ പറഞ്ഞയക്കുന്നത് ഇപ്രകാരം ഉദീരണം ചെയ്തുകൊണ്ടാണ്: "കർത്താവ് എന്തെല്ലാം നിനക്കായി ചെയ്തെന്നും എങ്ങനെയെല്ലാം കാരുണ്യം കാണിച്ചെന്നും വീട്ടിലും ബന്ധുജനങ്ങളുടെയും

അടുത്തുപോയി അറിയിക്കുക" (മർക്കോ 5:19). അവസാനം കാരുണ്യരൂപൻ മാനവപാപത്തിനുള്ള ശിക്ഷ സ്വയം കൈവരിക്കുകയും മർത്ത്യപരിത്രാണം നേടിയെടുക്കുകയും ചെയ്തു.

4.5.3. *കാരുണ്യത്തിന്റെ പ്രഘോഷക*

മാതാവിൽ ദൈവികകാരുണ്യം കരകവിഞ്ഞൊഴുകി. ആ ദയാർദ്രത അമ്മയെ അമലോത്ഭവയാക്കിത്തീർത്തു; ദൈവത്തിന്റെ ജനനിയാക്കി ഉയർത്തി; സഹരക്ഷകയാക്കി രൂപപ്പെടുത്തി. മറിയത്തിന്റെ കീർത്തനം (ലൂക്കാ 1:46-55) ദിവ്യകാരുണ്യത്തിന്റെ പ്രഘോഷണമാണ്. സർവ്വേശ്വരന്റെ കാരുണ്യം തലമുറതോറും നിലനിൽക്കുന്നുവെന്ന് അമ്മ ഉദ്ഘോഷിച്ചു. തന്റെ ചരിത്രത്തിൽ ഉടമ്പടീജനത്തിന്റെയും ലോകജനതയുടെയും ചരിത്രം കണ്ടെത്തുകയാണവൾ. അതെല്ലാം ജഗദീശ്വരന്റെ കാരുണ്യത്തിന്റെ കഥയത്രേ. തന്റെ ഭുജം കൊണ്ട് ശക്തിപ്രകടമാക്കുന്നതിലും, ഹൃദയത്തിലഹങ്കാരമുള്ളവരെ ചിതറിക്കുന്നതിലും, ശക്തരെ സിംഹാസനങ്ങളിൽനിന്ന് മറിച്ചിടുന്നതിലും, വിനീതരെ ഉയർത്തുന്നതിലും, വിശക്കുന്നവർക്ക് നല്ല വിഭവങ്ങൾ നല്കുന്നതിലും, സമ്പന്നരെ വെറും കൈയ്യായി പറഞ്ഞയ്ക്കുന്നതിലുമെല്ലാം നിറഞ്ഞുനിൽക്കുന്നത് ദൈവത്തിന്റെ കരുണയാണ്. തിരഞ്ഞെടുക്കപ്പെട്ട ജനം തന്റെ കരുണ അനുസ്മരിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. അവരുടെ പ്രതീകമായിത്തീർന്നുകൊണ്ട് മറിയം ആ കാരുണ്യത്തിന്റെ കഥ ആലപിക്കുകയാണ്.

4.5.4. *കുർബ്ബാന, ഒരു കാരുണ്യാഘോഷം*

കുർബ്ബാനയിൽ നിരന്തരം ആവർത്തിച്ചിരിക്കുന്നു കാരുണ്യം (77 പ്രാവശ്യം), ദയ (17 പ്രാവശ്യം) എന്നീ ധാതുക്കൾ. ദൈവത്തെ താഴെ പറയുന്ന സംജ്ഞകളാൽ വിശേഷിപ്പിക്കുന്നു: കരുണാസമ്പന്നൻ, കാരുണ്യത്തിന്റെ പിതാവ്, കാരുണ്യപൂരിതനായ പിതാവ്, കാരുണ്യവാനായ ദൈവം, ദയാപരൻ, ദയയിൽ ധാരാളിയായവൻ. ചില ശൈലികൾ അതിമനോഹരമാണ്. സ്വർഗ്ഗത്തിലേക്കുള്ള വാതിലിനെ കാരുണ്യത്തിന്റെ വാതിലായി ചിത്രീകരിച്ചിരിക്കുന്നു. അവിടുത്തെ വലംകൈ കാരുണ്യത്തിന്റേതാണ്. കാരുണ്യത്തിന്റെ സമുദ്രം തന്നെയാണ് സർവ്വേശ്വരൻ. കാരുണ്യത്തിന്റെ സമ്പത്ത് മാനവർക്കു നല്കുന്നവൻ. അത്യന്തമില്ലാത്ത കാരുണ്യവും കാരുണ്യത്തിന്റെ ആധിക്യവും കർത്താവ് പ്രദർശിപ്പിക്കുന്നു. കാരുണ്യത്തിന്റെ ഉത്കൃഷ്ടമായ അഭീഷ്ടമാണ് അവിടുത്തേക്കുള്ളത്. കാരുണ്യത്തിന്റെ കൃപ, കൃപയുടെ കാരുണ്യം, വലിയ ദയ, ദയയുടെ കൃപ, ദയയുടെ സോപ്പാ തുടങ്ങിയ വിശേഷണങ്ങൾ അർത്ഥസമ്പന്നമത്രേ.

സൃഷ്ടിയും പരിപാലനവും കാരുണ്യകർമ്മങ്ങളായി കുർബ്ബാനയിൽ പ്രത്യക്ഷപ്പെടുന്നു. നീതിയെ തൃജിക്കലും സ്വാതന്ത്ര്യമേകലും ദൈവരാജ്യത്തിലേക്ക് വിളിച്ചുകൂട്ടലും, നിത്യമരണത്തെ നിഹനിക്കലും, അക്ഷയജീവൻ നൽകലും, ബലിയർപ്പിക്കാൻ അർഹരാക്കലും, പാപം പൊറുക്കലും, ഹീനത്വം നീക്കലും, രക്ഷ നൽകലും, ഉത്ഥാനജീവിതമേകലും, മനോവിശ്വാസമുളവാക്കലും, മാനവരെ മിന്നിത്തിളങ്ങുന്ന ദർപ്പണമാക്കലും, ബലിസ്വീകരിക്കലും കാരുണ്യപ്രവൃത്തികൾതന്നെ. കവിഞ്ഞൊഴുകുന്നതാണ് കാരുണ്യകർമ്മം. സമൂഹത്തിനു നൽകിയിരിക്കുന്ന വിശേഷണം കാരുണ്യത്തിന്റെ കൂട്ടായ്മയെന്നാണ്. അവർ "കർത്താവേ, കരുണയുണ്ടാകണമേ" എന്ന് നിരന്തരം അർത്ഥിച്ചുകൊണ്ടിരിക്കണം.

4.5.5. ഞാൻ കാരുണ്യഗായകൻ

ആത്മാനുതാപം ഒന്നും രണ്ടും പാദങ്ങൾ ധ്യാനവിഷയമാക്കിയല്ലോ. അവയിൽ ഏറ്റവും കൂടുതൽ പ്രത്യക്ഷപ്പെടുന്ന പദമാണ്, കാരുണ്യം, കരുണ, ദയ, കൃപ (27 പ്രാവശ്യം).

- ദയ I/4,114,128,131; II/75,160,167,277,279,280.
- കൃപ I/12,29
- കരുണ I/23, 31, 33, 38; II/1, 46, 57, 87, 89, 105, 121, 161, 241, 271, 273.

ഹോറെബ് മലയിൽ ദൈവം തന്റെ നാമങ്ങൾ പ്രഖ്യാപിക്കുന്നുണ്ട്: കർത്താവ്, കർത്താവ് കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ, ആയിരങ്ങളോട് സ്നേഹം പുലർത്തുന്നവൻ, ദുഷ്ടതയും എതിർപ്പും പാപവും പൊറുക്കുന്നവൻ (പുറ 34:6). ഞാനും ദൈവത്തിന് താഴെ പറയുന്ന വിശേഷണങ്ങൾ നൽകി.

- കരുണാകരനായ സർവ്വേശ്വരൻ I/29
- കാരുണ്യൻ I/23
- കരകാണാത്ത കൃപയിൻ ദൈവം I/29
- കരുണാനിധി II/241
- കരുണാനാഥൻ II/1
- അനന്തദയാനിധൻ II/160
- അനാദ്യഗുണനിധി II/159

കരുണയുടെ കടക്കണ്ണുള്ളവനാണ് സർവ്വേശ്വരൻ (II/105). അതുകൊണ്ട് അവിടുന്ന് എന്നെ കാത്തുസൂക്ഷിച്ചു. *ആത്മാനു*

താപത്തിലെ കാരുണ്യവാനായ ദൈവത്തെക്കുറിച്ചുള്ള ചില ഈരടികൾ ഉദ്ധരിക്കട്ടെ: ആ കൃതി തുടങ്ങുന്നതുതന്നെ ഇപ്രകാരമാണ്:

"ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ് ചമച്ചെന്നെയും
ആയതിനെന്തുകാരണം ദൈവമേ
ആദ്യഹീനനാം നിന്റെ ദയതന്നെ" (I/1-4).

നമ്മളെയൊക്കെ മനുഷ്യരായി സൃഷ്ടിച്ചതിന്റെ കാരണം ഒന്നുമാത്രമാണ്, അവിടുത്തെ ദയ. എന്നെ സൃഷ്ടിയായ് ചമച്ചതിലൂടെ "അന്തമില്ലാത്ത ദൈവത്തിന്റെ കരുണാബ്ധിയെ" (II/161-162)തന്നെ എനിക്ക് കാണാനായി.

"കരുണാകരനായ സർവ്വേശ്വരാ,
കരകാണാത്ത കൃപയിൻ ദൈവമേ,
കാരുണ്യമോടെയക്കാലമെന്നെനീ
കരുതി നന്നായി സ്മരിച്ചു രക്ഷിച്ചല്ലോ" (I/29-31).

ദൈവത്തിന്റെ സ്വഭാവവിശേഷണങ്ങളെല്ലാം കാരുണ്യത്തോടനുബന്ധിച്ചുള്ളവയാണ്. ചെറുപ്പകാലത്ത് അവിടുന്ന് കാരുണ്യപൂർവ്വം എന്നെ ഓർക്കുകയും നന്നായി കാത്തുപാലിക്കുകയും, രക്ഷിക്കുകയും ചെയ്തു. അതുപോലെ കാരുണ്യനായ ദൈവം തന്റെ കാരുണ്യമെന്ന കാരണത്താൽ ജ്ഞാനസ്നാനമെന്ന അനുഗ്രഹം എനിക്കു നൽകി. അതുവഴി കാരുണ്യാഭ വർഷിച്ചു (I/33-36).

ഈ മഹാനുഗ്രഹങ്ങൾ ധ്യാനവിഷയമാക്കുമ്പോൾ കർത്താവിന്റെ കരുണയ്ക്ക് ഞാൻ എങ്ങനെയാണ് പ്രതിനന്ദിയർപ്പിക്കേണ്ടത് എന്നറിയാതെ നിന്നുപോകുകയാണ്. "ഇക്കരുണയ്ക്കു കൈമാറെന്തുനാഥാ" (I/38) എന്ന് നിങ്ങളും എന്നോടൊത്ത് ഉരുവിടുവൻ.

ദൈവവിളിയെന്ന ദാനം നൽകിയതിലും അവിടുത്തെ മഹാദയയും (I/113-114), ദയാധിക്യവും (I/128) എനിക്ക് കാണുവാൻ കഴിഞ്ഞു. എന്നെ കന്യകാമാതാവിന്റെ അടിമയാക്കിയത് കരുണാനാഥൻ തന്നെയാണ് (II-1-2). നാട്ടിലെങ്ങും പടർന്നുപിടിച്ച വസൂരി രോഗത്തിൽനിന്ന് എന്നെ ഒഴിവാക്കിയതിനെ ഞാൻ ഇപ്രകാരമാണ് നോക്കിക്കണ്ടത്:

"സർവ്വന്യായത്താലപ്പോൾ ശിക്ഷിപ്പാൻ നീതിതന്നെ
സർവ്വകാരുണ്യത്തോടെ കാത്തല്ലോമേ ദൈവമേ" (II/45-46).

എന്റെ ജീവിതം മറ്റുള്ളവരേക്കാൾ മെച്ചമായിരുന്നില്ല. ദൈവശിക്ഷയുടെ കരം എന്റെമേൽ നിപതിക്കുക ന്യായമായിരുന്നു. പക്ഷേ അവിടുന്ന് ചെയ്തതെന്താണെന്നോ? "സർവ്വകാരുണ്യത്തോടെ"

എന്നെ കാത്തു. അതിന്റെ കാരണമെന്തെന്ന് നാഥനോടുതന്നെ ഞാൻ ചോദിച്ചുപോയി (II/48). വീണ്ടും അക്കാലത്തെക്കുറിച്ച് ഞാൻ ഇപ്രകാരം വിലയിരുത്തി:

"എന്നിതു സർവ്വേശ്വരാ നിൻ കരുണയിൻ കടൽ
അന്തംകൂടാതെ ചിന്തിയെന്റെ മേൽ ശുഭം ശുഭം" (II/57-58)

അതേ കരുണയുടെ കടലായ സർവ്വേശ്വരൻ ആ കാരുണ്യം മുഴുവനും യാതൊന്നും മാറ്റിവയ്ക്കാതെ എന്റെമേൽ ചിന്തി. അതോടെ എല്ലാം ശുഭമായി പര്യവസാനിച്ചു. കർത്താവിന്റെ പ്രവൃത്തിക്ക് കാരണമെന്തെന്ന് ചിന്തിച്ചപ്പോൾ "നന്ദിഹീനനായിടും എന്റെമേലുള്ള സ്നേഹം" (II/60-61) മാത്രമാണെന്ന് ബോദ്ധ്യമായി. അപ്പോൾ തന്റെ സർവ്വേശ്വരനെ സ്തുതിച്ചു ("സർവ്വേശാ, ജയ ജയ," II/62) എന്നിലേക്ക് തിരിഞ്ഞ് ഇപ്രകാരം ഉരുവിട്ടു:

"എന്നുടെ ഹൃദയമേ, സ്മരിക്ക നിന്റെ കൃതി
നന്ദിഹീനതയെത്രയെന്നതുമോർത്തീടുക" (II/63-64).

കരുണയിൻകടൽ അന്തംകൂടാതെ എന്റെമേൽ ചിന്തിയ സർവ്വേശ്വരനോട് ഞാൻ പ്രതികരിച്ചത് നന്ദിഹീനത നിറഞ്ഞ പ്രവൃത്തികളിലൂടെയാണല്ലോ! ഹാ കഷ്ടം!

സമൂഹത്തിലല്ല ദൈവം എനിക്ക് ജന്മം നല്കിയത്; പ്രത്യുതാ "നിന്നെ സ്നേഹിച്ചിരുന്ന ജനത്തിലെന്നെച്ചേർത്തു" (II/74). ഇപ്രകാരമുള്ള സ്നേഹപ്രകടനത്തിന് കാരണമെന്താണ്?

"ആയതിനെന്തുമൂലം? നിന്നുടെ ദയതന്നെ
ഞാനതിനെന്തു കൃതോത്തരത്തെ (പ്രതിനന്ദി)യണക്കേണ്ടൂ?" (II/75-76).

എല്ലാത്തിനും ഒരേയൊരു കാരണം, അവിടുത്തെ ദയാധിക്യം. ദൈവമേ, പ്രതിനന്ദി പ്രദർശിപ്പിക്കാൻ എനിക്ക് കഴിയുകയില്ലല്ലോ. വാക്കുകളാലും പ്രവൃത്തികളാലും കൃതജ്ഞതയർപ്പിക്കുവാൻ സൃഷ്ടിമാത്രമായ മനുഷ്യന് എങ്ങനെ സാധിക്കും?

കർത്താവിന്റെ കരുണയുടെ മറ്റൊരുതലത്തിലേക്ക് ഞാൻ കടക്കട്ടെ. പലരും അംഗഹീനരായാണ് ജനിക്കുന്നത്. രോഗംമൂലം കഷ്ടപ്പെടുന്നു; ദാരിദ്യക്ലേശം അനുഭവിക്കുന്നു. എന്നെ അവിടുന്ന് ഇവയിൽ നിന്നെല്ലാം കാത്തുസൂക്ഷിച്ചു.

"എന്നതിനെന്തുമൂലം നിൻ കരുണയല്ലാതെ
എന്നതിനാലുമെത്ര നിന്നെ ഞാൻ സേവിക്കണം!" (II/87-88).

ദൈവത്തിന്റെ ഇത്തരം ആർദ്രസ്നേഹത്തിന് ഞാൻ പ്രതികരിക്കേണ്ടത് എന്റെ ജീവിതം പൂർണ്ണമായി അവിടുത്തെ സേവനാർത്ഥം

വിനിയോഗിച്ചുകൊണ്ടായിരിക്കണം. കഷ്ടം, ഞാൻ അപ്രകാരം ചെയ്യുന്നില്ലല്ലോ.

സമ്പന്നമായ കുടുംബത്തിൽ എന്നെ ജനിപ്പിക്കാതിരുന്നതിലും അവിടുത്തെ മഹാകരുണ ഞാൻ കണ്ടെത്തി (II/89). ജ്ഞാനസ്നാനമെന്ന അനുഗ്രഹം കൂടാതെ ഞാൻ മൃതിയടയണമെന്ന പിശാചിന്റെ പരിശ്രമത്തെ "കരുണയിൻകടക്കണ്ണിനാൽ സൂക്ഷിച്ചുകൊണ്ട്" (II/105) കർത്താവ് തകർത്തുകളഞ്ഞു. വെള്ളയടിച്ച കുഴിമാടങ്ങളായി പ്രീശരെയും വേദപണ്ഡിതരെയും ദിവ്യനന്ദനൻ ചിത്രീകരിച്ച വചനം എനിക്ക് "കരുണയേറും തിരുവാക്യമായി" അനുഭവപ്പെട്ടു (II/121).

പഴയനിയമകാലത്തുതന്നെ രക്ഷകനെ പറഞ്ഞൊത്തത് ദിവ്യതാതന്റെ 'ദയവി'നാലാണ് (II/167-168). തിരുസുതന്റെ ബെത്ലെഹേമിലുള്ള ദുഃഖപിറവിയിലും 33 വർഷത്തെ കഷ്ടതയേറിയ ജീവിതത്തിലും ദൈവത്തിന്റെ 'സ്നേഹാബ്ധി'യും "നന്ദിഹീനനാമെന്റെ സ്നേഹത്തെ വർദ്ധിപ്പിക്കാനുള്ള" (II/177-178) ആഗ്രഹവും ഞാൻ ദർശിച്ചു.

മനുഷ്യനായി അവതരിച്ച ദൈവതനയൻ കനൃകാമറിയത്തെയും മാർ യൗസേപ്പിനെയും സ്നേഹപൂർവ്വം കടാക്ഷിച്ച രംഗം മനസ്സിലോർത്തപ്പോൾ എന്റെ പ്രതികരണം ഇപ്രകാരമായിരുന്നു:

"നായകാ, നരദേവാ, കരുണാനിധേ, നാഥാ
നയനാൽ തൃക്കൺപാർക്കമേ, ദാസൻമഹാപാപി
നന്ദിഹീനനാമെന്നെ പാർക്കുവാൻ യോഗ്യം പോരാ
സുന്ദരാ നിന്റെ മാതൃദാസനെന്നോർത്തീടുക" (II/241-244).

ദൈവനന്ദനനെ ഞാൻ അഭിസംബോധന ചെയ്തത് നാലു സംജ്ഞകൾ ഉപയോഗിച്ചാണ്. അവിടുന്ന് നായകനും നരദേവനും കരുണാനിധിയും നാഥനുമത്രേ. മഹോന്നത ദൈവമാണെങ്കിലും കർത്താവ് കരുണയുടെ നിധിയാണല്ലോ. എന്റെ സ്ഥിതി കഷ്ടകരമാണ്. ദാസനും മഹാപാപിയുമത്രേ ഞാൻ. എങ്കിലും ദിവ്യഉണ്ണിയായ അങ്ങ് എന്നെയും തൃക്കൺപാർക്കണമേ. നന്ദിഹീനനായ എന്നെ അങ്ങ് കടാക്ഷിക്കുവാൻ എനിക്ക് അർഹതയില്ല. പക്ഷേ ഒരു കാര്യം. സുന്ദരനായ അങ്ങ് ഓർത്താലും ഞാൻ അങ്ങയുടെ മാതൃദാസനാണെന്ന കാര്യം മറക്കരുതേ.

എനിക്ക് കനൃകാമറിയം കരുണയുടെ അംബികയാണ്. ദുഷ്ടനായ അടിയന്റെ പ്രവൃത്തികളിൽ കർത്താവ് കോപാകുലനാകു

മ്പോൾ ഞാൻ അമ്മയുടെ അടുക്കലേക്കു തിരിയും.

"നിന്നുടെ കരുണയിൻ മേന്മയാലടിയനെ
തന്നുടെ തിരുമുമ്പിലണപ്പാൻ ശ്രമിച്ചിടും
കരുണകാട്ടായ്കിലോ അരുണോദയേതവ
പെരുകീട്ടുള്ള ശ്രദ്ധയർഹിച്ചീടുമപ്പോൾ...
പ്രാർത്ഥിക്കും മഹാദയാൽ കേൾപ്പിക്കുമിതൊക്കെവേ
പ്രാപ്തിഹീനനാം നിന്റെ ദാസനെ തൃക്കൺപാർക്ക
ദയവിന്നയോഗ്യനായിവനെങ്കിലും
ദയയാൽ വളർത്തപ്പെട്ടതിനെയോർത്തീടേണം." (II/271-280).

കാരുണ്യപൂർവ്വം തിരുസുതന്റെ മുൻപിൽ എന്നെ അണയ്ക്കുവാൻ ശ്രമിക്കുകയാണ് കരുണാമയയായ അമ്മ. അവിടുന്ന് എന്നോട് കരുണകാട്ടുവാൻ മടിച്ചിടുമ്പോൾ ദേവമാതാവ് ചെയ്യുന്നതെന്താണെന്നോ? ദിവ്യകുമാരനെ വഹിച്ച ഉദരത്തെയും സ്നേഹത്തോടെ കൊണ്ടുനടന്ന കരങ്ങളെയും കാണിച്ചുകൊണ്ട് അവിടുത്തോട് മഹാദയയാൽ അമ്മ പ്രാർത്ഥിക്കുകയായി. പ്രാപ്തിഹീനനാണെങ്കിലും കുര്യാക്കോസ് നിന്റെ ദാസനാണ്. ദയവിന്നയോഗ്യനാണെങ്കിലും നിന്റെ ദയയാൽ വിളിക്കപ്പെട്ടവനാണവൻ. അക്കാര്യം ഓർക്കണമേ.

ആത്മാനുതാപത്തിന്റെ കടശിയപേക്ഷയിൽ കരുണ, ദയ എന്ന പദങ്ങൾ 13 പ്രാവശ്യം ഞാൻ ഉപയോഗിച്ചിട്ടുണ്ട്. എന്റെ അന്ത്യ വിനാഴികയിൽ തവസ്നേഹപുത്രന്റെ മുമ്പിലണയുവാൻ കരുണ നൽകണം. (വരി 8). കരുണയുള്ള നാഥേ, അങ്ങ് മാത്രമാണ് എന്റെ ശരണം (വരി 11). ദയനിറഞ്ഞ തവകരങ്ങൾ ഞാൻ അനുസ്മരിക്കുന്നു (വരി 12). മരണസമയത്ത് അമ്മയുടെ ദയനിറഞ്ഞ തിരുമുഖം (വരി 15) ദർശിക്കുവാൻ കനിയണമേ. നാഥേ ഭയാനകമായ ആ അവസരത്തിൽ അമ്മയുടെ കരുണയെയാണ് ഞാൻ മനസ്സിൽ നിനയ്ക്കുന്നത് (വരി 20). കരുണയുടെ നികേതനമേ (വരി 22) അങ്ങയുടെ അധികമായ കരുണ (വരി 23) സൂര്യശോഭയെന്നപോൽ എനിക്കു ഭാഗ്യം കൈവരുത്തും. ദയാഗുരുവിന് (വരി 33) ജനനം നൽകിയ അമ്മേ, എന്റെ മരണനേരവും സ്ഥലവും ദിനവും വിനാഴികയും അങ്ങയുടെ ഇഷ്ടംപോലെയായിരിക്കട്ടെ. സ്നേഹമതിയായവളേ, അങ്ങയുടെ കരുണയുടെ രശ്മി വീശുന്നത് (വരി 45) സാത്താന് സങ്കടകരമാണ്. അങ്ങയുടെ കരുണശക്തിയാൽ (വരി 55) എന്റെ തിന്മകളുടെ ശിക്ഷ നീക്കിക്കളയണമേ. സ്നേഹദയയാൽ നിറഞ്ഞ (വരി 73) ലോകരക്ഷനാഥനായ അങ്ങയുടെ സുതന്റെ മുഖം

കാണുന്നതിന് ദാസനായ എന്റെ ശിരസ്സിൽ അങ്ങയുടെ പാദം വയ്ക്കണമേ. കരുണയുടെ നാഥേ (വരി 76) മരണനേരത്തിനുമുൻപ് കരുണകാണിച്ച് (വരി 75) ഈ ദാസനെ നോക്കിക്കാത്തുരക്ഷിക്കണമേ.

ആത്മാനുതാപത്തിലെ ഇതരപാദങ്ങളിൽ കരുണയും ദയയും കൃപയുമൊക്കെ നിറഞ്ഞുനിൽക്കുന്നുണ്ട്. വിശദീകരണത്തിന് ശ്രമിക്കാതെ അവ ഒരു പട്ടികയായി നൽകട്ടെ. ഓരോ സംജ്ഞയെയുംകുറിച്ച് പരിചിന്തിക്കുവാൻ സമയം കണ്ടെത്തുവിൻ.

- ദയ VI/81, VIII/141, 142, 233, 251, IX/93, 95, 115, IX/മാതൃദുഃഖം 183, 225, X/ 265, XI/473, 484, XII/30
- ദയവ് VII/361, 371, IX/93, I/394
- ദയ കാരുണ്യം VI/85
- ദയാനാഥ VI/69
- ദയാനിധി V/159
- നീതിദയ IX/126
- മഹാദയ VII/313, 329, 337, X/395
- മഹാദയനാഥ VII/434
- മനോഗുണദയയും കരുണയും VII/109
- കരുണ IV/159, VI/261, VII/213, VII/286, അന്ത്യപാദം 14
- കരുണക്കടലായ പിതാവ് V/43
- കരുണനാഥൻ I/44, VI/262
- കരുണയുള്ള അമ്മ IX/65
- കരുണയോടടിയാർ III/അനുബന്ധം:2
- കരുണാകരനീശോ III/അനുബന്ധം:1
- കരുണാഗാധബുദ്ധി IX/68
- കരുണാനിധി VII/258
- കരുണാനിധിദേവൻ IV/37
- കരുണാംബുധി IX/മാതൃദുഃഖം 199
- കാരുണ്യം VII/212
- കാരുണ്യനാഥൻ III/1
- കാരുണ്യവാരിധി III/3, അനുബന്ധം:3
- കനിവ് V/120

ധ്യാനസല്ലാപങ്ങൾ എന്ന കൃതിയിലും കരുണയുടെയും ദയയുടെയും പ്രസരം നിങ്ങൾക്ക് കാണാനാകും.

- ദയ പേജ് 31, 37
- ദയയുള്ള പിതാവ് പേജ് 32,33,35, 36,38, 39,40 (3 പ്രാവശ്യം), 46,68,69,70 (3 പ്രാവശ്യം) 71, (4 പ്രാവശ്യം), 72.
- ദയാനിധി പേജ് 71
- ദയാപരൻ പേജ് 72
- കരുണ പേജ് 16,40
- കരുണക്കടൽ പേജ് 39
- കരുണാധിക്യം പേജ് 39
- കരുണയുള്ള പിതാവ് പേജ് 26,30

4.5.6. *കാരുണ്യത്തിന്റെ നിദർശനം*

പ്രിയപ്പെട്ടവരേ, ദൈവകാരുണ്യത്തെക്കുറിച്ച് ആഴമേറിയ അനുഭവജ്ഞാനം ലഭിച്ചതോടെ കാരുണ്യത്തിന്റെ മനുഷ്യനായിത്തീരുവാൻ ഞാൻ പരിശ്രമിച്ചു. ചില ഉദാഹരണങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

ആസ്ഥപ്പാട് പട്ടമേറ്റശേഷം അന്നത്തെ ആചാരമായിരുന്ന ആഘോഷമായ ദേവാലയ പ്രവേശനത്തിന് ചെന്നപ്പോൾ നാട്ടുകാർ എന്നെ തടഞ്ഞു. നാലുപേരുടെ മുമ്പിൽ എന്നെ നാണം കെടുത്തി. ഞാനനുഭവിച്ച മനോവേദന ഊഹിക്കാമല്ലോ. പക്ഷേ നിങ്ങളുടെ ഈ പിതാവ് പ്രതികരിച്ചതെങ്ങിനെയെന്നോ? എതിരാളികളോട് പൊറുതിയപേക്ഷിച്ചു; യൗസേപ്പുപിതാവിന്റെ കൊത്തുരൂപം പള്ളിക്ക് സമ്മാനമായി നൽകി. പട്ടമേറ്റശേഷം തിരുന്നാളിന് ആണ്ടുതോറും അവിടെച്ചെന്ന് പ്രസംഗം പ്രതിഫലം പറ്റാതെ പറയുമായിരുന്നു.

പാട്ടക്കുടിശ്ശികയുടെ പേരിൽ മുട്ടുച്ചിറ ഇടവകക്കാരനായ മാഞ്ഞൂര് കളപ്പുര മാത്തൻ എന്റെ പേരിൽ കള്ളക്കേസ് കൊടുത്തു; കോടതിയിൽ കയറ്റി വിസ്തരിച്ചു. വൈദികർ കോടതി കയറുന്നത് വലിയ അപമാനമായി കരുതിയിരുന്ന കാലമാണതെന്നോർക്കണം. മറ്റുള്ളവർ മാത്തനെ വെറുത്തു. പക്ഷേ സഭാംഗങ്ങൾക്കെഴുതിയ എന്റെ മരണപത്രികയിൽ ഞാൻ അയാളെ ഉപകാരികളുടെ ഗണത്തിലാണ് പെടുത്തിയിരിക്കുക: "മാന്നാനത്തു കൊവേന്തക്കാര് മുട്ടുച്ചിറ ഇടവകയിൽ മാഞ്ഞൂര് കളപുരയ്ക്കൽ മാത്തൻ എന്ന ആളിന്റെ തറവാടിന് കഴിയുന്ന ഉപകാരം ചെയ്യണം. ഇതിനാൽ കർത്താവിന്റെ ശിഷ്യർക്കടുത്ത ഒന്നാമത്തെ മാതൃകയാവും" (*കത്തുകൾ* VI/4:5). ഇവിടെ ഞാൻ ദിവ്യഗുരുവിന്റെ അനുശാസനം

നിവർത്തിക്കുകയായിരുന്നു: "നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ; ഒന്നും പകരം പ്രതീക്ഷിക്കാതെ നന്മ ചെയ്യുകയും കടം കൊടുക്കുകയും ചെയ്യുവിൻ..." കാരണം കർത്താവ് നന്ദി ഹീനരോടും ദുഷ്ടരോടും കരുണയുള്ളവനാകുന്നു. നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:32-36).

ചില നിസ്സാര കാരണങ്ങളാൽ കൊവേന്തയുമായി പിണക്കത്തിലായി പെരുമാലിൽ തരകൻ. വിവരമറിഞ്ഞപ്പോൾ ഞാൻ ചെയ്ത തെന്താണെന്ന് പോരൂക്കര പ്രിയോരച്ചൻ എഴുതിവച്ചിരിക്കുന്നത് ഉദ്ധരിക്കട്ടെ: "പെരുമാലിലെ വാലിഭക്കാരനെ കൊവേന്തയിൽനിന്ന് നീക്കിക്കളയുകയാൽ വലിയ പരിഭവമായിരുന്നതിനാലും, മൂത്ത ചെറുക്കൻ എല്ലാവരും കൈയ്യൊഴിഞ്ഞ് മരണപ്രമാദത്തിലിരിക്കയാലും ആലപ്പുഴയ്ക്ക് പോകുന്നവഴിയിൽ അവിടെ കയറി. നേരറിഞ്ഞതിനാൽ അവർ പൊറുതിയപേക്ഷിച്ച് സ്നേഹമായി. ചെറുക്കന്റെ ദീനത്തിനു പ്രത്യക്ഷംപോലെ ആശ്വാസം കാണുകയും ചെയ്തു" (*ആലോചന*, പേജ് 91).

നമ്മോട് ഇഷ്ടമില്ലാത്തവരോട് അനുവർത്തിക്കേണ്ട വിധത്തെക്കുറിച്ച് *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന കത്തിൽ പലസ്ഥലങ്ങളിലായി നൽകിയിരിക്കുന്ന ഉപദേശങ്ങളിൽ ചിലത് നിങ്ങളെ അനുസ്മരിപ്പിക്കട്ടെ: "ഒരു ഉപദ്രവം ചെയ്യാത്തവരെ മാത്രം നീ സ്നേഹിച്ചാൽ കാവ്യരും (പുറജാതിക്കാർ) തമ്മിൽതമ്മിൽ അറിവും ചാർച്ചയും ഇല്ലാത്തവരും ചെയ്യുന്നതിലധികം നീ എന്തുചെയ്യുന്നു?... നീരസങ്ങളെക്കുറിച്ച് പകരം വീഴ്ചചെയ്യാൻ മൃഗങ്ങൾക്കു കൂടെയും ശക്തിയുണ്ട്. എന്നാൽ അവയെ സാരംവയ്ക്കാതെ പൊറുക്കുന്നത് മഹാശക്തിയും വിവേകവും അവസ്ഥയുമുള്ള ആളിനുമാത്രം കഴിയുന്നതാകുന്നു" (*കത്തുകൾ* IX/6:1).

അനുതാപികളോട് അനന്യസാധാരണമായ കാരുണ്യം കാണിച്ചവനാണ് ഞാൻ. ശീശ്മയിലകപ്പെട്ട തൊണ്ടനാട്ട് അന്തോനിയച്ചൻ പശ്ചാത്താപപൂർവ്വം മാന്നാനം ആശ്രമത്തിൽ എത്തിയപ്പോൾ ഞാൻ അദ്ദേഹത്തെ ധൂർത്തപുത്രനെ ആശ്ലേഷിച്ച കരുണാസമ്പന്നനായ പിതാവിനെപ്പോലെ സ്വീകരിച്ചു. ആ സംഭവം പോരൂക്കര പ്രിയോരച്ചൻ ഇപ്രകാരം വിവരിക്കുന്നു: "ആനക്കല്ലിടവകക്കാരൻ തൊണ്ടനാട്ട് അന്തോനി അച്ചൻ പള്ളിയിൽനിന്ന് തള്ളപ്പെടുകയിൽ, ദീനാവസരത്തിൽ അനുതപിച്ച് ചേരുന്നതിനുറച്ചു. വിവരത്തിന് പ്രിയോരച്ചനെഴുതി. അനുവാദപ്രകാരം കൊച്ചിയിൽചെന്ന് പ്രിയോരച്ചനെ

കണ്ടു. മെത്രാപ്പൊലീത്താച്ചൻ തിരുസിംഹാസനത്തിലേക്ക് എഴുതി, കല്പന വരുന്നതുവരെയും മാന്നാനത്ത് കൊവേന്തയിൽ പാർത്ത് ധ്യാനിക്കണമെന്ന്. ശരണത്തിന്റെയും തുണയുടെയും കടലാസ് പ്രിയോരച്ചൻ കൊടുത്തയച്ചു. തദനുസരണം മാന്നാനത്ത് വന്ന് സ്വീകരിക്കപ്പെട്ടു." (*ആലോചന* 41).

അതുപോലെ കേരളസഭയിലെ ഭൂരിപക്ഷം ഇടവകകളെയും ശീശ്മയിലേക്ക് നയിച്ച റോക്കോസ് മെത്രാന്റെ കാര്യവും പ്രസ്താവയോഗ്യമാണ്. റോക്കോസ് ശീശ്മക്കെതിരായി ജീവാപായംപോലും തൃണവർഗണിച്ച് പോരാടിയവനാണ് ഞാൻ. താൻ പരാജയപ്പെട്ടുവെന്ന് മനസ്സിലാക്കിയ റോക്കോസ് മെത്രാനെ ഞാൻ കൊച്ചിക്കോട്ടയിൽചെന്ന് കണ്ടു; കേരളം വിട്ടുപോകുവാൻ സമ്മതിപ്പിച്ചു. അദ്ദേഹം കപ്പലിൽ കയറുന്നതുവരെ കൊച്ചിയിൽ താമസിച്ചു. എന്റെ കാരുണ്യംനിറഞ്ഞ ആ പ്രവൃത്തിമൂലമാണ് ശീശ്മ മെത്രാന് ആത്മനാശം സംഭവിക്കാതിരുന്നത്. അതുപോലെ ശീശ്മയിൽ ചേർന്നശേഷം തിരിച്ചുവന്ന വൈദികരോടും ജനങ്ങളോടും കരുണാമസൃണമായാണ് ഞാൻ പെരുമാറിയത്.

പ്രിയ മക്കളേ, കാരുണ്യം കാണിക്കണമെങ്കിൽ വില കൊടുക്കേണ്ടിവരുമെന്ന് മനസ്സിലാക്കുവിൻ. അത് സഹനം കാഴ്ചവയ്ക്കുന്നതാണ്. ഇറ്റാലിയൻ മൂപ്പച്ചന്മാരെയും മെത്രാന്മാരെയും ഞാൻ അനുസ്രിച്ചതിൽ കാരുണ്യതലം നിറഞ്ഞുനിൽക്കുന്നുണ്ട്. റോക്കോസ് ശീശ്മയുടെ മൂലകാരണം നാട്ടുമെത്രാന്മാരുടെ അഭാവമാണെന്നും ഇറ്റാലിയൻ മിഷനറിമാരുടെ ആധിപത്യമാണെന്നും എനിക്കറിയാമായിരുന്നു. അതിൽ ഞാൻ വേദനിച്ചു; ധാരാളം സഹിച്ചു. ഈ സത്യം റോമൻ അധികാരികളെ അറിയിക്കുവാനും ഞാൻ മടിച്ചില്ല (*കത്തുകൾ* V/17).

എന്റെ മക്കളായ നിങ്ങളും കാരുണ്യഹൃദയമുള്ളവരാകണം, ദൈവത്തോടും മനുഷ്യരോടും. എന്നെപ്പോലെ കർത്താവിന്റെ കാരുണ്യപ്രവൃത്തികളോരോന്നും അനുചിന്തനവിഷയമാക്കി വിസ്മയിച്ചുകൊണ്ട് അവിടുത്തെ വാഴ്ത്തിപ്പുകഴ്ത്തണം. *ആത്മാനുതാപം* ഒന്നും രണ്ടും പാദങ്ങളിലുള്ള "ആയതിനെന്തുകാരണം" (I/3) എന്നു നിങ്ങളും ചോദിച്ചുകൊണ്ടിരിക്കണം. "ആദിഹീനനാം നിന്റെ ദയതന്നെ" (I/4); "ഈശനായ നിൻകൃപയതിൻമൂലം" (I/12); "ഇക്കരുണയ്ക്കു കൈമാറെന്തുനാഥാ" (I/38); "അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ" (I/114); "സർവ്വകാരുണ്യത്താൽ കാത്തല്ലോമേ ദൈവമേ" (I/46); "അന്യരിൽ തിരിച്ചതിൽ കാരണമെന്തുനാഥാ" (II/48); "എന്ന

തിനെന്തുമൂലമെന്നഹമോർക്കുംനേരം നന്ദിഹീനനായിടു മെന്റെമേലുള്ള സ്നേഹം" (II/59-60); "ആയതിനെന്തുമൂലം നിന്നുടെ ദയതന്നെ" (II/75); "എന്നതിനെന്തുമൂലം നിൻകരുണയല്ലാതെ" (II/87) തുടങ്ങിയ വാക്യങ്ങൾ നിങ്ങളും ഉരുവിട്ടുകൊണ്ടിരിക്കണം. എന്നാലേ നിങ്ങൾക്ക് എന്റെ മക്കളാകാൻ കഴിയുകയുള്ളൂ.

4.6. സല്ലാപചിന്ത IV എന്റെ ധ്യാനസാധന

4.6.1. ആമുഖം

ഓരോ സന്ന്യാസസഭക്കും തനിമയാർന്ന ധ്യാനരീതി ആവശ്യമാണ്. സ്ഥാപകന്റെ സിദ്ധിയിൽ അധിഷ്ഠിതമായിരിക്കണം അത്. ഈശോസഭയുടെ സ്ഥാപകനായ വി. ഇഗ്നേഷ്യസ് ലയോളയുടെ ധ്യാനരീതിയാണ് മുൻപൊക്കെ കേരളസഭകളിൽലെല്ലാം നിലവിലിരുന്നത്. നവസന്ന്യാസകാലത്ത് ആ ധ്യാനരീതിയിൽ പ്രത്യേകം പരീശീലനം നൽകുമായിരുന്നു. യുവവൈദികർക്കും ശമ്മാശന്മാർക്കുമൊക്കെ ധ്യാനിക്കുക ഒരു പ്രശ്നമായി അനുഭവപ്പെടുന്നു. വചനഭാഗത്തെപ്പറ്റി യുക്തിയുടെ വെളിച്ചത്തിൽ ചിന്തിച്ചു കൊണ്ടിരിക്കുന്നതാണ് പലർക്കും ധ്യാനം. അതാണ് ധ്യാനംകൊണ്ട് ഉദ്ദേശിക്കുന്നതെന്ന ചിന്ത നിലവിലിരിക്കുന്നു. ഏതായാലും ഒരു മണിക്കൂർ ധ്യാനം ചിലർക്കൊക്കെ തലവേദന ഉളവാക്കുന്നുണ്ട്. ധ്യാനം ഉപേക്ഷിക്കുന്നവരും വിരളമല്ലെന്നു തോന്നുന്നു.

4.6.2. ധ്യാനം എന്റെ സങ്കല്പത്തിൽ

ഇത്തരുണത്തിൽ സി.എം.ഐ. സഭാസ്ഥാപകനായ വാഴ്ത്തപ്പെട്ട ചാവറപിതാവായ ഞാൻ എന്റെ ധ്യാനരീതി നിങ്ങളുമായി പങ്കുവയ്ക്കട്ടെ. *ധ്യാനസല്ലാപങ്ങൾ* എന്ന കൃതിയിലാണ് എന്റെ ആദ്ധ്യാത്മിക വീക്ഷണങ്ങളും ആത്മാനുഭൂതിയുടെ ഉദാഹരണങ്ങളും കാണാനാവുക. ലളിതവും ശിശുസഹജവുമായ വാക്കുകളിൽ എന്റെ സ്വന്തം അനുഭവങ്ങൾക്ക് ഭാഷ്യം നല്കിയിരിക്കുന്നു. കൃതി പഠനവിഷയമാക്കിയാൽ എന്റെ ചിന്താശകലങ്ങളിൽ ഉദാത്തവും ഉന്നതവുമായ മിസ്റ്റിക്കൽ തലങ്ങൾ ഉൾക്കൊള്ളുന്നതായി കാണാം. ധ്യാനത്തിനു ഞാൻ നൽകുന്ന നിർവചനം ഇതാണ്. *ധ്യാനമെന്നത് ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേഹത്താൽ ദൈവത്തോട് ചേർന്ന്, തന്നോടൊന്നിച്ചിരുന്ന്, സ്നേഹിതൻമാരോടൊന്നിച്ചുള്ള സംഭാഷണം എന്നപോലെ ആത്മമണവാളനായ ഈശോമിശിഹായോടൊന്നിച്ചിരുന്ന് സംസാരിക്കുകയത്രേ ഇതിന്റെ പ്രവൃത്തി.*

ശ്രദ്ധേയമായ പല മാനങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ നിർവചനം. സംസാരം, സംഭാഷണം, സല്ലാപം എന്നീ മൂന്നു വാക്കുകൾ ചേർന്ന്, ഒന്നിച്ചിരുന്ന്, ഒന്നിച്ചുള്ള, ഒന്നിച്ചിരുന്ന് എന്ന ആവർത്തിച്ചുള്ള നാലു പ്രയോഗങ്ങളാൽ മനുഷ്യനും ദൈവവും തമ്മിലുള്ള ആത്മബന്ധത്തിന് ഊന്നൽ നല്കിയിരിക്കുകയാണ്. ധ്യാനമെന്ന സംസാരം നടക്കണമെങ്കിൽ ദൈവത്തോട് ചേർന്നിരിക്കണം. ആത്മഭാജനങ്ങളും, ശിശുക്കളും മാതാപിതാക്കന്മാരും, ആത്മമിത്രങ്ങളുമാണല്ലോ *ചേർന്നിരിക്കുക*. ബൈബിളിന്റെ ഭാഷയിൽ അവർ രണ്ടല്ല, ഒന്നാണ്. (ഉത്പ 2:24). പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള കൂട്ടായ്മയോട് അതിനെ ഉപമിക്കാം. *ചേർന്നതു*കൊണ്ടുമാത്രമായില്ല *തന്നോടൊന്നിച്ചിരിക്കണം*. ഐക്യബന്ധത്തെയാണല്ലോ ഒന്നിച്ചിരിക്കൽ സൂചിപ്പിക്കുക. വീണ്ടും ഞാൻ *ഒന്നിച്ചുള്ള* എന്ന പദം ഉപയോഗിച്ചിരിക്കുകയാണ്. സാവൂളിന്റെ പുത്രനായ ജോനാഥനും ദാവീദും തമ്മിലുള്ള ബന്ധത്തിന് സമാനമാണിത്. അവരുടെ ഹൃദയങ്ങൾ ഒട്ടി ചേർന്നിരുന്നു; പ്രാണതുല്യം പരസ്പരം സ്നേഹിച്ചിരുന്നു (1 സാമു 18:1,3). ചേർന്ന്, ഒന്നിച്ചിരുന്ന്, ഒന്നിച്ചുള്ള എന്നീ മൂന്ന് പദങ്ങളിൽ ഒതുക്കി നിർത്തേണ്ടതല്ല ദൈവമാനവബന്ധം. ഞാൻ വീണ്ടും ഒന്നിച്ചിരുന്ന് എന്ന വാക്ക് കൂട്ടിച്ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുക.

ആരോടാണ് സംസാരിക്കുന്നതെന്ന കാര്യം പ്രധാന്യമേറിയതാണ്. *സ്നേഹത്താൽ ദൈവത്തോടും, സ്നേഹിതന്മാരോടെന്നപോലെ ആത്മമണവാളനായ ഈശോമിശിഹായോടു*മുള്ള സംഭാഷണമായിരിക്കണം അത്. ധ്യാനിക്കുന്നവനിൽ സ്നേഹം നിറഞ്ഞിരിക്കണം (സ്നേഹത്താൽ എന്ന പദം ഞാൻ ആവർത്തിച്ചിരിക്കുകയാണ്). മിശിഹായോടുള്ള ബന്ധത്തിന് ദ്വിവിധ മാനങ്ങൾ നല്കിയിരിക്കുന്നു. അവിടുന്ന് സ്നേഹിതനാണ്; അതോടൊപ്പം ആത്മമണവാളനുമാണ്. ബിബ്ലിക്കൽ ദർശനത്താൽ സമ്പന്നമാണ് രണ്ടു സംജ്ഞകളും. അന്ത്യപ്രഭാഷണത്തിൽ ഈശോ ശിഷ്യരെ ദാസരെന്ന സ്ഥാനത്തുനിന്ന് സ്നേഹിതരെന്ന പദവിയിലേക്ക് ഉയർത്തുകയുണ്ടായി (യോഹ. 15:14-15). ഹൃദയരഹസ്യങ്ങൾ പൂർണ്ണമായും പങ്കുവയ്ക്കുന്നവരാണല്ലോ സുഹൃത്തുക്കൾ. എല്ലാത്തിലും സമൻമാരെപ്പോലെ അവർ വർത്തിക്കുന്നു. എന്റെ സഭയിലെ അംഗങ്ങൾക്ക് ഈശോയുമായുള്ള ബന്ധം അപ്രകാരമായിരിക്കണം. ആ ഐക്യമനോഭാവത്തോടെയാകണം അവർ ധ്യാനത്തിന് അണയേണ്ടത്. അപ്പോൾ അവർക്ക് അവിടുത്തോട് *വേർതിരിയും വരെയും നാവ്*

അടങ്ങാതെ സംസാരിക്കാനാകും... സംസാരത്തിന് വകയില്ലാഞ്ഞിട്ട് മിണ്ടഴങ്ങേണ്ടി വരികയില്ല.... ഈ സംസാരം ആരും പഠിപ്പിക്കുകയും വേണ്ട. ഭാഷ അറിയാത്തതിന്റെ പ്രശ്നമുണ്ടാകയില്ല. ചിലപ്പോൾ ഒന്നും ഉരിയാടാതെ പരസ്പരം നോക്കിയിരിക്കാനും സാധിക്കും.

എന്റെ ദൃഷ്ടിയിൽ മിശിഹാ സ്നേഹിതൻ മാത്രമല്ല, ആത്മ മണവാളനുമാണ്. മിസ്റ്റിക്കലായ ബൈബിൾ വീക്ഷണമാണല്ലോ ഇത്. പഴയനിയമത്തിൽ യാഹ്വെ ഇസ്രായേൽ ജനത്തെ തന്റെ പ്രേയസ്സിയായി തിരഞ്ഞെടുത്തു; അവളെ അതിരറ്റു സ്നേഹിച്ചു, അവൾക്കായി ജീവിച്ചു (എസെ 16:4-14). ദൈവമനുഷ്യബന്ധത്തെ മണവാളനും മണവാട്ടിയും തമ്മിലുള്ള സ്നേഹൈക്യമായി ഉത്തമ ഗീതത്തിൽ വിഭാവനം ചെയ്തിരിക്കുന്നു. പുതിയ ഇസ്രായേലിനോട് ഈശോക്കുള്ള ബന്ധവും അപ്രകാരം തന്നെയാണ് ചിത്രീകരിക്കപ്പെട്ടിരിക്കുക (എഫെ.5:21-27). വി.പൗലോസിന്റെ ഭാഷയിൽ അതൊരു "വലിയ രഹസ്യമാണ്."

ചുരുക്കത്തിൽ ഞാൻ എന്റെ മക്കൾക്ക് പകർന്നുനല്കിയിരിക്കുന്ന സിദ്ധി ബൈബിളിൽ അടിസ്ഥിതമായ മിസ്റ്റിസിസ്സമാണ്. അത് കൈമുതലാക്കിയവർക്ക് ധ്യാനിക്കുക ഒരു ഹരമായി തീരും. ധ്യാനം സ്നേഹിതനും-ആത്മമണവാളനുമായവനോടുള്ള സംഭാഷണമായി പകരും. അപ്പോൾ സ്ഥലകാലസമയ വിസ്മൃതിയിലമരും അവർ. സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും നന്ദിയുടെയും വികാരങ്ങൾ കണ്ണുനീരായി പുറത്തേക്കൊഴുകും. എന്നെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് അപ്രകാരമാണല്ലോ.

4.6.3. ധ്യാനത്തിന്റെ പ്രമേയം

ലൂക്കാ 15:11-24 ലെ ധൂർത്തപുത്രന്റെ ഉപമയുടെ ഭാഷ്യമാണ് *ധ്യാനസല്ലാപങ്ങളി*ലെ പരിചിന്തനപ്രമേയം. എന്നാൽ ഉപമയിലെ ആദ്യഭാഗം ഉപേക്ഷിച്ചിരിക്കുന്നു. ധ്യാനം പിതാവിന്റെ ഭവനത്തിലേക്ക് തിരിച്ചുപോകുന്ന പുത്രനിൽ കേന്ദ്രീകരിച്ചിരിക്കുന്നു. *തിരിയുന്ന തനയൻ* എന്ന സംജ്ഞയായിരിക്കും ഉചിതം. എന്റെ ഭാഷ്യത്തിലെ മറ്റൊരു സവിശേഷത അത് ഉപമയുടെ (സാദൃശ്യം അവതരിപ്പിക്കുന്നതാണല്ലോ ഉപമാലങ്കാരം) ലോകത്തിൽനിന്ന് വളർന്ന് രൂപകാലങ്കാരമായി തീരുന്നതാണ്. ധൂർത്തപുത്രനെപ്പോലെയാണെന്നല്ല, ധൂർത്തപുത്രൻ തന്നെയാണെന്നാണ് ഞാൻ വിഭാവനം ചെയ്യുക. ഇളയവനായ തനയന്റെ രൂപഭാവവിചാരവികാരങ്ങളുമായി

താദാത്മ്യം പ്രാപിക്കുകയാണ് ഞാൻ. അവന്റേതായ വാക്കുകളിൽ ഞാൻ സംസാരിക്കുന്നു. ഭവനത്തിൽ തിരിച്ചെത്തിയ അനുതാപവിവശനായി വർത്തിക്കുന്നു. മറ്റൊരുവാക്കിൽ രൂപകത്തിന്റെ ലോകത്തിൽ ജീവിച്ചിരുന്നവനാണ് ഞാൻ. സാധാരണക്കാരുടെ ആദ്ധ്യാത്മികത ഉപമയുടെ ലോകത്തിൽ മാത്രം ഒതുങ്ങി നിൽക്കുമ്പോൾ, കവിയും മിസ്റ്റിക്കുമായ എന്റെ ആദ്ധ്യാത്മികത രൂപകത്തിന്റെ ലോകത്തിൽ സ്വച്ഛന്ദം വിഹരിക്കുന്നു.

ഈ സഭാസ്ഥാപകന്റെ ധ്യാനരീതിയെ ബുദ്ധിയുടെയും യുക്തിയുടെയും മേഖലയിൽ മാത്രം നിങ്ങൾ തളച്ചിടരുത്. തികച്ചും വികാരഭരിതമാണത്. പച്ചയായ മനുഷ്യന്റെ രൂപം തിളക്കമാർന്ന രീതിയിൽ അതിൽ വരച്ചുവച്ചിരിക്കുന്നു. ധ്യാനം ഒരു കാണലാണ്, കേൾക്കലാണ്, സംസാരിക്കലാണ്, അനുതപിക്കലാണ്, കണ്ണീരൊഴുക്കലാണ്, സന്തോഷിക്കലാണ്, സന്ദേഹിക്കലും പ്രത്യാശിക്കലുമാണ്, സ്തുതിക്കലാണ്, പ്രണമിക്കലാണ്. ദൈവത്തിന്റെ ദാനങ്ങളായ വികാരങ്ങൾക്കെല്ലാം അവിടെ സ്ഥാനമുണ്ട്. ബുദ്ധിയുടെയും മനസ്സിന്റെയും, ഹൃദയത്തിന്റെയും ശരീരത്തിന്റെയും ഭാഷയാണ് ഉപയോഗിച്ചിരിക്കുക. ആധുനികർക്ക് പ്രത്യേകിച്ച് യുവതലമുറക്ക് ആകർഷവും അനുകരണാർഹവുമായ രീതിയാണല്ലോ അത്.

4.6.4. വർത്തനപ്രക്രിയ

നാലാംദിവസത്തെ *ഷൂബ്* ഡൈനാമിക്സ് എന്ന സല്ലാപചിന്തയിൽ മർക്കോ 1:15 ധ്യാനവിഷയമാക്കിയല്ലോ. തിരിയലെന്ന പ്രക്രിയയിൽ സുവിശേഷ സന്ദേശത്തിന്റെ അന്തഃസത്ത അടങ്ങിയിരിക്കുന്നു. പരിവർത്തനം ചെയ്യുന്ന സൃഷ്ടിയാകുക എന്നതാണ് മനുഷ്യന്റെ ദൈവവിളി. വാക്കും പ്രവൃത്തിയും പ്രാർത്ഥനയുമെല്ലാം തിരിയലിന്റെ തുടർക്കഥകളായിത്തീരണം. അപ്പോൾ ഈശോയുടെ ആഗമനോദ്ദേശ്യം നിവർത്തിതമാകും; ഭൂമി സ്വർഗ്ഗരാജ്യത്തിന്റെ പ്രതിച്ഛായയായി പകരും; ഇഹലോകജീവിതം യുഗാന്ത്യദിനങ്ങളുടെ മുന്നനുഭവമായി ഭവിക്കും. ഇപ്രകാരമുള്ള രൂപാന്തരീകരണത്തിന്റെ ആകത്തുകയായിരുന്നു ഈശോയുടെ ജീവിതം. ദൈവത്തിലേക്കുള്ള തിരിച്ചലാണ് പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും അന്തരാത്മാവ്. ഇത്തരം തിരിച്ചലിന്റെ മേഖല എന്റെ ധ്യാനരീതിയിൽ നിറഞ്ഞുനിൽക്കുന്നു.

4.6.5. *ധ്യാനരീതിയുടെ അംഗവിധാനം*

- മദ്ധ്യസ്ഥ സല്ലാപം
- പുറപ്പെടൽ സല്ലാപം
- യാത്രാവേളയിലെ ആത്മസല്ലാപം
- ഭവനദർശനവും ആത്മസല്ലാപവും
- പിതൃദർശനവും പ്രതികരണസല്ലാപവും

4.6.5.1. മദ്ധ്യസ്ഥസല്ലാപം

എന്റെ ധ്യാനരീതിയുടെ തനിമ പ്രകടമാക്കുന്ന ഘടകമാണിത്. ഈശോയാകുന്ന *മനോഗുണ അപ്പനിൽ* നിന്നകന്ന് പോയവനാണ് ഞാൻ. ഇപ്പോൾ എനിക്ക് തിരിച്ചുവരണം; തിരിച്ചെത്തുന്ന തനയനായി തീരണം. അതിന് ഞാൻ ആദ്യമായി വിശുദ്ധരുടെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നു. മാദ്ധ്യസ്ഥ്യാപേക്ഷയോടെയാണ് ധ്യാനം സമാരംഭിക്കുക.

മദ്ധ്യസ്ഥാപേക്ഷയെ പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ഘടകങ്ങളിലൊന്നായി കരുതുന്നതിൽ തെറ്റില്ല. പുണ്യവാൻമാരുടെ *ഒരുമ്പാട്* അഥവാ കൂട്ടായ്മ (Commnion of Saints) യെകുറിച്ചുള്ള അഗാധമായ അനുഭവജ്ഞാനം തിരുസഭാത്മകമായ സമഗ്രവീക്ഷണത്തിന്റെ അടയാളമാണ്. സ്വർഗ്ഗീയസഭയും ഭൗമികസഭയും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. സമരസഭയെ സഹായിക്കുവാൻ നിയുക്തരാണ് വിജയകീരീടമണിഞ്ഞിരിക്കുന്ന ജേഷ്ഠസഹോദരങ്ങൾ. ഇത്തരം പരസ്പര സംസർഗ്ഗത്തെ പരിപോഷിപ്പിക്കുന്നതാണ് മദ്ധ്യസ്ഥാപേക്ഷ.

കർമ്മലീത്താ സഭയിലെ അംഗമായ എനിക്ക് പ്രിയങ്കരിയാണ് ആവീലായിലെ വി. അമ്മത്രേസ്യ. പുണ്യവതിയെ ഞാൻ ഇപ്രകാരമാണ് വിശേഷിപ്പിക്കുക: *മാംസതള്ളമാരേക്കാൾ അധികമായിട്ട് തന്റെ മക്കളെ സ്നേഹിക്കുന്നവൾ; എന്റെ അമ്മ, എന്നെ പെറ്റവൾ, ഈശോയുടെ ത്രേസ്യ.* ഇത്രയും പ്രിയപ്പെട്ട ആവീലായിലെ ഈ അമ്മയുടെ മാദ്ധ്യസ്ഥ്യമാണ് ആദ്യമായി ഞാൻ അപേക്ഷിക്കുക: *എന്റെ അമ്മേ, നീ കൂടെയെനിക്ക് സഹായവും തുണയുമായിരിപ്പാൻ ആയി മുൻകൂട്ടി നിന്റെ പ്രിയമണവാളന്റെ മുറിയിൽ നീ കടന്ന് തന്റെ കാരുണ്യത്തിന്റെ തൃക്കണ്ണുകളെ എന്റെ മേൽ തിരിപ്പിക്കണമേ.*

ഈശോ പുണ്യവതിയുടെ പ്രിയമണവാളനാണ്. അതോടൊപ്പം എന്റെ അപ്പനുമാണ്. മണവാട്ടിയായ അമ്മ ത്രേസ്യായുടെ അപേക്ഷ അവിടുന്ന് ഒരിക്കലും തിരസ്ക്കരിക്കുകയില്ല. തന്റെ

ധൂർത്തപുത്രനെ അവിടുന്ന് കാരുണ്യപൂർവ്വം കടാക്ഷിക്കും. അപ്പന്റെ കാരുണ്യമില്ലെങ്കിൽ അനുതപിച്ചു വന്നാലും വീട്ടിൽ പ്രവേശനം ലഭിക്കുകയില്ല. വേലക്കാരന്റെ ജോലിപോലും കിട്ടുകയില്ല.

മാംസതള്ളയെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്ന വി.അമ്മ ത്രേസ്യായെ വേറെ രണ്ട് കാര്യങ്ങൾക്കായും ഞാൻ അഭയം ഗമിക്കുന്നുണ്ട്: *പാപികളുടെ സങ്കേതവും അനുഗ്രഹങ്ങളുടെ അമ്മയുമായിരിക്കുന്ന ദേവമാതാവിന്റെയും, നിന്റെയും നിന്റെ മക്കളായ ഞങ്ങളുടെയെല്ലാം മദ്ധ്യസ്ഥനായ മാർ യൗസേപ്പ് പിതാവിന്റെയും തുണയും സഹായവും നീ പ്രാർത്ഥിക്കണമേ.*

നമ്മുടെ ഏറ്റവും പ്രിയങ്കരമായ മദ്ധ്യസ്ഥരാണല്ലോ മറിയവും മാർ യൗസേപ്പും. അവർ എപ്പോഴും തുണയും സഹായവും നല്കുവാൻ തയ്യാറായിരിക്കുന്നു. എന്നാൽ *ധ്യാനസല്ലാപത്തിൽ* ഞാൻ അവരുടെ പക്കലേക്ക് നേരിട്ട് അണയുന്നില്ല. അവരുടെ ഓമനമകളായ ആവിലായിലെ അമ്മ വഴിയായാണ് അവരെ ഞാൻ സമീപിക്കുക. മദ്ധ്യസ്ഥരായവരെ മറ്റൊരു മദ്ധ്യസ്ഥവഴിയായി അഭിഗമിക്കുന്നത് തികച്ചും നൂതനമാണല്ലോ. എന്റെ പ്രത്യേക സവിശേഷതയാണത്.

ദേവമാതാവിന് രണ്ടു വിശേഷങ്ങൾ നല്കിയിരിക്കുന്നു:പാപികളുടെ സങ്കേതം, അനുഗ്രഹങ്ങളുടെ അമ്മ. പശ്ചാത്തലത്തിന് തീർത്തും ഇണങ്ങുന്നവയാണ് ആ അഭിസംബോധനകൾ. പ്രിയ അപ്പന്റെ മുൻപിലണയുവാൻ മടിച്ചു നിൽക്കുന്നത് പാപിയാണ് ഞാനെന്ന അവബോധം മൂലമാണല്ലോ. ഇപ്പോഴിതാ പാപികളുടെ സങ്കേതമായി കന്യകാമറിയത്തെ ലഭിച്ചിരിക്കുന്നു. അമ്മയിൽ അഭയം ഗമിക്കുന്ന പാപികളാരും പരിത്യജിക്കപ്പെടുകയില്ല. അനുഗ്രഹങ്ങളുടെ അമ്മയെന്നാണ് രണ്ടാമത്തെ വിശേഷണം. ദൈവവുമായി സംഭാഷണത്തിൽ ഏർപ്പെടുന്നതിന് എനിക്ക് അനുഗ്രഹം അവശ്യം ആവശ്യമായിരിക്കുന്നു. മറിയമാകട്ടെ അനുഗ്രഹങ്ങളുടെ ജനനിയാണ്. അമ്മ വഴിയാണ് ദൈവാനുഗ്രഹങ്ങൾ മാനവർക്ക് സംലഭ്യമാകുക.

യൗസേപ്പ് പിതാവിനു നല്കിയിരിക്കുന്ന **സംജ്ഞ** "നിന്റെയും നിന്റെ മക്കളായ ഞങ്ങളുടെയും മദ്ധ്യസ്ഥനെ"ന്നാണ്. ഈശോയുടെ സംരക്ഷകൻ വിശുദ്ധ അമ്മ ത്രേസ്യായുടെയും അവരുടെ മക്കളായ എന്റെയും കൂടെപ്പിറപ്പുകളുടെയും മദ്ധ്യസ്ഥനാണല്ലോ. വിശുദ്ധ യൗസേപ്പ് പിതാവ് തന്റെ പ്രിയ മകളായ ത്രേസ്യ പുണ്യവതിക്ക് അനേകം അദ്ഭുതസഹായം നല്കിയവനത്രേ. കാരണം ആ അമ്മ അദ്ദേഹത്തിന്റെ

ഇഷ്ട പുത്രിയായിരുന്നു. അവരുടെ മദ്ധ്യസ്ഥ്യാപേക്ഷ പുണ്യതാതൻ തള്ളിക്കളയുകയില്ല.

വി. അമ്മ ത്രേസ്യായോട് മാത്രമല്ല ഞാൻ മദ്ധ്യസ്ഥാപേക്ഷ നടത്തുക. *എല്ലായ്പ്പോഴും എന്നെ തുണച്ചുവരുന്ന മറിയം മഗ്ദലേനാമ്മ, ഈജിപ്തിലെ മറിയം അമ്മ, മർഗരീത്താ കൊർത്തോണാമ്മ എന്നിവരുടെ മനസ്താപവും പ്രായശ്ചിത്തവും എനിക്കുള്ളതായി അപേക്ഷിക്കുന്നു.*

പാപിനികളായിരുന്ന ആ മൂന്ന് അമ്മമാരും പിന്നീട് അനുതപിക്കുകയും അതികഠിനമായ പ്രായശ്ചിത്തം അനുഷ്ഠിക്കുകയും ചെയ്തവരാണല്ലോ. അവരെപ്പോലെ ഞാനും മഹാപാപിയാണ്, നിശ്ചയം. തന്മൂലം അവരുടെ മനസ്താപവും പ്രായശ്ചിത്തവും തനിക്കും അനുകരിക്കണം. അതിനായി ആ അമ്മമാരോട് സദാ പ്രാർത്ഥിച്ചിരുന്നവനാണ് ഞാൻ. അവരുടെ പിൽക്കാല ജീവിതം അനുകരിക്കുവാൻ തത്രപ്പെടുകയും ചെയ്തു. ആ മൂന്നു അമ്മമാരുമായി പുത്രനടുത്ത ബന്ധം പുലർത്തി. അവരോ *എല്ലായ്പ്പോഴും എന്നെ തുണച്ചുവരികയും* ചെയ്തു.

ധ്യാനസല്ലാപങ്ങളിൽ വേറൊരു ഭാഗത്ത് മൂന്ന് അമ്മമാരെ കുറിച്ച് ഇപ്രകാരം പറയുന്നു. *എന്റെ പരിഹാരമദ്ധ്യസ്ഥകളായ ഈജിപ്തിലെ മറിയം, കൊർത്തോന എന്നീ അമ്മമാർ അവരുടെ പ്രായശ്ചിത്തവും കണ്ണുനീരും എപ്പോഴും എനിക്കായിട്ട് ദിവ്യതുലാസ്സിൽ വയ്പ്പാനായി കാത്തിരിക്കുന്നു... ഗാഗുൽത്തായിൽ നാട്ടിയിരിക്കുന്ന കുരിശിൻ ചുവട്ടിൽ പിടിച്ചുകൊണ്ട് നിൽക്കുന്ന ഈ അമ്മ മഗ്ദലേനായോടുകൂടെ ഞാനും നിത്യവും ഈ കുരിശിൻ ചുവട്ടിൽ കെട്ടിപ്പിടിച്ചിരിക്കയാൽ... എന്റെ അമ്മ മഗ്ദലേനാമ്മേ,... കർത്താവിനെയും മാതാവിനെയും മറ്റും നീ കൂട്ടിക്കൊണ്ടുവന്ന് പാവപ്പെട്ട സക്കേവൂസായ അടിയന്റെ ഹൃദയത്തിൽ പാർപ്പിക്കണമേ. ... എന്റെ അമ്മേ, നിന്നോട് കർത്താവിനുള്ള സ്നേഹം എത്രയും വലുതായിരിക്കയിൽ നീ വിളിക്കുന്നതിനെ കേൾക്കുമ്പോൾ എന്റെ കർത്താവ് മഹാ തെളിവോടെ വരികയും ചെയ്യും... നിന്നെപ്പോലെ അമ്മേ, എന്നെ സ്നേഹിച്ച് എന്റെ ദാരിദ്ര്യത്തെ തീർപ്പാൻ ഉത്സാഹിക്കുന്ന മറ്റ് അമ്മമാരും എനിക്കുണ്ട്. ഇതാ നിന്നെപ്പോലെതന്നെ ഈജിപ്തിലെ മറിയം, മറിയം കൊർത്തോണ എന്ന ഈ അമ്മമാരെയും അധികമായി കർത്താവ് സ്നേഹിക്കുന്നതിനാലും അടിയനെയും ഈ അമ്മമാർ പ്രിയത്താൽ സന്ധിച്ചു വരുന്നതിനാലും ഇവരുടെ ഹൃദയ*

ഇരിപ്പിടങ്ങളിൽ സന്തോഷത്താൽ താൻ കുടിയിരിക്കും.

ഇപ്രകാരം എന്നെ സ്നേഹിക്കുകയും, എന്റെ ദാരിദ്ര്യത്തെ തീർപ്പാൻ ഉത്സാഹിക്കുകയും, പ്രിയത്താൽ സന്ധിക്കുകയും, എപ്പോഴും എന്നെ തുണച്ചുവരികയും ചെയ്യുന്ന മഗ്ദലേനാമറിയം, ഈജിപ്തിലെ മറിയം, കൊർത്തോണായിലെ മറിയം എന്നീ മൂന്ന് അമ്മമാരുമായുള്ള മദ്ധ്യസ്ഥസല്ലാപത്തിനുശേഷമാണ് ധ്യാനത്തിന്റെ വിഷയത്തിലേക്ക് പ്രവേശിക്കുക.

4.6.5.2. പുറപ്പെടൽ സല്ലാപം

സുവിശേഷത്തിലെ ധൂർത്തപുത്രനായി സ്വയം ഞാൻ കണക്കാക്കിക്കൊണ്ട് സ്വഭവനത്തിലേക്ക് പുറപ്പെടുവാൻ ആരംഭിക്കുകയായി: *ഇതാ എന്റെ അപ്പന്റെ പക്കലേക്ക് ഞാൻ പുറപ്പെടുന്നു.* ജീവിതം ഒരു പുറപ്പാടായാണ് വിഭാവനം ചെയ്തിരിക്കുക. ഇസ്രായേൽജനം സീനായ്മലയിൽ എഴുന്നള്ളിയിരിക്കുന്ന കാരുണ്യവാനായ ദൈവത്തിന്റെ തിരുസന്നിധിയിലേക്ക് പുറപ്പെട്ടു പോയതിനെ ഇവിടെ അനുസ്മരിക്കാം. അതിന്റെ രണ്ടാംഭാഗമായിരുന്നു സെഹിയോൻ മലയിലെ ജറുസലേം ദേവാലയത്തിൽ സന്നിധി ചെയ്തിരുന്ന യാഹ്വെയെ ദർശിക്കുന്നതിനായുള്ള ഇസ്രായേൽ ജനത്തിന്റെ തീർത്ഥയാത്ര.

അപ്പന്റെ പക്കലേക്കുള്ള പുറപ്പാടിന്റെ ആരംഭത്തിൽ ഞാൻ ആത്മസല്ലാപത്തിൽ ഏർപ്പെടുകയായി. ത്രിവിധ പ്രകരണങ്ങൾ അടങ്ങുന്നതാണ് ആ ആത്മസല്ലാപം. ദർശനദാഹപ്രകരണം, അനുതാപപ്രകരണം, ശരണപ്രകരണം.

4.6.5.2.1. ദർശനദാഹപ്രകരണം

ആ! എത്ര നാളായി ഞാൻ എന്റെ അപ്പന്റെ തിരുമുഖം കണ്ടിട്ട്!

അപ്പനെ കൂടാതെയുള്ള ഒരു ജീവിതം കെട്ടിപ്പടുക്കുവാൻ ശ്രമിച്ചവനാണ് ഞാൻ. അതിനായി സ്നേഹസമ്പന്നനായ താതനെ ഉപേക്ഷിച്ചു പോന്നു; അഹം കേന്ദ്രീകൃതമായ ജീവിതം നയിച്ചു; നന്ദീഹീനതയുടെ മുഖാവരണം അണിഞ്ഞു; അപ്പനെപ്പറ്റിയുള്ള ഓർമ്മ ഹൃദയത്തിൽനിന്ന് തുടച്ചുമാറ്റാൻ ഭഗീരഥയത്നം ചെയ്തു. ഫലമെന്തായിരുന്നുവെന്നോ? ഉള്ളതെല്ലാം ഞാൻ നഷ്ടപ്പെടുത്തി. അപ്പന്റെ സ്ഥാനത്ത് അഹത്തെയും ഭോഗത്തെയും പ്രതിഷ്ഠിക്കാനുള്ള യത്നം വിഫലമായി. ഇപ്പോഴിതാ എനിക്ക് സുബോധം തിരിച്ചു കിട്ടിയിരിക്കുന്നു. അപ്പന്റെ പക്കലേക്ക് തിരിച്ചു ചെല്ലുമെന്ന ആഗ്രഹം

എന്നിൽ വളർന്നിരിക്കുന്നു. അപ്പനെപ്പറ്റിയുള്ള ചിന്ത മനസ്സിൽ കയറിപ്പറ്റിയതോടെ ആ തിരുവദനം ദർശിക്കാനുള്ള ആഗ്രഹം തീരാദാഹമായി വളരുകയായി. *ആ എത്ര നാളായി ഞാൻ എന്റെ അപ്പന്റെ മുഖം കണ്ടിട്ട്!*

മുഖദർശനത്തിനായുള്ള ദാഹം എന്നെ വിവശനാക്കുകയാണ്. സങ്കീ 42 ലെ ആശയങ്ങൾ എന്റെ ഹൃദയവികാരങ്ങളായി തീരുന്നു. നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ എന്റെ ഹൃദയം താതനെ തേടിക്കൊണ്ടിരിക്കുന്നു; അവിടുത്തേക്കായി ഞാൻ ദാഹിക്കുന്നു. എപ്പോഴാണ് തിരുസന്നിധിയിലെത്തി എനിക്ക് അവിടുത്തെ കാണാൻ കഴിയുക? അപ്പന്റെ തിരുമുഖം കണ്ടാൽ മാത്രം മതി. അപ്പോൾ ഞാൻ അത്മസാക്ഷാത്കാരമടയും. വേറൊന്നും എനിക്ക് വേണ്ട. അപ്പനെപ്പറ്റിയുള്ള ഓർമ്മയിൽ ഞാൻ രാപ്പകൽ കണ്ണുനീർ എന്റെ ഭക്ഷണമാക്കിത്തീർത്തു. സങ്കീ 84 ലെ ആശയങ്ങളും ഞാൻ ആത്മഭാഷണമാക്കി തീർക്കുന്നുണ്ട്. *എന്റെ ആത്മാവ് കർത്താവിന്റെ അങ്കണത്തിലെത്താൻ വാഞ്ഛിച്ചു തളരുന്നു.*

4.6.5.2.2. അനുതാപപ്രകരണം

ദർശനദാഹം വളർന്നതോടൊപ്പം എന്നിൽ അനുതാപവികാരങ്ങളും നിറയുകയായി. തെറ്റുകളോർത്ത് ഞാൻ കണ്ണീരൊഴുക്കി. ഈ ദൗർഭാഗ്യങ്ങൾക്കെല്ലാം കാരണം ഞാൻ തന്നെയാണ്. *അപ്പൻ എനിക്കു തന്നിരുന്ന സമ്പത്തുകളൊക്കെയും ഞാൻ ധൂളിച്ചു കളഞ്ഞു.* ആ സമ്പത്തുകൾ എന്തൊക്കെയാണെന്ന് ആത്മാനുതാപത്തിൽ ഞാൻ വിവരിച്ചിട്ടുണ്ട്. കാരുണ്യാഭയം ശേഷം ഗുണങ്ങളും, ആത്മാവിന്റെ വെണ്മ (വെള്ളവസ്ത്രം), നന്മ ധരിപ്പിച്ചത്, മോക്ഷാനന്ദമെന്ന സമ്പത്ത്, ദൈവികത്വത്തിന്റെ പന്തം, വിശുദ്ധിയാവുന്ന ലവണം (പാദം 1:33-36ച പദം2.153-159). ജ്ഞാനസ്നാനകർമ്മത്തിന്റെ ദൈവികതലങ്ങളെ അനാവരണം ചെയ്യുന്ന പദങ്ങളാണല്ലോ ഇവ. ഈ അനുഗ്രഹദാനങ്ങളെല്ലാം കളഞ്ഞുകുളിച്ചുവെന്ന് ഞാൻ വിലപിക്കുകയാണ്.

അപ്പനെ ഉപേക്ഷിച്ച് സൃഷ്ടവസ്തുവിലേക്ക് തിരിഞ്ഞതുമൂലം സിദ്ധിച്ച സമ്പത്തെന്താണെന്നോ? *നാണം മറപ്പാൻ കൂടെയും പാടില്ലായ്കയാൽ കില്ലത്തുണി (കീറപ്പഴുന്തുണി) ധരിച്ചിരിക്കുന്നു.* സമ്പന്നകുമാരന് വന്നുചേർന്ന ദുർഗതി സമ്യക്കായി ഇവിടെ വിവരിച്ചിരിക്കുന്നു.

4.6.5.2.3. ശരണപ്രകരണം

ഇത്തരം നീചസ്ഥിയോർത്ത് ഈ മകൻ നിരാശപ്പെടുന്നില്ല. ശരണത്തിന്റെ പ്രകരണങ്ങൾ ഉരുവിടുകയായി ഞാൻ. *എങ്കിലും ഈ വേഷത്തോടുകൂടെ തന്നെ ഞാൻ ചെല്ലട്ടെ.* താനായിരിക്കുന്നതുപോലെ പിതാവിലേക്ക് തിരിയുന്നതിനുള്ള ദൃഢനിശ്ചയമാണിത്. താതന്റെ പക്കലണയുവാനുള്ള അചഞ്ചലമായ തീരുമാനം ഈ വാക്കുകളിൽ മുഴങ്ങുന്നു.

ഇനിയും താമസിച്ചാൽ ഞാൻ ചത്തു പോകുമല്ലോ. അപ്പന്റെ മുഖം ദർശിക്കാതെ ഒരു നിമിഷംപോലും ജീവിക്കുവാൻ അസാധ്യമായിരിക്കുന്നു. അതിന് സാധിച്ചില്ലെങ്കിൽ ഞാൻ ചത്തുപോകും, നിശ്ചയം. ചത്തുപോകുക എന്ന പദം മനുഷ്യനെ കുറിച്ച് ഉപയോഗിക്കുന്നതല്ലല്ലോ. മൃഗങ്ങളാണ് ചത്തുപോകുക. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവന് തിരുമുഖദർശനസൗഭാഗ്യം കൈവരുന്നില്ലെങ്കിൽ അവൻ മൃഗങ്ങളുടെ സ്ഥിതിവിശേഷത്തിലേക്ക് താഴുകയായിരിക്കും.

4.6.5.3. യാത്രാവേളയിലെ ആത്മസല്ലാപം

4.6.5.3.1. യാത്ര ആരംഭിക്കുന്നു

ഈ തീരുമാനമെടുത്തശേഷം അപ്പന്റെ ഭവനത്തിലേക്കുള്ള യാത്ര ആരംഭിക്കുകയായി. അതിനെപ്പറ്റി ഞാൻ *ധ്യാനസല്ലാപത്തിൽ* എഴുതുന്നതിപ്രകാരമാണ്: *ഇതിനാൽ എന്റെ കാട്ടുവടിയും തൊപ്പിപ്പാളയും ഞാൻ എടുത്തുകൊണ്ടിതാ നടക്കുന്നു.*

തികച്ചും കേരളീയമായ വസ്തുക്കളാണല്ലോ കാട്ടുവടിയും തൊപ്പിപ്പാളയും. യാത്രയിൽ സുരക്ഷിതത്വം നൽകുന്നതാണ് ഇടയന്റെ വടി. "അങ്ങയുടെ ഊന്നുവടിയും ദണ്ഡും എനിക്ക് ഉറപ്പേകുന്നു" (സങ്കീ 23:4). തൊപ്പിപ്പാള ശിരോകവചമാണ്. വി. പൗലോസ് രക്ഷയുടെ പടത്തൊപ്പി അണിയുവാനും (എഫേ.6:17) രക്ഷയുടെ പ്രത്യാശയാകുന്ന പടത്തൊപ്പി ധരിക്കുവാനും (1തെസ 5:8) ക്രൈസ്തവരെ ആഹ്വാനം ചെയ്യുന്നുണ്ട്. ബിബ്ലിക്കലായ ആ പടത്തൊപ്പിയുടെ നാടൻഭാഷ്യമാണ് തൊപ്പിപ്പാള.

നടക്കുക എന്ന പ്രയോഗം തികച്ചും ബിബ്ളിക്കലാണ്. ദൈവത്തോടൊന്നിച്ച് നടക്കുവാനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. സൃഷ്ടിയുടെ ആഘോഷത്തിൽ ദൈവസാക്ഷാത്കാരവും ആത്മസാക്ഷാത്കാരവും കണ്ടെത്തുക എന്നതായിരുന്നു അവന്റെ ദൈവിളി. പാപം ചെയ്തതോടെ ആ മൈത്രീബന്ധം ശിഥിലമായി. ദൈവത്തോടൊത്ത് നടന്നവനാണ് *ഹെനോക്.* അവിടുന്നുമായി

അദ്ദേഹം ഒന്നായിത്തീർന്നു. അതോടെ *ഹെനോക്* എന്ന വ്യക്തി ഇല്ലാതായി. ദൈവം അദ്ദേഹത്തെ എടുത്തു (ഉത്പ 5:24). ധാർമ്മിക നായ നോഹിനെപ്പറ്റിയും "ദൈവത്തോടൊത്ത് നടന്നവനെന്ന് വിശേ ഷിപ്പിച്ചിട്ടുണ്ട്" (ഉത്പ 6:9). ഇസ്രായേൽ ജനം യാഹ്വെയോടൊത്ത് വനാന്തരത്തിലൂടെ വാഗ്ദാനദേശത്തിലേക്ക് പ്രയാണം ചെയ്യുവാൻ വിളിക്കപ്പെട്ടവരാണ്. ഈശോയെ അനുധാവനം ചെയ്യേണ്ടവരാണ് അവിടുത്തെ ശിഷ്യർ (മർക്കോ1:17,20; യോഹ1:43). ജീവിതം പിതാ വിന്റെ ഭവനത്തിലേക്കുള്ള യാത്രയായി *ധ്യാനസല്ലാപത്തിൽ* വിഭാ വനം ചെയ്തിരിക്കുന്നു.

4.6.5.3.2. വിഷാദപ്രകരണം

യാത്രാവേളയിൽ വിവിധ വികാരങ്ങൾ ധൂർത്തനെ മഥിച്ചു. ആദ്യമായി അപ്പന്റെ ഭവനത്തിലെ സുഖസൗകര്യങ്ങളും ആഹ്ളാദ ത്തിമിർപ്പുമാണ് എന്റെ ഓർമ്മയിലെത്തിയത്. *എന്റെ ആത്മാവേ, എത്രയോ വേലക്കാർ നിന്റെ അപ്പന്റെ തിരുമുൻപിൽ സംപൂർത്തി യാൽ തെളിഞ്ഞു നടക്കുന്നു! അവരെ ഓർക്കുമ്പോൾ നീ എന്തേ ക്ലേശിക്കുന്നു?* വീട്ടിൽ പരിചാരകൻമാർപോലും സംതൃപ്തരും സൗഭാഗ്യന്മാരുമാണ്. അവരുടെ നിലയും മകനായ എന്റെ ഇപ്പോ ഴത്തെ സ്ഥിതിയും ഓർത്തുനോക്കുമ്പോൾ ദുഃഖം തോന്നാതി രിക്കുമോ? പുത്രന്റെ പദവി ഞാൻ സ്വന്തതെറ്റുകൊണ്ട് നഷ്ടപ്പെ ടുത്തി. അതോർത്തപ്പോൾ വിഷാദവികാരങ്ങൾ മനസ്സിൽ നിറഞ്ഞു. എങ്കിലും ഞാൻ പ്രത്യാശ കൈവെടിഞ്ഞില്ല. *അവരെ ഓർക്കുമ്പോൾ നീ എന്തേ ക്ലേശിക്കുന്നു?*

എന്റെ ചേതോവികാരങ്ങൾ സങ്കീർത്തകന്റെ വാക്കുകളോട് തുലനം ചെയ്യാവുന്നതാണ്: "എന്റെ ആത്മാവേ, നീ എന്തിന് ആകു ലപ്പെടുന്നു? വിഷാദിക്കുന്നു? നെടുവീർപ്പിടുന്നു? നീ ദൈവത്തിൽ പ്രത്യാശ വയ്ക്കുക" (സങ്കീ 42:5). "എന്നേക്കും അങ്ങയെ സ്തുതി ച്ചുകൊണ്ട് അങ്ങയുടെ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാൻമാർ!" (സങ്കീ 84:4).

4.6.5.3.3. ആശ്രയപ്രകരണം

എന്റെ ആദ്ധ്യാത്മികമായ മുഖമുദ്ര അത് എപ്പോഴും പ്രത്യാ ശയിലേക്ക് വളരുന്നുവെന്നതാണ്. അനുതാപവും വിഷാദവും സന്തോ ഹവുമെല്ലാം ഒരിക്കലും അന്ത്യമായി തീരുന്നില്ല. അവയെല്ലാം പ്രത്യാ ശയിലേക്കുള്ള ഏണിപ്പടികളാണ്. ഇവിടെയും വിഷാദസല്ലാപം ശരണസല്ലാപത്തിലേക്ക് ആനീതമാകുന്നു: *ഈ അപ്പൻ എത്രയും*

അനുഗ്രഹമുള്ളവനാകയാൽ ഈ നിന്റെ നന്ദികേടുകളൊക്കെയും മറന്നു കളയും. മുൻപിലത്തെ നിന്റെ പുത്രസ്ഥാനത്തിൽ വയ്ക്കുകയും ചെയ്യും.

ഹീബ്രുവിലെ *ഹെസെദ്* എന്ന വാക്കിനെയാണ് ഇവിടെ അനുഗ്രഹമായി വിശേഷിപ്പിച്ചിരിക്കുക. കാരുണ്യം, സ്നേഹം, കൃപ, അനുഗ്രഹം എന്നൊക്കെ സന്ദർഭാനുസരണം *ഹെസെദിന്* അർത്ഥമാകാം. ദൈവത്തെ അനുഗ്രഹമുള്ളവനെന്ന് ഞാൻ വിശേഷിപ്പിക്കുന്നുണ്ട്. യാഹ്വെയുടെ ഏറ്റവും തനിമയേറിയ നാമമാണത് (പുറ.34:6). രക്ഷാചരിത്രം കാരുണ്യത്തിന്റെ കഥയാണ്. മനുഷ്യരുടെ തെറ്റും കുറ്റവും അപരാധവും നന്ദിഹീനതയുമെല്ലാം വീണ്ടും വീണ്ടും ക്ഷമിക്കുവാൻ സന്നദ്ധനാണ് കാരുണ്യൻ. അവിടുത്തേക്ക് ഏറ്റം ഇഷ്ടകരമായ ആ നാമം വിളിച്ചപേക്ഷിച്ചാൽ ക്ഷന്തവ്യമല്ലാത്ത കൃതഘ്നതയും അതിക്രമവും കർത്താവ് പൊറുക്കും.

ബൈബിൾ ദർശനത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികതയാണ് എന്റേത്. എന്റെ കാഴ്ചപ്പാടിൽ ഏറ്റവും (the most) അനുഗ്രഹമുള്ളവനാണ് അപ്പൻ. തന്മൂലം നന്ദികേടൊക്കെ അവിടുന്ന് മറന്നുകളയുമെന്നതിന് എനിക്ക് സംശയമില്ല. മാത്രമല്ല *നിന്റെ പുത്രസ്ഥാനത്തിൽ വയ്ക്കുകയും ചെയ്യും.* ബൈബിളിലെ ഉപമയിൽ ധൂർത്തന് ഇപ്രകാരമുള്ള പ്രതീക്ഷയൊന്നുമുണ്ടായിരുന്നില്ല. വേലക്കാരനായി തന്നെ കരുതണമെന്ന് മാത്രമേ അവൻ അപേക്ഷിച്ചുള്ളൂ. വചനോപാസകനായ
എന്നിലൂടെ വചനം വളരുന്ന കാഴ്ചയാണ് നിങ്ങൾക്ക് കാണാനാകുക.

4.6.5.3.4. ഭവനദർശനവും ആത്മസല്ലാപവും

ആത്മഭാഷണം മാത്രമല്ല ആത്മദർശനവും എന്റെ ധ്യാനരീതിയുടെ സവിശേഷതയാണ്: *ആ! നീ നോക്കുക. നിന്റെ അപ്പന്റെ അരമനയും മറ്റു മാളികകളും പൊക്കമുള്ള മതിലുകളും കാണുന്നില്ലയോ?*

അപ്പന്റെ ഭവനത്തിലേക്കുള്ള യാത്ര വീടിനോട് അടുത്തുവരികയായി. അകലെനിന്ന് അരമനയും മാളികകളും അതോടൊപ്പം പൊക്കമുള്ള മതിലുകളും ദൃശ്യമായി തുടങ്ങി. ഞാൻ സ്വയം അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുന്നു: *ആ! നീ നോക്കുക.* ദൃശ്യമായിക്കൊണ്ടിരിക്കുന്ന ഭവനത്തിൽ ദൃഷ്ടിയുറപ്പിക്കാനാണ് എന്റെ ആത്മാവിനോട് ഞാൻ ആവശ്യപ്പെടുന്നത്. ആത്മാവുമായുള്ള

ഇത്തരം സംഭാഷണം ബിബ്ലിക്കലാണ്. ഈശോയുടെ ശൈലിയെന്ന് അതിനെ വിശേഷിപ്പിക്കാം. ധനവാനായ ഭോഷന്റെ ഉപമ നോക്കുക. ജീവിതകാലം മുഴുവനും ആവശ്യമായവ സമ്പാദിച്ചുവച്ചശേഷം അയാൾ ആത്മഭാഷണം നടത്തുകയാണ്: "എന്റെ ആത്മാവേ, അനേകവർഷത്തേക്കുള്ള വിഭവങ്ങൾ നിനക്കായ് സംഭരിക്കപ്പെട്ടിരിക്കുന്നു; വിശ്രമിക്കുക, തിന്നുകുടിച്ച് ആനന്ദിക്കുക" (ലൂക്കാ 12:16-20). മനുഷ്യപുത്രൻ തന്നെപ്പറ്റി ഇപ്രകാരം പറയുന്നു: "എന്റെ ആത്മാവ് മരണതുല്യമായ ദുഃഖം അനുഭവിക്കുന്നു" (മർക്കോ 14:14). കന്യകാമറിയത്തിന്റെയും ശൈലി മറ്റൊന്നല്ല: എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു (ലൂക്കാ1:46). ആത്മാവുമായുള്ള എന്റെ സംഭാഷണത്തിലെ ഒരു പ്രയോഗം നിങ്ങൾ ശ്രദ്ധിക്കുക. *നിന്റെ* അപ്പനെന്നാണ് ഞാൻ എന്റെ അപ്പനെപ്പറ്റി പരാമർശിക്കുന്നത്. മിശഹാ ആത്മാവിന്റെ അപ്പനാണ്.

4.6.5.3.4.1. സന്തോഷപ്രകരണം

അപ്പന്റെ ഭവനം കാണാൻ ദാഹിച്ചു മോഹിച്ചു കൊണ്ടായിരുന്നു പഥികനായ എന്റെ ഓരോ കാൽവയ്പും. വളരെ അകലെ നിന്നുകൊണ്ടുതന്നെ അരമന ദൃഷ്ടിപഥത്തിലുറപ്പിക്കാനുള്ള യത്നത്തിൽ ഞാൻ മുഴുകുകയായി. ശാരീരിക നേത്രങ്ങൾക്ക് ഭവനം ഗോചരീഭവിക്കുന്നതിന് എത്രയോ മുൻപുതന്നെ ആന്തരികമായി അത് തൃക്കൺപാർത്തവനാണ് പുത്രനായ ഞാൻ. അപ്പന്റെ അരമനയും മറ്റു മാളികകളും പൊക്കമുള്ള മതിലുകളും കണ്ടതോടെ ഞാൻ ആനന്ദനിർവൃതനായിത്തീർന്നു. ആത്മാവിന് ആ ദൃശ്യം കാണിച്ചുകൊടുക്കുവാൻ തത്രപ്പെടുകയായി ഈയുള്ളവൻ.

പുത്രനായ എന്റെ തുടർന്നുള്ള വാക്കുകൾ ആന്തരികാനന്ദത്തിന്റെ ബാഹ്യാവിഷ്ക്കാരമാണ്: *ഈ പുറത്തുള്ള അലങ്കാരങ്ങളും മഹിമകളും ഈവണ്ണമായിരിക്കുമ്പോൾ അകത്തുള്ള മഹിമസന്തോഷങ്ങൾ എന്തായിരിക്കും!* ദൈവഭവനത്തിന്റെ മനോഹാരിതയെ കുറിച്ചുള്ള 84-ാം സങ്കീർത്തനത്തിന്റെ ആന്തരാത്മാവിനെ അവതരിപ്പിക്കുന്നതാണല്ലോ ഈ വാക്കുകൾ. ഒരു പ്രത്യേകതയുണ്ട്. സങ്കീർത്തകൻ ദൈവഭവനത്തിന്റെ ബാഹ്യമോടിക്ക് പ്രാധാന്യം നൽകുമ്പോൾ ഞാൻ അപ്പന്റെ ഭവനത്തിനുള്ളിലെ മഹിമസന്തോഷങ്ങളിൽ ഹൃദയമുറപ്പിക്കുകയാണ്.

4.6.5.3.4.2. സന്ദേഹപ്രകരണം

അപ്പന്റെ അരമനക്കകത്തുള്ള മഹിമസന്തോഷങ്ങൾ

ഓർത്തോർത്ത് പഥികനായ ഞാൻ ഒരു നിമിഷം സ്വയവിസ്മൃതിയിലാണ്ടു. ഉടനടി ജീവിതയാഥാർത്ഥ്യത്തിലേക്ക് മടങ്ങുകയും ചെയ്തു: *ആ! നേരുതന്നെ. എന്റെ ആത്മാവേ, ഇത്ര വലിയ മതിലിനു പുറത്തു കിടന്ന് ഞാൻ നിലവിളിച്ചാൽ ആരു കേൾക്കും? ഈ വലിയ പൂട്ടും വാതിലും ആരു തുറന്നുതരും? ഇങ്ങനെ വല്ലവരും തുറന്നു തന്നാൽ ഈ ഉപേക്ഷിക്കപ്പെട്ടവനായ നീ വന്നിരിക്കുവെന്ന് ആരവിടെ അറിയിക്കും? ഇങ്ങിനെ അറിയിച്ചാലും കോപിച്ചു തള്ളുന്നതല്ലാതെ എന്നെ നോക്കുമോ? അങ്ങേ അരികിലേക്ക് അനുവാദം കൂടാതെ നിനക്കടുക്കാമോ?*

സങ്കീ 77 ലെ ഭാഷയാണിത്. പ്രസക്തഭാഗങ്ങൾ ഉദ്ധരിക്കട്ടെ: "അവിടുന്ന് കേൾക്കാൻ ഞാൻ ഉച്ചത്തിൽ വിളിക്കും" **(വാക്യം 1)**. "ഞാൻ കഴിഞ്ഞകാലങ്ങളോർക്കുന്നു. പണ്ടത്തെ സംവത്സരങ്ങളെ സ്മരിക്കുന്നു" (വാക്യം 5). "എന്റെ ആത്മാവിൽ ഒരു ചോദ്യമുയർന്നു: കർത്താവെന്നെ എന്നേക്കുമായി തള്ളിക്കളയുമോ? അവിടുന്ന് ഇനി പ്രസാദിക്കയില്ലേ?" (വാക്യം 6-7). അവിടുത്തെ കരുണ എന്നേക്കുമായി നിലച്ചുവോ? (വാക്യം 8). "കോപത്താൽ കരുണയുടെ വാതിൽ അടച്ചുകളഞ്ഞുവോ?" (വാക്യം 9).

തിരിച്ചെത്തുന്ന തനയനായ എന്റെ ആശങ്കകൾ ഇപ്രകാരം സംക്ഷേപിക്കാം. ഞാൻ നിലവിളിച്ചാൽ ആരു കേൾക്കും? ആരു തുറന്നു തരും? ആരവിടെ അറിയിക്കും? എന്നെ നോക്കുമോ? എനിക്കടുക്കാമോ? വിലാപസങ്കീർത്തനങ്ങളിലെ നിരന്തരമായ അപേക്ഷകൾക്ക് തുല്യമാണിവ. കർത്താവേ, എന്റെ പ്രാർത്ഥന ശ്രവിക്കണമേ (സങ്കീ.5:2;17:1;39:12;54:2;55:1;61:1;84:8;86:6;142:6;143:1); തിരുസന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ (13:3;25:18;59:4;84:9;119:153); കാരുണ്യപൂർവ്വം എന്നെ കടാക്ഷിക്കണമേ (5:11); ധാർമ്മികതയുടെ കവാടങ്ങൾ എനിക്കു തുറന്നു തരണമേ (118:19).

4.6.5.3.4.3. പ്രത്യാശപ്രകരണം

പിതാവിനോട് മറുതലിച്ച് അവിടുത്തെ പരിത്യജിച്ചു പോയതുമൂലം പാപിയും ശിക്ഷാർഹനുമായിത്തീർന്ന ഈ പുത്രനിൽ ഇപ്രകാരമുള്ള ആശങ്കാപ്രകരണങ്ങൾ ഉടലെടുക്കുക തികച്ചും സ്വാഭാവികമാണല്ലോ. എന്നാൽ സന്ദേഹത്തിന് അടിമയായിത്തീരുന്നില്ല ഞാൻ. ആശങ്ക എന്നെ നിരാശയിലേക്കല്ല നയിക്കുക, പ്രത്യുതാപ്രത്യാശയിലേക്കാണ്. അപ്പന്റെ കരുണയേയും സ്നേഹത്തേയും ഏറ്റുപറഞ്ഞ് അതിൽ സമാശ്രയിക്കുകയാണ് ഈ ധ്യാനയോഗി.

ആ, ഇതൊക്കെയും നേരുതന്നെ. എന്നാലും എന്റെ അപ്പൻ എത്രയും അനുഗ്രഹമുള്ളവനും, പട്ടാങ്ങയായ (സത്യമായ) ഉപവിയും, താൻ സ്നേഹം എന്നത്രേ തന്റെ നാമവും ആകുന്നു. ഇതിനാല് നാം ഭയപ്പെടുകയും വേണ്ട.

മൂന്ന് കാര്യങ്ങൾക്കാണ് ഇവിടെ ഊന്നൽ നൽകിയിരിക്കുക. ആദ്യവാക്കുകൾ അത് സുവ്യക്തമാക്കുന്നു: ആ, *ഇതൊക്കെയും എന്നാലും, ഇതിനാലേ.* എന്റെ സന്ദേഹങ്ങളെല്ലാം ന്യായപൂർവ്വമായവയാണ്. സാധാരണ ലോകത്തിന്റെ യുക്തിക്ക് തികച്ചും ഇണങ്ങുന്നവയത്രേ അവ. അതിനാൽ അവ *നേരുതന്നെ.*

തുടർന്നുള്ള *എന്നാലും* എന്ന സംജ്ഞ സാധാരണ ലോകത്തിലെ നേരിനെ സ്വർഗ്ഗലോകത്തിലെ നേരിൽ നിഷ്പ്രഭമാക്കുന്നു. ദൈവിക ദർശനത്തിനനുസൃതമായ സത്യം ലോകത്തിന്റേതായ സത്യത്തിന് കടകവിരുദ്ധമാണ്. ദൈവരാജ്യത്തിന്റെ ലോജിക്കും (ഹീഴശര) ലോകത്തിന്റെ ലോജിക്കും തമ്മിൽ യാതൊരു ബന്ധവുമില്ല തന്നെ.

മൂന്നാമത്തെ പ്രാരംഭപദമായ *ഇതിനാലേ* രണ്ടാമത്തെ പ്രസ്താവനയുടെ പരിണിതഫലമാണ്. തെറ്റുചെയ്യുന്നവരോട് കാരുണ്യം കാണിക്കുന്നവനാണ് ദൈവം. തിരിച്ചുവരുന്ന അവരെ അവിടുന്ന് ശിക്ഷിക്കുകയില്ല. പ്രത്യുതാ രണ്ടുകൈയും നീട്ടി രക്ഷിക്കും. അതിനാൽ ആരും ഭയന്നു പിൻമാറേണ്ടതില്ല. രണ്ടാമത്തെ വാക്യമാണ് സുപ്രധാനം. അതിനാൽ അതിലടങ്ങുന്ന ആശയങ്ങൾ വിശദമാക്കേണ്ടതുണ്ട്. *എന്നാലും എന്റെ അപ്പൻ എത്രയും അനുഗ്രഹമുള്ളവനും, പട്ടാങ്ങയായ ഉപവിയും, താൻ സ്നേഹമെന്നത്രേ തന്റെ നാമവും ആകുന്നു. എന്റെ അപ്പൻ* എന്ന പ്രയോഗത്താൽ യേശുവും തിരിച്ചുവരുന്ന തനയനും തമ്മിലുള്ള വ്യക്തിപരമായ കുടുംബബന്ധത്തിന് ആക്കം നല്കിയിരിക്കുന്നു. അവിടുന്ന് *എന്റെ* സ്വന്തമാണ്. എന്റേതുമാത്രമായ അപ്പനാണ്.

തനിമയേറിയവനാണ് *എന്റെ* അപ്പൻ. മൂന്ന് സവിശേഷതകൾ അവിടുത്തേക്ക് നല്കിയിരിക്കുന്നു. ആ താതൻ *എത്രയും* അനുഗ്രഹമുള്ളവനാണ്. കാരുണ്യത്തെയാണ് അനുഗ്രഹമെന്ന പദത്താൽ ഞാൻ വിവക്ഷിക്കുന്നതെന്ന് വ്യക്തമാക്കിയതാണല്ലോ. "നിങ്ങളുടെ ദൈവമായ കർത്താവ് കാരുണ്യവാനായ ദൈവമാണ്" (നിയമാ 4:31). എന്നാൽ *എത്രയും* കാരുണ്യമുള്ളവൻ എന്ന പ്രയോഗം എന്റെ സ്വന്തം ഭാഷ്യമാണ്.

പട്ടാങ്ങയായ ഉപവി ദൈവത്തോയി യോഹന്നാൻ നിർവചിച്ചിട്ടുണ്ട് (1 യോഹ 4:7,16). എന്നാൽ *പട്ടാങ്ങയായ* ഉപവി അഥവാ സത്യമായ, പരമാർത്ഥമായ, നിശ്ചയമായ, സ്നേഹം എന്ന വിശേഷണം എന്റെ

തനിമയേറിയ പ്രയോഗമാണ്. ഉപവിയെന്ന പദത്തിൽ സ്നേഹത്തോടൊപ്പം ഔദാര്യം, ദയ, സന്തോഷം തുടങ്ങിയ ആശയങ്ങൾ ഉൾക്കൊള്ളുന്നുണ്ട് (*ശബ്ദസാഗരം*, വാല്യം ഒന്ന്, പേജ് 754 നോക്കുക).

താൻ സ്നേഹമെന്നത്രേ തന്റെ നാമവും ആകുന്നു: ഈ മൂന്നാമത്തെ വിശേഷണത്തിൽ ദൈവത്തിന്റെ നാമം സ്നേഹമെന്നാണെന്ന് തെളിച്ചു പറയുകയാണ്. അനുഗ്രഹം, ഉപവി, സ്നേഹം എന്നീ മൂന്ന് സംജ്ഞകളിലും നിറഞ്ഞുനില്ക്കുന്ന ആശയം കാരുണ്യത്തിന്റേതാണ്. അനുഗ്രഹവും ഉപവിയും സ്നേഹവും ഉൾക്കൊള്ളുന്നതത്രേ ദൈവത്തിന്റെ കാരുണ്യമെന്ന് പുറ.34:6 ൽ പ്രഘോഷിച്ചിരിക്കുന്നു.

തന്നിൽനിന്ന് പിൻതിരിഞ്ഞുപോയ ഇസ്രായേൽ ജനത്തിലേക്ക് തിരിഞ്ഞ് മക്കളാക്കാനുള്ള തീരുമാനം പരസ്യമാക്കിക്കൊണ്ട് യാഹ്വെ തന്റെ നാമം പ്രഘോഷിക്കുകയാണ് പുറ.34:6 ലെ പാഠത്തിൽ: കർത്താവ് കാരുണ്യവാനും കൃപാനിധിയുമാണ്; കോപിക്കുന്നതിൽ വിമുഖൻ; സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ. തെറ്റുകളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണിക്കുന്നവൻ.

വ്യക്തിത്വത്തിന്റെ മുഖമുദ്രയാണ് നാമം ബൈബിളിൽ. ഒരു വ്യക്തിയുടെ തനിമയും പ്രത്യേകതയും അതിൽ ഗോചരീഭവിച്ചിരിക്കുന്നു. കാരുണ്യമെന്നതാണ് ബൈബിളിലെ ദൈവത്തിന്റെ നാമം. അവിടുന്ന് കാരുണ്യൻ മാത്രമല്ല, കാരുണ്യം തന്നെയാണ്. കാരുണ്യത്തിന്റെ ഉറവിടവും നിറകുടവും, ആദിയും അന്ത്യവും, തുടക്കവും ഒടുക്കവും ദൈവം തന്നെയാണ്. സ്നേഹവും ദയയും വിശ്വസ്തയും ക്ഷമയുമൊക്കെ *ഹെസദിൽ* ഉൾക്കൊള്ളുന്നുണ്ടെന്ന് പ്രസ്താവിച്ചിട്ടുണ്ടല്ലോ.

ദൈവകാരുണ്യത്തിന്റെ ബാഹ്യരൂപമായിരുന്നു ഈശോ. തന്റെ ജീവിതവും വാക്കും ചെയ്തികളുംവഴി അവിടുന്ന് കാരുണ്യമെന്ന തന്റെ നാമം പ്രഘോഷിക്കുകയായിരുന്നു. ഇപ്പോൾ ദൈവഭവനത്തിലേക്ക് തിരിച്ചു വരുന്ന അനുതാപിയായ ഈ മകനോട് കാരുണ്യമെന്ന തന്റെ ദൈവനാമം അവിടുന്ന് പ്രഖ്യാപിക്കുകയാണ്.

ഇതിനാലേ നാം ഭയപ്പെടുകയും വേണ്ട: കാരുണ്യമെന്ന ദൈവനാമത്തിൽ അള്ളിപ്പിടിക്കുന്ന ഈ അഗതിക്ക് ഭയാശങ്ക ആവശ്യമില്ല. ബൈബിളിൽ കാരുണ്യവാനായ ദൈവം മനുഷ്യരെ ആശ്വസിപ്പിക്കുന്ന വാക്യമാണ് "ഭയപ്പെടേണ്ട" എന്നത്. പ്രവാചകദൗത്യം അനുഷ്ഠിക്കുവാൻ കഴിവില്ലാത്തവനെന്ന് വിലപിച്ച ജറമിയായോട്

അവിടുന്ന് പറഞ്ഞു: "നിന്നോടൊത്ത് ഞാനുണ്ട്" (ജറ 1:4). അതിനാൽ എതിരാളികളെ ഭയപ്പെട്ടിട്ടാവശ്യമില്ല (ജറ 10:5). വിപ്രവാസികളോട് യാഹ്വെ അരുൾചെയ്തു: ധൈര്യമായിരിക്കുക. ഭയപ്പെടരുത് (ഏശാ 35:4); "ഞാൻ നിങ്ങളെ സഹായിക്കാം" (ഏശാ 41:13). സെഹിയോൻ പുത്രിക്കും അതേ സന്ദേശം നല്കപ്പെടുന്നു (സക്ക 9:9). പുതിയ നിയമത്തിൽ ദൈവം സക്കറിയായോടും (ലൂക്കാ 1:13) മാർയൗസേപ്പിനോടും (മത്താ 1:20) മറിയത്തോടും (ലൂക്കാ 1:30) ആട്ടിടയരോടും (ലൂക്കാ.2:10) "ഭയപ്പെടേണ്ട" എന്നരുളിച്ചെയ്യുന്നുണ്ട്. ഈശോ തന്റെ ശിഷ്യഗണത്തെ ഇപ്രകാരം സമാശ്വസിപ്പിക്കുന്നു: "ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടേണ്ട. നിങ്ങൾക്കു രാജ്യം നൽകാൻ നിങ്ങളുടെ പിതാവ് പ്രസാദിച്ചിരിക്കുന്നു." കല്ലറയ്ക്കരികിൽ ഭയപരവശരായി നിലകൊണ്ട ഭക്തസ്ത്രീകളെയും (മത്താ 28:5,10) ഉത്ഥിതൻ ഇപ്രകാരം ധൈര്യപ്പെടുത്തി.

ദൈവത്തിന്റെയും ഈശോയുടെയും വചസ്സുകൾ സാത്മീകരിച്ചുകൊണ്ട് ഞാൻ ആത്മഭാഷണം ചെയ്യുകയാണ്: *ഇതിനാലേ നാം ഭയപ്പെടുകയും വേണ്ട.* നാം എന്ന പദം സവിശേഷശ്രദ്ധ അർഹിക്കുന്നു. ഞാൻ എന്റെ മക്കളെയെല്ലാം ഉൾപ്പെടുത്തുകയാണ് ഈ പ്രസ്താവനയിൽ. എത്ര പാപം ചെയ്തവരാണെങ്കിലും അതൊക്കെ മറക്കുകയും പൊറുക്കുകയും ചെയ്യുന്ന കാരുണ്യനാഥനിൽ സമാശ്രയിക്കാനാകും. ഈ മനോഭാവം പിതാവായ എന്നിൽ രൂഢമൂലമായിരുന്നു. എന്റെ സിദ്ധിയുടെ സവിശേഷതയെന്ന് അതിനെ വിശേഷിപ്പിക്കാം. "സ്നേഹത്തിൽ ഭയത്തിനു സ്ഥാനമില്ല; പരിപൂർണ്ണസ്നേഹം ഭയത്തെ അകറ്റുന്നു''വെന്ന് യോഹന്നാൻശ്ലീഹാ പ്രസ്താവിക്കുന്നു (1 യോഹ 4:18). ഈ വാക്യം ധ്യാനസല്ലാപകനായ എന്നിൽ അന്വർത്ഥമായി തീർന്നു.

4.6.5.3.5. പിതൃദർശനവും പ്രതികരണ സല്ലാപവും

4.6.5.3.5.1. പിതൃദർശനം

ഇതാ നീ സൂക്ഷിച്ചു എഴുന്നേല്ക്കുക. ഇതാ ഒരിളക്കം കാണുന്നില്ലയോ! ഓ, ഹോ! ഇതാ വാതിലുകളെ ധാരാളമായി തുറക്കുന്നു. അയ്യോ! ഇതാ എന്റെ അപ്പൻ തന്നെ എഴുന്നള്ളി വരുന്നു:

വികാരത്തിന്റെ സാമ്രാജ്യത്തിലാണ് നാം കാലുകുത്തുക. പിതൃദർശനം ഈ പുത്രനിൽ ഉളവാക്കുന്ന പ്രതികരണം സമ്യക്കായി അവതരിപ്പിച്ചിരിക്കുകയാണ് ഞാൻ. *ഇതാ* എന്ന പദം നാലു പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു. *ഓ, ഹോ* എന്ന ആശ്ചര്യശബ്ദം

പശ്ചാത്തലത്തിന് തികച്ചും ഇണങ്ങുന്നതാണ്. *അയ്യോ* എന്ന വാക്ക് തുടർന്നും ഉപയോഗിച്ചിരിക്കുകയാണ്. സ്നേഹവും സന്തോഷവും പരിഭ്രമവും പശ്ചാത്താപവുമെല്ലാം ആ പ്രയോഗത്തിൽ നിറഞ്ഞുനില്ക്കുന്നുണ്ട്.

ഇതാ നീ സൂക്ഷിച്ച് എഴുന്നേല്ക്കുക: ഭവനദർശനവേളയിൽ ഉളവായ അയോഗ്യതയെ കുറിച്ചുള്ള ബോധ്യവും സന്ദേഹവികാരങ്ങളും എനിക്കു മുന്നോട്ടു പോകുന്നതിനു തടസ്സമായി. ഞാൻ ശങ്കിച്ച് ഇരുന്നുപോയി. പ്രത്യാശയുടെ പ്രകരണങ്ങൾ ഉരുവിട്ടപ്പോഴാണ് ആത്മധൈര്യം വീണ്ടുകിട്ടിയത്. ഇരുന്നിടത്തുനിന്ന് എഴുന്നേല്ക്കുവാൻ എന്നോടുതന്നെ ഞാൻ ആവശ്യപ്പെടുകയായി. സൂക്ഷിച്ചുവേണം എഴുന്നേല്ക്കുവാൻ. കാരണം ഞാൻ അപ്പന്റെ അരമനയുടെ കവാടത്തിലാണ്. ജാഗ്രതയും സൂക്ഷ്മവും ഭക്തിയും ആദരവും നിറഞ്ഞതായിരിക്കണം എന്റെ തുടർന്നുള്ള വർത്തനങ്ങളോരോന്നും.

ഇതാ ഒരിളക്കം കാണുന്നില്ലയോ! ഓ, ഹോ! ഇതാ വാതിലുകളെ ധാരാളമായി തുറക്കുന്നു. ഇതാ എന്റെ അപ്പൻതന്നെ എഴുന്നള്ളി വരുന്നു.

പിതൃദർശനത്തിന് ദാഹിച്ച് മോഹിച്ചിരിക്കുന്ന ഈ പുത്രന്റെ മനസ്ഥിതി വിശേഷത്തെ സങ്കീ.123 ലെ ദാസൻമാരുടെയും ദാസികളുടെയും ചെയ്തികളോട് ഉപമിക്കാവുന്നതാണ്. അവരുടെ കണ്ണുകൾ നാഥന്റെ മുഖത്ത് പതിപ്പിച്ചുറപ്പിച്ചിരിക്കുന്നു. അദ്ദേഹം കാരുണ്യം കാണിക്കുവോളം ദീനവും പ്രത്യാശനിർഭരവുമായ അവരുടെ മിഴികൾ ദിവ്യവദനത്തിൽ നിന്ന് അല്പനേരമെങ്കിലും മാറിപോകുന്നില്ല. അത്തരം ഏകാഗ്രതയോടെയാണ് ഈ പുത്രൻ കവാടത്തിൽ ദൃഷ്ടിയുറപ്പിച്ചിരിക്കുക. നേരിയൊരു ചലനംപോലും തനയനായ ഞാൻ ഉൾക്കൊള്ളുകയാണ്.

പ്രത്യാശാനിർഭരം പാർത്തിരിക്കുന്ന ഈയുള്ളവൻ ഒരു ഇളക്കം കാണുന്നു. ഇതാ വാതിലുകളും മലർക്കെ തുറക്കപ്പെടുന്നു. *അയ്യോ! ഇതാ എന്റെ അപ്പൻ തന്നെ എഴുന്നള്ളി വരുന്നു!* ഈ തനയന്റെ കാത്തിരിക്കൽ പ്രതിസമ്മാനിക്കപ്പെട്ടു. ആരോ നടന്നുവരുന്ന ശബ്ദം എന്റെ ശ്രവണപുടങ്ങൾ ഒപ്പിയെടുത്തു. തുടർന്ന് കവാടങ്ങൾ തുറക്കപ്പെടുകയാണ്. *ധാരാളമായി* എന്ന പദം അർത്ഥവത്താണ്. വാതിലുകൾ അല്പം മാത്രമല്ല തുറക്കപ്പെടുക. ഈ പുത്രന് പൂർണ്ണമായ സ്വീകരണം നല്കുവാനെന്നോണം പിതാവ് വാതിൽ

തുറന്നിടുന്നു. ധ്യാനസല്ലാപകനായ ഞാൻ തുടർന്ന് കാണുക എന്റെ അപ്പൻ തന്നെ എഴുന്നള്ളി വരുന്നതാണ്. എഴുന്നള്ളുക എന്ന പദം പിതാവിന്റെ രാജകീയ പദവിയെ ധ്വനിപ്പിക്കുന്നു.

അപ്പന്റെ ആഗമനത്തെക്കുറിച്ചുള്ള വിവരണം തികച്ചും ബിബ്ളിക്കലാണ്. "ദൂരത്തുവച്ചുതന്നെ പിതാവ് അവനെ ആശ്ലേഷിച്ചു ചുംബിച്ചു" (ലൂക്കാ 15:20). ധൂർത്തന്റെ തിരിച്ചുവരവിനെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു പിതാവ്. ഓരോ ദിവസവും കവാടത്തിൽ അദ്ദേഹം കണ്ണും നട്ടിരുന്നു. കില്ലത്തുണി ധരിച്ച് കാട്ടുവടിയും തൊപ്പിപ്പാളയുമായി കവാടത്തിലണഞ്ഞ ഈ അഗതിയിൽ തന്റെ ഓമന പുത്രനെ ദർശിക്കുകയായി ആ കാരുണ്യനിധി. അതോടെ അവിടുന്ന് എഴുന്നേറ്റോടി. വാതിലുകളെല്ലാം *ധാരാളമായി* തുറക്കുകയായി.

4.6.5.3.5.2. പ്രതികരണസല്ലാപം

അപ്പൻ എഴുന്നള്ളി വരുന്നത് ദർശിച്ചപ്പോൾ ഈ പുതനിലുണ്ടായ പ്രതികരണം അയോഗ്യതയുടെയും താഴ്മയുടെതുമായിരുന്നു. *അയ്യോ! ഞാനീ വേഷത്തോടെ എന്തു ചെയ്യേണ്ടൂ? ഇപ്പോൾ എന്റെ അപ്പൻ വന്ന് എന്നെ പിടിച്ചു തഴുകും. അയ്യോ! ഇതു വേണ്ട.! എന്നെ തൊടുവാൻ യോഗ്യമുള്ളവൻ ഞാൻ അല്ലല്ലോ. ഇതിനാലേ ഞാൻ തന്റെ തൃപ്പാദത്തിങ്കൽ സാഷ്ടാംഗം വീഴട്ടെ.*

4.6.5.3.5.2.1. പരിദേവന പ്രകരണം

അടുത്തണയുന്ന അപ്പനെ കണ്ടപ്പോൾ എന്റെ നികൃഷ്ട വേഷത്തെ കുറിച്ചാണ് ഈ പുത്രൻ പരിദേവനം ചെയ്യുക. പരിശുദ്ധരിൽ പരിശുദ്ധനാണ് ദൈവപിതാവ്. തിരുസന്നിധിയിൽ കളങ്കമുള്ളതിനൊന്നും നിലനില്പില്ല. മലിനമായ എല്ലാം അവിടുന്ന് ഭസ്മമാക്കിക്കളയും. കുർബ്ബാനയുടെ ലോകത്തിന്റെ കാഴ്ചപ്പാടാണ് നിങ്ങളുടെ സഭാസ്ഥാപകനായ എന്റെ പ്രതികരണത്തിൽ കണ്ടെത്താനാകുക. ദൈവത്തിന്റെ പരിശുദ്ധിയും സൃഷ്ടിയും പാപിയുമായ മനുഷ്യന്റെ അപവിത്രതയും തമ്മിൽ സന്ധിക്കുമ്പോൾ ഏശയ്യാപ്രവാചകനെപ്പോലെ ഹാ എനിക്കു ദുരിതം! എന്നു വിലപിക്കുക മാത്രമാണ് കരണീയം.

ഞാൻ ഒരു പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. കീറത്തുണി ധരിച്ച് അപ്പന്റെ മുൻപിൽ നിൽക്കുവാൻ എനിക്കാകയില്ല. അപ്പനണിയിച്ച *കാരുണ്യാഭയും ശേഷം ഗുണങ്ങളും* കളഞ്ഞു കുളിച്ചവനാണ് ഞാൻ. നീചവേഷത്തോടെ എന്തു ചെയ്യേണ്ടു എന്നറി

യാതെ ഞാൻ കുഴങ്ങുകയായി. അപ്പനിതാ അടുത്തെത്തിക്കഴിഞ്ഞു. ദുർമ്മണമുള്ളവനായ എന്നെ അവിടുന്ന് പിടിച്ചു തഴുകും. അപ്പന്റെ മറക്കുകയും പൊറുക്കുകയും ചെയ്യുന്ന കാരുണ്യസ്നേഹത്തെക്കുറിച്ച് ഈ പുത്രന് ലവലേശം സംശയമില്ല. എന്നാൽ ആലിംഗനത്തിലമരുവാൻ എനിക്കെങ്ങനെ കഴിയും? *അയ്യോ! ഇതു വേണ്ട. എന്നെ തൊടുവാൻ യോഗ്യമുള്ളവൻ ഞാനല്ലല്ലോ?* ദൈവിക പരിശുദ്ധിയെ കുറിച്ച് ആഴമായ പരിജ്ഞാനമുള്ളവർക്കേ ഇപ്രകാരം വിലപിക്കാനാകൂ.

പാപം ചെയ്ത ആദിമാതാപിതാക്കന്മാർ ദൈവത്തിന്റെ കാലടിശബ്ദം ശ്രവിച്ചപ്പോൾ ഓടിയൊളിച്ചു (ഉത്പ 3:8). ശിക്ഷാവിധിയെ അവർ ഭയന്നിരുന്നു. തിരുമുൻപിൽനിന്ന് എങ്ങനെയും രക്ഷപ്പെടണം. തെറ്റിപ്പോയ അവർ തിരിച്ചുവരുവാൻ യാതൊരു ശ്രമവും നടത്തിയില്ല. ദൈവത്തിൽനിന്ന് മാറിപോകാനായിരുന്നു അവരുടെ യത്നം. എന്നാൽ ധ്യാനസല്ലാപകനായ എന്റെ പ്രതികരണം അപ്രകാരമായിരുന്നില്ല. ഞാൻ തെറ്റുചെയ്തുപോയി. എങ്കിലും അപ്പനെ വിട്ടോടിപ്പോകാൻ ഈ പുത്രഹൃദയത്തിന് സാധിക്കുമായിരുന്നില്ല. അവിശ്വസ്തത പ്രവർത്തിക്കാത്തവനെപ്പോലെ തിരുസന്നിധിയിൽ നിൽക്കുവാനും കഴിയുമായിരുന്നില്ല. തെറ്റു ചെയ്തവനെങ്കിലും ഞാൻ തനയനാണ്. *എന്റെ* അപ്പനാണ് അവിടുന്ന്. അപ്പൻ *എന്നെ തൊടുവാൻ യോഗ്യതയുള്ളവൻ ഞാൻ അല്ലല്ലോ.* അപ്പന്റെ സ്പർശനത്തിന് എനിക്ക് യോഗ്യതയില്ല. പിന്നെ എന്തു ചെയ്യണം? ഈ ധ്യാനസല്ലാപകൻ പറയുകയാണ്: *ഇതിനാലേ, ഞാൻ തന്റെ തൃപ്പാദത്തിങ്കൽ സാഷ്ടാംഗം വീഴട്ടെ.*

ഇതിനാലേ (therefore) എന്ന ക്രിയാവിശേഷണമാണ് എന്റെ പ്രവൃത്തിയെ ന്യായീകരിക്കാൻ ഞാൻ ഉപയോഗിച്ചിരിക്കുന്നത്. അപ്പൻ വന്ന് എന്നെ പിടിച്ചു തഴുകേണ്ട. അതിനുള്ള യോഗ്യത എനിക്കില്ല. *അതിനാൽ* ഞാൻ അപ്പന്റെ കാല്പ്പാദത്തിൽ സാഷ്ടാംഗം പ്രണമിക്കട്ടെ. യുക്തി സാധാരണ ലോകത്തിന്റേതല്ല. അപ്പന്റെ ആലിംഗനത്തിന് എനിക്ക് അർഹതയില്ല. തന്മൂലം കാൽപ്പാദത്തിൽ ഞാൻ സാഷ്ടാംഗം വീഴുന്നു. മകനെന്ന മഹിമപ്പേരിന് എനിക്ക് അവകാശമില്ല. വേലക്കാരനായി സ്വീകരിക്കപ്പെട്ടാൽ അത് എത്രയോ ഭാഗ്യം! എങ്കിലും *എന്റെ അപ്പാ, ഈ പേരുകൊണ്ടല്ലാതെ നിന്നെ വിളിപ്പാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല.*

4.6.5.3.5.2.2. സാഷ്ടാംഗം വീഴൽ

ഞാൻ തന്റെ തൃപ്പാദത്തിൽ സാഷ്ടാംഗം വീഴട്ടെ: സാഷ്ടാംഗ പ്രണാമമെന്ന പദമല്ല, സാഷ്ടാംഗം വീഴലെന്ന പ്രയോഗമാണ് ഞാൻ ഉപയോഗിച്ചിരിക്കുക. അപ്പനെ കണ്ട മാത്രയിൽ ഞാൻ കാൽപ്പാദത്തിൽ വീഴുകയാണ്. ഈ സാഷ്ടാംഗം വീഴൽ തികച്ചും ബിബ്ലിക്കലായ ശൈലിയത്രേ. പാപിനിയായ സ്ത്രീ പരമപരിശുദ്ധി തന്നെയായ യേശുവിന്റെ കാൽപ്പാദത്തിൽ വീണു കിടക്കുകയുണ്ടായി (ലൂക്കാ 7:38). ഏഴു പിശാചുക്കളാൽ പീഡിപ്പിക്കപ്പെട്ടിരുന്ന മഗ്ദലേനയിലെ മറിയം കുരിശിൻ ചുവട്ടിൽ കാൽപ്പാദങ്ങളെ പുണർന്നുനിന്നു (യോഹ 19:25).

ബൈബിളിലെ വേറെ ചില രംഗങ്ങളുമായി എന്റെ സാഷ്ടാംഗം വീണുകിടക്കുന്ന പ്രവൃത്തിയെ തുലനം ചെയ്യാവുന്നതാണ്. അഗതിയായ റൂത്ത് ബോവാസിന്റെ കാല്ക്കൽ ശരണം ഗമിച്ച് എല്ലാം അർപ്പിച്ച്, രക്ഷ പ്രതീക്ഷിച്ച് പുത്തൻ ജീവിതം സ്വപ്നം കണ്ടുകൊണ്ട് കിടന്നു (റൂത്ത് 3:8, 14). 1 സാമു 25:24ലെ അബിഗായലിന്റെ പ്രവൃത്തിയെ ഈ തിരിച്ചെത്തിയ തനയൻ അനുകരിക്കുകയാണ്. തന്റെ ഭർത്താവിന്റെ തെറ്റ് സ്വന്തം തെറ്റായി പരിഗണിച്ച അവൾ ദാവീദിന്റെ കാൽക്കൽ വീണ് കാരുണ്യം യാചിച്ച്, കാലിന്റെ അടിയിൽ അടിയാട്ടിയായി സ്ഥലം പിടിച്ചു. ഓമനസുതന്റെ വിയോഗത്തിൽ ഏലീഷാ പ്രവാചകന്റെ പാദം കെട്ടിപ്പിടിച്ചുകൊണ്ട് കിടക്കുന്ന ഷൂനേംകാരിയുടെ ചിത്രം 2രാജാ 4:27 ൽ വരച്ചു വച്ചിട്ടുണ്ട്. പ്രവാചകൻ തന്റെ പുത്രനു ജീവൻ തിരിച്ചു നല്കുമെന്ന പ്രത്യാശയിൽ അവൾ ദൈവമനുഷ്യന്റെ പാദകം വിടാതെ പിടിച്ചിരിക്കുകയാണ്. മർക്കോ 7:25 ൽ ദൈവതനയൻ തന്റെ മകൾക്ക് രോഗശാന്തി നല്കുമെന്ന പ്രതീക്ഷയോടെ അവിടുത്തെ പാദങ്ങളിൽ ഗ്രീക്കുകാരി വീണുകിടക്കുകയുണ്ടായി. മരണമടഞ്ഞ തന്റെ സഹോദരന് കർത്താവ് പുനർജ്ജീവൻ നല്കുമെന്ന പ്രത്യാശാപൂർവ്വം തിരുപ്പാദങ്ങളിൽ വീണുകിടന്ന ബഥനിയായിലെ മറിയത്തെപ്പോലെ (യോഹ 11:32) ധൂർത്തനായ ഈ പുത്രനും അപ്പന്റെ തൃപ്പാദത്തിങ്കൽ സാഷ്ടാംഗം വീണുകിടക്കുകയാണ്.

4.6.5.3.5.2.3. ഏറ്റുപറച്ചിൽ

അയ്യോ! എന്റെ അപ്പാ, ആകാശത്തിലും നിന്റെ തിരുമുൻപിലും ഞാൻ പിഴച്ചു. ലൂക്കാ 15:18, 21 ലെ ആശയമാണിത്. അവിടെ "സ്വർഗ്ഗത്തിനെതിരായും അങ്ങയുടെ മുൻപിലും ഞാൻ

പാപം ചെയ്തു" എന്നാണ് കാണുക. *ആകാശത്തിലും* എന്ന എന്റെ പ്രയോഗം തനിമയാർന്നതാണ്. ഭൂമിയിൽ ചെയ്യുന്ന തെറ്റുകൾക്ക് ആകാശവുമായി (സ്വർഗ്ഗം) ബന്ധമുണ്ട്. മനുഷ്യന്റെ ദൈവവിളി ഭൂമിയിൽ സ്വർഗ്ഗത്തിലേതുപോലെ ജീവിക്കുക എന്നതാണല്ല. ദൈവത്തെപ്പോലെ പരിശുദ്ധനായി ഇഹലോകദിനങ്ങൾ ചിലവഴിക്കുവാൻ അവൻ കടപ്പെടുന്നു. പാപം ചെയ്യുന്നവൻ ദൈവത്തിന്റെ ഈ പദ്ധതിയെ തകിടം മറിക്കുകയാണ്. *പിഴച്ചു* എന്ന പദമാണ് ഞാൻ ഉപയോഗിച്ചിരിക്കുക. പാപത്തിന് പിഴ ഒടുക്കണമെന്ന ആശയം ഈ ക്രിയയിൽ നിഴലിക്കുന്നു.

... നിന്റെ തിരുമുൻപിലും ഞാൻ പിഴച്ചു: ഉപമയിലെ പ്രയോഗം തന്നെയാണിത്. പ്രമാണം ലംഘിക്കലല്ല പാപം. ദൈവത്തിനെതിരായുള്ള അക്രമമാണത്. വ്യക്തിയെ എതിർക്കുകയും നിഷേധിക്കുകയും ചെയ്യുന്ന പ്രവൃത്തി. നിന്റെ തിരുമുൻപിൽ എന്ന പ്രയോഗം പാപത്തിന്റെ അധമസ്വഭാവത്തെ കൂടുതൽ വ്യക്തമാക്കുന്നു. സ്നേഹസ്വരൂപനും കാരുണ്യവാനുമായ ദൈവത്തിന്റെ സാന്നിധ്യത്തിലാണ് ഒരുവൻ പാപം ചെയ്യുന്നത്. അവിടുന്ന് നോക്കിനിൽക്കേ അവൻ അവിടുത്തേക്കെതിരായി കലാപമുയർത്തുകയാണ്.

4.6.5.3.5.2.4. അയോഗ്യതാ പ്രകരണം

ഇനി നിന്റെ മകൻ എന്ന ഈ മഹിമപ്പേരിന് അടിയൻ യോഗ്യനല്ല. ഉപമയിലെ വാക്യത്തിന് കുറച്ചുകൂടി ദാർഢ്യം പകരുന്നതാണ് ഈ വാഴ്ത്തപ്പെട്ടവന്റെ ഏറ്റുപറച്ചിൽ. *മഹിമപ്പേര് അടിയൻ* എന്നീ പ്രയോഗങ്ങൾ നോക്കുക. ലൂക്കായുടെ സുവിശേഷത്തിൽ അങ്ങേ പുത്രനെന്ന് വിളിക്കപ്പെടുവാൻ എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ *ധ്യാനസല്ലാപത്തിൽ മകൻ* എന്ന മഹിമപ്പേരെന്ന് അതിനെ വിശേഷിപ്പിച്ചിരിക്കുന്നു. ആശയത്തിന് കൂടുതൽ ആക്കം നല്കുന്നതാണത്. ദൈവം മനുഷ്യന് പുത്രസ്ഥാനാനം നൽകിയിരിക്കുന്നു. മഹത്ത്വപൂർണ്ണമായ അവിടുത്തെപ്പോലെ മകനെന്നത് മഹിമപ്പേരാണ്. മാനവന്റെ മഹിമ ആ പേരിലാണ് അടങ്ങിയിരിക്കുക. അക്കാര്യം സ്പഷ്ടമാക്കുകയാണ് ഞാൻ.

അടിയനെന്ന സംജ്ഞയും അർത്ഥവത്താണ്. ഉപമയിലെ *ഞാൻ* എന്ന പദത്തേക്കാൾ സന്ദർഭത്തിനണങ്ങുന്നതാണ് *അടിയൻ*. പാപം ചെയ്തവന് അടിയനായി മാത്രമേ തിരുസന്നിധിയിൽ നിലകൊള്ളാനാകൂ.

നിന്റെ വേലക്കാരിൽ ഒരുത്തനായിട്ട് കൈകൊണ്ടാൽ

എനിക്ക് എത്രയോ ഭാഗ്യം, എത്രയോ മഹിമ! ഉപമയിലെ പിതാവിനോടുള്ള സംഭാഷണത്തിൽ ദാസസ്ഥാനത്തെപ്പറ്റി പരാമർശമില്ല. വീട്ടിലേക്ക് പുറപ്പെടുന്നതിനു മുൻപുള്ള ആത്മഭാഷണത്തിലാണ് ഇത്തരം പ്രസ്താവനയുള്ളത്. *എന്നെ അങ്ങേ ദാസരിൽ ഒരുവനെപ്പോലെ കരുതണമേ.* ധ്യാനസല്ലാപകനായ എന്റെ ഭാഷ്യം അനുതാപിയായ തനയന്റെ മനസ്ഥിതി കൂടുതൽ വ്യക്തമാക്കുന്നതാണ്. ദാസർ എന്ന മെച്ചമായ പദത്തിനു പകരം *വേലക്കാർ* എന്ന താഴ്ന്ന സംജ്ഞ ഉപയോഗിച്ചിരിക്കുന്നു. കരുതണമേ എന്ന ക്രിയാപദം *കൈക്കൊള്ളണമേ* എന്നാക്കി മാറ്റുന്നു. കരുതുക വിചാരിക്കലാണ്. കൈക്കൊള്ളലോ സ്വീകരിക്കലും.

എനിക്ക് എത്രയോ ഭാഗ്യം, എത്രയോ മഹിമ! ഈ ആശയം ഉപമയിലില്ല. എന്റെ തനിമയേറിയ ഭാഷ്യമെന്ന് അതിനെ വിശേഷിപ്പിക്കാം. യാത്രാവേളയിൽ അപ്പന്റെ ഭവനത്തിലെ വേലക്കാരെപ്പറ്റി ഞാൻ ആത്മഗതം ചെയ്യുകയുണ്ടായി. *എത്രയോ വേലക്കാർ നിന്റെ അപ്പന്റെ തിരുമുൻപിൽ സംപൂർത്തിയാൽ തെളിഞ്ഞുനടക്കുന്നു.* സാധാരണ വീടുകളിലെ വേലക്കാരുടെ സ്ഥിതിവിശേഷമല്ല അവരുടേത്. അവർ സംതൃപ്തരാണ്. ആ ജോലിയിൽ ജീവിതത്തിന് സംപൂർത്തി കണ്ടെത്തുന്നവരാണ് അവർ. ആത്മസാക്ഷാത്കാരം അവർക്ക് കൈവന്നിരിക്കുന്നു. അവരുടെ ചലനങ്ങളോരോന്നും *അപ്പന്റെ തിരുമുൻപിലാണ്.* എവിടെ, എപ്പോൾ, എന്തു ചെയ്തുകൊണ്ടിരുന്നാലും അപ്പന്റെ മനോമുകുരത്തിൽ സദാ സംവഹിക്കുന്നവരാണവർ.

ഉടമ്പടിവഴി അബ്രാഹത്തെ തന്റേതാക്കി തീർക്കുവാൻ തിരഞ്ഞെടുത്തപ്പോൾ യാഹ്വെ അദ്ദേഹത്തോട് അരുൾചെയ്യുകയുണ്ടായി: "എന്റെ സന്നിധിയിൽ വ്യാപരിക്കുക" (ഉത്പ 17:1). ഹീബ്രു പ്രയോഗം പദാനുപദ തർജ്ജമ ചെയ്യുക ദുഷ്ക്കരമാണ്. എന്റെ മുഖത്തിലേക്ക് നടക്കുക എന്ന വിവർത്തനം ആശയം ഏകദേശം അവതരിപ്പിക്കുന്നു. എല്ലായ്പ്പോഴും, എല്ലായിടത്തും, എല്ലാവരിലും തിരുവദനം ദർശിച്ചുകൊണ്ട് മുന്നോട്ടു ഗമിക്കുവാൻ അബ്രാഹത്തെ കടപ്പെടുത്തുകയായിരുന്നു യാഹ്വെ. അതുപോലെയാണ് സ്വർഗ്ഗമാകുന്ന ഭവനത്തിൽ അപ്പന്റെ പരിചാരകർ വ്യാപരിച്ചിരുന്നത്. *തെളിഞ്ഞു നടക്കുന്നു* എന്ന പദപ്രയോഗം അവരുടെ ആന്തരിക ഭാവത്തെ സ്പഷ്ടമാക്കുന്നതാണ്. കത്തിച്ച പൂത്തിരിപോലെ സദാ തെളിഞ്ഞിരിക്കുന്നവരാണ് അവർ. "മുഖങ്ങളിൽ കളങ്കമോ ചുളിവോ

മറ്റു കുറവുകളോ" (എഫേ. 5:27) ഇല്ല. മഹത്ത്വപൂർണ്ണനും പ്രകാശ രൂപനുമായ അപ്പനെപ്പോലെ അവരും തെളിവുള്ളവരാണ്. നടക്കുന്നു എന്ന ക്രിയക്കും രൂപകാർത്ഥമുണ്ട്. മടി പിടിച്ച് അലസരായി കുത്തി യിരിക്കുവാൻ അവർക്ക് നേരമില്ല. കർമ്മഭരിതരാണവർ. അപ്പനെ പ്രസാദിപ്പിക്കുക എന്ന ഏകചിന്തയോടെ ആ പരിചാരകർ സദാ വ്യാപരിക്കുന്നു. ചലനം ജീവന്റെ ലക്ഷണമാണല്ലോ.

ഇപ്രകാരമുള്ള വേലക്കാരിൽ ഒരുത്തനായിട്ട് എന്നെ കൈക്കൊണ്ടാൽ *എനിക്ക് എത്രയോ ഭാഗ്യം, എത്രയോ മഹിമ!* എനിക്ക് കൈവരാവുന്ന ഏറ്റവും വലിയ ഭാഗ്യവും മഹിമയുമാണ് വേലക്കാരിൽ ഒരുത്തനായി കൈക്കൊള്ളപ്പെടുന്നത്. ഭാഗ്യ പൂർണ്ണനും മഹത്ത്വഭരിതനുമായ അപ്പന്റെ വേലക്കാരിൽ ഒരുവനാ യിത്തീരുക എത്രയോ ഭാഗ്യം, എത്രയോ മഹിമ!

4.6.5.3.5.2.5. പുത്രഹൃദയം

എന്നാലും എന്റെ അപ്പാ, (മകനെന്ന) *ഈ പേരുകൊണ്ടല്ലാതെ നിന്നെ എനിക്കു വിളിപ്പാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല. നീയും ഈ വണ്ണം കല്പിച്ചിരിക്കുന്നുവല്ലോ.*

എന്റെ തനയനെന്ന ആദ്ധ്യാത്മികത ഇവിടെ ഉദിച്ചുയർന്നു നില്ക്കുകയാണ്. എന്റെ ദർശനത്തിൽ മനുഷ്യൻ അടിമയും അടി യാനും, ദാസനും വേലക്കാരനുമല്ല, പ്രത്യുതാ പുത്രനാണ്. ദൈവം യജമാനനും നാഥനുമല്ല, എന്റെ അപ്പനാണ്, പൗരസ്ത്യ ആരാധനാ ക്രമത്തിലെ പാപബോധം ആഴമായി ഈയുള്ളവന്റെ വ്യക്തിത്വത്തെ ഗ്രസിച്ചിരുന്നുവെങ്കിലും, അതിനേക്കാളുപരി ഞാൻ ദൈവതനയ നാണെന്നുള്ള അനുഭവജ്ഞാനത്താൽ കർത്താവ് എന്നെ ധന്യനാ ക്കിയിരുന്നു. അനുതാപ വിഷാദ സന്ദേഹ പ്രകരണങ്ങളൊക്കെ പ്രത്യാശ, ശരണ, സന്തോഷ, സല്ലാപങ്ങളായി പകരുന്ന അതിസ്വാ ഭാവിക ദൃശ്യം എന്റെ കൃതികളിൽ നിങ്ങൾക്കു കാണാനാകും. മഹാ പാപി *(ധ്യാനസല്ലാപം, ആത്മാനുതാപം 1:10)* അഗതി *(ധ്യാനസ ല്ലാപം)* കൊള്ളരുതാത്തവൻ *(ധ്യാനസല്ലാപം)* തെളിവില്ലാത്ത വൻ *(ധ്യാനസല്ലാപം)* വകതിരിവില്ലാത്തവൻ *(നാളാഗമം, 31)* ഭോഷൻ *(നാളാഗമം, 33,37),* ഒന്നുമറിയാത്ത ഭോഷൻ *(നാളാ ഗമം,36)* കൃമി *(ആത്മാനുതാപം 1:6,17)* എന്നൊക്കെയുള്ള നിഷേ ധാത്മക സംജ്ഞകളിൽ അടിസ്ഥിതമായുള്ളതല്ല നിങ്ങളുടെ സ്ഥാപക പിതാവിന്റെ ആദ്ധ്യാത്മികത.

ആകാശത്തിലും തിരുമുൻപിലും പിഴച്ചതിനാൽ മകനെന്ന

മഹിമപ്പേരിന് അനർഹനായ എന്നെ വേലക്കാരനായി കൈക്കൊള്ളണമെന്ന് കേണപേക്ഷിച്ചശേഷം, ഉടനടി ഈ ധൂർത്തപുത്രൻ പ്രസ്താവിക്കുകയാണ്: *എന്നാലും എന്റെ അപ്പാ, ഈ പേരുകൊണ്ടല്ലാതെ നിന്നെ വിളിപ്പാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല.* ഹൃദയത്തിൽ നിന്നുതിർന്ന വാക്കുകളാണവ. ഹൃദയത്തിന്റെ ഭാഷയുടെ ഭാഷ്യം! മക്കൾക്കടുത്ത ഹൃദയമുള്ളവർക്കേ മകന്റെ ആത്മവികാരം ഗ്രഹിക്കുവാനാകൂ. അപ്പനോടുള്ള സ്നേഹം ഹൃദയത്തിൽ പതിച്ചുറപ്പിക്കപ്പെട്ട വ്യക്തികൾക്കേ ഈ വാക്കുകൾ ഉച്ചരിക്കാനാകൂ. വാക്യത്തിലെ ഒരു സവിശേഷത ചൂണ്ടിക്കാണിക്കാം. *എന്റെ അപ്പാ* എന്നു വിളിച്ചശേഷമാണ് അപ്പനെന്ന പേരുകൊണ്ടല്ലാതെ *നിന്നെ എനിക്കു വിളിപ്പാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല* എന്ന് ഉദ്ഘോഷണം ചെയ്യുന്നത്.

നീയും ഈ വണ്ണം കല്പിച്ചിരിക്കുന്നുവല്ലോ? ഈശോ ഇപ്രകാരം ആവശ്യപ്പെട്ടതായി സുവിശേഷങ്ങളിലില്ല. "ഇനിമേൽ ഞാൻ നിങ്ങളെ ദാസന്മാർ എന്ന് വിളിക്കുകില്ല... സ്നേഹിതൻമാർ എന്നു വിളിക്കും" (യോഹ 15:15) എന്നാണ് അവിടുന്ന് അരുളിച്ചെയ്തിട്ടുള്ളത്. മോശെയുടെ കീർത്തനത്തിൽ ഇപ്രകാരം പറയുന്നു: "അവിടുന്നല്ലയോ നിങ്ങളുടെ പിതാവും, നിങ്ങളുടെ സ്രഷ്ടാവും!" (നിയമാ 32:6). സങ്കീ.89:26ൽ യാഹ്വെ ഉദ്ഘോഷണം ചെയ്യുന്നു: "നീ എന്റെ പിതാവാണെന്ന് അവൻ ഉച്ചത്തിൽ എന്നോട് വിളിച്ചു പറയും:" പുതിയ ഇസ്രായേൽ ഏശ.63:16ൽ ഉദ്ഘോഷിക്കുന്നു: "അങ്ങാണ് ഞങ്ങളുടെ പിതാവ്." ഏശ 64:8 ലും ഇപ്രകാരമുള്ള ഉദ്ഘോഷണമുണ്ട്. എന്നാൽ ദൈവമോ ഈശോയോ അപ്പാന് തങ്ങളെ അഭിസംബോധന ചെയ്യണമെന്ന് കല്പിച്ചിട്ടില്ല. വി.പൗലോസിന്റെ വാക്കുകളാണ് ഈ ധ്യാനസല്ലാപകന്റെ പ്രസ്താവനക്ക് ആധാരം: "നിങ്ങൾ മക്കളാകയാൽ ആബാ പിതാവേ എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിലേക്ക് അയച്ചിരിക്കുന്നു" (ഗലാ 4:6).

4.6.5.3.5.2.6. പൊരുതിയപേക്ഷ

ആയതിനാൽ മനോഗുണമുള്ള എന്റെ അപ്പാ എന്റെ ദുഷ്ടതയും നന്ദിഹീനതയും നിന്നോട് ഞാൻ ചെയ്ത കുറ്റങ്ങളൊക്കെയും എന്നോട് നീ പൊറുക്കണമേ.

കർത്താവിന്റെ ഉപമക്ക് നിങ്ങളുടെ പിതാവായ ഞാൻ തനിമയാർന്ന ഭാഷ്യം നൽകുകയാണ്. ലൂക്കാ. 15 ലില്ലാത്ത വാക്യമാണിത്. ധ്യാനസല്ലാപത്തിന്റെ ആദ്യഭാഗം അവസാനിക്കുക ഈ

പൊറുതിയപേക്ഷയോടുകൂടിയാണ്. *ആയതിനാൽ* എന്ന ക്രിയാവിശേഷണത്തോടെയാണ് പാപമോചനത്തിനുള്ള യാചന ആരംഭിക്കുക. കർത്താവ് എന്റെ അപ്പനാണെന്നും, എന്തു തെറ്റുചെയ്ത മനുഷ്യനാണെങ്കിലും അപ്പനെന്ന സംജ്ഞയാൽ തന്നെ അഭിസംബോധന ചെയ്യണമെന്ന് കല്പിച്ചിരിക്കയാലുമത്രേ ഞാൻ പൊറുതിയപേക്ഷക്ക് മുതിർന്നത്.

മനോഗുണമുള്ള എന്റെ അപ്പാ: എന്റെ അപ്പന് മനോഗുണമുള്ളവൻ എന്ന വിശേഷണം നല്കിയിരിക്കുന്നു. കാരുണ്യമെന്ന (*ഹെസെദ്*) ഹീബ്രു പദത്തിന്റെ വിവർത്തനമാണിത്. മനസ്സിൽ ഗുണമുള്ളവൻ അഥവാ ഗുണത്താൽ നിറഞ്ഞ ഹൃദയമുള്ളവൻ എന്നൊക്കെ അതിന് അർത്ഥമാകാം. ദൈവത്തിന്റെ സുപ്രധാനമായ ഗുണം കാരുണ്യമാണല്ലോ. അവിടുന്ന് കാരുണ്യവാനായതിനാലാണല്ലോ ദുഷ്ടതയും നന്ദിഹീനതയും ക്ഷമിക്കുവാൻ സന്നദ്ധനാവുന്നത്. വീണ്ടും ബിബ്ലിക്കലും ലിറ്റർജിക്കലുമായ ദർശനം കാഴ്ചവെയ്ക്കുകയാണ് ഞാനിവിടെ.

പാപത്തെ കുറ്റമായാണ് (crime) ചിത്രീകരിച്ചിരിക്കുക. നിയമത്താൽ ശിക്ഷിക്കപ്പെടാവുന്ന പ്രവൃത്തിയാണത്. അത്തരം കുറ്റങ്ങൾക്ക് പൂർണ്ണമായ ഉത്തരവാദി ഞാനാണ്. ദുഷ്ടതയും നന്ദിഹീനതയും മൂലമാണ് ഞാനവ പ്രവർത്തിച്ചത്. ചെയ്തികൾക്ക് സാധൂകരണം കണ്ടെത്തുവാൻ ഞാൻ ശ്രമിക്കുന്നില്ല. ദുഷ്ടന്റേതായ (പിശാച്) ബീജം എന്നിലുണ്ട്. ദുഷ്ടത എന്നിൽ കുടികൊള്ളുന്നു. അതോടൊപ്പം നന്ദിഹീനതയും. ദൈവം കരുണയുടെ കടലാകെ അന്തം കൂടാതെ തന്നിൽ ചൊരിഞ്ഞവനാണ് (*ആത്മാനുതാപം*, 2:57-58). "നിൻകരുണയിൻ കടക്കണ്ണിനാൽ സൂക്ഷിച്ചവനാണ്" (*ആത്മാനുതാപം*, 2:105). ഇപ്രകാരം "കരുണാകരനായ സർവ്വേശ്വരന്റെ" (*ആത്മാനുതാപം* 1:29) കരുണയുടെ കഥയാണ് എന്റെ ജീവിതം. എന്നിട്ടും നന്ദിഹീനത കാണിച്ചവനാണ് ഞാൻ. മനോഗുണമുള്ള അപ്പന്റെ കാൽക്കൽ സാഷ്ടാംഗം വീണുകിടന്നുകൊണ്ട് ദുഷ്ടതയാലും നന്ദിഹീനതയാലും അവിടുത്തോട് ചെയ്ത കുറ്റങ്ങൾക്കൊക്കെയും മാപ്പപേക്ഷിക്കുകയാണ് ഈ ധ്യാനസല്ലാപകൻ.

4.6.6. ഉപസംഹാരം

പിതൃദർശനത്തോടും സാഷ്ടാംഗ നമസ്ക്കാരത്തോടും പൊറുതിയപേക്ഷയോടും കൂടിയാണ് നിങ്ങളുടെ സഭാസ്ഥാപകന്റെ ധ്യാനമെന്ന സല്ലാപത്തിന്റെ ആദ്യഭാഗം അവസാനിക്കുക. തികച്ചും

തനിമയാർന്നതാണ് ഈ ധ്യാനരീതി. പരിശീലിക്കുവാൻ എളുപ്പമുള്ളതും ദൈവൈക്യത്തിൽ വളരുവാൻ പ്രയോജനകരവുമാണത്. വാഴ്ത്തപ്പെട്ടവനായ എന്റെ സിദ്ധാത്മകമായ വ്യക്തിത്വം അതിൽ നിറഞ്ഞു നില്ക്കുന്നു. ധ്യാനമെന്ന സല്ലാപത്തിന്റെ തുടർന്നുള്ള ഭാഗം ക്രൂശിതനായ അപ്പന്റെ ദർശനവും അനുതാപ സല്ലാപവുമാണ്.

4.7. അനുതാപസല്ലാപം

(പാപസങ്കീർത്തനത്തിന് സജ്ജമാക്കുകയാണ് അനുതാപ സല്ലാപത്തിന്റെ ഉദ്ദേശ്യം. ദിവ്യകാരുണ്യം എഴുന്നള്ളിച്ചുവച്ചശേഷം ആരാധിക്കുന്നു. കാർമ്മികൻ ഈണത്തിൽ ചൊല്ലിക്കൊടുക്കുന്നു. "പരിശുദ്ധ പരമദിവ്യകാരുണ്യത്തിന്/സദാകാലവും/ആരാധനയും/സ്തുതിയും/പുകഴ്ച്ചയും ഉണ്ടാകണേ നിത്യവും" (3 പ്രാവശ്യം). ഈ സമൂഹസല്ലാപം എന്റെ മക്കളായ നിങ്ങളുടെ ഭാഷയിലാണ് അവതരിപ്പിച്ചിരിക്കുക. ഇതേവരെ ഞാൻ നടത്തിയ സല്ലാപചിന്തകളുടെയും മറ്റും വെളിച്ചത്തിൽ നിങ്ങൾ പ്രത്യുത്തരിക്കുന്നതായി വിഭാവനം ചെയ്തിരിക്കുന്നു. കാർമ്മികൻ മുമ്പിൽ മുട്ടുകുത്തി നിൽക്കുന്നു. സമൂഹം അർദ്ധവൃത്താകൃതിയിൽ പുറകിലും. കാർമ്മികനാണ് അനുതാപസല്ലാപത്തിലെ ചിന്തകൾ പങ്കുവയ്ക്കുക. ഈശോയെ എന്നെപ്പോലെ അപ്പാ എന്ന് അഭിസംബോധന ചെയ്യുന്നു).

4.7.1. ആമുഖം

സ്നേഹഈശോയേ, പ്രിയ അപ്പാ, അങ്ങയുടെ പ്രിയ മകനായ വാ. ചാവറപിതാവിന്റെ കൂടപ്പിറപ്പുകളും കുഞ്ഞുങ്ങളുമാണ് ഞങ്ങൾ. വന്ദ്യപിതാവിനെപ്പോലെ ഞങ്ങളും പ്രിയ അപ്പനായ അങ്ങയുടെ ഭവനത്തിലേക്കു തിരിച്ചുവന്നിരിക്കുന്നു (അല്പസമയം മൗനം).

ധൂർത്തപുത്രരായ ഞങ്ങളെ അങ്ങ് രണ്ടുകൈയ്യും നീട്ടി സ്വീകരിച്ചുവല്ലോ. തനയരായി അവരോധിച്ചിരിക്കുന്നു. ഞങ്ങളെ വീണ്ടും വെണ്മയേറിയ പട്ടുവസ്ത്രങ്ങൾ ധരിപ്പിച്ചിരിക്കുന്നു. കൈകളിൽ മോതിരം അണിയിച്ചുകഴിഞ്ഞു. (മൗനം).

ഞങ്ങളുടെ തിരിച്ചുവരവിൽ സ്നേഹഅപ്പാ, അങ്ങ് മതിമറന്ന് ആഹ്ലാദിക്കുന്നു. അങ്ങ് ഞങ്ങൾക്ക് വിരുന്നൊരുക്കിയല്ലോ. പ്രിയ അപ്പാ, അങ്ങേ കാരുണ്യം അങ്ങ് ഞങ്ങളിൽ വാരിക്കോരി ചൊരിഞ്ഞിരിക്കുന്നു. (മൗനം).

സ്വർഗ്ഗത്തിനും അങ്ങേക്കുമെതിരായി പാപം ചെയ്ത ഞങ്ങ

ളോട് അപ്പാ, അങ്ങ് ക്ഷമിച്ചതോർത്ത് ഞങ്ങൾ വിസ്മയിക്കുന്നു. അതിന്റെ കാരണം ഞങ്ങൾക്ക് പിടികിട്ടുന്നില്ലല്ലോ. അപ്പാ, അങ്ങേക്ക് സ്തുതി.

("പരിശുദ്ധപരമദിവ്യകാരുണ്യത്തിന്..." 3 പ്രാവശ്യം ചൊല്ലിക്കൊടുക്കുന്നത് സമൂഹം ആവർത്തിക്കുന്നു).

(അല്പനേരം മൗനത്തിനുശേഷം "ദൈവത്തിനു സ്തോത്രം" എന്ന ഗീതം ആലപിക്കുന്നു. തുടർന്നുള്ള ഭാഗങ്ങൾ ഏകവചനത്തിലാണ്).

4.7.2. ഭാഗം ഒന്ന്

സ്നേഹ അപ്പാ, അങ്ങയുടെ അനന്തകാരുണ്യത്തെ ഞാൻ ഓർക്കുമ്പോൾ ഇന്നുവരെയുള്ള എന്റെ ജീവിതം സ്മരിക്കാതിരിക്കാൻ എനിക്ക് കഴിയുന്നില്ലല്ലോ (മൗനം).

എന്റെ ജീവിതകഥ ഓർക്കട്ടെ... എന്റെ ചരിത്രം അങ്ങയുടെ കാരുണ്യത്തിന്റെതന്നെ കഥയാണല്ലോ. അതോടൊപ്പം അത് എന്റെ നന്ദിഹീനതയുടെയും പ്രത്യുത്തരിക്കാതിരിക്കലിന്റെയും ചരിത്രവുമാണെന്ന് ഞാൻ അറിയുന്നു (മൗനം).

അപ്പാ, എന്നെ സൃഷ്ടിച്ചുകൊണ്ട് അങ്ങ് എപ്പോഴും എല്ലായിടത്തും, എല്ലാ അവസരങ്ങളിലും എന്നിലേക്കു തിരിഞ്ഞു.

ഞാനോ അങ്ങയിൽനിന്ന് പിൻതിരിയുവാനാണല്ലോ പലപ്പോഴും പരിശ്രമിച്ചത്.

സ്നേഹഅപ്പാ, അങ്ങ് കാരുണ്യപൂർവ്വം എന്നിലേക്കു തിരിഞ്ഞ അവസരങ്ങൾ ഞാൻ ഓർക്കുന്നു (മൗനം).

എന്റെ ജനനംമുതൽ അങ്ങ് എന്നോട് കാണിച്ച വാത്സല്യം ഞാൻ അനുസ്മരിക്കുന്നു (മൗനം).

എന്റെ ബാല്യകാലസംഭവങ്ങൾ ഓർമ്മയിൽ ഞാൻ കൊണ്ടുവരട്ടെ (മൗനം).

എത്രയധികം തവണ അങ്ങേസ്നേഹം, കാരുണ്യം, മാപ്പേകൽ ഞാൻ അനുഭവിച്ചിരിക്കുന്നു! (മൗനം).

എന്നെ അങ്ങ് ജ്ഞാനസ്നാനത്താൽ അങ്ങേ പുത്ര/പുത്രിയാക്കി കാരുണ്യാഭയും ശേഷംഗുണങ്ങളും നൽകി.

ആത്മാവിനെ വെണ്മ, നന്മ ധരിപ്പിച്ചു. മോക്ഷാനന്ദമെന്ന സമ്പത്ത് തന്നു. ദൈവികത്വത്തിന്റെ പന്തം എന്നിൽ കൊളുത്തി. വിശുദ്ധിയാകുന്ന ലവണം സേവിപ്പിച്ചു (മൗനം).

നല്ല മാതാപിതാക്കന്മാരെ നൽകി. നല്ല സാഹചര്യങ്ങളിൽ വളരുന്നതിന് ഇടയാക്കി (അല്പനേരം മൗനം).

എന്റെ ആദ്യപാപസങ്കീർത്തനത്തിലും പ്രഥമദിവ്യകാരുണ്യസ്വീകരണവേളയിലും എനിക്കനുഭവപ്പെട്ട സന്തോഷവും സംതൃപ്തിയും സമാധാനവും ഞാൻ അനുസ്മരിക്കട്ടെ (മൗനം).
"അതിരുകളില്ലാത്ത സ്നേഹം" എന്ന ഗീതം ആലപിക്കുന്നു (മൗനം).
ഇത്രയൊക്കെ എന്നെ സ്നേഹിച്ച, എന്നോടു ക്ഷമിച്ച, എന്നോടു കാരുണ്യംകാണിച്ച അങ്ങയെ ഞാൻ വാഴ്ത്തിപ്പുകഴ്ത്തട്ടെ.
"പരിശുദ്ധപരമദിവ്യകാരുണ്യത്തിന്...." (3 പ്രാവശ്യം).

4.7.3. ഭാഗം രണ്ട്

സ്നേഹഅപ്പാ, ഇത്രയൊക്കെ എന്നെ ഓമനയായി ഗണിച്ച അപ്പനിൽനിന്ന് ഞാൻ പലപ്പോഴും പിൻതിരിഞ്ഞുകളഞ്ഞല്ലോ (മൗനം).
അത്തരം ചില സന്ദർഭങ്ങൾ ഞാൻ ഓർക്കട്ടെ (മൗനം).
അപ്പനെക്കൂടാതെ ഞാൻ എന്നിലേക്കു തിരിഞ്ഞ അവസരങ്ങൾ (മൗനം).
സ്വാർത്ഥതയെ പൂവിട്ടുപൂജിച്ച സന്ദർഭങ്ങൾ (മൗനം).
കഴിവുകൾ അപ്പന്റെ ദാനങ്ങളെന്നോർത്ത് അങ്ങയെ സ്തുതിക്കാതെ അവ സ്വന്തമെന്നു വിചാരിച്ച് അഹങ്കരിച്ച നിമിഷങ്ങൾ (മൗനം).
അപ്പനെക്കൂടാതെ, അപ്പനെതിരായി, മറ്റുള്ളവരിലേക്കു തിരിഞ്ഞ സമയങ്ങൾ (മൗനം).
തെറ്റുചെയ്ത അവസരങ്ങൾ (മൗനം)
മറ്റുള്ളവരെ തെറ്റിലേക്കു നയിച്ച അവസരങ്ങൾ (മൗനം).
അപ്പനെക്കൂടാതെ മറ്റുള്ളവയിലേക്ക്, സൃഷ്ടവസ്തുക്കളിലേക്ക് തിരിഞ്ഞതിനുള്ള ഉദാഹരണങ്ങൾ (മൗനം).
അപ്പാ, എന്നോട് ക്ഷമിക്കണമേ (മൗനം)
"ദൈവമേ എന്നിൽ കനിയണമേ" എന്ന ഗീതം ആലപിക്കുന്നു.
പ്രിയ അപ്പാ, അങ്ങയെ വേദനിപ്പിച്ചിട്ടും, അങ്ങയുടെ ഹൃദയം കുത്തിമുറിപ്പെടുത്തിയിട്ടും അങ്ങ് എന്നോട് ക്ഷമിച്ചല്ലോ. എന്റെ ബലഹീനതകളിൽ അങ്ങ് സഹതപിച്ചല്ലോ (മൗനം).
"പരിശുദ്ധപരമദിവ്യകാരുണ്യ..." (3 പ്രാവശ്യം).

4.7.4. ഭാഗം മൂന്ന്

അപ്പാ, അങ്ങ് എനിക്കു നൽകിയ അവർണ്ണനീയമായ ചില ദാനങ്ങളെ ഞാൻ പ്രത്യേകം അനുസ്മരിക്കട്ടെ.
സന്ന്യാസദൈവവിളിയാൽ അപ്പൻ എന്നെ ധന്യനാ/യാക്കി ദർശനവീട്ടിലേക്ക് കൊണ്ടുവന്നു. സഭാസ്ഥാപകനായ ചാവറപിതാവിന്റെ

ഭാഷയിൽ കർത്താവിന്റെ മേച്ചിൽസ്ഥലത്തേക്ക് ആനയിച്ചു. വന്ദ്യ ഗുരുഭൂതന്മാരുടെ സംരക്ഷണത്തിലാക്കി.

അപ്പാ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു/ആരാധിക്കുന്നു/സ്തുതിക്കുന്നു/അങ്ങേക്ക് നന്ദി പറയുന്നു (സമൂഹത്തോടൊന്നിച്ച് മൂന്നു പ്രാവശ്യം).

പ്രിയ അപ്പാ, അങ്ങ് എന്നെ ദൈവത്തിന്റെ ദർശനം കാണുന്നവരുടെ കൂട്ടായ്മയിലെ അംഗമാക്കി. അതിനായി തപസ്സിരിക്കുവാൻ തപസ്സുഭവനത്തിലേക്ക് ആനയിച്ചു. ദർശനം കാണുവാൻ ദാഹവും വിശപ്പും നൽകി. ഏകാന്തതയെ പുൽകുവാൻ വരമേകി. വായനയിൽ ഇഷ്ടമുണ്ടാക്കി.

പ്രിയ അപ്പാ, അങ്ങേക്ക് ഞാൻ നന്ദി പറയുന്നു (മൗനം)

"പരിശുദ്ധപരമദിവ്യകാരുണ്യത്തിന്..." (3 പ്രാവശ്യം).

4.7.5. ഭാഗം നാല്

പ്രിയ അപ്പാ, ആരംഭത്തിൽ ഈ മഹാദാനങ്ങളോട് ഞാൻ സർഗ്ഗാത്മകമായി പ്രതികരിച്ചുവെങ്കിലും കാലക്രമേണ ദിവ്യദർശനം കാണുവാനും അതിനായി തപസ്സിരിക്കുവാനുമുള്ള താല്പര്യം എന്നിൽ കുറഞ്ഞുവന്നുവെന്ന് വേദനാപൂർവ്വം ഏറ്റുപറയട്ടെ. ഏകാന്തത എനിക്ക് അനിഷ്ടമായിത്തീർന്നുവല്ലോ. മണവറയായ മുറിയിൽ കർത്താവിനോടുകൂടി തെളിയുവാൻ പരിശ്രമിക്കാതെ ചുറ്റിനടക്കുവാൻ ആരംഭിച്ചതിനെയോർത്ത് ഞാൻ അനുതപിക്കുന്നു. ദൈവവചനത്തിന്റെയും ആദ്ധ്യാത്മികഗ്രന്ഥങ്ങളുടെയും വായന എന്നിൽ കുറഞ്ഞുകുറഞ്ഞുവന്നിട്ടും ആ തെറ്റ് തിരുത്തുവാൻ ഞാൻ നിശ്ചയിച്ചുറച്ചില്ലല്ലോ. പകരം ലൗകികവും സന്ന്യാസസന്മാർഗ്ഗത്തിന് നിരക്കാത്തതുമായ വായനകളിൽ ഞാൻ മുഴുകിപ്പോയി. ലോകാരൂപിയും ചിന്തകളും ആശയങ്ങളും വളർത്തുന്ന ടെലിവിഷൻ പരിപാടികളും സിനിമകളും കാണുവാൻ ഞാൻ സമയം വ്യയം ചെയ്തു. അതോടെ ആദ്ധ്യാത്മികമായ കാര്യങ്ങളെക്കുറിച്ചുള്ള സംഭാഷണവും എന്നിൽ ഇല്ലാതായിത്തുടങ്ങി. അല്പനേരവും വെറുതെ കളയാതിരിക്കണമെന്നുള്ള വാ. ചാവറപിതാവിന്റെ മുന്നറിയിപ്പ് ഞാൻ തള്ളിക്കളഞ്ഞുവല്ലോ (മൗനം).

കർത്താവേ എന്നോടു ക്ഷമിക്കണമേ.

4.7.6. ഭാഗം അഞ്ച്

പ്രിയ അപ്പാ, എന്റെ സഭാസ്ഥാപകനായ വാ. ചാവറപിതാവുവഴിയായി അങ്ങ് എന്നോട് ആവശ്യപ്പെട്ടുവല്ലോ, അങ്ങയുടെ

സ്നേഹത്തിൽ പാർക്കുവാനും, എപ്പോഴും അങ്ങയുടെ കൺമുമ്പിലിരിക്കുവാനും അങ്ങയുടെ അരികിൽ നടക്കുവാനും, അങ്ങയോട് എപ്പോഴും സംസാരിക്കുവാനും (മൗനം).

എത്രയോ സമോന്നതനായ, മിസ്റ്റിക്കലായ ദൈവവിളിയാണ്, പ്രിയ അപ്പാ അങ്ങ് എനിക്ക് നൽകിയത്! അങ്ങയുടെ സ്നേഹത്തിൽ ഞാൻ സദാസമയം ജീവിതം ആഘോഷമാക്കി പകർത്തണം, ആനന്ദനിർഭരമാക്കണം; തിരുസന്നിധിയിൽ സാക്ഷാത്കാരം കണ്ടെത്തണം. എല്ലാവരിലും എല്ലാത്തിലും എല്ലായിടത്തും എല്ലായ്പ്പോഴും അപ്പന്റെ മുഖം കണ്ടുകൊണ്ടിരിക്കാൻ അങ്ങുന്നെനിക്ക് കൃപ നൽകി. പക്ഷേ ആ ദൈവവിളി കാര്യമായെടുക്കുവാനുള്ള പരിശ്രമമൊന്നും എന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ലെന്ന് കണ്ണീരൊഴുക്കിക്കൊണ്ട് ഞാൻ ഏറ്റുപറയുന്നു. അതിനു വിരുദ്ധമായ വിധത്തിലാണല്ലോ ഞാൻ ദിവസങ്ങളോളം ചിലവഴിച്ചത്. പ്രിയ അപ്പാ, അങ്ങയുടെ സ്നേഹത്തെ, ഞാൻ സ്മരിച്ചില്ല; മധുരമായ സ്വരത്തെ ഞാൻ ശ്രവിച്ചില്ല. എന്നിൽതന്നെ ആനന്ദം കണ്ടെത്തുവാൻ ഞാൻ തത്രപ്പെട്ടു. മറ്റുള്ളവരോടൊത്ത് വ്യർത്ഥമായ കാര്യങ്ങളിൽ സന്തോഷിച്ചവനാണ് ഞാൻ (മൗനം).

പ്രിയ അപ്പാ, എന്നോടു ക്ഷമിക്കണമേ (മൗനം).

("ദൈവമേ എന്നിൽ കനിയണമേ" എന്ന ഗീതത്തിന്റെ ഈരടികൾ വീണ്ടും ആവർത്തിക്കുന്നു).

പ്രിയ അപ്പാ, അങ്ങയുടെ മുഖത്ത് കണ്ണുംനട്ട്, അങ്ങ് അരുൾചെയ്യുന്നത് ശ്രവിക്കുവാൻ കാതുകൂർപ്പിച്ച് ബേഥനിയായിലെ മറിയത്തെപ്പോലെ തിരുസന്നിധിയിലിരിക്കുവാൻ അങ്ങ് എന്നെ വിളിച്ചു. പക്ഷേ ആ മഹനീയ പദവിയെ ഞാൻ പലപ്പോഴും അവഗണിച്ചുവല്ലോ. മറ്റുള്ളവയിൽ കണ്ണുംനട്ട് ഇരിക്കുന്നവനാണ് ഈ മഹാപാപി. അങ്ങയുടെ സ്വരം ശ്രവിക്കുന്നതിനുപകരം സ്വാർത്ഥതയുടെയും ലോകത്തിന്റെയും ശരീരത്തിന്റെയും സ്വരങ്ങൾക്കായി ഞാൻ പലപ്രാവശ്യവും കാതുകൂർപ്പിച്ചു ജീവിച്ചു (മൗനം).

പ്രിയ അപ്പാ, എന്നോടു ക്ഷമിക്കണമേ (മൗനം).

("ദൈവമേ, എന്നിൽ കനിയണമേ" എന്ന ഗീതത്തിന്റെ ഈരടി ആവർത്തിക്കുന്നു).

പ്രിയ അപ്പാ, വാ. ചാവറപിതാവ് എന്നോടാവശ്യപ്പെട്ട മറ്റു രണ്ടുകാര്യങ്ങളും ഞാൻ സൗകര്യപൂർവ്വം വിസ്മരിച്ചുപോയി. നർമ്മസല്ലാപത്തിൽ മുഴുകി അങ്ങയോടൊത്ത് നടക്കുന്നതിനുപകരം ഞാൻ

സഞ്ചരിച്ചത് മറ്റുള്ളവരോടൊത്തായിരുന്നു; ദൈവികതയില്ലാത്ത സ്ഥലങ്ങളിലേക്കായിരുന്നു. എന്റെ സംഭാഷണവിഷയം മിക്കപ്പോഴും അങ്ങായിരുന്നില്ലല്ലോ (മൗനം).

പ്രിയ അപ്പാ, എന്നോട് ക്ഷമിക്കണമേ, കാരുണ്യം കാണിക്കണമേ. (മൗനം).

("ദൈവമേ, എന്നിൽ കനിയണമേ" എന്ന ഗീതത്തിന്റെ ഈരടികൾ ആലപിക്കുന്നു).

4.7.7. ഭാഗം ആറ്

പ്രിയ അപ്പാ, വാ. ചാവറപിതാവുവഴി അങ്ങ് എന്നെ വിളിച്ചത് എന്റെ ആയുഷ്ക്കാലം മുഴുവനും തിരുക്കുടുംബമെന്ന ത്രിത്വകുടുംബത്തിൽ ജീവിതം കഴിക്കാനാണല്ലോ. തിരുക്കുടുംബത്തെ എപ്പോഴും എന്റെ ഹൃദയത്തിൽ കാണുവാനും ഈശോമറിയം യൗസേപ്പ് എന്ന നാമങ്ങൾ ഓർക്കുവാനും, ജപിക്കുവാനും, തിരുക്കുടുംബത്തെ വണങ്ങുവാനും കടപ്പെട്ടവനാണ് ഞാൻ. അപ്പോൾ എന്നെ സദാസമയവും ഓർമ്മയാകുന്ന ചിപ്പിയിൽ സൂക്ഷിച്ചുവച്ചിരിക്കുന്നല്ലോ. വി. കുർബ്ബാന കൈക്കൊണ്ടുകൊണ്ട് കർത്താവായ അങ്ങയുടെ സ്നേഹം ഞാൻ ഓർക്കണം. അങ്ങ് എന്റെ കാര്യങ്ങൾ എത്ര വിശേഷകരമായാണ് വിചാരിച്ചു നടത്തുന്നതെന്ന് അനുസ്മരിക്കുണം. മറ്റുള്ളവരുടെ പുണ്യങ്ങളും അനുതാപകൃത്യങ്ങളും ഓർത്ത് സന്തോഷിച്ച് അവയെല്ലാം എന്റേതായി കാഴ്ചവയ്ക്കണം. "അൻപുള്ള ദൈവമേ, നിൻതിരുമുമ്പിൽ അല്പനാമെന്നെ നീ ഓർത്തീടേണം" എന്നുരുവിട്ടുകൊണ്ടിരിക്കണം. ഹാ കഷ്ടം, ഈ മഹോന്നതമായ ദൈവവിളി ജീവിക്കുന്നതിൽ തീർത്തും അലസനായിരുന്നല്ലോ ഞാൻ. പ്രിയ അപ്പാ, എന്നോടുള്ള സ്നേഹത്തെ പ്രതിയുള്ള അങ്ങയുടെ പീഡാസഹനങ്ങളും കുരിശുമരണവും സംസ്ക്കാരവും ഉത്ഥാനവുമെന്ന ദിവ്യരഹസ്യങ്ങളുടെ ദുക്റാനയായിത്തീരുവാനുള്ള ദൈവവിളി ഞാൻ ജീവിച്ചില്ലല്ലോ. ഈശോമറിയം യൗസേപ്പെന്ന തിരുനാമങ്ങൾ മറ്റുള്ളവരെ ഓർമ്മിപ്പിക്കുവാൻ എന്നെ അങ്ങ് നിയോഗിച്ചു. രക്ഷ നൽകുന്നവൻ, വൈശിഷ്ട്യനികേതനം, വളർത്തുന്നവൻ എന്നീ തിരുക്കുടുംബനാമങ്ങളുടെ സജീവപ്രതീകമായി ജീവിക്കേണ്ടവൻ/ൾ തിരുക്കുടുംബത്തെ സദാ വണങ്ങുവാനും മറ്റുള്ളവരെയും വണക്കത്തിന്റെ മനുഷ്യരാക്കുവാനുമുള്ള കടമ ഞാൻ പലപ്പോഴും മറന്നുപോയി. അതിനെ കാര്യമായി കണക്കാക്കുകയുണ്ടായില്ല (മൗനം)

പ്രിയ അപ്പാ, എന്നോടു ക്ഷമിക്കണമേ (മൗനം).
("ദൈവമേ, എന്നിൽ കനിയണമേ" എന്ന ഗീതത്തിന്റെ ഈരടി ആവർത്തിക്കുന്നു).

4.7.8. ഭാഗം ഏഴ്

പ്രിയ അപ്പാ, അങ്ങയുടെ ഓമനമകനായ വാ. ചാവറപിതാവ് എന്നെയും സഭാംഗങ്ങളെയും തിരുക്കുടുംബത്തിന് പ്രതിഷ്ഠിച്ചതിനെയോർത്ത് ഞാൻ സന്തോഷിക്കുന്നു; അങ്ങേക്ക് നന്ദി പറയുന്നു. നിർഭാഗ്യവശാൽ പ്രതിഷ്ഠാജീവിതം നയിക്കുവാൻ ഞാൻ വേണ്ടവിധം പരിശ്രമിച്ചിട്ടില്ലെന്ന സത്യം ദുഃഖത്തോടെ തുറന്നു പറയട്ടെ. തിരുക്കുടുംബത്തിന്റെ സ്വന്തമാകാനും (തദീയൻ), തിരുക്കുടുംബാത്മകമാകാനും (തന്മയൻ), തിരുക്കുടുംബമെന്ന ദർശനത്തിൽ ഉന്മുഖനാകാനും (നിയതൻ), തിരുക്കുടുബത്തിന് പ്രതിഷ്ഠിക്കപ്പെട്ടവനാകാനും (നിവേദിതൻ), തിരുക്കുടുംബത്തിന് അർപ്പിതനാകാനും (അർപ്പിതൻ) നിഷ്ഠ കാണിക്കുന്നതിൽ ഈ മഹാപാപി പരാജയപ്പെട്ടു. ഉഴിഞ്ഞുവയ്ക്കപ്പെട്ട ജീവിതം നയിക്കുന്നതിൽ അലസത കാണിച്ചു അദൈവികവും മനുഷ്യത്വരഹിതവുമായ എല്ലാത്തിൽനിന്നും വേർതിരിക്കപ്പെട്ടു കഴിഞ്ഞിട്ടില്ല പ്രതിഷ്ഠിതനെന്ന് നാലാളുകളുടെ മുൻപിൽ കൊട്ടിഘോഷിക്കുന്ന ഈ കപടഭക്തൻ/ഭക്ത. ദൈവത്തിനായുള്ള ഈ മാറ്റിവയ്ക്കപ്പെടൽ അവിടുത്തെ പ്രതിഛായകളായ മനുഷ്യർക്ക് ശുശ്രൂഷചെയ്തുകൊണ്ട് അവരെയും പരിശുദ്ധരാക്കാനാണെന്ന കാര്യം പലപ്പോഴും ഞാൻ മറന്നുകളഞ്ഞു. അത്തരം സന്ദർഭങ്ങൾ ഞാൻ ഓർമ്മയിൽ കൊണ്ടുവരട്ടെ (മൗനം).
പ്രിയ അപ്പാ, എന്നോട് ക്ഷമിക്കണമേ.
("ദൈവമേ, എന്നിൽ കനിയണമേ" എന്ന ഗീതത്തിന്റെ ഈരടികൾ ആലപിക്കുന്നു.).

4.7.9. ഭാഗം എട്ട്

വാ. ചാവറപിതാവ് സഭാംഗങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്, തിരുക്കുടുംബത്തെ ആശ്രയിക്കാനും, ഹൃദയങ്ങളിൽ തിരുക്കുടുംബം അധികാരം നടത്തുവാൻ അനുവദിക്കാനും. വത്സലപിതാവിന്റെ ആ അന്ത്യശാസനം പ്രാവർത്തികമാക്കുന്നതിൽ വന്നുപോയ കുറവുകളെ ഞാനിപ്പോൾ ഏറ്റുപറയട്ടെ. ആശ്രയിക്കുക എന്ന ആശയം അള്ളിപ്പിടിക്കലാണെന്നും ഞാൻ ഒന്നുമല്ലെന്നും, എനിക്കൊന്നുമില്ലെന്നുമുള്ള ആത്മാവബോധത്തിൽനിന്ന് ഉരുത്തിരിയുന്ന കർമ്മമാണെന്നും പിതാവ് വ്യക്തമായി പറഞ്ഞുതന്നിട്ടുണ്ട്. പക്ഷേ അഹം

കേന്ദ്രീകൃതമായ ജീവിതമാണല്ലോ ഞാൻ ഇന്നേവരെ നയിച്ചുപോന്നത്. ദൈവം തന്ന കഴിവുകളും സിദ്ധികളും ആരോഗ്യവും സമയവുമെല്ലാം എന്റെ സ്വന്തമാണെന്ന തരത്തിലായിരുന്നു ഞാൻ പലപ്പോഴും വർത്തിച്ചിരുന്നത്. തന്മൂലം ഓരോരോ സന്ദർഭങ്ങളിലും തിരുക്കുടുംബത്തെ അള്ളിപ്പിടിക്കുവാൻ ഞാൻ വേണ്ടവിധം പരിശ്രമിച്ചിട്ടില്ല. അത്തരം അള്ളിപ്പിടിക്കൽവഴി സംലഭ്യമാകുന്ന സുരക്ഷിതത്വബോധം എനിക്കുണ്ടായിരുന്നില്ലല്ലോ. വാ. ചാവറപിതാവിനെപ്പോലെ സഭയ്ക്കും സമൂഹത്തിനും, മാനവകുലത്തിനും അവശ്യംവേണ്ട കാര്യങ്ങൾക്കായി തുനിഞ്ഞിറങ്ങാനുള്ള തന്റേടം ഞാൻ കൈവിട്ടുകളഞ്ഞു. പറയേണ്ടതും പ്രവർത്തിക്കേണ്ടതുമായ സന്ദർഭങ്ങളിൽ ഭീരുത്വം കാണിച്ചുപോയി. ചെയ്യേണ്ടവ ചെയ്യുവാനുള്ള ആത്മധൈര്യം പ്രദർശിപ്പിച്ചില്ല. അത്തരം ഉപേക്ഷകളുടെ ഉദാഹരണങ്ങൾ ഞാനിപ്പോൾ ഓർക്കുന്നു (മൗനം).

അപ്പാ, എന്നോടു ക്ഷമിക്കണമേ.

("ദൈവമേ, എന്നിൽ കനിയണമേ" എന്ന ഗീതത്തിന്റെ ഈരടികൾ ആലപിക്കുന്നു).

വത്സലതാതനായ വാ. ചാവറപിതാവിന്റെ അടുത്ത നിർദ്ദേശം ഞാൻ പരിചിന്തനവിഷയമാക്കട്ടെ: "നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ" (മൗനം).

തിരുക്കുടുംബത്തിന് എന്നിൽ അധികാരം നടത്തുന്നതിന് ഞാൻ പലപ്പോഴും തടസ്സം നിന്നിട്ടുണ്ട്. ഈശോയ്ക്കും മറിയത്തിനും മാർ യൗസേപ്പിനും എന്നിൽ വാഴുവാൻ സ്വാതന്ത്ര്യം നൽകുകയുണ്ടായില്ല. തന്മൂലം ദൈവം എന്നെ കർമ്മലമാതാവിന്റെ സഭയിലേക്ക് വിളിച്ചതിന്റെ ഉദ്ദേശ്യം നിറവേറാതെ പോകുകയുണ്ടായെന്ന സത്യം ഞാൻ വേദനയോടെ ഏറ്റുപറയട്ടെ. പാതി കൃഷി, പാതി മോഷണം എന്ന തത്ത്വമാണല്ലോ ഞാൻ പിൻതുടർന്നത്! തീരെ മോശക്കാരനാകരുത്, എന്നാൽ പൂർണ്ണമായി നല്ലവനുമാകരുത് എന്നതായിരുന്നല്ലോ എന്റെ പ്രത്യയശാസ്ത്രം. തന്മൂലം പ്രിയ അപ്പാ, അങ്ങയെ ഞാൻ വളരെയധികം വേദനിപ്പിച്ചിട്ടുണ്ട്, ഇപ്പോഴും വേദനിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. കരുണാനിധിയായ കർത്താവേ, അങ്ങയുടെ പീഡാസഹനത്തിന് ഞാൻതന്നെയാണല്ലോ കാരണക്കാരൻ/കാരി. എന്റെ അപ്പനായ അങ്ങയുടെ സുന്ദരമുഖത്തെ വിരൂപമാക്കിയത് ഞാൻ തന്നെയല്ലയോ! (മൗനം).

പ്രിയ അപ്പാ, എന്റെ നല്ല ഈശോയേ, എന്നെ അനുഗ്രഹിക്കണമേ.

ഞാൻ ചെയ്തുപോയ കണക്കില്ലാത്ത കുറ്റങ്ങളൊക്കെ എന്നോട് പൊറുക്കണമേ. അവയെക്കുറിച്ച് ഞാൻ ആത്മാർത്ഥമായി മനസ്തപിക്കുന്നു.

("ദൈവമേ, എന്നിൽ കനിയണമേ" എന്ന ഗീതത്തിന്റെ ഈരടികൾ ആലപിക്കുന്നു.)

4.7.10. ഭാഗം ഒൻപത്

പ്രിയ അപ്പാ, സന്ന്യാസവ്രതങ്ങൾവഴി അങ്ങയുടെ ഇഷ്ട പുത്രൻ/പുത്രിയാകുവാൻ അങ്ങെന്നെ വിളിച്ചുവല്ലോ. കാരുണ്യവാനായ അപ്പന്റെ അനന്തസ്നേഹത്തിന്റെ മുൻപിൽ ഞാൻ ശിരസ്സുനമിക്കട്ടെ. അപ്പന്റെതന്നെ സ്വഭാവവിശേഷങ്ങളാണ് അഗതിത്വവും, മണവാട്ടിത്വവും, ചൊൽവിളിയുമെന്ന് വാ. ചാവറപിതാവ് ഈ ദിവസങ്ങളിൽ എന്നെ പഠിപ്പിച്ചുതന്നു. ഞാൻ ഒന്നുമില്ലാത്തവനും ഒന്നുമല്ലാത്തവനുമായ അഗതിയായിത്തീർന്നാൽ മാത്രമേ ഗതിക്കായി അപ്പനെ അള്ളിപ്പിടിക്കാൻ സാധിക്കുകയുള്ളൂവെന്ന് ധരിപ്പിച്ചു. ധൂർത്തപുത്രൻ സ്വന്തപിതാവിനെ അള്ളിപ്പിടിച്ചപ്പോൾ അവനെ പുത്രസ്ഥാനത്ത് ആ വത്സലതാതൻ അവരോധിച്ചു. ഗതി നൽകി. അഗതിത്വത്തിന്റെ ഈ അന്തസ്സത്തയിലേക്ക് ഞാൻ പലപ്പോഴും ഇറങ്ങിച്ചെല്ലുകയുണ്ടായില്ലല്ലോ. സർവ്വസമ്പന്നനായിരിക്കേ മാനവരോടുള്ള സ്നേഹത്തെപ്രതി ദരിദ്രരിൽ ദരിദ്രനായിത്തീർന്ന അപ്പന്റെ ജീവിതശൈലി പുണർന്നിട്ടില്ല. സത്തയുടെ മനുഷ്യനാകുന്നതിനുപകരം സാധനങ്ങൾ സ്വരൂപിച്ചുവയ്ക്കുവാൻ വെപ്രാളപ്പെട്ടു. ദൈവം നൽകിയ സിദ്ധികളും കഴിവുകളും ആരോഗ്യവും സമയുമെല്ലാം ഇതർക്കുവേണ്ടി വ്യയം ചെയ്യുന്നതിൽ ഉപേക്ഷകാണിച്ചവനാണല്ലോ ഞാൻ (മൗനം). പ്രിയ അപ്പാ, എന്നോടു ക്ഷമിക്കണമേ. അപ്പന്റെ അഗതിത്വമനോഭാവംകൊണ്ട് എന്നെ നിറയ്ക്കണമേ. ധൂർത്തപുത്രനെപ്പോലെ കണ്ണീരൊഴുക്കിക്കൊണ്ട് ഞാൻ തൃപ്പാദങ്ങളിൽ പ്രണമിക്കുന്നു. "അപ്പാ, സ്വർഗ്ഗത്തിനെതിരായും അങ്ങേ മുൻപിലും ഞാൻ പാപം ചെയ്തുപോയി" (ലൂക്കാ 15:18,21).

("ദൈവമേ, എന്നിൽ കനിയണമേ" എന്ന ഗീതത്തിന്റെ ഈരടികൾ ആലപിക്കുന്നു.).

4.7.11. ഭാഗം പത്ത്

പ്രിയ അപ്പാ, ബ്രഹ്മചര്യവ്രതംവഴി മണവാട്ടിത്വമെന്ന മഹോന്നത പദവിയിലേക്ക് എന്നെ ഉയർത്തിയതിനെയോർത്ത് ഞാൻ അങ്ങയെ സ്തുതിക്കുന്നു, അങ്ങേക്ക് നന്ദി പറയുന്നു. ഭൂമിയിൽ

സ്വർഗ്ഗീയജീവിതം നയിക്കുവാൻ അങ്ങെന്നെ വിളിച്ചു. അങ്ങയുടെ മിസ്റ്റിക്കൽ ലോകത്തിൽ വ്യാപരിക്കുവാൻ വരം നൽകി. പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും സർവ്വശക്തിയോടുംകൂടെ അപ്പനെ സ്നേഹിക്കുവാൻ എന്നെ അനുവദിച്ചു. അപ്പനോടൊത്ത്, അപ്പനിൽ, അപ്പൻ വഴിയായി മറ്റുള്ളവരെയും മറ്റുള്ളവയെയും സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും എന്നെ അനുഗ്രഹിച്ചു. അവർണ്ണനീയമായ ഈ മഹാദാനത്തെക്കുറിച്ച് കർത്താവേ, അങ്ങേക്ക് സ്തുതി (മൗനം).

പ്രിയ അപ്പാ, മണവാട്ടിത്വത്തിന്റെ സന്തോഷവും സ്നേഹവും സമാധാനവും സംതൃപ്തിയും അനുഭവിച്ചറിയുവാൻ വേണ്ടവിധം പരിശ്രമിക്കുകയുണ്ടായില്ലെന്ന സത്യം ഞാനിപ്പോൾ മനസ്സിലാക്കുന്നു. ആ വ്രതം അഭംഗം കാത്തുപാലിക്കുന്നതിനും അങ്ങയുടെ ആഭ്യന്തരഹർമ്മ്യത്തിലെ ഉത്തുംഗങ്ങളിലേക്ക് പറന്നുയരുന്നതിനും ഞാൻ താല്പര്യമെടുക്കുകയുണ്ടായില്ലല്ലോ. ഹൃദയം മറ്റുള്ളവർക്കായി പകുത്തുനൽകിയതിന്റെ ഉദാഹരണങ്ങൾ എത്രയെത്ര! വാ. ചാവറപിതാവിന്റെ മനോഭാവത്തിലേക്ക് വളരുന്നതിന് കൈവന്ന ദിവ്യാനുഗ്രഹം കളഞ്ഞുകുളിച്ച ഈ മഹാപാപിയോട് അപ്പാ, ക്ഷമിക്കണമേ (മൗനം).

("ദൈവമേ, എന്നിൽ കനിയണമേ" എന്ന ഗീതത്തിന്റെ ഈരടികൾ ആലപിക്കുന്നു.).

4.7.12. ഭാഗം പതിനൊന്ന്

പ്രിയ അപ്പാ, വാ. ചാവറപിതാവിന്റെ ചൊൽവിളിയുടെ ഉദാത്തമേഖല ഞാൻ ധ്യാനവിഷയമാക്കട്ടെ (മൗനം).

"തലവനെ ഈശോമിശിഹായായിട്ടു വിചാരിച്ച് അയാളുടെ സ്വരം തിരുവചനമായി കൈക്കൊള്ളമെന്ന്" ആ വത്സലപിതാവ് ഞങ്ങളെ പഠിപ്പിക്കുകയുണ്ടായി. "സന്ന്യാസിയുടെ ഏകമായ അടയാളം സ്വന്ത മനസ്സിനെ പൂർണ്ണമായി ഉപേക്ഷിച്ച് കണ്ണും ചെവിയുമില്ലാത്ത ചൊൽവിളിയത്രേ. ഇതുള്ളവൻ സന്ന്യാസി" എന്ന വാ. പിതാവിന്റെ അനുശാസനം ഞാൻ ഓർക്കുന്നു. "ചൊൽവിളി കാക്കുന്നവനാരോ അവൻ മോക്ഷസമാധാനം ഈ ചെറിയ മോക്ഷമായ കൊവേന്തയിൽവച്ചുതന്നെ രസിക്കും, നിശ്ചയം" എന്ന സൂക്തം എത്രയോ അർത്ഥനിർഭരമാണ്. പക്ഷേ പലപ്പോഴും ഞാൻ ഈ മഹത്തായ ദർശനത്തിനെതിരായാണല്ലോ ജീവിച്ചതും പ്രവർത്തിച്ചതും. മേലധികാരികളുടെ കല്പനകൾ വിമർശനബുദ്ധ്യാ ഞാൻ വിലയിരുത്തി

യിട്ടുണ്ട്. ഇഷ്ടപ്പെട്ടില്ലെങ്കിൽ നൂറുനൂറുകൂട്ടം ന്യായങ്ങൾ നിരത്തിവച്ച് അവ പാലിക്കാതിരിക്കാൻ എത്രയോ പ്രാവശ്യമാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്. നിർബന്ധിക്കപ്പെടുമ്പോൾ സങ്കടപ്പെടുകയും പിറുപിറുക്കുകയും ചെയ്ത സന്ദർഭങ്ങൾ ഏറെയുണ്ടല്ലോ (മൗനം). എന്റെ പെരുമാറ്റംമൂലം ചെറിയമോക്ഷമായ സന്ന്യാസഭവനത്തെ നരകതുല്യമാക്കിത്തീർക്കാൻ ഇടവരുത്തിയിട്ടുണ്ടല്ലോ (മൗനം).

പ്രിയ അപ്പാ, ഓരോ അവസരത്തിലും ആമ്മേൻ പറഞ്ഞുകൊണ്ട് ഹിന്നേനിയായിത്തീർന്ന അങ്ങയുടെ ചൊൽവിളിയുടെ സ്നേഹശൈലിയും വെറും ലോകത്തിന്റേതായ എന്റെ കാഴ്ചപ്പാടും തമ്മിൽ എത്രയോ അന്തരം! സന്ന്യാസി/നി എന്നു പറഞ്ഞ് മറ്റുള്ളവരെ കബളിപ്പിക്കുന്നവനല്ലേ ഞാൻ?" (മൗനം).

പ്രിയ അപ്പാ, എന്നോടു ക്ഷമിക്കണമേ. സാക്ഷാൽ ചൊൽവിളിയുടെ ലോകത്തിൽ ജീവിക്കുവാൻ എനിക്ക് അനുഗ്രഹം നൽകണമേ. നാളിതുവരെ ചൊൽവിളിക്കെതിരായി ചെയ്തുപോയ തെറ്റുകളും കുറ്റങ്ങളും പൊറുക്കണമേ (മൗനം).

("ദൈവമേ, എന്നിൽ കനിയണമേ" എന്ന ഗീതത്തിന്റെ ഈരടികൾ ആലപിക്കുന്നു).

4.7.13. ഭാഗം പന്ത്രണ്ട്

"കരുണാകരനായ സർവ്വേശ്വരാ, കരകാണാത്ത കൃപയിൻ ദൈവമേ," അങ്ങയുടെ കാരുണ്യത്തിന്റെ ലോകത്തിലേക്ക് ഒന്നെത്തിനോക്കുവാൻ ഈ നന്ദിഹീനനെ അനുവദിക്കണമേ (മൗനം).

പ്രിയ അപ്പാ, അങ്ങയുടെ ചരിത്രം കാരുണ്യത്തിന്റെ കഥയാണല്ലോ. എന്റെ ജീവചരിത്രവും ദയാനിധിയായ അങ്ങ് കാരുണ്യത്തിന്റെ കഥയാക്കി പകർത്തിയല്ലോ. അപ്പന്റെ കരുണയിൻകടൽ അന്തംകൂടാതെ എന്റെമേൽ ചിന്തിയല്ലോ.

വാ. ചാവറപിതാവിനെപ്പോലെ അങ്ങയുടെ കാരുണ്യത്തിന്റെ പ്രവൃത്തികൾ ഓരോന്നായി അനുസ്മരിച്ച് അങ്ങയെ വാഴ്ത്തിസ്തുതിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ (മൗനം).

ദിവ്യകാരുണ്യത്തിന്റെ ലോകത്തിൽ ജീവിക്കുവാൻ അപ്പൻ എന്നെ സദയം അനുവദിച്ചു. നന്ദിയുടെയും സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും കണ്ണീരൊഴുക്കിക്കൊണ്ടിരിക്കുന്നതിലാണ് എന്റെ ദൈവവിളിയെന്ന് ഞാൻ കുറച്ചൊക്കെ മനസ്സിലാക്കുന്നു (മൗനം).

പ്രിയ അപ്പാ, അങ്ങയുടെ കരുണയുടെ ലോകത്തിൽ കരുണയുടെ മനുഷ്യനായി ജീവിക്കാതിരുന്നതിനെക്കുറിച്ച് ഞാൻ മനസ്ത

പിക്കുന്നു (മൗനം).
ജീവിതം ഒരു കാരുണ്യാഘോഷമായി പകർത്താതിരുന്നതിനെയോർത്ത് വേദനിക്കുന്നു. പ്രിയ അപ്പാ, അങ്ങയെപ്പോലെ മറ്റുള്ളവരുടെ വേദന സ്വന്തവേദനയാക്കിത്തീർത്ത് സഹതാപക്കണ്ണുനീർ ഒഴുക്കാതിരുന്നതിനെക്കുറിച്ച് പശ്ചാത്തപിക്കുന്നു. നീതിയെയല്ല കാരുണ്യത്തെയാണ് ഞാൻ തേടുന്നതെന്ന അങ്ങയുടെ തിരുവചനങ്ങൾ എന്റെ ജീവിതത്തിൽ അർത്ഥവത്താക്കാതിരുന്നതിനെക്കുറിച്ച് മാപ്പപേക്ഷിക്കുന്നു (മൗനം).
കാരുണ്യവാനായ പ്രിയ അപ്പാ, എന്നോടു ക്ഷമിക്കണമേ.
("ദൈവമേ, എന്നിൽ കനിയണമേ" എന്ന ഗീതത്തിന്റെ ഈരടികൾ ആലപിക്കുന്നു).
(നീണ്ട മൗനം).

4.7.14. ഭാഗം പതിമൂന്ന്

എന്റെ മനോഗുണമുള്ള നല്ല അപ്പാ, ഞാനിതാ സുവിശേഷത്തിലെ ധൂർത്തപുത്രനെപ്പോലെ അങ്ങയുടെ ഭവനത്തിലേക്ക് തിരിച്ചുവന്നിരിക്കുന്നു. വാ. ചാവറപിതാവിനോട് അങ്ങ് അരുൾച്ചെയ്തു: "എന്റെ മകനേ, നീ വരിക. എന്ത്യേ നിന്റെ പ്രിയമുള്ള അപ്പനായ എന്റെ പക്കൽ അടുത്തുവരാതിരിക്കുന്നു? നീ ഭയപ്പെടേണ്ട" എന്ന് എന്നോടും അരുൾചെയ്യണമേ... നീതിയുടെ തൃക്കണ്ണുകൊണ്ട് എന്നെ നോക്കരുതേ. കാരുണ്യത്തിന്റെ ദൃഷ്ടി എന്റെമേൽ പതിപ്പിക്കണമേ. വാ. ചാവറപിതാവിനെ അങ്ങ് കടാക്ഷിച്ചതുപോലെ എന്നെയും വാത്സല്യപൂർവ്വം കടാക്ഷിക്കണമേ. ആ അരുമതാതനോടൊന്നിച്ച് ഞാനും ആലപിക്കട്ടെ.

"നിന്നുടെ തിരുക്കരം നീട്ടിനിൻ തിരുവാഴ്വ്
തന്നീടണമേ, മമപാപവും പോക്കീടേണം."

(*ആത്മാനുതാപം* V/177-178).

4.7.15. അന്ത്യഭാഗം

(അപ്പന്റെ വാക്കുകളായി സമൂഹം "ഒരു നാളും നിൻവീഴ്ചകൾ ഞാനോർക്കുകില്ല" എന്ന ഗീതം ആലപിക്കുന്നു).
തുടർന്ന് ദിവ്യകാരുണ്യാശീർവ്വാദം
വാഴ്വുകഴിഞ്ഞ് സമൂഹം "നന്ദി ദൈവമേ, നന്ദി ദൈവമേ" എന്ന ഗീതം ആലപിക്കുന്നു.
തുടർന്ന് തനിച്ച് തനിച്ചുള്ള പാപസങ്കീർത്തനത്തിനുള്ള സമയമാണ്.

അഞ്ചാം ദിവസം - ദൈവത്തിന്റെ മലയിൽ/വീട്ടിൽ

5.1. സല്ലാപാഘോഷം - കാരുണ്യം

- സങ്കീ 136 കീർത്തനരൂപത്തിൽ ആലപിക്കുന്നു. "കർത്താവിനു നന്ദി പറയുവിൻ; അവിടുന്ന് നല്ലവനാണ്; ആ കാരുണ്യസ്നേഹം അനന്തമാണ്" എന്ന ജപം സമൂഹം ഓരോ വാക്യത്തിനുംശേഷം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. (ഓരോ വാക്യവും അവസാനിപ്പിക്കേണ്ടത് ആ കാരുണ്യസ്നേഹം അനന്തമാണ് എന്ന ജപത്തോടുകൂടിയാണ്).

ഒന്നാംവായന - ഹൊസെ 11:1-9 'സഹതപിക്കുന്ന' ദൈവം

രണ്ടാം വായന - 1 കോറി 13:4-13 കരുണാർദ്ര മായ സ്നേഹം

മൂന്നാംവായന - മത്താ 9:35-38 ദയാർദ്രചിത്ത നായ ഈശോ

5.2. ഏകാന്തസല്ലാപമന്ത്രം: "കർത്താവേ കരുണ തോന്നണമേ"

5.3. സല്ലാപചിന്ത: ക്രൂശിതദർശനം

5.3.1. ആമുഖം

ധൂർത്തപുത്രനായ ഞാൻ അപ്പന്റെ മുമ്പിൽ സാഷ്ടാംഗം വീണ് പ്രണമിച്ചശേഷം തിരുദർശനത്തിനായി മുഖമുയർത്തി, കാരുണ്യവാനായ അപ്പനെ സ്നേഹപൂർവ്വം വീക്ഷിച്ചുകൊണ്ടിരിക്കാനായി, കണ്ടുകൊണ്ടിരിക്കാനായി. എന്നാൽ ഞാൻ ദർശിച്ചതെന്താണെന്നോ? അപ്പന്റെ സുന്ദരമുഖം ആകെ വിരൂപമായിരിക്കുന്നു! കീറിമുറിക്കപ്പെട്ട്, രക്തത്താലും തുപ്പലുകളാലും മൂടപ്പെട്ടിരിക്കുന്നു. അയ്യോ ആർക്കിതു സഹിക്കാനാകും? അപ്പാ, എന്നെ അപ്പനിലേക്ക് തിരിക്കുവാൻ അപ്പൻ വളരെയധികം വിലകൊടുത്തുവല്ലോ, നീതിയെ തൃജിച്ച് കാരുണ്യത്തെ പുൽകി, ദൈവമല്ലാതായിത്തീർന്നുവെന്ന് പറയാവുന്ന ഹൊസെയ്യാ പ്രവാചകൻ ചിത്രീകരിച്ച ദൈവരൂപമല്ലേ ഇത്?

(ഈ സല്ലാപചിന്തയിൽ രണ്ടു/മൂന്നു ഭാഗങ്ങളുണ്ട്. അപ്പനിലേക്ക് തിരിഞ്ഞ് അവിടുത്തെ നോക്കിക്കൊണ്ടിരിക്കുക, അപ്പന്റെ വാക്കുകൾ ശ്രവിക്കുക, പീഡയനുഭവിക്കുന്ന അപ്പനെ ദർശിച്ചതിന്റെ വെളിച്ചത്തിൽ എന്നലേക്കുതന്നെ തിരിയുക).

5.3.2. *ദിവ്യപാദദർശനം*

ഞാൻ മുഖമുയർത്തി നോക്കിയപ്പോൾ എനിക്കുവേണ്ടി ആണികളാൽ തുളയ്ക്കപ്പെട്ട് രക്തംവാർന്നൊഴുകുന്ന ഉണങ്ങാത്ത തൃപ്പാദങ്ങളെയാണ് (*ധ്യാനസല്ലാപങ്ങൾ*, പേജ് 18) കാണാനായത്. വേദനയാൽ എന്റെ ഹൃദയം പുളഞ്ഞു. അപ്പോൾ അപ്പന്റെ സ്വരം ഞാൻ ശ്രവിച്ചു.

"അല്പനാം നിന്നെത്തേടി വലഞ്ഞേൻ മമസുതാ
മലകളാഴികളുമടവിതെരുവീഥി
വലഞ്ഞേനഹം തേടിമേസുതാ മഹാദുഃഖാൽ
കല്ലുകൾ മുള്ളുകളും ചവിട്ടിപ്പൊടിച്ചുഞാൻ
തെല്ലൊരുനേരം വ്യഥാ ഞാനിരുന്നില്ലമോദാൽ
തൊണ്ണൂറ്റൊൻപതു നല്ലോരജങ്ങൾവച്ചേച്ചുഞാൻ
എണ്ണത്തിലൊന്നാംനിന്നെ തേടിഞാൻവലഞ്ഞിതാ
മേതാതന്റെ ദേവമടിയിൽനിന്നുനീങ്ങി"

(*ആത്മാനുതാപം* VII/269-276).

അയ്യോ, അപ്പാ, ഏശയ്യാപ്രവാചകൻ അരുളിച്ചെയ്യുകയുണ്ടായല്ലോ "സദ്വാർത്തയുമായി നടന്നുവരുന്ന പാദങ്ങൾ എത്രയോ സുന്ദരങ്ങളാ"ണ് (ഏശ 52:7). അതേ, ദൈവരാജ്യത്തിന്റെ സുവിശേഷവുമായി അപ്പൻ യൂദയായിലും ഗലീലെയായിലും സമറിയായിലും ദശഗ്രാമങ്ങളിലും മറ്റും ചുറ്റിനടന്നു. എന്നെ സ്വർഗ്ഗീയഗേഹത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനാണല്ലോ അങ്ങ് ഇപ്രകാരം ചെയ്തത്. "നന്ദിയില്ലാത്ത മകനായ എന്നെ അന്വേഷിച്ച് ഉച്ചയിലും പാതിരാവിലും മഞ്ഞിലും പനിയിലും വെയിലിലും, കാട്ടിലും മേട്ടിലും, കരയിലും കടലിലും ചുറ്റിത്തിരിഞ്ഞ് എന്നെ തേടിയ രക്ഷിതാവിന്റെ തൃക്കാലുകളെ, എന്റെ കാലുകളിൽ പിശാചുകെട്ടിയ വള്ളികളെ പൊട്ടിപ്പാനായിട്ട് കയറുകളാൽ വരിഞ്ഞുകെട്ടപ്പെട്ട തൃക്കാലുകളെ, എന്റെ പിഡലിയിൽ ഞാൻ കെട്ടിവച്ച പാപച്ചുമടുകളെ എന്നിൽനിന്നിറക്കുവാനായി ഭാരപ്പെട്ട കുരിശുമരത്തിനെ മാംസമില്ലാതെ ചതഞ്ഞിരിക്കുന്ന തിരുത്തോളിന്മേൽ കരേറ്റിക്കൊണ്ട് ഗാഗുൽത്താമലയിലേക്കുള്ള കൂർത്തുമൂർച്ഛിച്ച കടുത്ത പാറകളിൽ ചവിട്ടിനടന്ന നിന്റെ തൃപ്പാദങ്ങളെയും ഞാൻ കണ്ടിരുന്നിട്ടും നിനക്കു വിരോധമായി എന്റെ കാലുകളെ ഞാൻ ഇളക്കിയതെങ്ങനെ? പാപത്തിനായി എന്റെ കാലുകളെ ഇളക്കായ്വാൻവേണ്ടി ഇളകാത്തവിധം പെരിയ ആണികളാൽ നിന്റെ തിരുക്കാലുകളെ തറച്ചിരിക്കുന്നത് ഞാൻ

കണ്ടിട്ടും വീണ്ടും എന്റെ കാലുകളെ ഞാൻ ഇളക്കിയതെങ്ങിനെ? ഇനി എന്റെ കാലുകളാൽ നിന്നെ സങ്കടപ്പെടുത്താതെ എന്റെ കാലുകളുടെ ഇളക്കങ്ങളൊക്കെയും നിന്റെ തൃക്കാലുകളുടെ നൊമ്പരത്തോടും ഇളക്കങ്ങളോടും ചേർത്ത് നിനക്ക് ഞാൻ കാഴ്ചവയ്ക്കുന്നു" (*ധ്യാനസല്ലാപങ്ങൾ*, പേജ് 27-28).

പ്രിയ അപ്പാ, എനിക്കുവേണ്ടി ആണികളാൽ തുളയ്ക്കപ്പെട്ട ഉണങ്ങാതെ വച്ചിരിക്കുന്ന ഈ തൃപ്പാദങ്ങളിൽ (*ധ്യാനസല്ലാപങ്ങൾ* പേജ് 18) ഞാൻ സാഷ്ടാംഗം പ്രണമിക്കട്ടെ.

5.3.3. കാൽമുട്ടുകളുടെ ദർശനം

അപ്പന്റെ തൃപ്പാദങ്ങളിൽനിന്ന് കുറച്ചുകൂടി മുകളിലേക്ക് ഞാൻ കണ്ണുകളുയർത്തി. അപ്പോൾ അപ്പന്റെ കാൽമുട്ടുകൾ ദൃഷ്ടിഗോചരമായി. ഹാ, കഷ്ടം. അവ തല്ലിത്തകർക്കപ്പെട്ടിരിക്കുന്നു! "ഇതാ നിന്റെ തിരുമുട്ടുകൾ കനമേറിയ എന്റെ പാപച്ചുമട് ചുമന്നുകൊണ്ട് ഗാഗുൽത്തായിലേക്കുള്ള നിന്റെ കേറ്റത്തിൽ പലപ്പോഴും മുട്ടുകുത്തി കമിഴ്ന്നു വീണതിനാൽ നേർമ്മയുള്ള നിന്റെ കാൽമുട്ടിലുള്ള തിരുചർമ്മങ്ങൾ പൊട്ടിമലർന്ന് രക്തം ദുഷിച്ച് പച്ചനിറമായി നട്ടെല്ലുകൾ കാണപ്പെടുന്നു. അയ്യോ, എന്റെ പ്രതിജ്ഞകളെ ലംഘിച്ച് വീണ്ടും വീണ്ടും പലശ്രാവശ്യവും ഞാൻ പാപക്കുഴിയിൽ വീണതിന്റെ കേടുകൾ തീർപ്പാനായിട്ടാണല്ലോ വീഴ്ചകളുടെ സങ്കടം നീ അനുഭവിക്കേണ്ടിവന്നത്!" (*ധ്യാനസല്ലാപങ്ങൾ*, പേജ് 28).

അയ്യോ അപ്പാ, അങ്ങയുടെ തിരുമുട്ടുകൾ തല്ലിത്തകർത്ത ഈ പാപിയോട് ക്ഷമിക്കണമെന്ന് കണ്ണീരൊഴുക്കിക്കൊണ്ട് ഞാൻ അപേക്ഷിക്കുന്നു. പാപക്കുഴിയിൽ വീണുകിടക്കാതിരിക്കാൻ എന്നെ അനുഗ്രഹിക്കണമേ. ജീവിതപാതയിൽ തളർന്നുവീഴാതെ എന്നെ താങ്ങണമേ. ഞാൻ കദനഭാരത്താൽ കലുഷിതമായ ഹൃദയത്തോടെ അപ്പന്റെ തിരുമുട്ടുകളെ ഞാൻ പ്രണമിക്കുന്നു.

5.3.4. ദിവ്യദേഹദർശനം

വീണ്ടും ഞാൻ അല്പംകൂടി മുകളിലേക്ക് മുഖമുയർത്തി നോക്കിയപ്പോൾ അപ്പന്റെ തിരുദേഹമാണ് ഗോചരീഭവിച്ചത്. അയ്യയ്യോ ആ കാഴ്ച കാണുവാൻ ആർക്കു കഴിയും? ഏശയ്യാ പ്രവചിച്ച സഹനദാസന്റെ രൂപമാണല്ലോ അപ്പന്റേത്! "നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി അവൻ ക്ഷതമേൽപ്പിക്കപ്പെട്ടു... നമ്മുടെ

അകൃത്യങ്ങൾ കർത്താവ് അവന്റെമേൽ ചുമത്തി." (ഏശ 53:5). ദീർഘ ദർശി പകരമെന്ന ആശയമല്ല ഉപയോഗിച്ചിരിക്കുന്നത്; കാരണമെന്ന വീക്ഷണം കാഴ്ചവയ്ക്കുന്നു. അതേ, എന്റെ അതിക്രമങ്ങൾക്കും, അകൃത്യങ്ങൾക്കുംവേണ്ടിയാണ് അപ്പന്റെ തിരുദേഹം കീറിമുറിക്ക പ്പെട്ടത്. അയ്യയ്യോ ഈ മഹാപാപി തന്നെയാണല്ലോ അപ്പന്റെ തിരു മേനി തല്ലിത്തകർത്തത്.

അപ്പൻ എന്നോടു പറയുന്നു:
"ദുഷ്ടരെകെട്ടിയടിച്ചീടുന്ന തൂണുതിന്മേൽ
ശിഷ്ടനാമമദേഹമൊക്കെയും ചതച്ചല്ലീ"
(*ആത്മാനുതാപം* VI/179-180)

അയ്യയ്യോ ശിഷ്ടനായ എന്റെ അപ്പന്റെ തിരുദേഹം കുറ്റവാളികൾക്ക് നല്കുന്ന ശിക്ഷയായ ചമ്മട്ടിയടികളാൽ ഞാൻ ചതച്ചല്ലോ! അപ്പാ, നന്ദിഹീനനായ എന്നോട് പൊറുക്കണമേ. "ആ നിന്റെ തിരുവയറ് നട്ടെല്ലിൽപറ്റി വിശപ്പിനാലും ദാഹത്താലും ഒട്ടിയിരുന്നിട്ടും കഠിന സേവകരുടെ കാഠിന്യഅടികളാൽ മുറിവില്ലാത്തഇടം ഇല്ലാത്തവണ്ണം ചതഞ്ഞും പൊളിഞ്ഞും ചുളുങ്ങിയും ഇരിക്കുന്നു തിരുമാംസം. രക്തക്കറയില്ലാത്ത ഇടം ഈ ദേഹത്തിൽ കാണ്മാനില്ലാത്തവണ്ണം സർവ്വാംഗം രക്തക്കറയാൽ നിറഞ്ഞിരിക്കുന്ന തിരുമേനിയെ സൂക്ഷി ക്കുമ്പോൾ, തലേനാൾ നിന്റെ തിരുമാതാവിനോട് നീ അരു ളിയപോൽ നിന്റെ മകനെന്നുള്ള ഭാഷയൊന്നും കണ്ടറിയുവാൻ വഹി യാത്തവണ്ണം പകരപ്പെടുമെന്നുള്ള തിരുവചനംപോലെ (ഏശ 53:3). സർവ്വാംഗം നിറഞ്ഞിരിക്കുന്ന ക്ഷതങ്ങളും ഞാൻ ഓർക്കുമ്പോൾ ഓ! എന്റെ അപ്പനു ഞാൻ കൊടുത്ത സമ്മാനമിതല്ലോ എന്ന് എന്റെ ചങ്കിൽകൊള്ളുന്ന ഇടികൾ എന്റെ ചങ്കിനെ പൊള്ളിക്കാതിരിക്കു ന്നതെങ്ങനെ? ആ ഇതിങ്ങനെയാകുന്നുവെങ്കിലും ഞാൻ ചെയ്തു പോയി. നിന്റെ തിരുമനസ്പോലെ എന്നെ ശിക്ഷിച്ചുകൊള്ളുക. നാറുന്ന എന്റെ ശരീരത്തിനെ സ്നേഹിച്ചതിനാൽ ഇതൊക്കെയും നിനക്കു ഞാൻ വരുത്തി" (*ധ്യാനസല്ലാപങ്ങൾ*, പേജ് 28).

"അയ്യയ്യോ തിരുമേനി നോക്കുമ്പോൾ മഹാദുഃഖം
പെയ്യുന്ന മഴസമം നിന്നുടെ രക്തംചിന്തി"
(*ആത്മാനുതാപം*, VII/224-225).

"മുറിച്ചു നിന്റെ ദേഹമെൻ പാപകഷ്ടത്താലേ,
പറിച്ചേൻ നിന്റെ മാസത്തെ പുലിക്കു സമമയ്യോ"
(*ആത്മാനുതാപം* VII/231-232).

വ്യാകുലമാതാവിന്റെ നേരെ തിരിഞ്ഞ് ഞാൻ ഇപ്രകാരം വിലപിച്ചു:

"മറ്റൊരു ജനത്തിന്റെ കൈകളിൽ കൊടുക്കാത്ത
ഉറ്റനിൻ സ്നേഹസുത ദേഹത്തെ കാണുന്നിതോ!
ദുഷ്ടരാമവർ തന്നെയടിച്ചയടികളാൽ
കഷ്ടമായ് തന്റെ ദേഹമൊക്കെയും മുറിഞ്ഞല്ലോ!
പിന്നെയുമടിയതിലടിയ്ക്കനിമിത്തമായ്
സുന്ദരദേഹഖണ്ഡം ചിതറിവീഴുന്നയ്യോ!"

(*ആത്മാനുതാപം* VII/457-462).

അതേ അപ്പാ, നിന്നുടെ ദിവ്യദേഹം ഞാൻ തന്നെയാണ് ഘോരമായി മുറിച്ചത്! ദുഃഖമേ മഹാദുഃഖം (*ആത്മാനുതാപം* VII/526-527). അപ്പന്റെ തുരമേനിയെ ഞാൻ സാഷ്ടാംഗം പ്രണമിക്കുന്നു.

5.3.5. ദിവ്യതോളുകളുടെ ദർശനം

വീണ്ടും മുഖമുയർത്തി നോക്കിയപ്പോൾ ഞാൻ കണ്ടത് അപ്പന്റെ തിരുത്തോളുകളാണ്. കഷ്ടം ഭാരമേറിയ കുരിശുചുമന്ന ആ തിരുത്തോളുകൾ തകർന്നടിഞ്ഞിരിക്കുന്നു; രക്തമൊഴുകിക്കൊണ്ടിരിക്കുന്നു.

അപ്പൻ ഇതാ എന്നോടു സംസാരിക്കുന്നു:

"നിങ്ങളെ സ്വർഗ്ഗമതിലേറ്റുവാൻ മമതോളിൽ
ഭംഗിയില്ലാത്തമരം ചുമന്നീഗിരിയേറി"

(ആത്മാനുതാപം VI/181-182).

അതേ, എന്നെ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊണ്ടുപോകാനാണല്ലോ ഞാൻ അപ്പന്റെ തിരുത്തോളിൽ ഭാരമേറിയ കുരിശുമരം കയറ്റിവച്ചത്! അപ്പാ ക്ഷമിക്കണമേ.

പ്രിയ അപ്പാ, "നീ എന്റെമേൽവച്ച സ്നേഹത്തെപ്രതിയാണല്ലോ ഈ സഹനം ഏറ്റെടുത്തത്. 'മല്ലൻപോലും കൂനിപ്പോകുന്നുവെന്ന്' എഴുതിയിരിക്കുന്നവണ്ണം (സഭാപ്രസംഗൻ 12:3) മാംസമില്ലാതെ പൊങ്ങിയിരിക്കുന്ന നിന്റെ തോളിന്മേൽ എന്റെ പാപച്ചുമടുകൾ കെട്ടിവച്ചിരിക്കുന്ന ഭാരമായ കുരിശിനെ നീ തെളിവോടെ എടുത്തുവ്ച്ചുകൊണ്ട് നടന്നുവല്ലോ" (*ധ്യാനസല്ലാപങ്ങൾ*, പേജ് 22). ഹാ കഷ്ടം. ശക്തന്മാർക്കുപോലും പൊക്കുവാൻ പ്രയാസമായ പാപച്ചുമടാണല്ലോ ഞാൻ അപ്പന്റെ തോളിൽ കെട്ടിവച്ചത്. എന്നിട്ടും അപ്പൻ അത് തെളിവോടെ വഹിച്ചുകൊണ്ടുനടന്നു എന്നതോർക്കുമ്പോൾ സ്നേഹഹീനനായ എന്റെ ഹൃദയം പിളരുന്നു. പ്രിയ അപ്പാ, അങ്ങയുടെ തിരുത്തോളുകളെ ഞാൻ കമിഴ്ന്നുവീണ് പ്രണമിക്കട്ടെ.

5.3.6. *ദിവ്യകരദർശനം*

പ്രിയ അപ്പാ, വീണ്ടും കണ്ണുകളുയർത്തി അങ്ങയുടെ തൃക്കരങ്ങളെ ഞാൻ ദർശിക്കട്ടെ. അപ്പൻ എന്നോടു പറയുന്ന വചനങ്ങൾ ഞാൻ ശ്രവിക്കട്ടെ:

"ചോരനുസമമായ് കരങ്ങൾകെട്ടിമമ
ചാരരാം പ്രിയജനം മമസൃഷ്ടികൾ നിങ്ങൾ
തറച്ചുമമകരം കാലുകളുമതിൽച്ചേർത്തു
മുറിച്ചുമമനാഡി ഉയർത്തിയതിനോടെ."

(*ആത്മാനുതാപം* VI/177-178, 183-184).

പ്രിയ അപ്പാ, ഒരു കള്ളനെപ്പോലെ അപ്പന്റെ കരങ്ങൾ ഞാൻ ബന്ധിച്ചു, കുരിശിനോടുചേർത്തു തറച്ചു. അപ്പന്റെ നാഡി ഞാൻ മുറിച്ചു. പ്രിയ അപ്പാ എന്നോടു ക്ഷമിക്കണമേ.

"തന്നുടെ തിരുച്ചിത്തം കരത്താലെന്നെച്ചെയ്തു
എന്നതിൻകൃതജ്ഞതകാട്ടിയെൻ കരമയ്യോ"

(*ആത്മാനുതാപം* VI/385-386).

പ്രിയ അപ്പാ, തിരുക്കരങ്ങളാലാണല്ലോ എന്നെ അപ്പൻ സൃഷ്ടിച്ചത്. അതിനുള്ള നന്ദി ഞാൻ എങ്ങനെയാണ് കാണിച്ചതെന്നോ?

"എന്നെനിൻകരത്താലേ സൃഷ്ടിച്ചുപോറ്റീടുന്നു
തന്നുനീയടിയനു കരങ്ങൾ രണ്ടുംദൃഢം
എന്നുടെകരങ്ങളാൽ ചെയ്യുന്നപാപങ്ങളാൽ
നിൻതിരുക്കരങ്ങളെ തുളച്ചേനഹം കഷ്ടം"

(*ആത്മാനുതാപം* VI/226-22).

പ്രിയ അപ്പാ, തിരുക്കരങ്ങളാൽ എന്നെ സൃഷ്ടിക്കുക മാത്രമല്ല അങ്ങ് ചെയ്തത്. എന്നെ തീറ്റിപ്പോറ്റുന്നതും ആ കൈകൾ തന്നെയാണല്ലോ. എനിക്കും രണ്ട് കരങ്ങൾ അങ്ങ് തന്നു. അങ്ങയെപ്പോലെ മറ്റുള്ളവർക്ക് പുത്തൻ ജീവൻ നൽകുകയും പാവപ്പെട്ടവരെ തീറ്റിപ്പോറ്റുകയും ചെയ്യുവാൻ വേണ്ടിയായിരുന്നു ആ അനുഗ്രഹം പ്രദാനം ചെയ്തത്. പക്ഷേ കൈകൾകൊണ്ട് ഞാൻ പാപകൃത്യങ്ങൾ ഏറെ പ്രവർത്തിച്ചു. അതുവഴി അങ്ങയുടെ കരങ്ങളെ ഞാൻ കുരിശിൽ തറച്ചു. അപ്പാ, ഈ കശ്മലനോടു പൊറുക്കണമേ. കണ്ണീരൊഴുക്കിക്കൊണ്ട് ഞാൻ അങ്ങയുടെ തൃക്കരങ്ങളെ സാഷ്ടാംഗം പ്രണമിക്കട്ടെ.

5.3.7. *ദിവ്യവദനദർശനം*

"ആ എന്റെ അനുഗ്രഹമുള്ള അപ്പാ, ഞാൻ എന്റെ കണ്ണു

കളെ പൊക്കി നിന്റെ തിരുമുഖത്തിൽ സൂക്ഷിപ്പാൻ വശമാകുന്നില്ലല്ലോ." (*ധ്യാനസല്ലാപങ്ങൾ*, പേജ് 19). സഹനദാസന്റെ മുഖത്തെക്കുറിച്ച് ഏശയ്യാപ്രവാചകൻ ആലേഖനം ചെയ്തകാര്യം എത്രയോ വാസ്തവം: "ശ്രദ്ധേയമായ രൂപഭംഗിയോ ഗാംഭീര്യമോ ആകർഷകമായ സൗന്ദര്യമോ അവനുണ്ടായിരുന്നില്ല. അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു" (ഏശ 53:2). അപ്പന്റെ വിരൂപമായ മുഖം ഈ മകന് എങ്ങനെ കണ്ടുനിൽക്കാനാകും?

"അയ്യോ എന്റെ അപ്പാ, നിന്റെ തിരുമുഖം എത്രയോ അഴകുള്ളതും സൃഷ്ടിക്കപ്പെട്ട സകലമുഖങ്ങളിൽ സുന്ദരവും മനുഷ്യമക്കളിൽ അഴകുള്ളവനുമെന്ന് എന്റെ പിതാവ് ദാവീദ് പാടിയതിനെ (സങ്കീ 45:2) ഞങ്ങൾ കേൾക്കുന്നു. ദുഃഖമുള്ളവർ ഈ തിരുമുഖം കണ്ടാൽ സന്തോഷമായി പകരപ്പെടുമെന്നും ആയത് പലർക്കും സംഭവിച്ചിരിക്കുന്നുവെന്നും ഞാൻ അറിഞ്ഞും വിശ്വസിച്ചും ഇരിക്കുന്നു. അങ്ങനെയൊക്കെയാണെങ്കിലും എന്റെ മനോഗുണമുള്ള നല്ല അപ്പാ, ഈ മുഖം എനിക്കിപ്പോൾ എത്രയും ദുഃഖിപ്പിക്കുന്നതായിരിക്കുന്നുവല്ലോ... ഇപ്പോൾ ഈ തിരുമുഖത്തെ നോക്കുവാൻ ഞാൻ കുറെ ലജ്ജിച്ചു ദുഃഖിക്കുന്നുവെങ്കിലും, നീ എനിക്ക് (അന്ത്യവിധിയുടെ സമയത്ത്) കനത്ത മുഖമായി അതിനെ ഇപ്പോൾ പകർത്തിയിട്ടില്ലല്ലോ. എന്നതിനാൽ അപ്പാ, എന്റെ കണ്ണു പൊക്കട്ടെ. ഞാൻ എന്റെ നന്ദിയില്ലാത്ത കണ്ണിനെ എന്നെ പാർത്തുവിളിക്കുന്ന (ഹൊസെ 14:1) മനോഗുണമുള്ള മുഖത്തോട്ടുയർത്തട്ടെ. എന്റെ കൺപോളകളേ നിങ്ങൾ നീങ്ങുവിൻ. എന്റെ മിഴികളിൽ തുടിച്ചു നിൽക്കുന്ന വെള്ളങ്ങളേ (സങ്കീ 119:136) നിങ്ങളെ ഉരുവാക്കിയ മണ്ണിലേക്കു വീഴുവൻ" (*ധ്യാനസല്ലാപങ്ങൾ* പേജ് 19). പ്രിയ അപ്പാ, അഴകാർന്നതും കനിവൂറുന്നതുമാണ് അങ്ങയുടെ തിരുമുഖം. പക്ഷേ അന്ത്യവിധിക്കായ് അണയുമ്പോൾ അതു പകരപ്പെടുമെന്നും ഞാനറിയുന്നു. ദിവ്യനയനങ്ങൾ തീജ്വാലപോലെ ജ്വലിക്കും (വെളി 1:14). എന്നാൽ ഇപ്പോൾ കനിവിന്റെ കാലമാണ്. ദയാർദ്രമായ കണ്ണുകളാണവ. എന്നെ വാത്സല്യപൂർവ്വം കടാക്ഷിക്കുന്ന ആ നയനങ്ങളും ദിവ്യവദനവും ഇപ്പോഴിതാ വികൃതമായിരിക്കുന്നുവല്ലോ.

"ആ അയ്യോ, എന്റെ അപ്പന്റെ മുഖത്തെ ഇങ്ങനെ വിരൂപമാക്കിയത് ഞാൻ തന്നെയല്ലയോ? ഓ ദുഷ്ടശരീരമേ, നിന്റെ സ്രഷ്ടാവിന്റെ തിരുമുഖത്തെ ഇങ്ങനെയാക്കുവാൻ തക്കധൈര്യം നിനക്കുണ്ടായത് അതിശയിപ്പാൻ തക്കതുതന്നെ. നിനക്കയ്യോ സൗന്ദര്യമാ

യിട്ട് മറ്റുചില മുഖളിന്മേൽ തോന്നിയിരുന്നതിനാൽ ഇതാ ഈ തിരു മുഖം സൂക്ഷിപ്പാൻ പാടില്ലാത്തവണ്ണം തന്റെ തലമുടികളാലും പിണർത്തുപറ്റിയിരിക്കുന്ന ചോരയാലും നീ കാണിക്കുന്ന മറ്റു ചുംബനങ്ങളാലും, ദുഷ്ടസേവകരുടെ നാവുവഴിയായിട്ട് നീ തുപ്പിയ അശുദ്ധ ഉമിനീരാലും (മലിനമായിരിക്കുന്നു")... ഈ തിരുമുഖത്തിന്റെ രൂപം മുഴുവനും കാണാനാഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ തിരുത്തല മുടിയെ പതുക്കെ ഇളക്കിനീക്കി ആ പിണർത്തിരിക്കുന്ന ചോരകണങ്ങളെയും വടിച്ചുനീക്കുക" (*ധ്യാനസല്ലാപങ്ങൾ* പേജ് 19-20).

"ആ എന്റെ കണ്ണുകളെ നിങ്ങൾ കുറെക്കൂടി പൊക്കി ഈ നിന്റെ സൃഷ്ടിതാവിന്റെ തിരുമുഖം സൂക്ഷിക്കുക. ഈ തിരുമുഖം ആകാശത്തിലുള്ള മാലാഖമാരെ തെളിയിക്കുന്നതും, ദുഃഖമുള്ള ആളുകൾ ഈ തിരുമുഖത്തിൽ നോക്കിയാൽ അവരുടെ ദുഃഖം തെളിവിൽ പകർത്തുന്നതും, ഇതിനാൽ തന്റെ ജീവിതത്തിൽ ബഹുദൂരമായ റോമാചക്രവർത്തിമാരുടെ ചെവിയിൽ ഈ തിരുമുഖവടിവിനെ സ്തുതിച്ചതിനാൽ ഈ ഛായ സമർത്ഥരായ ചിത്രകാരന്മാരെക്കൊണ്ട് വരപ്പിച്ച് അവരുടെ അരമനയിൽ സ്ഥാപിച്ചിരുന്നു. ഈ വണ്ണം സൗന്ദര്യമുള്ള തിരുമുഖം ഇപ്പോൾ എങ്ങനെ പകരപ്പെട്ടിരിക്കുന്നു!" (*ധ്യാനസല്ലാപങ്ങൾ*, പേജ് 29).

അപ്പന്റെ ഭവനത്തിൽ ആദ്യകാലങ്ങളിൽ വസിച്ചിരുന്നവനാണ് ഞാൻ. സുന്ദരമായ ആ തിരുമുഖത്ത് ഞാൻ കണ്ണുംനട്ടിരിക്കുക പതിവായിരുന്നു. എത്രനേരം ആ കാഴ്ച കണ്ടിരുന്നാലും തൃപ്തിപ്പെടുമായിരുന്നില്ല. ആ തിരുമുഖം തന്നെയാണല്ലോ ഇത്ര മലീമസവും വികൃതവുമായിരിക്കുന്നത്. ദുഷ്ടനായ ഞാൻ തന്നെയാണല്ലോ അതിനുള്ള കാരണം. മറ്റുമുഖങ്ങളുടെ സൗന്ദര്യം ഞാൻ തേടിപ്പോയി. പീഡാനുഭവവേളയിലെ ദുഷ്ടസേവകരെപ്പോലെ തിരുമുഖത്ത് ഞാൻ അശുദ്ധഉമിനീരൊഴുക്കി. പ്രിയ അപ്പാ, പശ്ചാത്താപവിവശനായ ഈ ധൂർത്തപുത്രന്റെ ഘോരമായ അപരാധങ്ങൾ പൊറുക്കണമേ. അപ്പന്റെ തിരുമുഖത്തെ ഞാൻ സാഷ്ടാംഗം നമിക്കുന്നു.

5.3.8. ദിവ്യകവിളുകളുടെ ദർശനം

വീണ്ടും കണ്ണുകൾ കുറച്ചുകൂടി ഉയർത്തിനോക്കിയപ്പോൾ തിരുകവിളുകളാണ് ഗോചരീഭവിച്ചത്. പടയാളികൾ തൃക്കവിളിൽ കോപത്തോടെ അടിച്ചു.

"തിങ്ങിനകോപത്തോടെയടിച്ചു തൃക്കവിളിൽ
അയ്യയ്യോ അടിയുടെ കാരണം ഗ്രഹിച്ചുഞാൻ
അയ്യമില്ലാതെ അഹം ചെയ്ത വൃത്തിയാലയ്യോ"
(*ആത്മാനുതാപം* VII/397-399).

പ്രിയമുള്ള അപ്പാ, നീചപരിഷകൾ തൃക്കവിളിൽ അടിച്ചതിന്റെ കാരണം ഞാൻ തന്നെയാണ്. എന്റെ ദുഷ്ടപ്രവൃത്തികളാലാണ് അപ്പന് പ്രഹരമേറ്റത്. അപ്പാ, ക്ഷമിക്കണേ.

"ആ കർത്താവേ, നിന്റെ കവിളിന്മേൽ പതിഞ്ഞിരിക്കുന്ന ഈ വിരലുകളുടെ (ഭാഷയും) അടയാളവും അതിനുചുറ്റുമുള്ള പച്ച ച്ചുള്ള കരിവാളിപ്പും എന്തായിരിക്കുന്നു? അയ്യോ ഇത് മറ്റേതുമല്ല. പിന്നെയോ... (ബേഥെസ്ദായിലെ കുളത്തിനരികെ 38 സംവത്സരം രോഗിയായി കിടന്നിരുന്നവനെ അപ്പൻ സുഖപ്പെടുത്തുകയും ഇനി മേൽ പാപം ചെയ്യരുതെന്ന് നിർദ്ദേശിച്ചുകൊണ്ട് പറഞ്ഞയയ്ക്കു കയും, യോഹ 5:1-18 ചെയ്തിട്ടും അയാൾ പ്രധാനപുരോഹിതന്റെ സേവകനായി ചേരുകയും വിചാരണവേളയിൽ) ഇങ്ങനെയോ മേൽപ്പട്ടക്കാരനോട് ഉദ്ധരിക്കുന്നതെന്നുപറഞ്ഞുകൊണ്ട് അടിച്ച മുറി വിന്റെ പാടത്രേ. ഓ എന്റെ സ്നേഹിതയായ ശരീരമേ, ഇത് വലിയ അക്രമമായി നിനക്കും തോന്നുന്നല്ലോ. എന്നാൽ അവനല്ല ഈ അടി അടിച്ചത്. അതിന് കർത്താവിന് ഇത്ര സങ്കടവും തോന്നുകയില്ല. പിന്നെയോ നിന്റെ അടിയുടെയത്രേ ഈ കുഴിഞ്ഞുകാണുന്ന കാഴ്ച. അതെങ്ങനെയെന്നാൽ രണ്ടു കൈകൊണ്ടും അവനടിച്ചില്ല. പിന്നെയോ ഒന്നുകൊണ്ട് ഒരു അടി അവൻ അടിച്ചു. എന്നാൽ നിനക്ക് നേർമ്മയുള്ള രണ്ട് കൈകളും തന്ന് അത് തളരാതെ കാത്തതിനാൽ ഇപ്രകാരമുള്ള അക്ഷരങ്ങൾ എഴുതുവാനും മറ്റുവേല ചെയ്വാനും നിനക്കുണ്ടാക്കിത്തന്നതിൽ നീയും താനും അറിഞ്ഞിരിക്കുന്ന എണ്ണ മില്ലാത്ത കുറ്റങ്ങൾ ഈ നിന്റെ രണ്ടു കൈകൾക്കൊണ്ടും ചെയ്ത തിനാൽ ഇവരെ ഒരു കൈയാലും മറ്റും ഗത്സേമനിയിൽവച്ച് തന്നെ പിടിച്ചന്നേരം മുതൽ പലരുടെ കൈകളാലും പലപ്രാവശ്യവും തന്നെ അടിക്കുവാനായി അവരുടെ കൈകൾക്ക് ശക്തി കൊടുത്തു. പല പ്പോഴും ഈ തിരുക്കവിളുകളിൽ അടിപ്പിച്ചത് നിന്റെ കൈതന്നെ (*ധ്യാനസല്ലാപങ്ങൾ*, പേജ് 20).

സ്നേഹഅപ്പാ, ബേഥെസ്ദായിൽവച്ച് അങ്ങ് സുഖപ്പെടുത്തി യവൻ പ്രധാനാചാര്യന്റെ സേവകനായി ചേർന്ന് വിചാരണവേള യിൽ അപ്പന്റെ കരണത്തടിച്ചതിലും വലുതായ സങ്കടപ്രവൃത്തിയാ

ണല്ലോ ഞാൻ ചെയ്തത്. രണ്ടു കൈകൾ കൊണ്ടുമാണ് ഞാൻ അപ്പന്റെ തിരുകവിളുകളിൽ പ്രഹരിച്ചത്. അപ്പനെ അടിക്കുന്നവരുടെ കൈകൾക്ക് ശക്തി പകർന്നുകൊടുത്തവനും ഈ മഹാപാപിതന്നെ. അപ്പാ, എന്നോടു പൊറുക്കണമേ. തിരുസന്നിധിയിൽ ഞാൻ സാഷ്ടാംഗം പ്രണമിക്കുന്നു.

5.3.9. ദിവ്യ ഓഷ്ഠദർശനം

പ്രിയ അപ്പാ, കുറച്ചുകൂടി മുഖമുയർത്തി ഞാൻ അങ്ങയുടെ തിരുച്ചുണ്ടുകളെ ദർശിക്കട്ടെ. "നീ മനുഷ്യമക്കളിൽ എത്ര സുന്ദരൻ! നിന്റെ അധരങ്ങളിൽ വചോവിലാസം തുളുമ്പുന്നു" (സങ്കീ 45:2)വെന്ന് ഗായകനായ ദാവീദുരാജാവ് അപ്പന്റെ അധരങ്ങളെ വിശേഷിപ്പിച്ചു. "തൊണ്ടിപ്പഴംപോൽ ശോഭയുള്ള തിരുച്ചുണ്ടുകൾ" (*ധ്യാനസല്ലാപങ്ങൾ*, പേജ് 29)ക്ക് എന്താണ് സംഭവിച്ചത്? "അവ കരിഞ്ഞനിറമായിട്ടും ഈ വണ്ണം സൗന്ദര്യമുള്ള എന്റെ കർത്താവിന്റെ തിരുമുഖം എന്റെ പാപങ്ങളാൽ ഈ വണ്ണം പകരപ്പെട്ടിരിക്കുന്നതിനെ ഞാൻ കാണുന്നു. അയ്യോ, എനിക്കിത് സങ്കടത്തിന് കാരണമാക്കുന്നുവല്ലോ." (*ധ്യാനസല്ലാപങ്ങൾ*, പേജ് 29). ഉത്തമഗീതത്തിൽ അങ്ങയുടെ അധരങ്ങളെ നറുംപശദ്രവം ഇറ്റുവീഴുന്ന ലില്ലിപ്പൂക്കളോടാണല്ലോ ഉപമിച്ചിരിക്കുന്നത് (5:13). അവ വിരൂപമായതിനു കാരണക്കാരൻ ഈ മഹാപാപി മാത്രമാണ്. അപ്പാ, എന്നോടു ക്ഷമിക്കണമേ. പശ്ചാത്താപവിവശനായി ഞാനിതാ തിരുസന്നിധിയിൽ വീണുകിടക്കുന്നു.

5.3.10. ദിവ്യനയനദർശനം

പ്രിയ അപ്പാ, വീണ്ടും കണ്ണുകൾ അല്പംകൂടി ഉയർത്തി തിരുനയനങ്ങളെ ഞാൻ വീക്ഷിക്കട്ടെ. "ഇതാ തലയിൽ നിന്നിറങ്ങിയിരിക്കുന്ന മുള്ളുകളുടെ മുനകളാലും പലപ്രാവശ്യവും തലയിലടിച്ചതിനാലും കണ്ണുകൾ ചോരനിറമായി കാണപ്പെടുന്നല്ലോ. അയ്യോ ഇതെന്ത്? എനിക്ക് കണ്ണുതന്നതുതന്നെ ഇതിന്നവകാശം. എന്നെ കുരുടനാക്കിയിരുന്നുവെങ്കിൽ അപ്പന്റെ കണ്ണുകൾക്ക് സങ്കടം വരാഞ്ഞേനേ. എന്നാൽ എന്നോടുള്ള സ്നേഹത്തെപ്രതി സൂക്ഷമുള്ള രണ്ടു കണ്ണുകൾ എനിക്കു തന്നു. ഈ കണ്ണുകൾകൊണ്ട് മേൽപ്പോട്ടുനോക്കി സൃഷ്ടികളുടെ മഹിമയെ കണ്ടുകൊണ്ട് അപ്പനെ അറിഞ്ഞു ബഹുമാനിപ്പാനുള്ളതിനുപകരം എന്റെ കണ്ണുകൾകൊണ്ട് വ്യർത്ഥമായതും എണ്ണമില്ലാത്ത വിലക്കപ്പെട്ട കാഴ്ചകൾക്ക് ഈ എന്റെ കണ്ണുകളെ തുറന്നതിനാലത്രേ ഈ വണ്ണം അപ്പന്റെ കണ്ണു

കൾ ചോരനിറമായി പകർന്നിരിക്കുന്നത്" (*ധ്യാനസല്ലാപങ്ങൾ*, പേജ് 20-21). "നക്ഷത്രത്തേക്കാൾ ശോഭിച്ചുവിളങ്ങുന്ന തിരുനയനങ്ങൾ (വെളി 19:12; 1:14) തലയിൽപ്പെട്ട അടികളാൽ രക്തനിറമായി കറുത്തതും വെളുത്തതും ഇരുനിറംകാണാതെ രണ്ടും കലങ്ങി രക്തമായി പകരപ്പെട്ടും തിരുപ്പോളകളിൽ രക്തം പിണർത്ത് തൂങ്ങി തുറപ്പാൻ പാടില്ലാത്തവണ്ണം അടയപ്പെടുന്നു" (*ധ്യാനസല്ലാപങ്ങൾ*, പേജ് 29).

പ്രിയ അപ്പാ, അങ്ങെനിക്ക് കണ്ണും ചെവിയും തന്നു. അതുമൂലം ഞാൻ അപ്പന്റെ കൺകളിൽ മഹാമുൾമുന പതിപ്പിച്ചു! (*ആത്മാനുതാപം* VII/236-237).

"കണ്ടുകേട്ടുള്ള കാഴ്ചകേൾവികൾ നിമിത്തമായ്
കണ്ടകനീണ്ടമുന ഞാൻതന്നെ പതിച്ചല്ലോ
എന്നുടെ നേത്രശ്രോത്രൗ ഞാൻ ഭരിച്ചിരുന്നെങ്കിൽ
നിന്നുടെ മുൾമൂർച്ചകൾക്കാശ്വാസം ഭവിച്ചേനേ
അയ്യയ്യോ സ്നേഹപിതാ നീ തന്നു മമനേത്ര-
മയ്യയ്യോ തദ്ധ്വേതുവാൽ മുൾമുനകണ്ണിൽകൊണ്ടു"
(*ആത്മാനുതാപം* VII/528-533).

സ്നേഹഅപ്പാ, അങ്ങെനിക്ക് തന്ന കണ്ണുകളും കർണ്ണങ്ങളും ഞാൻ വേണ്ടവിധം അടക്കത്തോടെ ഉപയോഗിച്ചിരുന്നെങ്കിൽ അപ്പന്റെ കണ്ണുകളിൽ ആഴ്ന്നിറങ്ങിയ മൂർച്ചയേറിയ മുള്ളുകൾ ഇത്രയധികം വേദനാജനകമാകാതിരുന്നേനേ. പക്ഷേ ഞാൻ അവയെ അടക്കിഭരിച്ചില്ല. തന്മൂലം അപ്പന്റെ നയനങ്ങളിൽ കൂർത്തുനീണ്ട മുള്ളുകൾ ഞാൻ തറച്ചുകയറ്റി. അപ്പാ, ഇത്ര വലിയ നന്ദിഹീനതയും ദുഷ്ടതയും കാണിക്കുവാൻ എനിക്കു കഴിഞ്ഞതെങ്ങിനെ? നീർധാരയിൽ ഈ മഹാപാപിയുടെ അകൃത്യങ്ങളെല്ലാം കഴുകിക്കളയണമേ.

"ആ എന്റെ മനോഗുണമുള്ള അപ്പാ, ഈ നിന്റെ മാണിക്യമുള്ള തിരുക്കണ്ണുകളുടെയും ഈ തിരുമുഖത്തിന്റെയും ഈ ഭാഷകളെ മാറ്റി അനുഗ്രഹമുള്ള ഈ നിന്റെ തിരുമുഖത്തിന്റെ സൗന്ദര്യത്തെ എന്നെനിക്ക് കാണ്മാനിടയാകും?" (*ധ്യാനസല്ലാപങ്ങൾ*, പേജ് 21).

അതാ അപ്പൻ എന്നോടു സംസാരിക്കുന്നു: "ആ എന്റെ മകനേ, നിന്റെ ഭാഷ മാറ്റുമ്പോൾ ഈ മുഖഭാഷയും നിന്റെ കണ്ണിൽ മാറ്റപ്പെടുകയും ചെയ്യാം." (*ധ്യാനസല്ലാപങ്ങൾ*, പേജ് 21).

പ്രിയ അപ്പാ, അപ്പനോട് ഞാനിതാ പ്രതിജ്ഞ ചെയ്യുന്നു:

"കർത്താവേ, ഇന്നുമുതൽ എന്റെ ഇഷ്ടമൊക്കെയും ഞാൻ ഉപേക്ഷിച്ച് എന്നെ നിനക്കു മുഴുവനും ഞാൻ കയ്യാളിക്കുന്നു. നിന്റെ തിരുമനസ്സല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല." (*ധ്യാന സല്ലാപങ്ങൾ*, പേജ് 21)

പ്രിയ അപ്പാ, കാരുണ്യമൂറുന്ന ആ നയനങ്ങളെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിച്ചുകൊണ്ട് തിരുസന്നിധിയിൽ ഞാൻ പ്രണമിക്കുന്നു.

5.3.11. ദിവ്യശിരസ്സുദർശനം

അപ്പന്റെ ദിവ്യശിരസ്സിനെ ദർശിക്കുവാൻ ഞാനിതാ കണ്ണുകളുയർത്തുന്നു. അയ്യോ എന്താണ് ഞാൻ കാണുന്നത്? "കർത്താവേ, നിന്റെ തിരുത്തലയെ ഞാൻ നോക്കുന്നു എങ്കിൽ ഇതിൽ വച്ചു തറച്ചിരിക്കുന്ന മുള്ളുകൾ എങ്ങനെയോ നിന്റെ തലയെ തുളച്ചുകടക്കുന്നു! ഇതൊക്കെയും എന്റെ നിഗളം മുതലായ നിരൂപണകളാൽ എത്രയോ പ്രാവശ്യം നിന്റെ തിരുശിരസ്സിനെ ഞാൻ നൊമ്പരപ്പെടുത്തി!" (*ധ്യാനല്ലാപങ്ങൾ*, പേജ് 19). പ്രിയ അപ്പാ, സ്നേഹിക്കപ്പെട്ടവരായ അങ്ങയുടെ ജനത്തിന് അങ്ങ് രാജ്യവും രാജാവിന്റെ കിരീടവും നൽകി. അതിനു നന്ദികാട്ടുവാനെന്നവിധം മുൾമുടി ദിവ്യശിരസ്സിൽ പതിപ്പിച്ചു. ആദ്യപിതാവായ ആദത്തിന്റെ പാപംമൂലം മുളച്ച മുള്ളുകൾ സ്രഷ്ടാവും നാഥനുമായ അങ്ങയുടെ ശിരസ്സിലാണല്ലോ തറച്ചത് (*ആത്മാനുതാപം*, VII/487-492). പ്രിയ അപ്പാ, അവരെ ഞാൻ എന്തിനു പഴിക്കുന്നു? ഞാൻ തന്നെയാണല്ലോ എന്റെ പാപങ്ങളുടെ മൂർച്ചയേറിയ മുള്ളുകൾകൊണ്ട് അങ്ങയുടെ ശിരസ്സിൽ മുൾക്കിരീടം അടിച്ചുകയറ്റിയത്!

"അയ്യോ, അപ്പാ, ഈ മുൾക്കെട്ടിനെ എന്റെ തലയിൽ നീ വയ്ക്കണമേ. ഇനി മരണപര്യന്തം എപ്പോഴും ഇതിനെ ഞാൻ ഓർത്ത് ദുഃഖിക്കട്ടെ. ഓർമ്മയാലേ നിനക്കിഷ്ടമില്ലാത്ത യാതൊരു വിചാരവും എന്റെ തലയിൽ കേറാതിരിക്കട്ടെ" (*ധ്യാനസല്ലാപങ്ങൾ*, പേജ് 19).

എനിക്കുവേണ്ടി കീറിമുറിക്കപ്പെട്ട് നിണമൊഴുക്കിക്കൊണ്ടിരിക്കുന്ന അപ്പന്റെ ശിരസ്സിനെ ഞാനിതാ കുമ്പിട്ടാരാധിക്കുന്നു.

5.3.12. കുരിശിൽ കരേറൽ

പ്രിയ അപ്പാ, ക്രൂശിതനായ അങ്ങയുടെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ. വി. മറിയം മഗ്ദലേനയെ കുരിശിൻചുവട്ടിൽ നിറുത്തിക്കൊണ്ട് ഞാൻ അങ്ങയുടെ വലത്തുവശത്തുള്ള കള്ളന്റെ കുരിശിൽ കരേറുകയാണ്. "അദ്ദേഹത്തിന്റെ എരിവുള്ള സ്വരത്തോടെ ഞാനും അപേക്ഷിക്കുന്നു.

കർത്താവേ, അയാളോടു കല്പിച്ചതുപോലെ നിന്റെ ഇഷ്ടപ്രസാദമെന്ന പറുദീസായിൽ ഇപ്പോൾതന്നെ നീ എന്നോടുകൂടെ ആയിരിക്കും (ലൂക്കാ 23:43) എന്നുള്ള തിരുവചനം എന്റെയുള്ളിൽ കേൾപ്പിച്ച് നിന്റെ ദൈവഇഷ്ടപ്രസാദം എന്നിൽ നിലനിർത്തി പാപങ്ങളൊക്കെയും പൊറുത്തരുളമേ" (*ധ്യാനസല്ലാപങ്ങൾ*, പേജ് 23).

5.4. സല്ലാപചിന്ത II-സീനായ്മല/വീട്

5.4.1. മലയെന്ന രൂപകം

വീടുവിട്ടുപോയശേഷം വീണ്ടും വീട്ടിലേക്ക് തിരിച്ചുവന്ന് അപ്പന്റെ മുമ്പിൽ സാഷ്ടാംഗം ഞാൻ പ്രണമിച്ചുകിടന്നുവല്ലോ. അപ്പന്റെ വീടിന്റെ മൂന്നുതരം പ്രത്യേകതകൾ ചിന്താവിഷയമാക്കാം. സീനായ്മല/വീട്, സെഹിയോൻമല/ദേവാലയമെന്ന വീട്, ഗാഗുൽത്താമല/മണവറയായ വീട്. മൂന്നും നീതിയുടെയും പരിശുദ്ധിയുടെയും സ്തുതിയുടെയും മഹത്ത്വത്തിന്റെയും ഭവനങ്ങളാണ്. സീനായ് ഭവനത്തെ താൽക്കാലിക മഹത്ത്വത്തിന്റെ വസതിയെന്ന് വിശേഷിപ്പിക്കാം. സെഹിയോൻ ഭവനം ദൈവമഹത്ത്വത്തിന്റെ ഭൗമികമായ ഗേഹമത്രേ. സ്വർഗ്ഗീയമഹത്ത്വത്തിന്റെ ഇഹലോകാനുഭവവും അവിടെ അനുഭവവേദ്യമാകുന്നു. വാനിടം സ്വർഗ്ഗീയ സെഹിയോൻ തന്നെയാണല്ലോ. ഈശോയാകുന്ന ആലയമെന്നും (യോഹ 2:21) അതിനു പേരുനൽകാം. ഗാഗുൽത്താ മഹത്ത്വത്തിന്റെ മണവറയത്രേ. ആഘോഷത്തിന്റെയും ആനന്ദത്തിന്റെയും വീടാണത്.

അപ്പന്റെ വീടിനെ മലയോടു സാദൃശ്യപ്പെടുത്തുക തികച്ചും ബിബ്ലിക്കലാണ്. സ്വർഗ്ഗം മുകളിലാണെന്നാണല്ലോ സങ്കല്പം. തിരുസാന്നിദ്ധ്യം കുറച്ചുകൂടി അടുത്തനുഭവിക്കുവാൻ ഗിരിശൃംഖത്തിൽ വസിക്കുന്നവർക്കു കഴിയും. ആദ്യകൊവേന്തകളിൽ പലതും കുന്നുകളിൽ ഞാൻ സ്ഥാപിച്ചതിന്റെ ഉദ്ദേശ്യം മറ്റൊന്നല്ല. പ്രിയ മക്കളേ, ഇപ്രകാരം മലയെ ഒരു രൂപകമായി നോക്കിക്കാണാൻ നിങ്ങൾക്കു കഴിയണം. എസെ 28:13-15 ന്റെ ഭാഷ്യത്തിൽ എഡേൻ പൂന്തോട്ടം മലയിലാണ് സ്ഥിതിചെയ്യുക. അബ്രാഹം തന്റെ ഏകജാതനെ ബലികഴിക്കുവാൻ ഉന്നതശൃംഖത്തിലേക്കാണ് കൊണ്ടുപോയത് (ഉത്പ 22:1-14). മോശെക്ക് ഹോറെബ് മലയിലെ മുൾപ്പടർപ്പിൽ ദൈവം പ്രത്യക്ഷപ്പെട്ടു (പുറ 3:1-2). ഏലിയാപ്രവാചകനെ അവിടുന്ന് സന്ധിച്ചതും അവിടെവച്ചുതന്നെ (1 രാജാ 19:8-18). സീനായ്മലയിൽ ദൈവം ഇറങ്ങിവന്ന് ഇസ്രായേലുമായി ഉടമ്പടീബന്ധത്തിലേർപ്പെട്ടു (പുറ 19; 24).

ദൈവതനയൻ മലയോരങ്ങളിലെ ഏകാന്തതയിൽവച്ചാണ് പിതാവുമായി സല്ലാപത്തിലേർപ്പെട്ടത് (യോഹ 6:15). അവിടുന്ന് പ്രാർത്ഥിച്ചതും അപ്രകാരമുള്ള സ്ഥലങ്ങളിൽവച്ചുതന്നെ (മത്താ 14;23; ലൂക്കാ 6:22). ദൈവരാജ്യത്തെപ്പറ്റി പ്രസംഗിക്കുവാൻ തിരഞ്ഞെടുത്ത ഇടവും മറ്റൊന്നല്ല. (മത്താ 5:1; മർക്കോ 3:13). പ്രലോഭകനായി വന്നണഞ്ഞ സാത്താനെ പരാജയപ്പെടുത്തിയത് ഗിരിശൃംഘത്തിൽവച്ചായിരുന്നല്ലോ (മത്താ 4:8; ലൂക്കാ 4:5). താബോർ മലയിൽവച്ച് അവിടുന്ന് രൂപാന്തരപ്പെട്ടു (മത്താ 17:1-8; മർക്കോ 9:2-8; ലൂക്കാ 9:28-36). ഒലിവുമലയിൽവച്ച് കർത്താവ് സ്വർഗ്ഗാരോപിതനായി (നട 1:10-12). ഇപ്രകാരം ദൈവസാന്നിദ്ധ്യനികേതനമായ മലയെ അവിടുത്തെ വസതിയെന്ന് ചിത്രീകരിക്കുന്നതിൽ തെറ്റില്ലതന്നെ.

5.4.2. ഉടമ്പടിയുടെ ഉത്കൃഷ്ടവേദി

രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവും സാംസ്ക്കാരികവും ധാർമ്മികവുമായ അടിമത്തത്തിൻകീഴിൽ ഈജിപ്തിൽ നിന്ദിതരായി കഴിഞ്ഞിരുന്നവരെ യാഹ്വെ വിമോചിപ്പിച്ചത് അവരെ തന്റെ വിശുദ്ധ ഗിരിയിലേക്ക് ആനയിക്കുവാൻ വേണ്ടിയായിരുന്നു. ഉടമ്പടീബന്ധംമൂലം ഒന്നായിത്തീർന്നുകൊണ്ട് ആ പതിതരെ കർത്താവ് സ്വന്തമാക്കിയ, അവിടുത്തേതുമാത്രമാക്കിത്തീർത്ത പുണ്യവേദിയാണ് സീനായ്മല. കർത്താവിന്റെ ഇഷ്ടനിക്ഷേപവും രാജകീയ പുരോഹിതരും വിശുദ്ധജനവുമാക്കി ഉയർത്തി ഇസ്രായേലിനെ. പരിശുദ്ധരിൽ പരിശുദ്ധനായവന്റെ വിശുദ്ധജനമായിത്തീർന്നുകൊണ്ട് അവർ ദൈവമഹത്ത്വത്തിൽ പങ്കുചേർന്നു. അതിനായി അവിടുന്ന് സീനായ് മലയിൽ എഴുന്നള്ളിവന്നു. അതിനെ ദൈവത്തിന്റെ മലയെന്ന് സംഖ്യ 10:33 ൽ വിശേഷിപ്പിച്ചിരിക്കുന്നു. അവിടുത്തെ പ്രത്യക്ഷീകരണവേദിയാണല്ലോ സീനായ്മല. അടുത്തണയുന്നവർ ശാരീരികവും ആത്മീയവുമായ പരിശുദ്ധി പാലിക്കണം (പുറ 19:10-15,21). ഉടമ്പടിയുടെ മദ്ധ്യസ്ഥനായ മോശെക്കുമാത്രമേ മലയിൽ പ്രവേശിക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളൂ. ദൈവജനമായിത്തീരാനുള്ള ഉപാധിയായ ദിവ്യകല്പനകൾ അവിടെവച്ചാണ് നൽകപ്പെട്ടത്.

5.4.3. സീനായ്, എന്റെ ഭാഷ്യത്തിൽ

അപ്പന്റെ ഭവനത്തെ അഥവാ ആശ്രമത്തിലെ പ്രാർത്ഥനാമുറിയെ ഞാൻ സീനായ്മലപോലെയെന്നല്ല (ഉപമാലങ്കാരം), അഥവാ സീനായ്മലയെന്ന് തോന്നിപ്പോകുമെന്നല്ല (ഉൽപ്രേക്ഷാലങ്കാരം) വിശേഷിപ്പിച്ചത്, പ്രത്യുതാ അത് സീനായ്മലതന്നെയാണെന്നാണ് (രൂപകാല

ങ്കാരം). പ്രിയപ്പെട്ടവരേ, നിങ്ങളും എന്നെപ്പോലെ രൂപകങ്ങളുടെ ലോകത്തിൽ വ്യാപരിക്കുവിൻ. അപ്പോൾ മാത്രമാണ് അമലോത്ഭവമാതാവിന്റെ കർമ്മലീത്തരെന്ന് അഭിമാനിക്കുവാൻ നിങ്ങൾക്കു കഴിയുകയുള്ളൂ.

5.4.4. മഹത്ത്വവേദി

പുറ 33:20; 19:16-20 എന്നീ ബൈബിൾപാഠങ്ങളുടെ ഭാഷ്യം *ധ്യാനസല്ലാപങ്ങളിൽ* നിങ്ങൾക്കു കാണാനാകും.

5.4.4.1. ദൈവസംജ്ഞകൾ

ദൈവത്തെ ഞാൻ ഇപ്രകാരം അഭിസംബോധന ചെയ്യുന്നു: "ഓ, അറുതിയില്ലാത്ത മഹിമശോഭനം നിറയപ്പെട്ടിരിക്കുന്ന പരമപരാപരവസ്തുവായിരിക്കുന്ന സർവ്വേശ്വരാ," (പേജ് 24). ആദിയും അന്ത്യവുമില്ലാത്ത മഹിമയും ശോഭയും നിറഞ്ഞവനാണ് ദൈവം. അവിടുന്ന് എല്ലാറ്റിനെയും അതിശയിക്കുന്നവനും സർവ്വശ്രേഷ്ഠനുമാണ്. അതേസമയം സർവ്വത്തിന്റെയും അധീശനുമത്രേ. എത്രയധികം വിശേഷണങ്ങൾ കർത്താവിനു നൽകിയാലും എനിക്ക് മതിവരികയില്ലായിരുന്നു. കാരണം അവിടുന്നെന്ന സത്യം ഒരനുഭൂതിയായിത്തീർന്നിരുന്നു ഈ എളിയദാസന്. അപ്പോൾ മനുഷ്യന്റെ ഭാഷ പരിമിതിയുള്ളതായി അനുഭവപ്പെട്ടതിൽ അതിശയമില്ലല്ലോ.

ദൈവത്തിന് ഞാൻ നല്കിയ മറ്റൊരു വിശേഷണം "സകല നന്മമഹിമശക്തിശോഭനഗുണതേജസ്സ് ഇവ മുതലായ ഗുണപൂർണ്ണാദിയായ സർവ്വേശ്വരാ" എന്നാണ് (പേജ് 25). അവിടുന്ന് സർവ്വത്തിന്റെയും അധീശനാണ്. അതോടൊപ്പം എല്ലാവിധ ഗുണഗണങ്ങളുടെയും പൂർണ്ണിമയുമത്രേ. ചില ഗുണങ്ങൾ പ്രസ്താവയോഗ്യംതന്നെ. കർത്താവ് സകലവിധ നന്മയാലും മഹിമയാലും ശക്തിയാലും പ്രഭയാലും തേജസ്സാലും പൂരിതനത്രേ. തിരുനാമാഘോഷണമായ കുർബ്ബാനയുടെ ചൈതന്യമാണ് നിങ്ങൾക്കിവിടെ കാണാനാകുക. അതോടൊപ്പം ബൈബിൾ മേഖലയുമായി ഒന്നുചേർന്നിരിക്കുന്നു.

5.4.4.2. നാമപ്രഘോഷകൻ

ദൈവംതന്നെ തന്റെ നാമം പ്രഘോഷിച്ചുകൊണ്ട് മോശെയുടെ മുൻപിലൂടെ കടന്നുപോയെന്ന് പുറ 34:1-8 ൽ വിവരിക്കുന്നു. അവിടുത്തെ സ്വഭാവവിശേഷത്തിന്റെ രത്നച്ചുരുക്കമാണ് ആ നാമങ്ങളിൽ കാണാനാകുക. കാരുണ്യവാൻ, കൃപാനിധി, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ, തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണകാണിക്കുന്നവൻ, എന്നാൽ തന്റെ കാരുണ്യപ്രവൃത്തികളെ

വീണ്ടും വീണ്ടും തിരസ്ക്കരിക്കുന്നവരെ ശിക്ഷാവിധി ചെയ്യുന്നവൻ. ബൈബിളിലെ ദൈവത്തിന്റെ വ്യക്തിത്വം മുഴുവൻ ഈ പദങ്ങളിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. ഈശോയും തിരുനാമം പ്രഘോഷിക്കുന്നവനാണ്. "സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവിനെ" അവിടുന്ന് ആനന്ദാതിരേകത്തോടെ വാഴ്ത്തിപ്പുകഴ്ത്തി (ലൂക്കാ 10:21).

5.4.4.3. കുർബ്ബാന, ഒരു നാമപ്രഘോഷണം

കുർബ്ബാനയിലും ഇത്തരം നാമാഘോഷണം കാണാനാകും. സങ്കീർത്തനത്തിനുശേഷമുള്ള സാധാരണദിവസങ്ങളിലെ കാർമ്മികന്റെ പ്രാർത്ഥനയിലെ ഒരു ഭാഗം ഇപ്രകാരമാണ്: "അങ്ങയുടെ സ്തുത്യർഹമായ ത്രിത്വത്തിന്റെ മഹനീയവും ഭയഭക്തിജനകവും പരിശുദ്ധവും അനുഗൃഹീതവും നന്മനിറഞ്ഞതും അഗ്രാഹ്യവുമായ നാമത്തെ..." (സുറിയാനി മൂലത്തിന്റെ പദാനുപദവിവർത്തനം). ആറുവിശേഷണങ്ങളാണ് ത്രിത്വനാമത്തിന് നൽകിയിരിക്കുക. മറ്റു ചില പ്രയോഗങ്ങൾ: സത്യത്തിന്റെ പിതാവ്, സ്തുത്യർഹനായ പിതാവ്, കാരുണ്യപൂരിതനായ പിതാവ്, ആദ്യന്തമില്ലാത്തവൻ, നിഗൂഢനായിരിക്കുന്ന ആത്മജൻ, പിതാവിന്റെ പ്രതിരൂപം, സത്ത, ദീപ്തി, സകലത്തിന്റെയും നാഥനായ ദൈവം, ജീവിക്കുന്നവനായ ദൈവം, അബ്രാഹത്തിന്റെയും യാക്കോബിന്റെയും ഇസഹാക്കിന്റെയും ദൈവം. തിരുനാമാഘോഷണത്തിന്റെ ഏതാനും ഉദാഹരണങ്ങൾ മാത്രമാണിവ.

5.4.4.4. ഭയചകിതരായ ജനം

ധ്യാനമുറിയെന്ന സീനായ്മലയെക്കുറിച്ചുള്ള പരിചിന്തനത്തിലേക്ക് മടങ്ങാം. ദൈവത്തെ അഭിസംബോധന ചെയ്തശേഷം "നിന്നെ കണ്ട ഒരുത്തനും ജീവിക്കുന്നില്ല" എന്ന പുറ 33:20 ലെ തിരുവാക്യം ഞാൻ ഉദ്ധരിക്കുന്നു. സൃഷ്ടിയും പരിമിതനും പാപിയുമായ മനുഷ്യന് സ്രഷ്ടാവും അപരിമേയനും പരമപരിശുദ്ധനുമായവനെ കണ്ണുകൊണ്ടു കാണാനാകുമോ? അതോടെ അവൻ മരണമടയുകയില്ലേ? എന്നാൽ ഈ മഹാപാപിയായ അടിയന് ദിവ്യമഹിമയുടെ വലിപ്പം അവിടുന്ന് കാണിച്ചുതന്നല്ലോ. നന്ദിപൂർവ്വം ഞാൻ അതേറ്റുപറയട്ടെ. ദിവ്യപ്രഭാവം ചുറ്റും നിറഞ്ഞുനിൽക്കുന്നതു കണ്ടപ്പോൾ ഇസ്രായേൽജനം സീനായ്മലയുടെ അടിവാരത്തിൽത്തന്നെ നിന്നുപോയി. മേല്പോട്ടു കയറുവാൻ ആർക്കും ധൈര്യമുണ്ടായില്ല. കാരണം മല മുഴുവൻ എരിഞ്ഞുകത്തുകയായിരുന്നു. ഘോരമായ ഇടിനാദം എങ്ങും മുഴങ്ങി. തന്മൂലം കല്ലുകൾ തകർന്നുതരിപ്പ

ണമായി. മേഘം ഇറങ്ങി മലയെ മൂടി. കാഹളവിളി മുഴങ്ങി. ആ സ്വരം ശക്തിപ്പെട്ടുകൊണ്ടിരുന്നു. ഇതൊക്കെ കണ്ടപ്പോൾ മലയോടടുത്താൽ തങ്ങൾ മരിച്ചുപോകുമെന്ന് ഭയന്നുപോയ ജനം മുന്നോട്ടണഞ്ഞില്ല (പുറ 19:16-20 ന്റെ ഭാഷ്യം, *ധ്യാനസല്ലാപങ്ങൾ*, പേജ് 25).

5.4.4.5. ഭ്രമിച്ചവനായ മോശെ

സീനായ് വ്യാഖ്യാനം തുടരട്ടെ. ദൈവത്തിന്റെ മഹാപിതാവായ മോശെ ദൈവത്തിന്റെ സ്നേഹധൈര്യത്തിലുറച്ച് മുന്നോട്ടുകയറി മേഘത്തിനുള്ളിൽ പ്രവേശിച്ചു (പുറ 24:15-18). അപ്പോൾ എന്തു സംഭവിച്ചുവെന്നോ? തീർത്തും ഭ്രമിച്ചുപോയി മോശെ. ഒന്നും കാണുവാനും മനസ്സിലാക്കുവാനും ശക്തിയില്ലാതെ നിർജ്ജീവനായി ഏഴുദിവസം കഴിച്ചുകൂട്ടി. അതിനുശേഷമാണ് തിരുശബ്ദം ശ്രവിക്കുവാൻ കഴിഞ്ഞത് (*ധ്യാനസല്ലാപങ്ങൾ*, പേജ് 24).

5.4.4.6. സീനായ് എന്ന പ്രാർത്ഥനാമുറി

ഇസ്രായേൽജനത്തിനും മോശെക്കുമുണ്ടായ അനുഭവം പരിചിന്തനവിഷയമാക്കിയപ്പോൾ മഹിമപ്രതാപവാനായ അപ്പൻ എഴുന്നള്ളിയിരിക്കുന്ന ഈ ധ്യാനമുറിയെന്ന മല കയറുവാൻ എനിക്കെങ്ങനെ കഴിയും? "ഇസ്രായേൽജനത്തെപ്പോലെ ഈ വാതിൽ കടക്കാതെ ഭയപ്പെട്ടു നിൽപ്പാൻ തന്നെ ന്യായം... കർത്താവേ, ഈ പ്രാർത്ഥനാമുറിയിൽ എന്നെ കാണിപ്പാനായി എഴുന്നള്ളിയിരിക്കയിൽ മഹാപാപിയായ ഞാൻ എങ്ങനെ ഭയംകൂടാതെ ഇതിൽ കരേറും?" (പേജ് 25).

5.4.4.7. ഞാൻ പുതിയ മോശെ

ഉടമ്പടിയുടെ മദ്ധ്യസ്ഥനാകാൻ നിയോഗിതനായ മോശെ സ്നേഹധൈര്യത്തിലുറച്ച് മലകയറിയത് എനിക്ക് പ്രചോദനം നൽകി. ദൈവം "എന്റെ അനുഗ്രഹം നിറഞ്ഞ പിതാവാ"ണ്; "മനോഗുണമുള്ള കർത്താവു"മാണ്. എങ്കിലും അവിടുത്തെ പരിശുദ്ധിയെക്കുറിച്ചുള്ള അവബോധം എനിക്കുണ്ടായിരുന്നു. അപ്പൻ എഴുന്നള്ളിയിരിക്കുന്ന പ്രാർത്ഥനാമുറിയിലേക്ക് ഞാൻ സൂക്ഷിച്ചുനോക്കി. സീനായ് മലയിലെപ്പോലെ "പാപത്തിന്മേലുള്ള അത്യന്തവെറുപ്പാൽ അറുതിയില്ലാത്ത ദൈവനീതി ദുഷ്ടരുടെമേൽ ക്രൂരമായി എരിഞ്ഞുകത്തുന്നു. അവിടുത്തെ കോപാഗ്നി എത്ര കഠോരം!" (വെളി 1:12-16). ഇഹലോകദിനങ്ങളിൽ ഇപ്രകാരമാകുമ്പോൾ അന്ത്യവിധിനാളിൽ അതിശക്തമായ ദിവ്യാഗ്നിയുടെ എരിവിനെ സൂക്ഷിപ്പാൻ

ആർക്കു കഴിയും? (*ധ്യാനസല്ലാപങ്ങൾ*, പേജ് 25).

5.4.4.8. ദിവ്യാരൂപികളും ഞാനും

വാനദൂതർപോലും പാപികൾക്കെതിരായി തിരുമുഖത്തു നിന്നു പുറപ്പെടുന്ന കോപാഗ്നിയെ (നിയമാ 32:22; സങ്കീ 18:7-8) കണ്ട് വിറച്ചു നടുങ്ങുന്നു. നരകത്തിലെ എത്രയും കാഠിന്യമായ അഗ്നിയിൽ കത്തിയെരിയുന്ന ദുഷ്ടർ "ഈ നിന്റെ കോപാഗ്നി എരിയുന്ന തിരുമുഖം സൂക്ഷിക്കുന്നതിനേക്കാൾ നരകാഗ്നിയിൽ പതിക്കപ്പെടുന്നത് എത്രയോ ആശ്വാസപ്രദമെന്ന്" ചിന്തിക്കുന്നവരാണ്. അവസാനവിധിയുടെ വേള "അരിശത്തിന്റെ ദിവസ"മാണല്ലോ (റോമാ 2:5). അന്ന് പാപികൾ "മലകളോട് 'ഞങ്ങളുടെ മേൽ വീഴുവിൻ' എന്നും കുന്നുകളോട് 'ഞങ്ങളെ മൂടിക്കളയുവിൻ' എന്നും പറയുവാൻ തുടങ്ങുമെന്ന്" (ലൂക്കാ 23:28-31) കർത്താവുതന്നെ ഹൊസെ 10:8; വെളി 6:16 എന്നീ പാഠങ്ങൾ ഉദ്ധരിച്ചുകൊണ്ട് അരുളിച്ചെയ്തിരിക്കുന്നു. അയ്യോ, കർത്താവേ, വാനദൂതന്മാരും നരകവാസികളും ഇത്തരത്തിൽ പ്രതികരിക്കുമ്പോൾ "നിന്റെ കോപാഗ്നി എരിയിപ്പാനുമുള്ള അവകാശങ്ങളെ പാപങ്ങളാൽ നിറയപ്പെട്ടിരിക്കുന്ന ഞാൻ ഈ നിന്റെ സന്നിധിയെ നോക്കുമ്പോൾ ഈ അഗ്നിജ്വാലയിൽ ഈ മുറി നിറയപ്പെട്ടിരിക്കുന്ന നിന്റെ മുൻപിൽ എങ്ങനെ ഞാനണയും?" (*ധ്യാനസല്ലാപങ്ങൾ*, പേജ് 25-26).

5.4.4.9. പാപബോധം

പ്രിയ മക്കളേ, ദൈവത്തിന്റെ പരിശുദ്ധിയെയും മനുഷ്യന്റെ പാപാവസ്ഥയെയും കുറിച്ചുള്ള അതിസ്വാഭാവികവും സ്വർഗ്ഗീയവുമായ അനുഭവജ്ഞാനം കാരുണ്യവാനായ ദൈവം എനിക്കു തന്നുവെന്ന് ഞാൻ നിങ്ങളോട് ഏറ്റുപറഞ്ഞിട്ടുണ്ടല്ലോ. ജ്ഞാനസ്നാനത്തോടെ എനിക്കു ലഭിച്ച ദൈവേഷ്ടപ്രസാദത്തെ നശിപ്പിക്കാത്തവനായിരുന്നു ഞാൻ. എന്നിട്ടും മഹാപാപിയാണെന്നാണ് ഞാൻ സ്വയം വിശേഷിപ്പിച്ചത് (*ആത്മാനുതാപം* II/242, 290; *ധ്യാനസല്ലാപങ്ങൾ*, പേജ് 13). അതിശയോക്തി കലർന്ന സംബോധനയെന്ന ലേബലൊട്ടിച്ച് നിങ്ങൾ അതിനെ തള്ളിക്കളയരുത്. അത്തരത്തിൽ പ്രതികരിക്കുവാനുള്ള ചിന്തതന്നെ തെറ്റാണ്. എന്റെ പ്രിയ മക്കൾ പരമപരിശുദ്ധനായ ദൈവവുമായി ഐക്യപ്പെട്ടിട്ടില്ലെന്നതിന്റെ തെളിവാണത്. നീതിമാനും പരമപരിശുദ്ധനുമെന്ന ദൈവത്തിന്റെ സവിശേഷതതന്നെ ചോദ്യം ചെയ്യപ്പെടുകയും അവിടുത്തെ സ്നേഹത്തിനുമാത്രം ഊന്നൽ നൽകുകയും ചെയ്യുന്നവരായി ആധുനികത

ലമുറ അധഃപതിച്ചിരിക്കുന്നു. ആ പ്രലോഭനത്തിൽ അമലോത്ഭവമാതാവിന്റെ കർമ്മലീത്തരായ നിങ്ങൾ വീഴരുത്. പ്രാർത്ഥനാമുറി സീനായ് മലയാണെന്ന കാഴ്ചപ്പാടിൽ വളരുവിൻ. പരമപരിശുദ്ധന്റെ സന്നിധിയിലാണ് വ്യാപരിക്കുന്നതെന്ന ബോദ്ധ്യത്തോടെ ഭയഭക്തി നിർഭരമായി വ്യാപരിക്കുവിൻ. നിങ്ങളുടെ ധ്യാനവും യാമപ്രാർത്ഥനകളുമെല്ലാം ഇത്തരം വീക്ഷണത്തിൽനിന്ന് ഉരുത്തിരിയട്ടെ. അവയാൽ പൂരിതരാകട്ടെ, അവയിൽ വിലയം പ്രാപിക്കട്ടെ. അപ്പോൾ അവയെല്ലാം ഭവ്യതയോടെ നിർവ്വഹിക്കുവാനാകും. തിരുസാന്നിദ്ധ്യാനുഭവം നിങ്ങളുടെ ജീവിതത്തെ സന്തോഷപ്രദവും തീക്ഷ്ണതാനിർഭരവും ദിവ്യചൈതന്യപൂർണ്ണവുമാക്കും. ആ വരദാനം നിങ്ങൾക്ക് ലഭിക്കാനായി ഈ അയോഗ്യനായ പിതാവ് പ്രാർത്ഥിക്കുന്നു.

5.4.4.10. കാഠിന്യത്തിൽനിന്ന് കാരുണ്യത്തിലേക്ക്

മോശെയെപ്പോലെ ഞാൻ പ്രാർത്ഥനാമുറിയെന്ന സീനായ്ഭവനത്തിലേക്ക് പ്രവേശിക്കുവാൻ മടിച്ചു നിന്നപ്പോൾ ഒരു ബിബ്ലിക്കൽ ചിന്ത എന്നിലുദിച്ചു. "കരുണയുള്ള പിതാവായിട്ടല്ലാതെ നീതികർത്താവായിട്ടല്ലല്ലോ അവിടുന്നവിടെ എഴുന്നള്ളിയിരിക്കുന്നത്!" (*ധ്യാനസല്ലാപങ്ങൾ*, പേജ് 26). അവിടുത്തെ മഹിമയും വലിപ്പവും നീതിയും ഉയരപ്പെട്ടതാകുന്നുവെന്നത് ശരിതന്നെ. പക്ഷേ അവയെക്കാളും വലുത് അനുഗ്രഹവും ദയയുമാണല്ലോ. നീതിയുടെ കാലമുണ്ട്, അത് ഭാവിയിലാണ്. ഇപ്പോൾ അനുഗ്രഹത്തിന്റെ അഥവാ ഗുണത്തിന്റെ നാളുകളുമല്ലേ. ഇക്കാര്യം കർത്താവുതന്നെ ബൈബിളിൽ അരുളിച്ചെയ്തിരിക്കുന്നു. (1 പത്രോ 4:17; 2 കോറി 6:2). ഇപ്പോൾ ഈ മനോഗുണത്തിന്റെ കാലത്ത് മനോഗുണത്തിനായല്ലേ അവിടുന്ന് എന്നെ വിളിക്കുന്നത്? അപ്പോൾ ഞാൻ ഭയംമൂലം തന്റെ പക്കലണയാതിരുന്നാൽ ദിവ്യമനോഗുണം നീതിയായിത്തീരുന്നതിന് ഞാൻതന്നെ കാരണമാകും. "അയ്യോ, അതെത്രയോ വലിയ നിർഭാഗ്യം! (*ധ്യാനസല്ലാപങ്ങൾ*, പേജ് 26). അതിനാൽ ഞാൻ എന്നോടുതന്നെ സങ്കീർത്തകന്റെ ഭാഷയിൽ പറഞ്ഞു: "എന്റെ ആത്മാവേ, തന്റെ പക്കൽ നീ അണഞ്ഞുകൊണ്ട് തന്റെ അനുഗ്രഹത്തെ നീ സ്തുതിക്കുക." (സങ്കീ 146:1-2).

5.4.4.11. അപ്പന്റെ കാരുണ്യകടാക്ഷം

ഞാൻ മോശെയെപ്പോലെ മണ്ണിന്റെ മലയിലേക്കല്ല കയറിച്ചെല്ലുന്നത്, പ്രത്യുതാ, "തന്റെ ദൈവമഹത്ത്വത്താൽ ഉയരപ്പെട്ട

മദ്ബഹാ"യെന്ന മലയിലേക്കാണല്ലോ എന്ന ചിന്ത ഉൾഭയം ഉള വാക്കി. എങ്കിലും ഞാൻ അങ്ങോട്ടു കയറിച്ചെന്നു. അപ്പോൾ കണ്ട തെന്തെന്നോ? ഞാൻ നിൽക്കുന്ന മലയിൽ ദൈവദൂതന്മാർ വലയം ചെയ്യപ്പെട്ടിരിക്കുന്ന അവരുടെയും എന്റെയും സ്രഷ്ടാവായ സർവ്വേ ശ്വരൻതന്നെ എഴുന്നള്ളിയിരിക്കുന്നു. മേഘത്താൽ മറയ്ക്കപ്പെട്ടി ട്ടല്ല അവിടുന്ന് ആസനസ്ഥനായിരിക്കുന്നത്. ഇതാ അവിടുന്നെന്നെ പ്രിയത്താൽ നോക്കിക്കൊണ്ട് മൊഴിയുന്നു: "എന്റെ മകനേ, നീ വരിക. എന്ത്യേ നിന്റെ പ്രിയമുള്ള അപ്പനായ എന്റെ പക്കൽ അടു ത്തുവരാതിരിക്കുന്നു? നീ ഭയപ്പെടേണ്ടാ." (*ധ്യാനസല്ലാപങ്ങൾ*, പേജ് 26). ആ വാക്കുകൾ ശ്രവിച്ചപ്പോൾ സ്നേഹത്താലും നന്ദിയാലും എന്റെ കണ്ണുകൾ നിറഞ്ഞു. വീട്ടിൽനിന്ന് ഓടിപ്പോയി സകലവും ധൂർത്തടിച്ചു കളഞ്ഞിട്ടും അപ്പൻ എന്നോട് കയർക്കുകയോ ശകാ രിക്കുകയോ ചെയ്യുന്നില്ലല്ലോ. സ്നേഹം മാത്രം നിറഞ്ഞ നോട്ടം. എന്നെ മകനെന്നു വിളിച്ച് അടുത്തുവരാൻ ക്ഷണിക്കുന്നു. പ്രിയ മുള്ള അപ്പന്റെ പക്കലണയാൻ മടിക്കുന്നതെന്തെന്ന് ചോദിക്കുന്നു. ഭയപ്പെടേണ്ടതില്ലെന്ന സമാശ്വാസവചനം അരുമയോടോതുന്നു. പ്രവാചകന്മാരെ വിളിച്ചപ്പോൾ അവരോടു പറഞ്ഞ വചനമാണല്ലോ അത്. രക്ഷകന്റെ മുന്നോടിയാകാൻ വിളിക്കപ്പെട്ട സക്കറിയായോട് ദൈവദൂതൻ പറഞ്ഞു, "നീ ഭയപ്പെടേണ്ടാ" (ലൂക്കാ 1:13). ദൈവന ന്ദനന്റെ മാതാവാകാൻ നിയോഗിക്കപ്പെട്ട നസ്രത്തിലെ കന്യകയോട് ഉണർത്തിച്ചു, "മറിയമേ, ഭയപ്പെടേണ്ടാ" (ലൂക്കാ 1:30). ശങ്കാധീന നായിരുന്ന മാർ യൗസേപ്പ് പിതാവിനോടും ദൈവദൂതൻ അരുൾച്ചെ യ്തു, "ദാവീദിന്റെ പുത്രനായ യൗസേപ്പേ, നീ ഭയപ്പെടേണ്ടാ" (മത്താ 1:20). ദൈവത്തിന് പ്രിയപ്പെട്ടവരായിരുന്നു അവരൊക്കെ. ഞാനോ അധമൻ, നിർഗുണൻ, ദുർബ്ബലൻ, പാപി (*ആത്മാനുതാപം* V/144). എന്നിട്ടും കർത്താവ് എന്നെ സ്നേഹപൂർവ്വം കടാക്ഷിക്കുന്നു.

"ആയതിനെന്തുകാരണം ദൈവമേ
ആദ്യഹീനനാംനിന്റെ ദയതന്നെ"
(*ആത്മാനുതാപം* I/3-4).

"ഇച്ചെയ്ത് ഗുണമഹത്ത്വമോർക്കുമ്പോൾ
ഇക്കരുണയ്ക്കു കൈമാറെന്തുനാഥാ?"
(*ആത്മാനുതാപം* I/37-38).

"എന്നതിനെന്തുമൂലമെന്നഹമോർക്കുംനേരം
നന്ദിഹീനനായിടുമെന്റെമേലുള്ളസ്നേഹം"
(*ആത്മാനുതാപം* II/59-60).

5.4.4.12. സമാശ്വാസവചസ്സുകൾ

എന്റെ മനോധൈര്യം വർദ്ധിപ്പിക്കാനായി അപ്പൻ തുടർന്ന് പറഞ്ഞു: "എന്നെ വിട്ട് നീ അകന്നുപോയ നാഴികമുതൽ എന്റെ ഹൃദയം ക്ലേശിച്ചിരിക്കുന്നു. നിന്നെ കണ്ടെത്തുവാൻ എന്റെ സിംഹാസനത്തിൽ നിന്നിറങ്ങി. നീ ഭയപ്പെടായ്വാൻ നിന്നെപ്പോലെ ആ സൃഷ്ടിയുടെ മകനായി ഞാൻ പിറന്നു. ആ മകനെ എന്റെ എളിമയെ നീ നോക്കുക. നീ പിറന്നപ്പോൾ നിന്റെ അമ്മയ്ക്കും നിനക്കും ഒരു നല്ല വീടും കുടിലും പായും തലയിണയും നിനക്കും നിന്റെ അമ്മയ്ക്കും സഹായം ചെയ്വാനുള്ള സഹായക്കാരും വേലക്കാരും ഉണ്ടായിരുന്നല്ലോ. ഞാൻ നിനക്കുവേണ്ടി പൈതലായി പിറന്നപ്പോൾ ഇനിക്കും എന്റെ പാവപ്പെട്ട അമ്മയ്ക്കും ഒരു പഴയ മൃഗക്കൂടു മാത്രമുണ്ടായി. ആയതും കാറ്റിനും കുളിരിനും ഒരു പുതയും കൂടാതെ ഞടുങ്ങി വിറച്ചുകൊണ്ട് കട്ടിൽമെത്തയ്ക്കു പകരും കല്ലും, പായ് തലയിണയ്ക്കുപകരം കടം വാങ്ങിയ വൈക്കോലും; ഇങ്ങനെ ഞാൻ പിറന്നു. വീണ്ടും നിന്നെ അന്വേഷിച്ചു കാട്ടിലും മേട്ടിലും കടലിലും മലയിലും ഞാൻ ചുറ്റിനടന്നു. നിന്നെ ഞാൻ സ്നേഹിക്കുന്നതിനാലെ നിന്നെ എന്റെ അരമനയിൽ കൊണ്ടുപോയി സന്തോഷിപ്പിപ്പാനും ആയിട്ടത്രെ നിന്നെ അന്വേഷിക്കുന്നതെന്നും നിന്നെ കീഴടക്കി വേല എടുപ്പിച്ചുവന്ന നിന്റെ ശത്രുക്കൾ അറിഞ്ഞതിനാൽ അവരെന്നെ പിടിച്ച് അടിച്ച് മുറിച്ച് പ്രാണഹാനി വരുത്തിയാറെയും ആക്ഷതങ്ങളും ക്ഷതജകളുംകൊണ്ടുതന്നെ നിന്റെ കേടുകൾക്കു തക്ക ഔഷധമുണ്ടാക്കി, നിന്റെ രോഗവും പൊറുപ്പിച്ചു. നിന്നെ മെഴുപ്പിപ്പാനായിട്ടു എന്റെ മധുരരക്തംകൊണ്ടു എത്രയും രുചിയുള്ള യാവനും പാനവുമാക്കി നിന്നെ തീറ്റി വളർത്തുന്നു. ഇതൊക്കെയും കണ്ടാറെയും ഇനിയും നീ എന്റെ പക്കൽ അണവാൻ ഭയപ്പെടുന്നോ?" (*ധ്യാനസല്ലാപങ്ങൾ*, പേജ് 26-27).

5.4.4.13. സമന്വയത്തിന്റെ വക്താക്കൾ

പ്രിയ മക്കളേ, എന്നെപ്പോലെ നിങ്ങളും ദൈവത്തിന്റെ നീതിയും കാരുണ്യവും തമ്മിൽ സമന്വയിപ്പിക്കുന്ന ദർശനം സ്വായത്തമാക്കണം. രണ്ടും അവിടുത്തെ സ്വഭാവവിശേഷങ്ങളാണ്. ഒന്നിനെ നിസാരവത്കരിക്കുകയോ തള്ളിപ്പറയുകയോ ചെയ്യരുത്. അത് ബിബ്ലിക്കലായ കാഴ്ചപ്പാടാകുകയില്ല. ദൈവത്തെപ്പോലെ നിങ്ങളും ധാർമ്മികതയുടെ വക്താക്കളാകണം. സഭയിലും സമുദായത്തിലും രാജ്യത്തിലും നടമാടുന്ന അനീതിയുടെ സൂക്ഷ്മവും

അതിനിഗൂഢവുമായ മുഖങ്ങൾ കണ്ടറിയുവാൻ പ്രാപ്തരാകണം കർമ്മലാംബികയുടെ മക്കൾ. അധാർമ്മികതക്കെതിരായി ശബ്ദമുയർത്തുകയും സാധാരണക്കാരെ സംഘടിപ്പിച്ച് അവയ്ക്കെതിരെ സന്ധിയില്ലാസമരത്തിലേർപ്പെടുകയും ചെയ്യുന്ന പ്രവാചകവർയ്മാരാകണം. അതോടൊപ്പം ലൗകികനീതിയിൽ കടിച്ചുതൂങ്ങുകയുമരുത്. തെറ്റിപ്പോകുന്ന മനുഷ്യരോട് കർത്താവിനെപ്പോലെ കാരുണ്യം കാണിക്കണം. വേണ്ടിവന്നാൽ അവിടുത്തെപ്പോലെ നീതിയെ തൃജിച്ച് കാരുണ്യത്തെ പുൽകുന്നതിന് വലിയ വിലകൊടുത്തുപോലും തയ്യാറാകണം (ഹൊസെ 11:8-9). അനുതപിച്ചുവരുന്നവരെ അപ്പനെപ്പോലെ രണ്ടു കൈയ്യുംനീട്ടി സ്വീകരിക്കാനും, പ്രിയം നിറഞ്ഞ വാക്കുകളാൽ സമാശ്വസിപ്പിക്കാനും, ധൈര്യം പകരാനും, വീട്ടിലെ അംഗങ്ങളായി പരിഗണിക്കാനും നിങ്ങൾക്കു കഴിയണം.

5.5. സല്ലാപചിന്ത III - സെഹിയോൻമല/വീട്

5.5.1. ആമുഖം

പ്രിയ മക്കളേ, ഉടമ്പടിയുടെ ഗിരിയായ/വീടായ സീനായ്മല മഹത്ത്വപൂർണ്ണനായ ദൈവത്തിന്റെ തല്ക്കാലവസതിയായിരുന്നല്ലോ. ആ വീട് തിരഞ്ഞെടുക്കപ്പെട്ട ജനത്തെ സെഹിയോൻ സെഹിയോൻ വസതിയിലേക്കാണ് ആനയിച്ചത്. ദൈവത്തിന്റെ പട്ടണമായ ജറുസലെം പണിയപ്പെട്ട മലയാണത്. അവിടുത്തെ മഹത്ത്വം കുടികൊള്ളുന്നതായിരുന്നു ആ ആലയം. മഹത്ത്വത്തിന്റെയും രക്ഷയുടെയും കാരുണ്യത്തിന്റെയും സിംഹാസനം. ഉടമ്പടിയുടെ മക്കളായി ദൈവത്തോടൊന്നിച്ച് വസിച്ചുകൊണ്ട്; അനുഗൃഹീതരായ തനയരായി തീരുന്ന പ്രകീർത്തനവേദിയെന്ന് അതിനെ വിശേഷിപ്പിക്കാം. ഇസ്രായേൽജനത്തിന്റെ അസ്തിത്വത്തിന്റെയും സുസ്ഥിതിയുടെയും നിലനിൽപ്പിന്റെയും പ്രതീകവും അച്ചാരവുമായിരുന്നു ആ ദിവ്യനിലയം. നിത്യമായ സ്വർഗ്ഗീയ സെഹിയോനിലെ മഹത്ത്വജീവിതത്തിന്റെ മുന്നനുഭവം ജറുസെലം കാഴ്ചവച്ചു. സെഹിയോൻ എന്ന അപ്പന്റെ വസതിയെക്കുറിച്ചുള്ളതാണ് ഈ സല്ലാപചിന്ത.

5.5.2. ബൈബിൾ തലങ്ങൾ

ബിബ്ലിക്കലായ വീക്ഷണത്തിന്റെ ഭാഷ്യമായിരുന്നു ധ്യാന സല്ലാപങ്ങളിൽ ഞാൻ അവതരിപ്പിച്ചിരിക്കുന്ന സെഹിയോനെക്കുറിച്ചുള്ള അവതരണം. തന്മൂലം ആദ്യമായി ബൈബിളിന്റെ ലോകത്തിലേക്ക് ഞാൻ നിങ്ങളെ കൂട്ടിക്കൊണ്ടുപോകട്ടെ.

5.5.2.1. ദാവീദിന്റെ യത്നം

യാഹ്വെ തനിക്ക് രാജ്യമെന്ന വീടു നൽകിയതിൽ കൃത ജ്ഞതാനിർഭരനായിത്തീർന്ന ദാവീദ് അവിടുത്തേക്ക് ഒരു ഭവനം പണിയുവാൻ അതിയായി ആഗ്രഹിച്ചു. താൻ അതിവിശിഷ്ടമായ സീഡാർമരംകൊണ്ട് നിർമ്മിതമായ അരമനയിൽ വസിക്കുമ്പോൾ ദൈവത്തിന്റെ പേടകം ഒരു കൂടാരത്തിൽ സ്ഥിതിചെയ്യുന്നത് സഹിക്കാനായില്ല ആ ഭക്തദാസന് (2 സാമു 7:2). അക്കാര്യം അദ്ദേഹം സങ്കീ 132:2-5 ൽ അല്പംകൂടി വിശദമാക്കീയിട്ടുണ്ട്: "കർത്താവിനോട് അദ്ദേഹം ശപഥം ചെയ്തു; യാക്കോബിന്റെ ശക്തനായവനോട് വ്രതം ചെയ്തു: ഞാൻ എന്റെ ഭവനത്തിൽ പ്രവേശിക്കുകയോ ശയ്യയിൽ കിടക്കുകയോ ചെയ്യുകയില്ല. കണ്ണുകൾ നിദ്രയിലമരുവാൻ സമ്മതിക്കുകയില്ല; കൺപോളകൾക്ക് മയക്കം കൊടുക്കുകയില്ല" കർത്താവിനെക്കുറിച്ചുള്ള തീക്ഷ്ണതയാൽ ദാവീദ് ജ്വലിച്ചെങ്കിലും ദൈവം തനിക്കൊരു വീടു പണിയുവാൻ അദ്ദേഹത്തെ അനുവദിച്ചില്ല. സൃഷ്ടിയായ മനുഷ്യൻ സ്രഷ്ടാവിന് ഭവനംനിർമ്മിക്കുന്ന പ്രക്രിയയിലൂടെ അവിടുത്തെമേൽ അധീശത്വം സ്ഥാപിക്കുകയോ? ദേവാലയനിർമ്മിതിയുടെ ആരംഭകനും നിവേശകനും മുൻകൈയ്യെടുക്കുന്നവനും വിശദാംശങ്ങൾ നൽകുന്നവനും, നിയന്ത്രിക്കുന്നവനും കർത്താവു മാത്രമായിരിക്കണം. അതിനാൽ നാത്താൻ പ്രവാചകനിലൂടെ അവിടുന്ന് അറിയിച്ചു, താൻ ദാവീദിന് ഒരു സന്തതിയെ നൽകുമെന്നും അവനെ ദേവാലയം നിർമ്മിക്കുവാൻ നിയോഗിക്കുമെന്നും (2 സാമു 7:12-16).

5.5.2.2. നമ്മോടൊത്തു വസിക്കുന്ന ദൈവം

സോളമനാണ് ജറുസലെം ദേവാലയം പണിതത്. അതിനെക്കുറിച്ചുള്ള നീണ്ട വിവരണങ്ങൾ 1 രാജാ 5-8 ൽ കാണാം. ദേവാലയപ്രതിഷ്ഠ വളരെ ആഘോഷമായി നടത്തപ്പെട്ടു. രാജാവും ജനങ്ങളും ഒന്നുചേർന്ന് ആനന്ദനിർഭരരായി അതിൽ പങ്കെടുത്തു. സോളമന്റെ പ്രാർത്ഥനയിൽ അദ്ദേഹം അത്ഭുതപ്പെടുന്നുണ്ട്, ആകാശങ്ങൾക്കും വാനവിതാനങ്ങൾക്കും ഉൾക്കൊള്ളാനാകാത്ത ദൈവം വാസ്തവത്തിൽ മനുഷ്യരോടൊത്ത് വസിക്കുമോയെന്ന് (1 രാജാ 8:27). അദ്ദേഹത്തിന്റെ ആ വിസ്മയം എനിക്കും നിങ്ങൾക്കും ഉണ്ടാകേണ്ട പ്രതികരണമാണ്. നമ്മുടെ ദേവാലയങ്ങളിൽ രാവും പകലും ആരാധനാവൃന്ദത്തിന്റെ അഭാവത്തിൽപോലും സർവ്വേശ്വരൻ എഴുന്നള്ളിയിരിക്കുന്നു! എന്തുമാത്രം അവിടുത്തെ സ്തുതിക്കുകയും ആരാധിക്കുകയും ബഹുമാനിക്കുകയും നന്ദിയർപ്പിക്കുകയും

ചെയ്താലും മതിവരുമോ? എത്രയധികം ഭയഭക്ത്യാദരവുകളോടും വണക്കത്തോടും കൂടിയാകണം നമ്മൾ തിരുസന്നിധിയിൽ വ്യാപരിക്കേണ്ടത്? ഓർമ്മകളും ചിന്തകളുമെല്ലാം അവിടുന്നിൽ കേന്ദ്രീകരിക്കേണ്ടതല്ലേ? അലസതക്കും അശ്രദ്ധക്കും അവിടെ സ്ഥാനമുണ്ടോ? ബെഥനിയായിലെ മറിയത്തെപ്പോലെ തിരുസവിധത്തിൽ കണ്ണും നട്ടിരിക്കുകയും ദിവ്യവചസ്സുകൾ ശ്രവിക്കുവാൻ കാതു കൂർപ്പിച്ചിരിക്കുകയും അവിടുത്തോട് സ്നേഹസംഭാഷണത്തിൽ മുഴുകുകയും ചെയ്യേണ്ടതല്ലേ? എന്റെ ഒരു സൂക്തം വീണ്ടും നിങ്ങളെ ഞാൻ അനുസ്മരിപ്പിക്കട്ടെ: "ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ. എപ്പോഴും തന്റെ കൺമുമ്പിലിരിപ്പിൻ. തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ" (*കത്തുകൾ* VIII/6; *സൂക്തങ്ങൾ* 28).

5.5.2.3. ദേവാലയം ജീവിതകേന്ദ്രം

സെഹിയോനിൽ വാഴുന്ന തമ്പുരാനായിരുന്നു ഇസ്രായേൽജനത്തിന്റെ ജീവനാഡി. ദേവാലയത്തെക്കുറിച്ച് അവർക്കുണ്ടായിരുന്ന അഭിമാനവും ഭയഭക്ത്യാദരവുകളും സങ്കീർത്തനങ്ങളിൽ നിറഞ്ഞു നിൽക്കുന്നുണ്ട് (സങ്കീ 87; 84; 122; 129; 48:11-14; 129:5-6; 137; 126). ഏതാനും പ്രസക്തഭാഗങ്ങൾ ഉദ്ധരിക്കട്ടെ. സെഹിയോൻ ജനതകളുടെ മാതാവാണ്. കർത്താവ് വിശുദ്ധഗിരിയിൽ തന്റെ നഗരം സ്ഥാപിച്ചിരിക്കുന്നു. മറ്റെല്ലാവാസസ്ഥലങ്ങളേക്കാൾ സെഹിയോന്റെ കവാടങ്ങളെ ഇഷ്ടപ്പെടുന്നു (87:1-2). ദൈവഭവനത്തിൽ പോകുന്നതിൽ ഉടമ്പടീജനം ആത്മാഭിലാഷം കണ്ടെത്തി. അവർ സംഘംചേർന്ന് ആലപിച്ചു: "സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം! എന്റെ ആത്മാവ് കർത്താവിന്റെ അങ്കണത്തിലെത്താൻ വാഞ്ഛിച്ചു തളരുന്നു; എന്റെ മനസ്സും ശരീരവും ജീവിക്കുന്നവനായ ദൈവത്തിന് ആനന്ദഗാനമാലപിക്കുന്നു" (84:1-2). "കർത്താവിന്റെ ആലയത്തിലേക്ക് പോകാമെന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു" (122:1). ജറുസലെമിനെ സ്നേഹിക്കുന്നവർക്ക് ഐശ്വര്യമുണ്ടാകുമെന്നത് അവർ ഉരുവിട്ടിരുന്ന അനുഗ്രഹവാക്യമായിരുന്നു. കർത്താവിന്റെ ആലയത്തിന്റെ നന്മക്കുവേണ്ടിയായിരുന്നു ഇസ്രായേൽ പ്രാർത്ഥിച്ചിരുന്നത് (122:9). സെഹിയോനുചുറ്റും പ്രദക്ഷിണം വയ്ക്കുകയും അതിന്റെ ഗോപുരങ്ങളും കൊത്തളങ്ങളും കണ്ടുകൊണ്ടിരിക്കുകയും അവ എണ്ണിനോക്കുകയും ചെയ്യുക തീർത്ഥകർക്ക് ഒരു ഹരമായിരുന്നു (48:11-14). ഉടമ്പടീതനയരുടെ ഒരു ശാപവാക്യം ഇതായിരുന്നു: "സെഹിയോനെ

വെറുക്കുന്നവർ ലജ്ജിച്ചു പിൻതിരിയട്ടെ! അവർ വളരുന്നതിനുമുൻപ് ഉണങ്ങിപ്പോകുന്ന പുരപ്പുറത്തെ പുല്ലുപോലെയാകട്ടെ (129:5-6).

5.5.2.4. സ്വപ്നം നഷ്ടപ്പെട്ടവർ

ബാബിലോൺകാർ ദേവാലയം നശിപ്പിച്ചപ്പോൾ തങ്ങളുടെ അസ്തിത്വംതന്നെ നിലച്ചുപോയതായി ജനം കരുതി. പ്രവാസികൾ ബാബിലോൺ നദിയുടെ തീരത്തിരുന്ന് സെഹിയോനെയോർത്ത് വിലപിച്ചു. കിന്നരംമീട്ടി പാട്ടുപാടുന്ന ശീലം നിർത്തിക്കളഞ്ഞു. മേലാളുകൾ ഗാനമാലപിക്കുവാൻ നിർബന്ധിച്ചപ്പോൾ ആ അടിമകൾ ഇപ്രകാരമാണ് പ്രതികരിച്ചത്: "അന്യദേശത്തുവച്ച് ഞങ്ങൾ എങ്ങനെ കർത്താവിന്റെ ഗാനമാലപിക്കും?" (137:1-4). അതോടൊപ്പം അവർ ഒരു ശാപവാക്യം ഉതിർത്തു: "ജറുസലേമേ നിന്നെ ഞാൻ മറക്കുന്നുവെങ്കിൽ, എന്റെ വലതുകൈ എന്നെ മറക്കട്ടെ! നിന്നെ ഞാൻ ഓർക്കുന്നില്ലെങ്കിൽ, ജറുസലേമിനെ എന്റെ ഏറ്റവും വലിയ സന്തോഷമായി കണക്കാക്കുന്നില്ലെങ്കിൽ എന്റെ നാവ് അണ്ണാക്കിൽ ഒട്ടിപ്പോകട്ടെ" (137:5-6). തങ്ങളോടൊത്ത് വസിച്ചിരുന്നവന്റെ സാന്നിദ്ധ്യം നഷ്ടപ്പെടുത്തിയ ശത്രുക്കളോട് അടക്കാനാകാത്ത വിദ്വേഷം ഓരോ ഇസ്രായേൽക്കാരനിലും നിറഞ്ഞുനിന്നിരുന്നു: "സംഹാരിണിയായ ബാബിലോൺ പുത്രീ, നീ ഞങ്ങളോടു ചെയ്തത് നിന്നോടു ചെയ്യുന്നവൻ അനുഗൃഹീതൻ! നിന്റെ കുഞ്ഞുങ്ങളെ പിടിച്ച് പാറമേൽ അടിക്കുന്നവൻ അനുഗൃഹീതൻ" (137:8-9). ബാബിലോണിൽനിന്ന് മടങ്ങിവരുവാൻ ഭാഗ്യംലഭിച്ചതിനെക്കുറിച്ചുള്ള പ്രതികരണം ഇപ്രകാരമായിരുന്നു: "കർത്താവ് വിപ്രവാസികളെ സെഹിയോനിലേക്ക് തിരിച്ചുകൊണ്ടുവന്നപ്പോൾ അതൊരു സ്വപ്നമായിത്തോന്നി. അന്നു ഞങ്ങൾ പൊട്ടിച്ചിരിച്ചു. ഞങ്ങളുടെ നാവ് ആനന്ദാരവം മുഴക്കി. 'കർത്താവ് അവരുടെ ഇടയിൽ വൻ കാര്യങ്ങൾ ചെയ്തിരിക്കുന്നു'വെന്ന് ജനതകളുടെ ഇടയിൽ പ്രഘോഷിക്കപ്പെട്ടു. കർത്താവ് ഞങ്ങൾക്കുവേണ്ടി വൻ കാര്യങ്ങൾ ചെയ്തിരിക്കുന്നു; ഞങ്ങൾ സന്തോഷിക്കുന്നു" (126:1-3). പുതിയ സെഹിയോനെക്കുറിച്ച് ഞാൻ കണ്ട ദർശനം എസെക്കിയേൽ പ്രവാചകൻ 40-48 അദ്ധ്യായങ്ങളിൽ ചിത്രീകരിച്ചിട്ടുണ്ട്. വിപ്രവാസത്തിൽനിന്നു തിരിച്ചുവന്ന ജനത്തോട് ഹഗ്ഗായ് പ്രവാചകൻ ആവശ്യപ്പെട്ടതെന്തെന്നോ? ദേവാലയം പണിയൂ. അപ്പോൾ ദൈവാനുഗ്രഹങ്ങൾ ലഭിക്കും.

5.5.2.5. പുതിയ ദേവാലയം

ദൈവാത്മാവിന്റെ നികേതനമായിരുന്നല്ലോ ഈശോ. അവി

ടുന്നിൽ സ്വർഗ്ഗീയ പിതാവ് വസിച്ചു. ജറുസലേമിലെ ദേവാലയം ക്രയവിക്രയസ്ഥലമാക്കിത്തീർത്തവരെ ദിവ്യഭവനത്തിന്റെ തീക്ഷ്ണതനിറഞ്ഞവനായ അവിടുന്ന് അടിച്ചോടിച്ചു. "എന്റെ പിതാവിന്റെ ഭവനം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്" എന്ന് ആവശ്യപ്പെട്ടു (യോഹ 2:13-17). തുടർന്ന് ദിവ്യതനയൻ ഇപ്രകാരം മൊഴിഞ്ഞു: "നിങ്ങൾ ഈ ആലയം നശിപ്പിക്കുവിൻ. മൂന്നുദിവസംകൊണ്ട് ഇത് ഞാൻ പുനരുദ്ധരിക്കും. തന്റെ ശരീരമാകുന്ന ആലയത്തെക്കുറിച്ചായിരുന്നു ഈ പ്രവചനം (യോഹ 2:18-22).

5.5.2.6. സ്വർഗ്ഗീയ സെഹിയോൻ

ഭൂമിയിലെ സെഹിയോൻ സ്വർഗ്ഗീയസെഹിയോന്റെ നിഴൽ മാത്രമാണ്. ഹെബ്രാ 12:22-24 ലെ പ്രബോധനം വായിച്ചുനോക്കുവിൻ: "സെഹിയോൻ മലയെയും സജീവദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ ജറുസലെമിനെയും അസംഖ്യം ദൈവദൂതന്മാരുടെ സംഘത്തെയുമാണ് നിങ്ങൾ സമീപിച്ചിരിക്കുന്നത്. മാത്രമല്ല സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരുടെ സമൂഹത്തെയും, എല്ലാവരുടെയും വിധികർത്താവായ ദൈവത്തെയും, പൂർണ്ണരാക്കപ്പെട്ട ധർമ്മിഷ്ഠരുടെ ആത്മാക്കളെയും, പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായ ഈശോയെയും, ആബേലിന്റെ രക്തത്തേക്കാൾ ശ്രേഷ്ഠമായവ സംസാരിക്കുന്ന ശുശ്രൂഷയുടെ രക്തത്തെയുമാണ് നിങ്ങൾ സമീപിച്ചിരിക്കുന്നത്." അതേ, സ്വർഗ്ഗം നവ്യസെഹിയോനാണ്. അവിടേക്ക് വിളിക്കപ്പെട്ടിരിക്കുന്നവരാണ് നമ്മളെല്ലാം. സ്വർഗ്ഗീയസെഹിയോനിലെ ജീവിതം ഭൂമിയിൽ നയിക്കുവാനാണ് അമലോത്ഭവമറിയത്തിന്റെ മക്കൾ നിയോഗിതരായിരിക്കുക.

5.5.2.7. പ്രകീർത്തന ജീവികളുടെ സമൂഹം

സ്വർഗ്ഗീയ സെഹിയോനിലെ ജീവിതത്തെപ്പറ്റി വെളിപാടുഗ്രന്ഥത്തിൽ തുടർച്ചയായ വിവരണമുണ്ട്: 4:1-11; 5:13-14; 7:1-17; 11:15-19; 21:1-7,9-27. പ്രസക്തഭാഗങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ തിരിക്കട്ടെ. "അതാ സ്വർഗ്ഗത്തിൽ ഒരു സിംഹാസനം സജ്ജീകരിക്കപ്പെട്ടിരിക്കുന്നു; സിംഹാസനസ്ഥനായി ഒരാളും. സിംഹാസനാരൂഢൻ കാഴ്ചയിൽ സൂര്യകാന്തംപോലെയും മരതകക്കല്ലുപോലെയും ആയിരുന്നു... സിംഹാസനത്തിനു ചുറ്റുമായി 24 സിംഹാസനങ്ങൾ. ഈ സിംഹാസനങ്ങളിൽ ശുഭ്രവസ്ത്രധാരികളായ ശ്രേഷ്ഠന്മാർ ഉപവിഷ്ടരായിരുന്നു... സിംഹാസനത്തിന്റെ മധ്യത്തിലും സിംഹാസനത്തിന്റെ ചുറ്റിലുമായി നാലു ജീവികളും. അവയ്ക്ക് മുമ്പിലും പിമ്പിലും നിറയെ കണ്ണുകൾ... ഈ നാലു ജീവികളിൽ ഓരോന്നിനും

ആറു ചിറകുകൾ ഉണ്ടായിരുന്നു. അവയ്ക്കു ചുറ്റിലും ഉള്ളിലും നിറയെ കണ്ണുകൾ. രാപകൽ ഇടവിടാതെ അവ ഉദ്ഘോഷിച്ചിരുന്നു. "ആയിരുന്നവനും ആയിരിക്കുന്നവനും വരുവാനിരിക്കുന്നവനും സർവ്വശക്തനും ദൈവവുമായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ." എപ്പോഴൊക്കെ ആ ജീവികൾ സിംഹാസനത്തിൽ ഉപവിഷ്ഠനായിരിക്കുന്നവന്, മഹത്ത്വവും ബഹുമാനവും സ്തുതിയും നൽകിയിരുന്നുവോ, അപ്പോഴൊക്കെ ആ ഇരുപത്തിനാല് സഭാപ്രമാണികൾ സിംഹാസനസ്ഥന്റെ മുമ്പിൽവീണ് നിത്യം ജീവിക്കുന്നവനെ സാഷ്ടാംഗം പ്രണമിക്കുകയും ആ സിംഹാസനത്തിനുമുമ്പിൽ അവരുടെ കിരീടങ്ങൾ വച്ചുകൊണ്ട് ഗാനം ആലപിക്കുകയും ചെയ്യുന്നു: "ഞങ്ങളുടെ ദൈവവും കർത്താവുമായ അങ്ങ് ഈ മഹത്ത്വവും ബഹുമാനവും ശക്തിയും സ്വീകരിക്കുവാൻ അർഹനാണ്. എന്തെന്നാൽ, അങ്ങ് സർവ്വവും സൃഷ്ടിച്ചു; അങ്ങയുടെ ഇഷ്ടമനുസരിച്ച് അവ ഉണ്ടായിരിക്കുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു." (അദ്ധ്യായം 4).

"സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നവനും കുഞ്ഞാടിനും എന്നേക്കും സ്തുതിയും ബഹുമാനവും മഹത്ത്വവും ശക്തിയും. നാലു ജീവികളും 'ആമ്മേൻ' എന്നു പറഞ്ഞു. സഭാപ്രമാണികളാകട്ടെ സാഷ്ടാംഗം വീണ് ആരാധിച്ചു." (അധ്യായം 5).

ഏഴാം അദ്ധ്യാത്തിൽ നെറ്റിത്തടത്തിൽ ദൈവത്തിന്റെ മുദ്ര കുത്തിയിരിക്കുന്നവരുടെ സംഖ്യ വിവരിച്ചു പറഞ്ഞിരിക്കുന്നു. "അവർ വെള്ളയങ്കി അണിഞ്ഞും കൈകളിൽ കുരുത്തോലയുമായി സിംഹാസനത്തിനു മുൻപിലും കുഞ്ഞാടിന്റെ മുമ്പിലും നിന്നിരുന്നു. വലിയ സ്വരത്തിൽ ഇങ്ങനെ വിളിച്ചു പറഞ്ഞു: 'സിംഹാസനാരൂഢനായ നമ്മുടെ ദൈവത്തോടും കുഞ്ഞാടിനോടും രക്ഷ ബന്ധപ്പെട്ടിരിക്കുന്നു'... എല്ലാവരും സിംഹാസനത്തിന്റെ മുൻപിൽ കമിഴ്ന്നുവീണ് ദൈവത്തെ ഇപ്രകാരം പറഞ്ഞ് ആരാധിച്ചു: 'ആമ്മേൻ!' സ്തുതിയും മഹത്ത്വവും വിജ്ഞാനവും കൃതജ്ഞതയും ബഹുമാനവും അധികാരവും ശക്തിയും നമ്മുടെ ദൈവത്തിന് എന്നന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മേൻ."

24 സഭാപ്രമാണികൾ സാഷ്ടാംഗം പ്രണമിച്ച് ദൈവത്തെ ആരാധിച്ചുകൊണ്ട് ഉദ്ഘോഷിച്ചു: "ആയിരുന്നവനും ആയിരിക്കുന്നവനും സർവ്വശക്തനും ദൈവവുമായ കർത്താവേ, അങ്ങേക്ക് ഞങ്ങൾ നന്ദി പറയുന്നു" (അദ്ധ്യായം 11).

"പിന്നെ പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു... *വിശുദ്ധനഗരമായ പുതിയ സെഹിയോൻ, കർത്താവിനായി അണി*

ഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ സ്വർഗ്ഗത്തിൽനിന്ന്, ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു...ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവരോടൊത്ത് വസിക്കും. അവർ അവിടുത്തെ ജനമായിരിക്കും. അവിടുന്ന് അവരോടൊത്തുള്ള ദൈവമായിരിക്കുകയും ചെയ്യും..." (അദ്ധ്യായം 21:1-4). തുടർന്നുള്ളത് സ്വർഗ്ഗീയസെഹിയോനെക്കുറിച്ചുള്ള നീണ്ട വിവരണമാണ്. അവസാനഭാഗത്തിലെ ചില വാക്യങ്ങൾ: "നഗരത്തിൽ ഞാൻ ദേവാലയം കണ്ടില്ല. എന്തുകൊണ്ടെന്നാൽ സർവ്വശക്തിയുള്ള കർത്താവായ ദൈവവും കുഞ്ഞാടുമാണ് അതിന്റെ ദേവാലയം... ദൈവമഹിമാവാണ് അതിന്റെ പ്രകാശം. അതിന്റെ ദീപം കുഞ്ഞാടും."

5.5.2.8. നമ്മൾ ഭാഗ്യവാന്മാർ

പ്രിയപ്പെട്ട മക്കളേ, നമ്മെ കാത്തിരിക്കുന്ന സ്വർഗ്ഗീയ സെഹിയോനിലെ സൗഭാഗ്യം എത്രയോ വലുതാണ്! ത്രിത്വദൈവത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സദാസമയവും അർപ്പിക്കുന്നതിൽപ്പരം ആത്മസായൂജ്യം കൈവരുത്തുന്ന മറ്റെന്തു കർമ്മമാണുള്ളത്?

5.5.3. കുർബ്ബാന, ഒരു പ്രണാമപ്രക്രിയ

കുർബ്ബാനയുടെ ലോകം സ്തുതിയുടെയും ബഹുമാനത്തിന്റെയും നന്ദിപറച്ചിലിന്റെയും ആരാധനയുടെയും ലോകമാണ്. പരിശുദ്ധത്രിത്വത്തെ സ്തുതിക്കുവാനും ബഹുമാനിക്കുവാനും ആരാധിക്കുവാനും നന്ദിയർപ്പിക്കുവാനും അണയുകയാണ് നാമതിൽ. ദിവ്യതനയനായ ഈശോയോടൊത്ത് സഭാസമൂഹം ആ കർമ്മം നിർവ്വഹിക്കുന്നു. പിതാവിന്റെ സ്തുതിയുടെയും ബഹുമാനത്തിന്റെയും കൃതജ്ഞതയുടെയും ആരാധനയുടെയും മാനുഷികരൂപമാണല്ലോ അവിടുന്ന്. ആ നിത്യപുരോഹിതനുമായി ഒന്നുചേർന്ന് സഭാസമൂഹം ദൈവത്തെ സ്തുതിക്കുന്നു, ബഹുമാനിക്കുന്നു, നന്ദിയർപ്പിക്കുന്നു, ആരാധിക്കുന്നു. രണ്ടുതരം പ്രകരണങ്ങൾ റാസാക്രമത്തിൽ കാണാവുന്നതാണ്, നാമരൂപപ്രകരണവും ക്രിയാപ്രകരണവും. ആദ്യത്തേത് ആറുപ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്: "ഞങ്ങൾ അങ്ങേക്ക് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു." രണ്ടാമത്തേത് പൂർണ്ണരൂപത്തിൽ ഒരു പ്രാവശ്യം മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ: "അങ്ങയുടെ മഹനീയമായ ത്രിത്വത്തിന്റെ ആരാധ്യവും സ്തുത്യർഹവുമായ നാമത്തെ സ്വർഗ്ഗത്തിലും ഭൂമിയിലും ഞങ്ങൾ സദാസമയവും ആരാധിക്കുന്നു, സ്തുതിക്കുന്നു, ബഹു

മാനിക്കുന്നു, നന്ദിയർപ്പിക്കുന്നു, മഹത്ത്വപ്പെടുത്തുന്നു, വാഴ്ത്തുന്നു" (സ്വർഗ്ഗസ്ഥനായ പിതാവേ, എന്ന ജപത്തിനുശേഷം കാർമ്മികൻ സാധാരണദിവസങ്ങളിൽ ചൊല്ലുന്ന പ്രാർത്ഥന). ക്രിയാരൂപത്തിലുള്ള അപൂർണ്ണമായ സൂക്തവാക്യങ്ങൾ കുർബ്ബാനയിലുടനീളം ആവർത്തിച്ചിരിക്കുന്നു. ഇപ്രകാരം നമ്മുടെ ആരാധനക്രമം സ്വർഗ്ഗീയ സെഹിയോനിലെ പ്രകീർത്തനത്തിന്റെ ഭൗമികരൂപമാണ്. ഇവിടെ ത്രിത്വദൈവത്തിന് നിരന്തരം സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും അർപ്പിച്ചുകൊണ്ടിരിക്കുന്നവർക്കു മാത്രമേ സ്വർഗ്ഗീയ സെഹിയോനിലെ പ്രണാമപ്രക്രിയയിൽ പങ്കുചേരാനാകുകയുള്ളൂ.

5.5.4. എന്റെ മദ്ബഹാസങ്കല്പം

സെഹിയോൻ വീടാകുന്ന പ്രാർത്ഥനാമുറിയെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാട് നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

5.5.4.1. പരമപരിശുദ്ധിയുടെ നികേതനം

ദൈവത്തിന്റെ വാസസ്ഥലമായ ജറുസലെം ദേവാലയത്തിൽ അതിപവിത്രവേദി ഉണ്ടായിരുന്നുവല്ലോ. അവിടെ എഴുന്നള്ളിയിരിക്കുന്ന പരമപരിശുദ്ധന്റെ പക്കലണയുന്നവർ പരിശുദ്ധിയുള്ളവരാകണം. "ഞാൻ പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ" എന്നാണല്ലോ തിരുവചനം (ലേവ്യ 11:44,45; 19:2; 20:7,26; 1 പത്രോ 1:16). ഞാൻ ശുദ്ധമുള്ളവനായതിനാൽ എന്റെ പക്കലണയുന്നവനും ശുദ്ധമുള്ളവനാകണമെന്നും അശുദ്ധമുള്ളവരിൽ യാതൊരുത്തനും എന്റെ തിരുമുമ്പിൽ അണഞ്ഞുകൂടാ എന്നും ഇങ്ങനെ പഴയതും പുതിയതുമായ തിരുപുസ്തകങ്ങൾനിറച്ച് ഈ ശുദ്ധതയെ വിളിച്ചറിയിക്കുന്നു." (*ധ്യാനസല്ലാപങ്ങൾ*, പേജ് 33). ദൈവപരിശുദ്ധിയെക്കുറിച്ചുള്ള ഈ ചിന്ത അശുദ്ധനായ എന്നെ വിഭ്രമിപ്പിച്ചു. "അയ്യയ്യോ ആകാശപ്രഭുക്കൾ (മാലാഖമാർ) വിറയ്ക്കുന്നു എന്നെ നിന്റെ മദ്ബഹായിൽ അകൃതപുഴുവായ അടിയൻ അണയുവാൻ അനുവദിച്ചതെങ്ങനെ? അശുദ്ധമാകപ്പെട്ടവന്റെ നാലര തലമുറവരെയും മദ്ബഹായിലണഞ്ഞുകൂടെന്നും ഭയമുളവാക്കി പഴയകാലത്തിലുള്ള മദ്ബഹായുടെ ശുദ്ധതയിന്മേൽ കൽപ്പിച്ചു (ലേവ്യ 21:17-23) എന്ന ദൈവമേ ഇന്നു നീ തന്നെ സത്യമായി എഴുന്നള്ളിയിരിക്കുന്ന ഈ മദ്ബഹായിൽ അയ്യോ ഞാൻ അടുക്കുന്നതെങ്ങനെ?"

പഴയനിയമത്തിലെ എസ്തേർരാജ്ഞിയുടെ കഥ ഓർക്കുകയായി ഞാൻ (എസ്തേ 15:7). അനുവാദമില്ലാതെ രാജസന്നിധിയി

ലണഞ്ഞ രാജ്ഞിയെ സിംഹാസനാരൂഢനായിരിക്കുന്നവൻ സൂക്ഷിച്ചുനോക്കിയപ്പോൾ അവൾ മരിച്ചവളെപ്പോലെ മോഹിച്ചു വീണു. "തന്റെ മണവാട്ടിയെ ഈ വണ്ണം ഭയപ്പെടുത്തുവാൻ തക്ക മഹിമയെ മനുഷ്യനു കൊടുത്തവനായ ദൈവത്തിന്റെ മഹിമയുടെ സിംഹാസനം എത്രയോ ഭയങ്കരമുള്ളതായിരിക്കും! ഇങ്ങനെയുള്ള ഈ മഹിമപ്രതാപമായ മദ്ബഹായിൽ എത്രയും സത്യമായിട്ടുള്ള അയോഗ്യനായ ഞാൻ കടന്നപ്പോൾ എന്നെ ശിക്ഷിക്കാഞ്ഞതെന്ത്?....." (*ധ്യാനസല്ലാപങ്ങൾ*, പേജ് 37-38).

അനാദരവോടെ തിരുസ്സന്നിധിയിലണഞ്ഞ പഴയനിയമത്തിലെ പല വ്യക്തികളെയും ദൈവം ശിക്ഷിച്ചിട്ടുണ്ട്. അവ ഓർത്തപ്പോൾ മഹാപാപിയായ അടിയൻ ഭയന്നുവിറച്ചുപോയി. "അയ്യയ്യോ മുട്ടാടുകളെയും കാളമൂരികളെയും അറുത്തു പൂജിക്കുന്ന പൂജയിടത്തിനും മദ്ബഹായ്ക്കും അല്പമായ അന്തചാരത്താൽ അണഞ്ഞ മേൽപ്പട്ടക്കാരന്റെ കടിഞ്ഞൂൽ പുത്രന്മാരെക്കൂടെയും അനുഗ്രഹിക്കാതെ വീക്ഷിച്ചവനാണ് പരമപരിശുദ്ധനായവൻ." (പേജ് 33). മുഖ്യ പുരോഹിതനായ അഹറോന്റെ മക്കളായ നാദാബിനും അബീഹൂവിനും സംഭവിച്ച ദുരന്തം ലേവ്യ 10:1-7 ൽ വിവരിച്ചിരിക്കുന്നതിനെയാണ് ഞാൻ പരാമർശിച്ചത്. തുടർന്നും ഇതരസംഭവങ്ങൾ ഞാൻ അനുസ്മരിക്കുകയായി. "തന്റെ തിരുപ്രമാണങ്ങളെഴുതിയ പലക വച്ചുപൂട്ടിയിരുന്ന പെട്ടകം ഇരിക്കുന്ന *ക്വദോശ് ക്വദ്ശാ* (അതിപവിത്രവേദി) എന്ന സ്ഥലത്തിൽ പ്രവേശിപ്പാനുള്ള തിരശ്ശീലയുടെയുള്ളിൽ കടക്കുവാൻ ഭാവിച്ച മഹാസേനാപതിയെ (2 ദിനാ 26:16-21) ആകാശത്തിൽനിന്ന് തന്റെ ദൂതന്മാരെ യാത്രയാക്കി ഉടൻ ശിക്ഷിച്ചു. ഈ വിധം ആ സാദൃശ്യത്തിനടുത്ത ദേവാലയവും പൂജയും നീ മഹത്ത്വപ്പെടുത്തിക്കൊണ്ട് അല്പമായ അനാചാരംപോലും നീ ക്ഷമിക്കുന്നില്ലെന്ന് കാണിച്ചിരിക്കയിൽ അയ്യയ്യോ തന്റെ സ്വരം ആകാശത്തെയും ഭൂമിയെയും ഇളക്കുന്നവനായ (സങ്കീ 46:6) സർവ്വേശ്വരന്റെ ഏകപുത്രനായ സത്യദൈവവും സത്യമനുഷ്യനുമായിരിക്കുന്ന എന്റെ രക്ഷയുടെ ഉടയവനായിരിക്കുന്ന സർവ്വേശ്വരൻ പട്ടാങ്ങയായി തന്റെ മുഴു മഹിമകളെ മറച്ചുകൊണ്ട് രാപകൽ ഇടവിടാതെ ഈ ഞങ്ങളുടെ പാവപ്പെട്ട ത്രോണോസിൽ ഈ അല്പസാധനമായ ഓസ്തിയപ്പത്തിൽ തന്റെ ദൈവമഹിമകളെ എളിമപ്പെടുത്തിക്കൊണ്ട് എഴുന്നള്ളി ഈ സക്രാരിയിൽ പട്ടാങ്ങയായി ഇരിക്കുന്നുവെന്ന് സംശയമില്ലാതെ ഞാൻ ബോധിച്ചു വിശ്വസിച്ചിരിക്കുന്നു.

എന്നിട്ടും അയ്യോ പാപിയായ അടിയൻ എത്രയോ പ്രാവശ്യം ഈ മഹിമനിറഞ്ഞ മദ്ബഹായുടെയുള്ളിൽ ഒരു വിചാരവുംകൂടാതെ കടന്നു. അയ്യോ എന്റെ അകർമ്മത്തിന് തക്കവണ്ണം ഇതുവരെ എന്നെ ശിക്ഷിച്ചില്ല. എന്നുതന്നെയുമല്ല ഒരു ഭയസ്വരവും കേൾപ്പിച്ചില്ലല്ലോ!" (പേജ് 33-34).

പഴയനിയമത്തിലെ വാഗ്ദാനപേടകം സ്ഥിതിചെയ്യുന്ന അതിപവിത്രവേദിയുടെ പരിശുദ്ധിയെയും പുതിയ നിയമത്തിലെ മദ്ബഹായെന്ന പരിശുദ്ധിയുടെ നികേതനവും തമ്മിലുള്ള അന്തരം ഞാൻ ധ്യാനവിഷയമാക്കി. സക്രാരിയിൽ ദൈവതനയൻ "സത്യമായിട്ട് സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് എന്നതുപോലെ എഴുന്നള്ളിയിരിക്കുന്നു.... സംശയമില്ലാതെ ഞാനത് വിശ്വസിക്കുകയും ചെയ്യുന്നു." എന്നിട്ടും ഭയംകൂടാതെ ഈ മദ്ബഹായിൽ ഞാൻ എത്രയോ പ്രാവശ്യം കടന്നിട്ടും എന്നെ നീ ശിക്ഷിക്കാതെ എന്നോടു ക്ഷമിച്ചു! (പേജ് 34).

പ്രിയ കൂടപ്പിറപ്പുകളേ, ദേവാലയത്തെയും മദ്ബഹായെയും സക്രാരിയെയും കുറിച്ചുള്ള ഈ അതിസ്വാഭാവികമായ കാഴ്ചപ്പാട് നിങ്ങളിൽ മന്ദീഭവിച്ചുപോയിട്ടില്ലേ? എങ്കിൽ നിങ്ങളുടെ സ്ഥിതി അത്യധികം അപകടകരമാണ്. ദൈവജനത്തിൽ പലരും എത്രയോ ഭക്ത്യാദരവുകളോടുകൂടിയാണ് ദേവാലയത്തിൽ വർത്തിക്കുന്നത്! അവരുടെ ആ മനോഭാവമെങ്കിലും കർത്താവിന്റെ പുരോഹിതരായി അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്ന നിങ്ങൾക്ക് ഉണ്ടായിരിക്കേണ്ടതല്ലേ? കരുണയുടെ ദിനങ്ങൾ കഴിഞ്ഞുപോകുമെന്നും നീതിയുടെ കാലം വന്നുചേരുമെന്നും മറക്കാതിരിക്കുവിൻ. അപ്പോൾ നിങ്ങൾക്ക് ഉണ്ടാകാനിരിക്കുന്ന ശിക്ഷാവിധിയോർത്ത് ഇപ്പോൾതന്നെ ഞെട്ടിവിറയ്ക്കുവിൻ!

5.5.4.2. മനോഗുണവേദി

സെഹിയോൻഭവനം സ്വർഗ്ഗീയമഹത്ത്വം കുടികൊള്ളുന്നതും അശുദ്ധരായ മാനവരിൽ ഭീതി ജനിപ്പിക്കുന്നതുമായ സ്ഥലമെന്ന സങ്കല്പം പൂർണ്ണമല്ല. കൃപാപൂർണ്ണനായ ദൈവം അതിന്റെ മറ്റൊരു തലം എനിക്ക് വെളിപ്പെടുത്തിത്തന്നു. രക്ഷയുടെയും അനുഗ്രഹത്തിന്റെയും ആലയമാണത്. എന്റെ അപ്പനാണ് അവിടെ എഴുന്നള്ളിയിരിക്കുക. "എന്റെ രക്ഷയ്ക്കും, എനിക്ക് മനോഗുണം ചെയ്യാനും, എന്നോടു പൊറുക്കാനും, എന്റെ അപേക്ഷകൾ കേൾപ്പാനും, ആവശ്യങ്ങളെ തീർപ്പാനും, എനിക്ക് എന്തെല്ലാം നന്മ

കൾ വേണ്ടിയിരുന്നാൽ ആയതൊക്കെയും ധാരാളമായിട്ടു തന്നു കൊള്ളാമെന്ന് അറിയിച്ചുകൊണ്ട് തന്റെ പക്കൽ ഏതുനേരവും ചെന്ന് ഉണർത്തിച്ചാൽ എപ്പോഴും കേട്ടുകൊള്ളാമെന്ന് കല്പിച്ചു കൊണ്ടും എന്റെ സമീപമായ ഈ ദേവാലയത്തിൽ സക്രാരിയിൽ എഴുന്നുള്ളിയിരുന്നുകൊണ്ട് എന്നെ വിളിച്ചുവരുന്നു" (പേജ് 34).

നമ്മോടൊത്തുള്ള ഇമ്മാനുവേലായ ദൈവത്തെക്കുറിച്ചുള്ള സമ്പൂർണ്ണമെന്ന് വിശേഷിപ്പിക്കാവുന്ന കാഴ്ചപ്പാടാണിത്. സക്രാരിയിൽ എഴുന്നള്ളിയിരിക്കുന്ന കർത്താവ് എന്നെ നിരന്തരം വിളിച്ചു കൊണ്ടിരിക്കുകയാണ്. വരൂ, വരൂ - അവിടുന്നിതാ ക്ഷണിക്കുന്നു. അപ്പന് എന്നെ രക്ഷിക്കണം; മനോഗുണം ചെയ്തുതരണം; എന്നോട് ക്ഷമിക്കണം; എന്റെ അപേക്ഷകൾ കേൾക്കണം; ആവശ്യങ്ങൾ നിവർത്തിച്ചുതരണം. എനിക്കെന്തെല്ലാം നന്മകൾ വേണ്ടിയിരിക്കുന്നുവോ അവയൊക്കെയും ധാരാളമായി നൽകണം. ഏതുനേരമെങ്കിലും ചെന്ന് ഞാൻ യാചിച്ചാൽ അപ്പോഴൊക്കെ എന്നെ ശ്രദ്ധാപൂർവ്വം ശ്രവിക്കാൻ സന്നദ്ധനായിരിക്കുന്നു അപ്പൻ. ഇക്കാര്യമെല്ലാം എന്നോട് വീണ്ടും വീണ്ടും ഉണർത്തിക്കുകയാണ് ആ മനോഗുണത്തിന്റെ മൂർത്തരൂപം.

കനിവിന്റെ കേദാരമായ അപ്പൻ പുണ്യത്തിന്റെ ജ്യോതിസ്സാണ്. അതോടൊപ്പം രക്ഷാനാഥനുമാണ്. ഇപ്പോൾ എത്രയും അനുഗ്രഹമുള്ള പിതാവും മനോഗുണക്കാരനുമായിട്ട് എഴുന്നള്ളിയിരിക്കുന്നു. ഏശ 42:2-3 ൽ പറയുന്നതുപോലെ അപ്പൻ ആക്രോശിക്കുന്നില്ല; സ്വരമുയർത്തുന്നില്ല; തെരുവീഥിയിൽ തന്റെ ശബ്ദം മുഴക്കുന്നില്ല; ചതഞ്ഞ ഞാങ്ങണ ഒടിക്കുന്നില്ല; കരിന്തിരി കെടുത്തുന്നില്ല. എത്രയോ കരുണയുള്ളവനാണ് അവിടുന്ന്! തന്റെ ഗാംഭീര്യം നിറഞ്ഞ ശബ്ദം മുഴക്കിയാൽ ഞാൻ ഭയപ്പെട്ടുപോയേനേ. ചതഞ്ഞ ഞാങ്ങണപോലെ ദുർബ്ബലനാണ് ഞാൻ. സൂക്ഷിച്ചു കൈകാര്യം ചെയ്തില്ലെങ്കിൽ അത് ഒടിഞ്ഞുപോകും. മങ്ങിക്കത്തുന്ന ദീപത്തിനു തുല്യമായ ഞാൻ ഊതിയാൽ ഉടനെ കെട്ടുപോകും. തന്മൂലം "എത്രയും വലിയ ക്ഷമയോടെ അവിടുന്ന് മനോഗുണമെന്ന വെളിവിനെ കാണിച്ചുകൊണ്ടിരിക്കുന്നു." അദ്ധ്വാനിച്ചും ഭാരംവഹിച്ചും വിവശനായിരിക്കുകയാണ് ഞാൻ. പാപച്ചുമട് ചുമന്ന് തളർന്നുപോയിരിക്കുന്നു. ഇതാ അപ്പൻ എന്നോട് അരുളിച്ചെയ്യുകയാണ്. എന്റെ അടുക്കൽ വരിക, ഞാൻ നിനക്ക് ആശ്വാസം നൽകാം (മത്താ 11:28).

ഇതാ അപ്പൻ എന്നോട് അരുളിച്ചെയ്യുന്നു:"ഇനി ഭയത്തിന്റെ

അടിമകളല്ല നിങ്ങൾ. പിന്നെയോ മക്കളാണ് (റോമാ 8:15). ദാസരെന്ന് നിങ്ങളെ ഞാൻ വിളിക്കുകയില്ല. സ്നേഹിതന്മാരാണ് നിങ്ങൾ." (യോഹ 15:15). എത്രയോ മാധുര്യം നിറഞ്ഞ വാക്കുകൾ! ഹാ! ഇനി ഞാൻ പരമപരിശുദ്ധനായ അപ്പന്റെ സന്നിധിയിൽ അടിമയ്ക്കുതുല്യം ഭീതിയോടെ നിലകൊള്ളേണ്ടതില്ല. ദാസന്റെ സ്ഥാനത്തുനിന്ന് അവിടുന്ന് എന്നെ സ്നേഹിതന്റെ പദവിയിലേക്ക് ഉയർത്തിയിരിക്കുന്നു. ഹൃദയരഹസ്യങ്ങൾ പരസ്പരം പങ്കുവയ്ക്കുന്ന സുഹൃത്തിനെപ്പോലെ അപ്പൻ എന്നെ പരിഗണിക്കുകയാണ്! ഇതിൽപ്പരം മറ്റെന്താണ് എനിക്ക് ലഭിക്കാനുള്ളത്? എന്റെ ഹൃദയം സ്നേഹത്താൽ തുടിക്കുന്നു. അപ്പാ, അപ്പനെ ഞാൻ സ്തുതിക്കുകയും വണങ്ങുകയും പ്രണമിക്കുകയും ചെയ്യട്ടെ.

സെഹിയോനിൽ വാഴുന്ന അപ്പന്റെയടുത്തെത്തി ഞാൻ. ഇതാ എന്നെ കൈക്കൊള്ളുവാൻ അവിടുന്ന് ഇരു കൈകളും വിടർത്തിയിരിക്കുന്നു; ആലിംഗനം ചെയ്യാൻ തയ്യാറായിരിക്കുന്നു; പ്രിയത്താൽ മുത്തുവാനായി തിരുമുഖം ചായിച്ചിരിക്കുന്നു (*ധ്യാന സല്ലാപങ്ങൾ*, പേജ് 37). "എന്റെ മനോഗുണമുള്ള സർവ്വേശ്വരാ, ഇനി യാതൊരുത്തനെ താൻ കൈക്കൊൾകയില്ലെന്നും സംശയിപ്പാൻ ഇടയില്ലാത്തായല്ലോ" (പേജ് 38). കർത്താവ് മനോഗുണമുള്ളവനാണ്. ആരെയും, എത്ര പാപിയായാലും അവിടുന്ന് രണ്ടു കൈയ്യും നീട്ടി സ്വീകരിക്കും, സംശയമില്ല. അതിന് ഒരു ഉത്തമ ഉദാഹരണമാണ് മഹാപാപിയായ ഞാൻ. അവിടുന്ന് എന്നെ കൈക്കൊണ്ടിരിക്കുന്നു. ഇതാണ് പുതിയ നിയമത്തിലെ പ്രിയപ്പെട്ട അപ്പൻ; മനോഗുണമുള്ള സർവ്വേശ്വരൻ. പ്രിയ മക്കളേ, എന്തു തെറ്റു ചെയ്താലും നിങ്ങളാരും അപ്പനിൽനിന്ന് ഓടിക്കളയരുത്. അവിടുന്ന് എല്ലാം പൊറുക്കും, മറക്കും. ധൂർത്തപുത്രന്മാരിൽ മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവരെ ആശ്ലേഷിച്ച് ചുംബിക്കും; മേൽത്തരം വസ്ത്രം ധരിപ്പിക്കും; കൈയിൽ മോതിരവും കാലിൽ ചെരുപ്പും ഇടുവിക്കും; വിരുന്നൊരുക്കി ആനന്ദിച്ചാഹ്ലാദിക്കും (ലൂക്കാ 15:20-24). കൂടപ്പിറപ്പുകളേ, നമുക്കെല്ലാവർക്കും സെഹിയോൻഭവനത്തിൽ വസിച്ചുകൊണ്ട് മഹത്ത്വപൂർണ്ണനായ കർത്താവിനെ പാടിപ്പുകഴ്ത്താം, ആദരിക്കാം, കുമ്പിട്ടുവണങ്ങാം. അങ്ങനെ സന്ന്യാസജീവിതം ആനന്ദത്തിന്റെ ദർപ്പണമാക്കിത്തീർക്കാം.

5.6. സല്ലാപചിന്ത IV കാൽവരിമല/മണവറ

5.6.1. വീടിന്റെ മൂന്നാംപ്രതീകം

അപ്പന്റെ വീട് സീനായ്, സെഹിയോൻ ഗേഹങ്ങൾ മാത്രമ ല്ല, ഗാഗുൽത്താഭവനുമാണ്. മലയെന്ന രൂപകത്തിലൂടെ വീക്ഷിക്കു മ്പോൾ സീനായ്, സെഹിയോൻ ഗിരികൾ, ഗാഗുൽത്താമലയിലേക്ക് നയിക്കുന്നു. കാൽവരിയെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാട് തികച്ചും മിസ്റ്റിക്കലാണ്. അത് വിവാഹപന്തലാണ്. കുരിശ് മഹത്ത്വത്തിന്റെ മണവറയും. ഇപ്രകാരം ആഘോഷത്തിന്റെ വീടാണത്. ഇത്തരം കാഴ്ചപ്പാടിലൂടെ എല്ലാം നോക്കിക്കാണുവാനുള്ള അനുഗ്രഹത്തി നായി പ്രാർത്ഥിക്കുവിൻ.

5.6.2. വിവാഹഘോഷയാത്ര

ഉത്തമഗീതത്തിന്റെ ശൈലിയിലാണ് കർത്താവിന്റെ കാൽവ രിയിലേക്കുള്ള ഗമനവും കുരിശിൽ കരേറലുമൊക്കെ ഞാൻ ചിത്രീ കരിച്ചിരിക്കുക. ഈശോ മണവാളനാണ്. "എന്നെയും നിന്റെ മണ വാട്ടികളുടെ കൂട്ടത്തിൽ ചേർക്കാനായിട്ടത്രേ ഇത്ര വലിയ ദുഃഖാ ഘോഷങ്ങൾ കഴിക്കുന്നത്" (*ധ്യാനസല്ലാപങ്ങൾ*, പേജ് 39). ദുഃഖാ ഘോഷങ്ങൾ എന്ന പദം ശ്രദ്ധിക്കുവിൻ. അതൊരു വിവാഹാഘോ ഷമാണ്. അതോടൊപ്പം കാൽവരിയാത്ര ലോകത്തിന്റെ ദൃഷ്ടിയിൽ കദനത്തിന്റെ കഥയുമാണ്. *ധ്യാനസല്ലാപങ്ങളി*ലെയും *ആത്മാനുതാ പത്തി*ലെയും ഏതാനും ഭാഗങ്ങൾ ഉദ്ധരിക്കട്ടെ.

കാൽവരിദിനത്തെ "നിന്റെ മണവാളന്റെ മരണത്തിന്റെ 'ദിവസ'മെന്നാണ് (*ധ്യാനസല്ലാപങ്ങൾ*, പേജ് 22) ഞാൻ വിശേഷിപ്പി ക്കുക. കല്ല്യാണപ്പന്തലായ ഗാഗുൽത്തായിലേക്കുള്ള പുറപ്പാടിനു മുൻപ് കന്യകാമറിയം ഈശോയെന്ന മണവാളനെ മുടിയിരിപ്പിച്ചിരി ക്കുന്നു. അമ്മയ്ക്കുള്ള അവകാശമാണ് പുഷ്പമുടി ചാർത്തൽ. മണ വാളൻ ധരിച്ചിരിക്കുന്ന കല്ല്യാണവസ്ത്രങ്ങൾ വെട്ടിത്തിളങ്ങുന്നു! കഴുത്തിലിട്ടിരിക്കുന്നു കന്മേരിയ സ്വർണ്ണമാലകൾ. അരയിൽ പൊൻപീത (അരപ്പട്ട) കെട്ടിയിട്ടുണ്ട്. അന്നത്തെ വിവാഹാഘോ ഷചമയങ്ങളിൽ ഒന്നായിരുന്നു വിശേഷതരം അരപ്പട്ട. എത്രയും വില യേറിയ വൈരമുടി ശിരസ്സിൽ അണിഞ്ഞിരിക്കുന്നു. കൈയിൽ രാജ ചെങ്കോൽ വഹിച്ചിരിക്കുന്നു. വിവാഹപന്തലിലേക്ക് വലിയൊരു ജന ക്കൂട്ടം തന്നെയാണ് എന്നെ ആനയിക്കുവാൻ കൂടെയുള്ളത്. അക മ്പടി സേവകരായി രണ്ടുപേർ ഇരുവശത്തും നടക്കുന്നു. മുൻപിൽ വാദ്യഘോഷവും കല്ല്യാണാഘോഷത്തെ കുറിക്കുന്ന പാട്ടുവായ

നയും. കല്ല്യാണയാത്ര പുറപ്പെടുന്നതിനുമുൻപ് പ്രിയമുള്ള അമ്മയെകണ്ട് അനുവാദം ചോദിക്കുന്നുണ്ട്.

പ്രിയപ്പെട്ടവരേ, സുവിശേഷങ്ങളിൽ വിവരിച്ചിട്ടുള്ള കർത്താവിന്റെ കാൽവരിയിലേക്കുള്ള കദനയാത്രയെ മിസ്റ്റിക്കൽ വീക്ഷണത്തിലൂടെ കാണുകയാണ് ഞാൻ. അതിഭീകരനായ കുറ്റവാളിയല്ല അവിടുന്ന്, പ്രത്യുതാ, ആത്മമണവാളനത്രേ. ശിരസ്സിൽ കൂർത്തിറങ്ങിയ മുൾമുടി രത്നങ്ങൾ പതിച്ച രാജകിരീടമാണ് എന്റെ വീക്ഷണത്തിൽ. കുരിശ് ചെങ്കോലത്രേ. കാഴ്ചകാണാനും പരിഹസിക്കാനും തടിച്ചുകൂടിയ ജനാവലി മണവാളനെ അകമ്പടി സേവിക്കുന്ന ആത്മമിത്രങ്ങളായി ഞാൻ വിഭാവനം ചെയ്യുന്നു. കൊലയും കവർച്ചയും നടത്തി അവസാനം പിടിക്കപ്പെടുകയും കുരിശുമരണത്തിന് വിധിക്കപ്പെടുകയും ചെയ്തിട്ടുള്ള രണ്ടു കള്ളന്മാർ ഇടത്തും വലത്തും നടക്കുന്ന ഉറ്റതോഴന്മാരത്രേ. റോമൻ പടയാളികൾ കുരിശുമരണശിക്ഷയെ കൊട്ടിയറിയിച്ചതിനെ ഞാൻ വാദ്യഘോഷത്തോട് ഉപമിച്ചിരിക്കുന്നു. ബഹളങ്ങളും ആക്രോശങ്ങളും പാട്ടുവായനയുമാണ് എന്റെ നോട്ടത്തിൽ. കാൽവരിഗിരിയിലേക്കുള്ള വഴിയിൽ അമ്മയെ സന്ധിച്ചുവെന്ന പാരമ്പര്യം കല്ല്യാണഘോഷയാത്രയ്ക്ക് മുമ്പുള്ള അനുവാദം ചോദിക്കലത്രേ.

വിവാഹഘോഷയാത്ര കണ്ടപ്പോൾ "ആ എന്റെ പിതാവേ, ഇതിന്റെ പുറകെ ഞാനുംകൂടി വരുന്നതിന് എനിക്ക് മഹാസങ്കടം തന്നെ... അതേ ഉണ്ട്" (*ധ്യാനസല്ലാപങ്ങൾ*, പേജ് 22). മണവാളന്റെ കല്ല്യാണാഘോഷത്തിൽ എനിക്കും പങ്കുചേരണം. ഇവിടെ സങ്കടവും സന്തോഷവും ഞാൻ ഒന്നുചേർത്തിരിക്കുന്നു. കാൽവരിയിലേക്കുള്ള ഗമനത്തിന്റെ കദനമുഖം ഞാൻ മറക്കുന്നില്ലെന്ന് സാരം. "അവിടുത്തെക്കുറിച്ച് കരയുകയും മുറവിളികൂട്ടുകയും ചെയ്തിരുന്ന സ്ത്രീകളുടെ ഒരു ഗണവും അവിടുത്തെക്കൂടെ പോയിരുന്നു" (ലൂക്കാ 23:27). അതിനെക്കുറിച്ചുള്ള എന്റെ മിസ്റ്റിക്കൽ ഭാഷ്യം ഇതാണ്:

"സ്നേഹിതസെഹിയോന്റെ സുന്ദരപുത്രികളേ
സ്നേഹമേറിടും നിങ്ങൾ മണവാളനെ കാണ്മിൻ
തന്നുടെ സ്നേഹമാതാ മന്നവൻ സ്ലോമോനിനെ
തന്നുടെ സ്നേഹത്താൽ ചാർത്തിയേറ്റിയ കിരീടത്താൽ
ചേർത്തവൻ തന്റെ സ്നേഹപാത്രമാം മണാമണേ
(ഉത്തമമണവാട്ടി)

ചേർത്തുനൽവിവാഹത്തിനായ്ക്കൊണ്ട് യാത്രയിതാ
ആർത്തുള്ള സ്നേഹഘോഷാൽ ചാർത്തിയങ്ങുയർത്തിയ
ധൂർത്തുള്ള മണപ്പന്തൽ (വിവാഹമണ്ഡപം)
ഗാഗുൽത്താകൊടുമുടി
ധീ(ഉറച്ചമനസ്സ്)ഗദ്യാമഹാവേഗമായുള്ള യാത്രകാണ്മാൻ
ധീരതയുള്ള സ്നേഹവാമിനി വന്നീടുക
സൂക്ഷിക്കമഹാസ്നേഹമണവാളന്റെ ഗളേ
സൂക്ഷിപ്പാൻ ചക്ഷുസ്സിനു ശക്തിയെത്താത്തമാല
തൻകരകടക(വള)ങ്ങളെത്രയോ മഹാചിത്രം
അംബരശ്രേഷ്ഠന്മാർക്കും പാർക്കുവാൻതിറം
(മിടുക്ക്) പോരാ
സുന്ദരൻ മണവാളൻ തന്നുടെ കിരീടത്തെ
സുന്ദരാങ്കികയെ മഹാസ്നേഹത്താൽ സൂക്ഷിക്കനീ
നിന്നുടെ സ്നേഹവശാൽ ഇന്നുമാത്രമായിതു
തന്നുടെ ശിരസ്സണഞ്ഞീടുവാനായ്ത്തീർത്തൂ
മന്നിലുള്ളോരുമഹാമണവാളന്മാർക്കുമിതിൽ
മുന്നിലുള്ളോർക്കുമില്ലായെന്നതും സുനിശ്ചിതം
അക്കരെ കാണാതുള്ള നല്പമാംവിലയേറും,
നീണ്ടതും വളഞ്ഞതും കൂർത്തതും നേർത്തിട്ടുള്ള
ചൂണ്ടവൽസമം ചിലതെത്രയും മഹാരശ്മി
വീണ്ടതിൽ ചുറ്റും നിന്നും തൂങ്ങുന്ന മുത്തുമണി
നീണ്ടുതൻനെറ്റി ചെവി ചുറ്റുമാരശ്മിരസം
കല്ല്യാണവസ്ത്രത്തിലുംതൂങ്ങുന്നീ ശിരോമണി
കല്ല്യാണപന്തൽവരെ പാവാടയിതുതന്നെ
ഇത്തിരുസ്നേഹത്തിലൊന്നാഗ്രഹിക്കുന്നോരെത്ര!
സുതിരുപത്നി നിങ്ങൾക്കെത്രയേഇതുയുക്തം
എന്നെയും തന്റെ കൈയിൽ പിടിച്ച മഹായുദ്ധം
മിന്നുന്നൊരുടവാളിൻ മൂർഛയെത്രയോ ചിത്രം
തന്നുടെ ദ്വൈതഭാഗത്തിലുണ്ടൊരു തോഴ്മക്കാരും
അന്നുടൻതന്നെചേർത്തുഭംഗിയാലിവരെയും
ഇത്തിരുക്കാഴ്ച കാണ്മാനെത്രയോ മഹാജനം
അത്തിരുമണവാളൻ മാതാവും പിമ്പേഅയ്യോ
നാഥനേ മമദേവാ, രാജനേ ഞാനും പിമ്പേ"
(*ആത്മാനുതാപം* VIII/70-106)

"സ്നേഹമേറിടും നാഥാ പിതാവേ തവതിരു-
ലോഹിതശിരസ്സതിൽ ചൂടിയ (ചൂടിച്ച)തിരുമുടി
ശോഭിച്ചുവിളങ്ങുന്ന ലോഹിത(രക്താങ്കിതമായ)
പ്രവാഹങ്ങൾ"
(*ആത്മാനുതാപം* VIII/66-68).

അതിമനോഹരമാണ് വിവാഹാഘോഷയാത്രയുടെ ഈ മിസ്റ്റിക്കൽ വർണ്ണന. ധ്യാനസല്ലാപങ്ങളിലെ പല ആശയങ്ങളും ഇവിടെയും കാണാം. സെഹിയോന്റെ പുത്രിമാരെ വിളിക്കുന്നുണ്ട് ഉത്തമഗീതം 3:11ൽ. ജറുസലെം (സെഹിയോൻ) പുത്രിമാരേ എന്ന പ്രയോഗം ഉത്തമഗീതത്തിൽ നിരന്തരം ആവർത്തിച്ചിരിക്കുന്ന അഭിസംബോധനയാണ്: 1:5; 2:7; 3:5, 10; 5:8,16; 8:4. മാതാവ് വിവാഹദിനത്തിൽ ധരിപ്പിച്ച കിരീടമണിഞ്ഞ സോളമനെ സൂക്ഷിച്ചുവീക്ഷിക്കാനാണ് ഉത്ത 3:11-ൽ സെഹിയോൻ പുത്രിമാരോടുള്ള ആഹ്വാനം. ആത്മാനുതാപത്തിന്റെ വിഷയവും അതുതന്നെയാണല്ലോ. സെഹിയോന്റെ പുത്രിമാരെ സുന്ദരികളെന്നും സുന്ദരാംഗികളെന്നും സ്നേഹവാമിനിയെന്നും സുന്ദരനായ മണവാളന്റെ സ്നേഹമണവാട്ടികളെന്നും സുതിരുപത്നിയെന്നും ഞാൻ വിശേഷിപ്പിച്ചിട്ടുണ്ട്. അവർ ഉത്തമഗീതത്തിലെ തോഴിമാരെന്ന പദവിയിൽനിന്ന് മണവാട്ടിയുടെ നിലയിലേക്ക് ഉയർന്നിരിക്കുന്നു. അഥവാ സ്നേഹിതകൾ മണവാട്ടിയായി രൂപാന്തരപ്പെടുന്നു. മാനുഷികമായ വ്യത്യാസങ്ങൾ തിരോഭവിക്കുന്നു.

ഉത്തമഗീതത്തിൽ മണവാളനെക്കുറിച്ച് വർണ്ണിച്ചിട്ടുള്ള ചില ഭാഗങ്ങൾ ഈ സന്ദർഭത്തിൽ പ്രസക്തമാണ്: "എന്റെ പ്രിയൻ അരുണനെപ്പോലെ തേജസ്സുറ്റവൻ; പതിനായിരങ്ങളിൽ അതിശ്രേഷ്ഠൻ, അവന്റെ ശിരസ്സ് തനിതങ്കമാണ്... അവന്റെ കണ്ണുകൾ അരുവിക്കരയിലെ പ്രാവുകളെപ്പോലെയാണ്. പാരിൽ കുളിച്ചു തുവലൊതുക്കിയ അരിപ്രാവുകളെപ്പോലെതന്നെ. അവന്റെ കവിളുകൾ സുഗന്ധദ്രവ്യങ്ങളുടെ തടങ്ങൾപോലെയാണ്; അവിടെനിന്നു പരിമളം പൊഴിയുന്നു. അവന്റെ അധരം ലില്ലിപ്പൂക്കളാണ്; അവിടെനിന്ന് നറുപശദ്രം ഇറ്റുവീഴുന്നു. അവന്റെ ഭുജങ്ങൾ രത്നം പതിച്ച സുവർണ്ണദണ്ഡുകൾ; അവന്റെ ശരീരം ഇന്ദ്രനീലംപതിച്ച ദന്തനിർമ്മിതിയാണ്. അവന്റെ കാലുകൾ സുവർണ്ണതലത്തിൽ ഉറപ്പിച്ച വെണ്ണക്കൽ സ്തംഭങ്ങൾ. അവന്റെ ആകാരം ലെബനോനിലെ വിശിഷ്ടമായ ദേവദാരുപോലെ. അവന്റെ മൊഴികൾ അതിമധുരമാണ്; എല്ലാംകൊണ്ടും അഭി

ഗമ്യനാണ് അവൻ." (5:10-16). മണവാട്ടിയുടേതാണ് ഈ വാക്കുകൾ. ആത്മാനുതാപത്തിൽ സ്നേഹമേറിടും മണവാളനെ കാണ്മാൻ മണവാട്ടികളെ ഞാൻ ആഹ്വാനം ചെയ്യുന്നുണ്ടല്ലോ. അവരുടെ ദൃഷ്ടിയിൽ കാണപ്പെട്ട മണവാളന്റെ സുന്ദരരൂപമാണ് വർണ്ണനയിൽ. എന്നെയും മണവാട്ടികളുടെ ഗണത്തിൽ അവിടുന്ന് ചേർത്തിരിക്കുന്നു (*ധ്യാനസല്ലാപങ്ങൾ*, 23). സ്നേഹമാതാവിനെപ്പോലെ ആ വിവാഹോത്സവത്തിൽ ഞാനും പങ്കുചേർന്ന് മണവാളനെ അനുഗ്രഹിക്കുകയായി.

ധ്യാനസല്ലാപങ്ങളിലെ വർണ്ണനയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത *ആത്മാനുതാപത്തിലെ* ഏതാനും ഭാഗങ്ങൾ പരിചിന്തനവിഷയമാക്കാം. മണവാളന്റെ ശിരസ്സിൽ ചൂടിയിരിക്കുന്ന തിരുമുടിയിൽ നിന്ന് ശോഭിച്ചുവിളങ്ങുന്ന രക്താങ്കിതപ്രവാഹങ്ങൾ കാണാം. ഇവിടെ ശോഭിച്ചുവിളങ്ങുന്ന കിരീടം മുൾമുടിയാണെന്ന ധ്വനി ചേർത്തിരിക്കുന്നു. അതിവിശേഷമായി അലങ്കരിച്ചിരിക്കുന്ന വിവാഹമണ്ഡപം "ആർത്തുള്ള മഹാഘോഷത്താൽ ചാർത്തിയങ്ങുയുർത്തിയിരിക്കുന്നു." മണവാളൻ ഉറച്ച കാൽവയ്പോടെ അതിവേഗത്തിലാണ് യാത്ര ചെയ്യുന്നത്. കഴുത്തിലണിഞ്ഞിരിക്കുന്ന മാല കാണുവാൻ കണ്ണുകൾക്ക് ശക്തിപോരാ. കരങ്ങളിൽ അവിടുന്ന് അതിമനോഹരമായ വളകൾ അണിഞ്ഞിരിക്കുന്നു. സുന്ദരനായ മണവാളന്റെ കിരീടത്തെ വാനവർക്കുപോലും നോക്കി വർണ്ണിക്കുവാൻ മിടുക്കില്ല. ഇതെല്ലാം അവിടുന്ന് ധരിച്ചിരിക്കുന്നത് മണവാട്ടിയോടുള്ള സ്നേഹവായ്പാലത്രേ. ശിരസ്സിലണിഞ്ഞിരിക്കുന്ന കിരീടം ലോകത്തിലെ മഹാചക്രവർത്തിമാർക്കുപോലും അഭിഗമ്യമല്ല. കിരീടത്തിൽ പതിച്ചിരിക്കുന്ന രത്നമണി അത്യന്തം വിലയേറിയതത്രേ. മുത്തുമണികളിൽനിന്ന് മഹാരശ്മികൾ പ്രസരിക്കുന്നു. കല്ല്യാണവസ്ത്രത്തിലും രത്നങ്ങൾ പതിച്ചിട്ടുണ്ട്. അത്തരം രത്നങ്ങൾക്കായി ആഗ്രഹിക്കാത്തവർ ഭൂമിയിൽ ആരുമുണ്ടായിരിക്കുകയില്ല. മൂർച്ചയേറിയ ഉടവാൾ ആയുധമായി കയ്യിലേന്തിയിട്ടുണ്ട്. ഇപ്രകാരമുള്ള അതിമനോഹരമായ കാഴ്ച കാണാൻ മഹാജനം തടിച്ചുകൂടിയിരിക്കുന്നു. മണവാളന്റെ അമ്മയും കൂടെയുണ്ട്. അയോഗ്യമണവാട്ടിയായ ഞാനും അവിടുത്തെ അനുഗമിക്കട്ടെ. എന്നെയും മണവാട്ടികളുടെ കൂട്ടത്തിൽ ചേർപ്പാനായിട്ടാണല്ലോ ഈ മഹാഘോഷങ്ങളൊക്കെ. *ധ്യാനസല്ലാപങ്ങളിൽ* യാത്രയുടെ ക്ഷീണം തീർപ്പാനായി കൂടെക്കൂടെ മണവാളനെ മധുരവെള്ളങ്ങൾ കുടിപ്പിച്ചിരുന്നുവെന്ന് പ്രസ്താവിക്കുന്നു (പേജ് 23). കുരിശാകുന്ന മണവറയിൽ പ്രവേശിച്ച ഈശോനാഥന്

ദാഹിച്ചപ്പോൾ (യോഹ 19:28) നീർപ്പഞ്ഞി വിനാഗിരികൊണ്ടു നിറച്ച ഒരു ഞാങ്ങണയിൽ ചുറ്റി കുടിക്കുവാൻ കൊടുക്കുകയുണ്ടായി (മർക്കോ 15:36). ഇവിടെ യാത്രചെയ്ത് ക്ഷീണിച്ചവനെ കൂടെക്കൂടെ മധുരവെള്ളങ്ങൾ കുടിപ്പിക്കുന്നുണ്ട്.

5.6.3. ഉത്തമഗീതത്തിലെ ലോകം

ഉത്തമഗീതത്തിലെ ചില പ്രയോഗങ്ങളും ശൈലികളുമായുള്ള സാദൃശ്യം ചൂണ്ടിക്കാണിക്കട്ടെ.

- സെഹിയോൻ പുത്രിമാരോടുള്ള ആഹ്വാനം
  ആത്മാനുതാപം VIII/70-71
  ഉത്തമഗീതം 1:5; 2:7; 3:5,10; 5:8,16; 8:4.
- സുന്ദരിയായ മണവാട്ടിയുടെ വർണ്ണന
  ആത്മാനുതാപം VIII/74, 79, 99
  ഉത്തമഗീതം 1:8, 11, 15
  (*കത്തുകൾ* VII/8 ൽ ("മണവാട്ടിക്ക് ചില ആഭരണങ്ങൾ കൊടുക്കും." വി. അമ്മത്രേസ്യായുടെ *ആഭ്യന്തരഹർമ്മ്യം*, പേജ് 114 ലും ഈ ആശയം കാണാം).
- മണവാളന്റെ അതിവേഗത്തിലുള്ള ഗമനം
  ആത്മാനുതാപം VIII/77-78
  ഉത്തമഗീതം 2:8 ("മലമുകളിലൂടെ കുതിച്ചുചാടിയും കുന്നുകളിൽ തുള്ളിച്ചാടിയും അവൻ വരുന്നു"; 3:6-10.
- അമ്മ ചൂടിച്ച കിരീടം
  ആത്മാനുതാപം VIII/72-73
  ഉത്തമഗീതം 3:11
- അനുഗമിക്കാനുള്ള ആഗ്രഹം
  ആത്മാനുതാപം VIII/105, 106
  ഉത്തമഗീതം 1:4 (വി. കൊച്ചുത്രേസ്യാ, *നവമാലിക* പേജ് 352 ൽ "എന്നെ കൊണ്ടുപോകുക നമുക്കു വേഗം പോകാം" എന്ന ഈ പാഠം ഉദ്ധരിക്കുന്നുണ്ട്.)
- മണവറ
  ധ്യാനസല്ലാപങ്ങൾ, പേജ് 23 (തൂങ്ങപ്പെട്ട കുരിശ്)
  ഉത്തമഗീതം 1:16-17 ("നമ്മുടെ ശയ്യാതലം ഹരിതമോഹനമാണ്. ദേവദാരുകൊണ്ട് ഉത്തരവും സരളവൃക്ഷംകൊണ്ട് കഴിക്കോലും തീർത്തതാണ് നമ്മുടെ ഭവനം.")
- വീഞ്ഞ്

കത്തുകൾ VII/8 ("അപ്പോളത്രേ ഈ മണവാട്ടിയെ വീഞ്ഞുമുറിയിൽ കയറ്റി കുറെ പകർന്നുകൊടുക്കും")

ഉത്തമഗീതം 2:4 ("വിരുന്നുശാലയിലേക്ക് അവൻ എന്നെ കൂട്ടിക്കൊണ്ടുവന്നു"); 2:5 ("മുന്തിരിയടതന്ന് എനിക്ക് ശക്തി പകരണമേ").

പ്രിയ കുഞ്ഞുങ്ങളേ, വി. യോഹന്നാന്റെ സുവിശേഷത്തിൽ സഹനത്തിന്റെ സമയം അഥവാ കാൽവരിഗിരി മഹത്ത്വത്തിന്റെ മണിക്കൂറാണല്ലോ. കർത്താവ് സ്വന്തം കുരിശുവഹിച്ചുകൊണ്ട് ഗോൾഗോത്താ മലയിലേക്ക് പോയെന്ന് സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു (യോഹ 19:17). അവിടുന്ന് സസന്തോഷം അപ്രകാരം ചെയ്തുവെന്ന് വ്യംഗ്യം. ആത്മാനുതാപത്തിൽ കർത്താവ് ഇപ്രകാരം കുരിശിനെ അഭിസംബോധന ചെയ്യുന്നതായി ഞാൻ രേഖപ്പെടുത്തിയിട്ടുണ്ട്:

"ഓ മമ മഹാസ്നേഹധാമമേ സ്ലീവായേ, നീ
വേഗമായ്വന്ന് നിന്റെ കൈകളിൽ കൈക്കൊൾകമാം...
ഇന്നുനാം നിന്നെ കാണ്മാനെത്രയോ മുന്നംമുതൽ
നന്ദിയാം സ്നേഹാഗ്രഹാലെത്രയോ പാർത്തേനഹം
നിൻമീതെ ശയനിച്ചു സുനിദ്ര ഭവിപ്പാനായ്
എൻ മനസ്സെത്ര ദാഹാൽ മോഹിച്ചേൻ ആകാശത്തിൽ
നിന്നുനാമിറങ്ങുവാൻ കാരണം നീയേസഖേ"

(*ആത്മാനുതാപം* VIII/13-14, 19-23).

ലൂക്കായുടെ ഭാഷ്യത്തിൽ, പീഡസഹിക്കുന്നതിനുമുൻപ് താനാകുന്ന പെസഹാഭക്ഷണം (മുറിക്കപ്പെട്ട ശരീരവും ഒഴുക്കപ്പെട്ട ദിവ്യനിണവും) ശിഷ്യർക്കേകുവാൻ അവിടുന്ന് ആഗ്രഹത്താലേ ആഗ്രഹിച്ചവനാണ് (സുറിയാനിയിൽ *റഗ്സാ റഗ്സേസ്*), 22:15 അപ്പനോടൊത്ത് കല്ല്യാണപന്തലാകുന്ന വീട്ടിലേക്ക് നമുക്കും പോകാം; സ്നേഹമണവാളനോടൊത്ത് കുരിശാകുന്ന മണവറയിൽ പ്രവേശിക്കാം. മഹത്ത്വമാർന്ന ആ മണിക്കൂറിൽ ജീവിതകാലം മുഴുവനും ആഘോഷമായി കഴിക്കാം. അപ്പോൾ നമ്മൾ ധന്യരാകും.

5.7. സല്ലാപചിന്ത V - സായൂജ്യവേദി

5.7.1. ആമുഖം

സീനായ്/സെഹിയോൻ/ഗാഗുൽത്താ എന്നീ ഗിരികളാകുന്ന (പ്രാർത്ഥനാമുറി) അപ്പന്റെ വീട്ടിൽ, അപ്പനിലേക്കു തിരിഞ്ഞ് ഒന്നിച്ചിരിക്കുന്നതിലും തിരുസവിധത്തിൽ പാർക്കുന്നതിലും മാത്രം

എനിക്ക് തൃപ്തിവന്നില്ല. വലിയൊരാഗ്രഹം എന്നെ ഗ്രസിച്ചു. ദർശനഭവനങ്ങളാകുന്ന സീനായ്/സെഹിയോൻ/ഗാഗുൽത്താ/മണവറ എന്നിവ എങ്ങനെ എന്നിലേക്കാവഹിക്കാനാകും? എങ്ങനെ എന്നിൽത്തന്നെ അവ കണ്ടെത്താനാകും? അതിനുള്ള ജ്വരവും വ്യഗ്രതയും എന്നെ പിടികൂടി. തീവ്രശ്രമത്തിൽ ഏർപ്പെട്ടു ഞാൻ. ചിന്തയായി, തപസ്സായി. തിരുവചനങ്ങളിലേക്ക് തിരിഞ്ഞു.

5.7.2. ഈശോയെ വീട്ടിൽ പാർപ്പിക്കൽ

5.7.2.1. സക്കായിയുടെ കഥ

ലൂക്കാ 19:1-10 ൽ സക്കായിയുടെ വീട്ടിൽ ഈശോ ചെന്ന് പാർക്കുന്ന വിവരണമുണ്ട്. ധനികനും ചുങ്കക്കാരിൽ പ്രധാനിയുമായിരുന്നു ആ ജെറീക്കോനിവാസി. ഒരാഗ്രഹം അയാളെ പിടികൂടി, ഈശോ ആരെന്ന് കാണണം. പൊക്കംകുറഞ്ഞ ആ മനുഷ്യൻ ഈശോ കടന്നുപോകുന്ന വഴിയിൽ നിന്നിരുന്ന ഒരു സിക്കമോർ മരത്തിൽ കയറി ഇരുന്നു. അതിന്റെ ചുവട്ടിലെത്തിയപ്പോൾ മുകളിലേക്കു നോക്കി ഗുരുവരൻ വിളിച്ചുപറഞ്ഞു: "സക്കായ് വേഗം ഇറങ്ങിവരൂ. ഇന്നു ഞാൻ നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു." സന്തോഷത്താൽ മതിമറന്നുപോയ അയാൾ തിടുക്കത്തിൽ ഇറങ്ങിവന്ന് ഈശോയെ തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. ആ സമാഗമം സക്കായിയെ പുതിയ മനുഷ്യനാക്കി. ഈശോയുടെ മൂല്യങ്ങൾ അയാൾ തന്റേതായി സ്വീകരിച്ചു. സമ്പാദ്യത്തിൽ പകുതി ദരിദ്രർക്ക് കൊടുക്കുവാൻ തയ്യാറായി. വഞ്ചിച്ചെടുത്ത തുകയുടെ നാലിരട്ടി അതിന്റെ ഉടമസ്ഥർക്ക് നൽകാൻ തീരുമാനമെടുത്തു. തന്റെ നിശ്ചയം അതിഥിയെ പറഞ്ഞുകേൾപ്പിച്ചപ്പോൾ ആ അബ്രാഹത്തിന്റെ പുത്രനായിത്തീർന്നവനിൽ സംപ്രീതനായി അവിടുന്ന് അരുൾച്ചെയ്തു: "ഇന്ന് ഈ ഭവനത്തിന് രക്ഷ കൈവന്നിരിക്കുന്നു" ഈശോയെ വീട്ടിൽ പാർപ്പിക്കുമ്പോൾ രൂപാന്തരീകരണം സംഭവിക്കുന്നു. അവിടുത്തെപ്പോലെ അബ്രാഹത്തിന്റെ തനയനായിത്തീരുന്നു.

5.7.2.2. മർത്താമറിയത്തിന്റെ വീട്

കർത്താവിന് ഏറ്റം ഇഷ്ടമുള്ളവരായിരുന്നു ബെഥനിയായിലെ മർത്തായും മറിയവും അവരുടെ സഹോദരൻ ലാസറും. ആ വഴിക്കു പോകുമ്പോഴെല്ലാം അവിടുന്ന് അവരുടെ വീട്ടിൽ കയറുക പതിവാക്കി (ലൂക്കാ 10:38-42). സ്നേഹസൽക്കാരം സ്വീകരിക്കുകയും തിരുമൊഴികളാൽ അവരെ പരിപോഷിപ്പിക്കുകയും ചെയ്തിരുന്നു. സഹോദരൻ ലാസർ രോഗാതുരനായപ്പോൾ സഹോ

ദരിമാർ വിവരം കർത്താവിനെ അറിയിക്കുകയുണ്ടായി (യോഹ 11:1-44). അയാൾ മരിച്ചശേഷമേ ഈശോ ബെഥനിയായിലെത്തിയുള്ളൂ. ലാസറിന്റെ കുഴിമാടത്തിൽ ചെന്ന് അവിടുന്ന് കണ്ണുനീർ പൊഴിച്ചു; അയാളെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ചു. പിന്നീട് കർത്താവ് സ്നേഹിച്ചിരുന്നവരായ ആ സഹോദരസഹോദരിമാർ ഗുരുവരന് ഒരു അത്താഴവിരുന്നൊരുക്കി (യോഹ 12:1-3). മർത്താ ശുശ്രൂഷ ചെയ്തു. മറിയം ഒരു കുപ്പി ശുദ്ധവും വിലയേറിയതുമായ നാർദ്ദീൻ പരിമളതൈലംകൊണ്ട് ഈശോയുടെ പാദങ്ങൾ പൂശി. ഓശാനപാടിക്കൊണ്ട് ആഘോഷപൂർവ്വം ജനാവലി ജറുസലേമിലേക്ക് അവിടുത്തെ സ്വീകരിച്ചതിന്റെ വിവരണം മത്താ 21:1-16ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആഘോഷത്തിമിർപ്പിന്റെ അവസാനത്തിൽ എല്ലാവരും ഈശോയെ തനിച്ച് ഇട്ടുകൊണ്ട് പിരിഞ്ഞുപോയപ്പോൾ അവിടുന്ന് അവിടംവിട്ട് ബെഥനിയായിലേക്ക് പോയി; അവിടെ രാത്രി കഴിച്ചു (വാക്യം 17).

5.7.2.3. എന്റെ വ്യാഖ്യാനം

സംഭവത്തെക്കുറിച്ചുള്ള എന്റെ പരിചിന്തനം *ധ്യാനസല്ലാപങ്ങളിൽ* (പേജ് 41) നിങ്ങൾക്ക് വായിക്കാനാകും. പ്രസക്തഭാഗങ്ങൾ ഉദ്ധരിക്കാം: "ആ ആരവം കണ്ടതിനോടെ പലരും തന്നെ ആരാധിച്ചു. എങ്കിലും ഈ കൂട്ടം പിരിഞ്ഞാറേ, ആ നഗരിയുടെ ഉള്ളിൽത്തന്നെയും തന്റെ പ്രിയ ജനത്തെയും തക്കവിധത്തിൽ കൈക്കൊള്ളായ്കയാൽ കോട്ടയ്ക്ക് പുറത്തിറങ്ങി ബേസനിയായിൽ എന്റെ അമ്മമാരായ മർത്താമറിയത്തിന്റെ വീട്ടിൽപോയി വാസം ചെയ്തുവല്ലോ. ആയതിനാൽ എന്റെ അമ്മ മഗ്ദലേനാമ്മേ, ഈ ദിവസത്തിലും, ആഘോഷമായ പുണ്യനേരങ്ങളിലും പലരും കർത്താവിനെ, ഓർമ്മയാൽ ഹൃദയത്തിൽ പാർപ്പിക്കുന്നു. ആഘോഷമില്ലാത്തപ്പോൾ ഓർക്കുന്നില്ല."

5.7.2.4. എന്റെ അപേക്ഷ

ഈശോയെ കൊണ്ടുവന്ന് വീട്ടിൽ പാർപ്പിക്കുക എന്ന ആശയം ബൈബിൾ വായിക്കുകയും ധ്യാനിക്കുകയും ചെയ്തപ്പോഴാണ് എന്റെ ഹൃദയത്തിൽ ഉദിച്ചത്. പ്രിയപ്പെട്ടവരേ, എന്ത് പ്രശ്നമുണ്ടാകുമ്പോഴും ദൈവവചനത്തിലേക്ക് നിങ്ങളും തിരിയണം. വചനം നിങ്ങൾക്ക് ഉത്തരം നൽകും. വീട്ടിൽ പാർപ്പിക്കുക എന്ന ചിന്ത എന്നെ ഉത്സാഹഭരിതനാക്കി. ഉടനടി ഞാൻ എന്റെ മദ്ധ്യസ്ഥയായ മറിയം മഗ്ദലേനാമ്മയിലേക്ക് തിരിഞ്ഞ് അപേക്ഷിക്കുകയായി: മനു

ഷ്യർ സാധാരണസമയങ്ങളിൽ കർത്താവിനെ ഓർക്കുന്നില്ലല്ലോ. "എന്നതിനെക്കൊണ്ട് അമ്മേ ഈ കർത്താവിനെയും മാതാവിനെയും മറ്റും നീ കൂട്ടിക്കൊണ്ടുവന്ന് പാവപ്പെട്ട സക്കായിയായ അടിയന്റെ ഹൃദയത്തിൽ പാർപ്പിക്കണമേ." (*ധ്യാനസല്ലാപങ്ങൾ*, പേജ് 41). എനിക്ക് ഈശോയെ മാത്രം ഹൃദയത്തിൽ പാർപ്പിച്ചാൽ പോരാ. കന്യകാമറിയത്തെയും മറ്റുള്ള പ്രിയപ്പെട്ടവരെയും പാർപ്പിക്കണം. സക്കായിയുടെ ഭവനത്തിൽ ആവശ്യപ്പെടാതെതന്നെ അവിടുന്ന് എഴുന്നള്ളിവന്നു. ഞാനോ പാവപ്പെട്ട സക്കായി മാത്രമാണ്. കർത്താവ് സ്വന്തഇഷ്ടപ്രകാരം വന്നണയുമോ? എനിക്ക് അതിനെന്തു യോഗ്യതയാണുള്ളത്? അതുകൊണ്ടാണ് അവിടുത്തേക്ക് ഇഷ്ടപ്പെട്ടവളായ മഗ്ദലേനാമ്മയോട് ഞാൻ അപേക്ഷിച്ചത്, പുണ്യവതിതന്നെ കർത്താവിനെ കൂട്ടിക്കൊണ്ടുവരണമെന്ന്. ആ അമ്മ അപേക്ഷിച്ചാൽ അവിടുന്ന് ഉപേക്ഷിക്കയില്ല, തീർച്ച.

5.7.2.5. ഞാൻ ധർമ്മസങ്കടത്തിൽ

ഉത്സാഹംകൊണ്ട് ഞാൻ ഉന്മത്തനായെങ്കിലും ആഹ്ലാദനിമിഷങ്ങൾ നീണ്ടുനിന്നില്ല. യാഥാർത്ഥ്യബോധം എന്നിലുദിച്ചു. കർത്താവിനെയും മാതാവിനെയും മറ്റും വീട്ടിൽ കേറ്റുവാൻ വലിയ ആഗ്രഹം എനിക്കുണ്ടെങ്കിലും അവർക്കുചിതമായ ഇരിപ്പിടം നൽകാനില്ലല്ലോ. മഗ്ദലേനാമ്മയോട് എന്റെ വിഷമം ഞാൻ ഉണർത്തിച്ചു: "എന്റെ ഹൃദയത്തിൽ വന്നാൽ ഒരിരിപ്പിടം കൂടെയും ഓരോരുത്തർക്കു തക്കവണ്ണം കൊടുപ്പാൻ അടിയനുവശമില്ലെന്നു നീ അറിയുന്നുവല്ലോ. എന്നാലും എന്റെ അമ്മേ, നിന്നോട് കർത്താവിനുള്ള സ്നേഹം എത്രയും വലുതായിരിക്കയാൽ നീ വിളിക്കുകന്നതു കേൾക്കുമ്പോൾ എന്റെ കർത്താവ് മഹാതെളിവോടെ വരികയും ചെയ്യും. എന്നാൽ ഇങ്ങനെ വരുമ്പോൾ തന്നെ തെളിയിക്കുന്നില്ലെങ്കിൽ നിനക്കു മഹാസങ്കടമുള്ളതാകുന്നുവെന്ന് ഞാൻ അറിയുന്നു." (പേജ് 41). ധർമ്മസങ്കടത്തിലായി അടിയൻ. മഗ്ദലേനാമ്മ വിളിച്ചാൽ കർത്താവ് വരും, തീർച്ച. പക്ഷേ വന്നാൽ തന്നെ പ്രസാദിപ്പിക്കുവാൻ എന്റെ ഹൃദയത്തിൽ ഒന്നുമില്ല. അപ്പോൾ മഗ്ദലേനാമ്മയ്ക്കുതന്നെ സങ്കടമുണ്ടാകും. കഷ്ടം, എന്തുചെയ്യണമെന്നറിയാതെ ഞാൻ കുഴങ്ങിപ്പോയി.

5.7.2.6. ഒരു പോംവഴി

പ്രാർത്ഥിച്ചപേക്ഷിച്ചപ്പോൾ ഒരു മാർഗ്ഗം തെളിഞ്ഞുവന്നു. മഗ്ദലേനാമ്മയോട് ഞാൻ ഇപ്രകാരം മൊഴിഞ്ഞു: "നീ ക്ലേശിക്കേ

ണ്ടാ. എന്തെന്നാൽ നിന്നെപ്പോലെ അമ്മേ, എന്നെ സ്നേഹിച്ച് എന്റെ ദാരിദ്ര്യത്തെ തീർക്കുവാൻ ഉത്സാഹിക്കുന്ന മറ്റ് അമ്മമാരും ഉണ്ട്. ഇതാ നിന്നെപ്പോലെതന്നെ ഈജിപ്തിലെ മറിയം, കൊർത്തോണാ മറിയം എന്ന ഈ അമ്മമാരേയും അധികമായി കർത്താവ് സ്നേഹിക്കുന്നു. അടിയനെയും ഈ അമ്മമാർ പ്രിയത്താൽ സന്ധിച്ചുവരുന്നുണ്ട്. ഇവരുടെ ഹൃദയഇരിപ്പിടങ്ങളിൽ സന്തോഷത്തോടെ കർത്താവ് കുടികൊള്ളും. ഈ അമ്മമാരെപ്പോലെ ഈശോയുടെ ത്രേസ്യാ എന്ന എന്റെ ആദ്ധ്യാത്മികജനനി എനിക്കുണ്ട്. ആ അമ്മയുടെ ഹൃദയസിംഹാസനത്തിലിരിപ്പാൻ കർത്താവിന് മഹാസന്തോഷമാണ്... ഇങ്ങനെയുള്ള ഇരിപ്പിടങ്ങളൊക്കെയും ഞാൻ അപേക്ഷിച്ചിരിക്കുന്നു. അതിനാൽ ഈ ദിവസങ്ങളിൽ നീ അപേക്ഷിച്ച് കർത്താവിനെ എഴുന്നള്ളിപ്പിച്ചുകൊണ്ടുവരുമ്പോൾ ഈ സിംഹാസനങ്ങളൊക്കെയും എന്റെ വീട്ടിൽ ഉണ്ടാകുമെന്ന് ഞാൻ ഉറച്ചിരിക്കുന്നു. എന്നതിനാൽ എന്റെ കർത്താവും തന്റെ മാതാവും ഈ ദിവസങ്ങളിൽ എന്റെ പാവപ്പെട്ട വീട്ടിൽ പാർക്കട്ടെ. എന്നാൽ താൻ എഴുന്നള്ളുമ്പോൾ ജറുസലേം നഗരത്തെകണ്ട് കരഞ്ഞതുപോലെ എന്റെ ഹൃദയമെന്ന വീടിനെക്കുറിച്ച് കരയാതിരിക്കുവാൻ നിങ്ങൾ എല്ലാവരുടെയും വീടുകളിൽ ഉണ്ടായിരുന്ന ചമയങ്ങളും ആഭരണങ്ങളുമെല്ലാം കൊണ്ടുവന്ന് ഈ പാവപ്പെട്ട വീടിനെ അലങ്കരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു."

പല ആശയങ്ങളും ഉൾക്കൊള്ളുന്നുണ്ട് ഈ വാക്കുകളിൽ. മഗ്ദലേനാമ്മയെ സമാശ്വസിപ്പിക്കുവാൻ ഞാൻ ശ്രമിക്കുന്നു. അതിനു കണ്ടുപിടിച്ച മാർഗ്ഗം കർത്താവിന് പ്രിയപ്പെട്ടവരായ ഈജിപ്തിലെ മറിയം, കൊർത്തോണമറിയം എന്നീ അമ്മമാരുടെ ഹൃദയ ഇരിപ്പിടങ്ങൾ കടം വാങ്ങുക. അതുപോലെ കർമ്മലസഭയുടെ അമ്മയായ ഈശോയുടെ വി. ത്രേസ്യായുടെ ഹൃദയസിംഹാസനവും വായ്പമേടിച്ച് എന്റെ ഹൃദയമാകുന്ന വീട്ടിൽ കൊണ്ടുവരിക. അപ്പോൾ കർത്താവും മാതാവും സസന്തോഷം അവിടെ എഴുന്നള്ളിയിരിക്കും. ഒരു കാര്യം ഞാൻ എന്റെ മദ്ധ്യസ്ഥരായ വിശുദ്ധരോട് അപേക്ഷിച്ചു. അവരുടെയെല്ലാം വീടുകളിൽ ഉണ്ടായിരുന്ന ചമയങ്ങളും ആഭരണങ്ങളുമൊക്കെ കൊണ്ടുവന്ന് എന്റെ പാവപ്പെട്ട വീടിനെ അലങ്കരിക്കണം. അപ്പോൾ കർത്താവ് ജറുസലേം നഗരത്തെ കണ്ട് കരഞ്ഞതുപോലെ (ലൂക്കാ 19:41). എന്റെ ഹൃദയമെന്ന വീടിനെ കാണുമ്പോൾ വിലപിക്കുകയില്ല തീർച്ച.

ഈദൃശ്യമായ ഒരു ആശയം കന്യാസ്ത്രീകൾക്കെഴുതിയ ഒരു കത്തിലും ഞാൻ അവതരിപ്പിച്ചിട്ടുണ്ട് (*കത്തുകൾ* VII/3). "ആരാനും ചെയ്ത പുണ്യമോർത്ത് നാം സന്തോഷിച്ചാൽ ദൈവം ഭാഗ്യം തരും. ഇതിനാൽ പൂർവ്വം തുടങ്ങി ഏറിയ പുണ്യവാന്മാർ, രക്തസാക്ഷികൾ, തെറ്റുകാരിത്തി മറിയം മഗ്ദലേനാ മുതലായവരുടെ പുണ്യങ്ങളും അനുതാപപ്രവൃത്തികളുമോർത്ത് സന്തോഷിച്ച് നമുക്കുള്ളതായി കാഴ്ചവയ്ക്കുക."

5.7.2.7. അമ്മയുടെ മടിത്തട്ട്

ഇത്തരം ചിന്തകൾ എന്നെ ശാന്തനാക്കി. ഹൃദയം സന്തോഷനിർഭരമായി. ഉത്സാഹം അലയടിച്ചു. ധ്യാനനിർലീനനായി സമയം ചിലവഴിച്ചപ്പോൾ അതാ മറ്റൊരു ചിന്ത. കർത്താവിന് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലം കന്യകാംബികയുടെ മടിത്തട്ടാണല്ലോ. അത് എന്റെ ഹൃദയത്തിൽ സ്ഥാപിച്ചാലോ? ഞാൻ ഈശോയോട് ഉണർത്തിക്കുകയായി: "എന്റെ രക്ഷാനാഥനായ അങ്ങയെ സകലമോക്ഷവാസികൾ സ്തുതിക്കുന്ന സ്തുതികളും ഈ പുഴുവായ ഞാനും കാണ്മാൻ ഇടവരുമെന്ന് എപ്പോഴും ഓർത്ത് സന്തോഷിപ്പാനായി എന്നിൽ എഴുന്നള്ളി വരുവാൻ തിരുമനസ്സായ കർത്താവേ, ഇതാ ഈ എന്റെ ഹൃദയം തുറന്നിരിക്കുന്നു. നിനക്കെത്രയും ഇഷ്ടമുള്ള ഇരിപ്പിടമായ എന്റെ ദേവമാതാവിന്റെ തിരുമുടിയെ എന്റെ ഹൃദയത്തിൽ ഞാൻ വച്ചിരിക്കുന്നു. ഇതിൽ നീ എഴുന്നള്ളിയിരിക്കണമേ. അമ്മയുടെ മടിയിൽ ഇരിക്കുന്ന കുഞ്ഞുമകൻ എത്രയോ സന്തോഷത്തോടുകൂടെ അവിടെയിരുന്നുകൊണ്ട് തെളിയുന്നു എന്നതിൻവണ്ണം (സങ്കീ 131:2) എന്റെ രക്ഷിതാവേ, ഈ മാതാവിന്റെ തിരുമുടിയിൽ ഇരിക്കുന്ന നേരത്ത് ഈ അമ്മ പ്രിയത്തോടുകൂടി എന്തു കല്പിക്കുന്നുവോ ഒക്കെയും ആ കുഞ്ഞ് ചെയ്യുമല്ലോ." (*ധ്യാനസല്ലാപങ്ങൾ*, പേജ് 43).

ഏറ്റവും പ്രിയപ്പെട്ടവർക്ക് നൽകപ്പെടുന്ന ഇരിപ്പിടമാണല്ലോ മടിത്തട്ട്. ഒരാൾ ഒരാട്ടിൻകുട്ടിയെ മടിയിൽ വച്ച് മകളെപ്പോലെ ലാളിച്ചു വളർത്തുന്നുന്ന കഥ നാത്താൻ പ്രവാചകൻ ദാവീദിനോട് പറയുന്നുണ്ട് (2 സാമൂ 12:1-4). ആ ആട്ടിൻകുട്ടിക്ക് ഏറ്റവും സുരക്ഷിതമായ സങ്കേതസ്ഥലം അപ്പന്റെ മടിത്തട്ടായിരുന്നു. അവിടെ സ്നേഹവും, സന്തോഷവും, സംതൃപ്തിയും കണ്ടെത്തുകയായി ആട്ടിൻകുട്ടി. അല്ലലില്ല, ആശങ്കയില്ല, അസ്വസ്ഥതയില്ല, ഭയമില്ല, ഉത്കണ്ഠയില്ല, വിഷാദമില്ല, വേദനയില്ല. മണവാട്ടിയും പ്രിയന്റെ മടിത്ത

ട്ടിലാണ് സായൂജ്യവും ആത്മസാക്ഷാത്കാരവുമടയുക. ആ രൂപകം ഹൊസെ 14:5-7 ൽ നിഴലിക്കുന്നുണ്ട്: "ഇസ്രായേലിന് ഞാൻ തുഷാരബിന്ദുപോലെയായിരിക്കും. ലില്ലിപോലെയും ഇലവുപോലെയും അവൻ പുഷ്പിക്കും. അവന്റെ ശാഖകൾ പടർന്നു പന്തലിക്കും. അവന് ഒലിവിന്റെ മനോഹാരിതയും ലിബനോന്റെ പരിമളവുമുണ്ടായിരിക്കും. ഇസ്രായേൽ തിരിച്ചുവന്ന് *എന്റെ തണലിൽ വസിക്കും*. അവൻ പൂന്തോട്ടംപോലെ പുഷ്പിക്കും. ലിബനോനിലെ വീഞ്ഞുപോലെ സൗരഭ്യം പരത്തും... നിത്യഹരിതമായ സരളമരംപോലെയാണ് ഞാൻ. നിനക്ക് ഫലം തരുന്നത് ഞാനാണ്. ഉത്തമഗീതത്തിന്റെ ഭാഷയാണ് നാമിവിടെ കാണുക. മണവാളനും മണവാട്ടിയും തമ്മിലുള്ള ആത്മബന്ധത്തെ കുറിക്കുന്ന അലങ്കാരപദങ്ങളാണിവ.

പുതിയ നിയമത്തിലേക്കു കടക്കാം. ലാസറിന്റെ ഉപമയിൽ കർത്താവ് അബ്രാഹത്തിന്റെ മടിയെക്കുറിച്ച് പരാമർശിക്കുന്നുണ്ടല്ലോ (ലൂക്കാ 16:22-25). ദുരിതപൂർണ്ണമായ ജീവിതം നയിച്ച പാവപ്പെട്ടവനും രോഗിയുമായ ലാസർ മരിച്ചപ്പോൾ ദൈവദൂതന്മാർ അയാളെ അബ്രാഹത്തിന്റെ മടിയിലേക്ക് കൊണ്ടുപോയി. ധനവാൻ മൃതിയടഞ്ഞപ്പോൾ നരകത്തിൽ പീഡിപ്പിക്കപ്പെട്ടു. ആ ദുർഭകൻ കണ്ണുകളുയർത്തി നോക്കിയപ്പോൾ അബ്രാഹത്തെയും അദ്ദേഹത്തിന്റെ മടിയിലിരിക്കുന്ന ലാസറിനെയും കണ്ടു. അയാളോട് അബ്രാഹം പറഞ്ഞതെന്താണെന്നോ? "നിന്റെ ജീവിതകാലത്ത് നിനക്ക് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നല്ലോ. അതേസമയം ലാസർ കഷ്ടതകൾ അനുഭവിക്കുകയായിരുന്നു. ഇപ്പോൾ ലാസർ ഇവിടെ ആനന്ദിക്കുകയും നീ വേദനയനുഭവിക്കുകയും ചെയ്യുന്നു." അബ്രാഹത്തിന്റെ മടിത്തട്ട് എന്ന രൂപകം സൗഭാഗ്യത്തിന്റെയും സന്തുഷ്ടിയുടെയും ആത്മനിർവൃതിയുടെയും വേദിയെ സൂചിപ്പിക്കുന്നു. യോഹ 1:18ൽ ദൈവനന്ദനൻ പിതാവിന്റെ മടിയിലിക്കുന്നതായി വിഭാവനം ചെയ്യുന്നു. കുർബ്ബാനയിലെ സ്ഥാപകവചസ്സുകൾക്കു മുമ്പുള്ള ഗഹാന്തായിൽ ഈശോയെ "പിതാവിന്റെ മടിയിൽ നിന്നുള്ളവൻ" എന്നാണ് വിശേഷിപ്പിക്കുക. ഇപ്രകാരം ഏറ്റവും പ്രിയങ്കരരായ മക്കളുടെയും മണവാട്ടിയുടെയും തിരുസുതന്റെയും ഇഷ്ടസങ്കേതമാണ് മടിത്തട്ട് എന്ന രൂപകം. സ്വർഗ്ഗത്തെ ദിവ്യതാതന്റെ മടിത്തട്ട് എന്ന് വിശേഷിപ്പിക്കുന്നതിൽ തെറ്റില്ലതന്നെ. എല്ലാവരെയും തന്റെ മടിത്തട്ടിലേക്ക് ആവഹിക്കുന്നതിനുള്ള ശക്തി ദൈവത്തിനുണ്ട്.

മനുഷ്യാവതാരം ചെയ്ത ദൈവപുത്രന് ഭൂമിയിൽ ഏറ്റം ഇഷ്ടപ്പെട്ട സ്ഥലം മാതാവിന്റെ മടിത്തട്ടായിരുന്നു. പിതാവിന്റെ മടിത്തട്ടിന്റെ ഇഹലോകരൂപകമെന്ന് മറിയത്തിന്റെ മടിത്തട്ടിനെ വിശേഷിപ്പിക്കാനാകും. ശിശുവായിരിക്കുമ്പോൾ അമ്മയുടെ മടിത്തട്ടിൽ അവിടുന്ന് സൗഭാഗ്യവും സന്തോഷവും കണ്ടെത്തി. സങ്കീ 131:2 ലെ അമ്മയുടെ മടിയിൽ ശാന്തമായി കിടക്കുന്ന ശിശുവിന്റെ ബിംബം ഈശോയിൽ നിവർത്തിതമായി. അവിടെയിരുന്ന സമയം തെളിവുള്ളവനായിരുന്നു അവിടുന്ന്. മരണശേഷവും വത്സലജനനിയുടെ മടിത്തട്ടിൽ കർത്താവിനെ കിടത്തുകയുണ്ടായി. ഇപ്രകാരം ജനനത്തിലും മരണത്തിലും സ്വർഗ്ഗത്തിന്റെ രൂപകമായിത്തീർന്നു ആ മടിത്തട്ട്.

ദൈവസന്നിധി എന്നിലേക്കാവഹിക്കുകയായിരുന്നു ദേവമാതാവിന്റെ തിരുമുടിയെ എന്റെ ഹൃദയത്തിൽവച്ചുകൊണ്ട് ഞാൻ ചെയ്തത്. മാതാവിന്റെ മടിത്തട്ട് വഹിക്കുന്ന ആലയമായിത്തീരുന്നു ഈ എളിയവൻ. വി. കൊച്ചുത്രേസ്യാ തന്റെ ആത്മകഥയിൽ ഇതിനോട് സാമ്യമുള്ള ഒരു ആശയം അവതരിപ്പിക്കുന്നുണ്ട്. വി. കുർബ്ബാനസ്വീകരണത്തിനുമുൻപ് തന്റെ ഹൃദയം സജ്ജമാക്കാൻ കന്യകാംബികയോട് ഇപ്രകാരം പുണ്യവതി അഭ്യർത്ഥിച്ചു: "ഞാൻ... പ. കന്യകയോടപേക്ഷിക്കാം... സ്വർഗ്ഗത്തിനു തുല്യമായ ഒരു കൂടാരം അവിടെ (ആത്മാവിൽ) സജ്ജമാക്കി, സ്വന്തം വിഭവങ്ങൾകൊണ്ട് അലങ്കരിക്കണമെന്ന്" (*നവമാലിക*, പേജ് 232).

5.7.2.8. അമ്മയുടെ അപേക്ഷ

കന്യകാമറിയത്തിന്റെ തിരുവടി എന്റെ ഹൃദയത്തിൽ വച്ചപ്പോൾ അമ്മയുടെ കുഞ്ഞുമകൻ വലിയ സന്തോഷത്തോടെ അവിടെ ഇരുന്നുകൊണ്ട് തെളിഞ്ഞു. അമ്മ പ്രിയത്തോടെ പറയുന്നതെല്ലാം ചെയ്യുവാൻ തയ്യാറായി. അപ്പോൾ ആ സ്നേഹജനനി ഇപ്രകാരം മൊഴിഞ്ഞതായി ഞാൻ വിഭാവനം ചെയ്യുന്നു: "ആ പ്രിയമുള്ള എന്റെ മകനേ, എന്നെ സൃഷ്ടിച്ച എന്റെ ഉടയവനേ, നിന്റെ അടിയാട്ടിയും അമ്മയുമാണല്ലോ ഞാൻ. ദുഃഖസാഗരത്തിൽ മുഴുകി ഗാഗുൽത്താമലയിൽ നിന്റെ മരണക്കട്ടിലായ കുരിശുമരത്തിന്റെ സമീപം ഞാൻ നിന്നപ്പോൾ നിന്റെ തിരുമരണത്തിന്റെ സമയത്തിൽ ഈ നിന്റെ അമ്മയെ തൃക്കൺപാർത്തുകൊണ്ട് 'നിന്റെ പുത്രനിതാ' എന്നു നീ അരുളിച്ചെയ്തുവല്ലോ. അതുവഴി ഈ പാവപ്പെട്ട കുര്യാക്കോസിനെയും നീ എനിക്ക് മകനായി ഏല്പിച്ചു തരികയും ചെയ്തു. ഇതാ

അവൻ എന്റെ പാദത്തിൻപക്കൽ അണഞ്ഞിരിക്കുന്നു, പാപങ്ങളിൽ മനസ്താപപ്പെട്ടുകൊണ്ട്. നീ അവന്റെ സകലപാപങ്ങളും പാപത്താലുള്ള ശിക്ഷകളും അവനോടു പൊറുത്ത് മാപ്പു നൽകണമേ. മാമ്മോദീസായിൽ നൽകിയ ഇഷ്ടപ്രസാദം കൊടുക്കണമേ. ഈ ദിവ്യദാനം ഇനി മരണപര്യന്തം പോയ്പ്പോകാതിരിപ്പാൻ ഉറപ്പേകണമേ. നിന്റെ മേലുള്ള സ്നേഹത്തിൽ മേൽക്കുമേൽ വർദ്ധിക്കുവാൻ അനുഗ്രഹിക്കണമേ. മരണപര്യന്തം നിന്നോടുള്ള ഓർമ്മയോടെ നടപ്പാൻ കൃപ ചൊരിയണമേ. മരണനേരത്തിൽ നിന്റെ വളർത്തുപിതാവായ എന്റെ ഭർത്താവിന് നീ കൊടുത്ത ഭാഗ്യമരണത്തെക്കുറിച്ച് നീയും ഈ നമ്മുടെ ഭർത്താവും ഞാനുംകൂടെ മരണനേരത്തിൽ അവനെ തുണച്ച് ശത്രുവിന്റെ കെണിയിൽനിന്ന് രക്ഷിച്ച് ആത്മാവിനെ എടുത്ത് നമ്മോടുകൂടെ പരലോകത്തിലേക്ക് കൊണ്ടുപോകണമേ. ഈ അപേക്ഷകളൊക്കെയും നീ കൈക്കൊണ്ടുവെന്നതിനുള്ള അടയാളമായി നിന്റെ തൃക്കാലുകളെ അവനു നീട്ടിക്കൊടുക്കണമേ" (*ധ്യാനസല്ലാപങ്ങൾ*, പേജ് 43-44).

കർത്താവിനോടുള്ള മാതാവിന്റെ ഈ അപേക്ഷയിൽ താഴെ പറയുന്ന ആശയങ്ങൾ ഞാൻ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉണ്ണിയെപ്പോലെ അമ്മയുടെ മടിയിൽ എത്രയും സന്തോഷത്തോടുകൂടെ ഇരുന്ന് തെളിയുന്ന കർത്താവിനെ 'എന്റെ രക്ഷിതാവേ' എന്നാണ് ഞാൻ അഭിസംബോധന ചെയ്തിരിക്കുക. അവിടുത്തെ രക്ഷ എനിക്ക് ലഭിക്കണം. അതിനുവേണ്ടി അമ്മയെക്കൊണ്ട് ഞാൻ തിരുക്കുമാരന്റെ മുമ്പിൽ മാദ്ധ്യസ്ഥം പറയിപ്പിക്കുന്നു. അമ്മയുടെ അർത്ഥന ആരംഭിക്കുന്നത് തിരുമടീയിലിരിക്കുന്ന അവിടുന്ന് പ്രിയത്തോടെ അമ്മ കൽപ്പിക്കുന്നതെല്ലാം ചെയ്യുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ്. അത്തരം അനുസ്മരിപ്പിക്കൽ ഏറ്റവും ഫലവത്തായിത്തീരുമല്ലോ. കർത്താവിന് നൽകിയിരിക്കുന്ന രണ്ട് അഭിസംബോധനകൾ സന്ദർഭോചിതമാണ്. അവിടുന്ന് പ്രിയമുള്ള എന്റെ മകനാണ്. അതോടൊപ്പം സ്രഷ്ടാവും രക്ഷകനുമത്രേ. കന്യകാംബിക സ്വയം വിശേഷിപ്പിക്കുന്നത് അവിടുത്തെ അടിയാട്ടി, അമ്മ എന്ന സംജ്ഞകളാലാണ്. മറിയത്തിന്റെ ശാശ്വതഭാവം അടിയാട്ടിയുടേതാണല്ലോ. എപ്പോഴും നാഥനു വിധേയയായി അവിടുത്തെ അടിയിൽ സ്ഥാനം പിടിച്ച് 'ഫിയാത്ത്'രൂപയായി വർത്തിക്കുന്നവൾ. അതേസമയം അമ്മയുമാണ്. ഈ രണ്ടു സംജ്ഞകളും തുടർന്നുള്ള അപേക്ഷ കൈക്കൊള്ളുവാൻ കർത്താവിനെ പ്രേരിപ്പിക്കും, തീർച്ച.

യാചന ദിവ്യതനയന്റെ കുരിശിൽ കിടന്നുള്ള ഒരു തിരുമൊഴിയെ കേന്ദ്രീകരിച്ചുള്ളതാണ്. തദവസരത്തിൽ അമ്മ ദുഃഖസാഗരത്തിൽ മുഴുകി കുരിശുമരമാകുന്ന മരണക്കട്ടിലിന്റെ സമീപം നിലകൊള്ളുകയായിരുന്നു. അപ്പോൾ മറിയത്തെ തൃക്കൺപാർത്തുകൊണ്ട് അവിടുന്ന് 'നിന്റെ പുത്രനിതാ' എന്ന് അരുൾച്ചെയ്തു. ആ പുത്രഗണത്തിൽ ഈ പാവപ്പെട്ട കുര്യാക്കോസിനെയും മകനായി അമ്മയെ ഭരമേൽപ്പിച്ചിട്ടുണ്ട് സ്നേഹസുതൻ. ആ അവകാശത്തിൽനിന്ന് ഉരുത്തിരിയുന്നതാണ് അമ്മയുടെ തുടർന്നുള്ള വാക്കുകൾ. മറിയത്തിന്റെ പാദത്തിൻപക്കൽ അണഞ്ഞിരിക്കുകയാണ് ഞാനെന്ന കാര്യം ദിവ്യജനനി ഓമൽപ്പുത്രനെ ഓർമ്മിപ്പിക്കുന്നു. എന്റെ നിൽപ് പാപത്തെക്കുറിച്ച് മനസ്തപിച്ചുകൊണ്ടാണെന്നുള്ളതും അവിടുത്തെ ശ്രദ്ധയിൽ പെടുത്തുന്നു. ഇത്തരുണത്തിൽ കർത്താവ് ചെയ്യേണ്ട കാര്യങ്ങളുടെ പട്ടിക അമ്മ നിരത്തിവയ്ക്കുകയാണ്. പാപപ്പൊറുതി പ്രദാനം ചെയ്യണം. അതിനർഹമായ ശിക്ഷകൾ ഇളച്ചുകൊടുക്കണം. മാമ്മോദീസായിൽ വർഷിച്ച ഇഷ്ടപ്രസാദമെന്ന അമൂല്യദാനമേകണം. ആ ദിവ്യാനുഗ്രഹം മരണപര്യന്തം നഷ്ടപ്പെടുത്തുകയില്ലെന്ന ഉറപ്പ് നൽകണം. ദിവ്യസ്നേഹത്തിൽ അനുദിനം വർദ്ധിച്ചുവരുവാൻ അനുഗ്രഹിക്കണം. ജീവിതകാലം മുഴുവൻ ഈശോയെക്കുറിച്ചുള്ള ഓർമ്മയോടെ നടക്കുവാൻ കൃപ ചൊരിയണം. നല്ലമരണത്തിന്റെ മദ്ധ്യസ്ഥനാണല്ലോ മാർ യൗസേപ്പ് പിതാവ്. അദ്ദേഹത്തിന് കർത്താവ് നൽകിയ ആ ഭാഗ്യത്തെക്കുറിച്ച് കുര്യാക്കോസിനോട് താഴെ പറയുന്ന തരത്തിൽ വർത്തിക്കണം. അവന്റെ മരണനേരത്ത് മറിയത്തോടും മാർ യൗസേപ്പിനോടുംകൂടെ എഴുന്നള്ളണം. അവനെ തുണച്ച് 'ശത്രുയോഗ്യം' കൂടാതെ അവന്റെ ആത്മാവിനെ പരലോകത്തിലേക്ക് സംവഹിക്കണം. ഈ അപേക്ഷകളൊക്കെയും സ്വീകരിച്ചുവെന്നതിന്റെ അച്ചാരമായി അവിടുന്ന് ചെയ്യേണ്ടതെന്താണെന്നോ? ഓമനമകൻ തന്റെ തൃക്കാലുകൾ അവന് നീട്ടിക്കൊടുക്കണം.

പ്രിയ കുഞ്ഞുങ്ങളേ, കൂടപ്പിറപ്പുകളേ, ദേവമാതാവിന്റെ തിരുമുടിയെ എന്റെ ഹൃദയത്തിൽ വയ്ക്കണമെന്നുള്ള എന്റെ അഭിലാഷവും വ്യാകുലാംബികയുടെ തിരുക്കുമാരനോടുള്ള യാചനയും നിങ്ങളും അനുകരിക്കണം. ഏറ്റവും ഫലസിദ്ധിയുള്ളതാണത്. എന്നെക്കുറിച്ചുള്ള അമ്മയുടെ അഭ്യർത്ഥന കർത്താവ് ശ്രവിച്ചുവെന്ന് ഞാൻ നിങ്ങളോട് ഉറപ്പിച്ചുണർത്തിക്കുന്നു. മരണക്കിടക്കയിൽവച്ച്

ആത്മവിശ്വാസത്തോടെ ഇപ്രകാരം പറയുവാൻ എനിക്ക് കഴിഞ്ഞു: "ഈശോമറിയം യൗസേപ്പ് എന്ന മഹാകുടുംബത്തെ എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാണുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കക്കൊണ്ടും മാമ്മോദീസായിൽ എനിക്ക് കിട്ടിയ ദൈവഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്ക് ധൈര്യമുണ്ട്." (*അന്തിമവചസ്സുകൾ; ചാവറസൂക്തങ്ങൾ* 51). എന്റെ മക്കൾ ദിവ്യകാരുണ്യസ്വീകരണവേളയിൽ വി. കൊച്ചുത്രേസ്യായെ അനുകരിക്കുവിൻ; എന്നെപ്പോലെ മാതാവിന്റെ തിരുമടി ഹൃദയത്തിൽ പ്രതിഷ്ഠിച്ച് ദിവ്യകുമാരനെ വരവേൽക്കുവിൻ.

5.8. സമൂഹസല്ലാപം: ക്രൂശിതദർശനസല്ലാപം

5.8.1. സജ്ജീകരണം

ദേവാലയത്തിന്റെയോ ചാപ്പലിന്റെയോ അൾത്താരയിലോ ബേമയിലോ ഒരു വലിയ ക്രൂശിതരൂപം നാട്ടിനിർത്തുന്നു. വിജ്ഞാപകനും, നിർദ്ദേശപ്രകാരം പാദം, കാൽമുട്ട്, ദേഹം, തോളുകൾ, കരം, മുഖം, കവിളുകൾ, ചുണ്ടുകൾ, നയനങ്ങൾ, ശിരസ്സ് എന്നിവയിലേക്ക് പെൻടോർച്ച് അടിക്കുന്ന സഹായിയും, ഗാനാലാപകരും, സല്ലാപകരും തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകുന്നു. വിജ്ഞാപകനും ഗായകരും സല്ലാപകരും അടുത്തടുത്ത് ആയിരിക്കണം. പെൻടോർച്ച് അടിക്കുന്ന വ്യക്തി നടുക്ക് മുട്ടുകുത്തി നിൽക്കുന്നു. ദേവാലയത്തിൽ/ചാപ്പലിൽ ദീപങ്ങളൊന്നും തെളിയിക്കരുത്. സർവ്വത്ര അന്ധകാരമായിരിക്കണം. വിജ്ഞാപനം വായിക്കുന്നതും ഗാനം ആലപിക്കുന്നതും സല്ലാപഭാഷണം നടത്തുന്നതും കൊച്ചു ടോർച്ചിന്റെ സഹായത്തോടുകൂടിയാകണം.

5.8.2. കർമ്മാരംഭം

നടവാതിലിലൂടെ എല്ലാവരും അകത്തുപ്രവേശിച്ചശേഷം അപ്പന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചുകിടക്കുന്നു (നിശബ്ദത).

5.8.3. ദിവ്യപ്രസാദദർശനം

വിജ്ഞാപകൻ: നമുക്ക് മുഖമുയർത്തി അപ്പന്റെ തിരുപ്പാദങ്ങൾ ദർശിക്കാം.

(പെൻടോർച്ചിന്റെ പ്രകാശം പാദങ്ങളിൽ മാത്രം കേന്ദ്രീകരിക്കുന്നു)

അല്പസമയത്തിനുശേഷം ***സല്ലാപകൻ:*** ക്രൂശിതദർശനത്തിന്റെ

സല്ലാപചിന്തയിൽ വിവരിച്ചിരിക്കുന്ന ആത്മാനുതാപം, ധ്യാനസല്ലാപങ്ങൾ എന്നീ കൃതികളിലെ ആശയങ്ങളിൽ 'ഞാൻ' എന്ന ഉത്തമ പുരുഷസർവ്വനാമം ഉപയോഗിച്ച് ക്രൂശിതനായ അപ്പനോട് സല്ലപിക്കുന്നു. തുടർന്ന് നിശബ്ദത. അതിനുശേഷം ദിവ്യപാദങ്ങളിൽ പെൻടോർച്ച് തെളിയിക്കുന്നു. അല്പസമയത്തിനുശേഷം അണയ്ക്കുന്നു. അപ്പോൾ ഗായകർ ആലപിക്കുന്നു:

"കുരിശിനാലേ ലോകമൊന്നായ് വീണ്ടെടുത്തവനേ
താണുഞങ്ങൾ വണങ്ങുന്നു ദിവ്യപാദങ്ങൾ"
(3 പ്രാവശ്യം).

എല്ലാവരും സാഷ്ടാംഗം പ്രണമിച്ചു കിടക്കുന്നു.
അല്പസമയത്തിനുശേഷം ഗായകർ ആലപിക്കുന്നു.

"വ്യാകുലമാതാവേ, നിന്നോമൽക്കുമാരകന്റെ
തിരുമുറിവുകളെൻഹൃത്തിൽ പതിപ്പിച്ചുറപ്പിക്കണമേ"
(3 പ്രാവശ്യം)

(എല്ലാവരും എഴുന്നേറ്റ് മുട്ടുകുത്തി നിൽക്കുന്നു.)

വിജ്ഞാപകൻ: നമുക്ക് കണ്ണുകളുയർത്തി അപ്പന്റെ കാൽമുട്ടുകളെ ദർശിക്കാം.

(പെൻടോർച്ചിന്റെ പ്രകാശം കാൽമുട്ടുകളിൽ)

സല്ലാപകൻ:

ഗാനം: "കുരിശിനാലേ ലോകമൊന്നായ് വീണ്ടെടുത്തവനേ
താണുഞങ്ങൾ വണങ്ങുന്നു നിന്റെ മുട്ടുകൾ"
(3 പ്രാവശ്യം).

ഗാനം: 'വ്യാകുലമാതാവേ,....."

5.8.4. ദിവ്യദേഹദർശനം

വിജ്ഞാപകൻ:

പെൻടോർച്ച്

സല്ലാപകൻ:

ഗാനം: "കുരിശിനാലേ..... വണങ്ങുന്നു ദിവ്യമേനിയെ"
(3 പ്രാവശ്യം).

ഗാനം: "വ്യാകുലമാതാവേ,....."

5.8.5. ദിവ്യതോളുകളുടെ ദർശനം:

വിജ്ഞാപകൻ:

പെൻടോർച്ച്

സല്ലാപകൻ:

ഗാനം: "കുരിശിനാലേ... വണങ്ങുന്നു ദിവ്യതോളുകൾ"
(3 പ്രാവശ്യം).

ഗാനം: "വ്യാകുലമാതാവേ... "

5.8.6. ദിവ്യകരദർശനം

വിജ്ഞാപകൻ:

പെൻടോർച്ച്

സല്ലാപകൻ

ഗാനം: "കുരിശിനാലേ... വണങ്ങുന്നു ദിവ്യകരങ്ങളെ"
(3 പ്രാവശ്യം).

ഗാനം: "വ്യാകുലമാതാവേ... "

5.8.7. ദിവ്യവദനദർശനം

ഗാനം: "കുരിശിനാലേ... വണങ്ങുന്നു നിന്റെയാനസം"

ഗാനം: 'വ്യാകുലമാതാവേ... "

5.8.8. ദിവ്യകവിളുകളുടെ ദർശനം

ഗാനം: "കുരിശിനാലേ... വണങ്ങുന്നു ദിവ്യകവിളുകൾ"

ഗാനം: 'വ്യാകുലമാതാവേ... "

5.8.9.. ദിവ്യ ഓഷ്ഠദർശനം

ഗാനം: "കുരിശിനാലേ... വണങ്ങുന്നു ദിവ്യചുണ്ടുകൾ"

ഗാനം: 'വ്യാകുലമാതാവേ... "

5.8.10. ദിവ്യനയനദർശനം

ഗാനം: "കുരിശിനാലേ... വണങ്ങുന്നു ദിവ്യനയനങ്ങൾ"

ഗാനം: 'വ്യാകുലമാതാവേ... "

5.8.11. ദിവ്യശിരസ്സുദർശനം

ഗാനം: "കുരിശിനാലേ... വണങ്ങുന്നു ദിവ്യശിരസ്സിനെ"

5.8.12. സമാപനഭാഗം

ഗീതം: "മകനേ നിനക്കായാണല്ലോ ഞാൻ..." അഥവാ
"ഗാഗുൽത്താമലയിൽനിന്ന് വിലാപ...."

സമാപനപ്രാർത്ഥന (കുരിശിൽകയറൽ എന്ന ആശയം).

ആറാംദിവസം: അവതാരദർശനവും അമ്മയോടൊത്തുള്ള വാസവും

6.1. സല്ലാപാഘോഷം: സെഹിയോൻവാസികൾ

6.1.1. സങ്കീർത്തനം: "സ്തുതിപ്പിൻ സ്തുതിപ്പിൻ" എന്ന ഗീതം ആലപിക്കുന്നു. ഗായകഗണത്തിന്റെ ഈരടികൾക്കുശേഷം സമൂഹം "സ്തുതിപ്പിൻ സ്തുതിപ്പിൻ" എന്ന ആദ്യഈരടി ആവർത്തിക്കുന്നു.

6.1.1.1. ഒന്നാംവായന: ഹെബ്രാ 12:18-22 സ്വർഗ്ഗീയസെഹിയോനിലാ യിരിക്കുവിൻ.

6.1.1.2. രണ്ടാംവായന: വെളി 21:1-7 മണവാട്ടിയായ സെഹിയോൻ

6.1.1.3. മൂന്നാംവായന: മത്താ 21:1-17 അത്യുന്നതങ്ങളിൽ ഓശാനാ

6.2. ഏകാന്തസല്ലാപമന്ത്രം: "കാണണം, കാണണം, എനിക്കുണ്ണിയെ കാണണം."

6.3. സല്ലാപചിന്ത I: അവതാരദാഹം

6.3.1. ധ്യാനസംഗ്രഹം

പ്രിയ മക്കളേ, ഈ ധ്യാനത്തിന്റെ ഉദ്ദേശ്യം നിങ്ങളുടെ പിതാവായ എന്റെ വാക്കുകൾ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കുക എന്നതാണ്. എന്റെ ഭാഷയിലും ശൈലിയിലും പ്രമേയങ്ങളിലും ചിന്തിക്കുന്നതിനും സംസാരിക്കുന്നതിനും പ്രവർത്തിക്കുന്നതിനും പരിശീലനം ലഭിച്ചാലേ എന്റെ മക്കളെന്ന് നിങ്ങൾക്ക് അവകാശപ്പെടാനാകൂ. ഹൃദയത്തിൽ എന്റെ ദർശനലോകം രൂഢമൂലമായാലേ അതിന്റെ വെളിച്ചത്തിൽ നിങ്ങളിലേക്ക് തിരിയുന്നതിന് സാധിക്കുകയുള്ളൂ. ഞാൻ ചെയ്തതുപോലെ തിരുക്കുടുംബത്തിൽ കണ്ണും നട്ടിരിക്കണം. ആ വെളിച്ചത്തിൽ നിങ്ങളിലേക്കുതന്നെ തിരിയണം.

ഈ ധ്യാനം ദർശനസല്ലാപമാണെന്ന് വീണ്ടും വീണ്ടും ഞാൻ ഓർമ്മിപ്പിക്കട്ടെ. എന്നെപ്പോലെ നിങ്ങളും ദർശനക്കാരാകുന്നതിനു വേണ്ടിയത്രേ ഞാൻ ഈ ദർശനവീട്ടിലേക്ക് നിങ്ങളെ ആനയിച്ചത്. അതിലെ അംഗങ്ങളാകുവാൻ ആഗ്രഹിക്കുന്നവരിൽ ദർശനം ലഭിക്കാനുള്ള വലിയ വിശപ്പും കഠിനദാഹവും ഉണ്ടാകണം. അപ്പോൾ തിരുക്കുടുംബത്തിൽ സ്നേഹത്തിൽ പാർക്കുന്നതിനും, സവിധത്തിൽ ഇരിക്കുന്നതിനും അരികെ നടക്കുന്നതിനും അവരോട് എപ്പോഴും സംസാരിക്കുന്നതിനും ഭഗീരഥയത്നം ചെയ്യും. ദർശനവിഷയം തിരുക്കുടുംബമെന്ന ത്രിത്വകുടുംബമാക്കുവിൻ. അവരെ സദാ കാണുകയും, ഓർക്കുകയും, തിരുക്കുടുംബനാമം ധരിക്കുക

യും, ഈശോയെയും മറിയത്തെയും മാർ യൗസേപ്പിനെയും വണങ്ങുകയും, അവർക്ക് സ്വയം പ്രതിഷ്ഠിക്കുകയും, അവരെ ആശ്രയിക്കുകയും തിരുക്കുടുംബം നിങ്ങളിൽ ഭരണം നടത്താൻ അനുവദിക്കുകയും ചെയ്യുവിൻ. ഈ പ്രവൃത്തികളാണ് നിങ്ങൾ അഗതിത്വം, മണവാട്ടിത്തം, ചൊൽവിളി എന്നീ വ്രതങ്ങൾവഴി നിർവ്വഹിക്കുന്നത്.

ദർശിക്കണമെങ്കിൽ അപ്പനിലേക്ക് തിരിയണം; അപ്പന്റെ വീട്ടിൽ അണയണം; ക്രൂശിതനായ അപ്പനെ സാഷ്ടാംഗം പ്രണമിച്ച് ദിവ്യപാദങ്ങളും കാൽമുട്ടുകളും, തിരുമേനിയും തിരുത്തോളുകളും, തൃക്കരങ്ങളും തിരുമുഖവും, ദിവ്യകവിളുകളും, ചുണ്ടുകളും, കണ്ണുകളും, ശിരസ്സും നോക്കിക്കൊണ്ടിരിക്കുകയും ഹൃദയക്കണ്ണീർ ചൊരിയുകയും വേണം. അനുതാപസല്ലാപംവഴി പാപക്കറകൾ കഴുകിക്കളയണം. അപ്പന്റെ വീട് സീനായ് മലയാണ്, സെഹിയോൻ മലയാണ്, ഗാഗുൽത്തായെന്ന കല്ല്യാണപന്തലും കുരിശാകുന്ന മണവറയുമാണ്. അമ്മയുടെ തിരുമടി ഹൃദയത്തിൽ സ്ഥാപിച്ച് അതിൽ ഈശോയെ കുടിയിരുത്തണം; വരദാനങ്ങൾക്കായി അമ്മയെക്കൊണ്ട് അപേക്ഷിപ്പിക്കണം.

6.3.2. വിശ്രമദിനം

ദൈവം സൃഷ്ടികർമ്മത്തിനുശേഷം ഏഴാംദിവസം വിശ്രമിച്ചുവല്ലോ. ആ ആറു ദിവസങ്ങളിലെ ചെയ്തികളെല്ലാം തന്നിലേക്കാവഹിച്ച് ഭൂമിയിലെ തന്റെ പ്രതിഛായകളെ ദർശിച്ച് അവയിലെല്ലാം തന്റെ സൗന്ദര്യം അനുഭവിച്ചറിഞ്ഞ് ആനന്ദനിർവൃതനായിത്തീർന്നു അവിടുന്ന്. അതുപോലെ ഈ ധ്യാനത്തിന്റെ അവസാനദിവസമായ ഇന്ന് നമ്മൾക്കു ലഭിച്ച ഉൾക്കാഴ്ചകളും വരദാനങ്ങളും സല്ലാപാനുഭവങ്ങളുമെല്ലാം വീണ്ടും നമ്മിലേക്ക് ആവഹിക്കാം. തിരുക്കുടുംബത്തോടും എന്നോടുമൊന്നിച്ച് നിങ്ങളും ബെത്‌ലെഹേം ഗുഹയിൽ ആയിരിക്കുവിൻ. അവിടെ നടക്കുന്നതെല്ലാം കാണുകയും കേൾക്കുകയും ചെയ്തുകൊണ്ട് ആ ദിവ്യരഹസ്യങ്ങളുമായി ഒന്നുചേരുവിൻ. അതാകട്ടെ നിങ്ങളുടെ ഇന്നത്തെ വിശ്രമം. പുതിയ മനുഷ്യരായിത്തീർന്നുകൊണ്ട് കർത്താവ് ജനിച്ച ബെത്‌ലെഹേം ഗുഹയിലേക്ക് നമുക്കിപ്പോൾ പ്രവേശിക്കാം. അമ്മയുടെയും വളർത്തുപിതാവിന്റെയും പ്രാർത്ഥനകൾ സ്വന്തമാക്കാം. തിരുഅവതാരവേളയിൽ വാനവദൂതരോടൊത്ത് ആടിപ്പാടാം. മാതാവിന്റെയും മാർ യൗസേപ്പിന്റെയും പ്രണാമങ്ങളുമായി ഒന്നുചേരാം. അവയെല്ലാം കാണുകയും

കേൾക്കുകയും ചെയ്തപ്പോൾ എനിക്കുണ്ടായ ആത്മദാഹം നിങ്ങളുടേതാക്കിത്തീർക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. അവസാനത്തിൽ മറിയത്തിന്റെ ഉത്ഥിതജീവിതത്തിലേക്കും മരണത്തിലേക്കും സ്വർഗ്ഗാരോപണത്തിലേക്കും ത്രിലോകരാജ്ഞിയായി മുടിധരിപ്പിക്കപ്പെട്ട സംഭവത്തിലേക്കും നമുക്കൊന്നിച്ച് പൂർണ്ണമായി തിരിഞ്ഞിരിക്കാം. ഈ പ്രമേയങ്ങളിലധിഷ്ഠിതമാണ് ഇന്നത്തെ സല്ലാപ ചിന്തകൾ.

6.3.3. ഗുഹാപ്രവേശം

ബെത്‌ലെഹേമിലെത്തിയ മറിയത്തിനും മാർ യൗസേപ്പിനും താമസസൗകര്യം ലഭിച്ചില്ല. എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന വെളിച്ചമായി ലോകത്തിലേക്ക് കടന്നുവരാനിരുന്ന മിശിഹായെ മനുഷ്യർ അറിഞ്ഞില്ല; സ്വന്തജനങ്ങളുടെ ഇടയിലേക്ക് വന്നവനെ സ്വകീയർ സ്വീകരിച്ചതുമില്ല എന്നാണല്ലോ തിരുവചനം (യോഹ 1:9-11). സ്വന്തക്കാരുടെ ഈ തിരസ്ക്കരണത്തിൽ ആ പഥികർക്ക് അതിരറ്റ വേദനതോന്നി. എങ്കിലും അവതീർണ്ണനാകാനിരിക്കുന്നവന്റെ കാഴ്ചപ്പാടിൽ നോക്കിയപ്പോൾ

"പരമദേവൻപൈതൽ ദുരിതമിച്ഛിച്ചത്രേ
പരരായ് നമ്മുക്കിവരെന്നോർത്തുതോഷിച്ചവർ"
(*ആത്മാനുതാപം*. V/7-8).

മാനുഷികമായി ചിന്തിച്ചാൽ സർവ്വരക്ഷയ്ക്കായ് വന്നവനെ സർവ്വരും തള്ളിക്കളയുന്നത് ഗ്രഹിക്കുവാനാകുകയില്ല. പക്ഷേ ഉപരിപ്ലവമാർന്നതാണ് അത്തരം ചിന്താഗതി. എല്ലാത്തിന്റെയും ആദ്യകാരണം ഒന്നുമാത്രം. പരമദേവൻ പൈതൽ ദുരിതമിച്ഛിച്ചത്രേ. സർവ്വേശ്വരനായ ഉണ്ണിഈശോ ദുരിതത്തെ ഇഷ്ടപ്പെടുകയും ആഞ്ഞുപുൽകുകയും ചെയ്യുന്നു. അതുകൊണ്ടുണ്ടായതാണ് ഇത്തരം ക്ലേശങ്ങളും സഹനങ്ങളും. മറ്റുള്ളവർ നമ്മെ അന്യരായി കണക്കാക്കുന്നുണ്ടാകാം. അതോർക്കുമ്പോൾ സന്തോഷിക്കുകയല്ലേ വേണ്ടത്? ഇത്തരം ചിന്തയിൽ രണ്ടുപേരും സമാശ്വാസവും സന്തോഷവും കണ്ടെത്തി. പ്രിയപ്പെട്ടവരേ, അമ്മയുടെയും വളർത്തുപിതാവിന്റെയും കാഴ്ചപ്പാടിലേക്ക് വളരുവിൻ. ജീവിതത്തിൽ സംഭവിക്കുന്നവയ്ക്കെല്ലാം ഏകകാരണമേയുള്ളൂ. "പരമദേവൻപൈതൽ ദുരിതമിച്ഛിച്ചത്രേ" അത്തരം ദർശനം നിങ്ങളെ തിരുക്കുടുംബത്തിന്റെ പക്വതയിലേക്ക് നയിക്കും. ദുരിതങ്ങളിലും ദുഃഖങ്ങളിലും ആനന്ദിച്ചാഹ്ലാദിക്കാൻ കഴിയുമ്പോൾ നിങ്ങളും കർത്താവിൽ ഭാഗ്യവാന്മാരാകും (മത്താ 5:11-12).

ഈ വീക്ഷണത്തോടെയാണ് മറിയവും മാർ യൗസേപ്പും സന്ധ്യാസമയത്ത് കാലിത്തൊഴുത്തിൽ പ്രവേശിച്ചത്. നമുക്കും അവരോടൊപ്പം ആ ഗുഹയിൽ അണയാം. അവർ കാലെടുത്തുവച്ച നിമിഷത്തിൽ കന്നുകാലികളുടെ വാസസ്ഥലം "സ്വർഗ്ഗപുരിയെന്നപോൽ പ്രകാശിച്ചു" (വരി 12).

6.3.4. മറിയത്തിന്റെ അഭ്യർത്ഥന

സ്ഥലമന്വേഷിച്ചലഞ്ഞ് വിവശനായിത്തീർന്ന തന്റെ ഭർത്താവിന്റെ നേരെ നോക്കിയപ്പോൾ ദുഃഖിതയായിത്തീർന്നു മറിയം. തിരുഅവതാരത്തിനുവേണ്ട സജ്ജീകരണങ്ങൾ ഒരുക്കുന്ന തിടുക്കത്തിലായിരുന്ന അദ്ദേഹത്തോട് അമ്മ അപേക്ഷിച്ചു:

"രാത്രിയുമകാലമായ്, ഗാത്രവുംബഹുക്ഷീണം
നേത്രമെങ്കിലുമടച്ചീടണമിനിഭവാൻ" (വരി 15-16).

അത്യന്തം അവശയായിരുന്നെങ്കിലും തന്റെ ഭർത്താവിനെപ്പറ്റിയാണ് അമ്മ ചിന്തിച്ചത്. രാത്രി ഏറെ ചെന്നുകഴിഞ്ഞു. പകൽ മുഴുവൻ അലഞ്ഞുനടന്ന് ക്ഷീണിതനായിത്തീർന്നിരിക്കുന്നു അദ്ദേഹം. കുറച്ചുനേരമെങ്കിലും കണ്ണുകളടച്ച് വിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ് കർത്താവിന്റെ ജനനിയാകാൻ വിളിക്കപ്പെട്ടവൾ. പ്രിയ മക്കളേ, നിങ്ങളുടെ കാര്യങ്ങളിൽമാത്രം മുഴുകിക്കഴിയാതെ ഇതരരെക്കുറിച്ച് പര്യാകുലരാകുവിൻ. അപ്പോൾ നിങ്ങൾ കർമ്മലാംബികയുടെ സാക്ഷാൽ തനയരാകും.

6.3.5. മാർ യൗസേപ്പിന്റെ പ്രാർത്ഥന

6.3.5.1. "സ്തുതിച്ചു സർവ്വേശ്വരനെ"

ഭാര്യയുടെ നിർദ്ദേശം അക്ഷരസ്യാ നിറവേറ്റുകയായി പുണ്യാതാതൻ. അല്പംമാറി വിശ്രമത്തിന് ഒരുക്കമായി സർവ്വേശ്വരനെ സ്തുതിച്ചുതുടങ്ങി. മക്കളേ, ഒരു കാര്യം ശ്രദ്ധിക്കുവിൻ. നിദ്രയ്ക്കുമുമ്പ് അന്ന് ദൈവം യാത്രയാക്കിയ സന്തോഷങ്ങൾക്കും സങ്കടങ്ങൾക്കും വിജയങ്ങൾക്കും പരാജയങ്ങൾക്കും നിഷ്കാസനങ്ങൾക്കും സഹനങ്ങൾക്കുമെല്ലാം അവിടുത്തെ സ്തുതിക്കുവാൻ പഠിക്കുവിൻ. പ്രകീർത്തനത്തിന്റെ പ്രേഷിതരാകുവിൻ. എല്ലാത്തിനും സർവ്വേശ്വരനെ സ്തുതിക്കുന്ന മാർ യൗസേപ്പിന്റെ മാതൃക അനുകരിക്കുവിൻ.

6.3.5.2. കണ്ണീരെന്ന ദാനം

ദൈവത്തെ സ്തുതിച്ചപ്പോൾ സംഭവിച്ചതന്തെന്നോ?

"വന്നൊരുദുഃഖമൊക്കെ മറന്നെന്നതുപോലെ

ഖിന്നമൊക്കെ(ദുഃഖം)യും പോയ് തെളിഞ്ഞുതന്റെ ചിത്തം
സന്തോഷപെരുപ്പത്തിൽ സംഗതിതിരിയാതെ
സലിലംവാർത്തുകൺകൾ നദിയെന്നതുപോലെ"
(വരി 19-22)

വേദനയിലും ദൈവത്തെ സ്തുതിച്ചപ്പോൾ ഒരു കാര്യം അനുഭവ വേദ്യമായി.

"പരമദേവൻപൈതൽ ദുതിരമിച്ഛിച്ചത്രേ" (വരി 7).

തള്ളിപ്പറയലിനെയും ദ്വേഷിക്കലിനെയും ഈശോയുടെ കാഴ്ചപ്പാടിൽ കാണുമ്പോൾ ദുഃഖമൊക്കെയും മറന്നുപോകും; വേദന തിരോഭവിക്കും; മനസ്സുതെളിയും; സന്തോഷാധിക്യം അനുഭവപ്പെടും; കണ്ണുകൾ നദിയെന്നപോലെ നിറഞ്ഞൊഴുകും, എവിടെനിന്നാണ് ഈ ജലധാരയെന്നറിവുണ്ടാകയില്ലെങ്കിലും. അതേ, സ്തുതി ഖിന്നതയകറ്റും. വേദനയിലും മാർ യൗസേപ്പിനെപ്പോലെ ദൈവത്തെ സ്തുതിക്കലാണ് മാർ യൗസേപ്പിന്റെയും എന്റെയും മക്കളായ നിങ്ങളുടെ ദൈവവിളി. സ്തുതിയുടെ വചസ്സുകൾ അധരങ്ങളിലൂടെ നിറഞ്ഞൊഴുകുമ്പോൾ എന്തു സംഭവിക്കുമെന്നോ? നിങ്ങൾ ദൈവികമായ ആനന്ദത്താൽ നിർഭരരാകും. ഉള്ളിലുള്ള സന്തോഷം കണ്ണുകളിലൂടെ പ്ലവഹിക്കും. അതൊരു മിസ്റ്റിക്കൽ സിദ്ധിയാണ്. കാരുണ്യവാനായ ദൈവം-ആ അനുഗ്രഹം എനിക്കും നൽകിയിരുന്നു. ദിവ്യരക്ഷകന്റെ പീഡാനുഭവങ്ങളെപ്പറ്റി നിരന്തരമായി ധ്യാനിച്ചിരുന്ന എന്റെ നേത്രങ്ങളിൽനിന്ന് ബാഷ്പപ്രവാഹങ്ങൾ പുറപ്പെട്ടിരുന്നതായി ളൂയിസച്ചൻ സാക്ഷിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാഷ്യത്തിൽ ആ കണ്ണീർകണങ്ങൾ ഹൃദയത്തിൽ തിങ്ങിവിങ്ങിയിരുന്ന സ്നേഹജ്വാലകളെയാണ് പ്രദ്യോതിപ്പിച്ചിരുന്നത്. അതുപോലെ എല്ലാ ദിവസവും ഒരു മണിക്കൂർ ധ്യാനത്തിന്റെ സമയം മുഴുവൻ ഞാൻ സദാ കണ്ണുനീർ ചൊരിഞ്ഞ് മുട്ടിന്മേൽ നിന്നാണ് നടത്തിയിരുന്നതെന്നും, ധ്യാനത്തിന്റെ അവസാനത്തിൽ ബാഷ്പധാര ഒഴുക്കിക്കൊണ്ടാണ് മുറിയിലേക്ക് പോയിരുന്നതെന്നും ളൂയിസച്ചൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

6.3.5.3. തെളിയലെന്ന ദാനം

പ്രിയപ്പെട്ടവരേ, തെളിയുക/തെളിവ് എന്നീ സംജ്ഞകൾ എനിക്കേറ്റം ഇഷ്ടപ്പെട്ടതാണ്. ദൈവം തെളിവിന്റെ മൂർത്തീഭാവമാണല്ലോ. അവിടുന്നിൽ തെളിവില്ലാത്തതൊന്നുമില്ല. അച്ഛസ്ഫടികസുന്ദരമാണ് ആ രൂപം. സുതാര്യമാണ് സർവ്വവും. സ്നേഹം, സന്തോഷം, സമാധാനം, സത്യം, ശിവം, സുന്ദരം. തിരുസുതന്റെ സ്വഭാവവിശേ

ഷവും മറ്റൊന്നല്ല. തെളിവിനെക്കുറിച്ചുള്ള എന്റെ ദർശനം പിന്നീട് വിശദമായി അവതരിപ്പിക്കാം. ദൈവാരൂപരായ മനുഷ്യർ തെളിവിന്റെ മക്കളാണ്. മാർ യൗസേപ്പിനെക്കുറിച്ച് തെളിവ് എന്ന സംജ്ഞ രണ്ടു പ്രാവശ്യം ഞാൻ ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധിക്കുവിൻ. വന്ധ്യതാതന്റെ ചിത്തം തെളിഞ്ഞു (വരി 20). കണ്ണുകൾ നിറഞ്ഞൊഴുകിയത് ആ ഉള്ളിലുളവായ തെളിവും ആത്മീയാനന്ദവും മൂലമാണ്. അത്തരം തെളിവിൽനിന്നാണ് (വരി 23) അദ്ദേഹം തിരുഅവതാരസംഭവം ത്വരിതപ്പെടുത്തുവാനായി പ്രാർത്ഥിക്കുക.

6.3.5.4. പ്രാർത്ഥന, ഒരു ജപം

എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടതെന്ന് വത്സലതാതൻ നമ്മെ പഠിപ്പിക്കുന്നു.

"അത്തെളിവോടെ സർവ്വനാഥനെപാർത്തുകൊണ്ടു
ഉൾക്കുരുന്നലിഞ്ഞുള്ള ജപത്തെ കാഴ്ചവച്ചു"
(വരി 23-24).

ഉദാത്തമായ പ്രാർത്ഥനക്കുള്ള സവിശേഷതകൾ ഇവിടെ എണ്ണിയെണ്ണി പറഞ്ഞിരിക്കുന്നു: ആത്മീയമായ തെളിവ്, സർവ്വനാഥനെ പാർക്കൽ, ഉൾക്കുരുന്നലിഞ്ഞുള്ള ജപം, കാഴ്ചവയ്ക്കൽ. പ്രാർത്ഥിക്കുന്നത് സർവ്വനാഥനെ പാർത്തുകൊണ്ടാകണം. അവിടുത്തെ നോക്കിക്കൊണ്ടിരുന്നാകണം അപേക്ഷകൾ അർപ്പിക്കേണ്ടത്. സർവ്വനാഥൻ എന്ന വിശേഷണം പശ്ചാത്തലത്തിൽ അർത്ഥവത്താണ്. ഇതാ, ദൈവകുമാരന് അവതരിക്കുവാൻ മനുഷ്യഭവനങ്ങളൊന്നുമില്ല. കാലിക്കൂടുമാത്രം. മാനവരാരും സഹായത്തിനില്ല. മൃഗങ്ങൾ മാത്രമാണ് ആ മഹാസംഭവത്തിന് സാക്ഷ്യം വഹിക്കുവാൻ സന്നിഹിതരായിരിക്കുക. ശയിക്കുവാൻ പട്ടുമെത്തയില്ല. ഇരുട്ടകറ്റുവാൻ മെച്ചമായ പ്രകാശവാഹിനികളില്ല. തണുപ്പിൽനിന്ന് രക്ഷപ്പെടാൻ കച്ചത്തുണികൾ മാത്രം. ഇതാണോ സർവ്വവല്ലഭനായ ദൈവത്തിന് ലഭിക്കുന്ന സവിശേഷപരിചരണഘടകങ്ങൾ? വിശ്വാസത്തിന്റെ കണ്ണുകളില്ലാത്തവർ നിരാലംബനായ ഒരു ദൈവത്തെ സ്വീകരിക്കുകയോ ആദരിക്കുകയോ ചെയ്യുകയില്ല. പക്ഷേ വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കുന്ന മാർ യൗസേപ്പിനാകട്ടെ ലോകത്തിന്റേതായ ഇത്തരം ഇല്ലായ്മയിലും ദീനതയിലും ഹീനതയിലും സർവ്വനാഥനെയാണ് കാണുവാൻ കഴിഞ്ഞത്. അവിടുത്തെ നാഥത്വം ഇവിടെ വെളിപ്പെടുത്തപ്പെടുന്നു. ലോകത്തിന് ഭോഷത്തവും ഇടർച്ചയുമായ പ്രതിഭാസങ്ങളിലത്രേ ദൈവത്തിന്റെ സർവ്വവല്ലഭത്വം ഉജ്ജ്വലിച്ചു നിൽക്കുക. അത്തരം കാഴ്ചയിൽ ലയിച്ചിരുന്നുകൊണ്ടാണ് ("സർവ്വ

നാഥനെ പാർത്തുകൊണ്ട്") മാമുനീന്ദ്രൻ പ്രാർത്ഥനയാകുന്ന ജപം കാഴ്ചവച്ചത്. പ്രാർത്ഥന നിങ്ങൾക്കൊക്കെ ജപിക്കലാണോ, അഥവാ തുടർച്ചയായി ചൊല്ലിക്കൊണ്ടിരിക്കുന്ന ഒരു മന്ത്രമാണോ? ഭാരതീയരായ നമ്മൾ ഈശ്വരനാമം ജപിക്കേണ്ടവരല്ലേ? അധരവ്യായാമം മാത്രമല്ലത്. "ഉൾക്കുരുന്നലിഞ്ഞുള്ള ജപ"മാണ്. ഹൃദയത്തെ തളിരായി ചിത്രീകരിച്ചിരിക്കുന്നു. ആ തളിരിനെപ്പോലും അലിയിക്കുന്നതാകണം ജപം. സിദ്ധർക്കുമാത്രം നൽകപ്പെടുന്ന ഇത്തരം മഹാനുഗ്രഹം ലഭിക്കാനായി മാർ യൗസേപ്പിന്റെ മക്കളായ നിങ്ങളും ഭഗീരഥയത്നം ചെയ്യുവിൻ. അവസാനമായി പ്രാർത്ഥനയെ ഒരു കാഴ്ചവെപ്പായി നോക്കിക്കാണുന്നു. ദൈവത്തിന് ഏറ്റവും ഇഷ്ടകരമായതാണല്ലോ നാം തിരുസവിധത്തിൽ അർപ്പിക്കുക. രാജാക്കന്മാരെ സന്ദർശിക്കുമ്പോൾ തിരുമുൽക്കാഴ്ച നൽകാറുണ്ടല്ലോ. അത്തരത്തിലുള്ള ഒരു കാഴ്ചവയ്പ്പാണ് മാർ യൗസേപ്പ് നടത്തിയത്. കാഴ്ചവസ്തു എന്താണെന്നോ? തിരുഅവതാരം വേഗത്തിൽ സംഭവിക്കണമെന്ന അധമ്യമായ ആഗ്രഹം. എന്തെങ്കിലും കിട്ടുവാനാണല്ലോ നാം സാധാരണയായി പ്രാർത്ഥിക്കാറ്. ഇവിടെ വത്സലപിതാവിന് സ്വന്തകാര്യത്തെക്കുറിച്ച് ചിന്തപോലുമില്ല. മനുഷ്യന്റെ 'അഹ'ത്തിന്റെ ലോകം നാമിവിടെ കാണുകയില്ല. നേരേമറിച്ച് അർത്ഥന അർപ്പണമാക്കിത്തീർത്തിരിക്കുന്നു.

6.3.5.5. "വേഗത്തിൽ കാട്ടേണമേ"

തിരുഅവതാരദർശനദാഹത്താൽ വീർപ്പുമുട്ടുന്ന ആത്മാവിന്റെ ആലാപനമാണ് മാർ യൗസേപ്പിന്റെ "ഉൾക്കുരുന്നലിഞ്ഞുള്ള ജപം."

"സർവ്വേശാ, പരാപരാ, സർവ്വമംഗലനിധേ
സർവ്വരക്ഷയ്ക്കായ് തന്ന നിന്നുടെ പുത്രൻതന്നെ
മേഘത്തിൻമറനീങ്ങി ശോഭിക്കും സൂര്യൻപോലെ
മേപ്രിയ കന്നിതന്റെ ഉദരത്തിരനീക്കി (വയറാകുന്ന മറ)
മേദിനിയിൽകണ്ടു വന്ദിപ്പാനരുളണം
ദാഹത്തെ തീർത്തീടുവാൻ വേഗത്തിൽ കാട്ടേണമേ"
(വരി 25-30).

തിരുപ്പിറവിക്കായുള്ള വത്സലപിതാവിന്റെ അർത്ഥനയുടെ അന്തരാത്മാവ് കണ്ടെത്തുവാൻ നമുക്ക് ശ്രമിക്കാം. പ്രാർത്ഥന ആരംഭിക്കുക മൂന്ന് അഭിസംബോധനകളോടുകൂടിയാണ്: സർവ്വേശൻ, പരാപരൻ, സർവ്വമംഗലനിധി. ദൈവം സർവ്വേശ്വരനാണ്. എല്ലാം ചെയ്യുവാനുള്ള

ശക്തിയുള്ളവൻ. അരുമക്കുമാരനെ മനുഷ്യപുത്രനാക്കി ഭൂമിയിലേക്കയക്കുവാൻ അവിടുത്തേക്കു കഴിയും. ആദിയും അന്തവുമായുള്ളവനെ സൂചിപ്പിക്കുന്നു പരാപരനെന്ന വിശേഷണം. സർവ്വത്തിന്റെയും ആദിയും അന്ത്യവും അവിടുന്നിലാണ്. ദൈവത്തിൽനിന്ന് എല്ലാത്തിനും അസ്തിത്വം ലഭിക്കുന്നു. അവസാനം പരാപരനിൽ ലയിച്ചുചേരുമ്പോൾ അവയുടെ അന്ത്യം പൂർത്തിയാകുന്നു. സർവ്വ മംഗലദേവൻ എന്ന സംജ്ഞ അതിവിശേഷകരംതന്നെ. ദൈവമേ അങ്ങാണ് സർവ്വമംഗളങ്ങളുടെയും ഉറവിടവും നിറകുടവും, നിക്ഷേപവും അക്ഷയപാത്രവും, ആസ്ഥാനവും ഇരിപ്പിടവും. ആ മംഗളങ്ങൾ (ഹീബ്രുഭാഷയിൽ *ഷാലോം*=ഐശ്വര്യം, കല്ല്യാണം, സുസ്ഥിതി) എല്ലായിടത്തും തീർക്കണമേ. ഈശോയുടെ തിരുസ്വരൂപങ്ങളായി എല്ലാവരെയും പകർത്തണമേ - ഇപ്രകാരം നിലവിളിക്കുന്നവരാണ് സാക്ഷാൽ സി.എം.ഐ/സി.എം.സിക്കാർ.

"മേഘത്തിൻമറനീങ്ങി ശോഭിക്കും സൂര്യൻപോലെ"

'ഞാൻ' എന്നുള്ള മേഘമറയിൽനിന്ന് വിമുക്തരായി 'ഞങ്ങൾ' എന്ന സൂര്യവെളിച്ചം ധരിക്കുന്നവരാകണം, അഥവാ അഹത്തിന്റെ കൊച്ചു I യിൽനിന്ന് ദൈവത്തിന്റെ വലിയ I യിലേക്ക് രൂപാന്തരപ്പെടുന്നവരാകണം മാർ യൗസേപ്പിന്റെ തനയർ. അങ്ങനെയുള്ള ദർശനത്തിൽ യൗസേപ്പുപിതാവ് ജീവിച്ചു. എനിക്കും അപ്രകാരം ജീവിക്കുവാനുള്ള അനുഗ്രഹം തന്നു. ദൈവമാകുന്ന സൂര്യന്റെ നഭോമണ്ഡലത്തിൽ സ്വച്ഛന്ദം വിഹരിക്കുന്നവരുടെ കൂട്ടായ്മയാകണം തിരുക്കുടുംബമെന്ന ത്രിത്വകുടുംബത്തിലെ അംഗങ്ങളായ നമ്മളോരോരുത്തരും. മാർ യൗസേപ്പുപിതാവിന്റെ പ്രാർത്ഥന നമുക്ക് നിരന്തരം ജപിച്ചുകൊണ്ടിരിക്കാം. അപ്രകാരം തിരുക്കുടുംബത്തിന്റെ വിചാരങ്ങളും വികാരങ്ങളും ഹൃദയത്തുടിപ്പുകളും ഓർമ്മകളും ഭാഷണങ്ങളും പ്രവൃത്തികളുമായി ഏകീഭവിക്കാം.

"മേദിനിയിൽ കണ്ടു വന്ദിപ്പാനരുളണം
ദാഹത്തെ തീർത്തീടുവാൻ വേഗത്തിൽ കാട്ടേണമേ"

തിരുഅവതാരം നടക്കുവാൻ, അതു കാണുവാൻ, വന്ദിപ്പാനുള്ള ദാഹത്താൽ വിവശരാകണം നമ്മൾ. ഓരോ വ്യക്തിയിലും, സമൂഹത്തിലും, പ്രവിശ്യയിലും, സന്ന്യാസസഭയിലും, ഇടവകയിലും, രൂപതയിലും, തിരുസ്സഭയിലുമെന്നല്ല ലോകം മുഴുവൻ തിരുഅവതാരം സംഭവിക്കണം. എന്നിൽ, നമ്മിൽ, മറ്റുള്ളവരിൽ, മറ്റുള്ളവയിൽ തിരുഅവതാരം നടക്കണം. അത് കാണാനുള്ള കണ്ണുകൾ ഓരോരു

ത്തർക്കും ലഭിക്കണം; അതിനുള്ള ദാഹം അനുനിമിഷം വർദ്ധിച്ചുവരണം. അപ്പോൾ മാത്രമാണ് മാർ യൗസേപ്പിനെപ്പോലെ "വേഗത്തിൽ കാട്ടേണമേ" എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുവാൻ സാധിക്കുകയുള്ളൂ. വെളിപാടുഗ്രന്ഥത്തിലെ അരൂപിയുടെയും മണവാട്ടിയുടെയും "കർത്താവായ ഈശോയേ വരണമേ" എന്ന ഉദ്ഘോരണമായി (വെളി 22:17,20) ഒന്നുചേരുവാൻ പ്രാപ്തി ലഭിക്കുകയുള്ളൂ.

"മേദിനിയിൽകണ്ട് വന്ദിപ്പാനരുളേണം"

തിരുഅവതാരം നടക്കേണ്ടത് ഈ ഭൂമിയിലാണ്. അനുദിനം വചനം മാംസമാകണം; മാംസം വചനഭരിതമാകണം. ദുർബ്ബലമായ മാംസത്തിൽ വചനം അത്ഭുതപരിവർത്തനം ഉളവാക്കണം. അത് കാണാനുള്ള ദാഹം നാം വളർത്തണം. അവതാരം ത്വരിതപ്പെടുത്തുവാൻ നിയുക്തരാണ് നമ്മൾ. world നെ Word ആക്കി രൂപാന്തരപ്പെടുത്തുവാൻ കടപ്പെട്ടവർ അഥവാ world ലെ l നാമാവശേഷമാക്കി അതിനെ Word ആക്കി പകർത്തുകയാണ് മാർ യൗസേപ്പിന്റെ മക്കളുടെ ദൗത്യം. ആ അത്ഭുതപരിവർത്തനം സംഭവിക്കാൻ നിരന്തരം നിലവിളിച്ചുകൊണ്ടിരിക്കേണ്ടതല്ലേ എന്റെ കൂടപ്പിറപ്പുകളും കുഞ്ഞുങ്ങളുമായ നിങ്ങൾ.

'മേദിനി' എന്ന സംജ്ഞയിൽ ഉൾക്കൊള്ളുന്ന ദർശനം ഗാഢമായ പരിചിന്തനവിഷയമാക്കാം. മനുഷ്യരിൽ മാത്രമല്ല സൃഷ്ടജാലങ്ങളിലെല്ലാം തിരുഅവതാരം സംഭവിക്കുന്നുണ്ട്. എല്ലായിടത്തും ഓരോ നിമിഷത്തിലും ആ അവതാരരഹസ്യം അരങ്ങേറുകയാണ്. ദുഃഖത്തിലും സന്തോഷത്തിലും, രോഗത്തിലും ആരോഗ്യത്തിലും, പ്രശ്നത്തിലും പ്രതിസന്ധിയിലും, പരാജയത്തിലും വിജയത്തിലും, തെറ്റിദ്ധാരണയിലും കുറ്റപ്പെടുത്തലുകളിലും, താഴ്ചയിലും വീഴ്ചയിലുമെല്ലാം തിരുഅവതാരരഹസ്യം മറഞ്ഞിരിക്കുന്നുണ്ട്. അതു കാണാൻ കാഴ്ചയുള്ള കണ്ണുകൾ ഭാഗ്യമുള്ളവ (ലൂക്കാ 10:23-24). അനേകം പ്രവാചകന്മാരും രാജാക്കന്മാരും അവ കാണുവാൻ ആഗ്രഹിച്ചെങ്കിലും കണ്ടില്ല. പകൽ പകലിനോട് അവിരാമം സംസാരിക്കുന്നതും രാത്രി രാത്രിക്ക് വിജ്ഞാനം പകരുന്നതും (സങ്കീ 19:2) ശ്രവിക്കുവാൻ കൊതിച്ചെങ്കിലും കേൾക്കുവാൻ കഴിഞ്ഞില്ല. പ്രിയപ്പെട്ടവരേ, നിങ്ങൾ ആത്മീയനേത്രങ്ങൾ സദാ തുറന്ന് തിരുഅവതാരരഹസ്യം സസ്നേഹം വീക്ഷിച്ചുകൊണ്ടിരിക്കുവിൻ. മേദിനിയിൽ അരങ്ങേറുന്ന തിരുഅവതാരപ്രഘോഷണം ശ്രവിക്കുവാൻ ആന്തരികമായ കാതുകൾ കൂർപ്പിച്ചിരിക്കുവിൻ.

"മേപ്രിയ കന്നി തന്റെ ഉദരത്തിരനീക്കി"

അനുനിമിഷം മേദിനിയിൽ അവതീർണ്ണനായിക്കൊണ്ടിരിക്കുന്നവനെ മറച്ചുകളയുന്ന കാർമേഘപടലം നീങ്ങിക്കിട്ടിയാലേ ആ ദിവ്യദർശനം നയനങ്ങൾക്ക് ഗോചരീഭവിക്കുകയുള്ളൂ. പലതരം മേഘമറകളുണ്ട്. അക്രമങ്ങളുടെ മേഘമറ, അനീതിയുടെ മേഘമറ, അസത്യത്തിന്റെ മേഘമറ, ഞാനെന്ന ഭാവത്തിന്റെ മേഘമറ, അഹന്തയുടെ മേഘമറ, വിദ്വേഷത്തിന്റെ മേഘമറ, വെറുപ്പിന്റെ മേഘമറ, അസൂയയുടെ മേഘമറ, മാത്സര്യത്തിന്റെ മേഘമറ തുടങ്ങിയവ നമ്മിലോരോരുത്തരിലും സമൂഹത്തിലും പ്രവിശ്യയിലും സന്ന്യാസസഭയിലും തിരുസ്സഭയിലും കേരളത്തിലും ഭാരതത്തിലുമൊക്കെ ദൈവനന്ദനസാന്നിദ്ധ്യത്തെ മറച്ചുകളഞ്ഞിരിക്കുന്നു. മാർ യൗസേപ്പിനെപ്പോലെ ആ തിരകളെല്ലാം തിരോഭവിപ്പിക്കുവാൻ നമുക്കും പ്രാർത്ഥിക്കാം.

6.3.6. മാതാവിന്റെ പ്രാർത്ഥന

6.3.6.1. ഒരുക്കം

പ്രിയതമൻ അകലെ മാറിനിന്ന് "ഉൾക്കുരുന്നലിഞ്ഞുള്ള ജപത്തെ കാഴ്ചവച്ചപ്പോൾ" 'മംഗലജനനി'യും ഭക്ത്യാദരപൂർവ്വം പ്രാർത്ഥനയ്ക്കൊരുങ്ങുകയായി. മംഗളരൂപന്റെ ജനനിയായതിനാലാണ് അമ്മയെ ഞാൻ മംഗലജനനിയെന്ന് വിശേഷിപ്പിച്ചത്. തിരുക്കുമാരനെപ്പോലെ മറിയത്തിന്റെ സത്തയും വ്യക്തിത്വവും ദൈവികമായ കല്ല്യാണത്താൽ നിറഞ്ഞതാണല്ലോ. തന്റെ മേലാട അഴിച്ച് തറയിൽ വിരിച്ചുകൊണ്ടാണ് പുണ്യമാതാവ് "മേൽപ്പെട്ട ധ്യാന"ത്തിനായി തയ്യാറെടുത്തത് (വരി 31-34). അമലോത്ഭവയായവൾ ധ്യാനത്തിന്റെ ഉന്നതശ്രേണിയിൽ വ്യാപരിക്കുന്നവളാകുകയുക്തമാണല്ലോ. സാധാരണക്കാർക്ക് അപ്രാപ്യമാണ് ആ പരിചിന്തനത്തിന്റെ സമോന്നതതലം. അത് മാനവരുടേതിൽനിന്ന് മേൽപ്പട്ടതുതന്നെ.

ധ്യാനത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുമ്പോഴേ
"അന്നേരമുദരത്തിൽ തന്നുടെ തിരുപ്രജാ
സുന്ദരൻകുമാരന്റെ ഇളക്കമറിഞ്ഞതാൻ"
(വരി 35-36)

പ്രാർത്ഥനയുടെ ആയത്ത ഘടകമാകുകയാണ് തിരുസുതന്റെ ഉള്ളിലുള്ള ഇളക്കമറിയൽ. മാതാവ് എലിസബത്തിനെ സന്ദർശിക്കാനെത്തിയപ്പോൾ ആ വയോവൃദ്ധയുടെ ഗർഭസ്ഥശിശു സന്തോഷംകൊണ്ട് കുതിച്ചുചാടുകയും അവൾ പരിശുദ്ധാത്മാവിനാൽ നിറയു

കയും ചെയ്തു. തത്ഫലമായി പ്രവാചകാത്മകമായ അഭിവാദനം മറിയത്തിനു നൽകാൻ കഴിഞ്ഞു (ലൂക്കാ 1:39-45). ഇവിടെ ദൈവമാതാവാകാൻ പോകുന്ന അമലോത്ഭവയായവൾ തിരുപ്പിറവിക്കു മുമ്പുള്ള പ്രാർത്ഥനയ്ക്ക് തയ്യാറെടുക്കുമ്പോൾ ഗർഭസ്ഥനായ സുന്ദരൻകുമാരൻ സന്തോഷത്താൽ ചാടിമറിയുകയാണ്. അമ്മയുടെ ഉദരത്തിൽനിന്നു ഉടനടി പുറത്തുവരണം. ഞാൻ *ആത്മാനുതാപം* മൂന്നാം പാദത്തിൽ ആലപിച്ചവ യാഥാർത്ഥീകരിക്കണം: തൃക്കണ്ണുകൾകൊണ്ട് മാതാവേ നോക്കണം; പുഞ്ചുണ്ടുകൾകൊണ്ട് പുഞ്ചിരികാട്ടി സ്നേഹാഗ്നി ജ്വലിപ്പിക്കണം; കൊച്ചുകരങ്ങൾകൊണ്ട് ഇച്ഛയോടെ അമ്മയെ കെട്ടിപ്പിടിക്കണം (വരി 29-34). ആ തത്രപ്പാട് അനുഭവിച്ചറിഞ്ഞ അമ്മയിൽ

"മുമ്പൊരുനാളും കാണാതുള്ളൊരു പൂർണ്ണാനന്ദം
അമ്പൊടു തിരുഹൃദിനിറഞ്ഞുകവിഞ്ഞുടൻ"
(വരി 39-40).

ഇത്രനാളും അനുഭവപ്പെടാത്ത തരത്തിലുള്ള പൂർണ്ണ ആനന്ദംകൊണ്ട് ആ സ്നേഹഹൃദയം നിറഞ്ഞു കവിഞ്ഞു. മറിയത്തിന്റെ പ്രാർത്ഥനയുടെ രണ്ടാമത്തെ ആയത്തഘടകമെന്ന് ഇതിനെ വിശേഷിപ്പിക്കാം.

"മേൽപോട്ടു നയനങ്ങളുയർത്തിപിതാവിങ്കൽ
കീഴ്പ്പെട്ട എളിമയാൽ പ്രാർത്ഥിച്ചങ്ങു ണർത്തിച്ചു"
(വരി 41-42).

തുടർന്നുള്ള ആയത്ത ഘടകങ്ങൾ നമുക്കിവിടെ കാണാനാകും: സ്വർഗ്ഗസ്ഥനായ പിതാവിലേക്ക് മേല്പോട്ടു നയനങ്ങളുയർത്തലും കീഴ്പ്പെട്ട എളിമയും, പ്രാർത്ഥിച്ചുകൊണ്ട് ഉണർത്തിക്കലും. മന്നിലവതരിച്ച തിരുക്കുമാരന്റെ പ്രാർത്ഥന സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തി ദൈവപിതാവിൽ പതിപ്പിച്ചുറപ്പിക്കലാണ്. ജ്ഞാനസ്നാനശേഷം അവിടുന്ന് അപ്രകാരം ചെയ്തപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു; പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവിടുന്നിൽ ആവസിച്ചു; ദിവ്യതാതന്റെ സ്വരം മന്നിടത്തിൽ മുഴങ്ങി (ലൂക്കാ 3:21-22). പരസ്യജീവിതകാലത്ത് ഗിരിശൃംഘത്തിൽ പ്രാർത്ഥിക്കുക പതിവാക്കിയവനാണ് അവിടുന്ന്. ലൂക്കാ 6:12 ലെ പിതാവിലേക്കുള്ള വർത്തനം തന്റെ പിൻഗാമികളായി പന്ത്രണ്ട് ശ്ലീഹന്മാരെ തിരഞ്ഞെടുക്കുന്നതിന് സഹായകരമായി. താബോർ മലയിൽ സ്വർഗ്ഗപിതാവുമായി സംഭാഷണത്തിൽ മുഴുകിയപ്പോൾ ഈശോ രൂപാന്തരപ്പെട്ടു, വസ്ത്രങ്ങൾ വെണ്മപൂണ്ട് വെട്ടിത്തിളങ്ങി (ലൂക്കാ 9:28). താതനിലേക്കുള്ള

കണ്ണുകളുയർത്തൽ മനുഷ്യതനയനെ ദൈവപുത്രനാക്കിത്തീർത്തു. വനാന്തരത്തിലും പ്രാർത്ഥനയെന്ന വർത്തനപ്രക്രിയയിൽ മുഴുകിയിരുന്നവനാണ് മനുഷ്യപുത്രൻ (ലൂക്കാ 5:16). വിശന്നുവലഞ്ഞ ജനാവലിയെ കണ്ട് മനസ്സലിഞ്ഞവൻ അഞ്ചപ്പമെടുത്ത് സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തിയപ്പോൾ അയ്യായിരംപേരെ പോറ്റുവാനായി (മത്താ 14:19). ലാസറിന്റെ കുഴിമാടത്തിങ്കൽ നിന്നുകൊണ്ട് ഈശോ പിതാവിന്റെ പക്കലേക്ക് കണ്ണുകളുയർത്തി പ്രാർത്ഥിച്ചു (യോഹ 11:41-42). അപ്പോൾ മരിച്ചവൻ ഉയിർത്തെഴുന്നേറ്റു. അന്ത്യപ്രഭാഷണത്തിനുശേഷം സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തി പിതാവിനോട് സംഭാഷണത്തിലേർപ്പെട്ടുകൊണ്ട് തന്റെ അനുയായികളെ ദൈവവുമായി പിതൃപുത്രൈക്യത്തിലേക്കും സ്നേഹത്തിലേക്കും ആനയിച്ചു (യോഹ 17). ഒലിവുമലയിൽ ജനകനുമായി സംഭാഷിച്ചപ്പോൾ സ്വർഗ്ഗത്തിൽനിന്ന് ദൈവദൂതൻ പ്രത്യക്ഷനായി സമാശ്വസിപ്പിച്ചു (ലൂക്കാ 22:41-43). അവിടുത്തെ മനുഷ്യമനസ്സ് തിരുച്ചിത്തവുമായി സാത്മീകരണം പ്രാപിച്ചു. പരിത്യക്തരും പ്രത്യാശയറ്റവരുമായ മാനവരുടെ ആത്മാവായി കുരിശിൽ കിടന്നപ്പോൾ പരാതിയുടെ സങ്കീർത്തനവാക്യം ഉദീരണം ചെയ്തുകൊണ്ട് പിതാവിലേക്ക് തിരിഞ്ഞപ്പോൾ (മർക്കോ 15:34) ദൈവമാനസവുമായി മനുഷ്യമനസ്സിന് ഏകീഭാവം കൈവന്നു (ലൂക്കാ 23:46). "പിതാവിങ്കലേക്കു നയനങ്ങളുയർത്തൽ"വഴി ആത്മനന്ദനന്റെ പ്രതിച്ഛായയായി മറിയം പകരുകയാണ്.

മേല്പോട്ടു നയനങ്ങളുയർത്തലോടുകൂടി കീഴ്പ്പെട്ട എളിമയും അമ്മയുടെ പ്രാർത്ഥനയിൽ നിറഞ്ഞുനിന്നു. എപ്പോഴും കർത്താവിന്റെ അടിയാട്ടിയാണല്ലോ അമ്മ. വിനയത്തിന്റെ മനുഷ്യാകാരം. തിരുഹിതം എന്നിൽ ഭവിക്കട്ടെ (ലൂക്കാ 1:38) എന്ന 'ഫിയാത്ത്'രൂപിണി. തന്റെ സ്ഥായിയായ സ്ഥിതിവിശേഷം താഴ്മയാണെന്ന് ഏറ്റുപറഞ്ഞവൾ. അതിൽ ആനന്ദം കണ്ടെത്തിയവൾ. തല്ഫലമായി ദൈവത്തെ മഹത്ത്വപ്പെടുത്തിയവൾ ("എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. എന്റെ ഹൃദയം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. എന്തെന്നാൽ അവിടുന്ന് തന്റെ അടിയാട്ടിയുടെ എളിമയെ തൃക്കൺപാർത്തു", ലൂക്കാ 1:46-48).

"പ്രാർത്ഥിച്ചങ്ങുണർത്തിച്ചു": പ്രാർത്ഥന ഉണർത്തിക്കലാണ് അമ്മയ്ക്ക്. ആദരവോടെ ദൈവത്തെ അറിയിക്കലും ബോധിപ്പിക്ക

ലുമാണ് അപേക്ഷ. ബഹുമാനം അർഹിക്കുന്നവനാണല്ലോ ദൈവം. സൃഷ്ടികൾ തിരുസന്നിധിയിൽ ആദരവോടെ നിലകൊള്ളുകയും ആഗ്രഹങ്ങൾ അറിയിക്കുകയും വേണം. സർവ്വേശ്വരനെ ബോധിപ്പിക്കണം. അപ്പോൾ അവിടുന്ന് അറിയിക്കുകയും ബോധിപ്പിക്കുകയും ചെയ്യുന്നവ സാധിപ്പിച്ചുതരും. കർമ്മെല മാതാവിന്റെ മക്കളായ നമ്മുടെ പ്രാർത്ഥനയും ഇപ്രകാരമുള്ള മേഖലയിലേക്ക് ഉയർത്തുവാൻ നമുക്ക് പരിശ്രമിക്കാം. കന്യാകാംബിക പ്രാർത്ഥനയോടുകൂടി "സർവ്വനാഥനെ വന്ദിക്കുക"യും ചെയ്യുന്നുണ്ട് (വരി 47). അമ്മയോടൊപ്പം നമുക്കും പ്രണാമജീവികളാകാം.

6.3.6.2. കാരുണ്യത്തിന്റെ ഭാഷ്യം

ദൈവജനനിയാകാൻ നിയോഗിതയായവളുടെ പ്രാർത്ഥനയുടെ സവിശേഷത അത് കാരുണ്യത്തിന്റെ കാതലാണെന്നതാണ്.

"കരുണക്കടലായ പിതാവേ, നിന്റെ റൂഹാ
കരുണനാഥൻ തന്റെ കനിവാൽ മമോദരേ
ജനിച്ച മണിക്കുംഭമാകിയ തിരുപ്പുത്രൻ
ജനക്കൺപ്രത്യക്ഷമായ്തരണം മമ കൈയിൽ"
(വരി 43-46).

അമ്മയുടെ പ്രാർത്ഥനയിൽ കാരുണ്യത്തിന്റെ ഹീബ്രുപദമായ ഹെസെദിന്റെ അതിപ്രസ്രം നിറഞ്ഞുനിൽക്കുന്നു. കുർബ്ബാനയിലെപ്പോലെ പ്രാർത്ഥന കാരുണ്യത്തിന്റെ ഏറ്റുപറച്ചിലായിത്തീരുന്നു; കുർബ്ബാനയെപ്പോലെ കാരുണ്യമാകുന്ന അർപ്പണവും കാരുണ്യത്തിന്റെ അർപ്പണവുമായി ഭവിക്കുന്നു. രക്ഷാചരിത്രം ദൈവത്തിന്റെ കരുണയുടെ കഥയാണല്ലോ. ഇവിടെ ത്രിത്വമാകുന്ന ദൈവത്തെ കാരുണ്യത്തിന്റെ തലത്തിൽ അവതരിപ്പിച്ചിരിക്കുന്നു. പിതാവ് കാരുണ്യത്തിന്റെ കടലാണ്, അഥവാ കരകാണാക്കടൽ, നിലയില്ലാക്കടൽ. എങ്ങു നോക്കിയാലും കടൽതന്നെ, കാരുണ്യത്തിന്റെ കടൽ. സൃഷ്ടി, ശിക്ഷ, വിമോചനം, ശിക്ഷണം, ഉടമ്പടി, നാടു നൽകൽ. ആലയമേകൽ - എല്ലാം കാരുണ്യത്തിന്റെ കഥകളത്രേ. പ്രവാചകമുന്നറിയിപ്പുകൾ, ശാസനകൾ, ഭീഷണികൾ, കുറ്റപ്പെടുത്തലുകൾ, വിധിപ്രസ്താവനകൾ എല്ലാം കാരുണ്യത്തിൽനിന്ന് ഉരുത്തിരിയുന്നു, കാരുണ്യത്തിലേക്ക് നയിക്കുന്നു, കാരുണ്യത്തിൽ വിലയം പ്രാപിക്കുന്നു. നീതിയും കാരുണ്യവും തമ്മിൽ സന്ധിക്കുകയും പരസ്പരം ആശ്ലേഷിക്കുകയും ചെയ്യുന്ന സുന്ദരചിത്രത്തിന്റെ സജീവരൂപമത്രേ ബൈബിളിലെ ദൈവം (സങ്കീ 85:10). നീതിയുടെമേൽ

കാരുണ്യം വിജയിക്കുന്ന കഥയാണത് (ഹൊസെ 11:1-9). പുതിയ നിയമത്തിന്റെ ചരിത്രവും മറ്റൊന്നല്ല.

ഹെസെദ് എന്ന സംജ്ഞയുടെ അർത്ഥം മനുഷ്യന്റെ ഭാഷയിൽ അവതരിപ്പിക്കുക എളുപ്പമല്ല. നിർവ്വചനാതീതമാണ് ആ ആശയം. (നാലാംദിവസത്തെ സല്ലാപചിന്ത, 4.5. എന്ന ഭാഗം നോക്കുക). അരുമയും അനുഭാവവും, സ്നേഹവും ആർദ്രതയും, കാരുണ്യവും സഹതാപവുമെല്ലാം അതുൾക്കൊള്ളുന്നു. സ്ഥിരത, വിശ്വസ്തത തുടങ്ങിയ ഭാവങ്ങൾ നിറഞ്ഞുനിൽക്കുന്നു. തന്മൂലം പലതരത്തിൽ *ഹെസെദി*നെ വിശേഷിപ്പിക്കാം: സ്ഥിരമായ കാരുണ്യസ്നേഹം, വിശ്വസ്തതാപൂർവ്വമായ സ്നേഹകാരുണ്യം, ആഴവും ആർദ്രവുമായ സഹതാപം, സഹിക്കുന്ന, തപിക്കുന്ന, മറക്കുന്ന, പൊറുക്കുന്ന സ്നേഹം.

ഈശോയാകുന്ന പുതിയ മനുഷ്യന്റെ നാമംതന്നെ കാരുണ്യമെന്നാണെന്നു പറയാം. അവിടുന്ന് ദൈവകാരുണ്യത്തിന്റെ സജീവസാക്ഷിയും പ്രതീകവും പ്രത്യാശയുമാണ്. താതന്റെ കാരുണ്യത്തിന് സദാ ആമ്മേൻ പറയുന്ന പുതിയ ആദം. തന്റെ ജീവിതത്തിൽ ദിവ്യകാരുണ്യത്തിന് സ്വച്ഛമായി നിർഗ്ഗളിക്കുന്നതിനും നിറയുന്നതിനും അനുവദിച്ച വ്യക്തി. പിതാവായ കരുണക്കടൽ തിരുപുത്രനിലേക്ക് സ്വതന്ത്രമായി ഒഴുകി. അവിടുന്നിൽ പൂർണ്ണമായ തുറവിയും നിർഗ്ഗമനമാർഗ്ഗവും കണ്ടെത്തി; അവിടുന്നിൽ കാരുണ്യം സാക്ഷാത്കാരമടഞ്ഞു. മണിക്കുംഭമെന്നാണ് മാതാവിന്റെ പ്രാർത്ഥനയിൽ തിരുപ്പുത്രനെ വിശേഷിപ്പിക്കുക. ഈശോ കാരുണ്യത്തിന്റെ പൂർണ്ണകുംഭമാണ്. താതന്റെ മണിക്കുംഭം, തങ്കക്കുടം.

പരിശുദ്ധാത്മാവിനെ കരുണാനാഥൻ എന്നാണ് അമ്മ അഭിസംബോധന ചെയ്യുക. ദയാപരനാണല്ലോ ത്രിത്വത്തിലെ മൂന്നാമത്തെ ആൾ. അവിടുത്തെ കനിവിനാലാണ് മറിയത്തിൽ ദിവ്യനന്ദനൻ ഉരുവായത് ("പരിശുദ്ധാത്മാവ് നിന്റെമേൽവരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും," ലൂക്കാ 1:35). നസ്രത്തിലെ കന്യകയുടെ സാന്നിദ്ധ്യം എലിസബത്തിനെ പരിശുദ്ധാത്മാവിനാൽ പൂരിതയാക്കുകയും പ്രവാചകവചസ്സുകൾ ഉതിർക്കുവാൻ പ്രചോദിപ്പിക്കുകയും ചെയ്തു (ലൂക്കാ 1:41-45). ഇവയിലെല്ലാം ദിവ്യറൂഹായുടെ കനിവിന്റെ കഥ നിറഞ്ഞുനിൽക്കുന്നു. ആ ദിവ്യകാരുണ്യത്താലാണ് അമ്മ പരിശുദ്ധാത്മാവിന്റെ പ്രേയസ്സിയായി ഉയർത്തപ്പെട്ടത്. ഈ രക്ഷാചരിത്രമെല്ലാം ഏറ്റു പറഞ്ഞിരിക്കുകയാണ് മേൽപ്പെട്ട ധ്യാനത്തിലാഴ്ന്ന ദിവ്യജനനി.

അമ്മയുടെ പ്രാർത്ഥന അവസാനിക്കുക ഒരു അർത്ഥനയോടുകൂടിയാണ്: "ജനക്കൺപ്രത്യക്ഷമായ് തരണം മമ കൈയിൽ" (വരി 46). ദിവ്യനന്ദനൻ മനുഷ്യതനയനായിത്തീർന്നത് മർത്ത്യർക്കുവേണ്ടിയാണല്ലോ. ജനങ്ങൾക്ക് കണ്ണുകൾകൊണ്ട് കാണുവാനും ദർശിക്കുവാനും കൈകൊണ്ട് സ്പർശിക്കുവാനും (1 യോഹ 1:1) കാതുകൊണ്ട് ശ്രവിക്കുവാനും കഴിയുന്നവനാകണം അവിടുന്ന്. മനുഷ്യർക്ക് പ്രത്യക്ഷമാക്കുവാൻ ആ ദിവ്യശിശുവിനെ എന്റെ കൈകളിൽ തരണമെന്നാണ് കർത്താവിന്റെ അടിയാട്ടിയുടെ അർത്ഥന. കാരുണ്യത്തിന്റെ പൂർണ്ണകുംഭം എന്റെ കൈകളിൽ എഴുന്നള്ളിവരട്ടെ. ജനത്തിന്റെ കണ്ണുകൾ ആ മണിക്കുംഭംകണ്ട് ആനന്ദനിർവൃതിയടയട്ടെ. ഇടയന്മാർക്കും ജ്യോതിഷർക്കും വന്ദ്യവയോധികനായ ശിമയോനും പ്രവാചികയായ ഹന്നായ്ക്കും ലഭിച്ച ഭാഗ്യം നമുക്കും നൽകണമെന്ന് അമ്മയോടൊപ്പം അപേക്ഷിക്കാം. അവിടുത്തെ കാണിച്ചുതന്ന് നമ്മുടെ കണ്ണും കരളും കുളിർപ്പിക്കണമെന്ന് യാചിക്കാം. അങ്ങനെ ജീവിതസാഫല്യം കൈവരുത്താൻ അർത്ഥിക്കാം. അമ്മേ, അമ്മയുടെ കൈകളിലിരിക്കുന്ന കാരുണ്യകുംഭത്തെ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുവാൻ ഞങ്ങളുടെ കൈകളിലേക്കും അരനിമിഷത്തേക്കെങ്കിലും തരുവാൻ കനിയണമേ. ആ കാരുണ്യമണിക്കുംഭത്തെ കൈകളിൽ, ഹൃദയത്തിൽ, ജീവിതത്തിൽ, ഓർമ്മയിൽ, വിചാരങ്ങളിൽ, വികാരങ്ങളിൽ, വിജയത്തിൽ, പരാജയത്തിൽ, സന്തോഷത്തിൽ, ദുഃഖത്തിൽ, ആരോഗ്യത്തിൽ, അനാരോഗ്യത്തിൽ വഹിക്കുകയാകട്ടെ ഞങ്ങളുടെ ജീവിതലക്ഷ്യം. അതിനായി അമ്മേ, അങ്ങ് മാദ്ധ്യസ്ഥം അപേക്ഷിക്കണമേ.

അപേക്ഷയോടുകൂടി വന്ദനവും നടത്തിയപ്പോൾ കന്യകാമാതാവ് "നന്ദനന് തിരുപ്പുത്രൻ കണ്ടുതൻ പുരോഭാഗേ" (വരി 48). അമ്മ കുഞ്ഞിനെ തന്റെ മുമ്പിൽ കാണുകയാണ്. വന്ദിക്കൽ, ദർശിക്കലിൽ അവസാനിക്കുന്നു. അവൾ തന്റെ 'പുരോഭാഗേ' ദിവ്യശിശുവിനെ കണ്ടു. നമ്മുടെയും ദൈവവിളി ഇപ്രകാരം 'പുരോഭാഗേ' കാണലാണ്. നമ്മിൽ, ഉള്ളിൽ, മറ്റുള്ളവരിൽ, മറ്റുള്ളവയിൽ കാണുക നന്ദനനെ, തിരുപ്പുത്രനെ. അതിനുള്ള ആക്കം, ത്വരിതഗമനം, പ്രയാണം, ഓട്ടമാകണം ജീവിതം. തിരുസന്നിധേ സാക്ഷാത്കാരം കണ്ടെത്തൽ, നമ്മുടെ, മറ്റുള്ളവരുടെ, മറ്റുള്ളവയുടെ. ആ സന്നിധിയെയാണ് സീനായ്മലയെന്നും, സെഹിയോൻമലയെന്നും, ഗാഗുൽത്താമലയെന്നും മണവറയെന്നും, പിതാവിന്റെ ഭവനമെന്നും,

ബെത്‌ലെഹേം ഗുഹയെന്നുമൊക്കെ വിശേഷിപ്പിച്ചത്.

6.4. സല്ലാപചിന്ത II: നൃത്തവും പ്രണാമങ്ങളും

6.4.1. പെയ്യുന്ന മാർത്താണ്ഡപ്രഭ

ദിവ്യശിശുവിന്റെ അവതാരത്തോടെ എല്ലാം പ്രകാശമാനമായി. അർദ്ധരാത്രി മദ്ധ്യാഹ്നംപോലെ പ്രശോഭിച്ചു.

"മദ്ധ്യരാത്രിയാംനേരം മാർത്താണ്ഡദേവപ്രഭ
മദ്ധ്യാഹ്നനേരംപോലെ പെയ്തുടൻ തൊഴുത്തതിൽ"
(വരി 51-52).

തൊഴുത്തിൽ മാർത്താണ്ഡദേവപ്രഭ പെയ്തതിനാൽ അർദ്ധരാത്രി നട്ടുച്ചനേരംപോലെ തിളങ്ങിവിളങ്ങി. ദൈവപുത്രനായ സൂര്യന്റെ പ്രഭ പെയ്യുകയാണ് തൊഴുത്തതിൽ. അതോടെ ജീവിതം പ്രകാശപൂർണ്ണമായി. പുതിയ സൃഷ്ടിയുടെ വെളിച്ചം എങ്ങും ജ്വലിച്ചു (ഉത്പ 1:4). ഈശോയാകുന്ന പ്രകാശം എങ്ങും നിറഞ്ഞു. കുഞ്ഞാടാകുന്ന പ്രഭ (വെളി 21-24) അവിടെയെങ്ങും പ്രസരിച്ചു. ജീവിതാന്ധകാരം തുടച്ചുനീക്കപ്പെട്ടു. ആ ദിവ്യജ്വാലയിൽ എല്ലാം പ്രഭാമയമായിത്തീർന്നു. വേദനയും സങ്കടവും, തണുപ്പും ഇരുളും, ദാരിദ്ര്യവും ഇല്ലായ്മയും എങ്ങോപോയ്മറഞ്ഞു. ഒരേയൊരു കാഴ്ചമാത്രം. ഒരേയൊരു ദൃശ്യംമാത്രം, പൊന്നുണ്ണി, വചനമായ ശിശു, മാംസം ധരിച്ച വചനം. ആ പ്രകാശത്തിൽ എല്ലാത്തിനും പ്രകാശം ലഭിച്ചു. സന്താപം സന്തോഷമായി; കുരിശ് കിരീടമായി; സഹനം മഹത്ത്വമായി; ഇല്ലായ്മ ഉള്ളായ്മയായി; ദാരിദ്ര്യം സമ്പത്തായി; ഇരുൾ പ്രകാശമായി; ബലഹീനത ബലപൂർണ്ണതയായി; സാരഹീനത അർത്ഥപൂർണ്ണതയായി. വചനത്തിന്റെ ഉൾക്കാഴ്ച ലഭ്യമായി. വചനത്തിന്റെ ദർശനമേഖലയിൽ എല്ലാം നോക്കിക്കാണാനായി. ഇടുങ്ങിയ ചക്രവാളത്തിൽനിന്ന് മോചനം കിട്ടി. വിശാലമായ ദൈവികകാഴ്ചപ്പാടിൽ എല്ലാം ദർശിക്കുവാൻ കഴിഞ്ഞു. ഈശോയാകുന്ന മാർത്താണ്ഡദേവൻ ഹൃദയവിഹായസ്സിൽ ഉദിച്ചുയർന്നു. വചനമാകുന്ന നന്ദനകുമാരാ, അങ്ങാകുന്ന സൂര്യൻ എന്റെ ഹൃദയചക്രവാളത്തിൽ പ്രത്യക്ഷപ്പെടണമേ. അങ്ങാകുന്ന പ്രഭയിൽ എല്ലാം പ്രഭാപൂർണ്ണമായി ഞാൻ ദർശിക്കട്ടെ. എനിക്കിഷ്ടമില്ലാത്തവരെ, ഇഷ്ടമില്ലാത്തവയെ, എന്റെ അപൂർണ്ണതകളെ, മറ്റുള്ളവരുടെ ബലഹീനതകളെ - എല്ലാം സർഗ്ഗാത്മകമായി പ്രഭ വിതറുന്നതായി അങ്ങയുടെ വെളിച്ചത്തിൽ കാണുന്നതിന് ഈ ആത്മീയമായി അന്ധനായവന്റെ കണ്ണുകൾ തുറക്കണമേ. അങ്ങയുടെ ദിവ്യപ്രഭ എന്നിൽ പെയ്തിറങ്ങണമേ.

6.4.2. മാലാഖമാരുടെ നൃത്തം

"അപ്പോഴതാകാശത്തിലെത്രയും മഹാഘോഷാൽ
മുച്ചൂരടിനേക്കാളും (സൂര്യൻ) ശോഭിച്ചു വിളങ്ങീട്ട്
ദ്യോവിൽനിന്നിറങ്ങുന്നു വാനവർ മഹാകൂട്ടം
നാവിനാൽ സ്തുതിക്കുന്നു പാടുന്നു ഗാനഗീതം"
(വരി 53-56)

6.4.2.1. ആഘോഷജീവികൾ

തിരുഅവതാരം സ്വർഗ്ഗത്തെയും ഭൂമിയെയും ബന്ധിപ്പിക്കുന്നു, കൂട്ടിയിണക്കുന്നു, ഒന്നിപ്പിക്കുന്നു. മനുഷ്യനായിത്തീരുന്നതിന്റെ ഉദ്ദേശ്യമെന്തെന്ന് വാനവർ നമുക്ക് കാണിച്ചുതരികയാണ്. അവരെപ്പോലെ ആഘോഷജീവികളാകണം നമ്മൾ. വദനം ആദിത്യനേക്കാൾ ശോഭിച്ചു വിളങ്ങണം, ദിവ്യസംസർഗ്ഗംമൂലം മോശയുടെ മുഖം പ്രകാശപൂർണ്ണമായതുപോലെ. മാലാഖമാർ സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കിറങ്ങി വന്നതിനെ അനുകരിച്ച് നമ്മളും താഴോട്ടിറങ്ങണം; പാവപ്പെട്ടവരുടെ അടുത്തെത്തണം. വാനവർ മഹാകൂട്ടമായി വന്നണഞ്ഞതുപോലെ സന്ന്യാസസഭ കൂട്ടായ്മയായിട്ടാകണം സദ്വാർത്തയുമായി അവരെ സമീപിക്കേണ്ടത്. ദൈവദൂതരെപ്പോലെ നമ്മളും നാവിനാൽ സ്തുതിക്കണം; ഗാനഗീതം പാടണം; കാണപ്പെട്ടറിയിക്കണം (വരി 62). മനുഷ്യാവതാരമെന്ന മഹാരഹസ്യത്തിന്റെ അർത്ഥം ഗ്രഹിച്ചവർക്കാർക്കും അടങ്ങിയിരിക്കാനാകയില്ല. അവരുടെ മുഖങ്ങൾ വിടരും, പുഷ്പിക്കും, പ്രശോഭിക്കും. ആനന്ദം വാക്കിലും പ്രവൃത്തിയിലും അലതല്ലും. ചെല്ലുന്നിടത്തെല്ലാം സന്തോഷത്തിന്റെ അലയൊലി സൃഷ്ടിക്കും. ദൈവമഹത്വത്തിന്റെയും മനുഷ്യപ്രശാന്തിയുടെയും സന്ദേശം അറിയിക്കും. പ്രിയപ്പെട്ടവരേ, മാലോകരായ നമ്മളെ വാനലോകരെപ്പോലെ ജീവിക്കാനാണ് ദൈവം വിളിച്ചിരിക്കുന്നത്.

6.4.2.2. മംഗളഗീതം

"ഉയരങ്ങളിൽ സ്തുതി കൂടസ്ഥൻ സർവ്വേശന്ന്
ഉന്നതമഹത്വവും, ഭൂതലേമനുഷ്യർക്ക്-
നല്ലൊരു ശരണവും തെളിവും സമാധാനം
വല്ലഭൻ സർവ്വേശന്നു കൂടസ്ഥസ്തുതി ജയ"
(വരി 57-60).

മാലാഖമാർ ആലപിച്ച ഗീതം ലൂക്കാ 2:14 ൽ ഇപ്രകാരം മാത്രമാണ്: "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് പ്രശാന്തി" വിശദാംശങ്ങളടങ്ങിയ ഭാഷ്യമാണ്

എന്റേത്. ദൈവത്തെ സർവ്വേശ്വരനും സർവ്വവ്യാപിയുമായി (കൂടസ്ഥൻ) ഞാൻ ചിത്രീകരിച്ചിരിക്കുന്നു. അവിടുത്തേക്ക് ഉന്നതമഹത്ത്വവും സ്തുതിയും മാലാഖമാർ ആലപിക്കുന്നു. ഗീതത്തിന്റെ അവസാനത്തിൽ വീണ്ടും വല്ലഭൻ എന്നും സർവ്വേശ്വരൻ എന്നും കൂടസ്ഥനെന്നുമുള്ള മൂന്നു വിശേഷണങ്ങളാണ് ഞാൻ കൂട്ടിച്ചേർത്തിരിക്കുക. ഇപ്രകാരം അഞ്ച് സംജ്ഞകൾ ദൈവത്തിന് നല്കിയിട്ടുണ്ട്. അവിടുത്തേക്ക് ഉന്നതമഹത്ത്വത്തോടൊപ്പം സ്തുതിയും ജയവും ആശംസിച്ചിരിക്കുന്നു. ഭൂമിയിലെ മനുഷ്യർക്കോ മൂന്ന് ദാനങ്ങളാണ് വാഗ്ദാനം ചെയ്യപ്പെടുക. ലൂക്കായുടെ സുവിശേഷത്തിൽ മനുഷ്യനെന്ന വാക്കില്ല. ദൈവപ്രസാദമുള്ളവർക്കെന്നു മാത്രമാണുള്ളത്. എന്റെ ഭാഷ്യത്തിൽ മാനവർക്ക് നല്ലൊരു ശരണവും തെളിവും സമാധാനവും നൽകപ്പെടുന്നു. തിരുഅവതാരംവഴി പ്രതീക്ഷയുടെ (വെറും പ്രതീക്ഷയല്ല, നല്ലൊരു ശരണത്തിന്റെ) തനയരായിത്തീരുകയാണ് മാനവർ. ദൈവത്തിന്റെ സ്വഭാവവിശേഷമായ സമാധാനത്തിലും തെളിവിലും അവർക്ക് പങ്ക് ലഭിച്ചിരിക്കുന്നു.

6.4.2.3. ഇടയർക്കുള്ള സദ്വാർത്ത

> "ധാത്രിയൊക്കെയും ശ്രുത്വംതെളിവിനുള്ള വാർത്ത
> ഗോത്രഗോപാലന്മാരെ കേട്ടുകൊൾ മഹാഭാഗ്യം"
> (വരി 63-64).

ഭൂമിയൊക്കെയും പുകൾപെറ്റ തെളിവിന്റെയും മഹാഭാഗ്യത്തിന്റെയും വാർത്ത കേട്ടുകൊൾവാനാണ് ആട്ടിയരെ മാലാഖ അറിയിച്ചത്. ധരണീനാഥനായ ദൈവം വന്നു പിറന്നുവെന്ന വാർത്ത എത്രയോ ശ്രേയസ്സുറ്റതാണ്! ഭൂമീനാഥന്റെ പ്രത്യക്ഷത്തിൽ ഭൂതലം മഹത്ത്വവും മഹാഭാഗ്യവുമുള്ളതായി തീർന്നിരിക്കുന്നു. പരിത്രാണത്തിനുവേണ്ടിയുള്ള അവളുടെ പരിദേവനത്തിന് (റോമാ 8:22-23) അവസാനമായി. ദൈവത്തിന്റെ തെളിവിൽ അവൾക്കും ഇതാ പങ്ക് നൽകപ്പെടുന്നു. മഹാഭാഗ്യം കൈവരികയാണ്. മനുഷ്യരായ ഇടയരെയാണ് ഈ സദ്വാർത്ത അറിയിക്കുന്നതെന്ന കാര്യം അവിസ്മരണീയമാണ്. പ്രകൃതിയുമായി ഒന്നുചേർന്നു കഴിയുന്നവരായിരുന്നു ആട്ടിയന്മാർ. അവളെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നവർ. തുറസ്സായ വയലുകളിലാണ് അവർ രാത്രികാലം ചിലവഴിച്ചിരുന്നത്. പ്രകൃതിയുടെ വക്താക്കളെന്ന് വിശേഷിപ്പിക്കപ്പെടാവുന്ന ആ ആട്ടിയരെയാണ് ധാത്രിക്കു കൈവന്നിരിക്കുന്ന തെളിവിന്റെ വാർത്ത ദൈവദൂതൻ അറിയിക്കുക.

6.4.2.4. ആടലും പാടലും

ഈ സദ്വാർത്ത അറിയിച്ചയുടൻ ആനന്ദം അടക്കിനിർത്താനാകാതെ വാനദൂതന്മാർ ചെയ്തെന്താണെന്നോ?

"വാനിലും പുരത്തിലും കോവിലിൻ പുരത്തിലും
വാനവരാടിപ്പാടി പുഷ്പവൃഷ്ടിയും ചെയ്തു"
(വരി 67-68).

മാലാഖമാരുടെ ആടിപ്പാടൽ ആകാശത്തിലും നഗരത്തിലും ദേവാലയത്തിന്റെ (അരമനയെന്നും അർത്ഥമാകാം) മുൻപിലും (ഗോപുരത്തിലും?) അരങ്ങേറി. ഹൈന്ദവപുരാണങ്ങളിലെ അപ്സരസ്സുകളുടെ നൃത്തങ്ങളെയും അതിശയിപ്പിക്കുന്നതായിരുന്നു അത്. ആകാശം, ഭൂമി, പാരിടം, മന്നിടം തുടങ്ങിയ വ്യത്യാസങ്ങൾ ഇവിടെ അസ്തമിക്കുന്നു. സ്ഥലകാലപരിമിതികൾ അതിലംഘിക്കുന്ന പ്രതിഭാസമെന്ന് അതിനെ വിശേഷിപ്പിക്കാം. ആടിപ്പാടലിനോടൊപ്പം പുഷ്ടപവൃഷ്ടിയും നടത്തുന്നുണ്ട്. പൂക്കൾ മഴപോലെ പൊഴിക്കുകയാണവർ. തീർച്ചയായും പൊന്നുണ്ണിക്ക് എത്രയും ഇഷ്ടകരമായ ഉപഹാരമായിരുന്നിരിക്കണം അത്. ആടിപ്പാടലിനും പുഷ്പവൃഷ്ടിക്കുംശേഷം ദൈവദൂതന്മാരിൽ പ്രധാനിയായ മിഖായേലും ഗൗറിയേലും അവതരിച്ച ദിവ്യതനയനെ വന്ദിച്ചു; ആദരപൂർവ്വം കൈകളിലെടുത്ത് അമ്മയുടെ കയ്യിലണച്ചു.

പ്രിയപ്പെട്ടവരേ, മാലാഖമാരുടെ അടക്കാനാകത്ത ആവേശപൂർണ്ണമായ ആഹ്ലാദം സ്വന്തമാക്കുവാൻ വിളിക്കപ്പെട്ടവരാണ് നിങ്ങൾ. തെളിവിന്റെ തനയരെന്നായിരിക്കണം എന്റെ മക്കൾ അറിയപ്പെടേണ്ടത്. ദൈവികാനന്ദം എല്ലാവരിലും എല്ലായിടത്തും എല്ലായ്പ്പോഴും പ്രസരിപ്പിക്കുവാൻ നിങ്ങൾക്ക് കടമയുണ്ടെന്നോർക്കുവിൻ. വാനദൂതന്മാരെപ്പോലെ സുതാര്യതയുടെ ദർപ്പണങ്ങളാകുമ്പോഴാണ് ഈ ദൈവവിളി ജീവിക്കാനാകുക. ഉള്ളിൽ സമാധാനവും സന്തോഷവും സ്നേഹവും സംതൃപ്തിയും സഹൃദയത്വവും സഹോദര്യവും നിറഞ്ഞുതുളുമ്പുമ്പോൾ അത് പുറമെ തെളിവായി പ്രശോഭിക്കും.

തെളിവെന്ന പദത്തെപ്പറ്റി മുമ്പൊരിക്കൽ സൂചിപ്പിച്ചുവല്ലോ. (6.3.5.3. എന്ന ശീർഷകം നോക്കുക). എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പദമാണത്. കൃതികളിൽ നിരന്തരം ആ വാക്ക് ഞാൻ ഉപയോഗിച്ചിട്ടുണ്ട്. ജനനവേളയിൽതന്നെ അവിടുന്ന് പുഞ്ചുണ്ടുകളാൽ പുഞ്ചിരികാട്ടി സ്നേഹാഗ്നി ജ്വലിപ്പിച്ച കാര്യം (*ആത്മാനുതാപം* III/31-32)

ഞാൻ പരാമർശവിഷയമാക്കിയിട്ടുണ്ടല്ലോ. കർത്താവിന്റെ തിരുമുഖം ആകാശത്തിലുള്ള മാലാഖമാരെ തെളിയിക്കുന്നതത്രേ (*ധ്യാനസല്ലാപങ്ങൾ,* പേജ് 29). ദുഃഖമുള്ള ആളുകൾ ആ തിരുമുഖത്തിൽ നോക്കിയാൽ അവരുടെ ദുഃഖം തെളിവായി പകർത്തപ്പെടുന്നു (*ധ്യാനസല്ലാപങ്ങൾ,* പേജ് 29). കർത്താവിന്റെ തിരുനയനങ്ങൾ നക്ഷത്രങ്ങളേക്കാൾ ശോഭിച്ചുവിളങ്ങുന്നവയത്രേ (*ധ്യാനസല്ലാപങ്ങൾ,* പേജ് 29). തീജ്വാലപോലെയാണ് അവയെ വെളി 1:14 ൽ വിശേഷിപ്പിച്ചിരിക്കുക. തിരുച്ചുണ്ടുകൾ തൊണ്ടിപ്പഴംപോലെ ശോഭയുള്ളതത്രേ (*ധ്യാനസല്ലാപങ്ങൾ,* പേജ് 29). അമ്മയുടെ മടിയിലിരുന്നുകൊണ്ട് തെളിയുന്നവനാണ് തിരുക്കുമാരൻ (*ധ്യാനസല്ലാപങ്ങൾ,* പേജ് 43). ഈശോയുടെ നാമശ്രവണമാത്രയിൽ മൂന്നു ലോകങ്ങളിലും ജയസന്തോഷം പാടിത്തെളിഞ്ഞു(*ആത്മാനുതാപം* VI/293-294). അന്തിമവിധിനേരത്ത് വലത്തുഭാഗത്തുള്ളവർ "എന്റെ പിതാവിനാൽ അനുഗൃഹീതർ" (മത്താ 25:34)

"എന്നുള്ളവാക്ക് തേൻതുള്ളിയതിൻസമം
കേട്ടുള്ളം തെളിഞ്ഞവർ സമ്പൂർണ്ണസന്തോഷമാം" (*ആത്മാനുതാപം* VI/281-282).

അമ്മയുടെ മനോഭാവവും തെളിവിന്റേതാണ്.

"മുമ്പൊരുനാളും കാണാതുള്ളൊരു പൂർണ്ണാനന്ദം
അമ്പൊടു തിരുഹൃദിനിറഞ്ഞുകവിഞ്ഞുടൻ"
(വരി 39-40).

തെളിവെന്ന സിദ്ധി കൈവന്നവനാണ് മാർ യൗസേപ്പ്. ദൈവത്തെ സ്തുതിച്ചപ്പോൾ അദ്ദേഹത്തിന്റെ ചിത്തം തെളിഞ്ഞു; അത്തെളിവോടെയാണ് താതൻ പ്രാർത്ഥിച്ചത്. നാളാഗമത്തിൽ ഞാൻ പലപ്പോഴും തെളിവെന്ന പദം ഉപയോഗിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ മാത്രം ചൂണ്ടിക്കാണിക്കാം.

- "തമ്പുരാൻ തെളിഞ്ഞു": *മാന്നാനം നാളാഗമം* I പേജ് 19.
- (മെത്രാനച്ചൻ ആശ്രമമെന്ന ആശയം ശ്രവിച്ചപ്പോൾ) "ഏറ്റിക്കപ്പെട്ട തെളിവാൽ തെളിഞ്ഞു": *മാന്നാനം നാളാഗമം* I, പേജ് 19.
- "അയാൾക്കു തെളിഞ്ഞു": പേജ് 43.
- "എല്ലാവർക്കും തെളിഞ്ഞു": പേജ് 32
- "ഞങ്ങളൊക്കെ തെളിഞ്ഞു സ്തോത്രം ചെയ്തു": *മാന്നാനം നാളാഗമം* II, പേജ് 102

- "ഒന്നിച്ചു തെളിയുക": *മാന്നാനം നാളാഗമം* II, പേജ് 135

- "എല്ലാവർക്കും തെളിവും സന്തോഷവുംതന്നെ": *കൂനമ്മാവ് മഠം നാളാഗമം*, പേജ് 13.

- "ചിലർക്കു തെളിഞ്ഞു": *മാന്നാനം നാളാഗമം* II, പേജ് 29.

- "വലിയ സന്തോഷവും തെളിവുമായി": *കൂനമ്മാവ് മഠം നാളാഗമം*: പേജ് 5

- "വലിയ തെളിവാകുകയും ചെയ്തു": *അമ്പഴക്കാട്ട് കൊവേന്ത നാളാഗമം*, പേജ് 28.

- "ഏറ്റവും തെളിഞ്ഞു": *അമ്പഴക്കാട്ട് കൊവേന്ത നാളാഗമം* പേജ് 12.

- "ഏറ്റവും തെളിയുകയും ചെയ്തു": *മാന്നാനം നാളാഗമം* II, പേജ് 70.

- "നന്നായി തെളിഞ്ഞു": *അമ്പഴക്കാട്ട് കൊവേന്ത നാളാഗമം*, പേജ് 6.

- "ഞങ്ങൾക്ക് തെളിവുണ്ടായി": *മാന്നാനം നാളാഗമം II,* പേജ് 114.

- (ഇഹത്തിലും) "പരലോകത്തിലും ഒന്നിച്ചു തെളിയുവാൻ വിചാരിക്കണം": *മാന്നാനം നാളാഗമം* II, പേജ് 136

- "തെളിവും സന്തോഷവും വരുത്തി": *മാന്നാനം നാളാഗമം* II, പേജ് 22.

- "കണ്ടു തെളിഞ്ഞു": *മാന്നാനം നാളാഗമം* II, പേജ് 7; 88

- "സന്തോഷിച്ചും തെളിഞ്ഞും": *മാന്നാനം നാളാഗമം* II, പേജ് 30.

- "അവർ തെളിഞ്ഞു" : *മാന്നാനം നാളാഗമം* II, പേജ് 48.

- "തെളിവിന്റെ വർത്തമാനം": *മാന്നാനം നാളാഗമം* II, പേജ് 102.

- "തെളിഞ്ഞ മനസ്സ്": *മാന്നാനം നാളാഗമം* I, പേജ് 63.

- "ദാഹിക്കപ്പെട്ട ഭൂമി മഴവർഷത്താൽ തെളിയുംവണ്ണം": *മാന്നാനം നാളാഗമം* I, പേജ് 19.

പ്രിയ മക്കളേ, ദൈവത്തിന്റേതായ തെളിവെന്ന കാഴ്ചപ്പാടിൽ അവിടുത്തോടൊത്ത് തെളിയേണ്ടവരാണ് നിങ്ങളും. കൂടപ്പിറപ്പുകളുടെയും കുഞ്ഞുങ്ങളുടെയും സംഭാഷണശൈലിയിലും പ്രവർത്തനരീതിയിലും ഈ തെളിവ് കടന്നുവരണം. ഇപ്രകാരമുള്ള

തെളിവിന്റെ ജീവിതം സ്തോത്രാലാപകരായി തീരുവാൻ നിവേശന മരുളും. തെളിഞ്ഞതായിത്തീരും മാനസങ്ങൾ. അപ്പോൾ ഇഹത്തിൽ മാത്രമല്ല പരലോകത്തിലും തെളിവിന്റെ തനയരാകുവാൻ നിങ്ങൾക്കു കൃപ ലഭിക്കും. ദൈവത്തിന്റെ കാഴ്ചപ്പാടിൽ ഭൂമി തെളിയുന്നതായി കാണാനുള്ള അനുഗ്രഹം കൈവരും.

തെളിവിന്റെ വിപരീത സംജ്ഞയാണല്ലോ തെളിവില്ലായ്മ അഥവാ തെളിയാതിരിക്കുക. അതിനെക്കുറിച്ചും ഞാൻ *നാളാഗമങ്ങളിൽ* പരാമർശിക്കുന്നുണ്ട്.

- "തെളിഞ്ഞില്ല": *മാന്നാനം നാളാഗമം* I, പേജ് 30,31; *മാന്നാനം നാളാഗമം* II, പേജ് 15; *അമ്പഴക്കാട്ട് കൊവേന്ത നാളാഗമം*, പേജ് 6; പേജ് 15.

- "നല്ലതിൻവണ്ണം തെളിഞ്ഞില്ല": *മാന്നാനം നാളാഗമം I,* പേജ് 36 (2 പ്രാവശ്യം)

- "ഒട്ടുംതന്നെ തെളിഞ്ഞില്ല": *മാന്നാനം നാളാഗമം* II, പേജ് 29; *അമ്പഴക്കാട്ട് കൊവേന്ത നാളാഗമം,* പേജ് 10

- "കല്പന തെളിഞ്ഞില്ല": *മാന്നാനം നാളാഗമം* II, പേജ് 19.

- "തെളിഞ്ഞ മനസ്സില്ലായ്കയാൽ": *കൂനമ്മാവ് മഠം നാളാഗമം* പേജ് 6.

6.4.3. അമ്മയുടെ പ്രണാമം

6.4.3.1. ഉണ്ണിയെ കൈയിലെടുത്തവൾ

ഉണ്ണിയെ കൈയിൽ വാങ്ങി മാതാവ് അവിടുത്തെ വന്ദിച്ചു. നമ്മൾ എന്തെങ്കിലും കൈയിലെടുക്കുമ്പോൾ കന്യകാംബിക ഉണ്ണിയെ ഭക്ത്യാദരവാൽ കൈയിലെടുത്തതുപോലെ ബഹുമാനത്തോടും സന്തോഷത്തോടും സ്നേഹത്തോടും അവിടുത്തെ കരങ്ങളിലെടുക്കുന്നതായി മനസ്സിലാക്കണം. ഈശോയെ നമ്മുടെ കൈയിലേൽപ്പിച്ചിരിക്കുകയാണ് പരമപിതാവും മാലാഖമാരും. ദിവ്യനന്ദനനെ വളർത്തുക, പരിപോഷിപ്പിക്കുക, പരിപാലിക്കുക ഇതാണ് നമ്മുടെ ജോലി.

6.4.3.2. ഉണ്ണിയുടെ ഉദ്ധീരണം

അപ്പോൾ കണ്ണുകൾ തുറന്ന് ദിവ്യനന്ദനൻ "സുന്ദരമുഖിയായ അമ്മയെ തൃക്കൺപാർത്തു" (വരി 77-78). തൃക്കൺപാർക്കുക എന്ന പദത്തിൽ അടങ്ങിയിരിക്കുന്ന ദർശനം നിങ്ങൾ പരിചിന്തനവിഷയമാക്കുവിൻ. തൃക്കണ്ണുകൾകൊണ്ട് പാർക്കൽ അഥവാ വസിക്കലാണത്. പാർക്കൽ കണ്ടുകൊണ്ടിരിക്കലായി ഭവിക്കയാണ്. നന്ദിയുടെ

പുഞ്ചിരി പൊഴിച്ചുകൊണ്ട് നാഥൻ ഉള്ളിൽ ഇപ്രകാരം അരുൾ ചെയ്തു തദവസരത്തിൽ:

"അൻപേറും മമതായേ, എന്നെ നീ നോക്കിക്കൊണ്ട്
പിൻപിനാൽ നടന്നു മേഅമ്മയായ് കാട്ടീടുക"
(വരി 79-80).

കന്യകാംബിക കർത്താവിന്റെ അൻപേറും തായയാണ്. അമ്മയുടെ ദൗത്യം സദാ തന്നെ നോക്കിക്കൊണ്ടിരിക്കലത്രേ. നിരന്തരമായ ദർശനമായിത്തീരണം ആ ധന്യജീവിതം. അതോടൊപ്പം തന്നെ അനുഗമിക്കുകയും വേണം. തന്റെ ആശയങ്ങളും ആദർശങ്ങളും ചിന്തകളും ഓർമ്മകളും, സംഭാഷണവിഷയങ്ങളും പ്രവർത്തനരീതികളും സ്വായത്തമാക്കലാണ് ഈ "പിൻപിനാൽ നടക്കൽ". അപ്രകാരമാകണം മറിയം അമ്മയായിത്തീരേണ്ടത്. "മേഅമ്മയായ് കാട്ടീടുക". തന്റെ അമ്മയായി മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കണം. ഇതുതന്നെയാണ് ക്രിസ്റ്റോഫർമാരായ (ക്രിസ്തുവിനെ വഹിക്കുന്നവരായ) നമ്മുടെയും കർത്തവ്യം. കർത്താവ് നമ്മോടും പറയുന്നു:

"അൻപേറും മമതായേ എന്നെ നീ നോക്കിക്കൊണ്ട്
പിൻപിനാൽ നടന്നു മേ അമ്മയായ് കാട്ടീടുക"

പ്രിയ മക്കളേ, ദർശനവീട്ടിലാണ് നിങ്ങൾ വസിക്കേണ്ടത്. ഈശോയെ സദാ നോക്കിക്കൊണ്ടിരിക്കണം; പിൻപിൽ നടക്കണം; കന്യകാമറിയത്തെപ്പോലെ വചനം ഹൃദയത്തിൽ സംഗ്രഹിക്കുകയും നിക്ഷേപിക്കുകയും നിരന്തരം പരിചിന്തനവിഷയമാക്കുകയും വചനമയമായിത്തീരുകയും വേണം (ലൂക്കാ 2:51). അപ്പോൾ കർത്താവ് നമ്മളോടു പറയും: "ഇതാ എന്റെ അമ്മയും എന്റെ സഹോദരരും" (മർക്കോ 3:31-35). ഞാൻ അപ്രകാരം ചെയ്തവനാണ്. പിതാവായ എന്നെ അനുകരിച്ചുകൊണ്ട് ഞാൻ സ്ഥാപിച്ച ദർശനവീട്ടിലെ അംഗങ്ങളായിത്തീരുവൻ. അപ്പോൾ കൺമണിയായ ഉണ്ണി നമ്മളെയും തൃക്കണ്ണുകൾകൊണ്ട് നോക്കും; പൊൻചുണ്ടുകളിൽ പുഞ്ചിരികാളി സ്നേഹാഗ്നി ജ്വലിപ്പിക്കും (III/29-32).

6.4.3.3. മൂന്നുതരം മുത്തലുകൾ

ദിവ്യവചസ്സുകൾ ഹൃദയത്തിൽ ശ്രവിച്ചപ്പോൾ അമ്മ ചെയ്തതെന്തെന്നോ?

"അപ്പോഴതമ്മ തന്റെ സൃഷ്ടിതാവെന്നുറച്ചു
ശില്പമായ് പൈതൽതന്റെ തൃപ്പാദേ [illegible]
തന്നുടെ രക്ഷാനാഥൻ രാജരാജ [illegible]

ചിഹ്നമായ് തൃക്കൈകളും മുത്തിതൻ മഹാസ്നേഹാൽ
എത്രയും ഇച്ഛിച്ചുള്ള തനുജൻ പ്രിയസുതൻ
ചിത്രകൗതുകത്തോടെ മുത്തിതൻ കവിളതിൽ
എന്നതിൻശേഷം തന്റെ മാറതിലണച്ചുടൻ
നന്ദിയാലൂട്ടിതന്റെ നിർമ്മല മുലപ്പാലും
കന്യകയപ്പോൾ തന്റെ ചങ്കിനുചേർത്തുകൊണ്ട്
കാർത്തികപുഷ്പസമം കൈകളാൽ തഴുകിനാൾ"
(വരി 83-90, 97-98).

ഈശോ ദൈവതനയനാണ്; അതോടൊപ്പം മനുഷ്യപുത്രനും മറിയത്തിന്റെ മകനും. അവിടുന്ന് സ്രഷ്ടാവാണ്; രക്ഷാനാഥനാണ്; രാജാധിരാജനാണ്; അമ്മയുടെ പ്രിയസുതനുമാണ്. ഈ ആശയങ്ങളെല്ലാം ഉൾക്കൊള്ളുന്നുണ്ട് ദിവ്യജനനിയുടെ പ്രണാമത്തിൽ. സ്രഷ്ടാവായവന്റെ തൃപ്പാദം ആദരവോടും ഭക്തിയോടുംകൂടി അവൾ മുത്തം ചെയ്തു. അവിടുന്ന് രക്ഷാനാഥനും രാജരാജനുമാണെന്നുള്ളതിന്റെ അടയാളമായി തൃക്കൈകൾ മഹാസ്നേഹത്തോടെ മുത്തി. താൻ എത്രയും ഇച്ഛിച്ച, കാത്തുകാത്തിരുന്ന തനുജനും പ്രിയസുതനുമാണ് ഉണ്ണി എന്നതിന്റെ പ്രകടനമായി വാത്സല്യപൂർവ്വം തൃക്കവിളുകളിൽ ചുംബിച്ചു. അവിടുത്തെ മാറിലണച്ചു; നന്ദിയാൽ പാലൂട്ടി. ഈശോയെക്കുറിച്ചുള്ള പൂർണ്ണമായ കാഴ്ചപ്പാട് ഇവിടെ നമുക്ക് കാണാനാകും. ഈ തലങ്ങളെല്ലാം ഉൾക്കൊള്ളുന്നതാകണം കർത്താവിനോടുള്ള നമ്മുടെയും വർത്തനം. അതിൽ ആദരവും ഭക്തിയും ബഹുമാനവും സ്തുതിയും ആരാധനയും മഹാസ്നേഹവും നിറഞ്ഞു നിൽക്കണം. കുർബ്ബാന ഇത്തരം പ്രക്രിയകളുടെ അർപ്പണമാണല്ലോ.

6.4.3.4. അമ്മയുടെ ഉദീരണം

തുടർന്ന് അമ്മ ഇപ്രകാരം ഉദീരണം ചെയ്യുന്നതായി ഞാൻ സങ്കല്പിച്ചു:

"മാതൃവിന്നാശയൊക്കെ തീർത്തിടും മമസുതാ
ഭൂമിയിൽ നീ തേടീടും പാപത്തിലധിതാപം
ഭൂമിമാനുഷർ നിന്നെയൂട്ടീടുമെന്നാകിലും
ഭൂമിയിൽ പാപംപോക്കും വരുത്തും ശുഭമല്ലോ"
(വരി 91-94).

ദേവാലയത്തിൽ ഉണ്ണീശോയെ കാഴ്ചവച്ചപ്പോൾ ശിമയോൻ പ്രവാചകൻ അവിടുത്തെ കരങ്ങളിലെടുത്ത് പ്രകീർത്തിച്ചതിന്റെ മുൻരൂപം അമ്മയുടെ വാക്കുകളിൽ നിഴലിക്കുന്നു: "വിജാതീയർക്കു വെളി

വാകുവാനുള്ള പ്രകാശവും അങ്ങേ ജനമായ ഇസ്രായേലിനുള്ള മഹത്ത്വവുമായി സകല ജനതകളുടെയും മുമ്പിൽ അങ്ങ് ഒരുക്കിയിരിക്കുന്ന അങ്ങയുടെ രക്ഷ ഇതാ എന്റെ നയനങ്ങൾ ദർശിച്ചിരിക്കുന്നു" (ലൂക്കാ 2:30-32). കർത്താവിനെ കാണുവാൻ ആശാപൂർവ്വം കാത്തുകാത്തിരിക്കുകയായിരുന്നു ആ വന്ദ്യവയോധികൻ. അതുപോലെ അമ്മയുടെ ഏക ജീവിതാഭിലാഷം ഉണ്ണീശോ ഇതാ തീർത്തിരിക്കുന്നുവെന്ന് മറിയം ഏറ്റുപറയുകയാണ്. അവൾ അവിടുത്തെ മാറിലണച്ച് "നന്ദിയാലൂട്ടി തന്റെ നിർമ്മലമുലപ്പാലും." ദിവ്യനന്ദനൻ ഭൂമിയിൽ അവതീർണ്ണനായത് മാനവരുടെ അനുതാപം തേടിയാണ്. പക്ഷേ ഭൗമികമായ മനുഷ്യർ തന്നെ അതിതാപമൂട്ടും എന്ന് അമ്മ തിരുക്കുമാരനെ ധരിപ്പിക്കുന്നു. എങ്കിലും മാലോകരുടെ ആ പ്രവൃത്തിവഴി അവിടുന്ന് ഭൂമിയിൽ പാപമോചനം കൈവരുത്തും. അതോടെ എല്ലാം ശുഭമാകും. മനുഷ്യരെ മാത്രമല്ല പാപമോചനത്താൽ കർത്താവ് മംഗളകരമാക്കുന്നത്. ആദ്യപിതാക്കന്മാരുടെ കാലംമുതൽ നിരന്തരം കളങ്കപ്പെട്ട ധരണിയെ അവിടുന്ന് കഴുകി ശുദ്ധമാക്കും (ഉത്പ 3:17; 4:1012; 6:5; 7:1-8:13). ക്രിസ്തുവിൽ പുതിയ ആകാശവും പുതിയ ഭൂമിയും ഉടലെടുക്കും (വെളി 21:1-4).

6.4.3.5. പുഞ്ചിരിക്കുന്ന ഉണ്ണി

അമ്മയുടെ ഉദീരണം ശ്രവിച്ച കുഞ്ഞിപ്പൈതൽ പുഞ്ചിരിച്ച് തന്റെ സുന്ദരകരങ്ങൾ അമ്മയ്ക്ക് നീട്ടിക്കൊടുത്തു. ദിവ്യഉണ്ണിയുടെ ശാശ്വതഭാവം ആനന്ദമാണ്. കാരണം ദ്വൈതഭാവമില്ലാത്തവനാണല്ലോ ദൈവം. അവിടുന്നിൽ ആരുണ്യശോഭ (III/2) വിളങ്ങിനിൽക്കുന്നു. പുഞ്ചിരികാട്ടി സ്നേഹാഗ്നി ജ്വലിപ്പിക്കുന്ന പൊൻചുണ്ടുകളാണ് അക്കൺമണിയുടേത് (III/31-32). സത്യവും ശിവവും സുന്ദരവുമായ ദിവ്യനാഥന്റെ അനുയായികളായ നമ്മളിലൂടെയും സ്വർഗ്ഗീയാനന്ദം കവിഞ്ഞൊഴുകണം. അവിടുത്തെ സുന്ദരകരങ്ങളെ അമ്മ "ചങ്കിൽ ചേർത്തുകൊണ്ട് കാർത്തികപുഷ്പസമം കൈകളാൽ തഴുകിനാൾ." ആറ് താരകങ്ങകൾ ചേർന്നതാണ് കാർത്തിക നക്ഷത്രം. തേജസ്സിന്റെ ആകാരമാണത്. പൂർണ്ണചന്ദ്രൻ പ്രത്യക്ഷപ്പെടുന്ന മാസത്തെ കുറിക്കുന്നു കാർത്തിക. അപ്പോൾ പൂക്കുന്നതാണ് കാർത്തികപുഷ്പം. ദിവ്യസുതനെ അമ്മ തഴുകിയത് കാർത്തികപുഷ്പത്തെപോലെയാണ്. ഭംഗിയുടെയും തേജസ്സിന്റെയും പൂനിലാവിന്റെയും നിറകുടമാണല്ലോ ഈശോ. അവിടുത്തേതായ ആ അമൂല്യപദവി അംഗീകരിക്കുകയാണ് അമ്മ. കാർത്തികപുഷ്പസമം ദിവ്യ

ശിശുവിനെ അമ്മ തഴുകി. ഈശോയിൽ കാർത്തികപുഷ്പത്തെ ദർശിക്കുവാനും അവിടുത്തെ തഴുകുവാനും തയ്യാറാകണം അമലോത്ഭവമാതാവിന്റെ കർമ്മലീത്തരായ നമ്മൾ.

6.4.4. മാർ യൗസേപ്പിന്റെ പ്രണാമം

അകലെ മാറിനിന്നിരുന്ന യൗസേപ്പ്താതനിലേക്ക് നമുക്ക് തിരിയാം. തിരുപ്പിറവിയുടെ പ്രകാശം അദ്ദേഹം ദർശിച്ചു; മാലാഖമാരുടെ സ്തുതിഗീതങ്ങൾ ശ്രവിച്ചു. എല്ലാം "വരസന്തോഷത്തോടെ കണ്ടുകൊണ്ടിരുന്നു" (വരി 99-102). ഇതുമാത്രമല്ല ധന്യചരിതൻ ദർശിച്ചത്.

"സകലജ്ഞനാം പൈതൽ ഉദയം ചെയ്തെന്നതും
തരളഭൂമിക്കുള്ള ശോഭയും പ്രകാശവും
മഹിസ്തുതികളും സാമോദം പാർത്തെന്നാലും..."
(വരി 107-109).

പ്രിയപ്പെട്ടവരേ, മാമുനീന്ദ്രനും താഴ്മയുടെ മനുഷ്യരൂപവുമായ വന്ദ്യതാതനെ നമുക്കും അനുകരിക്കാം. അദ്ദേഹത്തെപ്പോലെ "പരമസുതൻതന്റെ പിറവിപ്രകാശവും, പരലോകരാലുള്ള സ്തുതികൾ സമസ്തവും" "ധ്യാനത്തിനാൽ വരസന്തോഷത്തോടെ" കാണാം. "സകലജ്ഞനാം പൈതൽ ഉദയം" ചെയ്തപ്പോൾ "തരള ഭൂമിക്കുള്ള ശോഭയും പ്രകാശവും മഹിസ്തുതികളും സാമോദം പാർക്കാം." ഇവ വരസന്തോഷത്തോടെ ധ്യാനപൂർവ്വമാണ് കാണേണ്ടതും സാമോദം പാർക്കേണ്ടതും. പിറവിയുടെ പ്രകാശം കാണേണ്ടവരാണ് ദർശനവീട്ടുകാരായ നമ്മൾ. പരലോകരാലുള്ള സ്തുതികൾ ഭൂതലം മുഴുവനും മുഴങ്ങുന്നത് ശ്രവിക്കുക മാത്രമല്ല ആന്തരികനയനങ്ങളാൽ ദർശിക്കുകയും വേണം. ദിവ്യപൈതൽ സൂര്യനെപ്പോലെ ഭൂതലത്തിൽ ഉദയം ചെയ്തിരിക്കുന്നു. അവിടുന്നാണ് സർവ്വജ്ഞാനത്തിന്റെയും ഉറവിടവും നിറകുടവും. ആ ഉദയത്തിൽ ഭൂമി മുഴുവൻ തരളിതമായിരിക്കുന്നു, ശോഭിക്കുന്നു, പ്രകാശിക്കുന്നു, മഹിമസ്തുതികളാലപിക്കുന്നു. ഇവയെല്ലാം സാമോദം പാർക്കുവാൻ വിളിക്കപ്പെട്ടിരിക്കയാണ് എന്നെപ്പോലെ നിങ്ങളും. ഓരോ ദിവസവും നാം കാണേണ്ടത് ഇതുതന്നെയാണ്. നാം സാമോദം പാർക്കേണ്ടതും ധ്യാനപൂർവ്വം ആദരവോടെ വീക്ഷിക്കേണ്ടതും മറ്റൊന്നല്ല. പ്രകാശരൂപൻ ഉദയം ചെയ്തിരിക്കുന്നു. തിരുഅവതാരത്തിന്റെ പ്രതീകങ്ങളും ആവർത്തനങ്ങളുമാണ് എല്ലായിടത്തും, എല്ലാത്തിലും, എല്ലാവരിലും കണ്ടെത്തേണ്ടത്. പൂക്കളിൽ, പുല്ലുകളിൽ, മരങ്ങളിൽ, താരു

ക്കളിൽ, പ്രാണികളിൽ, പറവകളിൽ, ജന്തുജാലങ്ങളിൽ പ്രകൃതിയിൽ ദിവ്യമായ ഉദയം, സകലജ്ഞനാം പൈതലിന്റെ ഉദയം കാണണം. ഈ അനുഭൂതിവിശേഷമാണ് സർവ്വജ്ഞാനം. ഈ അറിവ് കണ്ടെത്തുകയും പാർക്കുകയും ചെയ്യേണ്ടവരാണ് ദർശനവീട്ടുകാർ. അപ്പോൾ നമുക്ക് പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും പാർക്കുവാനാകും. ആദ്യത്തെ ആദം ദൈവത്തിൽനിന്ന് പിന്തിരിഞ്ഞതുമൂലം ഭൂമിയെ കഠിനമാക്കിത്തീർത്തു, മുള്ളുകൾ മുളപ്പിച്ചു. ഈശോയെന്ന പുതിയ ആദം എല്ലാത്തിനെയും ദിവ്യതാതനിലേക്ക് പിന്തിരിപ്പിച്ചിരിക്കയാണ്. അതിനാൽ ഭൂമി തരളിതമായിത്തീർന്നിരിക്കുന്നു; അതിന് ശോഭ ലഭിച്ചിരിക്കുന്നു; പ്രകാശം കൈവന്നിരിക്കുന്നു. അതോടൊപ്പം മഹിമസ്തുതികൾ എങ്ങും മുഴങ്ങുകയാണ്. കാട്ടാറുകൾ കയ്യടിക്കുന്നു; പർവ്വതങ്ങൾ പാട്ടുപാടുന്നു (സങ്കീ 98:8); മലകൾ മുട്ടാടുകളെപ്പോലെയും, കുന്നുകൾ ആട്ടിൻകുട്ടികളെപ്പോലെയും തുള്ളിച്ചാടുന്നു (സങ്കീ 114:4,6); "പകൽ പകലിനോടു സംഭാഷിക്കുന്നു; രാത്രി രാത്രിയോട് വിജ്ഞാനമറിയിക്കുന്നു" (സങ്കീ 19:2). ഈ ലോകം തിരുഅവതാരപൂരിതമാണ്; ദൈവമയമാണ്; ഈശോപൂർണ്ണമാണ്. അത് സാമോദം പാർക്കലാണ് സന്ന്യസ്തരായ നമ്മുടെ ദൈവവിളി. ആ ദർശനത്തിൽ ആനന്ദനിർലീനരായി കഴിയുന്നവർക്ക് ഒരുനാൾ "പ്രത്യക്ഷനാകുന്ന ദേവസുതനെ പാർത്തുകൊൾവാൻ" വിളിയുണ്ടാകും, കന്യകാംബികയുടെ.

6.4.4.2. ദർശനവും ദണ്ഡനമസ്ക്കാരവും

അകലെനിന്ന് എല്ലാം കണ്ടുകൊണ്ടിരുന്നെങ്കിലും തിരുമുമ്പിലണയുവാൻ "ന്യായം തോന്നായ്ക നിമിത്തമായ്" (വരി 106), "എളിമനിമിത്തമായ്" (വരി 110) മാർ യൗസേപ്പ് മടിച്ചുനിന്നു. താതന്റെ താഴ്മയുടെ ഈ ഭാവം നന്നായി അറിയാമായിരുന്ന അമ്മ തിരുസുതനെ തൃക്കൺപാർക്കുവാൻ അദ്ദേഹത്തെ ക്ഷണിച്ചു.

"പാർത്തുകൊൾ, ദേവസുതൻ നമുക്കു പ്രത്യക്ഷമായ്"
(വരി 1112)

ഭൂമിയിൽ പ്രത്യക്ഷനായ ദൈവനന്ദനനെ പാർത്തുകൊൾവാൻ അമ്മ പ്രിയ കാന്തന് അനുമതി നൽകുകയാണ്. അപ്പോൾ സന്തോഷത്തോടുകൂടി പുണ്യശ്രേഷ്ഠൻ തിരുസന്നിധിയിൽ എഴുന്നള്ളി.

"സൂര്യാഭ വിളങ്ങുന്ന താമരക്കൈകളിൽ
വീര്യവാൻ തിരുസുതം മോദാൽതൃ
ക്കൺപാർത്തു" (വരി 115-116).

മാർ യൗസേപ്പ് "സുന്ദരീമാതൃതന്റെ സന്നിധൗ എഴുന്നള്ളി" എന്ന എന്റെ ഭാഷ്യത്തെ ശ്രദ്ധിക്കുവിൻ. രാജാവും ദേവനുമാണല്ലോ സാധാരണ എഴുന്നള്ളുന്നത്. ആ ക്രിയാപദം ആദരവോടും ആഘോഷപൂർവ്വവുമായ പ്രവേശനത്തെ ദ്യോതിപ്പിക്കുന്നു. മാർ യൗസേപ്പ് കർത്താവിന്റെ മുമ്പിൽ എഴുന്നുള്ളി എന്നു ഞാൻ പ്രയോഗിച്ചത് ദിവ്യാത്മാവിന്റെ പ്രേരണയാലാകണമെന്നു തോന്നുന്നു. താൻ ഒന്നു മല്ലെന്നും തനിക്കൊന്നുമില്ലെന്നുമുള്ള ആത്മബോധത്തിന്റെ ആകാരമായിരുന്നല്ലോ പുണ്യശ്രേഷ്ഠൻ. ഈശോയുടെയും അമ്മയുടെയും സന്നിധിയിൽ ഒരു വാക്കുപോലും അരുളിച്ചെയ്യുവാൻ അയോഗ്യനായി സ്വയം കരുതി ആ മാമുനീന്ദ്രൻ. അപ്പോൾ അദ്ദേഹത്തെ എല്ലാമുള്ളവനും എല്ലാമായവനുമാക്കിത്തീർത്തു ദയാനിധിയായ ദൈവം. തന്നെപ്പോലെ എഴുന്നുള്ളുവാൻ കൃപ നല്കി. പ്രിയ മക്കളേ തന്റെ കരുണയിൻകടൽ അന്തംകൂടാതെ മാനവരിൽ ചിന്തുന്ന സർവ്വേശ്വരനെ (II/57-58) നമുക്ക് നമിക്കാം.

"സന്നിധൗ എഴുന്നുള്ളിയ" മാർ യൗസേപ്പ് "മോദത്താൽ തൃക്കൺപാർക്കുകയാണ്." (വരി 116). രാജാവോ ദേവനോ നോക്കുന്നതിനെയാണല്ലോ തൃക്കൺപാർക്കുക എന്ന ക്രിയാപദത്താൽ വീക്ഷിക്കുക. ദൈവികമായ ഈ വരം താഴ്മയുടെ നികേതനമായവന് നൽകപ്പെടുകയാണ്. അദ്ദേഹം "മോദത്താ"ലാണ് വീര്യവാൻ തിരുസുതനെ തൃക്കൺപാർക്കുന്നത്. അവതീർണ്ണനായ ദിവ്യനന്ദനനിൽ 'വീര്യവാനെ' പുണ്യചരിതൻ ദർശിച്ചു. വീരന്റെ ഭാവമാണല്ലോ വീര്യം അഥവാ ഓജസ്സും തേജസ്സും. ഹൈന്ദവ പുരാണത്തിൽ വിഷ്ണുവിനെ ആ പദം ദ്യോതിപ്പിക്കുന്നു. മനുഷ്യശിശുവിനെപ്പോലെ ബലഹീനനും പരാശ്രയനുമായി ജനിച്ചവനിൽ സൃഷ്ടിസ്ഥിതിസംഹാരങ്ങളിൽ സ്ഥിതിയുടെ അതിദേവനായ സത്ത്വഗുണപ്രധാനനെയാണ് ധന്യചരിതൻ ദർശിച്ചത്. അവിടുന്ന് "സൂര്യാഭവിളങ്ങുന്ന താമകരക്കരങ്ങളിൽ" (വരി 115) ശയിക്കുകയാണ്. അമ്മയുടെ കൈകൾ സൂര്യാഭ വിളങ്ങുന്ന താമരക്കരങ്ങളത്രേ. അമലോത്ഭവയായ ജനനിയുടെ കരങ്ങൾ സുന്ദരവും മൃദുലവുമാണ്. അതോടൊപ്പം അവയിൽ സൂര്യാഭ വിളങ്ങിനിൽക്കുന്നു. കാരണമെന്താണെന്നോ? പ്രഭയുടെ ഉറവിടവും നിറകുടവുമായ ദിവ്യസൂര്യനെയാണല്ലോ മറിയം വഹിക്കുന്നത്. ഈ കാഴ്ചകാണുമ്പോൾ ആരുടെ ഹൃദയത്തിലാണ് ആമോദം അലതല്ലാത്തത്? നന്മനിറഞ്ഞ മാർ യൗസേപ്പിന്റെ ഹൃദയം വീര്യവാൻ തിരുസുതനെ തൃക്കൺപാർത്ത

പ്പോൾ ആനന്ദനിർഭരരായിത്തീർന്നു. അതോടെ

"ധരണീനാഥൻ കുഞ്ഞിപ്പൈതലിൻതിരുമുമ്പിൽ
ധരയിൽ ചെന്നുവീണു സാഷ്ടാംഗം ചെയ്തുപുണ്യൻ"
(വരി 117-118).

കാലിക്കൂട്ടിൽ ശയിക്കുന്ന കുഞ്ഞിപ്പൈതൽ ഭൂമിയുടെ അധിപനാണ്. പുതിയ ഭൂമി അവിടുന്നിൽ സംജാതമായിരിക്കുന്നു. അത് തിരുപ്പിറവിയിൽ തരളിതമായിരിക്കുന്നു. ശോഭയും പ്രകാശവും പ്രസരിപ്പിക്കുന്നു. ഇപ്രകാരമുള്ള ധരണീനാഥന് യോഗ്യമായ ബഹുമാനാദരവുകൾ സൃഷ്ടിമാത്രമായ മനുഷ്യന് പ്രകടിപ്പിക്കുവാൻ കഴിയുമോ? ഒരു കാര്യം മാത്രമേ അഭികാമ്യമായുള്ളൂ. "ധരയിൽ ചെന്നുവീണു സാഷ്ടാംഗം ചെയ്യൽ." ചെന്നുവീഴലാണത്, കാൽമുട്ടുകൾ, തോളുകൾ, നെഞ്ച്, നെറ്റി എന്നിവ ധരണിയിൽ തൊടത്തക്കവണ്ണമാണ് മാർ യൗസേപ്പ് ധരണീനാഥനെ നമസ്ക്കരിച്ചത്. പുണ്യപിതാവിന്റെ മക്കളായ നമ്മൾ അദ്ദേഹത്തെ അനുകരിച്ച് ധരണീനാഥനെ ധരയിൽ ചെന്നുവീണ് സാഷ്ടാംഗം നമസ്ക്കരിച്ചുകൊണ്ടിരിക്കുവാൻ നിയോഗിതരായിരിക്കുന്നു.

ദണ്ഡനമസ്ക്കാരം ചെയ്തുകിടക്കുന്ന പുണ്യതാതനെ കണ്ടപ്പോൾ കനിവിന്റെ കേതാരമായ 'കന്യകാമണിരത്നം' (അതിശ്രേഷ്ഠമായ രത്നം, വരി 119) തിരുക്കുമാരനെ ഭർത്താവിന്റെ കരങ്ങളിലേക്ക് നീട്ടിക്കൊണ്ട് ഉദീരണം ചെയ്തു:

"കൈക്കൊൾക മുത്തീടുക നിന്നുടെയിഷ്ടം, നാഥാ
കൈയ്യേൽക്കദുഃഖം തദാ സുഖവും തദാമയ"
(വരി 121-122).

ഉണ്ണിയെ കൈക്കൊൾവാനും യഥേഷ്ടം മുത്തുവാനും അനുവദിക്കുകയാണ് അമ്മ. അതോടൊപ്പം ഈശോയുടെ ദുഃഖവും സുഖവും കയ്യേൽക്കുകയും ചെയ്യണം. അവതീർണ്ണനായ ദൈവത്തെ കൈയിൽ ഉൾക്കൊള്ളുവാനാണ് ദിവ്യജനനി അഭ്യർത്ഥിക്കുന്നത്. ഇഷ്ടംപോലെ ഉണ്ണിയെ ചുംബിക്കുവാനും അനുവദിക്കുന്നുണ്ട്. അതോടൊപ്പം മറ്റൊരു കാര്യവും ഏറ്റെടുക്കണം. ദിവ്യതനയന്റെ ദുഃഖവും സുഖവും കയ്യേൽക്കണം; തന്റേതാക്കിത്തീർക്കണം. ഇനിമേൽ സ്വന്തമായ ദുഃഖമില്ല, സുഖവുമില്ല. തിരുക്കുമാരന്റെ ദുഃഖം സ്വന്തദുഃഖമാകണം. അവിടുത്തെ സുഖത്തിൽ സ്വന്തം സുഖം കണ്ടെത്തണം. പ്രിയ മക്കളേ, മാർ യൗസേപ്പിനോട് പറഞ്ഞ കാര്യം

നമ്മോടും ഉണർത്തിക്കുകയാണ് കർത്താവിന്റെ അമ്മ. കൈക്കൊള്ളുകയും കയ്യേൽക്കുകയും ചെയ്യേണ്ടവരാണ് അമലോത്ഭവയായ കർമ്മലമാതാവിന്റെ തനയർ. ക്രിസ്റ്റോഫർമാരായിത്തീരണം അവർ. നമ്മളെയാണ് ഇന്ന് തിരുസുതനെ ഭരമേല്പിച്ചിരിക്കുക. അവിടുത്തെ യഥേഷ്ടം മുത്തുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. കാർമ്മികൻ തിരുവോസ്തി കയ്യിലെടുത്ത് മുത്തുന്ന ഒരു ക്രമമുണ്ടല്ലോ. സീറോ മലബാർ കുർബ്ബാനയിൽ. വിശ്വാസികൾ കുർബ്ബാന കൈക്കൊള്ളുന്നവരാണ്. കർത്താവിനെ കൈക്കൊള്ളുവാനും മുത്തുവാനുമുള്ള ദൗത്യത്തോടൊപ്പം മറ്റൊരു ധർമ്മവും നമുക്കുണ്ട്. അവിടുത്തെ ദുഃഖം നമ്മുടെ ദുഃഖമാക്കണം; സുഖം നമ്മുടേതാക്കി പകർത്തണം.

6.4.4.3. താതനും തനയനും

അമ്മയുടെ ആഹ്വാനം ശ്രവിച്ചപ്പോൾ താൻ യോഗ്യഹീനനെന്ന് കാട്ടുകയായി താഴ്മയുടെ നികേതനമായ ആ ധന്യൻ. എങ്കിലും ദൈവജനനിയുടെ കല്പനയ്ക്കു വിധേയനായിക്കൊണ്ട് തന്റെ കരങ്ങൾ നീട്ടിക്കൊടുത്തു. അപ്പോൾ

"സുതനാമുണ്ണിപ്പൈതൽ ശിശുബാഹുക്കൾനീട്ടി
സ്വതനുത്രാതതാതൻ കൈകളിലെഴുന്നള്ളി"

(വരി 125-126)

ഔദാര്യമനോഭാവത്തിൽ ദൈവത്തെ അതിശയിക്കുവാൻ മനുഷ്യന് സാധിക്കുകയില്ല. മാർ യൗസേപ്പ് തന്റെ കരങ്ങൾ നീട്ടിയപ്പോൾ ഉണ്ണിപ്പൈതൽ തന്റെ ബാഹുക്കൾ നീട്ടി അദ്ദേഹത്തിന്റെ കൈകളിൽ എഴുന്നുള്ളുകയായി. 'സ്വതനുത്രാതതാതൻ' എന്ന പ്രയോഗത്തിന്റെ അർത്ഥം തന്റെ ശരീരം രക്ഷിക്കുന്ന താതൻ അഥവാ വളർത്തുപിതാവ് എന്നത്രേ. മാർ യൗസേപ്പിനെ തന്നെ സംരക്ഷിക്കുവാനും പരിപാലിക്കുവാനും ദൈവകുമാരൻ അനുവദിച്ചു. എളിമയുള്ളവന്റെ അരികിലേക്ക് കൈകൾനീട്ടി എഴുന്നള്ളുവാൻ അവതീർണ്ണനായ ദൈവകുമാരന് തത്രപ്പാടാണ്. അദ്ദേഹം താതനും താൻ തനയനുമാണെന്ന ഭാവമായിരുന്നു നാഥനുണ്ണിക്ക് (വരി 131).

6.4.4.4. ക്രിസ്റ്റോഫർ ,

"സൂര്യനെ സൂക്ഷിച്ചൊരു താമരപുഷ്പംപോലെ
സൂര്യനാഥനാംപ്പൈതൽ പാദത്തെ മുത്തം ചെയ്തു
ഏറ്റിതൻ ചെന്നിയതിൽ കമലതിരുപ്പാദം
ഏറ്റവും സ്നേഹത്താലേ സുന്ദരകരങ്ങളും"

വരി 127-130)

യോഗ്യഹീനനെന്ന് സ്വയം വിശേഷിപ്പിക്കുന്നവൻ ദിവ്യപാദം ചുംബിച്ചു; തൃപ്പാദവും സുന്ദരകരങ്ങളും തന്റെ നെറ്റിയിലേറ്റി. ഉണ്ണിയെ സൂര്യന്റെയും അതിനാഥനായി ചിത്രീകരിച്ചിരിക്കുന്നു. "സൂര്യനെ സൂക്ഷിച്ചൊരു താമരപുഷ്പംപോലെ" : വൃത്താകൃതിയിലുള്ള ഇലകളും അനേകം ഇതളുകളുള്ള മനോഹരമായ പുഷ്പമാണല്ലോ താമര. ഭാരതീയ ചിന്തയിൽ വിഷ്ണുവിനെയും കൃഷ്ണനെയും രാമനെയും കുറിക്കുന്ന നിരവധി പദങ്ങൾ താമരയുടെ പര്യായങ്ങൾ ചേർന്നുണ്ടായവയാണ്. ബ്രഹ്മാവിന്റെ ആസ്ഥാനം വിഷ്ണുവിന്റെ നാഭിയിൽനിന്ന് ഉത്ഭവിച്ച താമരയിലത്രേ. അതുപോലെ താമരയിലാണ് ബ്രഹ്മാവ് ഉണ്ടായതും സ്ഥിതിചെയ്യുന്നതും. ലക്ഷ്മീദേവിയും സരസ്വതീദേവിയും പദ്മാസനസ്ഥർതന്നെ. ഇവിടെ മാർ യൗസേപ്പിനെ ചിത്രീകരിച്ചിരിക്കുന്നത് ഈശോയാകുന്ന സൂര്യനിലേക്ക് തിരിഞ്ഞിരിക്കുന്ന താമരപുഷ്പത്തോടാണ് (സൂര്യകാന്തി). ഉണ്ണീശോ സൂരിനാഥനാണല്ലോ. അവിടുത്തെ ആമോദപൂർവ്വം സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരുന്നവനാണ് മാർ യൗസേപ്പ്. ആ തിരുവദനത്തിൽ ദൃഷ്ടിയുറപ്പിച്ചിരുന്ന അദ്ദേഹം തൃപ്പാദത്തെ മുത്തം ചെയ്തു. അതിനുശേഷം പദ്മംപോലെയുള്ള ആ ദിവ്യപാദവും സുന്ദരകരങ്ങളും നെറ്റിയിൽ തൊടുവിച്ചു. ഇപ്രകാരം അവതീർണ്ണനായ തിരുക്കുമാരന്റെ കമലതിരുപ്പാദവും സുന്ദരകരങ്ങളും ഏറ്റവും സ്നേഹത്തോടെ നെറ്റിയിൽ വഹിക്കുന്നവനായിത്തീർന്നു. നെറ്റിയിലേറ്റിയവൻ മാത്രമല്ല ഹൃദയത്തിലും അവ സംവഹിക്കുന്ന ക്രിസ്റ്റോഫറായി പകർന്നു പുണ്യതാതൻ.

6.4.4.5. ദിവ്യാനന്ദധാര

ഉണ്ണിയുടെ പ്രതികരണമെന്തായിരുന്നുവെന്നോ? സന്തോഷപൂർവ്വം ആ തിരുച്ചുണ്ടുകൾ പുഞ്ചിരിയാൽ വിടർത്തി, വത്സലതാതന്റെ സന്നിധിയിലെന്നപോലെ (വരി 131-132). പ്രസാദവും സ്നേഹവും നിറഞ്ഞ ആ തൂമന്ദഹാസം തനിക്കു ലഭിച്ച ഏറ്റവും വലിയ സമ്മാനമായി കരുതി മാമുനീന്ദ്രൻ. പുഞ്ചിരി

"കണ്ടൊരു പിതാവുടൻ സന്തോഷത്തിനാലശ്രു
രണ്ടുകണ്ണുകൾ നിറഞ്ഞൊഴുകി നദിയഥാ"

(വരി 133-134).

മാർ യൗസേപ്പിന് ഹൃദയത്തിൽ നിറഞ്ഞുനിന്ന സന്തോഷത്തെ അടക്കിനിർത്താനായില്ല. ആ കണ്ണുകൾ പെയ്തൊഴുകി. ജീവജലത്തിന്റെ അരുവികൾ പുറത്തേക്കു പ്രവഹിച്ചു (യോഹ 7:38). തിരുസന്നിധി

യിൽ സർവ്വവും മറന്ന് സന്തോഷാശ്രുക്കൾ ഒഴുക്കിക്കൊണ്ടിരിക്കുക ഒരു മിസ്റ്റിക്കൽ ദാനമാണ്. പ്രിയ മക്കളേ ആ മഹാനുഗ്രഹം എളിയവനായ എനിക്കും ദൈവം നല്കുകയുണ്ടായി. ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ പരവശനായി കണ്ണീരൊഴുക്കിക്കൊണ്ട് ധ്യാനസമയം മുഴുവൻ ഞാൻ ചിലവഴിച്ചിരുന്ന കാര്യം പലപ്രാവശ്യവും എടുത്തുപറഞ്ഞിട്ടുണ്ടല്ലോ. യൗസേപ്പുപിതാവ് തന്റെ പുത്രനായ എനിക്ക് നൽകിയ ഭാഗ്യമാണത്. പ്രിയപ്പെട്ടവരേ നിങ്ങളും ആ സിദ്ധി ലഭിക്കുവാൻ ആത്മാർത്ഥമായി യത്നിക്കുവിൻ.

6.5. സല്ലാപചിന്ത III: എന്റെ ആത്മാലാപം

6.5.1. എന്റെ പ്രതികരണം

ബെത്ലെഹേമിലെ കാലിത്തൊഴുത്തിൽ അരങ്ങേറിയ സംഭവങ്ങളോരോന്നും ഭക്ത്യാദരവോടും സന്തോഷത്തോടുംകൂടെ വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു ഞാൻ. ദിവ്യഉണ്ണി തന്റെ ശിശുബാഹുക്കൾ മാർ യൗസേപ്പിന് നീട്ടിക്കൊടുക്കുന്നതും തിരുച്ചുണ്ടുകളാൽ മോദമാർന്ന പുഞ്ചിരി പൊഴിക്കുന്നതുമായ രംഗത്തെത്തിയപ്പോൾ എനിക്ക് സ്വയം നിയന്ത്രിക്കാനായില്ല. അതുവരെ മിസ്റ്റിക്കലായ ദിവ്യമൗനത്താൽ എന്റെ അധരം മുദ്രിതമായിരുന്നു. ഇപ്പോഴിതാ ആ മുദ്ര ഞാൻ അടർത്തിക്കളഞ്ഞു. അമ്മയ്ക്കും വളർത്തുതാതനും ഉണ്ണീശോ നൽകിയ സമ്മാനങ്ങൾ എനിക്കും ലഭിക്കണം. അതിനുള്ള ഉപാധി അവിടുത്തോട് കരഞ്ഞപേക്ഷിക്കുക മാത്രമാണ്.

6.5.2. "നയനാൽ പാർത്തീടേണം"

"നായകാ, സർവ്വേശ്വരാ, നരരക്ഷകാ, നാഥാ
നയനാൽ പാർത്തീടേണം പാപിയാമടിയനെ"
(വരി 141-142).

ദിവ്യഉണ്ണിയെ ഞാൻ അഭിസംബോധന ചെയ്യുകയായി. അവിടുന്ന് എന്റെ നായകനും സർവ്വേശ്വരനും നരരക്ഷകനും നാഥനുമാണ്. പതിതരിൽ പതിതനായി കാലിത്തൊഴുത്തിൽ ശയിക്കുന്ന ശിശുവാണ് എന്റെ സർവ്വാധീശൻ, നായകൻ, നാഥൻ, സർവ്വേശ്വരൻ. മനുഷ്യരക്ഷകനാണ് സ്വയം ശൂന്യവത്ക്കരിച്ച് (ഫീലി 2:9) അഗതിയുടെ രൂപം സ്വീകരിച്ചിരിക്കുന്നവൻ. വിശ്വാസത്തിന്റെ കണ്ണുകൾക്കൊണ്ടാണ് ഞാൻ എല്ലാം വീക്ഷിച്ചത്. എന്നെപ്പോലെ നിങ്ങളും നസ്രായക്കാരനായ ഈശോയിൽ നിങ്ങളുടെ നായകനെയും സർവ്വേശ്വരനെയും

രക്ഷകനെയും നാഥനെയും കണ്ടെത്തണം. അത്തരം സംജ്ഞകളാൽ അവിടുത്തെ അഭിസംബോധന ചെയ്യണം. മനുഷ്യപുത്രൻ ദൈവതനയനാണെന്ന സത്യം ലോകമെങ്ങും പ്രഘോഷിക്കുവാൻ നിയോഗിതനാണ് സി.എം.ഐ/സി.എം.സി തനയർ.

"നയനാൽ പാർത്തീടേണം പാപിയാമടിയനെ": ദേവാലയത്തിൽ പ്രാർത്ഥിക്കുവാൻ ചെന്ന ചുങ്കക്കാരൻ ദൂരെനിന്ന് സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തുവാൻപോലും തുനിയാതെ മാറത്തടിച്ചുകൊണ്ട് 'ദൈവമേ, പാപിയായ എന്നിൽ കനിയണമേ'എന്ന് പ്രാർത്ഥിച്ചതിന്റെ (ലൂക്കാ 18:13-14) പുത്തൻ ഭാഷ്യമായിരുന്നു എന്റേത്. അയാൾ പാപിയായിരുന്നു. അക്കാര്യം ഏറ്റുപറഞ്ഞുകൊണ്ട് കരുണയ്ക്കായി കേണപേക്ഷിച്ചു. ജ്ഞാനസ്നാനത്തിൽ ലഭിച്ച വര പ്രസാദം ഒരിക്കലും നഷ്ടപ്പെടാതിരുന്നവനാണ് ഞാൻ. എന്നിട്ടും പാപിയായ അടിയനെന്നാണ് സ്വയം വിശേഷിപ്പിച്ചത്. പാപി മാത്രമല്ല അടിമയും കൂടിയാണ് ഈയുള്ളവൻ. തന്നിൽത്തന്നെ ഗതിയില്ലാത്തവൻ. ഗതിനൽകുന്നവനെ അള്ളിപ്പിടിക്കുന്നവൻ. ഈ 'അകൃത പുഴു'വിനെ അങ്ങ് "നയനാൽ പാർത്തീടേണം." ഉണ്ണീശോയേ, അങ്ങ് അമ്മയെയും മാർ യൗസേപ്പിനെയും തൃക്കൺ പാർത്തു. കാരണം അവർ പരിശുദ്ധരും അങ്ങേ പ്രീതിപാത്രങ്ങളുമായിരുന്നു. താതന്റെ തനയനെന്നവണ്ണം അങ്ങ് വളർത്തുപിതാവിനോട് പെരുമാറി. അമ്മയിൽ മകനടുത്ത സ്നേഹവും സന്തോഷവും വർഷിച്ചു. എന്നാൽ ഇവിടെ പാപിയായ അടിയൻ, അഗതിമാത്രം. അങ്ങയുടെ പക്കലേക്കു കണ്ണുകളുയർത്തുവാൻ യോഗ്യനല്ലാത്തവൻ. "ദാവീദിന്റെ പുത്രാ കനിയണമേ" (മർക്കോ 10:47) എന്ന് നിലവിളിക്കുവാൻമാത്രം കഴിയുന്നവൻ. ഒന്നുമില്ലാത്തവൻ, ഒന്നുമല്ലാത്തവൻ.

"നായകാ, സർവ്വേശ്വരാ, നരരക്ഷകാ നാഥാ
നയനാൽ പാർത്തീടേണം പാപിയാമടിയനെ"

പാപിയും അടിയനും അഗതിയുമായ ഈയുള്ളവൻ നരരക്ഷകനായവനെ വിളിച്ചപേക്ഷിക്കുക യുക്തമല്ലേ? പാപികളെ രക്ഷിക്കുവാൻ വേണ്ടിയാണല്ലോ അവിടുന്ന് ഭൂമിയിൽ അവതീർണ്ണനായത്. നായകനും സർവ്വേശ്വരനും നാഥനുമായവന് വെറും 'കൃമി'യായവനോട് കരുണ കാണിക്കുവാനും ക്ഷമിക്കുവാനും ദയാപൂർവ്വം വർത്തിക്കുവാനും കഴിയുമല്ലോ. പ്രിയപ്പെട്ടവരേ, എന്റെ ഈ ആത്മാലാപം നിങ്ങളുടേതാക്കിത്തീർക്കുവിൻ. അപ്പോൾ നായകനും സർവ്വേശ്വരനും നരരക്ഷകനും നാഥനുമായവൻ നിങ്ങളെയും നയനാൽ

പാർക്കും, നിശ്ചയം. ജെറീക്കോയിലെ കുരുടൻ ഉച്ചത്തിൽ വിളിച്ച പേക്ഷിച്ചപ്പോൾ കരുണാമയന് മുന്നോട്ടുപോകുവാൻ കഴിഞ്ഞില്ല. അയാളെ അടുക്കൽ വിളിച്ച് സൗഖ്യം നൽകി. "നയനാൽ പാർത്തീടണം" എന്ന യാചന ചെവിക്കൊള്ളാതിരിക്കാൻ നരരക്ഷകന് കഴിയുകയില്ലല്ലോ.

6.5.3. അങ്ങും ഞാനും

അങ്ങാര്? ഞാനാര്? അങ്ങ് "നിഖിലപതിനീയേ, നിഷ്ക്കളങ്കൻ, നിർമ്മലൻ" (വരി 143). ഞാൻ "നിർഗുണപാപിയഹം ദുർബ്ബലൻ, തവദാസൻ" (വരി 144). അങ്ങ് എല്ലാം ചേർന്ന പൂർണ്ണമായ ഉടമ (നിഖിലപതി). കളങ്കം ലവലേശമില്ലാത്തവൻ; തിന്മ തീണ്ടാത്തവൻ, ദ്വൈതഭാവമില്ലാത്തവൻ (നിഷ്ക്കളങ്കൻ). അതോടൊപ്പം പരിശുദ്ധിയുടെ ഉറവിടവും നിറകുടവും, ശ്രോതസ്സും അക്ഷയപാത്രവും (നിർമ്മലൻ).

ഞാനോ നിർഗുണപാപിയും ദുർബ്ബലനുമത്രേ. പവിത്രതയും അശുദ്ധിയും തമ്മിൽ സമ്പർക്കമുണ്ടാകുക അസാധ്യമാണല്ലോ. പരമപരിശുദ്ധന്റെ സവിധത്തിൽ അശുദ്ധയുടെ ആകാരമായ എനിക്ക് എങ്ങനെ നിലകൊള്ളാനാകും? ഏശയ്യാപ്രവാചകന്റെ പരിദേവനം ഞാൻ എന്റേതാക്കിത്തീർക്കുകയാണ്. "ഹാ എനിക്കു ദുരിതം! ഞാൻ നശിച്ചിരിക്കുന്നു! കാരണം ഞാൻ അശുദ്ധമായ അധരങ്ങളുള്ളവനും അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ വസിക്കുന്നവനുമാണ്" (ഏശ 6:5). ദുർബ്ബലതയാണ് എന്റെ സവിശേഷത. അങ്ങോ നിഖിലപതി, ബലപൂർണ്ണൻ, സർവ്വശക്തൻ.

ഈ സനാതനസത്യം ഏറ്റുപറഞ്ഞിട്ടും ഞാൻ നൈരാശ്യത്തിൽ നിപതിച്ചില്ല. നിഷേധാത്മകഗുണങ്ങളാണ് എനിക്കുള്ളതെന്ന കാര്യം എന്നെ നഷ്ടധൈര്യനാക്കിയില്ല. ഞാൻ "തവദാസനാണ്." അതത്രെ സർഗ്ഗാത്മകമായ എന്റെ സവിശേഷത. ബൈബിളിൽ *എബെദ്* എന്ന സംജ്ഞക്ക് ധനാത്മകമായ അർത്ഥതലമാണുള്ളത്. നാഥനുമായി അഭേദ്യബന്ധമുള്ളവനാണ് അവൻ. യജമാനന്റെ അടിയിൽ നിൽക്കുന്ന അടിയാൻ. അവനെ നാഥൻ കൈവെടിയുകയോ തള്ളിക്കളയുകയോ ചെയ്യുകയില്ല. കാത്തുരക്ഷിക്കും. ഈ തീർച്ചയിലും മൂർച്ചയിലും ശരണം ഗമിക്കുകയായിരുന്നു ഈ 'കുറയപ്പെട്ടവൻ!' (*മാന്നാനം നാളാഗമം* I, പേജ് 15).

6.5.4. സന്താപവും ശരണവും

"നിന്നുടെ മഹത്ത്വും സകലഗുണങ്ങളും

ഇന്നുഞാൻ നിനയ്ക്കുമ്പോൾ ക്ലേശിച്ചു ദുഃഖിക്കുന്നേൻ"
എന്നുടെ പിതാവുനീ സൃഷ്ടിനാഥനും നീയേ
എങ്കിലും മമപാപം നിനച്ചീടുമ്പോളയ്യോ
എങ്ങനെ തിരുമുൻപിലണഞ്ഞീടുന്നിതഹം?"
(വരി 145-150).

വീണ്ടും ദൈവനന്ദനന്റെ അഭൗമിക സിദ്ധികളെക്കുറിച്ചുള്ള പരിചിന്തനത്തിൽ ഏർപ്പെടുകയായി ഞാൻ. അവിടുത്തെ മഹത്ത്വവും സ്വർഗ്ഗീയ സവിശേഷതകളും ഓർത്തപ്പോൾ ക്ലേശവും ദുഃഖവും എന്നിൽ നിറഞ്ഞു. കാരണം അവിടുന്ന് മഹത്ത്വത്തിന്റെ നാഥനും പരിപൂർണ്ണതയുടെ നികേതനവുമാണ്. തിരുസന്നിധിയിൽ നിർഗുണപാപിയും ദുർബ്ബലനുമായവന് നിലകൊള്ളാനാകുമോ?

ഈ നിഷേധാത്മകമായ ചിന്ത എന്നിൽ അധികനേരം നീണ്ടുനിന്നില്ല. കാര്യമൊക്കെ ശരിയാണെങ്കിലും അവിടുന്ന് എന്റെ പിതാവത്രേ; സൃഷ്ടിനാഥനുമാണ്. ഒരു അപ്പന് മക്കളെ വെറുക്കുവാനാകുമോ? സ്രഷ്ടാവിന് സൃഷ്ടികളെ മറക്കുവാനോ തള്ളിക്കളയുവാനോ കഴിയുമോ? സ്നേഹത്തിന്റെ കേദാരമാണ് കർത്താവ്. ആ ഗുണം മാറ്റമില്ലാത്തതത്രേ. "സ്നേഹം ദൈവത്തിൽനിന്നാണ്... ദൈവം സ്നേഹമാകുന്നു... ദൈവത്തിന്റെ സ്നേഹം നമ്മിൽ പ്രകടമായിരിക്കുന്നു... അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി തന്റെ പുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം" (1 യോഹ 4:7-10). ഈ സാനതനസത്യമാണ് "നിന്നുടെ സ്നേഹഗുണമാറ്റമില്ലെന്നുസിദ്ധം" എന്ന വാക്കുകളാൽ ഞാൻ തറപ്പിച്ചു പറഞ്ഞത്. പാപിയായ എന്റെ പാപങ്ങൾക്കു പരിഹാരമായാണല്ലോ സ്നേഹനിധിയായ ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത്.

ദൈവം മാറ്റമില്ലാത്ത സ്നേഹഗുണമുള്ളവനാണെന്ന പ്രത്യാശ എന്നെ ആശ്വസിപ്പിച്ചെങ്കിലും എന്നിലുള്ള തിന്മയുടെ പാപത്തെ എനിക്കു മറക്കുവാനാകുമോ?

"എങ്കിലും മമപാപം നിനച്ചീടുമ്പോളയ്യോ
എങ്ങനെ തിരുമുൻപിലണഞ്ഞീടുന്നിതഹം?"

വീണ്ടും എന്നിൽ ക്ലേശവും സന്താപവും നിറയുകയായി. പാപമയനായ എനിക്ക് പവിത്രതയുടെ നികേതനമായവന്റെ തിരുമുൻപിൽ അണയുവാൻ എങ്ങനെ കഴിയും? എന്നിൽ രണ്ടു വ്യത്യസ്ത വികാരങ്ങൾ തമ്മിലുള്ള സംഘർഷം നടക്കുകയായിരുന്നു. റബ്ബേക്കയുടെ

ഉദരത്തിൽ യാക്കോബും ഏശാവും തമ്മിൽ മൽപ്പിടുത്തത്തിൽ ഏർപ്പെട്ടതിനോട് അതിനെ ഉപമിക്കാം (ഉത്പ 25:22-23). ഹൊസെയാ പ്രവാചകൻ ദൈവത്തിന്റെ അന്തരംഗത്തിൽ അരങ്ങേറിയ നീതിയും കാരുണ്യവും തമ്മിലുള്ള സംഘട്ടനത്തെ വികാരാത്മകമായി വർണ്ണിച്ചിട്ടുണ്ടല്ലോ (ഹൊസെ 11:8-9). അതിനു സമാനമായ ഹൃദയവേദന യാണ് എനിക്കനുഭവപ്പെട്ടത്.

"പാർക്കുവാൻ യോഗ്യനല്ല സൂക്ഷിപ്പാൻ വശമില്ല" (വരി 151).

ദിവ്യഉണ്ണിയെ കണ്ടുകൊണ്ടിരിക്കുവാൻ യോഗ്യതയില്ലാത്തവനാണ് ഞാൻ. സസൂക്ഷ്മം വീക്ഷിക്കാനും കഴിവില്ല എനിക്ക്. കാര്യം ശരിയാണ്. പക്ഷേ "പേർത്തുഞാനെവിടത്തിൽ പോകുന്നു ദയാനിധേ" (വരി 152). എന്നാൽ വേർപെടുത്തുന്നതിനെ കുറിക്കുന്നതാണ് പേർക്കുക എന്ന സംജ്ഞ. അങ്ങയിൽനിന്ന് വേർപെട്ട് എനിക്ക് എവിടെ പോകാനാകും? തന്റെ ശരീരം ഭക്ഷിക്കാനും രക്തം പാനം ചെയ്യുവാനും ഈശോനാഥൻ പ്രബോധിപ്പിച്ചപ്പോൾ അവിടുത്തെ ശിഷ്യരിൽ പലരും പറഞ്ഞു, 'ഈ വചനം കഠിനമാണ്; ഇതു കേൾക്കുമ്പോൾ ആർക്കു കഴിയും?' തുടർന്ന് ശിഷ്യരിൽ വളരെപ്പേർ അവിടുത്തെ ഉപേക്ഷിച്ചുപോയി. (യോഹ 6:60-68). അപ്പോൾ കർത്താവ് പന്ത്രണ്ടു ശ്ലീഹന്മാരെ വെല്ലുവിളിച്ചു, "നിങ്ങൾക്കും പോകാനാഗ്രഹമുണ്ടോ?" ശിമയോൻ പത്രോസ് മറുപടി പറഞ്ഞു: "കർത്താവേ, ഞങ്ങൾ ആരുടെ പക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ അങ്ങയുടെ പക്കൽ ഉണ്ടല്ലോ" (വാക്യം 67-69). ഇവിടെ 'നിനക്കും പോകണമെന്നുണ്ടോ' എന്ന് ഈശോ ചോദിച്ചതിനുള്ള മറുപടിയായിരുന്നില്ല എന്റേത്. തിരുസന്നിധിയിൽ പാർക്കുവാനോ തന്നെ ഒന്നു നോക്കുവാനോ എനിക്ക് യോഗ്യതയില്ലെന്ന് ഏറ്റുപറഞ്ഞശേഷം ദയാനിധിയായ അവിടുത്തോട് ഞാൻ ചോദിക്കുകയാണ്, "പേർത്തുഞാനെവിടത്തിൽ പോകുന്നു, ദയാനിധേ?" എനിക്ക് പോകാൻ ഒരിടവുമില്ല. അങ്ങാണ് എന്റെ ഏക സങ്കേതസ്ഥലം; അങ്ങു മാത്രമാണ് എന്റെ അഭയകേന്ദ്രം; മറ്റൊരിടവുമില്ല, ഗതിയുമില്ല. പത്രോസ്ശ്ലീഹാക്ക് പോകാൻ കഴിയാത്തത് ദിവ്യവചസ്സുകൾ വേറൊരിടത്തും ലഭിക്കുകയില്ലല്ലോ എന്ന വിചാരം കൊണ്ടായിരുന്നു. അല്ലാതെ താൻ അയോഗ്യനാണെന്ന ചിന്ത അദ്ദേഹത്തിനുണ്ടായിരുന്നില്ല. സുവിശേഷഭാഗത്തേക്കാൾ സമുന്നതമായ വീക്ഷണം നിങ്ങൾക്കിവിടെ കാണാനാകും. ഒന്നിനും എനിക്ക് വേറൊരിടമില്ല. പക്ഷേ മുഖമു

യർത്തി ഒന്നു നോക്കുവാൻ സാധ്യമല്ല; സന്നിധിയിൽ വസിക്കാനും യോഗ്യതയില്ല. ധർമ്മസങ്കടത്തിലമർന്നു ഈ വശഹീനൻ. തിരുക്കുടുംബസന്നിധിയിൽ പാർക്കുവാനാണ് തീവ്രാഭിലാഷം. പക്ഷേ യോഗ്യതയില്ലെന്ന വിചാരത്താൽ ക്ലേശിക്കുകയും ദുഃഖിക്കുകയുമാണ്. അനുതാപം കരകവിഞ്ഞൊഴുകുന്നു. അതോടൊപ്പം തിരുമുഖം കാണാനുള്ള ഉൽക്കടവും ആത്മാവിഷ്ക്കാരപരവുമായ വികാരമൂർച്ച അനുഭവിക്കുന്നു. സങ്കീ 42, 84 എന്നിവയിലെ ജീവിക്കുന്ന ദൈവത്തെ കാണുവാനുള്ള ആത്മാവിന്റെ തളർച്ചയോടും എന്റെ അഭിവാഞ്ഛയെ താരതമ്യപ്പെടുത്താം. ദയാനിധിയായ അങ്ങ് എന്നെ തള്ളിക്കളയരുതേ. എനിക്ക് അർഹതയില്ലാത്ത അങ്ങയുടെ ദയയിൽ ശരണപ്പെട്ടുകൊണ്ട് വീണ്ടും പാർത്തുസൂക്ഷിക്കാൻ ഞാൻ സന്നിധിയണയട്ടെ.

6.5.5. മിസ്റ്റിക്കലായ ഭാഷ്യം

തുടർന്ന് ദിവ്യാരൂപിയാൽ പ്രചോദിതനായി ഒരു മിസ്റ്റിക്കൽ അനുഭൂതിവിശേഷത്തോടെ ഞാൻ ദിവ്യഉണ്ണിയെ വർണ്ണിക്കുകയാണ്.

"നിന്നുടെ തിരുമേനി, സുന്ദരതിരുമുഖം
മിന്നുന്ന നയനങ്ങൾ ശോഭിതതിരുനാസി
ചുവന്നോരധരങ്ങൾ ശംഖുവൽദന്തങ്ങളും
ചുണ്ടിൽനിന്നൊഴുകുന്ന തേൻതുള്ളി സ്വരങ്ങളും
പാർക്കുവാൻ കൊതിക്കുന്നു, കേൾക്കുവാനാശിക്കുന്നു
പാർത്തുസൂക്ഷിപ്പാൻ നേത്രം യോഗ്യമല്ലയ്യോ നാഥാ
സ്നേഹാഗ്നി നീയെന്നതും നീ എന്നുടെ ദയാനിധി
ദാഹിച്ചു കൊതിക്കുന്നേൻ മേപാപം തടവിതോ!"

(വരി 153-160)

മനുഷ്യനായി മന്നിലവതരിച്ചവൻ സൗന്ദര്യധാമമാണ്. സുന്ദരമാണ് ആ തിരുമുഖം; നയനങ്ങൾ മിന്നിക്കൊണ്ടിരിക്കുന്നു. തിരുനാസിക ശോഭിതമത്രേ. അധരങ്ങളോ ചുവന്നുതുടിച്ചതും. ദന്തങ്ങൾ ശംഖുപോലെയുള്ളത്. ചുണ്ടിൽ നിന്നൊഴുകുന്നത് തേൻതുള്ളിസ്വരങ്ങൾ. അവിടുന്ന് സ്നേഹാഗ്നി തന്നെയാണ്. ഉത്തമഗീതത്തിന്റെ ഭാഷ നിങ്ങൾക്കിവിടെ കാണാനാകും.

- തിരുമേനി 5:14,15
- സുന്ദരതിരുമുഖം 2:14; 5:13
- മിന്നുന്ന നയനങ്ങൾ 1:15; 5:12

- ശോഭിതതിരുനാസി 7:4
- ചുവന്നോരധരങ്ങൾ 4:3; 5:13
- ശംഖുവൽദന്തങ്ങൾ 4:2
- തേൻതുള്ളി സ്വരങ്ങൾ 2:14; 4:3; 5:16
- സ്നേഹാഗ്നി 8:6 (ദൈവത്തെ ദഹിപ്പിക്കുന്ന അഗ്നിയെന്നാണ് നിയമാ 4:24 ൽ വർണ്ണിച്ചിരിക്കുക).

ദൈവകുമാരന് ഞാൻ നൽകിയിരിക്കുന്ന സംജ്ഞകൾ രൂപകാലങ്കാരത്തിലാണ്; ഉപമയിലല്ല ('പോലെ' എന്നല്ല വിശേഷിപ്പിച്ചിരിക്കുക). പ്രിയപ്പെട്ടവരേ, രൂപകത്തിന്റെ ലോകത്തിൽ വ്യാപരിച്ചാലേ നിങ്ങൾക്ക് എന്റെ മക്കളെന്ന് അവകാശപ്പെടുവാൻ കഴിയുകയുള്ളൂ. നിങ്ങളും പാർക്കുവാൻ കൊതിക്കണം; കേൾക്കുവാനാശിക്കണം (വരി 157). *ആത്മാനുതാപം* മൂന്നാം പാദത്തിലെ "കാണാകേണം" എന്ന ഈരടികൾ ഹൃദിസ്ഥമാക്കി നിരന്തരം ഉരുവിട്ടുകൊണ്ടിരിക്കുവിൻ. കൊതി മാത്രമേ നിങ്ങൾക്കുണ്ടാകാവൂ; ദിവ്യസ്വരം കേൾക്കുവാനുള്ള ആശ മാത്രമേ നിങ്ങളിൽ നിറഞ്ഞു നിൽക്കാവൂ. എന്നെപ്പോലെ ഈശോയുടെ സൗന്ദര്യദർശനത്തിനുള്ള കൊതി നിങ്ങളിൽ ആരംഭിക്കുമ്പോൾ ധന്യരുടെ പട്ടികയിലേക്ക് നിങ്ങളും ഉയരും; പിതാവായ എന്റെ മക്കളാകും. ഉണ്ണീശോ നിങ്ങളെയും കടാക്ഷിക്കും; തഴുകുവാൻ തയ്യാറാകും.

6.5.6. .തൃക്കടാക്ഷം

പൗലോസ്ശ്ലീഹാ പറയുന്നതുപോലെ പ്രപഞ്ചവും സമസ്ത സൃഷ്ടങ്ങളും ആത്മാവിന്റെ ആദ്യഫലങ്ങളായ മാനവരും ഒന്നു ചേർന്ന് നെടുവീർപ്പിടുകയും കണ്ണീരൊഴുക്കുകയും കേണപേക്ഷിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം (റോമാ 8:22-23) എനിക്കും അനുഭവപ്പെട്ടു. "പാർത്തുസൂക്ഷിപ്പാൻ നേത്രം യോഗ്യമല്ലയ്യോ നാഥാ" (വരി 158) "നീർച്ചാൽതേടുന്ന മാൻപേടയെപ്പോലെ.... എന്റെ ഹൃദയം ദൈവത്തിനുവേണ്ടി, ജീവിക്കുന്ന ദൈവത്തിനുവേണ്ടി ദാഹിച്ചു" (സങ്കീ 42:1-2). ആ ദാഹം കൊതിയായി രൂപാന്തരപ്പെട്ടു (വരി 160). എനിക്ക് അവതരിച്ച ദിവ്യകുമാരനെ അമ്മയെയും മാർ യൗസേപ്പിനെയുംപോലെ സസൂക്ഷ്മം സ്നേഹപൂർവ്വം, അരുമയോടെ, വാത്സല്യാധിക്യത്തോടെ, ആവേശനിർഭരനായി വീക്ഷിക്കണം. പക്ഷേ, ആത്മസാക്ഷാത്കാരത്തിന് "മേ പാപം തടവിതോ!" (വരി 160). "ഹാ എനിക്കു ദിരിത"മെന്ന് ഏശയ്യാ പ്രവാചകനെപ്പോലെ വിലപിക്കുകയായി ഞാൻ (ഏശ 6:5). കാരണം എന്റെ കണ്ണ് മലിന

മാണ്. നിർമ്മലമല്ലാത്ത കണ്ണുകളുള്ളവരുടെ ഇടയിലാണ് ഞാൻ വസിക്കുന്നത്. ഒരു വശത്ത് പാർക്കുവാനുള്ള കൊതിയും കേൾക്കുവാനുള്ള ആശയും, മറുവശത്ത് "മേ പാപം തടവിതോ." ദൈവം ദയാനിധിയാണ്. അതിലുപരി സ്നേഹാഗ്നിയും. ആ സ്നേഹാഗ്നിയിൽ മനുഷ്യനിലുള്ള സ്നേഹത്തിന്റേതല്ലാത്തതായ അംഗങ്ങളെല്ലാം ദഹിച്ചു പോകുമല്ലോ. അതുകൊണ്ട് എന്റെ പാപങ്ങൾക്ക് തടസ്സം സൃഷ്ടിക്കുവാൻ കഴിയുകയില്ല, നിശ്ചയം. ആ എന്റെ അഭിലാഷം കൊതിക്കലാകുകയാണ്; ദാഹിക്കലാകുകയാണ്.

ഈ വിഷമസന്ധി ദിവ്യഉണ്ണി മനസ്സിലാക്കിയെന്നു തോന്നുന്നു. ആ കണ്ണിലേക്കൊന്നു ഞാൻ സൂക്ഷിച്ചുനോക്കി.

"എങ്കിലും സർവ്വേശരാ നിന്നുടെ തിരുക്കൺകൾ
ശങ്കയെ നീക്കീടുന്നു എന്നു ഞാൻ സ്മരിക്കുന്നു
ശോഭിതതിരുമുഖം നോക്കുന്ന നേരത്തിങ്കൽ
ശിക്ഷിപ്പാനല്ല ചക്ഷുസ്സുതിനെ പാർക്കുമ്പോൾ
രക്ഷിപ്പാൻ വന്നേനെന്നുകാട്ടുന്നുകടാക്ഷത്താൽ"
(വരി 161-166).

ഇതാ ഈശോയുടെ തൃക്കണ്ണുകൾ എന്നിൽ പതിഞ്ഞിരിക്കുന്നു. അമ്മയ്ക്കും മാർ യൗസേപ്പിനുംശേഷം അവ എന്നിലേക്ക് തിരിഞ്ഞിരിക്കയാണ്. ആ തിരുമുഖം ശോഭിതമത്രേ. അതിൽ സ്നേഹമാണല്ലോ ശോഭിച്ചു വിളങ്ങുന്നത്. താപത്തിനും ശിക്ഷയ്ക്കും അവിടെ സ്ഥാനമില്ല. ആ നയനങ്ങൾ എന്നെ കടാക്ഷിക്കുന്നു. രക്ഷിക്കാനാണ് താൻ വന്നിരിക്കുന്നതെന്ന് വിളിച്ചോതുന്നവിധം കണ്ണുകൾകൊണ്ട് ദിവ്യഉണ്ണി എന്നെ കടാക്ഷിക്കുകയാണ്.

6.5.7. തഴുകുന്ന സുന്ദരകരങ്ങൾ

വീണ്ടും ഞാൻ സൂക്ഷിച്ചുനോക്കിയപ്പോൾ കണ്ടതെന്തെന്നോ?

"നീട്ടുന്ന കൃശബാഹു നോക്കുന്ന നേരത്തിങ്കൽ
കാട്ടുന്നു വാഴ്വു മോദാൽ തഴുകുവാനുമിച്ഛ
കമലതിരുപ്പാദം കാണുന്ന നേരത്തിങ്കൽ
സകലപാപികളെ നേടുവാനോടും വണ്ണം"
(വരി 167-170).

ഇതാ ദിവ്യഉണ്ണി തന്റെ കൊച്ചുകരങ്ങൾ എന്റെ നേരെ നീട്ടിയിരിക്കുന്നു. എന്നെ സ്നേഹപൂർവ്വം ആശീർവദിക്കുകയാണോ? കെട്ടിപ്പിടിച്ച് തഴുകുവാൻ ഇച്ഛിക്കുകയാണോ? ആ കമലമാകുന്ന തിരുപ്പാദങ്ങൾ കണ്ടപ്പോൾ ഭൂമുഖത്തുള്ള സമസ്തപാപികളെയും തേടു

വാൻ ഇപ്പോൾതന്നെ ഓടുകയാണോ എന്നെനിക്ക് തോന്നിപ്പോയി. നല്ല ഇടയനായ ഈശോയേ, ഞാൻ നഷ്ടപ്പെട്ട ഒരു അജമാണ്. എന്നെ അങ്ങ് കൈകൊണ്ടു രക്ഷിക്കണമേ (വരി 173-174).

"എന്നിതൊക്കെയും ദാസൻ പാർക്കുന്നേരത്തിങ്കൽ
നന്ദിഹീനനെന്നാലും ചേതസ്സി തണുക്കുന്നു"
(വരി 171-172)

ഇവയെല്ലാം ഞാൻ പാർക്കുമ്പോൾ, ജാഗ്രതയോടെ സസൂക്ഷ്മം, സമയമെടുത്ത്, സാവധാനം വീക്ഷിക്കുമ്പോൾ നന്ദിഹീനനാണെങ്കിലും, സമയമെടുത്ത്, സാവധാനം വീക്ഷിക്കുമ്പോൾ നന്ദിഹീനനാണെങ്കിലും എന്റെ മനസ്സ് കുളിർക്കുന്നു; ആത്മാവിന് പ്രശാന്തി ലഭിക്കുന്നു. തിരുഅവതാരവേളയിൽ വാനാരൂപികൾ ആശംസിച്ച ഷാലോം അഥവാ, ഐശ്വര്യം, ക്ഷേമം, കല്ല്യാണം എന്നിൽ നിറയുന്നു. മാർ യൗസേപ്പിനുണ്ടായ അനുഭവം, ഭൂമി തരളിതമായിത്തീർന്നതിന്റെ അനുഭൂതിയാൽ എന്റെ മനസ്സ് സ്വർഗ്ഗീയമായ കുളിർമ്മയിൽ ആറാടുകയായി. ദൈവപിതാവേ, അങ്ങെത്ര മഹോന്നതൻ! അവതീർണ്ണനായ സ്നേഹമേ, അങ്ങെത്ര ഔദാര്യവാൻ! കന്യകാമാതാവിൽ ആവസിച്ച ദിവ്യാത്മാവേ, സംസർഗ്ഗദായകനേ, അങ്ങെത്ര കാരുണ്യവാൻ! മാതാവിനെയും മാർ യൗസേപ്പിനെയും ശോഭിക്കുന്ന ചക്ഷുസ്സിനാൽ കടാക്ഷിച്ച ദിവ്യപൈതലേ അടിയനിതാ ആത്മനിർവൃതിയിൽ ലയിക്കുന്നു. എന്റെ ജന്മം സഫലമായിക്കഴിഞ്ഞു. ഉണ്ണിയെ കൈകളിലെടുക്കാൻ ഭാഗ്യം ലഭിച്ച ശിമയോനെപ്പോലെ ഞാനും പ്രഘോഷിക്കട്ടെ:"കർത്താവേ, അങ്ങയുടെ ദാസനെ ഇപ്പോൾ സമാധാനത്തിൽ വിട്ടയച്ചാലും! വിജാതീയർക്ക് വെളിവാകാനുള്ള പ്രകാശവും അങ്ങേ ജനമായ ഇസ്രായേലിനുള്ള മഹത്ത്വവുമായി സകല ജനതകളുടെയും മുമ്പിൽ അങ്ങഅങ്ങ് ഒരുക്കിയിരിക്കുന്ന അങ്ങയുടെ രക്ഷ ഇതാ എന്റെ നയനങ്ങൾ ദർശിച്ചിരിക്കുന്നു" (ലൂക്കാ 1:29-32).

6.6. സല്ലാപചിന്ത IV: മാതൃദർശനം

6.6.1. ആമുഖം

പ്രിയപ്പെട്ടവരേ, ദർശനസല്ലാപധ്യാനം മാതൃദർശനത്തോടെ അവസാനിപ്പിക്കുക അമലോത്ഭവകർമ്മലമാതാവിന്റെ മക്കളായ നമുക്ക് തികച്ചും ഉചിതമാണല്ലോ.

"നോവും കറയും കൂടാതെ പ്രസവിച്ച
ദൈവമാതാവേയും കാണാകേണം"
(*ആത്മാനുതാപം* III/23-24)

എന്ന് അഭിലഷിച്ചവനാണ് ഞാൻ. ഉത്ഥാനശേഷമുള്ള ദിവ്യജനനി യുടെ മഹത്ത്വപൂർണ്ണമായ ജീവിതത്തിലേക്ക് സ്വയം വിസ്മരിച്ച് പൂർണ്ണമായി തിരിഞ്ഞിരിക്കുവാൻ നിങ്ങളെ ഞാൻ ക്ഷണിക്കുന്നു. ആത്മാനുതാപം X-XII ന്റെയും അന്ത്യപാദത്തിന്റെയും ലോകത്തിൽ എന്നോടൊത്ത് നിങ്ങളും പ്രവേശിക്കുവിൻ. ധന്യമായ സി. മരിയ അഗ്രദായുടെ വെളിപാടുകളെ മുഖ്യമായും അടിസ്ഥാനമാക്കിയു ള്ളതാണ് ഈ സല്ലാപചിന്ത. ഇക്കാര്യം ഞാൻ അന്ത്യപാദത്തിൽ ഏറ്റുപറഞ്ഞിട്ടുണ്ട്:

> "മംഗലൻസുതനമ്മേ തോഷിപ്പാനായ് ചെയ്തു
> എന്നതിലിതുമുഖ്യം താൻതന്നെ മരിയാഗ്രദാ
> എന്നവൾക്കറിയിച്ചു നാം മൃത്യുക്കൈക്കൊണ്ടുതാൻ
> മന്നിലുള്ളവർക്കുള്ള മരണസമയത്തിൽ
> എന്നുടെ കടാക്ഷത്തെ പ്രാർത്ഥിക്കും ജനത്തിനായ്
> നൽമൃത്യു കൈക്കൊൾവാനായി തുണച്ചു സഹായിച്ചു"
> (വരി 25-30).

ആ ധന്യചരിതയ്ക്ക് ലഭിച്ച വെളിപാടുകൾ കർത്താവിന്റെ കടാക്ഷം ലഭിക്കുവാനും നല്ല മരണം കൈക്കൊൾവാനും ആഗ്രഹിക്കുന്ന വർക്കുള്ള സമ്മാനമായിരുന്നു. നാലു വാല്യങ്ങളായി ഇറ്റാലിയൻഭാ ഷയിൽ വിരചിതമായിരിക്കുന്ന ദൈവത്തിന്റെ നഗരം എന്ന ആ ധന്യ ചരിതയുടെ കൃതി വായിക്കുവാൻ വേണ്ടി ആ വിദേശഭാഷ ഞാൻ പഠിക്കുകയുണ്ടായി. അതിന് ഇടയാക്കിയ ദൈവം വാഴ്ത്തപ്പെട്ടവ നാകട്ടെ.

6.6.2. അമ്മയുടെ ലോകത്തിൽ

ആത്മാനുതാപം I-IX പാദങ്ങളിൽ ദൈവത്തിലേക്കും കർത്താവിലേക്കും തിരിഞ്ഞ് ആ ദിവ്യദർശനത്തിൽ എന്നിലേക്ക് വർത്തനം ചെയ്തുകൊണ്ട് കുറ്റങ്ങളെയും കുറവുകളെയുംകുറിച്ച് കണ്ണീരൊഴുക്കുന്ന എന്നെയാണ് നിങ്ങൾ ദർശിക്കുക. ഇപ്പോൾ എന്നിലേക്കു തിരിയുന്ന തലത്തിൽനിന്ന് ഞാൻ വിമുക്തനാക്കപ്പെ ടുന്നു. എല്ലാം മറന്ന് അമ്മയിലേക്കുമാത്രം തിരിഞ്ഞ് ആ ജീവിതരം ഗങ്ങൾ ഓരോന്നായി ആത്മനാ ദർശിച്ച് വിസ്മയിച്ചിരിക്കുവാൻ കർത്താവ് എന്നെ അനുഗ്രഹിച്ചു. അമ്മയും ഞാനും എന്ന ദ്വൈത ചിന്ത ഇല്ലാതായി. അഥവാ എന്നിൽ ദൈവമാതാവിന്റെ കഥമാത്രം കാണുവാൻ എന്നെ അനുഗ്രഹിച്ചു കാരുണ്യവാനായ ദൈവം. *ആത്മാനുതാപം* II/57-58 ൽ ഞാൻ ആലപിച്ചത് യഥാർത്ഥ്യ

മായിത്തീർന്നു.

"എന്നിതു സർവ്വേശ്വരാ, നിൻകരുണയിൻകടൽ
അന്തംകൂടാതെ ചിന്തിയെന്റെ മേൽ ശുഭം, ശുഭം"

മറിയത്തിൽ ഈ മാതൃഭക്തൻ ലയിച്ചുചേർന്നുവെന്നു പറയാം. അമ്മയുടെ സൗഭാഗ്യം വർണ്ണിക്കുവാനുള്ള കഴിവില്ലായ്മയെപ്പറ്റി മാത്രമേ ഞാൻ പരാമർശിക്കുന്നുള്ളൂ, അതും നാലിടങ്ങളിൽ മാത്രം.

- ഉത്ഥാനശേഷം ദിവ്യനന്ദനൻ മാതാവിനെ ആശ്ലേഷിക്കുന്നു. ആ സമയത്ത് അമ്മയ്ക്കുണ്ടായ ആത്മീയാനന്ദം വർണ്ണിക്കുവാൻ അവിടുന്ന് കൃപ ചെയ്തില്ലെങ്കിൽ ഞാൻ അശക്തനാണ്, തീർച്ച. "നിശ്ചയം ശകതിഹീനം പ്രത്യക്ഷം ചെയ്തില്ലെങ്കിൽ" (X/36).
- "സ്നേഹിതേ, കരേറുക മേല്പോട്ട്" എന്ന അശരീരിസ്വരം ശ്രവിച്ചപ്പോൾ ആമോദത്തിലാഴ്ന്നുപോയി അമ്മ. അക്കാര്യം എങ്ങനെയെന്ന് വ്യക്തമാക്കുവാൻ എനിക്കു വശമില്ല. "എവിധം സൃഷ്ടിപ്പിനു നല്കുവാൻ വശം തദാ" (X/42).
- സ്വർഗ്ഗാരോഹണസമയത്ത് കന്യകാമാതാവിനുണ്ടായ ഹർഷോന്മാദം സാമർത്ഥ്യമില്ലാത്തതും ഹീനവും പ്രകാശരഹിതവുമായ നാവിനാൽ ചൊല്ലുവാൻ ഞാൻ വശഹീനനാണ്. "മന്ദനാംമമനാവാൽ ചൊല്ലുവാൻ വശഹീനം" (X/120).
- പന്തക്കുസ്താ ദിനത്തിൽ അമ്മയ്ക്ക് നൽകപ്പെട്ട ശക്തികളെ വാക്കുകൾകൊണ്ട് പറഞ്ഞറിയിക്കുവാൻ ശക്തിയില്ലാത്തവനാണ് ഞാൻ.

"ഒക്കെയുമിതിലെന്റെ നാവിനാൽ കാട്ടീടുവാൻ
ഒക്കെയുമില്ല, ഒപ്പിച്ചിടുവാൻ വശം നാസ്തി"
(X/129-130).

അനന്തവും അലൗകികവുമായ രഹസ്യങ്ങൾ വർണ്ണിക്കുവാൻ പരിമിതമായ ബുദ്ധിശക്തിക്ക് സാധ്യമാണോ? പൗലോസ്ശ്ലീഹാ തനിക്കുണ്ടായ ദർശനങ്ങളെയും വെളിപാടുകളെയുംകുറിച്ച് ഇപ്രകാരം പ്രസ്താവിക്കുന്നു. "മിശിഹായിൽ ഒരു മനുഷ്യനെ എനിക്കറിയാം. പതിനാലു വർഷങ്ങൾക്കുമുമ്പ് അയാൾ മൂന്നാം സ്വർഗ്ഗത്തിലേക്ക് ആനയിക്കപ്പെട്ടു. ശരീരത്തോടുകൂടിയോ ശരീരം കൂടാതെയോ എന്ന് എനിക്കറിഞ്ഞുകൂടാ. ദൈവമാകുന്നു അതറിയുന്നവൻ. അയാൾ പറുദീസായിലേക്ക് ആനയിക്കപ്പെട്ടു എന്നു മാത്രം ഞാൻ അറിയുന്നു. മനുഷ്യന് ഉരുവിടാൻ വയ്യാത്ത അവാച്യമായ രഹസ്യങ്ങൾ അയാൾ ശ്രവിച്ചു" (2 കോറി 12:2-4). വിശുദ്ധ

ശ്ലീഹാ ശരീരത്തോടുകൂടിയോ ശരീരംകൂടാതെയോ എന്ന പ്രയോഗം ആവർത്തിച്ചുപയോഗിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. പ്രത്യേകമായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർക്കുമാത്രം ലഭിക്കുന്ന മിസ്റ്റിക് വരമെന്ന് വ്യംഗ്യം. ഇപ്പോൾ എനിക്കും അത്തരത്തിലുള്ള മഹാഭാഗ്യം സിദ്ധിച്ചു. അതിനു ഭാഷ്യം നൽകാനുള്ള മാനുഷിക മായ കഴിവില്ലായ്മയെ ഞാൻ ഏറ്റുപറയുകയാണ് ഈ നാലുപാഠ ഭാഗങ്ങളിലും.

6.6.3. അമ്മയുടെ വിശേഷണങ്ങൾ

"ഇങ്ങനെ ത്രിലോകത്തിൻ രാജ്ഞിയാമമ്മ ഹാ നാഥേ" എന്ന വിശേഷണത്തോടുകൂടിയാണ് പത്താംപാദം ആരംഭിക്കുക. ഉത്ഥാനസംഭവത്തോടെ അമ്മയുടെ മഹിമനിർഭരവും സ്വർഗ്ഗോന്മുഖവും, ഭൂമി സർഗ്ഗാത്മകമാക്കുന്നതുമായ ജീവിതം ആരംഭിച്ചു. മറിയത്തിനെക്കുറിച്ചുള്ള സംജ്ഞകൾ ഏറ്റവുമധികം ഞാൻ ഉപയോഗിച്ചിരിക്കുന്നത് ഈ മഹിമരഹസ്യങ്ങളുടെ വർണ്ണനയിലത്രേ: സൂര്യവാസരമുഖി, ത്രിലോകത്തിൻ രാജ്ഞി, രക്ഷാനാഥയാം അമ്മ, മോക്ഷരാജ്ഞി, ദൈവമാതാവ്, സമുദ്രതാരം, ദേവജനനി, മമനായിക, കന്നിയമ്മ, സ്രഷ്ടാവിൻമാതാവ്, സ്നേഹപത്നി, മഹാരാജ്ഞി, സ്നേഹതായ, സ്നേഹപുത്രി, സ്നേഹമഹിഷി, സൗന്ദര്യമണവാട്ടി, മാമരിയമ്മ. അനുബന്ധമായി ഞാൻ ചേർത്തിട്ടുള്ള ലുത്തിനിയകൾ നിങ്ങൾ പേർത്തുചൊല്ലിക്കൊണ്ടിരിക്കുവിൻ.

6.6.4. മഹത്ത്വത്തിന്റെ മുഹൂർത്തങ്ങൾ

6.6.4.1. ഉത്ഥിതന്റെ പ്രത്യക്ഷീകരണം

"സ്നേഹപുത്രനുമുടൻ അണഞ്ഞുമാതാപക്കൽ
സ്നേഹത്താലുയർത്തിയങ്ങണച്ചു തങ്കൽഅമ്മേ"
(X/33-34).

പ്രകാശരൂപനായവൻ ഉയർത്തെഴുന്നേറ്റപ്പോൾ ആദ്യം ചെയ്തത് തന്റെ പ്രകാശത്തിന്റെ പ്രതിബിംബമായ അമ്മയുടെ പക്കലണഞ്ഞ് സ്നേഹത്താൽ അവളെ കെട്ടിപ്പിടിച്ചുയർത്തി മാറോടണച്ചു. അപ്പോൾ മാതാവിന് 'നിക്ഷേപത്തെളിവു'ണ്ടായി (വരി 35). ഈശോയാണല്ലോ നിക്ഷേപങ്ങളിൽ നിക്ഷേപം. ആ സംജ്ഞ സൂക്ഷിച്ചുവച്ചിട്ടുള്ള ഏറ്റവും വിലപ്പെട്ട വസ്തുവിനെ കുറിക്കുന്നു. സ്നേഹപുത്രനെന്ന നിക്ഷേപം മൂന്നു ദിവസമായി അപ്രത്യക്ഷമായിത്തീർന്നിരുന്നു. ഇപ്പോഴിതാ പ്രകാശത്താൽ വെട്ടിത്തിളങ്ങുന്ന ആ നിക്ഷേപം "സ്നേഹത്താലുയർത്തിയങ്ങണച്ചു തങ്കലമ്മെ." അപ്പോൾ സ്വർഗ്ഗീയ

ദീപ്തരൂപന്റെ തെളിവ് അമ്മയിൽ മിന്നിത്തിളങ്ങുകയായി. അവിടെ ഒരു അശരീരി വാക്യം മുഴങ്ങി:

"സ്നേഹിതേ കരേറുക മേല്പോട്ടെന്നതുനേരം"
(X/38).

സ്നേഹിതാ എന്ന സംജ്ഞ ഉത്തമഗീതത്തിലേതാണ്. പ്രിയപ്പെട്ട വളെ കുറിക്കുന്നു ആ പദം (1:8,9,15; 2:2; 4:1,8,10; 5:1; 6:4; 7:6). കർത്താവിന്റെ ഉത്ഥാനത്തോടെ മാതാവിന്റെ ഉന്നതത്തിലേക്കുള്ള കയറ്റം ആരംഭിച്ചു.

"ഈശ്വരശക്തിവശാൽ നാഥയും പകർന്നുടൻ
ഈശ്വരത്ത്വത്തിൻ കാഴ്ച രസിച്ചു മഹാമോദാൽ"
(X/39-40).

മഹത്ത്വനിദർശനമായി രൂപാന്തരപ്പെട്ടവന്റെ സ്നേഹാലിംഗനവും അശരീരിയുടെ സ്വരവും ശ്രവിച്ചപ്പോൾ ദൈവശക്തിമൂലം അമ്മ 'പകർന്നുടൻ'; മാതാവ് രൂപാന്തരപ്പെട്ടു. ദൈവത്ത്വത്തിന്റെ പ്രത്യക്ഷം അമ്മ "രസിച്ചു മഹാമോദാൽ." സച്ചിദാനന്ദസ്വരൂപന്റെ സാന്നിദ്ധ്യം മഹാമോദം അമ്മയിൽ ഉളവാക്കി. അതൊരു രസമായിരുന്നു. രസിക്കുക എന്ന ക്രിയ രുചിച്ചാസ്വദിച്ചനുഭവിക്കുന്നതിനെ കുറിക്കുന്നു.

6.6.4.2. ത്രിത്വദർശനം

"പിന്നെയും ഒരു ദിനേ അമ്മതൻ ധ്യാനസ്ഥലേ
മിന്നുന്ന മഹാകാഴ്ചകണ്ടിതു മഹാശ്ചര്യം
നിത്യനാം പിതാവും തൻ സ്നേഹറൂഹായും
ശുദ്ധൻ
സത്യാവതാരംചെയ്ത പുത്രനും ത്രിത്വമായ്
പുത്രന്റെ കരേറ്റത്തിൻ സമീപമായ മൂലാൽ
തത്രയങ്ങെഴുന്നള്ളിയൊക്കെയും കല്പിപ്പാനായ്
വിസ്മയകാഴ്ചയിതു കണ്ടതുനേരം അമ്മ
.....
അന്നേരം നിത്യപിതാകല്പിച്ചു ദൂതന്മാരും
സന്നിധൗ സിംഹാസനേ പേർപ്പിപ്പാൻ മാതാവിനെ
കേട്ടുടൻ സ്വരം മുൻപിൽ കേട്ടതുപോലെതന്നെ
കേട്ടിതു സ്നേഹതായേ മേല്പോട്ടു കരേറുക"
(X/62-71, 75-79).

വേറൊരു ദിവസം അമ്മ ധ്യാനത്തിൽ മുഴുകിയിരിക്കുമ്പോൾ പരിശുദ്ധ ത്രിത്വംതന്നെ അവിടെ പ്രത്യക്ഷപ്പെട്ടു. "മിന്നുന്ന മഹാകാഴ്ച

കണ്ടിതു മഹാശ്ചര്യം." അതിശയനിർഭരവും അലൗകികവുമായ കാഴ്ച! ആ മിന്നിത്തിളങ്ങുന്ന ദർശനത്തിൽ അത്ഭുതസ്തബ്ധയായി നിന്നുപോയി ദിവ്യജനനി. പുത്രന്റെ സ്വർഗ്ഗാരോഹണത്തിന്റെ ദിനങ്ങൾ ആസന്നമായെന്ന് അറിയിപ്പാനാണ് പരിശുദ്ധത്രിത്വം തന്നെ എഴുന്നള്ളി വന്നത്.

കർത്താവിന്റെ അടിയാട്ടിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു:

"വിസ്മയക്കാഴ്ചയിതു കണ്ടതുനേരം അമ്മ
വിസ്മയഎളിമയാൽ മൂലയിൽ സാഷ്ടാംഗമായ്
വീണുടൻ കുമ്പിട്ടമ്മ ഭീതിപോൽ മുഖംധരേ
വീണു താഴ്ത്തിക്കൊണ്ടമ്മ വന്ദിച്ചു മഹാഭക്ത്യാൽ"
(X/71-74).

സൃഷ്ടികൾക്കാർക്കാണ് ത്രിത്വദർശനം കൈവരിക? പരമപരിശുദ്ധിതന്നെയായ 'മഹാരഹസ്യം' ഇതാ തന്നെപ്പോലെ അമലമനോഹരിയായവൾക്ക് അവിടുന്ന് പ്രദാനം ചെയ്തു. അദ്വൈതരൂപനായവൻ അദ്വൈതരൂപിണിയെ തന്റെ സാന്നിദ്ധ്യത്താൽ അനുഗ്രഹിച്ച പവിത്രരംഗം ഞാൻ ആത്മാനാ ദർശിക്കുകയായിരുന്നു. തിരുസന്നിധിയിൽ നാളുകൾ ചിലവഴിച്ച മോശയ്ക്ക് കർത്താവിന്റെ മഹത്ത്വം സ്വന്തനയനങ്ങളാൽ ദർശിക്കുവാൻ ആഗ്രഹമുണ്ടായി (പുറ 33:12-23). അപ്പോൾ അവിടുന്ന് അരുളിച്ചെയ്തു: "നിനക്ക് എന്റെ മുഖം കാണുവാൻ കഴിയുകയില്ല. എന്നെ ദർശിക്കുന്നവരാരും ജീവിച്ചിരിക്കില്ല" (വാക്യം 20). ഇപ്പോൾ സൃഷ്ടിമാത്രമായവൾക്ക് ആ വരം നൽകപ്പെട്ടിരിക്കുന്നു; തുടർന്നും ജീവിക്കുവാൻ അനുഗ്രഹം ലഭിച്ചിരിക്കുന്നു.

കർത്താവ് സിംഹാസനാരൂഢനായി ഇരിക്കുന്നത് ഏശയ്യാ പ്രവാചകൻ ദർശിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: "ഹാ, എനിക്കു ദുരിതം! ഞാൻ നശിച്ചിരിക്കുന്നു." (ഏശ 6:1-5). അമ്മ അപ്രകാരം നിരാശയുടെ വിലപനം ഉയർത്തിയില്ല. സൃഷ്ടിമാത്രമായവൾ വിസ്മയിക്കത്തക്ക എളിമയോടെ ഭവനത്തിന്റെ മൂലയിൽ സാഷ്ടാംഗപ്രണാമം ചെയ്തു; ത്രിത്വദൈവത്തെ കുമ്പിട്ടാരാധിച്ചു; ധരണിയിൽ വീണുകൊണ്ട് മുഖം താഴ്ത്തി; മഹാഭക്തിയോടെ ത്രിത്വദൈവത്തെ വന്ദിച്ചു. സർവ്വേശ്വരന്റെ മുമ്പിൽ നമ്മൾ എപ്രകാരം വർത്തിക്കണമെന്ന് കന്യകാംബിക നമ്മെ പഠിപ്പിക്കുന്നു. തിരുവോസ്തിയിൽ തന്റെ മഹത്ത്വമാർന്ന രൂപം മറച്ചു

കൊണ്ട് അൾത്താരയിൽ എഴുന്നള്ളിയിരിക്കുന്ന കാഴ്ച നമ്മിൽ വിസ്മയമുളവാക്കേണ്ടതല്ലേ? നമുക്കും 'വിസ്മയ എളിമ' നൽകണമെന്ന് അമ്മയോട് കേണപേക്ഷിക്കാം. കർത്താവിന്റെ അടിയാട്ടിയുടെ സാഷ്ടാംഗപ്രണാമത്തിൽ എളിമയുണ്ട്, ഭീതിയുണ്ട്, മഹാഭക്തിയുമുണ്ട്. ഈ വികാരങ്ങൾ ഒന്നുചേരുമ്പോഴാണ് ദൈവവിളി നമുക്ക് യാഥാർത്ഥീകരിക്കാനാകയുള്ളൂ. പവിത്രതതന്നെയായ സ്രഷ്ടാവിന്റെ സാന്നിദ്ധ്യം അശുദ്ധിയുടെ നിറകുടമായ സൃഷ്ടികളിൽ ഭയമുളവാക്കുകതന്നെ വേണം. പക്ഷേ അടിമകൾക്കടുത്ത ഭീതിയാകരുതെന്നു മാത്രം. സൃഷ്ടികൾക്കനുയോജ്യമായ ദൈവപേടിയോടൊപ്പം മഹാഭക്തിയും കലരണം; എളിമയാൽ ഹൃദയം നിറയണം. നിലത്തുവീണ് മുഖം താഴ്ത്തി സാഷ്ടാംഗം പ്രണമിക്കുക എന്ന കർമ്മം മക്കളായ നിങ്ങൾ നിരന്തരം ചെയ്തുകൊണ്ടിരിക്കുവിൻ.

അമ്മയുടെ എളിമയ്ക്കടുത്ത പ്രവൃത്തിയിൽ പ്രസാദിച്ച് ത്രിത്വദൈവം അവളെ തന്റെ സന്നിധിയിൽ സിംഹാസനത്തിലിരുത്തുവാൻ വാനദൂതരോട് കല്പിച്ചു: "സ്നേഹതായേ, മേല്പോട്ടു കരേറുക" (വരി 78). അവർ അപ്രകാരം ചെയ്തു. തന്റെ സന്നിധിയിലണഞ്ഞ കന്യകാംബികയെ ദിവ്യതാതൻ താല്പര്യപൂർവ്വം തിരുസഭയിലെ വിശ്വാസികൾ വളർന്നുവർദ്ധിക്കുവാൻ "നിന്നുടെയാശ്രയത്തിൽവച്ചു നാമേൽപ്പിക്കുന്നു" (വരി 84). പരിശുദ്ധാരൂപി ആ ദൗത്യം നിറവേറ്റുവാനുള്ള മഹത്തായ ബുദ്ധിശക്തിയും മറ്റും അവൾക്കേകി. പുത്രനായ ദൈവം "സ്നേഹപത്നിയാം പള്ളിയമ്മയെ ഭരമാക്കി" (വരി 88). ആ ദിവ്യവചസ്സുകൾ ശ്രവിച്ചപ്പോൾ മാലാഖമാർ അമ്മയെ രാജ്ഞിയായി സ്വീകരിച്ചു (വരി 89-90).

"ഇങ്ങനെയുള്ള സ്ഥാനയോഗ്യതയൊക്കെതന്റെ
മംഗലമകൾക്കായ് കല്പിച്ചു ദൈവപിതാ"
(വരി 94-95).

ഇപ്രകാരം ത്രിത്വദർശനനും സിംഹാസനാരോഹണവും സഭയെ നയിക്കുവാനുള്ള ദൗത്യവും അതിനനുസൃതമായ ദാനങ്ങളും അമലോത്ഭവയ്ക്ക് നൽകപ്പെട്ടതിൽ മക്കളായ നമുക്ക് അഭിമാനിക്കുകയും ത്രിത്വസ്തുതി ചൊല്ലിക്കൊണ്ടിരിക്കുകയും ചെയ്യാം.

6.6.4.3. സ്വർഗ്ഗാരോഹണരംഗം

ദൈവപിതാവിന്റെ സന്നിധിയിലേക്ക് ആരോഹണം ചെയ്യുവാൻ സമയമായി. മാതാവും ശ്ലീഹന്മാരുമടങ്ങിയ 120 വിശ്വാസികൾ സെഹി

യോൻശാലയിൽ ഒന്നിച്ചുകൂടി. അവരോടൊത്ത് ഉത്ഥിതൻ ഒലിവുമല യിലേക്ക് യാത്രയായി.

"നാഥനും തന്റെ മാതൃതന്നുടെ ബ്ലാവിൽ
(വിലാവ്) ചേരെ
നാഥയോടൊന്നിച്ചായി പുറപ്പെട്ടുടൻ പാദെ"
(X/101-102).

നാഥനോടു ചേർന്നുകൊണ്ടാണ് നാഥ നടന്നത്. അമ്മയോടുള്ള തന്റെ വാത്സല്യാതിരേകം ഇപ്രകാരം സ്നേഹനന്ദനൻ പ്രകടിപ്പിച്ചു. ഒലിവുമലയിലെത്തിയ ഉടനെ മറിയം "പുത്രൻപാദേ സാഷ്ടാംഗം ചെയ്തു" (വരി 112). കർത്താവിന്റെ ദാസിയുടെ സ്ഥായിയായ കർമ്മം സാഷ്ടാംഗപ്രണാമമാണ്. തുടർന്ന് ഉത്ഥിതൻ അവർക്ക് അന്തിമആ ശീർവ്വാദം നല്കി. മന്ദംമന്ദം സ്വർഗ്ഗത്തിലേക്ക് ഉയർന്നു. ആ സമ യത്ത് പുത്രൻ അമ്മയ്ക്കു 'മുക്തി' (വരി 119) ചെയ്തു. താൻ മോക്ഷ ത്തിലേക്കു കയറിയപ്പോൾ തായയെയും അവിടുന്ന് 'മുക്തയാക്കി;' സംസാരബന്ധത്തിൽനിന്ന് അമ്മയെ വേർപെടുത്തി. ഇനിമേൽ ഭൂമി യിൽ ജീവിക്കുന്നുവെങ്കിലും സ്വർഗ്ഗവാസിയായിത്തീർന്നു പരിശു ദ്ധകന്യക. ആ ദിവാനുഭൂതിയെ കണ്ടാനന്ദിക്കുവാൻ ഈ അധമന് ഭാഗ്യം ലഭിച്ചു. അതിനെക്കുറിച്ച് അധരങ്ങളാൽ വർണ്ണിക്കുവാൻ വശഹീനനത്രേ ഈയുള്ളവൻ.

6.6.4.4. മേഘത്തേരിലുള്ള യാത്ര

യാക്കോബ്ശ്ലീഹായുടെ രക്തസാക്ഷിത്വത്തെക്കുറിച്ച് തിരു സുതൻ മറിയത്തെ മുൻകൂട്ടി അറിയച്ചപ്പോൾ അവൾ "കുമ്പിട്ടു സ്വപുത്രനെ" (X/200). അപ്പോൾ മാലാഖമാർ

"ക്ഷിതിയിൽ കാണാതായുള്ള ശോഭിതമേഘത്തേരിൽ
മോക്ഷരാജ്ഞിയെ കേറ്റി കൂട്ടമായ് മേൽഭാഗേന
മോക്ഷരാഗങ്ങൾ പാടിക്കൊണ്ടവർ ക്ഷണം
കൊണ്ട്" (വരി 202-204)

യാക്കോബ്ശ്ലീഹായുടെ അടുത്തെത്തിച്ചു. ധരയിൽ ദർശിക്കാനാ കാത്ത ശോഭിതമേഘത്തേരിലാണ് വാനദൂതർ തങ്ങളുടെ മോക്ഷ രാജ്ഞിയെ ഇരുത്തിയത്. സ്വർഗ്ഗീയഗീതങ്ങൾ പാടിക്കൊണ്ടവർ സർക്കോസിൽ പെട്ടെന്നെത്തിച്ചേർന്നു.

6.6.4.5. സ്വർഗ്ഗദർശനം

ഇഹലോകനാളുകളിൽ സുതൻ അമ്മയെ പലപ്പോഴും സ്വർഗ്ഗ ത്തിൽ നിന്നിറങ്ങിവന്ന് അത്യന്തം ഭവ്യതയോടെ സൽക്കരിച്ചിരുന്നു

(X/137-138). ചിലപ്പോൾ മാലാഖമാർ ശോഭയേറിയ മേഘത്തിൽ അവളെ "പരമണ്ഡലങ്ങളിലേറ്റും" (വരി 140). ഞായറാഴ്ചതോറും (സൂര്യവാസരം) മാതാവേ, "സൂര്യനാടതിൽ" (ദിവ്യസൂര്യന്റെ നാടായ സ്വർഗ്ഗത്തിൽ) കൊണ്ടുചെല്ലാൻ വാനവരോട് കല്പിക്കും (വരി 141 -142). അമ്മയെ എതിരേൽക്കുവാൻ മോക്ഷവാതിലിന്റെ മുമ്പിൽ എത്തിച്ചേരും; തായയെ സ്നേഹത്താലാശ്ലേഷിക്കും; അശരീരിഗാനങ്ങളും ഹല്ലേലുയ്യാ ഗീതങ്ങളും മാലാഖമാർ ആലപിക്കും (വരി 144 -148). ദിവ്യനന്ദനന് ജനനിയെ വേർപിരിഞ്ഞിരിക്കാൻ കഴിയുമായിരുന്നില്ല. അവിടുത്തേക്ക് അമ്മയെ ആദരിക്കണം; സൽക്കരിക്കണം; പ്രകാശമാകുന്ന മേഘത്തിൽ "പരമണ്ഡലങ്ങളിലേറ്റണം." മോക്ഷവാതിലിൽ വന്നുനിന്നുകൊണ്ട് എതിരേൽക്കണം; സ്നേഹത്താൽ ആശ്ലേഷിക്കണം. സ്വർഗ്ഗവാസികളുടെ ഹല്ലേലുയ്യാ ഗീതങ്ങൾ പാടി ആനന്ദാഘോഷത്തിൽ ഭാഗഭാക്കാക്കണം.

6.6.4.6. അമലോത്ഭവമഹത്ത്വം

ദൈവം തനിക്ക് നൽകിയ അമലോത്ഭവത്തെയും ജനനത്തെയും കുറിച്ച് അവിടുത്തേക്ക് സദാ നന്ദിയർപ്പിക്കുക പതിവാക്കിക്കർത്താവിന്റെ അടിയാട്ടി. അമലോത്ഭവദിനത്തിൽ ജഗദീശ്വരനെ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടിരുന്നപ്പോൾ

"തന്നുടെ സ്നേഹപുത്രനിറങ്ങിവന്നുതന്റെ
ഉന്നതതേരിൽതന്നെ സ്നേഹമാതൃവേകേറ്റി
ഉന്നതമതിൽതന്നെ പിതൃസന്നിധൗ ചേർത്തു"
(XI/198-200).

അമലമനോഹരൻ മഹത്ത്വകീർത്തനം പാടി ദൈവത്തെ പ്രണമിക്കുന്ന അമലോത്ഭവയായ സ്നേഹമാതാവിനെ സ്വർഗ്ഗീയ രഥത്തിൽ കയറ്റി ദിവ്യതാതന്റെ സന്നിധിയിലേക്ക് ആനയിച്ചു. അപ്പോൾ സാഷ്ടാംഗം പ്രണമിച്ച് ദൈവത്തെ ആരാധിക്കുകയായി ആ അടിയാട്ടി. ആ അനർഘനിമിഷത്തിൽ തിരുസുതൻ ചെയ്തതെന്താണെന്നോ?

"ഉന്നതൻദേവൻ തന്നെ ജന്മമാംമലംവിനാ
ഉന്നതയാക്കി നരജന്മത്തിനതിനാലേ
നന്ദിയാലുള്ള മഹാകൃതജ്ഞതത്വത്തെകാട്ടി
എന്നതു സ്വപുത്രനും ചെയ്തിതു ത്രിത്വത്തിനായ്"
(വരി 205-208).

അമലമനോഹരിയെ അമ്മയായി നൽകിയതിന് ത്രിത്വദൈവത്തിന്

കൃതജ്ഞതയർപ്പിച്ചു പുത്രൻ. തുടർന്ന് ദിവ്യതാതന്റെയും തിരുസുതന്റെയും പരിശുദ്ധാത്മാവിന്റെയും സ്വരം അവിടെ മുഴങ്ങി.

"ജനനേ മലം വിനാ ജനിതൗ നീയേ ദൃഢം" - പിതാവ് അരുളിച്ചെയ്തു.

"ജനനിമമ നീയേ അനാഘ്രാര്യയേ, ശുഭാൽ
ജനജന്മത്തിൻനിഴൽ നിനക്കില്ലിതു ദൃഢം"

(വരി 213-214).

നീ എന്റെ ജനനിയാണ്. പാപമില്ലാത്തവളേ, നീ സ്നേഹാദരവുകൾ അർഹിക്കുന്നു. ജന്മപാപത്തിന്റെ സ്നേഹാദരവുകൾ അർഹിക്കുന്നു. ജന്മപാപത്തിന്റെ നിഴൽ മംഗളപൂർവ്വം നിന്നിലില്ല നിശ്ചയം - പുത്രൻ ആമോദപൂർവ്വം പ്രഘോഷിക്കുകയായി. തിരുവചനത്താൽ തന്റെ 'സ്നേഹമഹിഷിയെ' സന്തോഷിപ്പിച്ചുകൊണ്ട് പരിശുദ്ധാത്മാവ് ഉദ്ഘോഷിച്ചു:

".... നീ മേ സൗന്ദര്യമണവാട്ടി
നീ സർവ്വം മഹാശുദ്ധി, നീ സർവ്വം മഹാരശ്മി
നീ മാത്രം പരം ജന്മപാപത്തിൻവിനാ"

(വരി 218-220).

തന്റെ സൗന്ദര്യമണവാട്ടിയാണ് ദിവ്യകന്യക. അവളിൽ സർവ്വവും അതിപവിത്രമാണ്; അവൾ മുഴുവനും മഹത്തായ പ്രകാശകിരണമാണ്. അവൾ മാത്രം ജന്മപാപം കൂടാതെ ശ്രേഷ്ഠയായവളാണ്.

ത്രിത്വദൈവത്തിന്റെ പ്രകീർത്തനവചസ്സുകൾ ശ്രവിച്ചയുടനെ മഹാഘോഷത്തോടെ മോക്ഷവാസികളെല്ലാം ദൈവത്തെ സ്തുതിച്ചു. രൂപികളും അരൂപികളുമൊക്കെയും കൈകൊട്ടി വാദ്യാഘോഷത്തോടെ ഇപ്രകാരം ആലപിക്കുകയായി (വരി 221-224).

"മാമരിയമ്മ മഹാശുദ്ധയും ജന്മപാപ-
മാലിന്യനിഴലേതും തീണ്ടാതെ ജനിച്ചവൾ"

(വരി 225-226).

ഉന്നതമറിയമേ, നീ അതി പവിത്രയാണ്. ജന്മപാപത്തിന്റെ മാലിന്യമോ നിഴലോ തീണ്ടാതെ ജനിച്ചവളാണ്. അപ്പോൾ കന്യകാംബിക പരി. ത്രിത്വത്തെ സ്വർഗ്ഗത്തിലെന്നപോലെ ഭാഗ്യമോടെ ദർശിച്ചു (വരി 227-228).

6.6.4.7. കുർബ്ബാന സ്വീകരണവേള

കർത്താവ് തനിക്ക് മകനായി നൽകിയ യോഹന്നാൻശ്ലീഹായിൽനിന്ന് ദിവ്യകാരുണ്യം സ്വീകരിച്ചയുടനെ

"ആകാശമാർഗ്ഗേ പൊങ്ങി മാതാവാം കന്യാമണി
കൂടാശനിമിത്തമായ് ദൈവത്തോടൊന്നിച്ചങ്ങ്"
(XI/253-254).

തന്നിലെഴുന്നുള്ളിവന്ന തിരുസുതൻ അമ്മയെ സ്വർഗ്ഗത്തിലേക്ക് ഉയർത്തി; ദൈവത്തോട് ഒന്നിപ്പിച്ചു.

6.6.4.8. മംഗളസന്ദേശം

മാതാവിന് 67 വയസ്സായപ്പോൾ തിരുസുതൻ ഗബ്രിയേൽ മാലാഖയെ അവളുടെ അടുത്തേക്ക് അയച്ചു. വാനദൂതരുടെ ഒരു ഗണവും കൂടെയുണ്ടായിരുന്നു. ശുഭവസ്ത്രധാരിയായ ഗബ്രിയേൽ ശിരസ്സിൽ കിരീടമണിഞ്ഞും ഒലിവുശിഖിരം കൈകളിലേന്തിയുമാണ് അമ്മയെ സമീപിച്ചത്.

"വന്നുടൻനാഥപക്കൽ മംഗലവാർത്തചൊല്ലി
വന്ദനം മുൻപോൽതന്നെ വചനമതുതന്നെ"
(XI/273-274).

വീണ്ടുമൊരു മംഗളവാർത്ത ശ്രവിക്കുവാൻ ഭാഗ്യമുണ്ടായി മറിയത്തിന്: "ദൈവകൃപലഭിച്ചവളേ, സ്വസ്തി! കർത്താവ് നിന്നോടുകൂടെ!" (ലൂക്കാ 1:28). തുടർന്ന് മാലാഖ അറിയിച്ചു, ഇതാ നിന്റെ സ്നേഹപുത്രൻ നിന്റെ ഇഹലോകവാസത്തെ ചുരുക്കിയിരിക്കുന്നു. ഈ കണ്ണീരിൻസ്ഥലത്ത് മൂന്നുവർഷം ചിലവഴിച്ചുകഴിയുമ്പോൾ കന്യകയായ നിനക്ക് സ്വർഗ്ഗത്തിലേക്ക് യാത്രയാകാം.

തത്ക്ഷണം അമ്മ നന്ദിനിറഞ്ഞ ഹൃദയത്തോടെ നസ്രത്തിലെ ഭവനത്തിൽവച്ച് ഉച്ചരിച്ച വചസ്സുകൾ വീണ്ടും ആവർത്തിച്ചു.

"കർത്താവിൻ ദാസിയിതാ നിന്നുടെ വചനംപോൽ
പേർത്തെനിക്കായിടട്ടെ....." (വരി 281-282). ഫിയാത്ത് രൂപിണിയായി ജീവിച്ചവൾക്ക് ഒരിക്കൽക്കൂടി ഫിയാത്തിന്റെ വചസ്സുകൾ ചൊല്ലുവാൻ ഭാഗ്യമുണ്ടായി. (ലൂക്കാ 1:38). അപ്പോൾ അമ്മ മിഖായേൽ ദൂതനെ നോക്കിക്കൊണ്ട് മൊഴിഞ്ഞു:

"മുഖ്യതചെയ്ത ദൈവം വന്ദനം ചെയ്തു നന്ദി
കാട്ടുവാൻ കൊണ്ടാട്ടങ്ങളണപ്പാനെനിക്കു ദൃഢം
കോട്ടമെന്നിയേ നിങ്ങൾകൂടവേ തുണയ്ക്കണം"
(വരി 284-286).

എന്നിൽ മഹത്കാര്യങ്ങൾ പ്രവർത്തിച്ച (ലൂക്കാ 1:49) ദൈവത്തിന് നന്ദിപൂർവ്വം വന്ദനത്തിന്റെ കൊണ്ടാട്ടങ്ങൾ അണയ്ക്കുവാൻ മാലാഖമാരെ, നിങ്ങൾ എന്നെ തുണയ്ക്കണം.

അപ്പോൾ വാനവരേവരും ഒന്നിച്ച് രാജ്ഞിയായ ജനനിയോടൊത്ത് വന്ദനത്തിന്റെയും സ്തുതിയുടെയും ഗാനം ആലപിച്ചു (വരി 287-288).

6.6.4.9. അരുമയേറിയ മാടപ്രാവ്

ഓമൽസുതന്റെ പങ്കപ്പാടുകളെക്കുറിച്ച് ധ്യാനിക്കുവാൻ തല്പരയായിരുന്നു കന്യകാമറിയം. കാൽവരിഗിരിയിലെത്തി സഹനത്തിന്റെ സ്ഥലങ്ങൾ മഹാഭക്തിയോടെ അവൾ വന്ദിച്ചു. ദൈവതനയൻ സഹിച്ച വേദനകളെ ധ്യാനിച്ചുകൊണ്ട് ദുഃഖത്തോടെ സാഷ്ടാംഗം പ്രണമിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ അവിടുന്ന് അങ്ങോട്ട് എഴുന്നള്ളി അമ്മയെ ഇപ്രകാരം സ്നേഹത്തോടെ അഭിസംബോധന ചെയ്തു. "സ്നേഹമാതാവേ, മമസുന്ദരകബോതമേ" (XI/345-353). മണവാളൻ മണവാട്ടിയെ വിശേഷിപ്പിക്കുന്ന പദമാണ് സുന്ദരകബോതമെന്നത് (2:14; 5:2; 6:9). ഒരു മിസ്റ്റിക്കൽ ദർശനമാണ് നാമിവിടെ കാണുക. മറിയം തായയാണ്. അതോടൊപ്പം പ്രിയതമയുമാണ്. തുടർന്ന് കർത്താവ് ജനനിയോട് പറഞ്ഞു. സ്നേഹശക്തിയാൽ നരരക്ഷയ്ക്കായി ഞാൻ സഹിച്ച ദുഃഖങ്ങളിൽ നീ എനിക്ക് തുണയായിരുന്നു. ആ ദാഹമാണ് നിന്നെ ഗ്രഹിച്ചത്. അതിനാൽ തിരുസ്ഥലങ്ങളിൽചെന്ന് പ്രാർത്ഥിക്കുന്ന വിശ്വാസികൾക്ക് പാപമോചനം നേടിക്കൊടുക്കുന്ന മദ്ധ്യസ്ഥയായി നിന്നെ ഞാൻ നിയമിക്കുന്നു (വരി 354-368).

6.6.4.10. താതന്റെ മഹീഷി

മരണത്തിനുമുൻപ് തന്റെ വിൽപ്പത്രമുണ്ടാക്കാനുള്ള അനുവാദം പുത്രനോട് അപേക്ഷിച്ചപ്പോൾ പരിശുദ്ധത്രിത്വം മാലാഖമാരുടെ അകമ്പടിയോടെ ആഘോഷപൂർവ്വം എഴുന്നുള്ളി. ഉടനടി മറിയം ഭക്ത്യാദരപൂർവ്വം സാഷ്ടാംഗപ്രണാമം ചെയ്തു. അപ്പോൾ പിതാവായ ദൈവത്തിന്റെ സ്വരം കേൾക്കപ്പെട്ടു (XI/421-428).

"സ്നേഹമേറിടും നമുക്കുള്ളൊരു മഹീഷിണി
സ്നേഹിതേ, നിന്റെ ഇഷ്ടമൊക്കെയും ശുഭം സാധ്യം"
(വരി 429-430).

കന്യകാമറിയം ദൈവപിതാവിന്റെ സ്നേഹംനിറഞ്ഞ മഹിഷിയാണ്. കിരീടം ചാർത്തിയ രാജാധിരാജന്റെ പ്രേയസ്സി. ഉത്തമഗീതത്തിന്റെ ഭാഷയാണിത്. സ്നേഹിത എന്ന സംജ്ഞയെക്കുറിച്ച് നമ്മൾ പരിചിന്തിച്ചുവല്ലോ. പിതാവിന് പ്രിയങ്കരിയായവളുടെ ഇഷ്ടമൊക്കെയും മംഗളകരവും സാധ്യവുമത്രേ. ഓമൽക്കുമാരന്റെ സ്നേഹത്താൽ

അമ്മയുടെ അഭീഷ്ടമൊക്കെ നിറവേറിടും. എന്റെ ആശീർവ്വാദവും നിനക്കുണ്ട്. അതുപോലെ എന്റെ പുത്രനും പരിശുദ്ധാത്മാവും ഇക്കാര്യം ദൃഢമായി പ്രഖ്യാപിക്കുന്നു (431-436).

അമ്മ ഇപ്രകാരം കുമ്പിട്ടുണർത്തിച്ചു:

"എത്രയും സ്തുതിയോഗ്യനിത്യദൈവമേ, സ്വാമീ
എത്രയും നീചപ്പുഴു പൊടിയായിടുംദാസി
മാമകഹൃദയത്തിൻവശമാം പൂജ്യതയാൽ
മമവിശ്വാസാൽ വന്ദിച്ചിതായുണർത്തുന്നു
പിതാവും സുതൻ റൂഹാദ്ഖുദ്ശാ എന്നുള്ള
പിരിയാതുള്ള മൂന്നാൾ ഏകത്രിത്വദൈവവും
ഏകമീമൂവർക്കുള്ള സ്ഥാനയോഗ്യപൂർണ്ണവും
ഏകചിത്തവും സൃഷ്ടിസ്ഥിതിസംഹാരം സർവ്വം
നിന്നാലേ സൃഷ്ടിയഹം, നന്മയും സർവ്വംനീയ്യേ
നിന്നെ മന്നിൽ ജീവ്യം കഴിച്ചു നിൻചിത്തത്താൽ
നിൻതിരുഇഷ്ടത്തിനാലാകാശം ഭൂമി ജലം
നിൻദയാലാദിത്യാദി എന്നെ സന്ധിച്ചു ദൃഢം
എന്നുടെ യോഗ്യംവിനാ ഭൂമിയുമെന്നെതാങ്ങി
എന്നുടെയിച്ഛയ്ക്കായ് ചൊൽവിളികേട്ടുസർവ്വം
ഇതിനായ് സ്തുതിചെയ്വാൻ വശഹീനമെങ്കിലും
ഇതിതാ ദാസി മനസ്വിനിയും..... "

(വരി 439-454).

ദൈവം എത്രമാത്രം ഉയർത്തിയോ അത്രയേറെ സ്വയം താഴ്ത്തുകയാണ് അമലമനോഹരി. സ്തുതിയോഗ്യനായ നിത്യദൈവം തന്റെ സ്വാമിയാണ്. ഞാനോ നീചപുഴുവും പൊടിയും അടിയാട്ടിയും. ദൈവത്തിന് സമുന്നതമായ വിശേഷണങ്ങൾ, തനിക്ക് താഴ്മയുടെ നികൃഷ്ടസംജ്ഞകൾ. ദൈവത്തിന്റെ സാദൃശ്യവും പ്രതിച്ഛായയുമായ മനുഷ്യനെന്ന സ്ഥാനത്തിനുപോലും അർഹതിയില്ലാത്ത, മൃഗലോകത്തിലെ ഏറ്റവും താഴ്ന്ന നീചപുഴു മാത്രമാണ് ഈ അടിയാട്ടി. പ്രിയപ്പെട്ടവരേ, ഞാൻ അകൃതപുഴുവെന്നൊക്കെ സ്വയം വിശേഷിപ്പിച്ചത് നിങ്ങൾ അനുസ്മരിക്കുന്നുണ്ടാകും. അതുവഴിയായി എളിമ നിറഞ്ഞ അമ്മയുടെ മകനായിത്തീരുകയായിരുന്നു ഈ അടിയാൻ. ജന്തുലോകത്തിൽനിന്നും വീണ്ടും താഴ്ന്ന് പൊടിയെന്ന വിശേഷണത്തിൽ മറിയം തൃപ്തി കണ്ടെത്തുന്നു.

6.6.4.11. വിശ്വാസോദ്ഘോഷക

ത്രിത്വദൈവമെന്ന മഹാരഹസ്യത്തിൽ ആനന്ദിക്കുകയും, അതിനു തന്റേതായ ഭാഷ്യം നൽകി പ്രഘോഷിക്കുകയും ചെയ്യുന്നതിൽ അമ്മ തന്റെ മഹത്ത്വം കണ്ടെത്തുകയാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമെന്ന മൂന്നാളുകൾ പിരിയാതുള്ളവരും ഏകചിത്തമുള്ളവരുമാണ്; അതോടൊപ്പം ഏകദൈവവുമാണവർ. ഓരോരുത്തർക്കും അവരവരുടേതായ പൂർണ്ണതനിറഞ്ഞ സ്ഥാന യോഗ്യതയുണ്ട്. സൃഷ്ടിയും സ്ഥിതിയും സംഹാരവും ത്രിത്വദൈവത്തിന്റെ കർമ്മങ്ങളത്രേ. തുടർന്ന് ദിവ്യജനനി മാനവചരിത്രത്തിൽ തന്റെ ചരിത്രം അവതരിപ്പിക്കുന്നു. അവിടുത്തെ സൃഷ്ടിയാണവൾ; സർവ്വ നന്മയും നൽകിയവനാണ് ദൈവം. തിരുഹിതം നിർവ്വഹിച്ചുകൊണ്ട് അവിടുന്നിൽ ജീവിക്കുവാൻ തനിക്ക് കഴിവേകിയവൻ. ആകാശത്തെയും ഭൂമിയെയും ജലത്തെയും ആദിത്യനെയും ദയാധിക്യത്താൽ ഒന്നിപ്പിച്ചിരിക്കുന്ന അവിടുത്തെ കാരുണ്യം ഏറ്റേറ്റു പറയുന്നു ആ മഹത്ത്വകീർത്തക. ഭൂമി തന്നെ താങ്ങിനിർത്തുന്നു; എന്റെ ആഗ്രഹാനുസൃതം കർത്താവ് ചൊൽവിളി കേൾക്കുന്നു. ഈ മഹാനുഗ്രഹങ്ങൾക്ക് ഉചിതമായവിധം അവിടുത്തെ പ്രകീർത്തിക്കുവാൻ എനിക്ക് കഴിവില്ല. ദൈവത്തിന്റെ അടിയാട്ടി മാത്രമാണിവൾ. അതോടൊപ്പം അവിടുത്തെ മനസിനിയും (ഗുണവതി, നിർമ്മല മനസ്ക).

6.6.4.12. എഴുന്നുള്ള തനയൻ

തന്റെ അന്ത്യദിനങ്ങൾ ആസന്നമായപ്പോൾ ദിവ്യസുതൻ സ്വർഗ്ഗത്തിൽനിന്ന് സൂര്യനെവെല്ലുന്ന ശോഭയോടെ എഴുന്നുള്ളി. അവിടുത്തോടൊപ്പം സ്വർഗ്ഗവാസികളും വാനവവൃന്ദവും ഉണ്ടായിരുന്നു. സെഹിയോൻ ഭവനം"ആകാശമോക്ഷംസമം വിളങ്ങി" (XII/147). തേജസ്സെഴും സുതനെകണ്ട് മറിയം സാഷ്ടാംഗം പ്രണമിച്ചു; "എത്രയും എളിമയാൽ കുമ്പിട്ടു മുത്തിപാദം" (XII/150). മരിക്കാതെയോ നിത്യനിദ്രയിലാഴ്ന്നോ സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുവാൻ ദിവ്യനന്ദനൻ സ്വാതന്ത്ര്യമേകി. വിനയാന്വിതയായവൾ സ്വപുത്രനെപ്പോലെ മരണം കൈവരിച്ചുകൊണ്ടുള്ള സ്വർഗ്ഗാരോപണമാണ് തിരഞ്ഞെടുത്തത്. കർത്താവിന്റെ അടിയാട്ടിയുടെ താഴ്മയേറിയ ഉദീരണം ശ്രവിച്ചപ്പോൾ

"സുന്ദരരൂപികൾ നാദഗീതങ്ങൾപാടി
ശുദ്ധമാം റൂഹായാലേ പാട്ടുകൾ പാട്ടിൻവാക്യം"
(വരി 183-184).

അവർ ആലപിച്ചത് പ്രിയൻ പ്രണയിനിയോട് ഉത്തമഗീതം 2:10 ൽ മന്ത്രിച്ച വാക്കുകളായിരുന്നു: "മമസ്നേഹിതേ, ഏൾക്ക" (വരി 187). ഉത്തമഗീതത്തിലെ ഈ ഉദ്ധരണി പരിശുദ്ധാരൂപിയാൽ നിവേശിത മായതാണ്.

മരണവേളയിൽ വീണ്ടും സ്വർഗ്ഗനാദം മുഴങ്ങി. ഓമൽക്കു മാരൻ ഉത്തമഗീതത്തിന്റെ ഭാഷയിൽ അമ്മയോടു മൊഴിഞ്ഞു:

"മമസ്നേഹിതേ, *മിയ കൊളുമ്പാ,* വരിക നീ
മമമാതൃവേ വർഷം കഴിഞ്ഞു വേനൽവന്നു
മമനാടതിൽ പുഷ്പം ശോഭിച്ചു കാണപ്പെട്ടു"
(വരി 249-251).

ഉത്തമഗീതം 2:10-12 നോടുകൂടി "എന്റെ മാടപ്രാവേ" (ഇറ്റാലിയൻ ഭാഷയിൽ *മിയ കൊളുമ്പാ*) എന്ന 2:14; 5:2; 6:9 ലെ അഭിസംബോധന കൂട്ടിച്ചേർത്തിരിക്കയാണ്. സ്വപുത്രനെ സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ട് കന്യകാംബിക അവിടുത്തെ അന്ത്യമൊഴികൾ സ്വന്തമാക്കി (ലൂക്കാ 23:46). "ഇതിതാ നിൻ തൃക്കരേ മമദേഹിയെ വച്ചേൻ" ഇപ്രകാരം തിരുവചനമയമായവൾ "അങ്ങയുടെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" എന്ന കർത്താവിന്റെ മൊഴികൾ ഉച്ചരിച്ചുകൊണ്ടാണ് ജീവൻ വെടിഞ്ഞത്. "തിരുമരണത്തിൻമൂലം മറ്റുകാരണം വിനാ തിരുസ്നേഹമേതന്നെ" (വരി 256-257). സ്നേഹാഗ്നിയാൽ ജ്വലിച്ചിരുന്നവൾ ദിവ്യസ്നേഹം മൂലമാണ് ലോകം വെടിഞ്ഞത്. അതോടെ "വ്യാധിയും മരണവും ധരയിൽ അമൃതാക്കിത്തീർത്തല്ലോ മാതാവപ്പോൾ " (വരി 257-258). അന്നാൾവരെ രോഗവും മരണവും ദുഃഖവും വേദനയും നിറഞ്ഞതായിരുന്നു. ആ ദീനാവസ്ഥയെ മാതാവ് അമൃതതുല്യമാക്കി; ആസ്വാദ്യകരവും ആനന്ദനിർഭരവുമാക്കി പകർത്തി. ഉടനടി അവിടെയെങ്ങും മഹാശോഭ നിറഞ്ഞു; ദിവ്യസൗരഭ്യം പ്രസരിച്ചു.

6.6.4.13. സ്വർഗ്ഗീയ വരവേല്പ്പ്

അമ്മയെ കൂട്ടിക്കൊണ്ട് സ്വർഗ്ഗത്തിൽ പ്രവേശിച്ച കർത്താവ് ദൈവപിതാവിനോട് ഇപ്രകാരം ഉണർത്തിച്ചു:

"നമ്മുടെ സൃഷ്ടികളിലുയർന്ന സൃഷ്ടിയിതാ
നമ്മുടെയിഷ്ടം യഥാ സർവ്വതും തികച്ചിവൾ
നരരക്ഷയ്ക്കായ് എന്നോടൊന്നിച്ചു ക്ലേശിച്ചവൾ
നരജന്മത്തിനുള്ള പൊതുവാം ജന്മശാപം
നിഴലും തീണ്ടാതിവൾ ജനനം മുതൽ സർവ്വം
ഒന്നിച്ചു ദൈവവേലയനുഷ്ഠിച്ചതിനാലേ
ഒന്നിച്ചു സിംഹാസനേ സമ്മാനം കൊടുക്കണം"
(വരി 283-290).

ദൈവപുത്രന്റെ ഈ വാക്കുകൾ ഡിക്രിയായാണ് ഞാൻ വിശേഷിപ്പിച്ചിരിക്കുക. കന്യകാമറിയം സൃഷ്ടികളിൽ ഉയർന്ന സൃഷ്ടിയത്രേ. ദൈവത്തിന്റെ ഇഷ്ടം പൂർണ്ണമായും നിറവേറ്റിയവൾ. മാനവപരിത്രാണാർത്ഥം താൻ അനുഭവിച്ച പീഡകളൊക്കെയും തന്നോടൊന്നിച്ച് അമ്മയും സഹിച്ചു. അമലോത്ഭവയായി ജനിച്ച നാൾ മുതൽ ദൈവവേല അനുഷ്ഠിക്കുകയും ചെയ്തു. അതിനുള്ള സമ്മാനമായി അവളെ സിംഹാസനത്തിലിരുത്തണം.

തിരുമൊഴി ശ്രവിച്ചപ്പോൾ ദൈവപിതാവും പരിശുദ്ധാരൂപിയും സന്തോഷചിത്തരായിത്തീർന്നു. ദൈവസിംഹാസനത്തിനരികെ പുത്രനാം ദൈവത്തിന്റെ വലതുഭാഗത്ത് സിംഹാസനം സ്ഥാപിച്ച് നിത്യകാലത്തേക്ക് മതാവിനെ അവിടെ ഇരുത്തുകയും ചെയ്തു (വരി 292-294).

അമ്മ സ്വർഗ്ഗാരോപിതയായ നിമിഷത്തിൽ സെഹിയോൻ മന്ദിരം പ്രസാദിച്ചു തിളങ്ങിനിന്നു (വരി 308). മോക്ഷത്തിൽനിന്ന് വിശുദ്ധാത്മാക്കൾ സ്വർഗ്ഗീയപിതാവിന്റെ മൊഴികൾ ഭൂതലമെങ്ങും പരസ്യം ചെയ്തു:

"നമ്മുടെ സൃഷ്ടികളിൽ പ്രധാനസൃഷ്ടിപ്പായി
നമ്മുടെ സ്നേഹപുത്രിയിവളെന്നറിഞ്ഞല്ലോ
ഇതിതായെന്നേയ്ക്കുമായി നമ്മുടെ രാജ്യം തന്നിൽ
നാഥയായുയർത്തിനാം രാജ്ഞിയായ് മുടിചൂടി"

(വരി 313-316).

ദൈവപിതാവുതന്നെ കന്യകാമറിയത്തെ സൃഷ്ടികളിൽ പ്രധാന സൃഷ്ടിയായി അവരോധിക്കുന്നു! സ്നേഹപുത്രിയെന്ന സംജ്ഞ നൽകുന്നു! എന്നന്നേക്കും സ്വർഗ്ഗരാജ്യത്തിന്റെ നാഥയും രാജ്ഞിയുമായി മുടിചൂടിച്ച് മഹത്ത്വപ്പെടുത്തുന്നു!

ദിവ്യസുതൻ അമ്മയെ ഇപ്രകാരമാണ് സ്വാഗതം ചെയ്തത്:

"നരജന്മത്തിൻനാഥാ, മമ മാതാവും സ്ഥിരം
ഇതിതാ രാജ്യംനാമേ മമമാതാരാജ്ഞിയും"

(*അന്ത്യപാദം* വരി 41-42).

കന്യകാമറിയത്തിന് നൽകപ്പെട്ട വിശേഷണങ്ങൾ പരിചിന്തനവിഷയമാക്കുവിൻ. മറിയം നരജന്മത്തിൻ നാഥയാണ്; എന്നന്നേക്കും തിരുസുതന്റെ മാതാവാണ്; രാജാധിരാജനായ അവിടുത്തെ ജനനിയും രാജ്ഞിയുമാണവൾ.

പരിശുദ്ധാത്മാവും അടങ്ങിയിരിക്കുകയുണ്ടായില്ല. അവിടുന്ന് അരുൾച്ചെയ്തു: "കഴലപ്പെട്ടോൾ (വേദനിച്ചവൾ) മമമഹിഷി സ്നേഹ

മണവാട്ടിയും രാജ്ഞിയുമേ" (*അന്ത്യപാദം*, വരി 43-44). മറിയം പരിശുദ്ധാത്മാവിന്റെ അധിവാസത്താൽ ഗർഭിണിയായ നാൾമുതൽ 'കഴല'പ്പെട്ടോളായിരുന്നു. അക്കാര്യം ദിവ്യാരൂപി എടുത്തുപറഞ്ഞിരിക്കുന്നു. മൂന്നു പദവികളാണ് അമ്മയ്ക്ക് നൽകപ്പെടുക. മഹിഷി, സ്നേഹമണവാട്ടി, രാജ്ഞി. മറിയം മുടിചൂടിയ പ്രേയസ്സിയും സ്നേഹമണവാട്ടിയും സ്വർഗ്ഗീയരാജ്ഞിയുമാണെന്ന് പരിശുദ്ധാത്മാവ് വിളംബരം ചെയ്യുകയാണ്. അതിനുശേഷം പരിശുദ്ധ ത്രിത്വം അമ്മയെ "ഉദിതപ്രകാശത്തിൻകിരീടം ചൂടിച്ചു" (വരി 46). ഉദയസൂര്യന്റെ പ്രകാശമകുടം ചൂടിയവളായിത്തീർന്നു കർത്താവിന്റെ അടിയാട്ടി.

അപ്പോൾ ത്രിത്വദൈവത്തിന്റെ സ്വരം എങ്ങും മുഴങ്ങി:
"നമ്മുടെ സ്നേഹനാഥ നമ്മുടെ രാജ്യം സർവ്വം
രാജ്ഞിയും സർവ്വർക്കും നീ, ഒക്കെക്കും മേല്പ്പെട്ടവൾ
അപ്പഴൊതെളിവോടെ നിത്യമായ് ഭരിക്കനീ
ഉന്നതസ്തുതിയോഗ്യ നമ്മുടെ സമൂഹത്തിൽ
ഇന്നിതാ സ്ഥിതിചെയ്തു തന്നു കർത്തവ്യം ത്വയാ"
(*അന്ത്യപാദം*, വരി 49-54).

സ്രഷ്ടാവായ ദൈവം സൃഷ്ടിമാത്രമായവളെ "നമ്മുടെ സ്നേഹനാഥാ" എന്നാണ് അഭിസംബോധന ചെയ്യുന്നത്. സർവ്വാധിനാഥൻ ഒരു മനുഷ്യസ്ത്രീയെ നാഥയെന്ന് വിശേഷിപ്പിക്കുന്നത് അതിശയകരമല്ലേ? വെറും നാഥമാത്രമല്ല അവൾ; സ്നേഹത്തിന്റെ നാഥയാണ്. അതോടൊപ്പം സർവ്വരുടെയും രാജ്ഞിയായി ആ മേൽപ്പെട്ടവളെ അവിടുന്ന് നിയമിക്കുന്നു. നൽകിയിരിക്കുന്ന ഉന്നതപദവിയിൽ നിന്നുളവാകുന്ന തെളിവോടെ എന്നേക്കും വാഴുവാനും, നിത്യമായി സർവ്വരെയും ഭരിക്കുവാനും അധികാരപ്പെടുത്തുകയാണ് കാരുണ്യം തന്നെയായ ദൈവം. മറിയത്തെ ദൈവസമൂഹത്തിൽ 'ഉന്നതസ്തുതിയോഗ്യ' യായി പ്രകീർത്തിക്കുന്നു. ആ സ്ഥാനത്തിനനുസൃതം 'സ്ഥിതിചെയ്ത്' ഭരമേൽപിച്ച കർത്തവ്യം നിർവ്വഹിക്കണം. ആദ്യത്തെ ഹവ്വായും ആദവും സൃഷ്ടികളുടെ മേൽ അധികാരം നടത്തുവാൻ നിയോഗിതരായിരുന്നു. പക്ഷേ അവർ ആ ധർമ്മം നിറവേറ്റിയില്ല. പുതിയ ആദത്തിലാണ് ദൈവത്തിന്റെ ഉദ്ദേശ്യം പരിപൂർത്തിയടഞ്ഞത്. ഇപ്പോഴിതാ നിത്യകാലത്തോളം അധികാരം നടത്തുവാൻ പുതിയ ഹവ്വായ്ക്ക് അനുഗ്രഹം ലഭിക്കുന്നു! സ്വർഗ്ഗത്തിലെ രാജ്ഞിയായ അമ്മയുടെ ജോലി അവസാനിച്ചിട്ടില്ല; നിത്യതയോളം ആ ധർമ്മം നീളുകയാണ്. ഇതിർപ്പരം ഒരു ഭാഗ്യം ഒരു സൃഷ്ടിക്ക്

കൈവരുമോ? കന്യകാംബികേ അങ്ങേക്ക് ലഭിച്ച മഹനീയ സ്ഥാന ത്തെക്കുറിച്ച് ഞങ്ങൾ അഭിമാനിക്കുന്നു; ആമോദപൂർവ്വം അങ്ങയെ അനുമോദിക്കുന്നു. ഞങ്ങളുടെ നാഥയും രാജ്ഞിയുമായി അംഗീ കരിച്ചാദരിക്കുന്നു. പ്രിയ അമ്മേ, അമ്മയുടെ കർമ്മലീത്താ മക്കളായ ഈ അഗതികളിൽ സർവ്വാധികാരം നടത്തണേ.

6.6.5. മഹിമാവാർന്ന ജീവിതശൈലി

അമലോത്ഭവയായ അമ്മയെ ദൈവം എത്രത്തോളം ഉയർത്തിയോ, അത്രത്തോളം അവൾ സ്വയം താഴ്ത്തുന്ന വിസ്മയ നീയകരമായ ദൃശ്യമാണ് നമ്മൾ തുടർന്ന് കാണുക.

6.6.5.1. കർത്താവിന്റെ അടിയാട്ടി

ദൈവമാതാവാകാനുള്ള ആഹ്വാനത്തിന് "ഇതാ ഞാൻ കർത്താവിന്റെ അടിയാട്ടി! തിരുഹിതംപോലെ എന്നിൽ ഭവിക്കട്ടെ!" (ലൂക്കാ 1:38) എന്ന ഉദീരണം വീണ്ടും വീണ്ടും ആവർത്തിക്കുന്ന തിൽ അമ്മ ആനന്ദം കണ്ടെത്തി. "മഹത്ത്വത്തിന്റെ മുഹൂർത്തങ്ങൾ" എന്ന ശീർഷകത്തിൽ ചില ഉദാഹരണങ്ങൾ നൽകിയല്ലോ. താൻ കർത്താവിന്റെ അടിയാട്ടി മാത്രമാണെന്ന സത്യം താഴെ പറയുന്ന സന്ദർഭങ്ങളിൽ അമലമനോഹരി ഉദ്ഘോഷിക്കുന്നുണ്ട്.

- തന്റെ ഇഹലോകവാസദിനങ്ങൾ വസ്തലസുതൻ ചുരുക്കിയിരി ക്കുന്നുവെന്ന മംഗളവാർത്ത ഗബ്രിയേൽ ദൈവദൂതൻ അറിയിച്ച പ്പോൾ അവൾ മൊഴിഞ്ഞു:

> "കർത്താവിന്റെ *ദാസി*യിതാ നിന്നുടെ വചനം പോൽ
> പേർത്തെനിക്കായിടട്ടെ..." (XI/281-282)

- ത്രിത്വദൈവം എഴുന്നള്ളിയപ്പോൾ കുമ്പിട്ടുകൊണ്ട് അമ്മ ഉണർത്തിച്ചു:

> "എത്രയും സ്തുതിയോഗ്യ, നിത്യദൈവമേ, സ്വാമീ
> എത്രയും നീചപുഴു പൊടിയായിടും *ദാസീ*"
> (XI/439-440).

- തുടർന്നുള്ള അർത്ഥനയിൽ:

> "നിന്നുടെ ദയയാൽ ലോകേ*ദാസി*യാം മമാനിഷ്ടം....
> നന്മയ്ക്കായ് ശുദ്ധ പള്ളി അമ്മയ്ക്കും വച്ചേൻ*ദാസി*"
> (XI/473,478).

- കർത്താവിന്റെ പ്രതിപുരുഷനായ പത്രോസിന്റെ മുൻപിൽ മുട്ടു കുത്തിക്കൊണ്ട് ചൊല്ലി:

> "മേൽപ്പെട്ട ദൈവംതന്റെ ദയയാൽ *ദാസി*യുടെ

കീഴ്പ്പെട്ട എളിമയെ പാർത്തുതാൻ കരുണയാൽ
പലലോകത്തിനുള്ള കടപ്പിൽ (പ്രവേശനം)
തുണപ്പാനായ്
ഗുരുവെ അയച്ചതിൽ സ്ഥിതിചെയ്യുന്ന *ദാസി*" (XIII/31-34).

- സഭാസമൂഹത്തോട് സ്വയം വിശേഷിപ്പിച്ചത് താൻ അവരുടെ "*ശുശ്രൂഷദാസി*" എന്നാണ് (XII/94).

- അന്ത്യയാത്രയ്ക്കുമുൻപ് പത്രോസിന്റെ മുൻപിൽ മുട്ടുകുത്തി ആചാരപൂർവ്വം വാഴ്വിനായി അപേക്ഷിച്ചു:

"ഇതാ നിൻ*ദാസി*യഹം വാഴുവേ കേണീടുന്നു
ഇതുമെന്നിയേ മമജീവിതകാലം സർവ്വം
മതിയാൽ മമ ചെയ്ത കുറച്ചിൽ പൊറുക്കണം
തരണം പരലോകേ ചെയ്യുവാൻ *ദാസി*ക്കിപ്പോൾ
തരണം നിങ്ങൾ സർവ്വർ മനസ്സാലനുവാദം"
(XII/108-112).

- ഏതുതരത്തിലുള്ള അന്ത്യമാണ് അഭിലഷിക്കുന്നതെന്ന് ദിവ്യനന്ദനൻ ചോദിച്ചപ്പോൾ അമ്മ ഉരചെയ്തു:

"എന്നുടെ സ്നേഹസുതൻ നാഥനേ മമദേവാ
നന്ദനൻ നീയേ, *ദാസി*യാഗ്രഹം കേട്ടീടണമേ
മാതൃവും *ദാസി*തവ ആദത്തിൻ പുത്രി പുഴു"
(XII/170-172).

ദൈവകുമാരൻ തന്റെ സ്നേഹസുതനാണെന്നതുപോലെ നാഥനും എന്റെ ദേവനുമാണ്. ദിവ്യസന്നിധിയിൽ താൻ ദാസി മാത്രം; ആദത്തിന്റെ പുത്രിയും പുഴുവും തന്നെ.

അടിയാട്ടിയായ അമ്മ മനുഷ്യകുലത്തിൽനിന്ന് താഴ്ന്ന് പുഴു (XII/172) നീചപുഴു (XI/440) പൊടി (XI/440; XII/176) എന്നൊക്കെയാണ് സ്വയം വിശേഷിപ്പിക്കുക. ജന്തുലോകത്തിലെ ഏറ്റവും അധമജീവി പുഴുവാണല്ലോ. 'നീചപുഴു' എന്ന സംജ്ഞ അതിലും താഴ്ന്നതാണ്. വീണ്ടും വിനയത്തിന്റെ അഗാധഗർത്തത്തിൽ പ്രവേശിച്ചുകൊണ്ട് 'പൊടി'യെന്ന് അഭിസംബോധന ചെയ്യാനും അമ്മ മടിക്കുന്നില്ല.

അടിയാട്ടിയുടെ സ്ഥായിയായ സ്ഥിതിവിശേഷം മുട്ടുകുത്തലും (X/348;XI/6; XII/29,86,103), കുമ്പിടലും (X/200; XI/372,438) വന്ദനവും (XI/194,392,4442; XII/168), സാഷ്ടാംഗപ്രണാമവും (X/32,72,112; XI/90,94-96,195,202,349,371,426; XII/14, 149) പാദചുംബനവും

(XI/119,150) മാണ്. എല്ലായ്പോഴും നന്ദി പ്രകാശിപ്പിക്കുന്നവളാണ് കർത്താവിന്റെ അമ്മ (X/29; XII/126).

എളിമ, താഴ്മ എന്നീ പദങ്ങൾ അമലമനോഹരിയുടെ അധരങ്ങളിൽ സദാ നിറഞ്ഞുനിന്നിരുന്നു.

- ഉത്ഥിതനോടൊത്ത് വിശുദ്ധഗണം അമ്മയ്ക്ക് പ്രത്യക്ഷമായപ്പോൾ "എത്രയും എളിമയാൽ സാഷ്ടാംഗം ചെയ്തവരെ" (X/32).
- സ്വർഗ്ഗാരോഹണത്തിനുമുൻപ് പ. ത്രിത്വം എഴുന്നുള്ളിയപ്പോൾ

"വിസ്മയ എളിമയാൽ മൂലയിൽ സാഷ്ടാംഗമായ്
വീണുടൻ കുമ്പിട്ടമ്മ ഭീതിപോൽ മുഖം ധരെ
വീണു താഴ്ത്തിക്കൊണ്ടമ്മ വന്ദിച്ചു മഹാഭക്ത്യാൽ"
(X/72-74).

- എഫേസൂസിൽ പോകുവാൻ അറിയിപ്പ് ലഭിച്ചപ്പോൾ

"എളിമയാൽ നാഥതന്റെ മനസീശിഷ്യൻപക്കൽ
ചൊൽവിളി നിമിത്തമായ് വഴക്കി സമ്മതിച്ചു"
(X/189-190).

- പത്രോസിനോട് കന്യകാമറിയം ഉദീരണം ചെയ്തു: "ദയാനിധിയായ ദൈവം തന്റെ ദാസിയുടെ കീഴ്പ്പെട്ട എളിമയെ കാരുണ്യപൂർവ്വം തൃക്കൺപാർത്തു" (XII/31-32).
- പത്രോസിനെയും കൂട്ടരെയും കണ്ടപ്പോൾ അമ്മ "എത്രയുമെളിമയാലിങ്ങനെയരുൾച്ചെയ്തു" (XII/92).
- ദിവ്യനന്ദനൻ സ്വർഗ്ഗവാസികളോടും മാലാഖവൃന്ദത്തോടുംകൂടെ എഴുന്നുള്ളിയപ്പോൾ അമ്മ "എത്രയും എളിമയാൽ കുമ്പിട്ടു മുത്തിപാദം" (XII/150).

അമ്മയുടെ സ്വാഭാവികശൈലിയിൽപെടുന്നതാണ് താഴ്ച, താഴ്മ എന്നീ പദങ്ങളും.

- എഫേസൂസിൽ ചെന്നപ്പോൾ സഭാമാതാവിന് എല്ലാവിധ സുഖസൗകര്യങ്ങളും ചെയ്തുകൊടുക്കുവാൻ സമൂഹം സന്നദ്ധമായി. അപ്പോൾ

"*താഴ്ച*യെ തേടിടുന്ന അമ്മയുമതിലൊരു
*താഴ്മ*യുള്ളൊരു വീടും കൈക്കൊണ്ടു തനിക്കായ്"
(XI/255-256).

- ദിവ്യകാരുണ്യസ്വീകരണത്തിനുമുൻപ് അമ്മ നന്നായി ഒരുങ്ങിയിരുന്നു. തലേ രാത്രിതന്നെ പല പ്രാവശ്യം സാഷ്ടാംഗം പ്രണമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു (XI/87-92).

"ഇങ്ങനെയുള്ള ധ്യാനാലുണ്ടാകും നെടുവീർപ്പും
അങ്ങവർക്കുള്ള താഴ്മയൊക്കെയും സൂക്ഷിക്കയിൽ"
(XI/99-100).

- കന്യകാംബിക കുർബ്ബാന കൈക്കൊള്ളുന്നതിനുമുൻപ് മൂന്നു പ്രാവശ്യം കുമ്പിടുകയും, അതിനുശേഷം മൂന്നുപ്രാവശ്യം "കൈകാലുനിലത്തു ചേർത്താരാധിച്ചിടും പുത്രം" (വരി 96). അത്ര താഴ്മയുള്ള മനോഭാവമാണ് അമലോത്ഭവയായവൾക്കുണ്ടായിരുന്നത്.

6.6.5.2. രക്ഷാനുഭവരൂപിണി

ഉത്ഥാനമഹത്ത്വത്തിൽ ജീവിതം നയിച്ചിരുന്നവൾ പീഡാനുഭവസംഭവം സ്വന്തമാക്കുന്നതിൽ തല്പരയായിരുന്നു. കർത്താവിന്റെ പങ്കപ്പാടിനെക്കുറിച്ച് ധ്യാനിക്കുകയും ആ പുണ്യഭൂമി സന്ദർശിച്ച് കുരിശിന്റെ വഴി പുനർജീവിക്കുകയും ചെയ്തിരുന്നു വ്യാകുലാംബിക. അമ്മയ്ക്ക് ഉത്ഥാനസംഭവത്തെ പങ്കപ്പാടിന്റെ രഹസ്യത്തിൽനിന്ന് വേർതിരിക്കാൻ കഴിയുമായിരുന്നില്ല. ഒന്ന് മറ്റൊന്നിലേക്ക് നയിക്കുന്നുവെന്ന സനാതനസത്യം കന്യകാമറിയം അനുഭൂതിയാക്കി പകർത്തി.

"സർവ്വനേരവും സ്നേഹപുത്രന്റെ ദുഃഖാദികൾ
സർവ്വചിത്താധീ സ്മരണകളും മഹാഭക്തി
പുത്രദുഃഖങ്ങൾപാടും, കൾത്തൂണും ചമ്മട്ടികൾ
എത്രയും കൂർത്തിട്ടുള്ള മുൾമുനച്ചവളവും
ഒക്കെയും മാതാവ് തന്നുള്ളതിൽ കൊള്ളുംവണ്ണം
ഓർക്കതെന്നെയുമല്ല ഏൽക്കുന്നൂചങ്കിൽശക്തി
കുരിശിൽ പുത്രൻ സഹമരണം സ്മരണത്താൽ
കുരിശേന്തിടാതരക്ഷണനേരവുമില്ല
കൺകളാൽ പുത്രദുഃഖം സകലം പ്രത്യക്ഷവും
കർണ്ണത്താൽ ശത്രുദുഷിവാക്കുൾ കേട്ടീടുന്നു
കുരിശിൽ തൂങ്ങുംവണ്ണം കൈകളെ വിരിക്കുന്നു
കുതികാൽ മടക്കുന്നു മുട്ടുകൾ കുത്തീടുന്നു
സാഷ്ടാംഗം ചെയ്തുകൊണ്ടും പ്രാർത്ഥന ബഹുദുഃഖാൽ
സോപ്പതിൽ സഹിച്ചിതനോർമ്മയാൽ വിയർത്തിടും
വാർത്തിടും രക്താശ്രുക്കൾ സ്വേദവുമതുധരെ
പേർത്തുമങ്ങതിനാലേ കൂർത്തുള്ള കുന്തമുന
ചങ്കതിൽ കടന്നിട്ടു വ്രണങ്ങൾ വർദ്ധിപ്പിക്കും
ശക്തിയുമറ്റുവീഴും നിൽപ്പാനും വശഹീനാൽ"
(XI/57-74).

പുത്രന്റെ പങ്കപ്പാടുകൾ ധ്യാനവിഷയമാക്കുക മാത്രമല്ല മാതാവ് ചെയ്തത്. അവ തന്റെ ശരീരത്തിലും ആത്മാവിലും അവൾ അനുഭവിച്ചു. സദാസമയവും ആ വ്യാകുലങ്ങളിൽ മുഴുകിക്കഴിഞ്ഞു ദിവ്യജനനി. അവസാനം ശക്തി ക്ഷയിച്ച് നിലത്തുവീണിരുന്നു. സ്നേഹസുതൻ വന്നാണ് ചങ്കിലെ മുറിവും മറ്റും സുഖപ്പെടുത്തിയിരുന്നത് (വരി 77-78).

അനുദിനമുള്ള ഈ വ്യാകുലാനുഭവം കൊണ്ടു മാത്രം സ്നേഹജനനി തൃപ്തിപ്പെട്ടില്ല. കർത്താവ് തനിക്ക് നൽകിയ പുത്രനായ യോഹന്നാന്റെ അനുവാദം വാങ്ങി കാൽവരിഗിരിയിൽ അണയുകയായി അവൾ.

"ഇങ്ങനെചെന്നു ഗിരിഗാഗുൽത്താമുകളേറി
മംഗലസ്ഥലങ്ങളെ വന്ദിച്ചു മഹാഭക്ത്യാ
പിന്നെയുമതിൽ സുതൻസഹിച്ച ദുഃഖങ്ങളും
ഉന്നതപ്രവൃത്തിയുമൊക്കെയും ധ്യാനിച്ചമ്മ
സാഷ്ടാംഗം ചെയ്തു ദുഃഖാൽ പ്രാർത്ഥിച്ചെന്ന
തുനേരം....." (XI/345-349).

ഇപ്രകാരം രക്ഷാനുഭവത്തിന്റെ സജീവമായ അനുസ്മരണം വഴി സഹരക്ഷകയെന്ന മഹോന്നതസ്ഥാനം ജീവിക്കുകയായിരുന്നു മഹത്ത്വപൂർണ്ണയായവൾ.

6.6.5.3. നാഥയും ഭക്തയും

തിരുസഭയുമായുള്ള അമ്മയുടെ ബന്ധത്തിന് ദ്വിവിധ തലമുണ്ടായിരുന്നു, അധിപയുടെയും, അധീനയുടെയും. സഭയെ നയിച്ചു; അതേസമയം സഭാധികാരികൾക്ക് വിധേയയായും വർത്തിച്ചു.

6.6.5.3.1. സഭാനാഥ

തിരുസഭയെ പരിപാലിക്കുവാനുള്ള ഉത്തരവാദിത്തം അമ്മയ്ക്ക് ലഭിച്ചു. ദൈവപിതാവ് ഇപ്രകാരം കല്പിച്ചു:

".....മകളേ നിൻ
പുത്രനാം മമസുതൻ ഭൂലോകമതിലിപ്പോൾ
പുത്തനായ് സ്ഥാപിച്ചൊരു പള്ളിയാം വിശ്വാസികൾ
നിന്നുടെ അനുകൂലാൽ വളർന്നു പെരുകുവാൻ
നിന്നുടെയാശ്രയത്തിൽവച്ചു നാമേൽപ്പിക്കുന്നു"
(X/80-84).

ദിവ്യനന്ദനനും മാതാവിനെ "മന്നിലെ പള്ളിയമ്മ"യായി അവരോധിക്കുന്നുണ്ട് (XI/401). സഭാംബിക "ശുദ്ധമാതാവാം പള്ളിക്കായ്

വന്ദനം ചെയ്തുപുത്രം." സഭയ്ക്കുവേണ്ടി പുത്രനെ പ്രണമിക്കുകയാണ് ദിവ്യജനനി. താൻ ഭരമേറ്റ കർത്തവ്യം സസന്തോഷം അമ്മ നിർവ്വഹിക്കുന്നുണ്ട്. സഭയ്ക്കുവേണ്ടി അവൾ സദാ പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ഏതാനും പാഠങ്ങൾ ഉദ്ധരിക്കട്ടെ:

"അമ്മയുമെന്നേരവും പുത്രന്റെയാട്ടിൻകൂട്ടം
ഒന്മയാൽ പാലിക്കുന്നു, എപ്പോഴും പ്രാർത്ഥിക്കുന്നു"
(X/139-140).

- സഭയുടെ ശത്രുവായ ലൂസിഫെറും കൂട്ടരും അവൾക്കെതിരായി അണിനിരന്നപ്പോൾ

"അമ്മയുമിതൊക്കെവേ കണ്ടറിഞ്ഞതിനാലേ
നന്മയ്ക്കായ് തിരിപ്പാനായ് പ്രാർത്ഥിച്ചുദയാപുത്രം
കേട്ടുടൻ സ്നേഹപുത്രൻ പ്രാർത്ഥന മാതാവിന്റെ....."
(X/151-153).

- സഭാപീഡകനായ സാവൂൾ പൗലോസായിത്തീർന്നപ്പോൾ സഭാംബിക ചെയ്തതെന്തെന്നോ?

"അമ്മയുമുടൻ തന്റെ മക്കൾക്കും തുണയ്ക്കിയാൾ
നന്മയായ് ഭവിപ്പാനായ് പ്രാർത്ഥിച്ചു തോഷിപ്പിച്ചു"
(X/165-166).

സഭയുടെ തീക്ഷ്ണതയേറിയ പ്രേഷിതനും സഹായിയും ആയിത്തീരാൻ പുതുതായി മാമ്മോദീസാ സ്വീകരിച്ചവനുവേണ്ടി മറിയം പ്രാർത്ഥിച്ചു; പുതിയ വേദം സ്വീകരിച്ചവനെ സന്തോഷിപ്പിക്കുകയും ചെയ്തു.

- യാക്കോബ്ശ്ലീഹാ രക്തസാക്ഷിത്വം കൈവരിക്കുന്നതിനുമുൻപ് അദ്ദേഹത്തെ സന്ദർശിച്ച് ശക്തി പകരുന്നുണ്ട്. തുടർന്ന് മതപീഡനം വർദ്ധിച്ചപ്പോൾ

"അമ്മയും മുട്ടിപ്പാലേ പ്രാർത്ഥിച്ചു പിശാചിനെ
അംബരമതിൽനിന്ന് താഴ്ത്തിയാപാതാളത്തിൽ"
(X/297-298).

- സഭാസമൂഹത്തെ സമാശ്വസിപ്പിക്കുവാൻ കടൽയാത്ര ചെയ്തപ്പോൾ സാത്താൻ വിദ്വേഷപൂർവ്വം കപ്പൽ മുക്കിക്കളയുവാൻ യത്നിച്ചു. ഭീതിപൂണ്ട ജോലിക്കാർ കടലിൽ ചാടാൻ ഒരുങ്ങുകയായി. അപ്പോൾ

"അമ്മയുമനുകൂലാൽ ഒണ്മയാം ധ്യാനത്തോടെ
അന്തരംഗത്തിൽ പുക്കുപാർത്തുകൊണ്ടതിൻഘോരം

പ്രാർത്ഥിച്ചു വഴിയാത്രക്കാർക്കായി മഹാഭക്ത്യാ
പാർത്തിതു നിമിത്തമാമെത്രയും ദയവോടെ"
(X/391-394).

എല്ലാം ധ്യാനപൂർവ്വം വീക്ഷിച്ചുകൊണ്ടിരുന്ന സഭാംബിക ദയാർദ്ര യായി മഹാഭക്തിയോടുംകൂടെ പ്രാർത്ഥിച്ചു.

- റോമായിൽ മതപീഡനം കൊടുമ്പിരികൊണ്ടപ്പോൾ പത്രോസ്ശ്ലീഹാ മാതാവിന്റെ സഹായം തേടി. അപ്പോൾ സഭാംബിക അദ്ദേഹത്തെ ആളയച്ചുവരുത്തി പ്രാർത്ഥിക്കുകയും ദിവ്യസുതന്റെ ശക്തി പ്രദാനം ചെയ്തു (XI/48-54). ഇങ്ങനെ പുത്രന്റെ സഭയെ പ്രാർത്ഥനാപൂർവ്വം അമ്മ ഭരിച്ചുകൊണ്ടിരുന്നു (വരി 55-56).

- പാപികളെപ്രതി സ്വപുത്രന്റെ സന്നിധിയിൽ ദിവ്യജനനി മഹാഭക്തിയോടെ പ്രാർത്ഥിച്ചിരുന്നു. ഒരു ആത്മാവ് നഷ്ടപ്പെടുന്നതിൽ ആ സഹരക്ഷക അത്യന്തം ദുഃഖിച്ചു. അവരുടെ രക്ഷയ്ക്കായി തപസ്സുചെയ്തു (XI/257-262).

- പരിശുദ്ധഅമ്മയായ സഭയ്ക്കുവേണ്ടി സ്വപുത്രനോട് പ്രാർത്ഥിക്കുന്ന അമ്മയെ XI/391-393 ൽ കാണാനാകും.

- കന്യകാംബികയുടെ പ്രാർത്ഥനാമണ്ഡലം സഭയിൽ മാത്രമായി ഒതുങ്ങിനിന്നില്ല. ഭൂവാസികളെല്ലാം സത്യദൈവത്തെ സ്തുതിക്കാൻ അവൾ മഹാപേക്ഷ തന്നെ നടത്തി (XI/480-484).

- തന്റെ മരണപത്രിക എഴുതിയശേഷം അമ്മ "തിങ്ങിനസ്നേഹത്തോടെ പുത്രനെ പ്രാർത്ഥിപ്പതും" (XII/2).

- ഉത്ഥിതൻ പ്രത്യക്ഷപ്പെട്ടപ്പോൾ രക്ഷാനാഥന്റെ അമ്മ പരേതാത്മക്കളെയോർത്ത് പ്രാർത്ഥിക്കുകയാണ് ചെയ്തത്. അവളുടെ അപേക്ഷ അവിടുന്ന് കൈക്കൊള്ളുകയും ചെയ്തു (XI/60-64).

സഭാനാഥ ആവശ്യങ്ങളിൽ സാരോപദേശങ്ങളും സഹായങ്ങളുമായി രംഗത്തണയുന്നുണ്ട്.

- അപകടാവസ്ഥയിൽ തന്റെ പക്കലണഞ്ഞ യോഹന്നാൻ ശ്ലീഹായെ കന്യകാംബിക ഇപ്രകാരം ധൈര്യപ്പെടുത്തി:

"..... ഖേദിക്കവേണ്ട സുതാ,
ഇക്കാലം യുദ്ധത്തിന്റെ കാലമെന്നറിക നീ
കെൽപ്പോടെ യുദ്ധം ചെയ്വാൻ നീതിയും നാഥൻ പ്രതി
എങ്കിലുമൊരുജനം മുടിഞ്ഞീടുകയില്ല
ശങ്കിക്കവേണ്ട നാഥൻ തുണയ്ക്കും സുനിശ്ചയം"
(X/400-404).

- മരണവേളയിൽ സമൂഹത്തെ അമ്മ ഇപ്രകാരം ഉപദേശിച്ചു:

"ആണ്ടവൻ ദൈവപുത്രൻ നമ്മുടെ സ്നേഹസുതൻ
താനെന്നെ പഠിപ്പിച്ചുവെന്നപോൽ സ്നേഹിക്കുന്നേൻ
തന്നുടെ മക്കൾ നിങ്ങളെന്നപോൽ തമ്മിൽതമ്മിൽ
സ്നേഹമെന്നിതു തന്നെ സർവ്വർക്കുംഭാഗംയമുക്തി
സ്നേഹരാജ്യത്തിൽ ഞാനുമോർത്തിടും'നിങ്ങൾ സർവ്വം'"
(XII/129-133).

സഭയിൽ കന്യകാജീവിതത്തിന് മഹിതേശ്വരിയാണ് ആരംഭംകുറിച്ചത്. ഡയാനദേവിയുടെ പൂജാരണികളിൽ നിഷ്ക്കളങ്കരായിരുന്ന കന്യകമാരെ അമ്മ സ്വീകരിച്ച് വളർത്തുകയും, പഠിപ്പിക്കുകയും, ജീവിതചര്യ സ്വന്തകരങ്ങളാൽ എഴുതിക്കൊടുക്കുകയും ചെയ്തു (X/318-326).

6.6.5.3.2. സഭാഭക്ത

കർത്താവിന്റെ അമ്മ സഭയുടെ നാഥയായി വർത്തിച്ചപ്പോഴും അധികാരികളെ ബഹുമാനിക്കുകയും വണങ്ങുകയും അവരെ പൂർണ്ണമായി അനുസരിക്കുകയും ചെയ്തിരുന്നു. പത്രോസ് പൗലോസ് യോഹന്നാൻ ശ്ലീഹന്മാരോടുള്ള ദിവ്യജനനിയുടെ വർത്തനം ശ്ലാഘനീയമാണ്. മരണത്തിനു മുൻപ് ശ്ലീഹന്മാരെ കാണുവാൻ അമ്മ ആഗ്രഹിച്ചപ്പോൾ ദിവ്യസുതൻ ആ അഭിലാഷം നിറവേറ്റിക്കൊടുത്തു. പത്രോസ്ശ്ലീഹാ വരുന്നെന്നറിഞ്ഞപ്പോൾ മറിയം അദ്ദേഹത്തെ എതിരേറ്റതെങ്ങിനെയെന്നോ? വാതിലിനരികിൽ മുട്ടുകൾ കുത്തി വാഴ്വ് നൽകുവാൻ പ്രാർത്ഥിച്ചു. തന്റെ സ്വർഗ്ഗദേശത്തേക്കുള്ള പ്രവേശനത്തിന് തുണയേകുവാൻ ഗുരുവരനായ അദ്ദേഹത്തെ അയച്ചതിൽ അവൾ ദൈവത്തെ സ്തുതിക്കുകയും വന്ദിക്കുകയും ചെയ്തു. തുടർന്ന് പത്രോസ് ശ്ലീഹായുടെ വാഴ്വ് സ്വീകരിച്ചു (XII/29-36).

എഫേസൂസിലേക്ക് പോകണമെന്ന് ദിവ്യനന്ദനൻ കല്പിച്ചപ്പോൾ പത്രോസ് ശ്ലീഹായുടെ അനുവാദം അപേക്ഷിക്കുകയാണ് ആ വിനയാന്വിത ചെയ്തത്. ചൊൽവിളി നിമിത്തമായാണ് അതിനൊരുങ്ങിയത് (X/187-190).

അമ്മയുടെ വലിയൊരു ആഗ്രഹമായിരുന്നു, കർത്താവ് രക്തംചിന്തിയ ഗദ്സെമേൻ തോട്ടത്തിൽചെന്ന് വന്ദനം ചെയ്യണമെന്നത്. എങ്കിലും, ചൊൽവിളിയെന്ന പുണ്യത്തെപ്രതി പത്രോസ് ശ്ലീഹായുടെ പക്കലണഞ്ഞ് വിധേയപൂർവ്വം മുട്ടുകൾ കുത്തുകയും അദ്ദേഹത്തിന്റെ കരങ്ങൾ ചുംബിക്കുകയും ചെയ്തുകൊണ്ട് അനുവാദം

ചോദിച്ചു (XI/1-8). ആ വിനീതകർമ്മത്തിൽ തുരുസുതൻ പ്രസാദിച്ചു (XI/13-18).

അന്ത്യദിനങ്ങളിൽ ശ്ലീഹന്മാർ ഒന്നിച്ചുകൂടിയപ്പോൾ ചൊൽവിളിയെപ്രതി അമ്മ അവരുടെ പക്കലണഞ്ഞ് മുട്ടുകുത്തി വലിയ ആചാരപൂർവ്വം പത്രോസിനോട് മൊഴിഞ്ഞു: അങ്ങാണ് ഗുരുവും ശ്രേഷ്ഠനും സഭയുടെ ശിരസ്സും. അതിനാൽ അങ്ങയുടെ ദാസിയായ ഞാൻ വാഴ്വിനായി അപേക്ഷിക്കുന്നു. ജീവിതകാലത്ത് ചെയ്ത തെറ്റുകളൊക്കെ എന്നോടു പൊറുക്കണം. സ്വർഗ്ഗലോകത്തിലേക്ക് യാത്ര ചെയ്യുവാൻ അനുവാദം നൽകണം. മാത്രമല്ല മരണപത്രികയിൽ എഴുതിയ പ്രകാരം ചില സമ്മാനങ്ങൾ നൽകുവാൻ സമ്മതിക്കണം. ഇത്രയും പറഞ്ഞശേഷം അമ്മ പത്രോസിന്റെ പാദങ്ങൾ ചുംബിച്ചു (XII/101-120).

പൗലോസ്ശ്ലീഹായെയും അത്യധികം ആദരിക്കുന്നുണ്ട് അമ്മ.

"എന്നതിൻവണ്ണംതന്നെ വന്ദനാംപൗലോസിന്നും
വന്ദനവഴക്കവും ചെയ്തമ്മ മഹാമോദാൽ"

(XII/37-38).

തന്റെ പുത്രനായിത്തീർന്ന യോഹന്നാൻ ശ്ലീഹായോടും ദിവ്യജനനീ ചൊൽവിളി കാട്ടുന്നു. അദ്ദേഹം നിർദ്ദേശിച്ചതുപോലെ വിശുദ്ധ കുർബ്ബാന സ്വീകരിക്കുവാൻ ആ വിനയാന്വിത തയ്യാറായി (XI/169-172).

പ്രിയ മക്കളേ, ഈശോയുടെ സഭയോട് ഞാൻ കാണിച്ചതുപോലെ നിങ്ങളും വിശ്വസ്തത പുലർത്തുവിൻ. സഭാധികാരികളിൽ കർത്താവിനെ തന്നെ ദർശിച്ച് ചൊൽവിളിയുള്ളവരാകുവിൻ.

6.6.5.4. ദരിദ്രയും അദ്ധ്വാനശീലയും താപസ്സിയും

മഹത്ത്വപൂരിതനായ ഉത്ഥിതന്റെ ഭൗമികനിദർശനമായിരുന്നിട്ടും അമ്മ ദരിദ്രരിൽ ദരിദ്രയായി ജീവിച്ചു; കൈകൊണ്ട് അദ്ധ്വാനിച്ചു; തപോജീവിതം കഴിച്ചു.

6.6.5.4.1. ദരിദ്ര

- എഫേസൂസിലേക്ക് യാത്രയ്ക്കൊരുങ്ങിയ അമ്മയ്ക്ക് ജറുസലെം നിവാസികൾ ധാരാളം കാഴ്ചകൾ സമർപ്പിച്ചെങ്കിലും

"ദരിദ്രയായൊരമ്മ ഒന്നുമേ കൈയേൽക്കാതെ
ദരിദ്രർക്കടുത്തൊരു വാഹനം മാത്രമേറ്റു"

(X/219-220).

വാഹനമില്ലാതെ യാത്ര ചെയ്യാനാകയില്ലല്ലോ. അതുകൊണ്ട് താൻ ഒന്നുമല്ലെന്നും, തനിക്കൊന്നുമില്ലെന്നുമുള്ള സത്യം ജീവിച്ച അമ്മ വാഹനംമാത്രം കൈക്കൊണ്ടത്, അതും ദരിദ്രർക്കടുത്തൊരു വാഹനം.

- തന്നെ കാണുവാനെത്തിയ ധനവാന്മാർ
"അണച്ചുബഹുദ്രവ്യം പട്ടുപട്ടാളികളും
ഗുണപ്രധാനരത്നമണിമാണിക്യങ്ങളും"
(XI/115-116).

ആ ആഢംബരവസ്തുക്കളെല്ലാം അമ്മ 'വെറുത്തു ത്യജിച്ചു.' തന്റെ ദാരിദ്ര്യരൂപിക്കും ലാളിത്യജീവിതത്തിനും ചേർന്നതായിരുന്നില്ല അവ യെന്നതായിരുന്നു കാരണം. എങ്കിലും കാഴ്ചവച്ചവർക്ക് വിഷമം തോന്നാതിരിക്കാൻ ചിലതെടുത്ത് വിശുദ്ധ വസ്ത്രങ്ങൾ ചമച്ചു; ബാക്കിയുള്ളവ വിറ്റ് ആ ധനം നിർധനർക്ക് വിതരണം ചെയ്തു (വരി 117-124).

- ദരിദ്രയായ ദൈവധനസമ്പന്ന വളരെ ബുദ്ധിമുട്ടിയാണ് ജീവിതം നയിച്ചിരുന്നത്: "തിങ്ങിന അരിഷ്ടത്താൽ ക്ലേശിച്ചു വരുംകാലം" (XI/126).

6.6.5.4.2. അദ്ധ്വാനശീല

മരപ്പണിക്കാരനായിരുന്നല്ലോ കർത്താവ്. അവിടുത്തെ അനുകരിച്ചുകൊണ്ട് അമ്മയും കരവേല ചെയ്തു.

- തന്റെ കൈകളാൽ കന്യകകൾക്കുള്ള ജീവിതചട്ടം എഴുതിയുണ്ടാക്കി (X/325-326).
- ശിഷ്യന്മാർക്കുവേണ്ടി നൂലുകൾ നെയ്ത് ഉടുപ്പുണ്ടാക്കിക്കൊടുത്തു (XI/29-31).
- "...ഭക്ത്യാൽ പൂജ
എന്നതിനുള്ള വസ്തുവസ്ത്രാദികളിന്മേലും
ഇതിനായുള്ള വേലയൊക്കെയും മുട്ടുകുത്തി
ചെയ്തിടും നടത്തിടും ബഹുഭക്തിയാൽ നാഥാ
നെയ്തിടും കരങ്ങളാൽ അൾത്താരയ്ക്കുള്ളകൂട്ടം"
(XI/105-110).

കുർബ്ബാനയ്ക്കുള്ള തിരുവസ്ത്രങ്ങളും അൾത്താരശീലകളും മറ്റും മുട്ടുകുത്തി നിന്നുകൊണ്ടാണ് അത്യന്തം ഭക്തിയോടെ ദിവ്യകാരുണ്യനാഥ നെയ്തെടുത്തത്. അദ്ധ്വാനശീലം മാത്രമല്ല അമ്മയിൽ നാം കാണുക. ജോലി പൂജ്യതയോടും ഭക്തിയോടുംകൂടെ നിർവ്വഹിച്ചു

കൊണ്ട് അത് ആരാധനയായി പകർത്തുകയാണ് ദിവ്യജനനി.
- തന്റെ അന്ത്യദിനങ്ങളിൽ സന്നിഹിതരാകണമെന്ന് ശിഷ്യന്മാരെ സ്വന്തകയ്യക്ഷരത്തിൽ എഴുതി കന്യകാംബിക അയച്ചുകൊടുത്തു (XI/292-293).

അമ്മയുടെ മാതൃകയനുസരിച്ച് പൗലോസ്ശ്ലീഹായും അദ്ധ്വാനിച്ചാണ് അപ്പം ഭക്ഷിച്ചിരുന്നത് (നട 18:3). തന്റെ ലേഖനങ്ങളിൽ അദ്ദേഹം സഭാസമൂഹങ്ങൾക്ക് എഴുതി: ''സ്വന്തം കൈകൾകൊണ്ട് ഞങ്ങൾ അദ്ധ്വാനിക്കുന്നു" ((1 കോറി 4:12); "സ്വന്തം കരങ്ങൾകൊണ്ട് ജോലി ചെയ്യുവിൻ" (1 തെസ 4:11); "തന്റെ സമ്പാദ്യംകൊണ്ട് പാവങ്ങളെ സഹായിക്കാൻവേണ്ടി സ്വന്തംകൈകൊണ്ട് മാന്യമായി ജോലി ചെയ്യുവിൻ" (എഫേ 4:28).

6.6.5.4.3. താപസ്സി

തപോജീവിതം നയിക്കുന്നതിൽ ഉത്സുകയായിരുന്നു ദൈവത്തിന്റെയും തിരുസ്സഭയുടെയും അമ്മ.

-"തന്നുടെതീനും നിദ്രയെത്രയുംമല്പം തന്നെ
തിന്നുന്നതൊരു നുറുക്കപ്പവുമല്പം വെള്ളം
എന്നതിൽ ചില നേരമല്പമാം മത്സ്യംതിന്നും
എന്നിതൊക്കെയും സ്നേഹപുത്രനെ തോഷിപ്പാൻ"
(XI/127-130).

തപോജീവിതം നയിച്ചതിന് ഒരു ഉദ്ദേശ്യം മാത്രം, സ്നേഹപുത്രനെ സന്തോഷിപ്പിക്കണം.

- നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കൾക്കും മഹാപാപികൾക്കും രക്ഷ ലഭിക്കുവാനായി 'താപാനുപം' (അനുപമമായ താപത്തോടെ) സഭാംബിക "കാൽക്ഷണം കളയാതെ" തപസ്സനുഷ്ഠിച്ചിരുന്നു (XI/257-262).

6.6.5.5. വിശ്വകുടുംബറാണി

അമ്മ സഭാമാതാവു മാത്രമല്ലായിരുന്നു. വാനവരുടെയും മാനവരുടെയും, ആകാശത്തിന്റെയും ഭൂമിയുടെയും സമുദ്രത്തിന്റെയും, സൂര്യചന്ദ്രതാരാവൃന്ദത്തിന്റെയും മത്സ്യപക്ഷിമൃഗാദികളുടെയും റാണിയാണവൾ. എല്ലാ സൃഷ്ടജാലങ്ങളും കന്യകാംബികയെ തങ്ങളുടെ അമ്മയായി അംഗീകരിക്കുകയും വന്ദിക്കുകയും സന്ദർശിക്കുകയും ചെയ്യുന്നുണ്ട്. സ്വർഗ്ഗഭൂലോകരാജ്ഞിയിൽ അവർ ഒരേ കുടുംബമായിത്തീരുന്ന ചേതോഹരകാഴ്ചയ്ക്ക് ഭാഷ്യം

നൽകാൻ എനിക്ക് പ്രാപ്തിയില്ലെങ്കിലും കർമ്മെലമാതാവിൽ ശരണപ്പെട്ടുകൊണ്ട് ഞാനതിന് ശ്രമിക്കട്ടെ.

- പലപ്പോഴും മാലാഖവൃന്ദം തിരുസുതനോടൊപ്പം അമ്മയെ ആദരിക്കുവാൻ എഴുന്നള്ളിയിരുന്നു.

(മഹത്ത്വത്തിന്റെ മുഹൂർത്തങ്ങൾ, 6.6.4. നോക്കുക)

- കപ്പലിൽ യാത്രചെയ്യുമ്പോൾ

"സമുദ്രതാരമമ്മ സമസ്തസൃഷ്ടിപ്പിനും
ഇതിനാൽ കടലിലുള്ളിലടങ്ങും മത്സ്യാദികൾ
ഉത്ഥിതമനസ്സോടെ ഇരുഭാഗവുംകൂടി
ചെറുതം വലിയതും തരങ്ങളൊക്കെയുംകൂടി
ഗർവ്വദ്വേഷങ്ങൾ നീക്കിയടുത്തു തടുക്കുമ്പോൾ
തലകൾ പൊക്കിക്കൊണ്ടാ ജലത്തിൻ മീതേനീട്ടി
തലയമാമവരുടെ രാജ്ഞിയെ കാണ്മാൻ മോദാൽ...
ഈ ബഹുകൂട്ടം ചിലതെത്രയുമുരുതരം
ഈ മഹാപടവിനെ മുന്നോട്ടു വിടുന്നില്ല"

(X/224-236).

ആ കടൽജീവികളെല്ലാം അമ്മയുടെ വാഴ്വുലഭിക്കുവാൻ കപ്പൽ തടഞ്ഞുനിർത്തിയപ്പോൾ അവൾ

"...തൃക്കൈകൾ പൊക്കിക്കൊണ്ട്
കൂട്ടത്തിൽ പെട്ടുണ്മയാകൊടുത്തങ്ങാശീർവ്വാദം"

(X/245-246).

ജപരാജ്ഞിയുടെ വാഴ്വ് ലഭിച്ചപ്പോൾ എല്ലാ ജീവികളും തല പൊക്കി ശിരസ്സു താഴ്ത്തി വന്ദനം ചെയ്തു. അതിനുശേഷം

"തെളിഞ്ഞങ്ങവരുടെ സ്ഥലങ്ങൾക്കായ്ക്കൊണ്ട്
തെളിവോടുടൻ പിരിഞ്ഞകന്നുക്രമം നാഥാ"

(വരി 249-250).

ആശീർവ്വാദം ലഭിച്ചപ്പോൾ എല്ലാവരും സന്തോഷത്താൽ തെളിഞ്ഞവരായീ; ആ തെളിവോടെയാണ് അവർ നിഷ്ക്രമിച്ചത്.

- വിശ്വകുടുംബറാണിയുടെ ആസന്നമായ മരണത്തെക്കുറിച്ച് അറിഞ്ഞപ്പോൾ സൃഷ്ടജാലങ്ങൾ പ്രതികരിച്ചതെങ്ങിനെയെന്നോ? നക്ഷത്രങ്ങളും ഗ്രഹങ്ങളും പക്ഷിപറവവൃന്ദങ്ങളും "സുസ്വരാദികൾ പകർത്തി ദുഃഖം യഥാ" (XI/310-12). വീണ്ടും

"തന്നുടെ കേതമതിൽ ചുറ്റുമായ് പക്ഷിഗണം
ഒക്കെയും കൂട്ടിക്കൊണ്ടാപ്പാട്ടുകൾ തോറ്റങ്ങളായ്

പൊക്കത്തിൽ നിന്നു താണു ധരയിൽ തലചേർത്തും
തന്നുടെ രാജ്ഞി പിരിഞ്ഞന്നേയ്ക്കും അകന്നീടു-
മെന്നുള്ള ദുഃഖം നെഞ്ചിൽ കുത്തിക്കൊണ്ടറിയിക്കും
ഇങ്ങനെ രാജ്ഞിതന്റെയാശീർവ്വാദത്തിനായി
അങ്ങവർ പാർത്തുകൊണ്ടു പ്രവൃത്തിയഥാകാട്ടും!"
(XI/133-320).

വിശ്വാസികളോടൊപ്പം നക്ഷത്രഗ്രഹങ്ങളും പക്ഷി പറവകളും ദുഃഖിക്കുകയാണ്. അമ്മയുടെ വസതിക്കുചുറ്റും പറവകൾ ചുറ്റിപ്പറക്കുന്നു; സ്തുതിഗീതങ്ങൾ ആലപിക്കുന്നു; താഴ്ന്നു പറക്കുന്നു; സ്വന്തം നെഞ്ചിൽ കൊത്തിക്കൊണ്ട് ദുഃഖം പ്രദർശിപ്പിക്കുന്നു. രാജ്ഞിയുടെ ആശീർവ്വാദം യാചിക്കുന്നു.

- മരണത്തിന് ആറുമാസം മുൻപ് കന്യകാംബിക കാൽവരിഗിരിയിൽ അണഞ്ഞപ്പോൾ കുന്നുകളിലും മലകളിലും പാതാളങ്ങളിലും വസിക്കുന്ന മൃഗങ്ങളൊക്കെയും ചുറ്റുംകൂടി. പുലികളും മാംസം ഭക്ഷിക്കുന്ന മൃഗങ്ങളുമൊക്കെ ആഹാരം തേടാതെ ദുഃഖപൂർവ്വം രാജ്ഞിയുടെ പക്കൽ വന്നണഞ്ഞു. ചിലർ അമ്മയെ വന്ദിച്ചു, സാഷ്ടാംഗപ്രണാമം ചെയ്തു; ചെന്നായ്ക്കൾ തലകുനിച്ചു വന്ദിച്ചു. ദുഃഖസ്വരങ്ങൾ പുറപ്പെടുവിച്ചു (XI/321-332).

തങ്ങളുടെ റാണിയെ വേർപിരിയുന്നതിൽ വേദന അനുഭവിക്കുകയാണ് സൃഷ്ടജാലങ്ങളെല്ലാം. അമ്മയുടെ ആധിപത്യത്തിൽ അവരെല്ലാം സസന്തോഷം കഴിയുകയായിരുന്നു. ഇനി ഞങ്ങൾക്കാരുണ്ട്? ആര് ഞങ്ങളെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യും? ഇതായിരുന്നു അവർക്കുണ്ടായിരുന്ന സങ്കടം. മാതാവ് അവരെ ദയാപൂർവ്വം കടാക്ഷിക്കുകയും ആശീർവ്വദിക്കുകയും ചെയ്തു.

6.7. സമൂഹസല്ലാപം: അവതാരദർശനവും പ്രണാമവും

മൂന്നോ നാലോ പേർ ആത്മാനുതാപം അഞ്ചാംപാദത്തിലെ വരികൾ പാടുന്നു. മാർ യൗസേപ്പിന്റെയും മാതാവിന്റെയും പ്രാർത്ഥനകൾ, വാനദൂതരുടെ പ്രണാമങ്ങൾ, മാതാവിന്റെ പ്രണാമം, യൗസേപ്പിതാവിന്റെ പ്രണാമം, ചാവറപിതാവിന്റെ ആത്മാലാപം എന്നിവയ്ക്ക് സമൂഹത്തിലെ മറ്റ് അംഗങ്ങൾ മാറിമാറി വിചിന്തനം നൽകുന്നു. സമൂഹം മാലാഖമാരോടൊത്ത് നൃത്തം ചെയ്യുന്നു. മാതാവിനോടും മാർ യൗസേപ്പിനോടുമൊത്ത് ഉണ്ണിയെ പ്രണമിക്കുന്നു. ചാവറപിതാവിന്റെ ആത്മാലാപം സ്വന്തമാക്കിത്തീർക്കുവിൻ.

ഏഴാം ദിവസം

7.1. സല്ലാപാഘോഷം

ഒന്നാംവായന: ജറ 31:31-34

രണ്ടാംവായന: എഫേ 1:3-14: ദൈവത്തിന്റെ രക്ഷാപദ്ധതി.

മൂന്നാംവായന: ലൂക്കാ 1:46-55: അമ്മയുടെ മഹത്ത്വ കീർത്തനം

കാറോസൂസാ: അമ്മയുടെ മഹത്ത്വത്തിന്റെ മുഹൂർത്തങ്ങളെ ആസ്പദമാക്കിയുള്ളവ. ഓരോന്നിനുമുള്ള സമൂഹത്തിന്റെ പ്രത്യുത്തരം: "നിന്നെ ഞങ്ങൾ സ്തുതിക്കുന്നു."

അനുബന്ധം I കൊന്തസല്ലാപം

I. പ്രാർത്ഥനാ നിമഗ്നയായ് നിന്നതാം മേരിതൻ
ചാരത്തു ദൂതുമായ് മാലാഖ വന്നതും
മേരിതൻ ഉദരത്തിൽ ഈശോമിശിഹാ
ആഗതനായതും കാണാകേണം.

II. പരിശുദ്ധ മാതാവിൻ ഇളയമ്മ ഏലീശ്വാ
ഗർഭിണിയായതു കേട്ടനേരം
തിടുക്കത്തിൽ പോയങ്ങു ആറ്മാസംവരെ
ശുശ്രൂഷ ചെയ്തതും കാണാകേണം.

III ബേത്ലഹേം നഗരിയിൽ അർദ്ധരാത്രിക്കു താൻ
ഉണ്ണിക്കു ജന്മം നല്കിയതും
പിള്ളക്കച്ചയിൽ പൊതിഞ്ഞ പുത്രനരികെ
ദൈവമാതാവെയും കാണാകേണം.

IV. അമ്മതൻ ശുദ്ധീകരണ തിരുന്നാളിൽ
പള്ളിയിൽ ഉണ്ണിയെ കാഴ്ചകൊടുത്തതും
കണ്ടുമരിപ്പാൻ ഇരുന്ന വയോധികൻ
കണ്ട തൃപ്പാദവും കാണാകേണം.

V. പുത്രനെ കാണാതുഴന്ന പിതാക്കൾടെ
ചിത്തദുഃഖത്തയും കാണാകേണം
മൂന്നാംനാൾ പുത്രനെ കണ്ടപ്പോഴുണ്ടായ
ഉന്നതസ്നേഹവും കാണാകേണം.

ദുഃഖത്തിന്റെ രഹസ്യങ്ങൾ

I. ഗെതസേമനിയിൽ ഈശോമിശിഹാ
തിരുനിണം ചിന്തിയതും കാണാകേണം
താതൻ നല്കിയ കാസയെ മാറ്റുവാൻ
പ്രാർത്ഥിച്ചീടുന്നതും കാണാകേണം.

II. പീലത്തോസിന്റെ ഭവനത്തിൽ പോയതും
ചമ്മട്ടിയടിയേറ്റതും കാണാകേണം
പീലാത്തോസിന്റെ ഭവനത്തിൽ പോയതും
ചമ്മട്ടിയടിയേറ്റതും കാണാകേണം.

III. യൂദന്മാർ മുൾമുടിയേറ്റതും
തിരുനിണം വാർന്നതും കാണാകേണം
യൂദന്മാർ മുൾമുടിയേറ്റതും
തിരുനിണം വാർന്നതും കാണാകേണം

IV. അതിയായ അപമാനം വ്യാകുലം ഉണ്ടാകാൻ
കുരിശു ചുമന്നതും കാണാകേണം
അതിയായ അപമാനം വ്യാകുലം ഉണ്ടാകാൻ
കുരിശു ചുമന്നതും കാണാകേണം.

V. കുരിശും ചുമന്നങ്ങ് ഗാഗുൽത്താ മലകയറി
മാതാവിൻ മുൻപാകെ വസ്ത്രമുരിഞ്ഞതും
മൂന്നാണികളാൽ കുരിശിന്മേൽ തൂങ്ങി
സർവ്വം ക്ഷമിച്ചതും കാണാകേണം.

മഹിമയുടെ രഹസ്യങ്ങൾ

I. ദൈവകുമാരന്റെ ഈശോമിശിഹാ
പീഡസഹിച്ചു മരിച്ചതിൻ മൂന്നാംനാൾ
ജയസന്തോഷത്താൽ പരലോകം പൂകിയതും
ഉത്ഥിതനായതും കാണാകേണം.

II. ഉത്ഥിതനായതിൻ നാല്പതാംനാളങ്ങ്
മാതാവും ശിഷ്യരും നോക്കിനിൽക്കേ
അത്ഭുതകരമാം സന്തോഷത്താൽ
സ്വർഗ്ഗത്തിലേറിയതും കാണാകേണം.

III. അമ്മയും ശിഷ്യരും ഒന്നുചേർന്ന്
സെഹിയോൻ മുറിയിൽ മുട്ടുകുത്തി
ആത്മാവിൻ ശക്തിക്കായ് പ്രാർത്ഥിച്ചിരുന്നതും
ജ്വാലയായ് വന്നതും കാണാകേണം.

IV. ഈശോതൻ സ്വർഗ്ഗാരോഹണശേഷം
അമ്മയും സ്വർഗ്ഗാരോപിതയായതും
വാനഗണങ്ങൾ താളമേളങ്ങളാൽ
ആടിരസിപ്പതും കാണാകേണം.

V. പരലോകത്തിൽ കരേറിയ അമ്മയെ
സ്വർഗ്ഗത്തിലും ഭൂമിയിലും രാജ്ഞിയാക്കി
തൻപുത്രൻ മോദത്താൽ തിരുക്കരത്താലേ
മുടിചൂടിക്കുന്നതും കാണാകേണം.

പ്രകാശത്തിന്റെ രഹസ്യങ്ങൾ

I. പാപിയല്ലെങ്കിലും പാപികളോടൊത്ത്
യോർദ്ദാനിൽ നീയന്ന് സ്നാനമേറ്റതും
നീയെന്റെ പ്രിയപുത്രനെന്ന് താതൻ വിളിച്ചതും
ആത്മാവ് വന്നതും കാണാകേണം.

II. കാനായിൽപോയതും കല്യാണമുണ്ടതും
മാതാവിൻ മാദ്ധ്യസ്ഥം കേട്ടുകൊണ്ടും
കല്യാണപന്തലിൽ വെള്ളം വീഞ്ഞാക്കിയ
കല്യാണരൂപനെ കാണാകേണം.

III. ദൈവരാജ്യത്തിൻ പ്രഘോഷണവും
മാനസാന്തരത്തിൻ ആഹ്വാനവുമായ്
മന്നിതിൽ വന്ന ഈശോമിശിഹായെ
അങ്ങയെ ഞങ്ങൾക്കു കാണാകേണം.

IV. താബോറിൻ നെറുകയിൽ മറുരൂപമാർന്നതും
പ്രിയപുത്രനെന്ന് താതൻ വിളിച്ചതും
ശിഷ്യരാം മൂവരും വിസ്മയം പൂണ്ടതും
വിണ്ണുതുറന്നതും കാണാകേണം.

V. അന്ത്യത്താഴവേളയിൽ ശിഷ്യരോടൊത്തുനീ
അത്താഴമുണ്ടതും കാണാകേണം.
ലോകാന്ത്യത്തോളവും കൂടെ വസിക്കുവാൻ
അപ്പമായ് തീർന്നതും കാണാകേണം.

അനുബന്ധംII ലുത്തിനിയ ഒന്ന്

(വാ.ചാവറപിതാവിന്റെ സംജ്ഞകളിൽ ചിലത് പരിഷ്ക്കരിച്ചിട്ടുണ്ട്)

പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
പരിശുദ്ധ ദൈവമാതാവേ, ”
പരിശുദ്ധ കന്യാസ്ത്രീയായ ദൈവമാതാവേ, ”
തിരുമാതാവേ, ”
ദൈവമാതാവേ, ”
ദിവ്യമാതാവേ, ”
ശുദ്ധ ദൈവമാതാവേ, ”
പുണ്യമാതാവേ, ”
മമ മാതാവേ, ”
സനേഹമാതാവേ, ”
സ്നേഹമേറിടും മാതാവേ, ”
പ്രിയമാതാവേ, ”
എന്റെ പ്രിയമുള്ള മാതാവേ, ”
എത്രയും പ്രിയമുള്ള മാതാവേ, ”
എന്റെ അൻപുള്ള മാതാവേ, ”
സ്രഷ്ടാവിന്റെ മാതാവേ, ”
പ്രിയമാർന്ന സുതന്റെ മാതാവേ, ”
രക്ഷാനാഥന്റെ മാതാവേ, ”
മംഗലപ്രഭുവിന്റെ മാതാവേ, ”
കരുണനാഥ മാതാവേ, ”
നാഥന്റെ മാതാവേ, ”
നിർമ്മലയായ മാതാവേ, ”
കന്യകയായ മാതാവേ, ”
കന്യാത്വം വിടാതെ ജന്മം നൽകിയ മാതാവേ, ”
കന്യകാ മമ മാതാവേ, ”
കാരുണ്യമാതാവേ, ”
കൃപാകാരിയായ മാതാവേ, ”
വ്യാകുല മാതാവേ, ”

നരകുലമാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
സർവ്വരുടെയും മാതാവേ, ”
സുന്ദരീമാതാവേ, ”
നായകീദൈവമാതാവേ, ”
മമ തായേ, ”
സ്നേഹതായേ, ”
എന്റെ അമ്മേ, ”
മാമരിയമ്മേ, ”
തമ്പുരാന്റെ അമ്മേ, ”
മംഗലംസുതനമ്മേ, ”
പരമപരിശുദ്ധയായ അമ്മേ, ”
കന്നിയമ്മേ, ”
നിർമ്മല അമ്മേ, ”
മനോഗുണമുള്ള അമ്മേ, ”
കരുണയുള്ള അമ്മേ, ”
നന്ദിയേറെയുള്ള അമ്മേ, ”
രക്ഷാംനാഥയാം അമ്മേ ”
വിവേകമുള്ള അമ്മേ, ”
കർമ്മല അമ്മേ, ”
ദൈവജനനീ, ”
ദേവജനനീ, ”
മംഗലജനനീ, ”
സ്നേഹപുത്രീ, ”
സ്നേഹമഹിഷീ ”
ദിവ്യസ്നേഹിതേ, ”
മമസ്നേഹിതേ, ”
പ്രിയപ്പെട്ട മാതാവായ മറിയമേ, ”
പരിശുദ്ധ കന്യകാമറിയമേ, ”
എത്രയും ശുദ്ധമാന കന്യാസ്ത്രീമറിയമേ, ”
മാതാവായ കന്യാസ്ത്രീ മർത്താമറിയമേ, ”
ഭാഗ്യം നിറയപ്പെട്ട മാതാവായ കന്യാസ്ത്രീമറിയമേ, ”

ഞങ്ങളുടെ മാതാവും സങ്കേതവുമായ പരിശുദ്ധ മറിയമേ, ”
ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയമേ, ”
കന്മഷംവിനാ ജനിച്ചവളേ (ജനനേമലംവിനാ ജനിത്രൗ), ”
പാപമില്ലാത്തവളേ (അനഘാര്യയേ), ”
പാപംകെടുത്തും സഖീ, ”
പൂർവ്വപാപത്തിൻ നിഴൽതീണ്ടാത്ത കന്യാമണീ, ”
ചങ്കിലും വെണ്മയേറും നിർമ്മലമണീ, ”
മങ്കമാർമണീ, ”
നാരീമണീ, ”
താരമകുടമണീ, ”
പ്രിയ കന്യകേ, ”
പുണ്യകന്യകേ, ”
അമ്മ കന്യകേ, ”
നാരി കന്യകേ, ”
നാരികളിൽ ആര്യയായ കന്യകേ, ”
രാജകന്യകേ, ”
പ്രസവംമുൻപിൽ കന്യകേ, ”
പ്രസവമതിൽ കന്യകേ, ”
പ്രസവശേഷം കന്യകേ, ”
കന്നിഹീനത്വം വിനാ ഗർഭം ധരിച്ചവളേ, ”
കന്യാത്വക്ഷയംവിനാ ജനനം നൽകിയവളേ, ”
കന്യാമണിയേ, ”
കന്യകാരത്നമൗലേ, ”
കന്യകാമണിരത്നമേ, ”
കറയില്ലാത്ത നാഥേ, ”
ഐന്ദ്രമാം മലനിഴലില്ലാത്ത നാഥേ, ”
പന്നകംതന്റെ തല തകർത്ത ഗുണനാഥേ, ”
ആദിത്യയാടയ്ണിഞ്ഞുള്ള നാഥേ, ”
മതിതന്നെ പാദത്തിൻ കീഴിൽ മെതിക്കും നാഥേ, ”
മമനാഥേ, ”
മാതാനാഥേ, ”

മഹാനാഥേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
നമ്മുടെ അമ്മ നാഥേ, ”
കാരണനാഥേ, ”
സ്നേഹനാഥേ, ”
രക്ഷാനാഥേ, ”
കരുണയുടെ നാഥേ, ”
കാരുണ്യമുള്ള നാഥേ, ”
ദയാനാഥേ, ”
മഹാദയാനാഥേ, ”
സമസ്തനാഥേ, ”
ഭൂമിനാഥേ, ”
ത്രിലോകനാഥേ, ”
രാജ്ഞിയാം ത്രിലോകത്തിൻനാഥേ, ”
അംബുധിതാരനാഥേ, ”
മമനായികേ, ”
പരമനായികേ, ”
ശ്രേഷ്ഠസേനാനായികേ, ”
സ്ത്രീകളിൽ ആര്യയായവളേ, ”
സൃഷ്ടികളിൽ ഉയർന്ന സൃഷ്ടീ, ”
നാരിയാം ശ്രേഷ്ഠ, ”
വരവർണ്ണനീ ശ്രേഷ്ഠ, ”
നിർമ്മലാംഗീ, ”
ദിവ്യസുന്ദരീ, ”
സുന്ദരമുഖീ, ”
സുമതീ, ”
മങ്കയാം മനോഹരീ, ”
മനസ്വിനീ (ഗുണവതി), ”
ദിവ്യമാടപ്രാവേ, ”
സുന്ദരകപോതമേ, ”
കർത്താവിൻദാസീ, ”
യേശുദാസീ, ”

ശുശ്രൂഷദാസീ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.
കരുണാംബുധീ, ”
കരുണയുള്ള കേതമേ, ”
ദയാനിധീ, ”
സ്നേഹപത്നീ, ”
സ്നിഗ്ദ്ധപത്നീ, ”
മംഗലപത്നീ, ”
ശുദ്ധപത്നീ, ”
മംഗലപ്രേമദുഃഖരഞ്ജിതേ, ”
ഭക്തവത്സലേ, ”
ഞങ്ങളുടെ സങ്കേതമേ, ”
സ്ത്രീകളിൽ ഏറ്റവും മഹാദുഃഖിതേ ”
സൂര്യാടസോമൻ പാദേ ഋഷമകുടധാരീ, ”
സോമപാദിനീ, ”
സമുദ്രതാരമേ, ”
പാദസൗമിനീതാരാധാരിണീ, ”
കർമ്മലമാതൃദേവീ, ”
താതന്റെ മഹിഷിണി ”
മഹിഷിസ്നേഹമണവാട്ടീ, ”
സൗന്ദര്യമണവാട്ടീ, ”
രാജേശ്വരീ, ”
മഹിഷിസാ, ”
സ്നേഹമഹിഷീ, ”
മഹാരാജ്ഞീ, ”
ശ്ലീഹന്മാരുടെ രാജ്ഞീ, ”
നരവർഗ്ഗരാജ്ഞീ, ”
സർവ്വരാജ്ഞീ, ”
ത്രൈലോക്യരാജ്ഞീ, ”
മോക്ഷരാജ്ഞീ, ”
സൂര്യവാസരമുഖീ ”

അനുബന്ധം III ലുത്തിനിയ രണ്ട്

സുന്ദരിയാകും മങ്കേനീ
കന്യകയാർന്ന മാതേ നീ
കന്നിമറിയം അന്നജയേ
പരമനാഥേ മാതാവേ
ദാവീദാത്മജ മാതാവേ
അമലോത്ഭവയാം ജനനിയേ
സ്നേഹമാതാ സ്ത്രീണാംബേ
ദൈവമാതാ ഗുരുനാഥേ
നരവർഗ്ഗത്തിൻ രാജ്ഞിയേ
രാജേശ്വരിയാം മാതാവേ
കറയില്ലാത്തൊരു മാതാവേ
മങ്കമാർമണി മാതാവേ
കാരുണ്യത്തിൻ മാതാവേ
നാരിയാം മമശ്രേഷ്ഠജേ
വീരവർണ്ണനീ ശ്രേഷ്ഠജേ
നിർമ്മലമണിയാം മാതാവേ
പുണ്യത്തിൽ വസിക്കും കന്യകയേ
ത്രിലോകത്തിൻ രാജ്ഞിയേ
മതിയേ നിൻ തിരുപാദത്തിൻ
കീഴിൽ മെതിക്കും നണിയേ
മമതാതേ തിരുറാണിയേ
മറയായ് ആദിത്യനുള്ളവളേ
ആര്യേ മറിയേ അമലോത്തേ
മഹാവിശുദ്ധേ അമ്മേ നീ
സ്രഷ്ടാവിൻ പ്രിയമാതാവേ
ഉന്നതായൊരു മറിയാംബേ
മനുജകുലത്തിൻ മാതാവേ

ജന്മപാപരഹിതേ നീ
പ്രാവേ മാടപ്രാവേ നീ
യൗസേപ്പിൻ തൻ പ്രിയപത്നീ
സ്നേഹിതയായൊരു പരിശുദ്ധേ
സ്നേഹം മുറ്റിയ രാജ്ഞിയേ
സ്നേഹം പ്രസരിക്കും മാതാവേ
സ്നേഹം തിങ്ങും മണവാട്ടീ
എത്രയും പ്രിയമുള്ള മാതാവേ
സ്നേഹതായേ മമതായേ
നിർമ്മല നാഥേ നവോദയേ
അമ്മേ നന്മക്കധിപതിയേ
അമ്മേ മിയാക്കേളുംബാ
അമ്മേ മനോഹരീ സ്നേഹിതയേ
അമ്മ കന്നി മാതാവേ
അമ്മേ ഏകനായികയേ
അമ്മേ കരുണാനിധിയേ നീ
നവദാസിയേ റാണിയേ
കരുണാഗാഥ ബുധിയമ്മേ
ദിവ്യജനനീ സ്നേഹപുത്രീ
ദയാനിധിയാം അമ്മേ നീ
ബഹുദയ ചിത്തേ മാതാവേ
പരമനായിക മാതാവേ
സുഖവാസി മഹിഷിസ
സൂര്യദേവ ജനനിയേ നീ
സ്നേഹസുതൻ തൻ അമ്മേ നീ
അമ്മേ കരുണാംബുധിയേ നീ
മംഗലപ്രേമമാതാവേ
ദുഃഖരഹിത അമ്മേ നീ
ത്രിലോകത്തിൻ രാജ്ഞിയേ

എത്രയും വിവേകമതിയമ്മേ
കോട്ടമില്ലാത്തൊരു റാണീ
മോക്ഷത്തിൻ തൻ രാജ്ഞിയേ
ദരിദ്രയായൊരു അമ്മേ നീ
കരുണാനാഥേ അമ്മേ നീ
ദേവജനനീ കന്യകയേ
മാലിന്യരഹിതയാം അമ്മേ നീ
നാരിയാര്യയാം മാതാവേ
സുന്ദരമുഖിയാം അമ്മേ നീ
അൻപേറും മമതായേ നീ
സമുദ്രതാരം മാതാവേ
സോമപാദിനി മാതാവേ
താരമകുടമണി മാതാവേ
സേനാനായകി മാതാവ
സർവ്വറാണീ മാതാവേ
ദേവറാണീ മാതാവേ
നിർമ്മല സഖിയാം മാതാവേ
പുണ്യചരിതയാം മാതാവേ
സ്ത്രീകളിലേറ്റം ഉന്നതയേ
ഏകആശ്രിതമാതാവേ
കർമ്മലനാഥേ പരുപൂർണ്ണേ
ശരണമുള്ളോർ മാതാവേ
മഹാദയയുള്ള മാതാവേ
ശക്തിപ്രസാരണി മാതാവേ
രാജേശ്വരിയാം മാതാവേ
ഇന്ദ്രിയത്തിൻ നിഗ്രഹമേ
രാജേശ്വരിയാം മാതാവേ
ഇന്ദ്രിയത്തിൻ നിഗ്രഹമേ.

ദർശനസല്ലാപ ധ്യാനം

വാ. ചാവറയച്ചൻ



ഭാഷ്യകർത്താവ്

ഫാ. പോൾ കല്ലുവീട്ടിൽ സി.എം.ഐ.